സത്യമേവ ജയതേ

ഫാ. ജോസഫ് വെണ്ടപ്പിള്ളി

ജീവിതവും ദർശനവും

"വിദ്യാർത്ഥികൾക്ക് ബ. ജോസഫ് വെണ്ടറപ്പിള്ളിയച്ചൻ ഒരു റ്റീച്ചർ, ഫ്രണ്ട്, ഗൈഡ്, ഫിലോസഫർ ഇതെല്ലാമായിരുന്നു. വിദ്യാർത്ഥികളുടെ ബൗദ്ധികവും, മാനസികവും ആത്മികവുമായ വളർച്ചയ്ക്ക് മുഖാന്തിരമാകുന്ന പഠനരീതി അവലംബിച്ചിരുന്നു. ...

ഒഴുക്കിനെതിരെ നീന്തിയ ഒരു മഹാശയൻ. സമൂഹത്തിലെല്ലാവരുംതന്നെ ഒഴുക്കിനനുകൂലമായി നീന്തുമ്പോൾ, ജീവൻ തുടിക്കുന്ന മത്സ്യത്തെപ്പോലെ, ഒഴുക്കിനെതിരെ നീന്തിയ സാത്വികൻ. എന്തു പ്രതിസന്ധി വന്നാലും മനസ്സു തളരുവാൻ പാടില്ലെന്നു ശിഷ്യഗണത്തെ കാണിച്ചുകൊടുത്ത തളരാത്ത മനസ്സുള്ള ഒരു ക്രൈസ്തവ പുരോഹിതൻ.

There is no joy in sailing, when the sky is clear and blue. But there is a thrill, when the journey is turbulent and stormy, the weather is rough; so much so, there is a satisfaction, when you have reached a destination. That you thought you could not perhaps make.

... മതാത്മകതയിൽ ഇങ്ങനെ ഒരു പാഠം ഉണ്ട്. മാനവസേവയാണ് മാധവ സേവ. മനുഷ്യരാശിയുടെ രക്ഷകനായ മാധവന്റെ അഥവാ ഈശ്വരന്റെ പ്രേമവും കരുണയുമാണ് നാം ലോകത്തിനു കാണിച്ചു കൊടുക്കേണ്ടത്. ആദരണീയനായ ഞങ്ങളുടെ ഗുരു അത് നിർവഹിച്ചു. "

ഡോ. ജസ്റ്റീസ് കെ. നാരായണകുറുപ്പ്

(മുൻ മദ്രാസ് ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റീസ്)

സത്യമേവ ജയതേ ഫാ. ജോസഫ് വെണ്ടപ്പിള്ളി ജീവിതവും ദർശനവും ഫാ. ഡോ. റ്റി. പി. ഏലിയാസ്



സത്യമേവ ജയതേ

ഫാ. ജോസഫ് വെണ്ടപ്പിള്ളി

ജീവിതവും ദർശനവും

ഫാ. ഡോ. റ്റി. പി. ഏലിയാസ്

സത്യമേവ ജയതേ

ഫാ. ജോസഫ് വെണ്ട്രപ്പിള്ളി

ജീവിതവും ദർശനവും

A Gedenkschrift

Life and Vision of Late Fr. Joseph Vendrappilly

(മലയാളം)

സത്യമേവ ജയതേ

ഫാ. ജോസഫ് വെണ്ണ്ടപ്പിള്ളി: ജീവിതവും ദർശനവും

(ലേഖനങ്ങൾ)

എഡിറ്റർ: **ഫാ. ഡോ. റ്റി. പി. ഏലിയാസ്**

പ്രസാധകർ : സോഫിയാ ബുക്സ്
തിരുനക്കര, കോട്ടയം - 686 001

ഒന്നാം പതിപ്പ് : നവംബർ 2014

കവർ ഡിസൈൻ,
ടൈപ്പ്സെറ്റിംഗ് &
പ്രിന്റിംഗ് : സോഫിയാ പ്രിന്റ് ഹൗസ്, കോട്ടയം

വില: 150.00

സത്യമേവ ജയതേ

ഫാ. ജോസഫ് വെണ്ട്രപ്പിള്ളി

ജീവിതവും ദർശനവും

എഡിറ്റർ

ഫാ. ഡോ. റ്റി. പി. ഏലിയാസ്

സോഫിയാ ബുക്സ്

കോട്ടയം

ആലോചനാസമിതി

വെരി. റവ. കെ. ഐ. ഫിലിപ്പ് റമ്പാൻ
ഡോ. ടി. എം. ജോസ് വടവുകോട്
പ്രൊഫ. എൻ. കെ. രാജൻ ഞാർത്താങ്കൽ
തോമസ് ഏബ്രഹാം മല്ലപ്പള്ളി
ജോൺ ജി. ആറ്റുപുറം & റീന, ബാംഗ്ലൂർ
ബിജു വെണ്ണപ്പിള്ളി & ഡോ. ബിനു, ബാംഗ്ലൂർ
മഹേഷ് വി. കുറിയാക്കോസ് & അനുല, ബാംഗ്ലൂർ
ഫാ. ഡോ. ടി. പി. ഏലിയാസ് (എഡിറ്റർ)

The Malankara Orthodox Syrian Church
CATHOLICATE OF THE EAST

Baselios Marthoma Paulose II
Catholicos of
The Apostolic Throne of
St. Thomas
And Malankara Metropolitan

Catholicate Palace
Kottayam - 686 038
Kerala, India

ഓഗസ്റ്റ് 13, 2014

അനുഗ്രഹാശംസ

പരിശുദ്ധ സഭയിലെ ശ്രേഷ്ഠ വൈദികരിൽ ഒരാളായിരുന്ന ദിവ്യശ്രീ. ജോസഫ് വെണ്ടറപ്പിള്ളിൽ കത്തനാരുടെ ജീവിതവും ദർശനവും വരും തലമുറയ്ക്ക് പകർന്നുകൊടുക്കുവാൻ തക്കവണ്ണം 'സത്യമേവ ജയതേ' എന്ന പേരിൽ ഒരു ലേഖനസമാഹാരം പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ നമുക്ക് ഏറെ സന്തോഷമുണ്ട്. നമ്മുടെ മുളന്തുരുത്തി തലക്കോട് പരുമല മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റ് പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥത്തിന് എല്ലാവിധമായ അനുഗ്രഹങ്ങളും നേരുന്നു. ഒരു ദേശത്തിനും കുടുംബത്തിനും ദൈവം നൽകുന്ന വലിയ വരദാനമാണ് ഒരു പുരോഹിതൻ. ജനത്തിന്റെ രക്ഷയ്ക്കുവേണ്ടി ഉയർത്തിപ്പിടിക്കപ്പെട്ട കരങ്ങളും, ആത്മാക്കളെക്കുറിച്ചുള്ള എരിയുന്ന ദാഹവും, തെറ്റുകാരുടെ തിരിച്ചുവരവിനുള്ള മങ്ങാത്ത തീക്ഷ്ണതയുമുള്ള ഉത്തമ ഇടയനായി ദൈവശുശ്രൂഷ ചെയ്യുവാൻ വെണ്ടറപ്പിള്ളി അച്ചന് സാധിച്ചു എന്നുള്ളത് ഏറെ ശ്രേഷ്ഠമായ വസ്തുതയാണ്.

പൗരോഹിത്യ ജീവിതത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് ഒരു ഉത്തമ ഇടയനായി നിഷ്ഠയോടെ ജീവിക്കുവാൻ ദൈവം അച്ചനെ സഹായിച്ചു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വിവിധ ശുശ്രൂഷാരംഗങ്ങളിൽ ദൈവം കൊടുത്ത താലന്തുകളെ ഫലപ്രദമായി വിനിയോഗിച്ച് സ്തുത്യർഹമായ രീതിയിൽ ജോസഫ് അച്ചൻ ചെയ്ത ശുശ്രൂഷകളെ ഈ സമയത്ത് സന്തോഷത്തോടും നന്ദിയോടും കൂടി നാം സ്മരിക്കുന്നു. ഓർത്തഡോക്സ് സഭയുടെയും സത്യവിശ്വാസത്തിന്റെയും നല്ല കാവൽഭടനായി പ്രശംസനീയമായ രീതിയിൽ സഭാശുശ്രൂഷ ചെയ്യുവാൻ അദ്ദേഹത്തെ ദൈവം എടുത്ത് ഉപയോഗിച്ചു. അഗതികളും അനാഥരുമായ അനേകരുടെ ജീവിതത്തിൽ പ്രകാശം പകരുവാൻ ദൈവകരങ്ങളിൽ വെണ്ടറപ്പിള്ളി അച്ചൻ ഉപകരണമായിത്തീർന്നുവെന്നതിൽ

ദൈവത്തെ നാം മഹത്വപ്പെടുത്തുന്നു. വിനയവും നിർമ്മല ഭക്തിയും നിസ്തുല സേവനവും ഭരണനേതൃത്വപാടവവും മുഖമുദ്രയാക്കിയ വന്ദ്യ അച്ചന്റെ ജീവിതം അനേകർക്ക് പ്രചോദനമാകുന്നതിന് ഈ ഗ്രന്ഥം ഉപകരിക്കട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.



ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

അവതാരിക

എന്റെ ഗുരു, സുഹൃത്ത്, മാർഗദർശി, ദാർശനികൻ

ഡോ. ജസ്റ്റീസ് കെ. നാരായണകുറുപ്പ്
(മുൻ മദ്രാസ് ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റീസ്)

1952-56 കളിൽ വടവുകോട് രാജർഷി മെമ്മോറിയൽ ഹൈസ്ക്കൂളിൽ ഞാൻ വിദ്യാർത്ഥി ആയിരുന്ന സമയത്ത് ബ. വെണ്ടറപ്പിള്ളിയച്ചൻ ഞങ്ങളുടെ ഹോസ്റ്റൽ വാർഡനായിരുന്നു. നമ്മുടെ പൂർവ്വികർ നിർവ്വഹിച്ചു വന്ന ഗുരുകുല പരിശീലന പ്രതീതി അദ്ദേഹം സൃഷ്ടിച്ചിരുന്നു. വിദ്യാർത്ഥികൾക്ക് ബഹു. അച്ചൻ ഒരു റ്റീച്ചർ, ഫ്രണ്ട്, ഗൈഡ്, ഫിലോസഫർ ഇതെല്ലാമായിരുന്നു. വിദ്യാർത്ഥികളുടെ ബൗദ്ധികവും, മാനസികവും ആത്മികവുമായ വളർച്ചയ്ക്ക് മുഖാന്തിരമാകുന്ന പഠനരീതി അവലംബിച്ചിരുന്നു.

1979-ലെ കേരള സാഹിത്യ അക്കാദമി അവാർഡു ജേതാവായ "ഭൂമി ഗീതങ്ങ"ളുടെ ഗ്രന്ഥകർത്താവും പ്രസിദ്ധ അധ്യാപകനുമായ വിഷ്ണു നാരായണൻ നമ്പൂതിരി ഒരിക്കൽ പറഞ്ഞു, "അദ്ധ്യാപനം എനിക്ക് ആത്മികമായ ഒരു ജോലിയാണ്. ആധ്യാത്മികമായ ഒരു അനുസന്ധനം ഒരേ വഴിയിൽ പൊങ്ങുന്ന ഒരു അനുഭവം; ആഹ്ലാദകരം." ഇതുപോലെ രണ്ട് സംസ്കൃതികളെ ആധ്യാത്മികമായ ഒരേ വഴിയിൽ ഒന്നിപ്പിക്കുന്നതിൽ സുപ്രധാന പങ്കു വഹിച്ച ഒരു ക്രൈസ്തവ പുരോഹിതനും അദ്ധ്യാപകനുമായ ബഹു. ഫാ. ജോസഫ് വെണ്ടപ്പിള്ളി (1930-2002) പ്രപഞ്ചത്തെ ഈശ്വരസാന്നിദ്ധ്യമായി ഒന്നിപ്പിക്കാനും അധ്യാപനത്തിലൂടെ മനുഷ്യ മനസ്സുകളെ ഉണർത്തിക്കുവാനും യത്നിച്ച ഒരു മനുഷ്യസ്നേഹിയാണ്.

ജോലി സമയത്തു മാത്രം ജോലി ചെയ്യുക, കൃത്യമായി ശമ്പളം വാങ്ങുക - അങ്ങനെയുള്ള ഒരു "Bell and the Bill" Rule ആയിരുന്നില്ല അദ്ദേഹത്തിന്റെ പ്രവർത്തനശൈലി. കുട്ടികളുടെ നല്ല ഭാവിക്കുവേണ്ടി ഏതറ്റം വരെ പോയി പ്രവർത്തിക്കുവാൻ അദ്ദേഹത്തിന് തെല്ലും മടിയുണ്ടായിരുന്നില്ല. ഹോസ്റ്റൽ ജീവിതത്തിലായാലും / സ്കൂൾ വിദ്യാഭ്യാസത്തിലായാലും ആ കാലഘട്ടത്തിലൊക്കെ കുറച്ച് കുരുത്തക്കേടൊക്കെ എല്ലാവരും കാണിക്കുമെന്ന് നമുക്കറിയാമല്ലോ. പക്ഷേ എവിടെ എന്തു സംഭവിച്ചാലും അച്ചൻ അറിയും. അവരെ നേർവഴിക്കു കൊണ്ടുവരുവാനുള്ള വഴികളും അദ്ദേഹത്തിന് അറിയാം. ഒരു ലാഘവബുദ്ധിയും കാണിക്കാതെ നടപ്പിൽ വരുത്തുകയും ചെയ്യും.

ഒരു കഥയിലൂടെ അച്ചന്റെ പ്രവർത്തനം ഞാൻ വിശദീകരിക്കാം. ഒരു മോഷ്ടാവിന്റെ കഥയാണിത്. അവൻ വിദ്യാർത്ഥിയായിരിക്കെ ചെറിയ ചെറിയ മോഷണങ്ങളൊക്കെ നടത്തിയിരുന്നു. അത് അവന്റെ അധ്യാപകർ മനസ്സിലാക്കുകയും ചെയ്തിരുന്നു. പക്ഷേ അവരത് കാര്യമായെടുത്തില്ല. കാരണം എന്തിനീ ചെറിയ കാര്യങ്ങളിൽ തലയിട്ട് സമയം കളയണം. അല്ലെങ്കിൽ പുലിവാലു പിടിക്കണം. കിട്ടാനുള്ള ശമ്പളം എന്തായാലും മാസാവസാനം കിട്ടുമല്ലോ. 'Bell and the Bill Rule System. അവൻ വളർന്നു വരുന്നതിനനുസരിച്ച് അവന്റെ മോഷണ സ്വഭാവവും വളർന്നു. ഒരിക്കൽ ഒരു മോഷണകേസിൽ അവൻ പോലീസിന്റെ പിടിയിലായി. കോടതിയിൽ അവൻ പറയുകയാണ്, ഈ കുറ്റത്തിനുള്ള ശിക്ഷ യഥാർത്ഥത്തിൽ എനിക്കല്ല തരേണ്ടത്. മറിച്ച് എന്റെ അധ്യാപകർക്കാണ്. കാരണം അവരെന്നെ യഥാസമയത്ത് തടഞ്ഞിരുന്നെങ്കിൽ ഒരു പക്ഷെ ഞാനിങ്ങനെയാവില്ലായിരുന്നു. ഈ കഥയിലേക്ക് കൂട്ടിച്ചേർത്തു വായിക്കുമ്പോഴാണ് വെണ്ടറപ്പിള്ളിയച്ചൻ മഹത്വവത്ക്കരിക്കപ്പെടുന്നത്.

ഏതു തരത്തിലുള്ള ദുസ്വഭാവങ്ങളും അതായത് പുകവലി, അലസത, പഠനകാര്യങ്ങളിലുള്ള വിമുഖത തുടങ്ങി എന്തുമാകട്ടെ, രാജർഷി സ്കൂളിലോ, ഹോസ്റ്റലിലോ ഉണ്ടായാൽ അത് വളരെ ബുദ്ധിപരമായി പ്രസന്നഭാവത്തോടെ പരിഹാരം കാണുക മാത്രമല്ല, ഇതുപോലെയുള്ള ഏതു പ്രശ്നത്തെയും ധൈര്യമായി അഭിമുഖീകരിച്ച് ജീവിതവിജയം നേടാൻ വിദ്യാർത്ഥി മനസ്സിനെ സജ്ജമാക്കുന്നു. അതുപോലെ പഠിക്കാൻ സമർത്ഥരല്ലാത്ത കുട്ടികളെ കണ്ടുപിടിച്ച്, അവരുമായി സൗഹൃദം കൂടി മാർഗ്ഗദർശനം നൽകുന്ന ഒരു ദാർശനികനായും അദ്ദേഹം വർത്തിച്ചു.

ശ്രീശ്രീ രവിശങ്കറിനോട് Out Look വാരികയുടെ പത്രപ്രവർത്തകൻ ഒരു ചോദ്യം എറിഞ്ഞു. "ഗുരുവിലുള്ള വിശ്വാസം നിലനിർത്താൻ എന്താണു ചെയ്യേണ്ടത്?" "ഒന്നുമില്ല, സത്യത്തിൽ ഗുരു ചെയ്യുന്നത് കൂടുതൽ സംശയങ്ങൾ മുന്നിലിട്ടുകൊടുക്കുകയാണ്. സംശയത്തിലൂടെ നീങ്ങി നീങ്ങി ലഭിക്കുന്ന വിശ്വാസമാണ് സത്യസന്ധമായിരിക്കുക. ഒരു സംശയവുമില്ലാത്തവൻ ഒരു വിശ്വാസവുമില്ലാത്തവനാണ്. In Short Trust, that moves through doubt will be genune" (Out Look, Jan 10, 2013, p. 48). ഈ ഗുരുനാഥൻ ഒരു നാളും ഒരു വിദ്യാർത്ഥിയോടും MOROSE (അപ്രിയ ശരീരഭാഷ) ആയി പെരുമാറുന്നത് ഞങ്ങളാരും കണ്ടിട്ടില്ല. ചോദ്യം ചെയ്യപ്പെടുന്ന വിദ്യാർത്ഥിയുടെ മുമ്പിൽ ഗുരുവിനും പുനർവിചാരണയും ഉണ്ടാകുന്നു. ഒരു കണ്ണാടിയിൽ എന്നപോലെ സ്വയം അതിൽ കണ്ട് ലയിച്ചു ചേരുന്നു. അതോടെ അന്വേഷണം ഗുരുവിന്റേതു കൂടിയാകുന്നു. പൊരുൾ തേടുന്നത് അവനിൽ തന്നെ. അപ്പോൾ ആ വിചാരങ്ങളിൽ വിളങ്ങി പ്രകാശിക്കുന്നത് ഈശ്വരചൈതന്യമാണ്. അതുകൊണ്ട് വെണ്ടറപ്പിള്ളിയച്ച

നിൽ അപ്രിയ ശരീരഭാഷ കാണുന്നില്ല. അത് വിദ്യാർത്ഥികൾക്ക് പോസിറ്റീവ് എനർജിയായി ലഭിക്കുന്നു.

വിദ്യാർത്ഥികളായ ഞങ്ങളുടെ മനസ്സിൽ ആഴ്ചയിലെ രണ്ടു ദിവസങ്ങൾ മായാതെ തളംകെട്ടി നിൽക്കുന്നു. എല്ലാ ശനിയാഴ്ചയും വൈകിട്ട് ആനുകാലിക വിഷയങ്ങളെക്കുറിച്ച് എല്ലാവരുംകൂടി ഒരു ചർച്ച നടത്തും. 1956–ൽ സൂയസ് കനാൽ വിഷയത്തെക്കുറിച്ച് നടത്തിയ ചൂടേറിയ ചർച്ച ഇന്നുമെന്റെ മനസ്സിൽ മായാതെ കിടക്കുന്നു.

അതുപോലെ തന്നെ എല്ലാ ഞായറാഴ്ചയും നടത്തുന്ന ബൈബിൾ പഠനം, മതത്തിന്റെ അതിർവരമ്പുകൾക്കുള്ളിൽ നിന്നുകൊണ്ടുള്ള മതാത്മകതയുടെ ആഴവും പരപ്പും കൂട്ടുന്നു. ഈ ശക്തിവിശേഷം അച്ചനെ ഒഴുക്കിനെതിരെ നീന്തുവാൻ പ്രാപ്തനാക്കുന്നു.

Rev. J. Vendrappilly always swam against current. ഒഴുക്കിനെതിരെ നീന്തിയ ഒരു മഹാശയൻ. സമൂഹത്തിലെല്ലാവരുംതന്നെ ഒഴുക്കിനനുകൂലമായി നീന്തുമ്പോൾ, ജീവൻ തുടിക്കുന്ന മത്സ്യത്തെപ്പോലെ, ഒഴുക്കിനെതിരെ നീന്തിയ സാത്വികൻ. എന്തു പ്രതിസന്ധി വന്നാലും മനസ്സു തളരുവാൻ പാടില്ലെന്നു ശിഷ്യഗണത്തെ കാണിച്ചുകൊടുത്ത തളരാത്ത മനസ്സുള്ള ഒരു ക്രൈസ്തവ പുരോഹിതൻ.

There is no joy in sailing, when the sky is clear and blue. But there is a thrill, when the journey is turbulent and stormy, the weather is rough; so much so, there is a satisfaction, when you have reached a destination. That you thought you could not perhaps make.

നാമെല്ലാവരും സ്വായത്തമാക്കേണ്ട ഒരു സിദ്ധി. ഈശ്വര ചൈതന്യം തേടി അതിലൂടെ ജീവിതത്തിലെ അർത്ഥാനർത്ഥങ്ങളെ പുനർ വിശകലനം ചെയ്ത് ഉണ്മയുടെ പാത കണ്ടെത്തണം. സ്വന്ത നിയോഗം തേടി വീണ്ടും യാത്ര തുടരണം.

1984–ൽ ഔദ്യോഗിക ജീവിതത്തിൽ നിന്നു വിരമിച്ച ശേഷം ഫാ. വെണ്ടറപ്പിള്ളി തെരഞ്ഞെടുത്ത കർമ്മമണ്ഡലം ആന്ധ്രാപ്രദേശത്ത് ചുഴലിക്കാറ്റും പേമാരിയും വിതച്ച അപകടസ്ഥലത്താണ്. മലങ്കരസഭയിലെ കെ. ഐ. ഫിലിപ്പ് റമ്പാച്ചന്റെയും വെണ്ടറപ്പിള്ളി അച്ചന്റെയും നേതൃത്വത്തിൽ അപകടത്തിൽപ്പെട്ടവർക്കു സഹായഹസ്തം നീട്ടിക്കൊടുത്തു. അങ്ങനെ ആന്ധ്രാദേശത്തിലെ മച്ചിലിപ്പട്ടണം പുനരുദ്ധരിക്കപ്പെട്ടു. അതേത്തുടർന്ന് ആന്ധ്രായിൽ കുഷ്ഠരോഗികളുടെ മക്കളായി, ആ രോഗത്തിനു വിധേയരാകാത്തവരെ യാച്ചാരം എന്ന സ്ഥലത്ത് പുനരധിവാസം ചെയ്ത് അവർക്കു വിദ്യാഭ്യാസവും ലളിതമായ തൊഴിൽപരിശീലനവും നല്കി അവരെ ജീവിതത്തിലേയ്ക്കു തിരിച്ചു കൊണ്ടുവന്നു.

കേരളത്തിൽ മുളന്തുരുത്തിയ്ക്കടുത്ത് തലക്കോട് പരിമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉത്തരവാദിത്വത്തിൽ അധഃസ്ഥിതരും, പാർശ്വവൽക്കരിക്കപ്പെട്ടവരുമായ കുഞ്ഞുങ്ങളെ കണ്ടുപിടിച്ചു സനാഥരാക്കുന്ന ഒരു പ്രോജക്ടാണ് തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോമും സഹോദര സ്ഥാപനങ്ങളും.

കേരളത്തിനകത്തും പുറത്തും അശരണരുടെ ഉന്നമനത്തിനുവേണ്ടിയുള്ള അച്ചന്റെ പ്രവർത്തനങ്ങൾ ഒരു തീർത്ഥയാത്രയാണ്.

ഏതു തരം വൈദികരാണ് ആകർഷിക്കുന്നത് എന്നും പ്രചോദനമായി വർത്തിക്കുന്നതെന്നും അറിയുവാൻ മുന്നൂറു ചെറുപ്പക്കാരുടെ ഇടയിൽ ഒരു ജനഹിത പരിശോധന ഒരു ആനുകാലിക ക്രൈസ്തവ പ്രസിദ്ധീകരണം നടത്തി. മുൻഗണനാക്രമത്തിൽ രണ്ടാം സ്ഥാനത്തു വന്നതു ദരിദ്രർക്കിടയിൽ സേവനം അനുഷ്ഠിക്കുന്ന വൈദികരാണ്. തൊഴിലാളികൾക്കിടയിൽ മാനവസേവ ചെയ്യുന്നവർക്കു അടുത്ത സ്ഥാനവും നൽകി.

മതാത്മകതയിൽ ഇങ്ങനെ ഒരു പാഠം ഉണ്ട്. മാനവസേവയാണ് മാധവസേവ. മനുഷ്യരാശിയുടെ രക്ഷകനായ മാധവന്റെ അഥവാ ഈശ്വരന്റെ പ്രേമവും കരുണയുമാണ് നാം ലോകത്തിനു കാണിച്ചു കൊടുക്കേണ്ടത്. ആദരണീയനായ ഞങ്ങളുടെ ഗുരു അത് നിർവഹിച്ചു.

സഭാ-സമൂഹ മണ്ഡലത്തിൽ ബഹുമുഖപ്രതിഭയും ആദരണീയനുമായ ഞങ്ങളുടെ ഗുരു വെണ്ടറപ്പിള്ളി അച്ചനും, കുടുംബവും - വിശിഷ്യ സഹധർമ്മിണി സാറാ ജോസഫ് ടീച്ചറിന്റെയും മക്കളുടെയും സഹകരണത്തിൽ നിർവ്വഹിച്ച മാനവസേവനത്തിന്റെ സ്മരണയ്ക്കു മുമ്പിൽ തലക്കോട് ചാരിറ്റബിൾ ട്രസ്റ്റിനുവേണ്ടി ഡയറക്ടർ റവ. ഫാ. ഡോ. ടി. പി. ഏലിയാസ് എഡിറ്റ് ചെയ്ത 'സത്യമേവ ജയതേ: ഫാ. ജോസഫ് വെണ്ടറപ്പിള്ളി ജീവിതവും ദർശനവും" എന്ന രചന സവിനയം പൊതുജനസമക്ഷം അവതരിപ്പിക്കുന്നു.

മൂന്ന് ദളങ്ങളിൽക്കൂടി കടന്നുപോകുന്ന ഈ അക്ഷര സൃഷ്ടിയിൽ, ഒന്നാം ഭാഗം അച്ചന്റെ പ്രവർത്തനമേഖലയിലെ പ്രശസ്ത സഭാ സമൂഹ ആചാര്യന്മാർ, മതപരിഗണനയ്ക്കതീതമായ വ്യക്തികൾ അച്ചന്റെ കർമ്മമണ്ഡലത്തെ വിശകലനം ചെയ്ത് എഴുതിയിരിക്കുന്ന പ്രൗഢലേഖനങ്ങളാണ്.

രണ്ടാം ഭാഗത്ത്, ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ അച്ചൻ രചിച്ച ലേഖനങ്ങൾ, അഭിമുഖങ്ങൾ, ആത്മീയ പിതാക്കന്മാരെക്കുറിച്ചുള്ള പഠനങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ ഭാഗം അച്ചന്റെ ജീവിതദർശനങ്ങളാണ് അനാവരണം ചെയ്യുന്നത്. ആകർഷകം തന്നെ.

മൂന്നാം ഭാഗത്ത് അച്ചന്റെ മക്കളുടെയും ജീവിതപങ്കാളി സാറാമ്മ ജോസഫിന്റെ കൂടെപ്പിറപ്പും കൂടി വായനക്കാരുടെ മുമ്പിൽ വംശവൃത്താന്തവും രേഖപ്പെടുത്തിയിരിക്കുന്നത് ഹൃദ്യമായിരിക്കുന്നു.

കണ്ണാടി സൂര്യപ്രഭയെ പ്രതിഫലിപ്പിക്കുക മാത്രമാണല്ലോ ചെയ്യുന്നത്. പ്രകാശത്തെ സൃഷ്ടിക്കുന്നില്ല എന്നു കൂടി ഓർക്കുമല്ലോ.

വെണ്ടറപ്പിള്ളി അച്ചന്റെ ഒരു എളിയ ശിഷ്യൻ എന്ന നിലയിൽ ഈ അക്ഷരങ്ങൾ എന്റെ ഗുരുവിന്റെ മുമ്പിൽ ഗുരുദക്ഷിണയായി സമർപ്പിക്കുന്നു.

(ലേഖകൻ മുൻ മദ്രാസ് ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റീസ്, കേരള ഹൈക്കോടതി ജഡ്ജി എന്നീ നിലകളിൽ പ്രശസ്ത സേവനത്തിനുശേഷം ഇപ്പോൾ കേരള പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ചെയർമാൻ, ജസ്റ്റീസ് കെ. എൻ. കുറുപ്പ് ആന്റി ടൊബോക്കോ ഫൗണ്ടേഷൻ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. വെള്ളേപ്പിള്ളിയച്ചന്റെ ശിഷ്യഗണങ്ങളിൽ മുൻനിരക്കാരിലൊരാൾ.)

മുഖമൊഴി

പ്രേഷിതഭാഷകനായ കത്തോലിക്കാ സഭയിലെ ബിഷപ്പ് ഫുൾട്ടൺ ജെ. ഷീനിന്റെ (1895–1979) വിഖ്യാതകൃതിയാണ് The priest is Not His own - പുരോഹിതൻ അവനു സ്വന്തമല്ല. ആരായിരിക്കണം പുരോഹിതൻ? സ്പന്ദിക്കുന്ന ബലി ശരീരമോ? എന്തായിരിക്കണം പൗരോഹിത്യം? ബലി വസ്തുവാകലോ?

ദൈവം ആദാമിനെ സൃഷ്ടിച്ചതു പുരോഹിതനായാണ് എന്നു പിതാക്കന്മാർ വ്യാഖ്യാനിക്കുന്നു. പുരോഹിതൻ സ്നേഹത്തിന്റെയും സ്തുതിപ്പിന്റെയും സേവനത്തിന്റെയും ബലികാഴ്ചകൾ അർപ്പിക്കേണ്ടവൻ. ആദിമനുഷ്യന്റെ (ആദം) പതനം വരെ പൗരോഹിത്യം അവന്റെ ഉണ്മയായിരുന്നു; മനുഷ്യത്വത്തിന്റെ അസ്ഥിത്വമായിരുന്നു. അവന്റെ വീഴ്ചയോടുകൂടി ഏദൻതോട്ടത്തിൽ നിന്നു പുറത്താക്കപ്പെട്ടുവെങ്കിലും ബലി അർപ്പിക്കുവാൻ മക്കൾക്ക് അവകാശം ലഭിച്ചു. പാരമ്പര്യമായി ലഭിച്ച പൈതൃക പൗരോഹിത്യം മോശ വരെ തുടർന്നു. ലേവ്യ ഗോത്രത്തെ പൗരോഹിത്യ കർമ്മത്തിനായി പ്രത്യേകം വേർതിരിച്ചു. പൗരോഹിത്യത്തെക്കുറിച്ചുള്ള പഴയനിയമ ധാരണ തന്നെ ക്രിസ്തീയ പൗരോഹിത്യത്തിനും ഉണ്ട്. വിശ്വാസികൾ എല്ലാവരും മാമ്മോദീസയിലൂടെ പുരോഹിതന്മാർ ആണ്. "... തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വി. വംശവും..." (1 പത്രോസ് 2:9).

രാജകീയ പുരോഹിതവർഗ്ഗമാകുന്ന വി. സഭയുടെ വിളിയും സമ്മതവും സ്വീകരണവും വ്യക്തികൾക്ക് സഭയിൽ പ്രത്യേക പൗരോഹിത്യം (specially ordained ministry) നൽകുന്നതിന് ആധാരമാണ്. കർത്താവിൽ നിന്ന് അപ്പോസ്തോലന്മാരിലൂടെ ലഭിച്ച അധികാരത്താലാണ് സഭയ്ക്കുവേണ്ടി സഭയോടൊപ്പം നിന്നുകൊണ്ട് മേല്പട്ടക്കാരൻ വ്യക്തികൾക്ക് കൈവയ്പ്പ് നൽകുന്നത്. 1947-ൽ പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും പൗരോഹിത്യത്തിന്റെ ആദ്യ പടി സ്വീകരിച്ച് ഡീക്കൻ ജോസഫ് വെണ്ണപ്പിള്ളി ആചാരഗണത്തിൽ സ്ഥാനം നേടി.

പഴയനിയമകാലത്തെ പുരോഹിതന്റെ കർമ്മമേഖല, പുരോഹിതൻ ബലി അർപ്പിക്കുന്നതിനു നിർദ്ദേശിക്കുകയോ, നേതൃത്വം നൽകുകയോ മാത്രമേ ചെയ്യൂ. കർമ്മി മാത്രമായിരുന്ന ബലിവസ്തു, അഥവാ അർപ്പണ വസ്തു ഒരു കാലത്തും പുരോഹിതൻ ആയിരുന്നില്ല.

ദൈവപുത്രൻ മനുഷ്യനായി പിറക്കുകയും രക്ഷയുടെ ബലിയാവുകയും ചെയ്തതു വഴി പൗരോഹിത്യത്തിനു ഇതഃപര്യന്തമുണ്ടായിട്ടി

ല്ലാത്ത ഒരു പുതിയ കർമ്മനിയോഗ പാത തന്നെ തുറന്നു. ക്രിസ്തുവിന്റെ നാൾ തൊട്ടു ക്രിസ്തു തന്നെ ബലി അർപ്പണ വസ്തു. കർമ്മിയും ബലിവസ്തുവും ക്രിസ്തുവിൽ ഒന്നായിത്തീർന്നു. പുരോഹിതനും ബലിവസ്തുവും വേർപെടാനാകാത്തവിധം ഒന്നാണ് എന്ന് യേശു സാക്ഷ്യപ്പെടുത്തി.

യുവപുരോഹിതനായ തീമോത്തിയോസിനോട് പൗലോസ് ഓർമ്മിപ്പിച്ചു. “യേശുക്രിസ്തുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടി കഷ്ടപ്പാടുകൾ സഹിക്കുക. ... നാം അവനോടു കൂടെ മരിച്ചു എങ്കിൽ അവനോടു കൂടെ ജീവിക്കും. സഹിക്കുന്നു എങ്കിൽ അവനോട് കൂടെ വാഴും” (2 തീമോ. 2:3, 11).

പൈതൃകമായി ലഭിച്ചതും ആർജ്ജിച്ചെടുത്തതുമായ അച്ചന്റെ സിദ്ധികളുടെ ഉറവിടം മനുഷ്യചേതനയെ ദൈവിക യാഥാർത്ഥ്യവുമായി ഒന്നിപ്പിക്കുന്ന പ്രക്രിയയിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. അനേകം വ്യക്തികൾ, ചില പ്രത്യേക പ്രത്യയശാസ്ത്രങ്ങൾ എന്നിവ അച്ചന്റെ ജീവിതത്തെ സ്വാധീനിച്ചിട്ടുണ്ട്.

ആ നിരയിലെ മഹാരഥന്മാരിൽ ചിലർ ഇന്ന് നിത്യതയിലാണ്. മലങ്കര ഓർത്തഡോക്സ് സഭാ കൊച്ചി ഭദ്രാസനാധിപന്മാരായ പൗലോസ് മാർ സേവേറിയോസ്, യൂഹാനോൻ മാർ സേവേറിയോസ്, അങ്കമാലി ഭദ്രാസനാധിപനായിരുന്ന മലങ്കരസഭയുടെ അംബാസഡർ എന്ന് അറിയപ്പെട്ട ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ്, വിശ്വപൗരൻ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്, സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, സ്ലീബാദാസ സമൂഹ സ്ഥാപകൻ മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് മുതലായവരാണിവർ. ഈ പിതാക്കന്മാരുടെ ജീവിതം എങ്ങനെ അച്ചനെ സ്വാധീനിച്ചുവെന്ന് ഈ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അദ്ധ്യാപന ശുശ്രൂഷാ രംഗത്ത് പ്രധാന അദ്ധ്യാപകനായ എം. വി. മത്തായി സാർ, മുൻ അസോസിയേഷൻ സെക്രട്ടറി എം. ടി. പോൾ, തുടങ്ങിയവരും വൈദികസെമിനാരി മല്പാന്മാർ, വിശിഷ്യ മലങ്കര മല്പാൻ ഞാർത്താങ്കൽ കോരുത് മല്പാൻ, മലങ്കരസഭാ കക്ഷിവഴക്കിന്റെ സമയത്ത് കൂട്ടുവേലക്കാരായിരുന്ന ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിലുള്ള ആചാര്യസ്ഥാനികളുടെയും അയ്മേനികളുടെയും സാന്നിദ്ധ്യ സഹകരണങ്ങൾ വെണ്ടപ്പിള്ളി അച്ചനെ അതുല്യനാക്കിയിട്ടുണ്ട്.

ഈ പശ്ചാത്തലത്തിൽ ഫാ. ജോസഫ് വെണ്ടറപ്പിള്ളിയെ (1930-2002) പഠനവിധേയമാക്കിയിരിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും വിവിധ

പദവികളിൽ - മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ പുരോഹിതൻ, അദ്ധ്യാപകൻ, കർമ്മനിരതനായ നേതാവ്, വാഗ്മി, എഴുത്തുകാരൻ - അറിയപ്പെട്ടു. മാതൃരാജ്യത്തും അന്തർദേശീയ തലങ്ങളിലുമുള്ള വേദികളിൽ നിറഞ്ഞുനിന്ന ഈ പ്രതിഭയുടെ സഹയാത്രികൻ വിശ്വപൗരൻ എന്ന അപരനാമധേയത്തിൽ അറിയപ്പെട്ട ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ മുതൽ അദ്ദേഹം ഉപാദ്ധ്യക്ഷനായിരുന്ന തലക്കോട് സെന്റ്മേരീസ് ബോയ്സ് ഹോമിലെ കുഞ്ഞുങ്ങൾ വരെ ആയിരുന്നു. മലങ്കരസഭയുടെ പരമാധ്യക്ഷന്മാരായിരുന്ന പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ, മാത്യൂസ് ദ്വിതീയൻ കാതോലിക്കാ തുടങ്ങിയ പിതാക്കന്മാരുടെ ഉപദേശകസമിതി അംഗമായി ജോലി നിർവഹിക്കുമ്പോൾ ആന്ധ്രാപ്രദേശിലെ മച്ചിലിപട്ടണത്തിലും, യാച്ചാരം ബാലഗ്രാമിലെ അധഃസ്ഥിതരുടെ ഇടയിലെ പ്രവർത്തകരുടെ മുമ്പിലും ബലിവസ്തുവായി രൂപാന്തരം പ്രാപിച്ച ഒരു വ്യക്തി ആണ്.

വന്ദ്യ വെണ്ടറപ്പിള്ളി അച്ചൻ മലങ്കര ഓർത്തഡോക്സ് സഭയ്ക്കും സമൂഹത്തിനും നൽകിയ സേവനമാതൃക അടുത്ത തലമുറയ്ക്കു പ്രചോദനം പകർന്നു കൊടുക്കുവാൻ വേണ്ടി അച്ചന്റെ നാമത്തിൽ ഏതെങ്കിലും പ്രസ്ഥാനമോ, അച്ചന്റെ പ്രവർത്തനങ്ങളിലേക്കു വെളിച്ചം വീശുവാൻ ഒരു സ്മരണികയോ ആവശ്യമാണ് എന്നു മലങ്കരസഭാ മിഷൻ ബോർഡിന്റെ സ്ഥാപകപിതാക്കന്മാരിൽ ഒരാളായ വന്ദ്യ കെ. ഐ. ഫിലിപ്പു റമ്പാച്ചൻ (പുതുപ്പാടി) സംഭാഷണമദ്ധ്യേ ആവശ്യപ്പെട്ടു.

അച്ചന്റെ കാലശേഷം, സഭയുടെ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്ന ലേഖനങ്ങൾ സമാഹരിച്ച് "വെള്ളിക്കോൽ" എന്ന പേരിൽ ഒരു ഗ്രന്ഥം വടവുകോട് ക്രിസ്ത്യൻ സെന്ററിന്റെ ചുമതലയിൽ റവ. ഫാ. ഒ. ജെ. ജേക്കബ് എഡിറ്ററായി പ്രസിദ്ധീകരിച്ചിരുന്നു. സമൂഹത്തിലെയും സഭയിലെയും തെറ്റായ പ്രവണതകളെ ഉച്ചാടനം ചെയ്യുന്നതിനു വേണ്ടി നർമ്മരസം കലർത്തി എഴുതിയ ലേഖനങ്ങൾ ജനശ്രദ്ധപിടിച്ചുപറ്റി എന്ന കാര്യവും ഇവിടെ ഓർപ്പിക്കട്ടെ.

ഏകദേശം, ഒരു പതിറ്റാണ്ടു കാലം തലക്കോട് പരുമല മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ വൈസ്പ്രസിഡണ്ടായി സേവനം അനുഷ്ഠിച്ചിരുന്നു. അഭിവന്ദ്യ ഗീവറുഗീസ് മാർ കൂറിലോസു മെത്രാപ്പോലീത്താ പ്രസിഡണ്ടായിട്ടുള്ള ബോർഡിന്റെ തീരുമാനപ്രകാരമാണ് വെണ്ടറപ്പിള്ളി അച്ചന്റെ നാമം ശാശ്വതീകരിക്കുവാനായി ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്.

ഇതിനുവേണ്ട പ്രോത്സാഹനം നൽകിയ അഭി. കൂറിലോസ് തിരുമേനി, ഉപദേശങ്ങൾ നൽകിയ എന്റെ ഗുരുശ്രേഷ്ഠൻ റവ. ഫാ. ഡോ. ടി. ജെ.

ജോഷ്വാ, ക്രിയാത്മക നിർദ്ദേശങ്ങൾ തന്ന ആലോചനാ സമിതിയംഗങ്ങൾ എന്നിവരോടുള്ള നന്ദി ഹൃദയത്തിൽ സൂക്ഷിക്കുന്നു.

ജോസഫ് വെണ്ടറപ്പിള്ളി അച്ചന്റെ പ്രവർത്തനമേഖലകളിലെ സഹപ്രവർത്തകരായിരുന്ന പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ, സഭയിലെ അഭിവന്ദ്യരായ മെത്രാപ്പോലീത്താമാർ, ബഹുമാന്യരായ വൈദികശ്രേഷ്ഠർ, അത്മായപ്രമുഖർ, അച്ചന്റെ ശിഷ്യവൃന്ദത്തിലെ പ്രതിനിധികൾ തുടങ്ങിയവർ ഈ സംരംഭത്തിൽ പങ്കാളികളായിട്ടുണ്ട്. വിസ്തരഭയത്താൽ അവരുടെ പേരുകൾ ഇവിടെ രേഖപ്പെടുത്തുന്നില്ല. വെണ്ടറപ്പിള്ളി അച്ചന്റെ മക്കളും കൊച്ചുമക്കളും ഈ സംരംഭ നിവൃത്തിക്കുള്ള സാമ്പത്തിക കൈത്താങ്ങൽ നല്കി. നന്ദി.

മദ്രാസ് ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റീസായി റിട്ടയർ ചെയ്ത മുൻ കേരള ഹൈക്കോടതി ജഡ്ജിയും, ഇപ്പോൾ സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ് അതോറിറ്റി, ജസ്റ്റീസ് കെ. എൻ. കുറുപ്പു ആന്റി റ്റുബാക്കോ ഫൗണ്ടേഷൻ എന്നിവയുടെ ചെയർമാനും ബ. വെണ്ടറപ്പിള്ളി അച്ചന്റെ ശിഷ്യഗണത്തിലെ മുൻനിരക്കാരിൽ ഒരാളുമായ ഡോ. ജസ്റ്റീസ് കെ. നാരായണകുറുപ്പാണ് ഈ എളിയ സംരംഭത്തിനു അവതാരിക എഴുതിയിരിക്കുന്നത്. ഈ കൃതി ധന്യമാക്കുവാൻ വേണ്ടി ലേഖനങ്ങൾ എഴുതിയ ഏവർക്കും, വായനക്കാർക്കും വേണ്ടി അദ്ദേഹത്തിന് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കട്ടെ.

ഈ രചന മുദ്രണം ചെയ്തു പ്രസിദ്ധീകരിക്കുന്നത് കോട്ടയം സോഫിയാ ബുക്സ് ആണ്. ഈ പ്രസ്ഥാനത്തിന്റെ സ്ഥാപക ഉദ്ദേശ്യം തന്നെ സഭാപിതാക്കന്മാരുടെ ജീവിതവും സന്ദേശവും അക്ഷരലോകത്തേക്ക് എത്തിച്ചു ദൈവജനത്തേയും സമൂഹത്തെയും ദൈവോന്മുഖമാക്കി എടുക്കുക എന്നതാണ്. ആ ദൗത്യം ഇപ്പോഴും തുടരുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. ഇതിന്റെ അമരക്കാരിൽ പ്രധാനികളായിരിക്കുന്ന അഭി. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനി, ശ്രീ. ജോയ്സ് തോട്ടയ്ക്കാട് എന്നിവരോടുള്ള നന്ദി അറിയിക്കുന്നു.

ഈ ഗ്രന്ഥം ദൈവതിരുനാമ മഹത്വത്തിനും സർവ്വ സൃഷ്ടിയുടെയും നന്മയിലേക്കുള്ള നിറവിനും ഉതകിയാൽ ഞങ്ങൾ ധന്യരായി.

ഫാ. ഡോ. റ്റി. പി. ഏലിയാസ്

05-11-2014

മുളന്തുരുത്തി

ഉള്ളടക്കം

അനുഗ്രഹാശംസ
ප. മാർത്തോമ്മാ പൗലോസ് ദ്വിതീയൻ 5
അവതാരിക
ഡോ. ജസ്റ്റീസ് കെ. നാരായണകുറുപ്പ് 7
മുഖമൊഴി
ഫാ. ഡോ. റ്റി. പി. ഏലിയാസ് 12

ദളം ഒന്ന് ജീവിതവും ദർശനവും

വ്യക്തിയും പ്രവൃത്തിമേഖലകളും 21
ധിഷണാശാലി
ഗീവർഗീസ് മാർ കൂറിലോസ് 23
ത്യാഗവും വിനയവും സഭാസ്നേഹവും
ഡോ. മാത്യൂസ് മാർ സേവേറിയോസ് 27
ഒരു സത്യാന്വേഷിയുടെ ജീവിതകഥ
ഡോ. യാക്കോബ് മാർ ഐറേനിയോസ് 29
സ്നേഹിതനും ഉപദേശകനും
യൂഹാനോൻ മാർ പോളികാർപ്പോസ് 33
നന്മയെ സ്നേഹിച്ച കർമ്മയോഗി
കെ. ഐ. ഫിലിപ്പ് റമ്പാൻ 36
കാര്യക്ഷമതയുടെ പര്യായം
ഫാ. ഡോ. റ്റി. ജെ. ജോഷ്വ 40
വെളിച്ചത്തിന്റെ വഴിതേടിയ വെണ്ടറപ്പിള്ളി അച്ചൻ
ഫാ. ഡോ. കെ. എം. ജോർജ് 45
തനിത്തങ്കത്തിലൊരു വെള്ളിക്കോൽ
ഫാ. ഡോ. ജേക്കബ് കുര്യൻ 51
കണ്ണും കണ്ണാടിയുമായ വൈദികൻ
ഫാ. ഡോ. ബിജേഷ് ഫിലിപ്പ് 54
മലങ്കരസഭയുടെ ധീരനായ പോരാളി
ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട് 58
വാഗ്മിയും അദ്ധ്യാപകനും
ഫാ. ഡോ. റജി മാത്യു 62
സഭൈക്യത്തിന്റെ ആശാനും മനുഷ്യസേവനത്തിന്റെ ആവേശവും
കെ. വി. മാമ്മൻ കോട്ടയ്ക്കൽ 66
വെള്ളിക്കോൽ സംസാരിക്കുന്നു
ഡോ. പോൾ മണലിൽ 69

സഭയ്ക്കും സണ്ടേസ്കൂളിനും മറക്കാനാവാത്ത
ഫാ. ഡോ. ഒ. തോമസ് 72
കൊച്ചി ഭദ്രാസനവും ഫാ. ജോസഫ് വെണ്ടറപ്പിള്ളിയും
ഫാ. ഡോ. ജോസഫ് ചീരൻ പഴഞ്ഞി 79
സഹപ്രവർത്തകനും ഉത്തമസ്നേഹിതനും
ഫാ. ഒ. വി. ഏലിയാസ് എറണാകുളം 94
ഒരു ശിഷ്യന്റെ ഓർമ്മക്കുറിപ്പ്
കെ. ജെ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പാ 98
വിശദീകരണയോഗങ്ങളും വെണ്ടപ്പിള്ളി അച്ചനും
കെ. ജെ. കെ. മുളന്തുരുത്തി 102
പ്രൗഢമായ ചിന്താസൗധം
ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ 104
ഗുരുഭൂതനും സഹപ്രവർത്തകനും
മത്തായി ഇടയനാൽ കോറെപ്പിസ്ക്കോപ്പാ 106
ക്രാന്തദർശിയായ വൈദികശ്രേഷ്ഠൻ
പി. യു. കുര്യാക്കോസ് കോറെപ്പിസ്കോപ്പാ 109
സത്യവിശ്വാസ നിരൂപകൻ
ഫാ. കെ. എസ്. സഖറിയ 113
വിനയാന്വിതൻ
ഫാ. കെ. റ്റി. ഫിലിപ്പ് തലക്കോട് 115
വെണ്ടറപ്പിള്ളിൽ അച്ചനും വടക്കൻ ഭദ്രാസനങ്ങളും
ഫാ. ഡോ. ഒ. പി. വർഗീസ്, മീമ്പാറ 118
എന്റെ ഉത്തമ സുഹൃത്ത്
ഫാ. ഏബ്രഹാം പൂവത്തുംവീട്ടിൽ 121
വിശ്വസ്ഥനായ ഒരു സ്നേഹിതൻ
ഫാ. എ. കെ. ചെറിയാൻ 123
സഭയെയും സഭാമക്കളെയും കരുതിയ ഉത്തമ ഇടയൻ
ഫാ. സി. എം. കുര്യാക്കോസ്, കോലഞ്ചേരി 127
വന്ദ്യനും ഉന്നതനും
ഫാ. സാം വി. ഗബ്രിയേൽ ന്യൂഡൽഹി 131
ഞാനറിഞ്ഞ വെണ്ടറപ്പിള്ളിലച്ചൻ
ഫാ. ജോണി ജോർജ്ജ് 138
കാലത്തിന്റെ കണ്ണാടി
ഫാ. വറുഗീസ് ചാക്കോ, ഇരട്ടപ്ലാമ്മൂട്ടിൽ 140
സഭാനേതൃനിരയിൽ തിളങ്ങി
എം. ജി. ജോർജ്ജ് മുത്തൂറ്റ് 144

സഭൈക്യത്തിന്റെ വലിയ സംഭാവന
കെ. സി. ഈപ്പൻ കണ്ടത്തിൽ, കോട്ടയം 146
സ്നേഹനിധിയായിരുന്ന ആചാര്യശ്രേഷ്ഠൻ
ജോസ് കുര്യൻ പുളിയേരിൽ 149
മലങ്കര സഭാ മിഷൻ പ്രവർത്തനത്തിൽ സജീവ നേതൃത്വം
പ്രൊഫ. ഡി. മാത്യൂസ് 152
സഭാപ്രതിസന്ധിയിലെ ഫാ. ജോസഫ് വെണ്ടപ്പിള്ളി
പി. തോമസ്, പിറവം 154
വണ്ടർഫുള്ളി വെണ്ടറപ്പള്ളിലച്ചൻ ഒരു ഗുരുസ്മൃതി
തോമസ് ഏബ്രഹാം വടക്കേക്കര, മല്ലപ്പള്ളി 158
സഭയിൽ നിറഞ്ഞുനിന്ന വ്യക്തിത്വം
കെ. എം. മാത്യു തിരുവല്ല 163
മനുഷ്യസ്നേഹി
ജോർജ് പോൾ 166
കർമ്മയോഗി
ജോയി പി. ജേക്കബ് 170
വന്ദ്യ ഗുരുവിനു വടവുകോടിന്റെ പ്രണാമം
ഡോ. ടി. എം. ജോസ് വടവുകോട് 173
നർമ്മസ്മരണകൾ
വേലായുധൻ വടവുകോട് 179
ഓർമ്മകളുടെ പ്രകാശപ്രസരം
പ്രൊഫ. എൻ. കെ. രാജൻ ഞാർത്താങ്കൽ 183
ബാല്യകാലസ്മരണയിൽ വെണ്ടറപ്പിള്ളി അച്ചൻ
നയോമി രാജൻ 187
വടവുകോട് ക്രിസ്ത്യൻ സെന്ററും വെണ്ടറപ്പിള്ളി അച്ചനും
ടി. എം. രാജൻ 189

ഭാഗം രണ്ട് ഫാ. വെണ്ടപ്പിള്ളിയുടെ രചനകൾ

1 ഒരു ഭദ്രാസനത്തിന്റെ വൈധവ്യമവസാനിക്കുന്നു 192
2 പ്രഗത്ഭനും സഭാസ്നേഹിയും ആയിരുന്ന മാർ സേവേറിയോസ് 196
3 പൗലൂസ് മാർ സേവേറിയോസ് 198
4 ഉപ്സാലാ സമ്മേളനം 201
5 പ. കാതോലിക്കാബാവാ തിരുമനസ്സിലേക്ക് സോവിയറ്റുയൂണിയനിൽ
അത്യുജ്ജ്വല സ്വീകരണങ്ങൾ 206
6 രോഗികളോടൊപ്പം സപ്തതി സായാഹ്നം 209
7 നവയുഗ നായകന് സ്മരണാഞ്ജലി 212
8 അനാഥാലയത്തിന് ആരാധനാകേന്ദ്രവും 216

9 മാർ തെയോഫിലോസ് ആതുരർക്ക് ആശാദീപം 219
10 ആ തൊപ്പി 223
11 The Story of Mar Theophilos 228
12 മലങ്കരയുടെ മനസ്സാക്ഷി 234
13 MACHILIPATANAM TO YACHARAM 239
14 യാച്ചാരത്തേക്ക് 244
15 മൽപാൻ പാഠശാല: അനുഭവസാക്ഷ്യങ്ങൾ 250
16 സ്മൃതി ചിന്തകൾ 259
17 വയസ്സു ദീനം 266

ഭാഗം മൂന്ന് വംശവൃത്താന്തം

1 ഫാ. ജോസഫ് വെണ്ണപ്പിള്ളി: ജീവിതരേഖ
ജോൺ ജോർജ് ആറ്റുപുറം 271
2 അപ്പ: ഓർമ്മകളിലൂടെ
മക്കൾ 274
3 കൂടെപിറപ്പിന്റെ ഓർമ്മക്കുറിപ്പ്
ഓമന ബേബി 277

അനുബന്ധം

പത്രവാർത്തകൾ 281



ദളം ഒന്ന്

ജീവിതവും ദർശനവും

ഫാദർ ജോസഫ് വെണ്ടറപ്പിള്ളി (1930–2002)

വടവുകോട് എറണാകുളം, കേരളം

വ്യക്തിയും പ്രവൃത്തിമേഖലകളും

ക്രൈസ്തവ ഓർത്തഡോക്സ് വൈദികൻ, അദ്ധ്യാപകൻ, സംഘാടകൻ, വാഗ്മി, എഴുത്തുകാരൻ, മനുഷ്യസ്നേഹി

പ്രവർത്തനമേഖല:

അദ്ധ്യാപകൻ RMHS വടവുകോട്

ആചാര്യത്വ ശുശ്രൂഷ:

എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ, കൊരട്ടി, മൂവാറ്റുപുഴ. ഇരിങ്ങാലക്കുട, എരൂർ, പാങ്കോട്, കൊരട്ടി, മലേക്കുരിശ്, ചെറായി, വടവുകോട് ന്യൂഡൽഹി, ദുബായ്.

വഹിച്ച സ്ഥാനങ്ങൾ:

പരിമല മാർ ഗ്രിഗോറിയോസ് ചാരിറ്റബിൾ സൊസൈറ്റി തലക്കോട് വൈസ് പ്രസിഡന്റ്, മലങ്കരസഭ ന്യൂഡൽഹി, കൊച്ചി ഭദ്രാസന സെക്രട്ടറി, അഡ്മിനിസ്ട്രേറ്റർ, സണ്ടേസ്കൂൾ ഡയറക്ടർ, യുവജനപ്രസ്ഥാനം, ബാലസമാജം എന്നിവയുടെ അഖിലേന്ത്യാ വൈസ് പ്രസിഡന്റ്, കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി പാർട്ട്ടൈം പ്രഫസർ, സണ്ടെസ്കൂൾ കരിക്കുലം കമ്മിറ്റി ആന്ധ്രാ സൈക്ലോൺ റിലീഫ് പ്രൊജക്ട്, ശിശുക്ഷേമ ബോർഡ്, വൈദിക ക്ഷേമിധി എന്നിവയുടെ സെക്രട്ടറി ഓർത്തഡോക്സ് സഭയുടെ കരിക്കുലം ആന്റ് ലീഡർഷിപ്പ് പ്രൊജക്ടിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറി, ഹൈദരാബാദിനടുത്ത് യാച്ചാരം സെന്റ് ഗ്രീഗോറിയോസ്, ബാലഗ്രാം അഡ്വൈസർ, പുനെ ഇറ്റാർസി ബാലികാഗ്രാം, കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി എന്നിവയുടെ ഡയറക്ടർ ബോർഡ് മെമ്പർ.

കാതോലിക്കാബാവയുടെ ഉപദേശകസമിതി, സഭാ വർക്കിംഗ് കമ്മിറ്റി, സമൂഹവിവാഹപദ്ധതി കമ്മിറ്റി, അനുരഞ്ജന കമ്മിറ്റി മെമ്പർ രോഗഗ്രസ്ഥനാകുന്നതിനു മുമ്പ് സഭയുടെ 'ഹെറിറ്റേജ് 2000 സ്മൃതി' പ്രൊജക്ടിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറി.

അന്തർദേശീയ പ്രവർത്തന മേഖല:

1969–ൽ സ്വീഡനിൽ നടന്ന അഖില ലോകസഭാ കൗൺസിൽ സമ്മേളനത്തിലും, ഡമാസ്കസിൽ പാത്രിയർക്കാ അരമനയിൽ നടന്ന

പൗരസ്ത്യ ഓർത്തഡോക്സ് സ്റ്റാൻഡിംഗ് കമ്മിറ്റിയിലും പങ്കെടുത്തു. 1976-ൽ മലങ്കര ഓർത്തഡോക്സ് സഭാ ഡെലിഗേഷൻ അംഗമായി റഷ്യ, റൂമേനിയ, ബൾഗേറിയ എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. എത്യോപ്യ, സിറിയ, ഈജിപ്ത്, അർമീനിയ, ഇന്ത്യ എന്നീ പൗരസ്ത്യ ഓർത്തഡോക്സ് സഭകളുടെ കരിക്കുലം ആന്റ് റീഡർഷിപ്പ് പ്രൊജക്ടിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറി.

പ്രസിദ്ധീകരണരംഗത്ത്:

വെള്ളിക്കോൽ എന്ന തൂലികാനാമത്തിൽ നർമ്മലേഖന പരമ്പര മലങ്കരസഭ, ഓർത്തഡോക്സ് യൂത്ത് എന്നിവയിൽ എഴുതി. യാത്രാവിവരണ റിപ്പോർട്ടുകൾ, ജീവചരിത്രകുറിപ്പുകൾ എന്നിവ മലയാള മനോരമ ദിനപത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ പ്രസിദ്ധീകരിച്ചു. 'സീയോൻ സന്ദേശം' മാസികയുടെ എഡിറ്ററായി പ്രവർത്തിച്ചു.

ബഹുമതികൾ:

റഷ്യൻ പാത്രിയർക്കീസിൽ നിന്നും ഓർഡർ ഓഫ് സെന്റ് വ്ളാഡിമിർ പുരസ്കാരവും, ന്യൂയോർക്ക് സെന്റ് ഗ്രിഗോറിയോസ് ഫൗണ്ടേഷന്റെ മാർ സേവേറിയോസ് അവാർഡും നേടിയിട്ടുണ്ട്.

ഡോ. പി. സി. അലക്സാണ്ടർക്കും ശ്രീമതി അക്കാമ്മ അലക്സാണ്ടർക്കും ഒപ്പം പൂന സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ.

ധിഷണാശാലി

ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ
(മുംബൈ ഭദ്രാസനാധിപൻ,
പ്രസിഡണ്ട് പരിമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റ്)

വന്ദ്യ ജോസഫ് വെണ്ടപ്പിള്ളി അച്ചൻ മനസ്സിലാക്കിയതും ദൃഢത യോടെ വിശ്വസിച്ചതുമായ ഉന്നതവും ശ്രേഷ്ഠവുമായ ആശയങ്ങൾക്ക് ഭംഗംവരാതെയും മാറ്റംവരുത്താതെയും, ധീരതയോടെ ജീവിതാന്ത്യം വരെ മുറുകെ പിടിച്ചു. എന്നാൽ മറ്റുള്ളവരോടുള്ള പെരുമാറ്റത്തിലും സമ്പർക്കത്തിന്റെ ജീവിതശൈലികളിലും വിനയവും എളിമയും മുഖമുദ്രയായി അംഗീകരിച്ച് പരിപാലിച്ചു. തന്നെ ഭരമേല്പിച്ചിരുന്ന ആത്മീയ അജപാലനദൗത്യം കളങ്കമില്ലാതെയും, അടിയുറച്ച ദൈവവിശ്വാസത്തോടെയും നിറവേറ്റി. സുലഭമായി സ്വജീവിതത്തിൽ ലഭ്യമായ ദൈവിക താലന്തുകളെ വിശ്വസ്ഥമായും, അതിപ്രശസ്തമായും, അനുഗ്രഹകരമായും കൈകാര്യം ചെയ്തു. കാണുകയും കേൾക്കുകയും പരിചയപ്പെടുകയും ചെയ്ത വിഭിന്ന ഭാഷക്കാരും പ്രായക്കാരും ആയവരുടെ മനസ്സുകളിൽ സ്ഥിരപ്രതിഷ്ഠ നേടിയ ഉത്തമ വൈദികശ്രേഷ്ഠൻ ബഹു. ജോസഫ് വെണ്ടറപ്പിള്ളി അച്ചന്റെ ബഹുമാനാർത്ഥം ഈ കൃതി സമർപ്പിക്കുന്നു.

അനേകായിരങ്ങൾക്ക് ഈ ധന്യജീവിതത്തിന്റെ മാറ്റൊലികൾ അറിയുവാനും ഉൾക്കൊള്ളുവാനും ബഹു.അച്ചന്റെ ജീവിതത്തിൽ നിറഞ്ഞുനിന്ന നന്മയുടെയും ആദ്ധ്യാത്മികമായ സ്ഥായിഭാവങ്ങളുടെയും നറുമണം ആവോളം ആസ്വദിക്കുവാനും സാദ്ധ്യമാകുമെന്നതിന് തർക്കമൊന്നുമില്ല. ഈ സദുദ്യമത്തിന്റെ പിന്നിൽ സമർപ്പണബോധത്തോടെ പ്രവർത്തിക്കുന്നവരെ അനുമോദിക്കുകയും അവർ ഏവർക്കും ഉചിതവും, യോഗ്യവുമായ പ്രതിഫലം സർവ്വശക്തനായ ദൈവം സമൃദ്ധിയായി ചൊരിഞ്ഞ് നൽകട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എന്റെ ബാല്യത്തിൽ തന്നെ ബഹു. വെണ്ടറപ്പിള്ളി അച്ചനെ അടുത്തറിയുവാനുള്ള മഹാഭാഗ്യത്തിന് അർഹനായി എന്നത് ഏറെ സന്തോഷത്തോടെ അനുസ്മരിക്കുകയാണ്. പ്രശസ്തമായ വടവുകോട് ഹൈസ്ക്കൂളിലെ ധന്യമായ അദ്ധ്യാപകവൃത്തി അനുഗ്രഹകരമായി നിറവേറ്റിപ്പോന്ന കാലയളവിലെ ഇടവേളകളിൽ കോട്ടയം പ്രദേശത്തെ മിക്ക പള്ളികളിലും പ്രഗത്ഭനായ ഒരു കൺവൻഷൻ പ്രാസംഗികനായിരുന്നു

അദ്ദേഹം. ഞങ്ങളുടെ മാതൃ ഇടവകയായ കൊല്ലാട് സെന്റ് പോൾസ് ഓർത്തഡോക്സ് ദൈവാലയ അങ്കണത്തിൽ നടന്നുവന്ന കൺവൻഷൻ പ്രസംഗങ്ങളിൽ ശ്രോതാക്കളുടെ മനസ്സിൽ വളരെ ശക്തമായ സ്വാധീനം ചെലുത്തുവാൻ പറ്റുന്നതും, ഉന്നതാശയങ്ങളുടെ പേമാരി ചൊരിയിക്കുവാൻ പര്യാപ്തമായ പ്രസംഗങ്ങളായിരുന്നു ബ. അച്ചൻ അക്കാലങ്ങളിൽ കാഴ്ചവെച്ചുപോന്നത്. താൻ അവതരിപ്പിക്കുന്ന ആശയങ്ങൾ എത്രമാത്രം ഉന്നതവും ശ്രേഷ്ഠവുമായിരുന്നാൽ പോലും അവ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നത് മൂലം ലഭ്യമായിക്കൊണ്ടിരുന്ന ദിവ്യാനുഭവങ്ങളുടെ അതിപ്രസരം ഇന്നും മായാതെ ജനഹൃദയങ്ങളിൽ തിളങ്ങിവിളങ്ങി നിൽക്കുന്നു. അക്കാലങ്ങളിൽ ഒരു ബാലനായിരുന്ന എന്റെയും മനസ്സിൽ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളും അവയുടെ ആഴമായ അർത്ഥവ്യാപ്തിയും എത്രമാത്രം ശ്രേഷ്ഠമായ സ്വാധീനങ്ങളാണ് ചെലുത്തിയിട്ടുള്ളതെന്ന് പിന്നീട് പലപ്പോഴും ഞാൻ തനിയെ ചിന്തിക്കാറുണ്ട്.

സ്കൂൾ വിദ്യാർത്ഥികളുടെ മുമ്പിൽ മാതൃകാദ്ധ്യാപകൻ എന്നപോലെ, ഉന്നതമായ ആശയങ്ങൾ ലളിതമായും, കേൾവിക്കാർക്ക് ഇമ്പകരമായും ശ്രവിക്കപ്പെടുന്ന ഉന്നതാശയങ്ങളും വിജ്ഞാനത്തിന്റെ അറിവും ഒരിക്കലും വിസ്മരിക്കുവാൻ സാധിക്കാത്തവിധം മനസ്സുകളുടെ അകഭിത്തികളിൽ ഭംഗിയായും സുശക്തമായും കോറിയിടുവാൻ അദ്ദേഹത്തിന്റെ പ്രഭാഷണശൈലിയ്ക്ക് കഴിഞ്ഞിരുന്നുവെന്നതു തന്നെ ഒരു ശ്രേഷ്ഠമായ വരദാനമാണ്.

ദൈവാരാധനകൾ ഉത്തമവിശ്വാസത്തോടും, സമർപ്പണത്തോടും സമർപ്പിക്കുക വഴി ബ. അച്ചൻ അനുഭവിച്ചു വന്ന ആത്മീയ സന്തോഷവും സംതൃപ്തിയും മറ്റ് വൈദികരുമായും പങ്കുവയ്ക്കുന്ന അദ്ദേഹത്തിന്റെ അന്യാദൃശമായ പ്രത്യേകത എന്നുമെന്നും പ്രശംസനീയം തന്നെ. ബ. അച്ചൻ വഹിച്ച ഓരോ ഔദ്യോഗിക സ്ഥാനങ്ങളിലും അദ്ദേഹം വളരെയേറെ ശിക്ഷണബോധ്യവും, സമർപ്പണബോധവും, വിശ്വസ്ഥതയും, വളരെയേറെ മികവും തിളക്കവും ഉള്ള രീതിയിലായിരുന്നു ദർശനീയമായിട്ടുള്ളത്. തന്മൂലം ബഹു. അച്ചനെ ഓരോരോ കാലഘട്ടത്തിലും ചുമതലപ്പെടുത്തിയ ഓരോരോ ഉത്തരവാദിത്തങ്ങളിലും ആത്മാർത്ഥതയുടെയും വിനയാത്വിതമെങ്കിലും, യുക്തവും ശക്തവുമായ ധിഷണാശൈലിയും ആത്മീയ പൗരുഷവും പ്രകടിപ്പിച്ചിരുന്നുവെന്ന സത്യം ആർക്കും നിഷേധിക്കാനാവില്ല. ന്യൂഡൽഹി ഭദ്രാസനത്തിന്റെയും കൊച്ചി ഭദ്രാസനത്തിന്റെയും ഭദ്രാസന സെക്രട്ടറിയായി പ്രവർത്തിച്ച കാലഘട്ടം ഭദ്രാസനങ്ങളുടെ മാത്രമല്ല ആകമാന പരിശുദ്ധ സഭയുടെ കൂടി വളർച്ചയുടെയും ഉയർച്ചയുടെയും വഴികളിലെ നാഴികക്കല്ലുകളാണ്. ഡൽഹി ഭദ്രാസനത്തിലാകട്ടെ ലോകമൊട്ടാകെയും സൽകീർത്തിയും സമൃദ്ധസ്വാധീനവും

ഉണ്ടായിരുന്നതും, ഉന്നത പണ്ഡിതനും, ചിന്തകനും സർവ്വമതസമ്മതനും ആദരണീയനുമായിരുന്ന അഭി. ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസ് തിരുമേനി അധിപനായി വാണരുളിയിരുന്ന സുവർണ്ണ കാലഘട്ടത്തിൽ അഭി. തിരുമേനിയുടെ മഹത്തരവും ലോകപണ്ഡിത സദസ്സുകളിൽ സ്വീകാര്യവും അംഗീകാരയോഗ്യവുമായ ആശയങ്ങളെ ശരിയാംവണ്ണം മനസ്സിലാക്കി നിർവിഘ്നം പ്രഘോഷിക്കുവാനും, പൊതുജനമദ്ധ്യത്തിൽ ഏവർക്കും സ്വീകാര്യമാകുംവിധം അവതരിപ്പിക്കുവാനും, ബ. അച്ചന് കഴി ഞ്ഞുവെന്നത് എത്രമാത്രം പ്രശംസിച്ചാലും പ്രകീർത്തിച്ചാലും മതിയാ കുകയില്ല. ഡൽഹി ഭദ്രാസനത്തിൽ കാഴ്ചവച്ച ഏറ്റവും മികച്ച സേവ നങ്ങളുടെ അംഗീകാരവും പ്രശംസയും എന്ന വിധമാണ് അഭി. ഗ്രീഗോ റിയോസ് തിരുമേനിയാൽ സ്ഥാപിതമായ തലക്കോട് സെന്റ് ഗ്രീഗോറി യോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ വൈസ് പ്രസിഡണ്ടായി അഭി. തിരുമേനി നിയോഗിച്ചതെന്നാണ് നാം മനസ്സിലാക്കുന്നതും ഗ്രഹിച്ചിരിക്കുന്നതും. തല ക്കോട് ജീവകാരുണ്യ പ്രവർത്തന മേഖലയിൽ വളരെയേറെ സ്തുത്യ ർഹമായ സേവനങ്ങൾ ബ. അച്ചന് ചെയ്യാനായിയെന്നാണ് ഏവർക്കും മനസ്സിലാക്കാനാവുന്നത്.

ആന്ധ്രാ സൈക്ലോൺ പ്രോജക്ടിലും, ശിശുക്ഷേമ ബോർഡിലും, വൈദികക്ഷേമനിധിയിലും ബഹു. അച്ചൻ സെക്രട്ടറിയായി പ്രവർത്തിച്ച് വരവെ പ്രകടിപ്പിച്ചിട്ടുള്ള ധീരമായ നേതൃത്വം കുറെയൊക്കെ നേരിൽ മനസ്സിലാക്കാനും, വിലമതിക്കാനും എനിക്കും സാധിച്ചിട്ടുണ്ട്. ബ. അച്ചൻ ഓരോരോ അവസരങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ക്രിയാത്മകവും, അനുക രണീയവുമായ നിർദ്ദേശങ്ങൾ പ. സഭയുടെ യശസ്സ് ഉയർത്താൻ എത്ര മാത്രം സ്വാധീനം ചെയ്തിട്ടുണ്ട് എന്നു ഗ്രഹിക്കുമ്പോഴാണ് ബഹു. അച്ചന്റെ വൈശിഷ്ഠതയുടെ മാറ്റ് വ്യക്തമാകുന്നത്.

ഞാനും ബ. അച്ചനുമായി ഒരുമിച്ച് പ്രവർത്തിക്കുവാൻ അവസരം ലഭിച്ച ഒരു മേഖലയാണ് പൂനയിലെ സെന്റ് ജോർജ്ജ് ബാലികാ ഭവൻ. ബ. അച്ചന്റെ വ്യക്തിപരമായ ഇച്ഛാശക്തിയും നിർമ്മല മനസ്സാക്ഷിയും ഏറെ വ്യക്തമാക്കിയ രീതിയിലുള്ള പ്രവർത്തനശൈലിയായിരുന്നു അന്ന് ദർശിച്ചത്.

വെള്ളിക്കോൽ എന്ന തൂലികാനാമത്തിൽ പ. സഭയുടെ ഔദ്യോഗിക നാവായ മലങ്കരസഭാ മാസികയിൽ ബ. അച്ചൻ തുടർച്ചയായി അൽപം ഫലിതരൂപേണയാണെങ്കിലും എഴുതിക്കൊണ്ടിരുന്ന ലേഖനപരമ്പരകളും യാത്രാവിവരണങ്ങളും, മലയാള മനോരമയിൽ എഴുതിപ്പോന്ന ജീവചരിത്ര കുറിപ്പുകളും വളരെയേറെ വായനക്കാരെ ഇരുത്തി ചിന്തിപ്പിക്കുകയും, ആവേശോജ്വലമായ സ്വാധീനം ആർജ്ജിക്കുവാനും സംഗതിയായിട്ടുണ്ട്.

ബ. അച്ചന്റെ വിദേശരാജ്യ പര്യടനങ്ങളിലും അന്തർദ്ദേശീയ സമ്മേളനങ്ങളിലെ പങ്കാളിത്തങ്ങളിലും മലങ്കര ഓർത്തഡോക്സ് സഭയുടെ യശസ്സും സൽകീർത്തിയും വർദ്ധിക്കുവാനിടയായത് ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. മലങ്കരയിൽ പ്രത്യേകിച്ച് വടക്കൻ പ്രദേശങ്ങളിൽ ഭയരഹിതനായി സത്യവിശ്വാസത്തിന്റെ കാവൽഭടനായി ആജീവനാന്തം വരെ വളരെയേറെ പ്രശംസാവഹമായ സേവനം കാഴ്ചവെച്ച ബ. അച്ചന്റെ നിത്യശാന്തിക്കായി നമുക്ക് നിരന്തരമായി പ്രാർത്ഥിക്കാം. ദൈവം പുണ്യ പുരോഹിതശ്രേഷ്ഠന്റെ ഓർമ്മ എന്നുമെന്നും സ്മരണീയമാക്കട്ടെ.



ഫാ. കെ. ഐ. പോൾ (പ. മാർത്തോമ്മാ പൗലൂസ് രണ്ടാമൻ), ഫാ. ഒ. വി. ഏലിയാസ് എന്നിവരോടൊപ്പം.

ത്യാഗവും വിനയവും സഭാസ്നേഹവും

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ
(കണ്ടനാട് വെസ്റ്റ് ഭദ്രാസനം)

ഹിമാലയത്തോളം ഉയർന്ന വ്യക്തിശ്രേഷ്ഠത; ഭൂമിയോളം വിനയാന്വിതൻ, ആഴിയോളം ആഴം അറിവിൽ – ഇതെല്ലാം ഒത്തിണങ്ങിയ ഒരു പിതാവായിരുന്നു ഫാ. ജോസഫ് വെണ്ടറപ്പിള്ളി. കോട്ടയം പഴയസെമിനാരിയിൽ ഞാൻ അദ്ധ്യാപകനായ 1984 മുതൽ വെണ്ടറപ്പിള്ളി അച്ചനുമായി കൂടുതൽ അടുത്തു പരിചയപ്പെടുവാൻ ഇടയായി. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഉറ്റ സുഹൃത്തും സഹചാരിയുമായി പ്രവർത്തിച്ചിരുന്ന വെണ്ടറപ്പിള്ളി അച്ചൻ രൂപംകൊടുത്ത പൗരസ്ത്യ ഓർത്തഡോക്സ് സണ്ടേസ്കൂൾ കരിക്കുലത്തിന്റെ ആവിഷ്ക്കരണഘട്ടത്തിൽ അല്പകാലം സഹകരിച്ചു പ്രവർത്തിക്കുവാൻ ഇടയായപ്പോഴാണ് ബഹു. അച്ചന്റെ ആഴമായ അറിവും പ്രായോഗിക ജ്ഞാനവും മനസ്സിലാക്കാനായത്.

1995-ൽ സുപ്രീംകോടതി മലങ്കരസഭയ്ക്ക് അനുകൂലമായ വിധി എഴുതിയ നാൾമുതൽ അനേക സഭാവേദികളിൽ സഭയുടെ ചരിത്രവും 1934-ലെ സഭാഭരണഘടനയും വിശദമാക്കി മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെയും തനിമയെയും കുറിച്ചുള്ള അച്ചന്റെ ഗംഭീര പ്രസംഗങ്ങൾ എന്നെ കോരിത്തരിപ്പിച്ചിട്ടുണ്ട്. 1958 വരെ പാത്രിയർക്കീസ് വിഭാഗത്തിൽ നിലകൊണ്ട അച്ചൻ അവരുടെ പൊള്ളത്തരങ്ങളെയും അജ്ഞതകളെയും അക്രമ-വിധ്വംസക പ്രവർത്തനശൈലികളെയും തുറന്നുകാട്ടിയ ഘോര പ്രഭാഷണങ്ങൾ മലങ്കരസഭയുടെ വിശ്വാസികൾക്ക് വടക്കൻ മേഖലകളിലും തെക്കൻ മേഖലകളിലും ഒരുപോലെ ആവേശവും ഉത്തേജനവും പ്രോത്സാഹനവും നൽകി. അദ്ധ്യാപനപാരമ്പര്യത്തിന്റെ അനുഭവസമ്പത്തിലൂടെ സഭാവിജ്ഞാനീയത്തിന്റെ ഉള്ളറകളെ തുറന്നുകാട്ടാൻ സാധിച്ച ബഹു. അച്ചന്റെ കഴിവ് അനിതരസാധാരണമായിരുന്നു.

സഭയ്ക്കു വേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ ദുബായിയിലും എറണാകുളത്തുമൊക്കെ വൈദികനായിരുന്ന കാലത്ത് അദ്ദേഹം കാട്ടിയ ത്യാഗമനോഭാവം ആരെയും അമ്പരപ്പിക്കുന്നതായിരുന്നു. പ്രശ്നങ്ങൾ ഇടവകതലത്തിലായാലും സഭാതലത്തിലായാലും സമന്വയത്തിലൂടെ പരി

ഹരിക്കുവാനുള്ള അച്ചന്റെ അനേകശ്രമങ്ങളിൽ ഉൾപ്പെടുവാൻ എനിക്കും കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഒരിക്കൽപോലും സഭയുടെ അടിസ്ഥാന സത്യങ്ങളെ അണുവിടപോലും ബലികഴിക്കുവാൻ അദ്ദേഹം തയ്യാറായിരുന്നില്ല. സഭാസമാധാന പ്രവർത്തനങ്ങളിലും എറണാകുളം ഇടവക പ്രശ്നങ്ങളിലും അച്ചന്റെ വ്യക്തിപരമായ നിലപാടുകൾ ഇതിനു സാക്ഷ്യം നൽകുന്നുണ്ട്. അനുകൂലമായ കോടതിവിധിയെത്തുടർന്ന് പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായെ കടമറ്റം പള്ളിയുടെ വടക്കെ വാതിൽ വഴി അകത്തുകയറ്റിയ അച്ചൻ പാത്രിയർക്കീസുകാരുടെ ഉന്തും തള്ളുമേറ്റ് കട്ടിളപ്പടിയിൽ വീണപ്പോൾ കൈപിടിച്ച് എഴുന്നേൽപ്പിച്ച എന്നോടു 'സാരമില്ല, തിരുമേനി, കയറിക്കോ പള്ളിയിലേക്ക്' എന്ന് അച്ചൻ പറഞ്ഞ് ധൈര്യം പകർന്ന സമയം ഇന്നും എന്റെ സ്മരണയിൽ പച്ചയായി നിൽക്കുന്നു.

ആതുരസേവന രംഗങ്ങളിലെ അച്ചന്റെ ഭാഗഭാഗിത്തം ആഴമായ ദീനാനുകമ്പ വെളിപ്പെടുത്തുന്നതായിരുന്നു. കാലം ചെയ്ത ഒസ്താത്തിയോസ് തിരുമേനിയോടൊപ്പം യാച്ചാരത്തിലും പൂനെയിലുമുള്ള അനാഥാലയങ്ങളുടെ പ്രവർത്തനങ്ങളിലും മഞ്ഞപ്ര മാർ ബസ്സേലിയോസ് ചിൽഡ്രൻസ് ഹോമിന്റെ പ്രവർത്തനങ്ങളിലും അശരണരോടും ആലംബഹീനരോടും താദാത്മ്യപ്പെടുവാനുള്ള തരളിതഹൃദയം അച്ചനുണ്ടായിരുന്നു. കണ്ടനാടു വെസ്റ്റു ഭദ്രാസനത്തിലേക്കുള്ള സാമൂഹ്യസേവന പദ്ധതികളായ പ്രതീക്ഷാ ഭവൻ, പ്രശാന്തി ഭവൻ, പ്രത്യാശ ഭവൻ ഇവയുടെ ആരംഭ കാലഘട്ടത്തിൽ അച്ചൻ നൽകിയ പ്രോത്സാഹനങ്ങൾ അവിസ്മരണീയങ്ങളാണ്.

ബഹു. വെണ്ടറപ്പിള്ളി അച്ചന്റെ ഗുരുവും അയൽവാസിയും ഞങ്ങളുടെയൊക്കെ ശ്രേഷ്ഠ മല്പാനുമായിരുന്ന ഞാർത്താങ്കൽ കോരുതു മൽപ്പാനച്ചനോടൊപ്പം, അച്ചന്റെ ഭവനം സന്ദർശിച്ച അവസരങ്ങളിലെല്ലാം സുസ്മേരവദനനായി നിന്ന് സൽക്കാരപ്രിയനായിരുന്ന അച്ചനും കുടുംബവും അവാച്യമായ അനുഭവങ്ങൾ കൈമാറിത്തന്നിട്ടുണ്ട്. കോലഞ്ചേരി മെഡിക്കൽ മിഷനിൽ സ്ട്രോക്ക് വന്ന് രോഗിയായി കിടക്കുമ്പോൾ ചെറിയ മന്ദഹാസത്തോടെ സന്ദർശകരെ സ്വീകരിച്ചിരുന്ന വെണ്ടറപ്പിള്ളി അച്ചന്റെ മുഖം ആരും മറക്കില്ല.

(പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി. വെണ്ടപ്പിള്ളി അച്ചന്റെ പ്രവർത്തനമേഖലകളിലെ സന്തത സഹചാരി ആയിരുന്നു ലേഖകൻ.)

ഒരു സത്യാന്വേഷിയുടെ ജീവിതകഥ

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ (കൊച്ചി ഭദ്രാസനാധിപൻ)

ജീവിതയാത്രയിൽ അഭിമുഖീകരിക്കേണ്ടിവരുന്ന യാതനകളും തീവ്രാനുഭവങ്ങളും പല മനുഷ്യരിൽ പലതരത്തിലുള്ള പ്രതികരണങ്ങൾക്കു വഴിവയ്ക്കുന്നു. വ്യക്തിയുടെ ധർമ്മനിഷ്ഠ, ശ്രേഷ്ഠവ്യക്തിത്വം, പ്രതിപക്ഷബഹുമാനം എന്നിവയെല്ലാം ഇത്തരം പ്രതികരണങ്ങളെ കാര്യമായി നിറം പിടിപ്പിക്കുകയും ചെയ്യും. ധർമ്മഗുരുവായ ഫാ. ജോസഫ് വെണ്ടറപ്പിള്ളിയെ "ഫാദർ വണ്ടർഫുൾ" എന്ന് ശിഷ്യഗണങ്ങൾ വാഴ്ത്തിയത്, ഒരു ജീവിതാസ്വാദനമെന്ന തട്ടിൽ നിന്നുകൊണ്ടാവാം. എന്നാൽ അവർ നിനച്ചതിനപ്പുറം അതിശയിപ്പിക്കുകയും, ആകർഷിക്കുകയും ചെയ്ത അസാധാരണ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. സാമാന്യവും വൈദികവുമായ വിദ്യാഭ്യാസമെന്ന "ബ്രഹ്മചര്യ" കാലത്ത് ചേർന്നു നിന്നിരുന്ന ധാരണകളുമായി അകലുവാൻ ഇടയായത് ആരുടെയും പ്രേരണയോ ഭീഷണിയോ നിമിത്തമല്ല. തുടക്കം മുതലേ സത്യാന്വേഷിയായിരുന്ന അദ്ദേഹം സത്യത്തിന്റെയും ന്യായത്തിന്റെയും നീതിയുടെയും പക്ഷം ചേർന്നപ്പോൾ ഭീഷണികളുണ്ടായി എന്നത് കേവലം വാസ്തവം മാത്രം. എങ്കിലും അവ്വിധമുള്ള യാതൊരു ഭീഷണങ്ങൾ കൊണ്ടും ഇളക്കാവുന്ന ഒരാളായിരുന്നില്ല വെണ്ടറപ്പിള്ളിയച്ചൻ. പീഡനമേൽക്കുമ്പോഴും മന്ദസ്മിതത്തോടും, അനീതിയുടെ നേരെ "ഇതെന്തിന്" എന്ന രീതിയിലും വീക്ഷിക്കാൻ കഴിഞ്ഞിരുന്നത് അനിതരസാധാരണമായ വ്യക്തിമാഹാത്മ്യം കൊണ്ടായിരുന്നു. സത്യനിഷ്ഠ ത്യാഗത്തിലേക്കും അവഗണനയിലേക്കും ആക്ഷേപത്തിലേക്കും നയിക്കുമെന്ന് അദ്ദേഹം നന്നായി മനസ്സിലാക്കിയിരുന്നു. ഈ ഭൗതികതയിൽ നിന്ന് യാത്രയായി, തന്റെ അന്ത്യവിശ്രമസ്ഥാനത്തേക്ക് യാത്രചെയ്യുമ്പോഴും നീതി-മര്യാദകളില്ലാത്ത കോമരങ്ങളുടെ പരിഹാസമേറ്റുവാങ്ങിയത് അദ്ദേഹത്തിന്റെ മുമ്പിൽ റോസാദളങ്ങളായി പരിണമിച്ചിരിക്കാം.

കുലമഹിമ, ഗുണമേന്മയുള്ള ഉന്നതവിദ്യാഭ്യാസം, പ്രൗഢവ്യക്തിത്വം, സഭാസ്നേഹം, സത്യാന്വേഷണത്തിന്റെ എരിവ്, സഹനശക്തി, ഭൗതികതയോടുള്ള വിരക്തി, മഹാഗുരുക്കന്മാരോടുള്ള സത്സംഗ് എന്നിവ സംസ്കരിച്ചെടുത്ത വ്യക്തിവിശേഷമായിരുന്നു പ്രാതസ്മരണീയനായ

ഈ വൈദികൻ. അദ്ധ്യാപനവും, വൈദികവൃത്തിയും കേവലം ഗുമസ്തപ്പണിയല്ലെന്നു നന്നായി അദ്ദേഹം ഗ്രഹിച്ചിരുന്നു. അക്കാരണത്താൽ മേൽപ്പറഞ്ഞ രണ്ടു കർമ്മമണ്ഡലത്തിലും മാതൃകാപുരുഷനായി നില കൊള്ളുന്നതിനും സാധിച്ചു. അദ്ദേഹത്തിനു ഗുരുവും മാർഗ്ഗദർശിയുമായിരുന്ന പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഉന്നത വേദശാസ്ത്രപഠനം നടത്തിയ അമേരിക്കയിലെ പ്രശസ്തമായ പ്രിൻസ്ടൺ സെമിനാരിയിൽത്തന്നെ ഉപരിപഠനം നടത്താൻ ഈ വൈദികനും നിയോഗമുണ്ടായത് ഒരു യാദൃശ്ചികതയാണെന്നു തോന്നുന്നില്ല. സാഹചര്യങ്ങളിൽ നിന്നും അനുഭവങ്ങളിൽ നിന്നും ഒപ്പിയെടുത്ത ശീലങ്ങളും വിശിഷ്ടഗുണങ്ങളും അദ്ദേഹത്തെ gentleman teacher and priest ആക്കി മാറ്റി എന്നു പറയാം. അന്തസ്സായി പെരുമാറാനും, മാന്യമായി ഇടപെടാനും, സദസ്സറിഞ്ഞു സംവദിക്കാനും, കുറിക്കുകൊള്ളുന്ന പദങ്ങളോടെ ഹൃദയഹാരിയായി എഴുതുവാനും കഴിഞ്ഞതിന്റെയെല്ലാം സ്രോതസ്സ് ഒന്നു തന്നെ - കാലവും അനുഭവങ്ങളും സംസ്കരിച്ചെടുത്ത പ്രൗഢവ്യക്തിത്വം (mature personality).

അദ്ധ്യാപനരംഗത്ത് ഉത്തമഗുരുവും വിദ്യാർത്ഥികൾക്ക് കളിത്തോഴനുമായിരുന്ന ഇദ്ദേഹം നന്നായി "തയ്യാറെടുത്ത്" തന്നെയാണ് ക്ലാസ്സുകളിലേയ്ക്ക് പ്രവേശിച്ചിരുന്നത്. അന്തർലീനമായിരുന്ന സംഘാടകശക്തി, മുത്തുമണികൾപോലെയുള്ള വാക്കുകൾ കൊരുത്ത പ്രഭാഷണം, മാന്യമായ ഇടപെടൽ എന്നിവയുടെ ഗുണഭോക്താക്കൾ 'അതിശയകരം' (wonderful) എന്നു വിളിച്ചില്ലെങ്കിലേ അതിശയിക്കാനുള്ളു!

സഭാശുശ്രൂഷയിൽ, ഒരു വിഭാഗത്തിന്റെ "ആട്ടും തുപ്പും" ആവോളം ഏറ്റുവാങ്ങാൻ ദുര്യോഗമുണ്ടായ പലരിൽ ഒരാളായിരുന്നു ഈ ബഹുമാന്യ വൈദികൻ. എന്നാൽ നീതിയോടും സത്യത്തോടും അടുത്തുനിന്നതിനാൽ ഏൽക്കേണ്ടിവന്ന ദുഷ്പരിഹാസങ്ങൾ അദ്ദേഹത്തെ ഒട്ടും തളർത്തിയില്ല. അക്കാരണത്താൽ എതിരാളികളെ ആക്ഷേപിക്കാനോ, അവരോടു മല്ലിടാനോ, തരംതാണ തരത്തിൽ പ്രതികരിക്കാനോ ഈ മാന്യദേഹം തുനിഞ്ഞതുമില്ല! ഈ മാന്യപുരോഹിതനിലെ നന്മയും താലന്തുകളും തിരിച്ചറിഞ്ഞ ലോകോത്തര പണ്ഡിതനും ഗുരുവുമായിരുന്ന ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് അദ്ദേഹത്തിന്റെ ചിന്തയുടെയും കർമ്മങ്ങളുടെയും മണ്ഡലങ്ങളിൽ ഈ പ്രതിഭാധനനെ വിളിച്ചുചേർക്കുകയുണ്ടായി. മനുഷ്യരിലെ അസാധാരണത്വം ദർശിക്കുന്നതിനുള്ള കഴിവുള്ള ആളായിരുന്നു മാർ ഗ്രീഗോറിയോസ്. കേവലം ഒരു അദ്ധ്യാപകനായും വൈദികനായും പ്രവർത്തിച്ച് അടുത്തൂൺ പറ്റി പിരിഞ്ഞേക്കാവുന്നയാളിനെ വിശാലമായ വിജ്ഞാന-സേവന രംഗങ്ങളിലേയ്ക്ക് അദ്ദേഹം കൈപിടിച്ചുയർത്തി.

ക്ഷീണമറിയാതെയും, ആരോഗ്യം ശ്രദ്ധിക്കാതെയും കഠിനാദ്ധ്വാനം ചെയ്യുന്ന ഒരു ജീവിതശൈലി സ്മര്യപുരുഷനുണ്ടായിരുന്നു. "കൊടിഞ്ഞി" (migrane) വിടാതെ കൂടെ കൂടിയതുപോലും അദ്ദേഹം വകവച്ചില്ല. പ്രവർത്തിച്ച രംഗങ്ങളിലെല്ലാം അംഗീകാരവും അഭിനന്ദനവും വേണ്ടുവോളം ലഭിച്ചത്, ആത്മാർത്ഥതയ്ക്കും, ധർമ്മനിഷ്ഠയ്ക്കും ലഭിച്ച സാക്ഷിപത്രങ്ങളായിരുന്നു.

ഫാ. വെണ്ടറപ്പിള്ളിയുടെ ചിന്താമണ്ഡലത്തിന്റെ ഒരു "രുചി" അരുളുന്നതാണ് അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്ന "വെള്ളിക്കോൽ" എന്ന പംക്തി. അവയിൽ ഒരു ഭാഗം സമാഹരിച്ച് വടവുകോട് ക്രിസ്ത്യൻ സെന്ററിന്റെ ചുമതലയിൽ ഫാ. ഒ. ജെ. ജേക്കബിന്റെ ഉത്സാഹത്തിൽ പ്രസിദ്ധീകരിച്ചത്, ദീപ്തമായ സ്മരണകൾക്ക് പുതുജീവൻ നൽകുന്നതായി. കേവലം "ആക്ഷേപസാഹിത്യ" ഗണത്തിൽ മാത്രം ഉൾപ്പെടുത്തേണ്ടതല്ല ഈ ലേഖനങ്ങൾ. വെള്ളിക്കോലിന് അതിന്മേൽ "തൂക്ക"പ്പെടുന്ന ഒരു വസ്തുവിനോടും പ്രത്യേകിച്ച് മമതയില്ല. ഇതേ നിർമ്മലത, ഫാ. വെണ്ടറപ്പിള്ളിയുടെ ഹാസ്യാത്മക ലേഖനങ്ങളിലും തെളിഞ്ഞുനിൽക്കുന്നു. ആരെയെങ്കിലും വിലയിടിച്ചു കാണിച്ചിട്ട്, തന്നെത്താൻ ഉയർത്തുന്ന ശൈലി ഇവിടെ അന്യമാണ്. പക തീർക്കാനോ, വിരോധം പ്രകടിപ്പിക്കാനോ ഇവിടെ ഉദ്ദേശ്യമില്ല. സൂക്ഷ്മമായി ചുറ്റുപാടുകളെയും, അതിലെ മനുഷ്യരെയും വിമർശനബുദ്ധ്യാ ലേഖകൻ നോക്കി വിലയിരുത്തുന്നുണ്ട്. അദ്ദേഹത്തിന്റെ ഇഷ്ടാനിഷ്ടങ്ങളോ, സ്വകാര്യദുഃഖങ്ങളോ, നേട്ടങ്ങളോ ആയ യാതൊന്നും ഇതിൽ എഴുന്നള്ളത്തു നടത്തുന്നില്ല. നിഷ്പക്ഷമായി എല്ലാം നോക്കിക്കാണാൻ എല്ലാവർക്കും കഴിഞ്ഞെന്നു വരില്ല – പ്രത്യേകിച്ച് തത്വാധിഷ്ഠിതമായ നിലപാടുകളുടെ പേരിൽ കല്ലേറേറ്റവൻ. തന്നെ അകാരണമായി ഉപദ്രവിച്ചവരോടും അദ്ദേഹം 'പക' വച്ചുപുലർത്തുന്നില്ല.

"വെള്ളിക്കോൽ" പ്രയോഗിക്കപ്പെടുമ്പോൾ, നിശിതമായ ചില ചോദ്യങ്ങൾ അദ്ദേഹം ഉയർത്തുന്നുണ്ട്. ചിലത് ചാട്ടുളിപോലെ അനുവാചക ഹൃദയത്തിൽത്തന്നെ തറയ്ക്കും. വായനക്കാരന്റെ മനസ്സാക്ഷി പൊടിപടലങ്ങളാൽ ആവൃതമെങ്കിൽ, അതിനെ തുടച്ചെടുക്കാൻ പോരുന്നവയാണവ. "വിശ്വാസ"ത്തിന്റെയും പള്ളിപ്രമാണിത്തത്തിന്റെയും പേരിൽ കാട്ടിക്കൂട്ടുന്ന തെമ്മാടിത്തരങ്ങളുടെ നേരെ ലേഖകൻ രോഷാകുലനാകുന്നത് ആക്ഷേപഹാസ്യം എന്ന മാധ്യമത്തിലൂടെയാണെന്നു മാത്രം.

'മനുഷ്യനെക്കുറിച്ച് ഓർക്കുന്നതു മെനക്കേടായതുകൊണ്ട് നായയെക്കുറിച്ച് ചിന്തിച്ചു പോകുകയാണ്' എന്നത് 'പറയാതെവയ്യ' എന്ന നിവൃത്തികേടിൽ നിന്നാണെന്നത് സ്പഷ്ടമാണ്. നായ്ക്കളെ നോക്കി "ഛേ"

മനുഷ്യരെപ്പോലെ കലപില കൂടുകയോ" എന്ന് കവി കുഞ്ഞുണ്ണി ചോദിക്കുന്നത് ഇവിടെ സ്മരണീയം! "അങ്ങാടിവീരൻ", "പള്ളിയിൽ പേപ്പട്ടി", "തുണ്ടംതുരുത്തി", "മെയ്യനക്കാപ്പറമ്പിലച്ചൻ", "കൊച്ചമ്മസേവനം", "അഖില മലങ്കര അവസരവാദിസംഘം", "വയസ്സുദീനം" തുടങ്ങി ഒട്ടനവധി നവീന പദസമ്പത്തും അദ്ദേഹം സൃഷ്ടിച്ചിട്ടുണ്ട്. ഇവയിലൂടെ ലക്ഷ്യം വച്ചിരിക്കുന്നത് ആരുടെയും സ്വഭാവഹത്യയല്ല. മറിച്ച് അസഹനീയവും വിനാശകരവുമായ പ്രവണതകളെ തുറന്നുകാട്ടുകയും, കുറവുകൾ തിരുത്തപ്പെടണം എന്ന ശക്തമായ സന്ദേശം നൽകുകയുമാണ്. നന്മയെ നന്മയാക്കിക്കാണാനുള്ള ജ്ഞാനദൃഷ്ടി "വെള്ളിക്കോലി"ന് വേണ്ടുവോളമുണ്ട്. ഈ വെള്ളിക്കോലിന് ഇളക്കം തട്ടാത്ത മനസ്സാക്ഷിയും നീതിബോധവുമുണ്ട്. "വിശ്വാസ"ത്തിന്റെ പേരിൽ സഭയിൽ മുറുകുന്ന ഛിദ്രവാസനകളെ അദ്ദേഹം വെറുതെ വിടുന്നില്ല. "അഭിനവ കൗടില്യന്മാരുടെ സിറ്റുവേഷൻ എത്തിക്ക്സ്" എന്ന പ്രയോഗം, സത്യനിഷേധത്തിന്റെ നേരെ എയ്തുവിട്ടിരിക്കുന്ന അസ്ത്രമാണ്. ലേഖകന്റെ മനസ്സാക്ഷിയുടെ ഒരു ഉൽകൃഷ്ടപ്രകാശനം, "അടുക്കള അവുസേപ്പ്" എന്ന ലേഖനത്തിൽ കാണുന്നു. സെമിത്തേരിയുടെ മൂലയിൽ, ഒരുനാൾ ഉച്ചകഴിഞ്ഞു കേട്ട സംസാരം, പഠിപ്പില്ലാത്ത അവുസേപ്പിന്റെ ഉത്തുംഗപ്രാർത്ഥനയാണ്. ആ പാവത്തിനെ "വൃക്ഷത്തിന്റെ തണലിലിരുന്ന്" രഹസ്യമായി, പ്രകടനാത്മകതയില്ലാതെ പ്രാർത്ഥിക്കുന്ന "നഥാനിയേൽ" എന്നു വിളിക്കാനാണ് "വെള്ളിക്കോലി"ന്റെ ഉടമസ്ഥന്റെ താൽപര്യം.

വെണ്ടറപ്പിള്ളിയച്ചനുമായി സംസാരിക്കാനും, അദ്ദേഹത്തിന്റെ ഏതാനും പ്രഭാഷണങ്ങൾ ശ്രവിക്കാനും ഈ ലേഖകനിടയായിട്ടുണ്ട്. കുലീനതയും, സംസ്കൃതവുമായ അദ്ദേഹത്തിന്റെ സ്വരവും ഭാഷയും, അതിന്റെ പിന്നിലെ ആത്മാർത്ഥതയും എന്നും ആകർഷകമായിരുന്നു. ആത്മീയതയുടെ സൗരഭ്യവും നിറക്കൂട്ടും പേറുന്ന ആ മഹനീയ വ്യക്തിത്വത്തെ ഞാൻ നമിക്കുന്നു.

സ്നേഹിതനും ഉപദേശകനും

യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത

(അങ്കമാലി ഭദ്രാസനാധിപൻ, പി.എം.ജി. ട്രസ്റ്റ് മുൻ ബോർഡ് മെംബർ)

ഗുരുക്കന്മാരുടെ ഗുരുവായിരുന്ന ശ്രേഷ്ഠ മൽപാൻ ബഹു. കോരുത് അച്ചന്റെ വീട്ടിലേക്ക് പ്രവേശിക്കുന്ന പ്രവേശനകവാടത്തിന്റെ ഇടത്തു ഭാഗത്ത് വിനീത വിനയത്തോടെ ഭവനം പണിത് താമസിച്ച ആളാണ് വന്ദ്യനായ ബഹു. ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ. ആദരിക്കേണ്ടവരെ ആദരിക്കുവാനും, സ്നേഹിക്കേണ്ടവരെ സ്നേഹിക്കുവാനും, വാത്സല്യ ക്കേണ്ടവരെ ഓമനയോടെ കരുതുവാനും ശ്രദ്ധിച്ച മികച്ച സംഘാടക നായിരുന്നു അച്ചൻ. അച്ചന്റെ അൽപം ഹാസ്യം പകർന്ന വാക്കുകളും, പ്രസംഗങ്ങളും ആരെയും ആകർഷിക്കുമായിരുന്നു. സഭാഗാത്രത്തെ മുറി വേൽപ്പിച്ചുകൊണ്ട്, 1970-കളിൽ വിഘടിത വിഭാഗക്കാർ പ്രശ്നങ്ങൾ സൃഷ്ടിച്ചപ്പോൾ തന്റെ ഗുരുനാഥനോടൊപ്പം, സഭയുടെ വടക്കൻ മേഖ ലയിലെ ശക്തനായ ഒരു തേരാളിയും, അമരക്കാരനുമായിരുന്നു. ഞാൻ വൈദികസെമിനാരിയിൽ ചേരുന്നതിനു മുമ്പ് കൊരട്ടി അരമനയിൽ ചെല്ലുന്ന ഏത് അവസരത്തിലും ഭാഗ്യസ്മരണാർഹനും, മലങ്കരയുടെ പ്രമുഖ മൽപാനും ആയിരുന്ന യൂഹാനോൻ മാർ സേവേറിയോസ് തിരു മേനിയോടൊപ്പം സഭയിലെ വിഷയങ്ങൾ അച്ചൻ ചർച്ച ചെയ്യുന്നത് കാണാമായിരുന്നു. യുദ്ധത്തിൽ മോശയുടെ കൈ താങ്ങിയിരുന്ന യോശു വായെപ്പോലെ മാർ സേവേറിയോസ് തിരുമേനിയുടെ വലംകൈയ്ക്ക് താങ്ങായിരുന്നു അദ്ദേഹം. സഭയുടെ ആഭിമുഖ്യത്തിൽ വടക്കൻ മേഖല കളിൽ നടത്തിയ എല്ലാ പ്രമുഖ യോഗങ്ങളുടേയും വക്താവും, സംഘാ ടകനുമായിരുന്നു. സെമിനാരി വിദ്യാഭ്യാസം കഴിഞ്ഞ്, കൊരട്ടി അരമന യിൽ എത്തിയപ്പോഴും ആയതിനുശേഷം, കൊരട്ടി അരമന മാനേജരായി ചെന്നപ്പോഴെല്ലാം ബഹു. അച്ചന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും വളരെ വിലപ്പെട്ടതായിരുന്നു.

ഞാൻ 1984 ഫെബ്രുവരി മുതൽ 1989 ഒക്ടോബർ വരെ എറണാ കുളം പള്ളിയിലെ അച്ചനായിരുന്ന കാലത്ത് അച്ചന്റെ സഹവാസം എടുത്ത് പറയേണ്ടതാണ്. ചെല്ലുമ്പോൾ ഞങ്ങൾ മൂന്ന് അച്ചന്മാർ ആയി രുന്നുവെങ്കിലും, 1985-നുശേഷം അത് അഞ്ച് അച്ചന്മാരുടെ ഗണമായി തീർന്നു. എല്ലാ ശനിയാഴ്ച വൈകുന്നേരവും ആത്മീയ ആനന്ദത്തി ന്റെയും, വചന ചിന്തയുടെയും ആഘോഷ തിമിർപ്പായിരുന്നു ഞങ്ങൾക്ക്.

പിറ്റേദിവസം പറയേണ്ട പ്രസംഗത്തെക്കുറിച്ച് നീണ്ട ചർച്ചകൾ ഞങ്ങൾ നടത്തുമായിരുന്നു. ആയതിനെല്ലാം നേതൃത്വം നൽകിയിരുന്നത് ബഹു. അച്ചനാണ്. അതുകൊണ്ടുതന്നെ അച്ചൻ ബസിലും, ട്രെയിനിലും വരുന്ന ദിവസങ്ങളിൽ സ്റ്റോപ്പിൽനിന്ന് കൊണ്ടുവരുവാനായി സ്കൂട്ടറിൽ ഞാൻ പോയിരുന്നത് വലിയ സന്തോഷത്തോടും, ആനന്ദത്തോടും ആയിരുന്നു. ഇപ്പോഴത്തെ പ. ബാവാതിരുമേനി മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടപ്പോൾ, പകരം എന്നെയാണ് ഭാഗ്യസ്മരണാർഹരായ മാർ സേവേറിയോസ് തിരുമേനിയും, മാർ പോളികാർപ്പോസ് തിരുമേനിയും നിയമിച്ചത്. ചെന്ന ആഴ്ചയിൽ തന്നെ, അവിടെ മുൻ വികാരിയായിരുന്ന ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് തിരുമേനി എന്നെ വിളിച്ച് പറഞ്ഞു, അച്ചൻ ഭാഗ്യവാനാണ്. അനുഗ്രഹീതരായ രണ്ട് മുതിർന്ന അച്ചന്മാരോടൊപ്പം (വെണ്ടറപ്പിള്ളി അച്ചനും, ഒ. വി. ഏലിയാസച്ചനും) പള്ളിയിൽ താമസിച്ച് പ്രവർത്തിക്കുവാനായിട്ടാണ് അച്ചനെ ആക്കിയിരിക്കുന്നത്. അവരുടെ നിർദ്ദേശങ്ങളും, ഉപദേശങ്ങളും ശ്രദ്ധിച്ച് കേട്ടുകൊള്ളണം. അത് ഇടവകയിൽ നിന്ന് പിരിയുന്നതുവരെ എനിക്ക് പാലിക്കുവാൻ ദൈവം അവസരം നൽകി. കൊച്ചി ഭദ്രാസനത്തിന്റെ സണ്ടേസ്കൂൾ ഡയറക്ടറായിരുന്ന ശ്രീമാൻ കോശി മുതലാളിയുടെ നിര്യാണത്തിനുശേഷം, മാർ സേവേറിയോസ് തിരുമേനിയുടെ പക്കൽ നിന്ന് ഡയറക്ടറായി നിയമിച്ചുകൊണ്ടുള്ള കൽപന എനിക്ക് വാങ്ങിതന്നിട്ട് അച്ചൻ പറഞ്ഞു: എവിടെയെങ്കിലും പിടിച്ച് നിർത്തിയാൽ, ഏൽപിക്കുന്ന ജോലി ബഹളം വെയ്ക്കാതെ, പ്രാർത്ഥനാപൂർവ്വം ചെയ്ത് തീർക്കുവാൻ അച്ചന് കഴിയും. ആ കൽപനയുടെ തുടർച്ചയെന്നവണ്ണം പതിനഞ്ച് വർഷത്തിനുമേൽ കൊച്ചി ഭദ്രാസനത്തിന്റെ സണ്ടേസ്കൂളിന്റെ ചുമതല നിർവ്വഹിക്കുവാൻ ദൈവം എന്നെ സഹായിച്ചു.

അച്ചൻ, ഭാഗ്യസ്മരണാർഹനും, സഭയുടെ അംബാസിഡറും, സഭയുടെ തിയോളജിയനും ആയിരുന്ന ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ സ്നേഹത്തിന് പ്രത്യേകം പാത്രിഭൂതനായിരുന്നു. ആ ബന്ധം അനിർവചനീയമായിരുന്നു. സാധാരണ മനുഷ്യർക്ക് കഴിയാതെ പോയ ഒരു ഭാഗ്യവുമായിരുന്നു. അതുകൊണ്ടുതന്നെ വിദേശങ്ങളിൽ പല സമ്മേളനങ്ങളിലും പങ്കെടുക്കുവാനും, സഭയ്ക്കുവേണ്ടി പ്രവർത്തിക്കുവാനും ബഹുമാനപ്പെട്ട അച്ചന് കഴിഞ്ഞിരുന്നു.

ദൂരക്കാഴ്ചയോടെ സമൂഹത്തെ കാണുവാനും, എല്ലാവരോടും സ്നേഹത്തോടും, ആദരവോടും, പ്രിയത്തോടും പെരുമാറുവാനും സംഘടനാമികവോടെ ജനത്തെക്കൂട്ടി വരുത്തുവാനും, സ്വരവാസന അൽപം കുറവായിരുന്നുവെങ്കിലും ആരാധനയിൽ ജനത്തെ പിടിച്ചുനിർത്തുവാനും, തമാശ കലർന്ന വാക്കുകളിലൂടെ ജനത്തെ പ്രബോധിപ്പിക്കു

വാനും ശ്രദ്ധിച്ചിരുന്ന ബഹു. അച്ചന് മുമ്പാകെ സ്മരണാഞ്ജലികൾ അർപ്പിക്കുന്നു.



വന്ദ്യ ഞാർത്താങ്കൽ കോരുത് മല്പാനച്ചനോടൊപ്പം പേരക്കുട്ടി പ്രിയങ്കയുടെ മാമോദീസാവേളയിൽ.

ഡോ. പി. സി. അലക്സാണ്ടർക്കൊപ്പം.

നന്മയെ സ്നേഹിച്ച കർമ്മയോഗി

കെ. ഐ. ഫിലിപ്പ് റമ്പാൻ

(സുപ്പീരിയർ, സെന്റ്പോൾസ് ബ്രദർഹുഡ്, പുതുപ്പാടി)

ബഹുമാനപ്പെട്ട വെണ്ടറപ്പിള്ളി അച്ചനെ ഞാൻ പരിചയപ്പെടുന്നത് 1977-ൽ ആന്ധ്രയിൽ ഉണ്ടായ ജലപ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ടാണ്. മലങ്കരസഭയുടെ ശിശുക്ഷേമ പ്രവർത്തന കമ്മിറ്റി ആന്ധ്രാ ജലപ്രളയ ദുരിതാശ്വാസ പ്രവർത്തന കമ്മിറ്റിയുമായി സഹകരിച്ചു പ്രവർത്തിച്ചു തുടങ്ങി. ആന്ധ്രയിലെ പ്രളയക്കെടുതി മനസ്സിലാക്കുവാൻ അഭിവന്ദ്യ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയും വന്ദ്യ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയും, ബഹു. വെണ്ടറപ്പിള്ളി അച്ചനും പ്രളയഭാഗങ്ങൾ സന്ദർശിക്കുകയുണ്ടായി. അതിനുശേഷമാണ് അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് രൂപംനൽകിയത്. ബഹു. വെണ്ടറപ്പിള്ളി അച്ചൻ അതിന്റെ ജനറൽ സെക്രട്ടറിയായി ചുമതലയേറ്റു. ആ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ചുമതല വഹിക്കാൻ എന്നെ പ. സഭ നിയമിച്ചതിനാൽ മച്ചിലിപട്ടണത്തിൽ ഒരു വാടകവീട്ടിൽ പി. എം. മാണി, ബാബു തോമസ്, ബാബു വർഗ്ഗീസ്, ജോൺസൺ എന്നിവരോടൊത്ത് താമസം ആരംഭിച്ചു. ബഹു. വെണ്ടറപ്പിള്ളി അച്ചൻ സെക്രട്ടറി എന്ന നിലയിൽ പല പ്രാവശ്യം ഗ്രാമങ്ങൾ സന്ദർശിക്കുകയും ആവശ്യമായ ഗുണദോഷ നിർദ്ദേശങ്ങൾ എല്ലാം ഒരു ജ്യേഷ്ഠസഹോദരന്റെ കരുതലോടെ നൽകുകയും ചെയ്തിരുന്നു. അന്നുമുതലാണ് ബഹു. വെണ്ടറപ്പിള്ളി അച്ചനുമായി അടുത്തിടപെടുവാൻ എനിക്കു സാധിച്ചത്. കക്ഷിവഴക്കുകൾ തീർന്ന് സഭ സമാധാനമായപ്പോൾ യോജിച്ച സഭയിൽ മറുഭാഗത്തുനിന്നും ഓർത്തഡോക്സ് പക്ഷത്ത് നിലകൊണ്ട വ്യക്തികളാണ് ബഹു. കോരത് മൽപ്പാനച്ചൻ, ബഹു. വെണ്ടറപ്പിള്ളി അച്ചൻ, ഒ. വി. ഏലിയാസച്ചൻ, ബഹു. ഇടയനാൽ മത്തായി അച്ചൻ, ബഹു. നൂറനാൽ അച്ചൻ മുതലായ വിലയേറിയ നിധികൾ. അതിൽ ബഹു. വെണ്ടറപ്പിള്ളി അച്ചൻ സാമൂഹിക രാഷ്ട്രീയ നേതൃത്വത്തിൽ മാത്രമല്ല സുവിശേഷ പ്രവർത്തന രംഗത്തും, സാമൂഹിക സേവന രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചു. ഈ പ്രവർത്തനങ്ങൾ കൂടാതെ പ. സഭയുടെ എല്ലാ മേഖലകളിലും അച്ചന്റെ സാന്നിധ്യം നിറഞ്ഞുനിന്നു.

കേരളത്തിനു വെളിയിൽ സഭ ആദ്യമായി ചെയ്ത പ്രവർത്തനമാണ് 1977-ലെ കൊടുങ്കാറ്റിലും പ്രളയത്തിലും കഷ്ടപ്പെട്ടവരുടെ പുനരുദ്ധാരണത്തിനായി മച്ചിലി പട്ടണം കേന്ദ്രമാക്കി ചെയ്ത ദുരിതാശ്വാസ പ്രവർ

ത്തനങ്ങൾ. ചിന്ന ഉല്ലിംഗ്പാളം എന്ന ഗ്രാമത്തിന് സെന്റ് തോമസ് നഗരം എന്നും കൃഷ്ണറാവു പേട്ട എന്ന സ്ഥലത്തിന് ക്രിസ്തുരാജപുരം എന്നും പേരു നൽകി. ഈ ഗ്രാമങ്ങളിലെ പണിസമയത്ത് പലപ്പോഴും ബഹു. വെണ്ടരപ്പിള്ളി അച്ചൻ വന്ന് ഞങ്ങൾക്ക് നിർദ്ദേശങ്ങൾ തരുമായിരുന്നു. ഗ്രാമത്തിന്റെ ഉദ്ഘാടനസമയത്തും പണി പൂർത്തിയായപ്പോൾ അതിന്റെ ഭവനദാനശുശ്രൂഷയിലും ആന്ധ്രാ ഗവർണറായിരുന്ന കെ. സി. ഏബ്രഹാമും കുടുംബവും വന്നു സംബന്ധിക്കുകയും സഭയുടെ പ്രവർത്തനത്തെ ശ്ലാഘിക്കുകയും ചെയ്തിട്ടുണ്ട്. ഇതൊക്കെയും പ. സഭയ്ക്ക് അഭിമാനാർഹമായ കാര്യങ്ങളായിരുന്നു. ഇതിനെല്ലാം നേതൃത്വം നൽകുവാൻ വെണ്ടരപ്പിള്ളി അച്ചൻ കൂടെ ഉണ്ടായിരുന്നു. പണികൾ നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു പ്രവർത്തകന്റെ പെരുമാറ്റം ദോഷകരമാണ് എന്ന് ഞാൻ വന്ദ്യ തിരുമേനിയെ അറിയിച്ചു. എങ്കിലും അത് ഉൾക്കൊള്ളുവാൻ തിരുമേനി കൂട്ടാക്കിയില്ല. എന്നു മാത്രമല്ല വസ്തുത അറിയിച്ച് എനിക്ക് ദോഷകരമായി പ്രവർത്തിക്കുകയും ചെയ്തു. കുറെ കഴിഞ്ഞ് ബഹു. വെണ്ടരപ്പിള്ളി അച്ചനും വന്ദ്യ തിരുമേനിയും കൂടെ പണികൾ കാണാൻ വന്നു. തിരുമേനിയെയും അച്ചനെയും ഒരു നല്ല ഹോട്ടലിലാണ് താമസിപ്പിച്ചത്. ബഹു. വെണ്ടരപ്പിള്ളി അച്ചനോടു ഞാൻ ചോദിച്ചു. അച്ചൻ ഈ പ്രവർത്തനത്തിന്റെ സെക്രട്ടറി ആണല്ലോ, എന്റെ കൈവശമുള്ള രേഖകൾ ഒന്നു നോക്കാമോ? ഞാൻ ചില രേഖകൾ കാണിച്ചു. കാര്യം മനസ്സിലാക്കിയ അച്ചൻ തിരുമേനിയുമായി സംസാരിച്ച് അന്നു തന്നെ നടപടി എടുത്തതിനാൽ പ്രവർത്തനങ്ങൾ സുഗമമായി പൂർത്തീകരിക്കാൻ സാധിച്ചു. കാര്യങ്ങൾ കണ്ടു മനസ്സിലാക്കി സത്യസന്ധമായും, സുതാര്യമായും കാര്യങ്ങൾ നടത്തുവാനുള്ള അച്ചന്റെ ശ്രേഷ്ഠതയാണ് എന്നെ ആകർഷിച്ചത്. ബഹു. അച്ചനും ഞാനുമായി അൽപം നീരസം ഉണ്ടായ വിവരവും ഇവിടെ രേഖപ്പെടുത്തുന്നത് അച്ചന്റെ മാഹാത്മ്യത്തിന് ഉതകും എന്നു കരുതുന്നു.

ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ പൂർത്തീകരണ സമയമായി. ഉദ്ഘാടനത്തിനു മുമ്പായി ബഹു. വെണ്ടരപ്പിള്ളി അച്ചനും സഭാ സെക്രട്ടറി എം. ടി. പോളും കൂടെ ഗ്രാമങ്ങൾ സന്ദർശിക്കാൻ എത്തി. പണികൾ നോക്കി സന്തുഷ്ടരായി ഉദ്ഘാടനത്തിനുള്ള കാര്യങ്ങൾ ചിന്തിച്ചിരിക്കുമ്പോൾ ബഹു. അച്ചനും എം. ടി. പോളും കൂടെ എന്നോടു പറഞ്ഞു. പണികൾ നന്നായിരിക്കുന്നു. ഉദ്ഘാടനസമയത്ത് സഭയെപ്പറ്റി ഒരു ബോർഡ് കല്ലിൽ കൊത്തി വയ്ക്കണം. കൂടെ ഇതിനു നേതൃത്വം നൽകിയ ഫിലിപ്പച്ചന്റെ പേരും എഴുതണമെന്നാവശ്യപ്പെട്ടു. ഞാൻ പറഞ്ഞു, "അച്ചാ, ബോർഡ് ഞാൻ എഴുതി വയ്ക്കാം. എന്റെ പേര് ഞാൻ എഴുതുകയില്ല. കാരണം പ. സഭയാണ് ഈ വേല ചെയ്യുന്നത്. അതുമാത്രം

എഴുതിവെച്ചുകൊള്ളാം. എന്റെ പേർ എഴുതുവാൻ നിർബന്ധിക്കരുത്. ഞാൻ ചെയ്യുകയില്ല.”

സമർത്ഥനായ വെണ്ടറപ്പിള്ളി അച്ചൻ നാട്ടിൽച്ചെന്ന് മീറ്റിംഗ് കൂടി അതിന്റെ മിനിറ്റ്സും വന്ദ്യ തിരുമേനിയുടെ കൽപനയും സഹിതം എനിക്കെഴുതി. എന്റെ പേര് ബോർഡിൽ വെയ്ക്കണം എന്നായിരുന്നു കൽപനയുടെ ഉള്ളടക്കം. ഞാൻ രണ്ടു ദിവസം പ്രാർത്ഥിച്ചു. അതിനുശേഷം തിരുമനസ്സിലേക്ക് ഒരു അപേക്ഷ അയച്ചു. എന്റെ പേർ എഴുതി വയ്ക്കണം എന്ന കൽപന കിട്ടി. അത് അനുസരിക്കാതിരിപ്പാനുള്ള ഒരു അനുവാദം കൂടെ തന്ന് അനുഗ്രഹിക്കണം എന്നതായിരുന്നു എഴുത്തിലെ വാചകം. ഉദ്ഘാടനത്തിനു വന്ന തിരുമേനി ബോർഡ് വായിച്ചിട്ടു പറഞ്ഞു. ‘എനിക്കറിയാം അച്ചൻ പേരെഴുതുകയില്ല എന്ന്’ പറഞ്ഞ് ആ സ്നേഹ നിധിയായ പിതാവ് ശിഷ്യനായ എന്നെ അനുഗ്രഹിക്കുകയാണ് ചെയ്തത്. ഇതിൽ സ്നേഹത്തിന്റെ വിഷമം വെണ്ടറപ്പിള്ളി അച്ചന് ഉണ്ടായിരുന്നു. അച്ചൻ എന്നെ ബഹുമാനിപ്പാൻ തക്കം നോക്കിയിരുന്നു. പ. മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി കാതോലിക്കേറ്റ് അവാർഡ് നിശ്ചയിച്ചപ്പോൾ അത് ഫിലിപ്പ് റമ്പാച്ചന് നൽകണം എന്ന് തീരുമാനിച്ചത് അച്ചനാണ്. രഹസ്യമായി ഞാൻ ബാവാതിരുമേനിക്ക് എഴുതി. അവാർഡിനു തക്കവണ്ണം ഞാൻ ഒന്നും ചെയ്തതായി എനിക്കോർമ്മയില്ല. അതുകൊണ്ട് ഈ അവാർഡ് ബഹു. പി. എം. തോമസ് റമ്പാച്ചന് നൽകണം എന്ന്. പക്ഷേ, ബാവാ തിരുമേനി എന്നെയാണ് അത് ഏൽപിച്ചത്. ആന്ധ്രയിലെ സൈക്ലോൺ ദുരിതാശ്വാസ പ്രവർത്തനത്തിനുശേഷം സഭയിലെ മിക്ക സ്ഥാപനങ്ങളുടെയും ആരംഭത്തിലെയും പ്രവർത്തനങ്ങളിലും ബഹു. വെണ്ടറപ്പിള്ളി അച്ചൻ, ഡോ. തോമസ് മാണി, കെ. സി. ഈപ്പൻ, പ്രൊഫസർ കെ. സി. ജോർജ് ഇവരുമൊത്ത് പ്രവർത്തിപ്പാൻ സാധിച്ചു എന്നത് സന്തോഷകരമാണ്. യാച്ചാരം ബാലഗ്രാമിനു സ്ഥലം നോക്കുവാൻ അനേക സ്ഥലങ്ങളിൽ ബഹു. വെണ്ടറപ്പിള്ളി അച്ചനും, കെ. വി. ശമുവേലച്ചനും, ഡോ. തോമസ് മാണിയും കൂടെ ഉണ്ടായിരുന്നു.

യാച്ചാരം, പൂന, ഇറ്റാർസി, കലഹണ്ടി, ബാംഗ്ലൂരിലെ ദയാ ഭവൻ എന്നീ സ്ഥാപനങ്ങളുടെയെല്ലാം കമ്മിറ്റിയിൽ ഈ നാലുപേരും ഉണ്ടായിരുന്നു. വാസ്തവത്തിൽ നല്ല ഒരു ടീം പ്രവർത്തനമായിരുന്നു ഞങ്ങളുടേത്. ഞാൻ വേലസ്ഥലങ്ങളിൽ പ്രവർത്തിക്കും. വെണ്ടറപ്പിള്ളി അച്ചനും, മറ്റുള്ളവരും നാട്ടിൽ നിന്ന് എനിക്ക് ശക്തി പകരും. വന്ദ്യ ഒസ്താത്തിയോസ് പിതാവിനോടൊപ്പം ഒരു ചെറിയ സംഘമായി ഞങ്ങൾ തോളോടുതോൾ ചേർന്ന് പ്രവർത്തിച്ചതുകൊണ്ട് ഇന്ന് മലങ്കരസഭയ്ക്ക് അഭിമാനിക്കാവുന്ന തരത്തിൽ 9 സംസ്ഥാനങ്ങളിൽ സ്ഥാപനങ്ങളുണ്ടായി. ഇതിലെല്ലാം ബഹു. ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ സജീവമായ കൈത്താങ്ങൽ തന്നു.

യാച്ചാരം, പൂന, ബാംഗ്ലൂർ എന്നിവിടെയെല്ലാം പ്രാരംഭത്തിൽ ഒരു ഷെഡ്ഡു കെട്ടി താമസിച്ചാണ് പ്രവർത്തനം തുടങ്ങിയത്. ഫോണോ, വൈദ്യുതിയോ, വെള്ളത്തിനുള്ള സൗകര്യങ്ങളോ പ്രാരംഭത്തിൽ ഒരിടത്തും ഉണ്ടായിരുന്നില്ല. എങ്കിലും ഞാൻ ഉൾപ്പെട്ട പ്രാരംഭ പ്രവർത്തകസംഘം തികഞ്ഞ സന്തോഷത്തോടെയാണ് പ്രവർത്തിച്ചത്. ഒരുപക്ഷേ, ഞങ്ങളുടെ പ്രവർത്തനകൂട്ടായ്മയാകാം എല്ലാ സ്ഥാപനത്തിന്റെയും വിജയത്തിന്റെ അടിസ്ഥാനം.

ബഹു. വെണ്ടറപ്പിള്ളി അച്ചൻ കക്ഷി വഴക്കുമൂലം കുടുംബപരമായും ചില പ്രയാസങ്ങൾ അനുഭവിച്ചിരുന്നു. എങ്കിലും സത്യത്തിനുവേണ്ടി ഉറച്ചുനിന്ന് ധീരതയോടെ മരണംവരെ പോരാടി എന്നത് ഏവർക്കും പ്രോത്സാഹനം തരുന്നതാണ്.

ആന്ധ്രയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാണാൻ വന്ദ്യ ഒസ്താത്തിയോസ് തിരുമേനിയോടൊപ്പം സന്ദർശിച്ച സമയത്താണ് അദ്ദേഹത്തിന്റെ ബന്ധു (അദ്ദേഹത്തിന്റെ ഭാര്യാപിതാവ് എന്നാണെന്റെ ഓർമ്മ) മരിച്ചു എന്ന വിവരം കിട്ടിയത്. അദ്ദേഹം പൊട്ടിക്കരഞ്ഞു. തിരുമേനിയും ഞാനും ആശ്വാസം പകരുകയും ചെയ്തു. തിരിച്ചുപോകുവാനുള്ള സൗകര്യം ചെയ്യാൻ വന്ദ്യ തിരുമേനി കൽപ്പിച്ചു. അച്ചൻ പറഞ്ഞു, ഞാൻ പോകുന്നില്ല. ചെന്നാൽ കക്ഷിവഴക്കുമൂലം സ്വന്തക്കാർ പലരും എന്നെ ശുശ്രൂഷയിൽ സംബന്ധിപ്പിക്കില്ല. അങ്ങനെ ഒരു സന്ദർഭം ഉണ്ടാകാതെ ഒഴിവാകുന്നതാണ് ഉത്തമം. തുടർന്ന് ഞങ്ങൾ അവിടെ പ്രാർത്ഥന നടത്തി.

ബഹുമാനപ്പെട്ട വെണ്ടറപ്പിള്ളി അച്ചനെ ഓർക്കുമ്പോൾ ധീരമായ അച്ചന്റെ പ്രഭാഷണങ്ങളും, നേതൃത്വപാടവവും, സത്യം എന്നു മനസ്സിലാക്കുന്നതിന്റെ പൂർത്തീകരണം, അതിനായുള്ള ദൃഢനിശ്ചയം ഇതൊക്കെയും നമുക്ക് പ്രചോദനം തരുന്നവയാണ്. ആ വന്ദ്യ പിതാവിന് ദൈവം നിത്യശാന്തി നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

(ജീവകാരുണ്യ പ്രവർത്തനങ്ങളിൽ തനതായ രൂപവും ഭാവവും നൽകിയ ലേഖകന് മലങ്കര ഓർത്തഡോക്സ് സഭാ കാതോലിക്കേറ്റ് അവാർഡ്, ചന്ദനപ്പള്ളിപള്ളി ജോർജിയൻ അവാർഡ്, അലക്സിയോസ് മാർ തേവോദോസ്യോസ് അവാർഡ്, ദുബായ് സെന്റ് തോമസ്, സ്തേഫാനോസ് മാർ തേവോദോസ്യോസ് അവാർഡ് തുടങ്ങിയ പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. മലങ്കര സഭാ മിഷൻ ബോർഡിന്റെ ഉത്തരവാദിത്വത്തിൽ ഇന്ത്യയിലെ ഒമ്പതു സംസ്ഥാനങ്ങളിൽ ആരംഭിച്ച ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, ലേഖകൻ, വെണ്ടപ്പിള്ളിയച്ചൻ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ യേശുക്രിസ്തു നിർവഹിച്ച ജീവകാരുണ്യ പ്രവർത്തനങ്ങളുടെ തുടർച്ചയായിരുന്നു.)

കാര്യക്ഷമതയുടെ പര്യായം

ഫാ. ഡോ. റ്റി. ജെ. ജോഷ്വ

കാലമെത്ര കഴിഞ്ഞാലും, മറക്കാനാവാത്ത ചില വ്യക്തിത്വങ്ങൾ ഉണ്ട്. അവരെ അവിസ്മരണീയരാക്കിത്തീർക്കുന്ന പല ഘടകങ്ങൾ ഉണ്ടാകും. അവരുടെ പ്രവർത്തനശൈലി, സംഭാഷണം, ഊഷ്മളബന്ധങ്ങൾ, നിസ്തുല സംഭാവനകൾ ഇങ്ങനെ പലതും. ഒരു പ്രാവശ്യം മാത്രം ഇട പെട്ടാലും ചില വ്യക്തികൾ നമ്മുടെ സ്മരണയിൽ തങ്ങിനിൽക്കും. എന്റെ സഭാപ്രവർത്തനത്തിലും സെമിനാരി ജീവിതത്തിലും എത്രയെത്ര വ്യക്തികളുമായി ബന്ധപ്പെടേണ്ടി വന്നിട്ടുണ്ട്! പലരും വിസ്മൃതകോടി യിലാണ്. എന്നാൽ ചിലർ കുളിർമ്മയുള്ള സ്മരണകളുമായി മുന്നിൽ എത്തുന്നു. അവരിൽ ഒരാളാണ് എനിക്ക് ഏറെ സ്നേഹാദരവുകൾ ഉള്ള ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ. മലങ്കരസഭാചരിത്രത്തിന്റെ ആധുനി കഘട്ടത്തിൽ തിളങ്ങിനിന്ന ഒരു വൈദികശ്രേഷ്ഠനാണ് അദ്ദേഹം.

1958-ലെ സഭായോജിപ്പിനു മുമ്പ് പാത്രിയർക്കീസ് ഭാഗത്തെ തീക്ഷ്ണ വാനായ ഒരു യുവകേസരിയായി വെണ്ടറപ്പിള്ളി ശെമ്മാശനെപ്പറ്റി ഞാൻ കേട്ടിരുന്നു. നല്ല തീപ്പൊരി പ്രസംഗങ്ങൾ ചെയ്യാൻ കഴിവുള്ളവനെന്നും, പ്രതിബദ്ധതയോടെ സഭാപ്രവർത്തനത്തിൽ വ്യാപൃതനെന്നുമാണ് കേട്ടത്. വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയിൽ വളരെ സ്വീകാര്യനായ നേതാവ് എന്നുമായിരുന്നു ശ്രുതി. വടക്കൻ പ്രദേശത്തെ കൺവൻഷൻ യോഗങ്ങളിൽ പ്രമുഖ പ്രസംഗകനായും അറിയപ്പെട്ടു. മാത്രമല്ല പാത്രിയർക്കീസ് ഭാഗത്തെ ശക്തനായ വക്താവുമായിരുന്നു.

എന്നാൽ സഭാസംയോജനത്തിനു ശേഷം മാത്രമാണ് എനിക്ക് അദ്ദേ ഹത്തെ പരിചയപ്പെടുന്നതിനും, പല രംഗങ്ങളിലും ഒരുമിച്ചു പ്രവർത്തി ക്കുന്നതിനും അവസരമുണ്ടായത്. അങ്ങനെ ആരംഭിച്ച ബന്ധം അദ്ദേഹ ത്തിന്റെ മരണംവരെ ഊഷ്മളമായിത്തന്നെ സൂക്ഷിച്ചു. അദ്ദേഹം രോഗി യായി അവശതയിൽ കഴിയുമ്പോഴും ഒന്നിലധികം പ്രാവശ്യം അദ്ദേഹ ത്തിന്റെ ഭവനത്തിൽ എത്തി ഞാൻ സന്ദർശിച്ച് പ്രാർത്ഥനകൾ നടത്തി യത് ഓർക്കുന്നു.

ആ വ്യക്തിത്വത്തെ വിശകലനം ചെയ്ത് വിലയിരുത്താനുള്ള ശ്രമ മൊന്നുമല്ല ഞാൻ ചെയ്യുന്നത്. അതിനു ആഴമായ പഠനവും, മനഃശാസ്ത്ര വൈദഗ്ദ്ധ്യവുമൊക്കെയാവശ്യമുണ്ട്. ഞാൻ ചില സ്മരണകൾ അയവി റക്കുക മാത്രമേ ചെയ്യുന്നുള്ളു. എന്നെ സ്പർശിച്ചതും, സ്വാധീനിച്ചതു മായ കാര്യങ്ങൾക്കാണ് പ്രസക്തിയുള്ളത്.

1. സഭയോടുള്ള പ്രതിബദ്ധത: പലരുടെയും സഭയോടുള്ള ബന്ധം "ശീതവാനുമല്ല, ഉഷ്ണവാനുമല്ല; ശീതോഷ്ണവാനാണ്" എന്ന അവസ്ഥയാണ്. തണുപ്പൻ സമീപനമെന്നു വിശേഷിപ്പിച്ചാലും തെറ്റില്ല. ഇരുട്ടി വെളുപ്പിച്ച് കാര്യങ്ങൾ നടത്തിക്കൊണ്ടു പോകുന്നു എന്നു മാത്രം. എന്നാൽ വെണ്ടറപ്പിള്ളി അച്ചൻ തീക്ഷ്ണവാനായിരുന്നു. അങ്ങേഭാഗത്തു നിൽക്കുമ്പോഴും അപ്രകാരം തന്നെ. എന്നാൽ സഭാസംയോജനത്തിനു ശേഷം, കാതോലിക്കാ ഭാഗത്തിന്റെ കരുത്തനായ വക്താവായി അദ്ദേഹം മാറി. പൗലോസ് ശ്ലീഹായുടെ മാനസാന്തരത്തിന് മുമ്പ് അദ്ദേഹം യഹൂദസഭയിലെ തീക്ഷ്ണവാനായ പ്രവർത്തകൻ, ക്രിസ്തീയ സഭയുടെ ഭീകരനായ ശത്രു – അതൊക്കെ ആയിരുന്നു. മാനസാന്തരശേഷവും, തീക്ഷ്ണതയ്ക്കും തീവ്രതയ്ക്കും കുറവു വന്നില്ല. പക്ഷേ അതു ക്രിസ്തീയ സഭയുടെ കെട്ടുപണിക്കും വളർച്ചയ്ക്കുമായിരുന്നു എന്നു മാത്രം. ഏതാണ്ട് അത്തരത്തിലുള്ള അനുഭവമാണ് നമ്മുടെ കഥാപുരുഷനിലും കണ്ടത്. കാതോലിക്കാ ഭാഗത്തിന്റെ സുശക്തമായ വക്താവും, കാര്യക്ഷമതയുള്ള സംഘാടകനുമായി അദ്ദേഹം വടക്കൻപ്രദേശത്ത് നിലകൊണ്ടപ്പോൾ മറുഭാഗക്കാർക്ക് അദ്ദേഹം കണ്ണിലെ കരടായി. അദ്ദേഹത്തിനെതിരായി ആകാവുന്നതൊക്കെ ചെയ്തു. എന്തിന്, അദ്ദേഹത്തിന്റെ ശവസംസ്കാരം പോലും അലങ്കോലപ്പെടുത്തുന്നതിന് കുബുദ്ധികൾ ശ്രമിക്കാതിരുന്നില്ല.

ഉത്തമബോധ്യമുള്ള സത്യത്തിൽ ഉറച്ചുനിൽക്കാനും ത്യാഗങ്ങളും കഷ്ടനഷ്ടങ്ങളും വേണ്ടിവന്നാൽ ധീരതയോടെ അവയെ നേരിടാനും നാം സന്നദ്ധരാകണം എന്ന ഒരു സന്ദേശം ആ ജീവിതം നമുക്കു നൽകുന്നുണ്ട്.

2. കാര്യക്ഷമത കൈമുതലാക്കിയവൻ: പൗലോസ് മാർ ഗ്രീഗോറിയോസു തിരുമേനിയും വെണ്ടറപ്പിള്ളി അച്ചനും സ്വദേശികളും തൃപ്പൂണിത്തുറ നടമേൽപള്ളി ഇടവകക്കാരുമാണ്. അപ്പോൾ അടുപ്പം ഉണ്ടാവുക സ്വാഭാവികം മാത്രം. എന്നാൽ പ്രതിഭാധനനും പ്രഗത്ഭമതിയുമായ തിരുമേനിക്ക് നമ്മുടെ കഥാപുരുഷനോട് താൽപര്യം ഉണ്ടായത് അദ്ദേഹത്തിന്റെ പ്രവർത്തന നൈപുണ്യവും കാര്യക്ഷമതയും നിമിത്തമാണ്. ഒരു ദൗത്യം ഏൽപ്പിച്ചാൽ കൃത്യസമയത്തിനുള്ളിൽ ഭംഗിയായി നിവർത്തിപ്പാനുള്ള കഴിവ് ബോധ്യമായപ്പോൾ അച്ചനെ, തിരുമേനിയുടെ ഡൽഹിയിലുള്ള ആസ്ഥാനത്ത് ഓഫീസ് ചുമതല ഏൽപ്പിക്കുകയായിരുന്നു. അവിടെ എല്ലാ കാര്യങ്ങളും ഭംഗിയായും പ്രശംസാർഹമായും നിർവഹിച്ചു. പിന്നീട് അച്ചനെ ഓർത്തഡോക്സ് സെമിനാരി, പ്രത്യേക ദൗത്യ നിർവഹണത്തിനു നിയോഗിക്കുക ആയിരുന്നു. സെമിനാരി അദ്ധ്യയനം ലഭിച്ചിട്ടില്ലാത്ത അച്ചന് സെമിനാരിയിലെ ജീവിതവും പ്രവർത്തനവും

അത്യന്തം സന്തോഷപ്രദമായിരുന്നു. റിലിജിയസ് എഡ്യൂക്കേഷൻ സംബന്ധമായ ചില ക്ലാസ്സുകൾ പഠിപ്പിക്കാനും അച്ചന് അവസരമുണ്ടായി. ദീർഘകാലം അദ്ധ്യാപനരംഗത്തു പ്രവർത്തിച്ച് പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള അച്ചന് സെമിനാരിയിലെ ദൗത്യം സന്തോഷപ്രദമായിരുന്നു.

അക്കാലത്താണ് എനിക്ക് അദ്ദേഹത്തോട് കൂടുതൽ അടുത്ത് ഇടപെടുവാൻ അവസരമുണ്ടായത്. എന്നെ ആകർഷിച്ച ഒരു വസ്തുത കഠിനാദ്ധ്വാനത്തിനുള്ള അച്ചന്റെ കഴിവും സന്നദ്ധതയുമാണ്. രാത്രി വളരെ വൈകിയും, കട്ടൻകാപ്പിയുടെ ശക്തിയിൽ, ജോലി ചെയ്യുന്ന ഒരു പ്രവർത്തകനായിരുന്നു അദ്ദേഹം. അലസതയും ഉദാസീനതയും അദ്ദേഹത്തിന്റെ ഡിക്ഷണറിയിൽ ഇല്ലാത്ത വാക്കുകളാണ്. അങ്ങനെയുള്ള പ്രവർത്തകരോടു ചേർന്നു പ്രവർത്തിക്കുമ്പോൾ നമ്മിലേക്കും ആ കർമ്മകുശലത സംക്രമിക്കും. ലഭിച്ച താലന്തുകൊണ്ട്, അത് അഞ്ച് ആയാലും, രണ്ട് ആയാലും, പ്രവർത്തിച്ചുകൊണ്ട് വർദ്ധിപ്പിക്കുന്ന ദാസന്മാർക്കാണ് യജമാനന്റെ പ്രശംസയും അഭിനന്ദനവും! മടിയനായ ദാസന് പുറത്തെ അന്ധകാരത്തിലാണ് ഇടം ലഭിക്കുന്നത്.

3. സൂക്ഷ്മനിരീക്ഷകനും വിമർശകനും: വ്യക്തികളെയും സംഭവങ്ങളെയും, സൂക്ഷ്മതയോടെ നിരീക്ഷിച്ചിരുന്നു എന്നതിന്റെ തെളിവാണ് “വെള്ളിക്കോൽ” എന്ന തൂലികാനാമത്തിൽ അദ്ദേഹം എഴുതിയ ലേഖനപരമ്പര. തിരശ്ശീലയ്ക്കപ്പുറത്തേക്കു കടന്നെത്തി അന്തർനാടകങ്ങളെ മനസ്സിലാക്കാനും, വ്യക്തിത്വങ്ങളുടെ പ്രത്യേകതകളും, ചിലപ്പോൾ വൈകൃതങ്ങളും വിമർശനവിധേയമാക്കാനും അച്ചനു കഴിഞ്ഞിരുന്നു. ഈ പരമ്പരയിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ സമാഹരിച്ച് “വെള്ളിക്കോൽ” എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുള്ളത് ഞാൻ ഓർക്കുന്നു.

‘വെള്ളിക്കോൽ’ എന്ന തൂലികാനാമം തന്നെ ആലോചനാമൃതമാണ്. ഇന്ന് തൂക്കിനോക്കാൻ ഉപയോഗിക്കുന്ന ഈ ഉപകരണം പ്രചാരത്തിൽ ഇല്ല. ഒരു സാധനത്തിന്റെ തൂക്കം സൂക്ഷ്മമായി അറിയാൻ ഉപയോഗിക്കുന്ന “വെള്ളിക്കോൽ” വ്യക്തികളിലേക്കും സംഭവങ്ങളിലേക്കും തിരിച്ചുപിടിക്കുകയാണ്. വിമർശിക്കുക എന്നതിലുപരി, നർമ്മത്തിൽ കൂടി ചിന്തിപ്പിക്കുകയും പ്രശ്നം ബോധ്യപ്പെടുത്തുകയും ചെയ്യുന്ന സമീപനമാണ്. ഇത് എല്ലാവർക്കും സ്വായത്തമാക്കാവുന്നതല്ല. മലയാള സാഹിത്യത്തിൽ സഞ്ജയനും, വി. കെ. എൻ. ഉം ഒക്കെ വിഹരിച്ച മേഖലയാണ്. സഭാതലത്തിൽ “വെള്ളിക്കോൽ” പലതിനെയും പലരെയും വിമർശനവിഷയമാക്കിയിട്ടുണ്ട്. ചിലർ പ്രസംഗവേദികളിൽ സഭയുടെ പല കാര്യങ്ങളെയും വിമർശനവിധേയമാക്കാറുണ്ട്. അതുമൂലം പല എതിർപ്പുകളെയും ശത്രു

ക്കളെയും അവർ സൃഷ്ടിക്കുക മാത്രമേ ചെയ്യുന്നുള്ളു. നിശ്ചയമായും വിമർശനങ്ങളും വിലയിരുത്തലുകളും കാലാകാലങ്ങളിൽ ആവശ്യമുണ്ട്. എങ്കിൽ മാത്രമേ തിരുത്തലുകൾ വരുത്തുന്നതിനും അഭിവൃദ്ധി പ്രാപിക്കുന്നതിനും കഴിയൂ. പരീശന്മാരുടെയും വേദപണ്ഡിതന്മാരുടെയും ഉപദേശത്തെയും ജീവിതശൈലിയേയും യേശുക്രിസ്തു ശക്തിയായി വിമർശിച്ചു. അതു നിമിത്തമാണ് കർത്താവിനെ അവരുടെ ഉഗ്രശത്രുവായി കണ്ടതും, തനിക്കെതിരായി ഗൂഢാലോചന നടത്താനും അവർ ഒരുമ്പെട്ടതും. പക്ഷേ അവരുടെ എതിർപ്പിനെയും ശത്രുതയെയും ഭയന്ന് കർത്താവ് തന്റെ നാവടക്കിയില്ല. മാത്രമല്ല ദേവാലയത്തിൽ കടന്ന് ചില ശുദ്ധീകരണ പ്രക്രിയകൾ നടത്തുകയും ചെയ്തു. വെണ്ടറപ്പിള്ളി അച്ചൻ സഭാതലത്തിലെ പ്രവണതകളെ മാത്രമല്ല, കേരളസമൂഹത്തിൽ പൊതുവായി കാണുന്ന പലതിനെയും തന്റെ “വെള്ളിക്കോൽ” കൊണ്ട് തൂക്കിനോക്കിയിട്ടുണ്ട്.

4. ഉത്തമനായ അജപാലകൻ: അദ്ധ്യാപനമായിരുന്നു അദ്ദേഹത്തിന്റെ പ്രധാന പ്രവർത്തന മേഖലയെങ്കിലും, ഇടവക പ്രവർത്തനത്തിലും അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. അജപാലനത്തിൽ പ്രധാനമായ കാര്യം ജനസമ്പർക്കവും, അതിൽനിന്നുളവാകുന്ന പ്രവർത്തനങ്ങളുമാണ്. ആരാധന സംഗീതാത്മകമായിരുന്നാൽ അത് ആകർഷകമാകുമെന്നതിനു സംശയമില്ല. പ്രസംഗം ആശയസമ്പുഷ്ടവും, ആകർഷകവുമായ അവതരണവുമെങ്കിൽ ജനങ്ങൾ ആസ്വദിക്കും. ഒരു വൈദികന് മേൽപ്പറഞ്ഞ രണ്ടു കാര്യങ്ങളും വലിയ കൈമുതലാണ്. പക്ഷേ അതുകൊണ്ടുമാത്രം അജപാലനശുശ്രൂഷ ഫലപ്രദമാവുകയില്ല. ജനങ്ങളുമായുള്ള ഉത്തമബന്ധവും, അവരുടെ ജീവിതാനുഭവങ്ങളുടെ ഇഴുകിച്ചേരുന്ന അടുപ്പവുമാണ് ഏറ്റവും പ്രധാനം. നല്ല ഇടയന്റെ ചിത്രം കർത്താവു തന്റെ പ്രബോധനത്തിൽ വരച്ചുകാട്ടിയിട്ടുള്ളത് സംഗതമാണ്. ഇടയൻ ആടുകളെ അറിയുന്നു; അവയെ പേർചൊല്ലി വിളിക്കുന്നു; അവയ്ക്കു മുമ്പായി നടക്കുന്നു; നല്ല മേച്ചിൽപുറങ്ങളിലേക്ക് അവയെ നയിക്കുന്നു. ആടുകൾക്കു വേണ്ടി ജീവാർപ്പണം ചെയ്യാൻ സന്നദ്ധമാകുന്നു.

വളരെയൊന്നും ഇടവകശുശ്രൂഷ ജോസഫ് അച്ചൻ നടത്തിയിട്ടില്ല, എങ്കിലും പ്രവർത്തിച്ചിട്ടുള്ള ഇടങ്ങളിൽ നല്ല ഇടയന്റെ മാനദണ്ഡം പുലർത്തുവാൻ ശ്രമിച്ചിട്ടുള്ളതായി എനിക്കറിയാം.

ഞാനും അച്ചനും തമ്മിൽ വലിയ പ്രായവ്യത്യാസമില്ലെങ്കിലും, എന്നെ ഒരു ജ്യേഷ്ഠസഹോദരനെപ്പോലെ കാണുകയും, ആത്മാർത്ഥമായ സ്നേഹാദരവുകൾ പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സെമിനാരിയുടെ

പൂർവ്വ വിദ്യാർത്ഥി അല്ലായിരുന്നു എങ്കിലും, പൂർവ്വാദ്ധ്യാപകനെന്നും, സെമിനാരി വികസനത്തിനായി പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള വ്യക്തി യെന്നും അദ്ദേഹത്തിനവകാശപ്പെടാം. സെമിനാരിയെ സ്നേഹിക്കുകയും, അതിന്റെ വളർച്ചയിൽ സന്തോഷിക്കുകയും ചെയ്ത ഒരു ശ്രേഷ്ഠ വ്യക്തി ആയിട്ടാണ് ഞാൻ അച്ചനെ കാണുന്നത്.

ഒരു ഉത്തമ സുഹൃത്ത് എന്ന നിലയിൽ എന്റെ രോഗാവസ്ഥയിലും, പ്രതിസന്ധികളിലും ഒക്കെ കടന്നുവന്ന് തന്റെ സൗഹൃദവും, ക്രിസ്തീയ കൂട്ടായ്മയും വെളിപ്പെടുത്തിയിട്ടുള്ളത് ഞാൻ ഓർക്കുന്നു. അദ്ദേഹത്തെ വരുംതലമുറയ്ക്ക് ഓർത്തുവെയ്ക്കുവാൻ തക്കവണ്ണം ഒരു പ്രസിദ്ധീക രണം ഉണ്ടാകുന്നത് ഏറ്റവും സ്വാഗതാർഹമാണ്. അതിനുവേണ്ടി പ്രവർ ത്തിക്കുന്ന എല്ലാവർക്കും എന്റെ അഭിനന്ദനങ്ങൾ!

ഒരു പഴയ ചിത്രം

വെളിച്ചത്തിന്റെ വഴിതേടിയ വെണ്ടറപ്പിള്ളി അച്ചൻ

ഫാ. ഡോ. കെ. എം. ജോർജ്
(ഡയറക്ടർ, സോപാന ഓർത്തഡോക്സ് അക്കാദമി)

"നന്നായി ഭരിക്കുന്ന കശ്ശീശന്മാരെ, പ്രത്യേകിച്ച് ദൈവവചനത്തിലും പ്രബോധനത്തിലും അദ്ധ്വാനിക്കുന്നവരെ, ഇരട്ടി ബഹുമാനത്തിന് യോഗ്യരായി എണ്ണണം" (1 തിമോ. 5:17).

ശ്രേഷ്ഠാചാര്യനായ ജോസഫ് വെണ്ടറപ്പിള്ളി അച്ചനെ ഞാൻ ആദ്യം കാണുന്നതും പരിചയപ്പെടുന്നതും 1968-ൽ പഴയസെമിനാരിയിൽ വച്ചാണ്. എന്റെ ആദ്യത്തെ ഓർമ്മ തന്നെ അസാധാരണമായ സാഹചര്യത്തിലാണ്. പിൻസിപ്പാളായ പോൾ വർഗീസ് അച്ചന്റെ ഓഫീസുമുറിയുടെ തൊട്ടടുത്തുള്ള സെമിനാരി ഓഫീസ് മുറിയിൽ രണ്ടു ചെറിയ മേശകൾ പിടിച്ചിട്ട് അതിനു മുകളിൽ ചില രാത്രികളിൽ പൂർണ്ണവേഷത്തോടെ കിടന്നുറങ്ങുന്ന ഹ്രസ്വഗാത്രനായ വൈദികൻ എന്നെ അത്ഭുതപ്പെടുത്തിയിരുന്നു. രാവേറെച്ചെല്ലുംവരെ ഓഫീസിൽ ഇരുന്ന് തന്റെ പണിയെല്ലാം ഒതുക്കി, പരിക്ഷീണനായി മേശയിൽ കിടന്നുറങ്ങുന്ന വെണ്ടറപ്പിള്ളി അച്ചൻ വാസ്തവത്തിൽ ആരാണെന്ന് ഞാൻ കുറെ പിന്നീടാണ് മനസ്സിലാക്കിയത്.

ഓറിയന്റൽ ഓർത്തഡോക്സ് സഭകളെയെല്ലാം ഏകോപിപ്പിച്ച്, അവയ്ക്കെല്ലാം കൂടി ഏകീകൃതമായ ഒരു സണ്ടേസ്കൂൾ കരിക്കുലം സൃഷ്ടിക്കാൻ ഈ സഭകളുടെ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിക്കുകയും, കരിക്കുലം തയ്യാറാക്കാനുള്ള ചുമതല ഫാദർ പോൾ വർഗീസ് ഏൽക്കുകയും ചെയ്തു. വാസ്തവത്തിൽ ഈ ആശയം നൽകിയതും ഏകോപനസംരംഭങ്ങൾ നിർദ്ദേശിക്കുകയും ചെയ്തത് അദ്ദേഹമാണ്. അതിന്റെ ഓഫീസ് ഇന്ത്യയിൽ, കോട്ടയം പഴയസെമിനാരിയിൽ ആയിരുന്നു. വെണ്ടറപ്പിള്ളി അച്ചനാണ് ഓഫീസിന്റെ ചുമതല. അതീവഭാരമുള്ള ഒരു ചുമതലയായിരുന്നു അത്. പാഠങ്ങൾ തയ്യാറാക്കാൻ പല ശിൽപശാലകൾ സംഘടിപ്പിക്കുകയും, പലരെയുംകൊണ്ട് എഴുതിക്കയും ഒക്കെ ചെയ്തു. ഒരു വലിയ അളവുവരെ പദ്ധതി മുമ്പോട്ടു പോയി. അപ്പോഴാണ് നമ്മുടെ സഭയിൽ പുതിയ ഭിന്നത ആരംഭിക്കുന്നത്.

അതുല്യ പ്രതിഭയായിരുന്ന പോൾ വർഗീസ് അച്ചനൊപ്പം പ്രവർത്തിക്കുക എന്നതും അത്ര എളുപ്പമല്ല. അദ്ദേഹം ചിന്തിക്കുന്നത്ര മിന്നൽ

വേഗത്തിൽ, കാര്യങ്ങൾ നടക്കണമെന്ന് ആഗ്രഹിക്കയും, അതിന് സഹ കരിക്കാത്തവരോട് പൊട്ടിത്തെറിക്കയും ചെയ്യുന്ന സ്വഭാവം മൂലം അടു ക്കുവാൻ പലർക്കും ഭയമാണ്. പക്ഷേ അദ്ദേഹം തന്നെ പൂർണ്ണബോധ്യ ത്തോടെ ക്ഷണിച്ചു നിയമിച്ചതാണ് വെണ്ടറപ്പിള്ളി അച്ചനെ. പിൽക്കാ ലത്ത് പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയായിത്തീർന്ന പോൾ വർഗീസ് അച്ചന് അത്രയധികം സ്നേഹവും വിശ്വാസവും വെണ്ടറപ്പിള്ളി അച്ചനോടുണ്ടായിരുന്നതുകൊണ്ടാണ് അങ്ങനെ വിളിച്ച് ചുമതലപ്പെടു ത്തിയത് തന്നെ. ഹൈസ്കൂളിൽ നിന്ന് അവധിയെടുത്ത്, കുടുംബത്തെ തൽക്കാലം മറന്ന് സെമിനാരിയിൽ വന്ന് സന്നദ്ധസേവനം നടത്തുക യാണ് അച്ചൻ.

അന്ന് വിദ്യാർത്ഥികളായിരുന്ന ഞങ്ങളോടെല്ലാം ഒരുറ്റ സുഹൃത്തി നെപ്പോലെ അച്ചൻ പെരുമാറി. അച്ചന്റെ തമാശകളും പ്രസാദപൂർണ്ണ മായ സാന്നിധ്യവും ഇടപെടലുകളും സ്വയം കളിയാക്കി ചിരിക്കാനുള്ള വലിയ മനസ്സും ഞങ്ങൾക്കു നൽകിയ സന്തോഷവും പ്രചോദനവും നന്ദി യോടെ ഓർക്കുന്നു. നമുക്കു മുമ്പിൽ സ്വയം വിനയപ്പെടുകയും നമ്മെ വലിയവരാക്കുകയും ചെയ്യുന്നവരെ നാം ചിലപ്പോൾ വേണ്ടത്ര അറി യാതെ പോകും. അവർ വലിയ മനസ്സിന്റെ ഉടമകളായതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത് എന്ന് തിരിച്ചറിയാനുള്ള വിവേകം നമുക്കുണ്ടായി ല്ലെന്നു വരാം. തലക്കനവും പൊങ്ങച്ചവും വേഷഭൂഷാദികളുടെ നിറപ്പ കിട്ടുമൊക്കെയാവും നമ്മെ കൂടുതൽ ആകർഷിക്കുന്നത്. ഈ പൊതു മനഃശ്ശാസ്ത്രമറിയാവുന്നതുകൊണ്ട്, അൽപ്പന്മാരായ പലരും ഇത്തരം വേഷങ്ങൾ അണിഞ്ഞ് വലിയവരായി വിളങ്ങും. ഇതൊന്നുമറിയാത്ത സാധാരണക്കാരായ വിശ്വാസികൾ അവരെ വണങ്ങുകയും മടിശ്ശീല തുറ ന്നുകൊടുക്കുകയും ചെയ്യും. ഇങ്ങനെയുള്ള പശ്ചാത്തലത്തിൽ വെണ്ട റപ്പിള്ളി അച്ചനെപ്പോലെയുള്ളവരുടെ സാത്വികവും വിനയാന്വിതവുമായ സാന്നിധ്യം തിരിച്ചറിയാൻ നമുക്കു കഴിയാതെ പോയാൽ അത്ഭുതപ്പെ ടേണ്ട.

വെണ്ടറപ്പിള്ളി അച്ചൻ എന്നും തന്നെ ഏൽപിച്ച ചുമതലകളോട് വിശ്വ സ്തനും സമർപ്പിത ചേതസ്സുമായിരുന്നു. കഠിനാദ്ധ്വാനത്തിലൂടെ തന്റെ കടമകൾ നിറവേറ്റാൻ ശ്രമിച്ചു. അതേസമയം മനസ്സിന്റെ ലാഘവത്വവും നർമ്മബോധവും എളിമയും കാത്തുസൂക്ഷിക്കയും ചെയ്തു.

വെണ്ടറപ്പിള്ളി അച്ചനും ഞാർത്താങ്കൽ കോരുത് മൽപാനച്ചനും എൻ. എം. തോമസ് അച്ചനുമൊക്കെ അടുത്തടുത്ത് താമസിച്ചവരാണ്. വാസ്തവത്തിൽ കക്ഷിഭേദംകൂടാതെ, മലങ്കരസഭയ്ക്ക് മുഴുവനും പൊതു സമൂഹത്തിനും ആദരണീയരാണ് അവർ. എന്നാൽ അവരുടെ മഹത്വവും

ആന്തരിക പ്രകാശവും മനസ്സിലാക്കാൻ നമ്മുടെ ജനങ്ങളെ ചില മേലദ്ധ്യക്ഷന്മാർ അനുവദിച്ചില്ല എന്നതാണ് ദുഃഖസത്യം. എന്താണ് അവരൊക്കെ ചെയ്ത തെറ്റ് എന്ന് ഇനിയെങ്കിലും നമ്മുടെ ജനങ്ങളിൽ അൽപ്പമെങ്കിലും വിവേകമുള്ളവർ ചിന്തിക്കേണ്ടതാണ്. ഈ മൂന്നുപേർ അടുത്ത അയൽക്കാരും സമാനമായ ആദർശങ്ങൾക്കുവേണ്ടി ധൈര്യപൂർവ്വം നിലനിന്നിരുന്നവരും ആയിരുന്നു. ഇവരെപ്പോലെ പ്രബുദ്ധരും സഭയുടെ പൊതുനന്മ ആഗ്രഹിച്ചവരും ക്രിസ്തീയസഭയുടെ ഉത്തമ പ്രതിനിധികളുമായ വേറെ ധാരാളം പേരുണ്ട്, വൈദികരും അത്മായരുമായി. അനേകം മനുഷ്യർക്ക് മാർഗ്ഗദീപമായിത്തീരുമായിരുന്ന അവരുടെയൊക്കെ ജീവിതങ്ങളെ അഭിശപ്തമായ പള്ളിവഴക്കുകളിൽ കുരുക്കുകയും, അവർക്ക് ന്യായമായി ലഭിക്കേണ്ടിയിരുന്ന പൊതുബഹുമതി നിഷേധിച്ച് അവരെ അപമാനിക്കാൻ നമ്മുടെ ജനങ്ങളെ പഠിപ്പിക്കയും, നമുക്ക് ലഭിച്ച ദൈവിക സമാധാനത്തിന്റെ ഒരു സുവർണ്ണയുഗത്തെ തള്ളിക്കളഞ്ഞ അൽപത്വത്തിന്റെയും തീവ്രവാദങ്ങളുടെയും കുടുംബ-വ്യക്തിവിദ്വേഷങ്ങളുടെയും അറിവില്ലായ്മയുടെയും മാലിന്യത്തിൽ കിടന്നുരുളാൻ നമ്മുടെ സാധാരണജനങ്ങളെ നിർബന്ധിക്കയും ചെയ്ത നേതാക്കൾ ആരൊക്കെയാണ് എന്ന് ജനങ്ങൾ എപ്പോഴെങ്കിലും അന്വേഷിക്കണം. എന്തിനാണ് അവർ അങ്ങനെ ചെയ്തതെന്നും ചോദിക്കണം. സഭാ സമാധാനത്തിന്റെ കാലത്ത് ക്നാനായ ഭദ്രാസനമുൾപ്പെടെ തെക്കും വടക്കുമുള്ള സ്നേഹിതരോടൊപ്പം അതിന്റെ സന്തോഷം ആവോളം അനുഭവിച്ച് സെമിനാരിയിൽ പഠിച്ചതിന്റെ മധുരോദാരമായ ഓർമ്മകൾ നിലനിൽക്കുന്നതുകൊണ്ടാണ് ഈ ചോദ്യങ്ങൾ ഞാൻ വീണ്ടും വീണ്ടും ചോദിക്കുന്നത്. ബന്ധപ്പെട്ടവർ ആരും ഉത്തരം തരുകയില്ല എന്നറിഞ്ഞുകൊണ്ടുതന്നെയാണ് ഇത് ചോദിക്കുന്നത്. മലങ്കരസഭയിൽ പഴയതുപോലൊരു സമാധാനം ഇനി ഉണ്ടാവാൻ സാധ്യതയില്ല എന്ന യുക്തിപൂർവ്വമായ മാനുഷികനിഗമനത്തെ അവഗണിച്ചുകൊണ്ടുമല്ല ഇക്കാര്യങ്ങൾ പറയുന്നത്. യേശുക്രിസ്തുവിനോടുള്ള വിശ്വസ്തതയും, തന്റെ ശരീരമായ വിശുദ്ധ സഭയുടെ ഐക്യവും സമാധാനവും സഹോദരസ്നേഹവും നീതിയും കാരുണ്യവും തുടങ്ങിയ മൗലികമായ കാര്യങ്ങളെ കാറ്റിൽപ്പറത്തിക്കൊണ്ട് നമുക്ക് ക്രിസ്ത്യാനികളായിരിക്കാൻ സാധ്യമല്ലല്ലോ എന്ന എളിയചിന്ത എപ്പോഴും അലോസരപ്പെടുത്തുകയും ഭയപ്പെടുത്തുകയും ചെയ്യുന്നതുകൊണ്ടു കൂടിയാണ്. 'മനുഷ്യനാൽ അസാധ്യമായത് ദൈവത്തിന് സാധ്യമാണ്' എന്ന ദൈവവചനം നാം ഒരിക്കലും അവഗണിക്കാനും പാടില്ലല്ലോ.

1958-ൽ മലങ്കരസഭയിൽ ഇരുപക്ഷവും ചേർന്ന് വ്യക്തമായ തത്വങ്ങളുടെ അടിസ്ഥാനത്തിൽ സമാധാനം ഉണ്ടാക്കുകയും 1964-ൽ പ.

യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ മലങ്കരയുടെ ക്ഷണപ്രകാരം വന്ന് പ. ഔഗേൻ കാതോലിക്കാ ബാവായെ വാഴിക്കാൻ മലങ്കര സുന്നഹദോസിന് നേതൃത്വം നൽകുകയും അങ്ങനെ സമാധാനത്തെയും ഐക്യത്തെയും സ്ഥിരീകരിക്കുകയും ചെയ്തു. ആഗോള സഭാചരിത്രത്തിലെ തന്നെ അതുല്യമായ ഒരു സംഭവമായിരുന്നു അത്. മലങ്കരസഭയിൽ ഇരുപക്ഷത്തുമുണ്ടായിരുന്ന നല്ല മനുഷ്യരും നല്ല നേതാക്കളും അതിൽ സന്തോഷിച്ചു. ആ സമയത്തു പൊതുസഭയ്ക്കുവേണ്ടി ഉയർന്നുവന്ന പ്രഗത്ഭരായ നേതാക്കളെയും സഭയ്ക്കുണ്ടായ അസൂയാർഹമായ പുരോഗതിയെയും നാം വിസ്മരിക്കരുത്.

എന്തിനാണ് പിന്നീട് കുറെപ്പേർ അതിൽ നിന്ന് പിന്മാറുകയും, സമാധാനത്തിൽ സന്തോഷിച്ചിരുന്ന സാധാരണജനങ്ങളെയും കുറെ വൈദികരെയും വീണ്ടും കക്ഷിവിഷം കുടിപ്പിക്കയും ചെയ്തത് എന്നത് മനസ്സിലാക്കാൻ പ്രയാസമാണ്. ഇരുഭാഗത്തും വീഴ്ച്ചകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാനാവാത്ത വീഴ്ചകളായിരുന്നില്ല.

ഒരു ചെറിയ ഗവേഷണവിഷയം നിർദ്ദേശിക്കട്ടെ. ഇരുഭാഗത്തുമുള്ള സെമിനാരികളിലെ ചില വിദ്യാർത്ഥികൾക്ക് ഒറ്റയ്ക്കോ, കൂട്ടായോ, സെമിനാരികൾ ചേർന്നോ വസ്തുനിഷ്ഠമായി ഈ സമാധാനകാലഘട്ടത്തിന്റെയും വീണ്ടുമുണ്ടായ വഴക്കിന്റെയും ഫലമായി നമ്മുടെ ക്രിസ്തീയ സമൂഹത്തിനുണ്ടായ ലാഭനഷ്ടങ്ങളെയുംകുറിച്ച് പഠനം നടത്തി നോക്കാവുന്നതാണ്. ഒരു “കക്ഷി”യിൽ ജനിച്ചുവളർന്ന പൗലോസ് മാർ ഗ്രീഗോറിയോസ്, ഫാദർ വി. സി. സാമുവൽ തുടങ്ങി എല്ലാ ഓർത്തഡോക്സ് സഭകളിലും അന്താരാഷ്ട്രതലങ്ങളിൽ അറിയപ്പെട്ടിരുന്ന പണ്ഡിതാചാര്യന്മാരുൾപ്പെടെ രണ്ടു ഭാഗത്തുനിന്നും ഏക മലങ്കരസഭയുടെ അഖണ്ഡതയിൽ വിശ്വസിക്കയും സന്തോഷിക്കയും അതിൽ ഉറച്ചുനിൽക്കുകയും ചെയ്ത പ്രഗത്ഭരായ വൈദികരുടെയും മറ്റു സാത്വികരായ നേതാക്കളുടെയും ഒരു ലിസ്റ്റ് തയ്യാറാക്കണം. അവരുടെ രചനകൾ, പ്രസംഗങ്ങൾ, സംഭാഷണങ്ങൾ എന്നിവ ലഭ്യമാണെങ്കിൽ അവയുടെ അടിസ്ഥാനത്തിൽ, മൂന്നു കാര്യങ്ങൾ പഠിക്കണം.

ഒന്ന്: (a) എന്തുകൊണ്ടാണ് അവർ മലങ്കരസഭ ഒന്നാകണമെന്ന് ആഗ്രഹിച്ചത്, (b) എന്തുകൊണ്ടാണ് അവർ ഒന്നായ സഭയിൽ, വീണ്ടും ഭിന്നത ഉണ്ടാക്കിയവരുടെ കൂടെ കൂടാതെ മുൻസമാധാനത്തിന്റെ നിലപാടിൽ തുടർന്നത്, (c) മലങ്കരസഭയുടെ ഭാവിയെക്കുറിച്ചുള്ള അവരുടെ ദർശനം എന്താണ്. എന്നീ മൂന്നു കാര്യങ്ങൾ വസ്തുനിഷ്ഠമായി പഠിക്കണം. അക്കമിട്ടു പറയാവുന്ന കാര്യങ്ങൾ നമുക്കു ലഭിക്കും.

രണ്ട്: സഭയിൽ പിന്നീട് ഭിന്നതയ്ക്ക് നേതൃത്വം കൊടുക്കയും മലങ്ക

രസഭ രണ്ടാക്കണമെന്ന് നിർബന്ധപൂർവ്വം ചിന്തിക്കയും ജനങ്ങളെ 1970–കൾ തുടങ്ങി ഉണ്ടായ വേർപാടുകളിൽ അവരെ നയിക്കുകയും ചെയ്ത പ്രഗത്ഭ വ്യക്തികളുടെ നിലപാടുകളും പ്രസ്താവനകളും പഠിക്കണം.

മൂന്ന്: മലങ്കരസഭയുടെ അതിദീർഘമായ ആന്തരിക വഴക്കിലും വ്യവഹാരത്തിലും, സമാധാനത്തിലും, ഐക്യത്തിലും അന്ത്യോഖ്യാ പാത്രിയർക്കീസന്മാർക്കുള്ള പങ്കിനെക്കുറിച്ച് പഠിക്കണം. ആദ്യം തുർക്കിയിലും പിന്നെ സിറിയയിലും ഇപ്പോൾ ലബനോനിലും ആയിരിക്കുന്ന രണ്ടു നൂറ്റാണ്ടുകളിലെ പാത്രിയർക്കീസ് ബാവാമാരുടെ പ്രസ്താവനകളും പ്രവർത്തനങ്ങളും നയങ്ങളും നടപടികളും മലങ്കര സഭാ ഭാവിയെ കുറിച്ചുള്ള അവരുടെ ദർശനങ്ങളും വസ്തുനിഷ്ഠമായി പഠിക്കണം.

ഇവിടെ വ്യവഹാരങ്ങൾകൊണ്ട് പൊതുസഭയ്ക്കുണ്ടായ നേട്ടവും കോട്ടവും, ഭിന്നതകളിൽ സാധാരണ വിശ്വാസികൾക്കുള്ള പങ്ക്, ഓർത്തഡോക്സ് സഭകളുടെ സഭാവിജ്ഞാനീയം എന്നിവയും പഠിക്കാവുന്നതാണ്. ഇങ്ങനെ പഠനം നടത്തിയാൽ ആർക്കും ഡിഗ്രിയൊന്നും കിട്ടുകയില്ല. മാത്രമല്ല അവരെ നിരുത്സാഹപ്പെടുത്താനും ഭീഷണിപ്പെടുത്താനും ഏതാനും മേലദ്ധ്യക്ഷന്മാർ കാണുകയും ചെയ്യും. അതുകൊണ്ട് ഇങ്ങനെയൊരു പഠനം യഥാർത്ഥത്തിൽ ഉണ്ടാകുമെന്ന് ഒട്ടും പ്രതീക്ഷ വച്ചുകൊണ്ടല്ല ഈ നിർദ്ദേശം വയ്ക്കുന്നത്. ജീവിതത്തിൽ നല്ല ഭാഗം വൈദിക വിദ്യാഭ്യാസം, വേദശാസ്ത്രപഠനം, ഇതരസഭകളുമായുള്ള ബന്ധങ്ങൾ എന്നിവയിലൊക്കെ ചെലവഴിച്ചതുകൊണ്ട് ഉണ്ടാകുന്ന ഒരു wishful thinking ആയി കരുതിയാൽ മതി.

ഫിസിക്സിലും മറ്റും ഉയർന്നതലങ്ങളിൽ ചില ശാസ്ത്രജ്ഞർ ചിന്താപരീക്ഷണങ്ങൾ (thought experiment) നടത്തും. അവരുടെ നിഗമനങ്ങൾ ലാബുകളിൽ പരീക്ഷിച്ചു തെളിയിക്കാൻ എപ്പോഴും സാധ്യമല്ല. സൈദ്ധാന്തികമായി കണ്ടെത്തുന്ന അവരുടെ നിഗമനങ്ങൾ ഏതെങ്കിലും വിദൂര ഭാവിയിൽ പരീക്ഷണശാലകളിൽ പ്രായോഗികമായി തെളിയിക്കപ്പെട്ടേക്കാം.

ഇവിടെ നമുക്കും ഒരു ചിന്താപരീക്ഷണം നടത്താം. ആവശ്യമായ രേഖകളും മറ്റും കണ്ടെത്തി, നല്ല ലക്ഷ്യത്തോടെ അവയെ മനസ്സിലിട്ട് കശക്കി, എന്താണ് അവയിൽ നിന്ന് ഉരുത്തിരിയുന്നതെന്ന് നോക്കാം. ചിലപ്പോൾ ആർക്കെങ്കിലും ഭാവിയിൽ അതൊരു നന്മയുടെ വിത്തായി മാറിയേക്കാം.

ലളിതമായ ഒരു കാര്യം ക്രിസ്ത്യാനികളായ നാം മറക്കരുത്. ഈ ലോകത്തിന് പുരോഗതിയും മനുഷ്യർക്ക് നന്മയും വരുത്തുന്നത് ഹ്രസ്വ

ദൃഷ്ടികളും സ്വാർത്ഥമതികളും കലഹക്കാരുമായ നേതാക്കളല്ല. നന്മയും നീതിയും മനുഷ്യസ്വാതന്ത്ര്യവും ദൈവേഷ്ടവും എന്തെന്ന് നിരന്തരം അന്വേഷിക്കയും അതിലേക്ക് മറ്റു മനുഷ്യരെ ആകർഷിക്കയും ത്യാഗ പൂർവ്വം വലിയ ആദർശങ്ങൾക്കുവേണ്ടി തങ്ങളുടെ ജീവനും കഴിവുകളും നൽകുകയും ചെയ്യുന്നവരാണ് ലോകത്തെ രൂപാന്തരപ്പെടുത്തുന്നവർ. ഇങ്ങനെ വിശ്വസിക്കയും നമ്മുടെ കുഞ്ഞുങ്ങളെ ഇങ്ങനെ പഠിപ്പിക്കയും ചെയ്താൽ നാം ലോകത്തിൽ മഹജ്ജനങ്ങളെ സൃഷ്ടിക്കും. മറിച്ചാണെ ങ്കിൽ ലോകത്തിന് നാശകാരികളായ മനുഷ്യരെയും സൃഷ്ടിക്കും. നാമാണ് തെരഞ്ഞെടുക്കേണ്ടത്.

ഈ പറഞ്ഞ തത്വങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ, നമ്മുടെ ആദരണീയനായ ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ മഹത്വത്തിന്റെയും പ്രകാശത്തിന്റെയും പാതയിലാണ് സഞ്ചരിച്ചത്. അദ്ദേഹം നല്ല ലക്ഷ്യ ത്തോടെ ദൈവവചനം പഠിപ്പിക്കയും ജനങ്ങളെ പ്രബോധിപ്പിക്കയും ചെയ്തു. പൗലോസ് ശ്ലീഹാ ശിഷ്യനായ തീമോത്തിയോസിനോട് പറഞ്ഞപ്രകാരം, “ഇരട്ടി ബഹുമാനത്തിന്” അദ്ദേഹം യോഗ്യനാണ്.

വെണ്ടറപ്പിള്ളി അച്ചന്റെ പുത്രീഭർത്താവായ ജോൺ ആറ്റുപുറത്തിന്റെ നിരന്തരസമ്പർക്കവും സംഭാഷണങ്ങളും ആ കുടുംബവുമായുള്ള ബന്ധവും അച്ചനെക്കുറിച്ചുള്ള നല്ല ഓർമ്മകളും മങ്ങാതിരിക്കാൻ എന്നെ സഹായിച്ചു എന്ന് നന്ദിയോടെ പറയട്ടെ.

കുടുംബാംഗങ്ങളോടൊത്ത്.

തനിത്തങ്കത്തിലൊരു വെള്ളിക്കോൽ

ഫാ. ഡോ. ജേക്കബ് കുര്യൻ

(പ്രിൻസിപ്പാൾ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

"വെള്ളിക്കോൽ" എന്ന ശീർഷകത്തിൽ വെണ്ടറപ്പിള്ളിയച്ചൻ 'ഓർത്തഡോക്സ് യൂത്ത്' മാസികയിൽ എഴുതിയിരുന്ന പംക്തി പരിചയപ്പെട്ടിട്ടുള്ളവർക്ക് അദ്ദേഹത്തെ മറക്കുവാൻ സാധ്യമല്ല. ആരെയും എന്തിനെയും നർമ്മത്തിലും മർമ്മത്തിലും സൂക്ഷ്മമായി നിരീക്ഷിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അതുകൊണ്ടദ്ദേഹത്തെ വിശേഷിപ്പിക്കാനാഗ്രഹിക്കുന്നത് *"തനിത്തങ്കത്തിലൊരു വെള്ളിക്കോൽ"* എന്നാണ്. 'വെള്ളിക്കോൽ', തൂക്കം സൂക്ഷ്മമായി നോക്കുവാനുള്ളതാണ്. പേരങ്ങനെ ആണെങ്കിലും അതു നിർമ്മിക്കാൻ വെള്ളിയൊ, പൊന്നോ ആവശ്യമില്ല. എന്നാൽ അസാധാരണമായ ഒരു വെള്ളിക്കോൽ, വെള്ളിയിലോ, പൊന്നിലൊ, തങ്കത്തിൽത്തന്നെയോ തീർത്തെടുക്കുവാൻ പറ്റില്ലെന്നില്ല. അതുപോലെ അസാമാന്യ വ്യക്തിത്വ വൈശിഷ്ഠ്യങ്ങളോടെ ഒരു വെള്ളിക്കോൽ - നിയോഗം സഭാജീവിതത്തിൽ നിർവ്വഹിച്ചുവെന്നതാണ് ജോസഫ് വെണ്ടറപ്പിള്ളി അച്ചനെക്കുറിച്ച് എനിക്കു പറയാനുള്ളത്.

ഒരു മാതൃകാ അധ്യാപകൻ, വശ്യവചസായ പ്രഭാഷകൻ, കാര്യക്ഷമതയുടെ കർമ്മയോഗി, ഉള്ളിൽ വെളിച്ചമുള്ള വൈദിക ശ്രേഷ്ഠൻ, സഭാസമിതികളിൽ പക്വതയുടെ ശബ്ദം, ഇങ്ങനെ എത്രയെത്ര വിശേഷണങ്ങളാണ് അദ്ദേഹത്തിന് യോജിക്കുന്നത്!

വെണ്ടറപ്പിള്ളി അച്ചനെ അടുത്തു പരിചയപ്പെടുന്നത് ഞാൻ വൈദികസെമിനാരി പഠനം കഴിഞ്ഞ് സെമിനാരിയിൽ രണ്ടു വർഷക്കാലം ഒരു താൽക്കാലിക നിയോഗം നിർവ്വഹിക്കുമ്പോഴാണ്. അന്നത്തെ പ്രിൻസിപ്പാൾ പോൾ വർഗ്ഗീസ് അച്ചനായിരുന്നു (പിന്നീട് പുണ്യശ്ലോകനായ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനി). ബഹു. അച്ചന്റെ സെക്രട്ടറി, സെമിനാരി ലൈബ്രേറിയൻ, ഓറിയന്റൽ ഓർത്തഡോക്സ് കരിക്കുലം കമ്മിറ്റിയുടെ ആക്ടിംഗ് സെക്രട്ടറി എന്നീ മൂന്നു ചുമതലകൾ നിർവ്വഹിക്കുവാൻ തുടങ്ങിയപ്പോൾ, എനിക്കേറ്റം സഹായകരമായ ഉപദേശങ്ങൾ ലഭിച്ചത് വെണ്ടറപ്പിള്ളി അച്ചനിൽ നിന്നാണ്. ഓറിയന്റൽ ഓർത്തഡോക്സ് സഭകൾക്കുവേണ്ടി പൊതുവായി ഇംഗ്ലീഷ് ഭാഷയിൽ ഒരു സണ്ടേസ്കൂൾ കരിക്കുലം ഉണ്ടാക്കി അതിന് പാഠപ്പുസ്തകങ്ങൾ തയ്യാറാക്കുന്ന ജോലി ഫാ. പോൾ വർഗ്ഗീസിന്റെ പ്രധാന ചുമതലയിൽ നട

ക്കുകയായിരുന്നു. പ്രസ്തുത പ്രോജക്ടിന്റെ ആദ്യ സെക്രട്ടറി ഫാ. ജോസഫ് വെണ്ടറപ്പിള്ളി ആയിരുന്നു. ബഹു. അച്ചൻ സ്കൂൾ അധ്യാപനത്തിലേക്ക് തിരിച്ചുപോയപ്പോൾ, പ്രസ്തുത പ്രോജക്ടിന്റെ ആക്ടിംഗ് സെക്രട്ടറിയായി എന്നെ നിയോഗിച്ചു. അന്ന് ഒരു ശെമ്മാശ്ശനായിരുന്ന എന്നെ പോൾ വർഗ്ഗീസച്ചൻ ജോലികൾ ഏല്പിച്ച് ഒരു എഴുത്തും തന്നു. ആ എഴുത്ത് വെണ്ടറപ്പിള്ളി അച്ചന് വടവുകോട് കൊണ്ടുപോയി കൊടുത്തിട്ട് അച്ചനിൽ നിന്ന് കരിക്കുലം കമ്മിറ്റിയുടെ ചില ഫയലുകൾ വാങ്ങിച്ചുകൊണ്ട് വരുവാൻ ആവശ്യപ്പെട്ടു. വെണ്ടറപ്പിള്ളിയച്ചൻ ഒരു കുഞ്ഞനുജനെപ്പോലെ എന്നെ സ്വീകരിച്ച് ആതിഥ്യം നൽകി തിരിച്ചയച്ചത് ഇന്നും ഓർമ്മയിൽ മാഞ്ഞിട്ടില്ല. അതിലും തെളിഞ്ഞുനിൽക്കുന്ന മറ്റൊരു ഓർമ്മ, കരിക്കുലം കമ്മിറ്റിയുടെ ഒരു മീറ്റിംഗിൽ സംബന്ധിക്കുവാൻ ഈജിപ്തിലെ കെയ്റോയ്ക്ക് പോയതിനോട് ബന്ധപ്പെട്ടാണ്. ആദ്യമായി ഒരു വിദേശയാത്രയ്ക്ക് പോകാനുള്ള ഒരുക്കങ്ങളിൽ പ്രധാനം അന്ന് ഒരു സ്യൂട്ട് സംഘടിപ്പിക്കുന്നതായിരുന്നു. പുതിയ സ്യൂട്ട് എടുക്കാൻ എനിക്ക് സാമ്പത്തിക സൗകര്യമില്ലെന്ന് അറിയാമായിരുന്ന വെണ്ടറപ്പിള്ളിയച്ചൻ, അച്ചന്റെ സ്യൂട്ട് എനിക്ക് ഉപയോഗിക്കുവാൻ നിർബന്ധിച്ചു തന്നത് ഒത്തിരി നന്ദിയോടെ ഞാൻ ഓർക്കുന്നു. പിന്നീട് പല അവസരങ്ങളിലും ബഹു. അച്ചന്റെ വിനയാന്വിതവും, വിശിഷ്ഠവുമായ വ്യക്തിത്വത്തെ അടുത്തറിയുവാൻ ഇടയായിട്ടുണ്ട്. വശ്യമായ സംഭാഷണവും, സൗമ്യമായ പെരുമാറ്റവും, നർമ്മം നിറഞ്ഞ പ്രതികരണങ്ങളും അദ്ദേഹത്തെ എല്ലാവർക്കും പ്രിയങ്കരനാക്കി.

ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ അധ്യാപകനായും, പിന്നീട് സെമിനാരിയുടെ ചില പ്രോജക്ടുകളുടെ ചുമതലക്കാരനായും വെണ്ടറപ്പിള്ളിയച്ചൻ സെമിനാരിയെ സേവിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിലായി "ഹെറിറ്റേജ് 2000 സ്മൃതി" പ്രോജക്ടിന്റെ മുഖ്യ സംഘാടകനും വെണ്ടറപ്പിള്ളി അച്ചനായിരുന്നു.

വെണ്ടറപ്പിള്ളി അച്ചനെ ഓർക്കുമ്പോൾ, ഏറ്റവും ദീപ്തമായ ഒരു സ്മരണ, ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസുമായി അദ്ദേഹത്തിനുണ്ടായിരുന്ന ആഴമുള്ള അടുത്ത ബന്ധമാണ്. വൈദികനായിരിക്കുമ്പോൾ തന്നെ ഫാ. പോൾ വർഗ്ഗീസ്, വെണ്ടറപ്പിള്ളി അച്ചനെ ഒരു വലിയ വിശ്വസ്ത സഹായിയായി കണ്ടെത്തി (ഒരു പക്ഷേ, അയ്മേനികളായിരിക്കുമ്പോൾ തന്നെ അവർ തമ്മിൽ അടുത്തറിഞ്ഞിട്ടുണ്ടാവണം). അവർ തമ്മിലുണ്ടായിരുന്ന ഒരു മാനസികഐക്യം അപൂർവ്വശോഭ പരത്തിയതായിരുന്നു. ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസിലെ അതുല്യപ്രതിഭയെ വെണ്ടറപ്പിള്ളിലച്ചൻ പണ്ടേ തിരിച്ചറിഞ്ഞിരുന്നു. വെണ്ടറപ്പിള്ളിയച്ചനിലെ വിശ്വസ്തനും ബുദ്ധിമാനുമായ സഹായിയെ ഗ്രീഗോറിയോസ്

തിരുമേനി, പണ്ടേ മനസ്സിൽ പ്രത്യേകമായി കരുതിയിരുന്നു. ഉപരിപഠനത്തിനയച്ചതും, ഉത്തരവാദിത്തങ്ങൾ ഏല്പിച്ചതും, ആ ആത്മബന്ധത്തിലെ സ്വാഭാവിക പരിണാമങ്ങൾ മാത്രം. കരിക്കുലം കമ്മിറ്റിയുടെ സെക്രട്ടറി, ഡൽഹി ഭദ്രാസന സെക്രട്ടറി, തലക്കോട് ബാലഭവൻ ചുമതല, സഭാ വർക്കിംഗ് കമ്മിറ്റി, മലങ്കരമെത്രാപ്പോലീത്തായുടെ ആലോചനാസമിതി മുതലായ നിരവധി ചുമതലകളിലേക്ക് ജോസഫ് വെണ്ടറപ്പിള്ളി അച്ചനെ ക്ഷണിച്ചത്, ഗ്രീഗോറിയോസ് തിരുമേനിക്ക് അച്ചനിലുണ്ടായ മതിപ്പിന്റെയും വിശ്വാസത്തിന്റെയും നിദർശനമാണ്.

വെണ്ടറപ്പിള്ളിയച്ചൻ സഭാസ്നേഹത്തിന്റെയും നീതിപൂർവ്വമായ സഭാസമാധാനത്തിന്റെയും ഉജ്ജ്വല വക്താവായിരുന്നു. തന്റെ നിലപാടുകൾക്കും, തീരുമാനങ്ങൾക്കും വേണ്ടി സ്വന്തം ചുറ്റുപാടിൽതന്നെ വലിയ ത്യാഗം അനുഷ്ഠിക്കുകയും വില കൊടുക്കുകയും ചെയ്യേണ്ടിവന്നുവെന്ന് അടുത്തറിയാവുന്നവർക്ക് വ്യക്തമായിട്ടുണ്ട്.

ചുരുക്കത്തിൽ, അദ്ദേഹത്തെക്കുറിച്ച് പറയുവാൻ കഴിയുന്ന ഒരു തിരുവചനം, പണ്ടേ വി. മർക്കോസ് യേശുതമ്പുരാനെക്കുറിച്ച് പറഞ്ഞതാണ്: “അവൻ സകലവും നന്നായി ചെയ്തു” (മർക്കോ. 7:37).

അമേരിക്കയിൽ പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റി പഠനകാലത്ത്

കണ്ണും കണ്ണാടിയുമായ വൈദികൻ

ഫാ. ഡോ. ബിജേഷ് ഫിലിപ്പ്
(പ്രിൻസിപ്പൽ, നാഗ്പൂർ സെന്റ് തോമസ് സെമിനാരി)

ആദരണീയനായ ജോസഫ് വെണ്ടറപ്പിള്ളി അച്ചനെ അധികം അടുത്തറിയാൻ ഇടയായിട്ടില്ലെങ്കിലും അച്ചന്റെ മഹത്വം കേട്ടറിയുവാനും വായിച്ചറിയുവാനും ഇടയായിട്ടുണ്ട്. അച്ചൻ പൗരോഹിത്യ പദവിയിലേക്കു വന്നതിനുശേഷമാണ് എന്റെ ജനനം തന്നെ. ചുരുക്കം സന്ദർഭങ്ങളിലേ എനിക്ക് അച്ചനെ നേരിൽ കാണാൻ കഴിഞ്ഞിട്ടുള്ളൂ. എങ്കിലും സുസ്മേരവദനനായ അച്ചന്റെ ഭാവം എന്നിലൊരു മായാത്ത മുദ്രയാണ് പതിപ്പിച്ചിട്ടുള്ളത്. തന്റെ ചിരിയിലൂടെ മാത്രമല്ല രചനകളിലൂടെയും പ്രഭാഷണങ്ങളിലൂടെയും വിവിധ ഇടപെടലുകളിലൂടെയും വ്യക്തികളുടെയും സഭയുടെയും ജീവിതത്തെ സന്തോഷകരവും സുതാര്യവുമാക്കുവാൻ അച്ചൻ നിരന്തരം ശ്രമിച്ചിരുന്നു എന്നതാണ് സത്യം.

ബഹു. വെണ്ടറപ്പിള്ളി അച്ചന്റെ ഒരമേരിക്കൻ സന്ദർശന സമയം. ഞാൻ സഹവികാരിയായിരുന്ന ബ്രൂക്ക്ലിനിലെ ഒരു പള്ളിയിൽ അച്ചനെ ആദരപൂർവ്വം കൊണ്ടുവരാനായി ബന്ധപ്പെട്ടവരും നാട്ടുകാരും എടുത്ത ഉൽസാഹം ഓർക്കുന്നു. അച്ചന്റെ മകൾ റീനായുടെയും മരുമകൻ ജോൺ ആറ്റുപുറത്തിന്റെയും സ്നേഹസൗഹൃദവും ആതിഥ്യവും സ്വീകരിക്കുവാൻ എനിക്കു ലഭിച്ച അവസരങ്ങളും അച്ചനെ സംബന്ധിച്ച അറിവും ആദരവും വർദ്ധിപ്പിക്കുകയുണ്ടായി.

'ഓർത്തഡോക്സ് യൂത്ത്' മാസികയിലും മറ്റും വന്ന അച്ചന്റെ ചിന്തോദ്ദീപകമായ ലേഖനങ്ങൾ വായനക്കാർക്കു ഹൃദ്യമായ വിരുന്നൊരുക്കുന്നതായിരുന്നു. 'വെള്ളിക്കോൽ' എന്ന തൂലികാനാമത്തിൽ അച്ചനെഴുതിയ ലേഖനങ്ങൾ സ്നേഹത്തിൽ സത്യം സംസാരിച്ച് സഭയെ ശുദ്ധീകരിക്കുവാനും പുതുക്കുവാനുമുള്ള പരിശ്രമമായിരുന്നു. ആ ലേഖനങ്ങൾ സമാഹരിച്ച് പ്രസിദ്ധപ്പെടുത്തിയ പുസ്തകത്തിന്റെ പേരും 'വെള്ളിക്കോൽ' എന്നായിരുന്നു. ഏതാനും പതിറ്റാണ്ടുകൾ മുമ്പുവരെ കേരളത്തിൽ സാധാരണക്കാർ, ചെറിയ ഭാരങ്ങൾ തൂക്കി തിട്ടപ്പെടുത്തുവാൻ ഉപയോഗിച്ചിരുന്ന ഒരു ദണ്ഡായിരുന്നല്ലോ വെള്ളിക്കോൽ. ഈ കോലിന്റെ ഒരറ്റം വണ്ണം കൂടിയതും ലോഹം നിറഞ്ഞ് കനം കൂടിയതും ആയിരിക്കും. കനം കുറഞ്ഞ മറ്റേ അറ്റത്താണ് തൂക്കം അറിയേണ്ട വസ്തുക്കൾ തൂക്കി

യിടുന്നത്. ഈ കോലിന്റെ നടുക്കുള്ള ചരട് മാറ്റി മാറ്റി കയ്യിൽ പിടിച്ച് തൂക്കം നിശ്ചയിക്കും. അച്ചൻ ഉടർത്തിപ്പിടിച്ച വെള്ളിക്കോലിന്റെ കനം കൂടിയ അറ്റം ദൈവരാജ്യമൂല്യങ്ങളുടെയും സുവിശേഷ വെളിച്ചത്തിന്റെയും ആയിരുന്നു. അതിന്റെ മറ്റെ അറ്റത്തായിരുന്നു മനുഷ്യരെ തൂക്കി നോക്കിയിരുന്നത്.

വെള്ളിക്കോൽ എന്ന തൂലികാനാമം എടുത്തതിനു മറ്റൊരു ഉദ്ദേശ്യം കൂടി ഉണ്ടായിരുന്നിരിക്കണം. സാധാരണക്കാരുടെ ഈ തൂക്കുകോലിൽ വെള്ളിയുടെ ഒരംശവും കണ്ടെന്നു വരികയില്ല. വില കുറഞ്ഞ ഏതെങ്കിലും ലോഹം കൊണ്ടുണ്ടാക്കിയതാണെങ്കിലും അത് 'വെള്ളിക്കോൽ' എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്നു. ക്രിസ്തുവിനോടും സുവിശേഷത്തോടും ബന്ധമില്ലാതെ ജീവിക്കുമ്പോഴും ക്രിസ്ത്യാനി എന്ന ഓമനപ്പേരിലറിയപ്പെടുന്ന സഭാംഗങ്ങളുടെ ജീവിതത്തെ തുറന്നു കാണിക്കുന്നതായിരുന്നല്ലോ ആ രചനകൾ. ആർഭാടം ജീവിതശൈലിയാക്കിയിട്ടുള്ളയാൾ 'ജയലളിത' എന്ന പേരിലറിയപ്പെടുന്നതുപോലെയും അനീതിയുടെയും ചൂഷണത്തിന്റെയും പര്യായമായ 'ആദർശ് കുംഭകോണം' പോലെയും ഒരു വലിയ വൈരുദ്ധ്യം 'ക്രിസ്ത്യാനി'യായി അറിയപ്പെടുന്ന പല അൽമായരിലും പൗരോഹിത്യ പദവിയുള്ളവരിലും കാണപ്പെടുന്നു എന്നത് തുറന്നു കാണിച്ച് ഒരു ശുദ്ധീകരണത്തിനുള്ള പരിശ്രമമായിരുന്നു അച്ചന്റേത്.

സഭ ദൈവരാജ്യത്തിന്റെ പ്രതീകവും ഉപകരണവും ആകേണ്ടതാണ്. അതിന്റെ ചെറുഘടകമായ ഓരോ ഇടവകയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സുവിശേഷീകരണത്തിന്റെയും അടയാളവും മാധ്യമവുമാകേണ്ടതാണ്. പലരും ഈ ഉദാത്തമായ ദർശനത്തിനു ഘടകവിരുദ്ധമായി പ്രവർത്തിക്കുന്നതു കണ്ടപ്പോൾ ഉണ്ടായ വേദനയിൽ നിന്നാണ് ഹാസ്യവും വിമർശനവും കലർന്ന തന്റെ സംവേദനങ്ങൾ രൂപപ്പെടുന്നത്. ഒരുദാഹരണത്തിന് അച്ചന്റെ 'അഴുക്കുചാൽ സേവനം' എന്ന ലേഖനത്തിലെ ഏതാനും വാചകങ്ങൾ നോക്കാം. 'ശ്രീമാൻ തുണ്ടംതുരുത്തിയെ കാണുമ്പോഴൊക്കെയും ഞങ്ങളുടെ ഗ്രാമത്തിലെ ഒരു പൊതു ജീവിയായിരുന്ന ഒരു നായയെക്കുറിച്ച് ഓർത്തുപോകും" എന്നു പറഞ്ഞു തുടങ്ങുന്ന ലേഖനത്തിന്റെ മൂന്നാം ഖണ്ഡികയിൽ നായയെക്കുറിച്ച്: "ശ്രദ്ധേയമായ ഒന്ന് അവനിലുള്ളത് സദായുള്ള അവന്റെ പ്രവർത്തനസന്നദ്ധതയാണ്. സാധാരണയിൽ കവിഞ്ഞ് എന്തെങ്കിലും അവന്റെ സഞ്ചാരപഥത്തിലുണ്ടെങ്കിൽ അവനത് മണത്തറിയും. അവിടെ മാന്തിക്കുഴിച്ചു നോക്കും. ചീറ്റിത്തുമ്മിക്കൊണ്ട് മറ്റൊരു സ്ഥലത്തേക്കു പോകും. പോകുന്നിടത്തൊക്കെയും ഈ ദുർഗന്ധത്തിന്റെ സോൾ ഏജന്റും മൊത്ത വ്യാപാരിയും ചില്ലറക്കച്ചവടക്കാരനും അവൻ തന്നെ ആയിരിക്കും.

അത്താഴമുണ്ണാതെ അവൻ കിടന്നുറങ്ങിയിട്ടുണ്ട്. എന്നാലും ഈ സേവനത്തിനു മുടക്കം വരുത്തി അവൻ ഉറങ്ങാറില്ല." ഈ പശ്ചാത്തലത്തിൽ "വാശിയുടെയും വൈരാഗ്യത്തിന്റെയും വ്യാപാരിയും വഴക്കിന്റെയും വെറുപ്പിന്റെയും ഉടമയുമായ തുണ്ടംതുരുത്തിയുടെ സേവനം" സംബന്ധിച്ച വിവരണം നൽകുന്നത് ആരെയും ഇരുത്തി ചിന്തിപ്പിക്കുന്നതാണ്.

ക്രിസ്തുവിന്റെ ശരീരവും സാന്നിദ്ധ്യവുമായി വിളിക്കപ്പെട്ടിരിക്കുന്ന സമൂഹമായ സഭയുടെ ഐക്യവും സമാധാനവും ഉറപ്പുവരുത്തുവാൻ തീവ്രമായി ആഗ്രഹിച്ചിരുന്ന ഒരു വൈദികനായിരുന്നു ബഹു. വെണ്ടറപ്പിള്ളി അച്ചൻ. തന്റെ സഭയിലെ ഭിന്നതകൾ പരിഹരിക്കപ്പെട്ട് സമാധാനം സംസ്ഥാപിതമായ സഭയിൽ വൈദികനായി ശുശ്രൂഷിക്കുവാനുള്ള ആഗ്രഹത്തിലായിരുന്നല്ലോ വൈദികപട്ടം സ്വീകരിക്കുവാനായി ഒരു പതിറ്റാണ്ടിലധികം ശെമ്മാശനായി കാത്തിരുന്നത്. വേദനിപ്പിക്കുന്ന പല അനുഭവങ്ങളും ഉണ്ടായിട്ടും സ്നേഹം നഷ്ടപ്പെടുത്താതെ സത്യത്തിൽ ഉറച്ചു നിന്നുകൊണ്ടുള്ളതായിരുന്നല്ലോ അച്ചന്റെ വൈദിക ശുശ്രൂഷ. ഇടവകകളിലെയും സഭയിലെയും സമൂഹത്തിലെയുമെല്ലാം വിഭാഗീയതകളുടെ ഒരടിസ്ഥാനകാരണം അഹന്തയും ദുരഭിമാനവുമാണെന്ന തികഞ്ഞ ബോധ്യം അച്ചനുണ്ടായിരുന്നു. വൈദിക പദവി അലങ്കരിക്കുന്ന ചിലരെയെങ്കിലും കണ്ടുകൊണ്ട് അച്ചൻ 'മെയ്യനക്കാപറമ്പിലച്ചൻ' എന്ന പേരിലെഴുതിയ ലേഖനത്തിലെ ഒരു ചിന്താശകലം ഇവിടെ കുറിക്കട്ടെ. "ആനപ്പുറത്തിരിക്കുന്നവൻ തന്റെ ഉന്നതിയെക്കുറിച്ച് കണക്കാക്കുന്നതുപോലെ മുന്നണി സ്ഥാനവും മുന്തിയ പങ്കും ലഭിച്ചു ശീലിച്ചുപോയിട്ടുള്ളതുകൊണ്ട് അതിൽതാഴെ എന്തെങ്കിലും അനുഭവിക്കുവാൻ തുടങ്ങുമ്പോൾ വല്ലാത്ത ഒരസ്വസ്ഥത. താഴോട്ട് നോക്കുവാനുള്ള കഴിവ് ഇല്ലാതെയായി." ഇപ്പോഴത്തെ പ. ബാവാതിരുമേനി എറണാകുളം സെന്റ് മേരീസ് പള്ളിയിൽ വൈദികനായി ശുശ്രൂഷ അനുഷ്ഠിക്കുമ്പോൾ സഹവൈദികനായിരുന്ന ബഹു. വെണ്ടറപ്പിള്ളിയച്ചന്റെ 'വെള്ളിക്കോൽ' ലേഖനങ്ങൾ വായിച്ച് ആസ്വദിക്കുകയും ലേഖകനുമായി ചർച്ച ചെയ്യുകയും ചെയ്തിരുന്നെങ്കിലും അത് വെണ്ടറപ്പിള്ളിയച്ചന്റെ ലേഖനങ്ങളായിരുന്നു എന്ന് വർഷങ്ങളോളം അറിഞ്ഞിരുന്നില്ല എന്നത് ഈ വൈദികന്റെ സ്വയം വെറുമയാക്കലിന്റെ ഒരുദാഹരണം മാത്രം.

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വലിയ മാർ ബസ്സേലിയോസ് സഭയിൽ നേതൃത്വം വഹിക്കുന്നവരെ കണ്ണിനോടാണ് ഉപമിക്കുന്നത്. ദൈവത്തെയും ചുറ്റുമുള്ള ലോകത്തെയും കാണേണ്ടതുപോലെ കാണുവാൻ സഹായിക്കുന്ന സഭാഗാത്രത്തിലെ കണ്ണുകളായിരിക്കണം അവർ. ഈ ദർശനം ശരിക്കും ഉൾക്കൊണ്ടു പ്രവർത്തിച്ച ഒരു വ്യക്തിത്വമായിരുന്നു ബഹു. വെണ്ടറപ്പിള്ളിലച്ചൻ. പലർക്കും സ്വയം കാണുവാനും ആത്മ

ശോധന നടത്തുവാനും സഹായിച്ച ഒരു ദർപ്പണവുമായിരുന്നു അദ്ദേഹം. തെളിമയാർന്ന ഈ കണ്ണും കണ്ണാടിയും സംബന്ധിച്ച ഓർമ്മക്കുറിപ്പുകൾ പലർക്കും കാഴ്ചയ്ക്ക് തെളിച്ചമേകുമെന്ന് പ്രത്യാശിക്കുന്നു.



ദുബായിൽ കുട്ടികളോടൊപ്പം ഒരു പ്രാർത്ഥനായോഗത്തിൽ.

അഭിവന്ദ്യ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയോടൊപ്പം.

മലങ്കരസഭയുടെ ധീരനായ പോരാളി

ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട് (വൈദികട്രസ്റ്റി)

മലങ്കരസഭയുടെ മുൻനിര പോരാളികളിൽ ഒരാളായിരുന്നു ബഹു. ജോസഫ് വെണ്ടറപ്പിള്ളിൽ അച്ചൻ. അദ്ദേഹം ജീവിച്ചിരുന്നകാലത്ത് അർ ഹമായത്ര സ്ഥാനങ്ങൾ അദ്ദേഹത്തിനു ലഭിച്ചുവോ എന്നു സംശയമുണ്ട്. ഒരു സ്ഥാനമോഹിയല്ലാതിരുന്നതിനാൽ അതിൽ അദ്ദേഹത്തിനു കുണ്ഠി തമുണ്ടായിരുന്നിരിക്കില്ല. കാലശേഷവും അദ്ദേഹത്തെ സംബന്ധിക്കുന്ന ഒരു പുസ്തകം ഉണ്ടാകുവാൻ ഇത്രയും കാത്തിരിക്കേണ്ടി വന്നു. ഈ വൈകിയവേളയിലെങ്കിലും ബഹു. വെണ്ടറപ്പിള്ളിൽ അച്ചനെ കുറിച്ച് ഒരു ലേഖന സമാഹാരം പ്രസിദ്ധീകരിക്കുവാൻ ഉൾക്കാഴ്ചയുണ്ടായവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

കഴിഞ്ഞ നൂറ്റാണ്ടിന്റെ എഴുപതുകളുടെ ആരംഭത്തിൽ, മലങ്കരസഭ യിൽ വീണ്ടും കക്ഷിവഴക്കുകൾ തലപൊക്കിതുടങ്ങിയ കാലത്താണ് ഞാൻ ആദ്യമായി അച്ചനെ കാണുന്നത്. സഭയിലെ വേർതിരിവിന്റെ ആദ്യ ഘട്ടമായിരുന്നതിനാൽ ആര് എവിടെ നിൽക്കുന്നു എന്നൊന്നും വ്യക്തമായിരുന്നില്ല. ഒർത്തഡോക്സ് സഭയുടെ വിശ്വാസ സംഹിതകൾ സാധാരണക്കാരനു പകർന്നുകൊടുത്ത് അവരെ സഭയിൽ ഉറപ്പിച്ചു നിർത്തുന്നതിനായി എന്റെ പിതാവ് (കോനാട്ട് അബ്രഹാം മൽപ്പാൻ) നടത്തിക്കൊണ്ടിരുന്ന ക്ലാസുകളിൽ ഒരിടത്തുവച്ചാണ് അച്ചനെ ആദ്യ മായി പരിചയപ്പെടുന്നത്. അന്ന് വെണ്ടറപ്പിള്ളിൽ അച്ചൻ ചോദിച്ച ചോദ്യ ങ്ങളും, ഉയർത്തിയ സംശയങ്ങളും എല്ലാം ഒരു തികഞ്ഞ അന്ത്യോഖ്യൻ ഭക്തന്റേതായിരുന്നു. പാത്രിയർക്കീസ് വിഭാഗത്തിൽപെട്ട ഏതോ ഒരു വൈദികൻ എന്നു മാത്രമേ അന്ന് അച്ചനെക്കുറിച്ച് ഞാൻ മനസിലാക്കി യുള്ളു. എന്നാൽ ഏതാനും മാസങ്ങൾക്കുശേഷം വീണ്ടും ഞാൻ അച്ചനെ കുറിച്ചു കേൾക്കുന്നത് ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി സധൈര്യം പോരാടുന്ന ഒരു ശ്രേഷ്ഠ വൈദികൻ എന്ന നിലയിലാണ്. മലങ്കരസഭയുടെ ഭരണസംവിധാനത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് എത്രമാത്രം സേവനങ്ങൾ സഭയ്ക്ക് നൽകാമോ അത്ര മാത്രം നൽകിയിരുന്നു.

1934-ലെ സഭാ ഭരണഘടന അനുസരിച്ച് മലങ്കരമെത്രാപ്പോലീ ത്തായും, കാതോലിക്കായുമായ സഭാതലവനിൽ വളരെ അധികാരങ്ങൾ

നിക്ഷിപ്തമാണ്. "മലങ്കരസഭയുടെ ലൗകികവും, വൈദികവും, ആത്മികവുമായ ഭരണത്തിന്റെ പ്രധാന ഭാരവാഹിത്വം ഈ ഭരണഘടനയ്ക്കു വിധേയമായി മലങ്കരമെത്രാപ്പോലീത്തായിൽ നിക്ഷിപ്തമാകുന്നു" (ക്ലോസ് 94). എന്നാൽ അദ്ദേഹത്തോടൊപ്പം ഭരണത്തിൽ സജീവ പങ്കാളിത്തം വഹിക്കുന്ന സമിതികളുണ്ട്. പണം ക്രയവിക്രയം ചെയ്യുന്നതിനുള്ള അധികാരം സഭാതലവനു മാത്രമാണ് എങ്കിലും സമിതികളുടെ ശുപാർശ അനുസരിച്ചു മാത്രമേ പണമിടപാടുകൾ നടത്താനാവൂ. "ഏതെങ്കിലും സംഗതിക്ക് മലങ്കര ഇടവകയുടെ പണം ചിലവാക്കേണ്ടിവന്നാൽ മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ഭൂരിപക്ഷവും, മാനേജിംഗ് കമ്മിറ്റിയുടെ മേൽപ്പട്ടക്കാർ ഒഴിച്ചുള്ള അംഗങ്ങളുടെ ഭൂരിപക്ഷവും യോജിക്കേണ്ടതാകുന്നു" (ക്ലോസ് 83). മാനേജിംഗ് കമ്മിറ്റിയിൽ പട്ടക്കാർക്കും, ജനങ്ങൾക്കും പ്രാതിനിദ്ധ്യമുണ്ട്. സഭയുടെ പ്രധാന പ്രവർത്തനങ്ങളായ സ്ക്കൂളുകൾ, കോളജുകൾ, ആശുപത്രികൾ, മുതലായവയുടെ നടത്തിപ്പ്, സഭയുടെ സാമ്പത്തിക കാര്യങ്ങളുടെ മേൽനോട്ടം മുതലായ എല്ലാക്കാര്യങ്ങൾക്കും മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടുന്ന പ്രത്യേകം സമിതികളുണ്ട്. മാനേജിഗ് കമ്മിറ്റിയുടെ പ്രവർത്തകസമിതിയായി വർക്കിംഗ് കമ്മിറ്റിയുണ്ട്. അതിൽ സ്ഥാനന്യായേന തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാനികളും, മലങ്കരമെത്രാപ്പോലീത്താ നാമനിർദ്ദേശം ചെയ്യുന്ന ഏതാനും പേരും ഉൾപ്പെടുന്നു. മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പാക്കുന്നതോടൊപ്പം, കമ്മിറ്റി മീറ്റിംഗുകളുടെ അജണ്ട നിശ്ചയിക്കുന്നതും വർക്കിംഗ് കമ്മിറ്റിയാണ്. ഈ ചെറിയ കമ്മിറ്റി തന്നെയാണ് മലങ്കര മെത്രാപ്പോലീത്തായുടെ ആലോചനാ സമിതിയായും പ്രവർത്തിക്കുന്നത്. സഭയുടെ ഉന്നതസമിതികളിൽ ഒന്നാണ് വർക്കിംഗ് കമ്മിറ്റി. ചുരുക്കി പറഞ്ഞാൽ എപ്പിസ്ക്കോപ്പന്മാരും, വൈദികരും, ജനങ്ങളും ഒരുമിച്ച് സൗഹാർദ്ദവും, സ്നേഹവും പുലരുന്ന സാഹചര്യത്തിൽ സഭാഭരണം നടത്തണമെന്നായിരുന്നു ഭരണഘടനയ്ക്കു രൂപംനൽകിയ പിതാക്കന്മാരുടെ ഉൾക്കാഴ്ച.

വിശ്വാസം, പട്ടത്വം, അച്ചടക്കം എന്നീ വിഷയങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരം എപ്പിസ്ക്കോപ്പൽ സുന്നഹദോസിനാണ്. അവിടെയും ഒരു സമിതിക്കാണ് വ്യക്തിക്കല്ല പ്രാധാന്യം. മെത്രാന്മാരെക്കുറിച്ചോ കാതോലിക്കായെക്കുറിച്ചോ പരാതി ഉണ്ടായാൽ തീർപ്പുകൽപ്പിക്കേണ്ടതും ഈ സമിതി തന്നെ. എന്നാൽ ഈ ഉന്നതാധികാര സമിതിയിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് വൈദികരും ജനങ്ങളും ചേർന്നാണ്. ഓരോ ഇടവകയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളെ കൂട്ടി രൂപീകരിക്കുന്ന സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ തിരഞ്ഞെടുത്താലേ ഒരാൾക്ക് മെത്രാനാകാൻ കഴിയൂ. അവരുടെ തിര

ഞ്ഞെടുപ്പ് സാധുവാകണമെങ്കിൽ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അംഗീകാരം അനിവാര്യവുമാണ്. സഭാതലവൻ തന്നെ മേൽപ്പട്ടക്കാരെ നോമിനേറ്റ് ചെയ്യുന്ന പതിവാണ് മറ്റു മിക്കവാറും ഓർത്തഡോക്സ് സഭ കളിൽപോലും നിലവിലുള്ളത്. ഇക്കാര്യത്തിൽ മലങ്കരസഭ വളരെ പുരോ ഗമനപരമായ ഒരു കാഴ്ചപ്പാടാണ് സ്വീകരിച്ചിട്ടുള്ളത്.

ഇതേ അസോസിയേഷൻ തന്നെയാണ് സഭാസ്വത്തുക്കളുടെ പ്രധാന ട്രസ്റ്റിയായ മലങ്കരമെത്രാപ്പോലീത്തായെയും അദ്ദേഹത്തോടൊപ്പം പ്രവർ ത്തിക്കുന്ന കൂട്ടു ട്രസ്റ്റികളായ അത്മായ ട്രസ്റ്റിയെയും, വൈദികട്രസ്റ്റി യെയും തിരഞ്ഞെടുക്കുന്നത്. സാമ്പത്തിക ക്രയവിക്രയങ്ങളുടെ ചുക്കാൻ പിടിക്കുന്ന മാനേജിംഗ് കമ്മിറ്റിയെയും ഇവർതന്നെ തിരഞ്ഞെ ടുക്കുന്നു. മേൽപറഞ്ഞ തിരഞ്ഞെടുപ്പുകളെ ഒന്നും സുന്നഹദോസ് വീണ്ടും അംഗീകരിക്കേണ്ടതില്ല. ജനപങ്കാളിത്തത്തിന്റെ പ്രാധാന്യമാണ് ഇതു സൂചിപ്പിക്കുന്നത്. അസോസിയേഷൻ സെക്രട്ടറിയെ തിരഞ്ഞെടു ക്കുന്നത് മാനേജിംഗ് കമ്മിറ്റിയാണ്. എന്നാൽ അദ്ദേഹത്തിന്റെ തിരഞ്ഞെ ടുപ്പിനെ സഭാതലവൻ അംഗീകരിക്കേണ്ടതുണ്ട്.

ഇടവകതലത്തിലും, ഭദ്രാസനതലത്തിലും, സഭാതലത്തിലും, ജനങ്ങ ളുടെയും വൈദികരുടെയും മേൽപ്പട്ടക്കാരുടെയും സഹകരണത്തോടെ സഭാഭരണം നടത്തുന്നതിനാണ് ഈ ഭരണഘടന പ്രാധാന്യം നൽകു ന്നത്. വൈദികസ്ഥാനികൾക്ക് മുമ്പത്വമുണ്ട് എങ്കിലും അത് ഭരണഘ ടനാ വ്യവസ്ഥകളനുസരിച്ചേ നിർവഹിക്കാനാവൂ. അതുകൊണ്ടുതന്നെ യാണ് മലങ്കരസഭ എപ്പിസ്ക്കോപ്പലോ കോൺഗ്രിഗേഷനലോ എന്ന ചോദ്യത്തിന് ഉത്തരമായി, 1995-ലെ സുപ്രീംകോടതി വിധിയിൽ അടിവ രയിട്ടു പറഞ്ഞിരിക്കുന്നത്; “All we need hold is that it (Malankara Church) is episcopal to the extent it is so declared in the 1934 constitution.” പൂർ ണ്ണമായും എപ്പിസ്ക്കോപ്പൽ എന്നോ കോൺഗ്രിഗേഷണൽ എന്നോ പറയാതെ രണ്ടിനും മദ്ധ്യേയുള്ള ഒരു പാതയാണ് കോടതി സ്വീകരിച്ചത്.

ശ്രേഷ്ടമായ ഈ ഭരണഘടനയുടെ ഉള്ളിൽ നിന്നുകൊണ്ട് തന്നാൽ കഴിയുന്നതെല്ലാം സഭയ്ക്കുവേണ്ടി ചെയ്ത ഉത്തമ ഭരണ സാരഥിയാ യിരുന്നു ബഹു. വെണ്ടറപ്പിള്ളിൽ അച്ചൻ. അക്കാലത്ത് സഭയെ നയിച്ചി രുന്ന പ. ബസേലിയോസ് മാത്യൂസ് പ്രഥമൻ, മാത്യൂസ് ദ്വിതീയൻ എന്നീ കാതോലിക്കാബാവാമാരുടെ മുഖ്യ ഉപദേഷ്ടാക്കളിൽ ഒരുവനായിരുന്നു അദ്ദേഹം. ദീർഘകാലം സഭയുടെ ഉന്നതസമിതിയായ വർക്കിംഗ് കമ്മി റ്റിയിലെയും, കാതോലിക്കാബാവാമാരുടെ ആലോചനാ സമിതിയിലെയും അംഗമായി പ്രവർത്തിച്ചു. വടക്കൻ ഭദ്രാസനങ്ങളെ സംബന്ധിച്ച് എന്തു തീരുമാനമെടുക്കുമ്പോഴും ബഹു. വെണ്ടറപ്പിള്ളിൽ അച്ചനോട് പിതാക്ക

ന്മാർ അഭിപ്രായം ചോദിച്ചിരുന്നു. സത്യത്തെ തിരിച്ചറിയുന്നതിനും, തെറ്റു കണ്ടാൽ എതിർക്കുന്നതിനും അച്ചന് മടിയില്ലായിരുന്നു. തെറ്റു ചെയ്യുന്ന വൻ ആരായിരുന്നാലും, മുഖംനോക്കാതെ വിമർശിക്കുവാനുള്ള കരുത്ത് അദ്ദേഹത്തിനുണ്ടായിരുന്നു. ഒരുപക്ഷേ പിതാക്കന്മാർ തങ്ങളുടെ ഉപദേഷ്ടാവായി അദ്ദേഹത്തെ കൂടെ ചേർത്തുനിർത്തിയതും ഈ സ്വഭാവ ഗുണം കൊണ്ടായിരുന്നിരിക്കാം. അന്ത്യോഖ്യൻ അനുഭാവികളുടെ നടുവിൽ വളർത്തപ്പെട്ടിട്ടും, ഓർത്തഡോക്സ് സഭയുടെ നിലപാടുകളെ ജീവിതാന്ത്യം വരെ പിന്താങ്ങിയതിന്റെയും കാരണം ഈ സത്യസന്ധത തന്നെയാവണം.

മലങ്കരസഭയുടെ വടക്കൻ പ്രദേശത്തെ ഉരുക്കുകോട്ടയായിരുന്നു അദ്ദേഹം. പ്രശ്നങ്ങളുള്ളിടത്ത് രാപകലില്ലാതെ അദ്ദേഹം ഓടിയെത്തുമായിരുന്നു. സഭാപ്രശ്നങ്ങൾ ചർച്ച ചെയ്യുവാൻ നിരന്തരം എന്റെ പിതാവിനെ സന്ദർശിക്കുമായിരുന്നു. ആലുവാ തൃക്കുന്നത്തു സെമിനാരിയിലേക്ക് പാത്രിയർക്കീസ് വിഭാഗം സംഘടിപ്പിച്ച "ഗ്രേറ്റ് മാർച്ചി"ന്റെയും മറ്റും സമയത്ത് ഗവൺമെന്റ് അധികാരികളെ കാണുന്നതിനും സത്യാവസ്ഥ അവരെ ധരിപ്പിക്കുന്നതിനും എല്ലാം ഓടിനടന്നവരിൽ പ്രധാനിയായിരുന്നു വെണ്ടറപ്പിള്ളിൽ അച്ചൻ. ഒരു അദ്ധ്യാപകൻ എന്ന നിലയിലുള്ള തന്റെ ഔദ്യോഗിക ചുമതലകളോടൊപ്പം ഇത്രയുമെല്ലാം ചെയ്തു തീർക്കാൻ അദ്ദേഹത്തിന് സാധിച്ചതെങ്ങിനെയെന്ന് അതിശയം തോന്നിപ്പോകുന്നു. സ്നേഹമുള്ള അയൽക്കാരുടെ വിലയിരുത്തൽ, "സഭയ്ക്കു വേണ്ടി മാത്രം ഉഴിഞ്ഞുവച്ച ഒരു ജീവിതമായിരുന്നു അച്ചന്റേത്. അച്ചനെ വീട്ടിൽ കാണുന്നതു തന്നെ ചുരുക്കമായിരുന്നു. എന്നും സഭാപ്രശ്നങ്ങളുടെ പിന്നാലെയുള്ള ഓട്ടമായിരുന്നു. അമ്മായിയും മക്കളും മിക്കവാറും വീട്ടിൽ തനിച്ചായിരുന്നു. ഇതിനെല്ലാം ഇടയിൽ ഞങ്ങളുടെയെല്ലാം വീടുകളിൽ എന്തെങ്കിലും ആഘോഷങ്ങളോ മറ്റ് അത്യാവശ്യങ്ങളോ വന്നാൽ അവിടെയും അച്ചൻ പാഞ്ഞെത്തുമായിരുന്നു."

വിശ്രമമില്ലാത്ത ഈ ഓട്ടത്തിനിടയിലും തന്റെ ബൗദ്ധികമായ കഴിവുകളെ പ്രചോദിപ്പിക്കാൻ അച്ചൻ സമയം കണ്ടെത്തിയിരുന്നു. സഭാ പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹം എഴുതിയിട്ടുള്ള ലേഖനങ്ങൾ നിരവധിയാണ്. "വെള്ളിക്കോൽ" എന്ന തൂലികാനാമത്തിൽ, അളന്നു തൂക്കിയ അഭിപ്രായങ്ങളാണ് വെണ്ടറപ്പിള്ളിൽ അച്ചൻ പൊതുജന സമക്ഷത്തിൽ അവതരിപ്പിച്ചിരുന്നത്.

മലങ്കരസഭയ്ക്ക് ഒരിക്കലും മറക്കാവാനാത്ത വ്യക്തിയായിരുന്നു ബഹു. ജോസഫ് വെണ്ടറപ്പിള്ളിൽ അച്ചൻ. ആധുനിക നേതാക്കൾ അദ്ദേഹത്തിൽ നിന്നും പഠിക്കേണ്ടിയിരിക്കുന്നു.

വാഗ്മിയും അദ്ധ്യാപകനും

ഫാ. ഡോ. റജി മാത്യു

മലങ്കരസഭയുടെ ഇരുപതാം നൂറ്റാണ്ടിന്റെ ചരിത്രത്തിൽ വിളങ്ങിനിന്ന ഒരു ഉജ്വല പ്രതിഭയായിരുന്നു പുണ്യശ്ലോകനായ ഫാ. ജോസഫ് വെണ്ട്രപ്പിള്ളി. അദ്ദേഹത്തിന്റെയത്രയും സഭാസ്നേഹവും, നേതൃപാടവവും, അദ്ധ്യാപനചാതുര്യവും, ദീർഘദർശനവുമുണ്ടായിരുന്ന വൈദികർ സഭയിൽ ചുരുക്കമായേ ഉണ്ടായിട്ടുള്ളു. അതുകൊണ്ടാണല്ലോ ക്രാന്തദർശിയായിരുന്ന ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി അദ്ദേഹത്തെ സഭയുടെ നേതൃനിരയിലേക്കു നയിക്കുകയും വളരെയേറെ ഉത്തരവാദിത്തങ്ങളുള്ള ചുമതലകൾ ഏൽപിക്കുകയും ചെയ്തത്. എന്നേക്കാൾ വളരെ മുതിർന്ന ഒരു വൈദികനായിരുന്നതുകൊണ്ട്, വളരെ ചുരുക്കം അവസരങ്ങളിൽ മാത്രമേ അദ്ദേഹത്തെ കാണുവാനും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിയാകുവാനും സാധിച്ചിട്ടുള്ളു. എന്നാൽ അത്തരം ചുരുങ്ങിയ സന്ദർഭങ്ങൾ കൊണ്ടുതന്നെ എന്റെ ഹൃദയത്തിൽ സ്ഥായിയായ മുദ്ര പതിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു എന്നതാണ് ആ വ്യക്തിത്വത്തിന്റെ മഹിമ. അദ്ദേഹത്തെപ്പറ്റി കേൾക്കുവാനും, അദ്ദേഹത്തിന്റെ സംഭാവനകൾ തിരിച്ചറിയുവാനും അനേകം അവസരങ്ങൾ ലഭിച്ചു എന്നുള്ളതു മറച്ചുവെയ്ക്കുന്നില്ല. ഞാൻ വെണ്ട്രപ്പിള്ളി അച്ചനിൽ കണ്ട പ്രധാന സവിശേഷതകൾ താഴെ പറയുന്നവയാണ്.

ഒന്നാമത് ഞാൻ അദ്ദേഹത്തിൽ കണ്ടത് ഒരു ഉജ്വല പ്രസംഗകനെയാണ്. 1981-ൽ സെമിനാരിയിൽ വിദ്യാർത്ഥിയായി പോകുമ്പോൾ സഭയിലെ പ്രഗത്ഭരായ മെത്രാപ്പോലീത്തന്മാരെയും, വൈദികരെയും, അത്മായ പ്രമുഖരെയും വളരെ ചുരുക്കമായേ മനസ്സിലാക്കിയിരുന്നുള്ളു. ഒരു വൈദികൻ എന്നു പറഞ്ഞാൽ ആരാണ് എന്നുള്ളത് എന്റെ ഇടവകയിൽ സേവനമനുഷ്ഠിച്ച വൈദികരുടെ സേവനത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. അവരിലാരുംതന്നെ വലിയ പ്രസംഗകരായിരുന്നില്ല. ഏവൻഗേലിയോൻ ഭാഗത്തെപ്പറ്റി എന്തെങ്കിലുമൊക്കെ പറഞ്ഞവസാനിപ്പിക്കുന്ന സാധാരണ വൈദികരിൽ പലരും വർഷങ്ങളായി പറഞ്ഞയാശയങ്ങൾ ആവർത്തിക്കുകയാണല്ലോ പതിവ്. യുവജനപ്രസ്ഥാനത്തിന്റെയും എം.ജി.ഒ.സി.എസ്.എം. ന്റെയും വാർഷിക സമ്മേളനങ്ങളിൽ ചിലരൊക്കെ പ്രസംഗിച്ചു കേട്ടിട്ടുണ്ടായിരുന്നു എന്നു മാത്രം. പക്ഷേ പ്രസംഗകലയുടെ ശൈലികൾ മനസ്സിലാക്കി അവയൊന്നും ശ്രവിക്കുവാനുള്ള ചാതുര്യം അന്നെങ്ങും ഞാൻ സ്വായത്തമാക്കിയിരുന്നുമില്ല. സെമിനാരിയിൽ ചേർന്ന ആദ്യ വർഷമാണെന്നാ

ണെന്റെ ഓർമ്മ. അവിടെ ഒരു സെമിനാർ നടക്കുകയുണ്ടായി. അതിൽ ഒരു പ്രബന്ധം അവതരിപ്പിച്ചതു ബഹു. വെള്ളേപ്പിള്ളി അച്ചനാണ്. അദ്ദേഹം വേദിയിൽ കയറിയത് ഒരു ഫയലുമായി ആയിരുന്നു എന്നുള്ളത് ഇന്നെന്നപോലെ എന്റെ മനസ്സിൽ തെളിഞ്ഞുവരുന്നു. വാസ്തവത്തിൽ നോട്ടു തയ്യാറാക്കി വന്ന് പ്രസംഗിക്കുന്ന ഒരാളെ ഞാൻ ശ്രദ്ധിക്കുന്നത് അന്നായിരുന്നു. തനിക്കു ലഭിച്ച വിഷയത്തെപ്പറ്റി നല്ല ഒരു പഠനം നടത്തി വളരെ അടുക്കും ചിട്ടയോടുംകൂടി അദ്ദേഹം തന്റെ ആശയങ്ങൾ ഒന്നൊന്നായി നിരത്തിവെച്ചത് ഓർമ്മയിൽ വരുന്നു. തികഞ്ഞ ഒരു അദ്ധ്യാപകന്റെ നിറവോടും ആത്മാർത്ഥതയോടും കൂടി പ്രസംഗിച്ച അദ്ദേഹത്തെ സദസ്സ് അക്ഷരാർത്ഥത്തിൽ നിശ്ശബ്ദതയോടെ ശ്രവിച്ചതു ഞാനോർക്കുന്നു. തിളക്കമുള്ള കണ്ണുകളോടെയും, പ്രസന്നതയുള്ള മുഖത്തോടും കൂടി അദ്ദേഹം സ്റ്റേജിൽ നിന്നും തന്റെ ദൗത്യം നിർവഹിച്ചത് ദൈവിക ആത്മാവിൽ തന്നെയായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. വിശ്വപ്രസിദ്ധ ഗ്രീക്കു ചിന്തകനായിരുന്ന അരിസ്റ്റോട്ടിൽ തന്റെ ഗ്രന്ഥമായ The Art of Rhetoric-ന്റെ മൂന്നാം ഭാഗം തുറക്കുന്നത് താഴെ പറയുന്ന കാര്യങ്ങളോടെയാണ്: “In making a speech one must study three points: first, the means of producing persuasion; second, the style, or language, to be used; third, the proper arrangement of the various parts of speech.” വെള്ളേപ്പിള്ളി അച്ചന്റെ പ്രഭാഷണങ്ങളിൽ എല്ലാംതന്നെ ഈ മൂന്നു തത്വങ്ങളും അടിസ്ഥാനമായി ഉണ്ടായിരുന്നു എന്നതു ശ്രോതാക്കളേവരും സമ്മതിക്കുന്ന വസ്തുതയാണ്. അതിൽ തന്നെ style of expression നെപ്പറ്റി അരിസ്റ്റോട്ടിൽ പറയുന്നു: “It is essentially, a matter of the right management of the voice to express various emotions - of speaking loudly, softly, or between the two; of high, low, or intermediate pitch; of the various rhythms that suit various subjects. These are the three things - volume of sound, modulation of pitch, and rhythm - that a speaker bears in mind.” എനിക്കു തോന്നുന്നു ഈ മേഖലയിലായിരുന്നു അദ്ദേഹത്തിന്റെ പ്രാവീണ്യം. പല പ്രസംഗകരും സദസ്സുമായി സംവദിക്കുന്നതിൽ പരാജയപ്പെടുമ്പോൾ വെള്ളേപ്പിള്ളി അച്ചനെപ്പോലുള്ളവർ സദസ്സിനെ കൈയിലെടുക്കുന്നത് ഈ മാസ്മരവിദ്യയാലാണ്. ആഴമായ അറിവുള്ളവർക്കേ മെയ്വഴക്കമുള്ള ഒരു അഭ്യാസിയെപ്പോലെ അവതരണത്തിൽ ഈ ഞാണിന്മേൽകളി നടത്തുവാൻ സാധിക്കുകയുള്ളു. ഭാഷാസ്വാധീനം അതിലേറെ പ്രധാനമാണല്ലോ.

രണ്ടാമത്, ഞാൻ വെള്ളേപ്പിള്ളി അച്ചനെ ഓർക്കുന്നതു സണ്ടേസ്കൂൾ പ്രസ്ഥാനവുമായി ബന്ധപ്പെടുത്തിയാണ്. ഒരു വ്യാഴവട്ടക്കാലം നീണ്ടുനിന്ന നാഗ്പൂർ സെമിനാരിയിലെ എന്റെ ശുശ്രൂഷയിൽ ധാരാളം സമയം ചിലവഴിക്കപ്പെട്ടത് സണ്ടേസ്കൂൾ പ്രസ്ഥാനത്തിനായിട്ടായിരുന്നു. എന്നെ

സംബന്ധിച്ച് സഹപ്രവർത്തകരുടെ ഒരു വിമർശനവും അതായിരുന്നു. സെമിനാരി പ്രിൻസിപ്പൽ സണ്ടേസ്കൂളിനായി ധാരാളം സമയം മാറ്റി വെയ്ക്കുന്നു. എന്നാൽ വ്യക്തിപരമായി പറഞ്ഞാൽ ഞാനേറ്റം സന്തോഷിച്ച ഒരു പ്രവർത്തനമേഖല അതായിരുന്നു. പ്രത്യേകിച്ചും ബാഹ്യകേരളത്തിലെ (Outside Kreala Region) സണ്ടേസ്കൂൾ സിലബസ് പരിഷ്കരണം ദൈവകൃപയാൽ നന്നായി നിർവ്വഹിച്ചു എന്ന ചാരിതാർത്ഥ്യവും എനിക്കുണ്ട്. സിലബസ് പരിഷ്കരണത്തിന്റെ ഭാഗമായി ഞാൻ ഒരു പഠനം നടത്തിയപ്പോഴാണ് അതുവരെ എന്റെ ശ്രദ്ധയിൽപെടാത്ത 'ഓറിയന്റൽ ഓർത്തഡോക്സ് കരിക്കുലം' മനസ്സിലാക്കിയത്. ബഹു. വെണ്ടപ്പിള്ളി അച്ചൻ പ്രസിദ്ധീകരിച്ച കരിക്കുലം ഇന്നും ഒരു നിധിയായി സഭ സൂക്ഷിക്കുന്നു. 1962-ൽ പാരീസിൽ കൂടിയ ഡബ്ലിയു.സി.സി. യുടെ സെൻട്രൽ കമ്മിറ്റിയുടെ സമയമാണ് ഓറിയന്റൽ ഓർത്തഡോക്സ് സഭകൾക്ക് പൊതുവായി ഒരു പാഠ്യപദ്ധതി ഉണ്ടാവണമെന്നുള്ള ചർച്ച അനൗദ്യോഗികതലത്തിൽ രൂപംകൊണ്ടത്. World Council of Christian Education ഇതിന്റെ സാമ്പത്തിക ബാധ്യതയേറ്റെടുത്തതോടെ പദ്ധതി നടക്കുമെന്നായി. എത്യോപ്യൻ ചക്രവർത്തിയായിരുന്ന Haile Sellassie നേതൃത്വം നൽകി 1965-ൽ ആഡിസ് അബാബയിൽ ചേർന്ന Conference of the Oriental Orthodox Patriarchs കരിക്കുലം റിവിഷനായി ഒരു സ്റ്റാൻഡിംഗ് കമ്മിറ്റി ഉണ്ടാക്കുകയും 1967-ൽ ഈ കമ്മിറ്റി കരിക്കുലത്തെ സംബന്ധിച്ച് സുപ്രധാനങ്ങളായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. അതിലൊന്നായിരുന്നു അന്നു രൂപംകൊണ്ട Curriculam Editorial Committee. ഈ എഡിറ്റോറിയൽ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ ഫാ. ടി. പോൾ വറുഗീസും (അഭി. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി) എഡിറ്റോറിയൽ സെക്രട്ടറി ബഹു. ജോസഫ് വെണ്ടപ്പിള്ളിയുമായിരുന്നു. സിറിയയിൽ നിന്നും, എത്യോപ്യയിൽ നിന്നും, അർമ്മീനിയായിൽ നിന്നും, ഈജിപ്റ്റിൽ നിന്നും ഉള്ള പ്രതിനിധികൾ കൂടാതെ ഡബ്ലിയു.സി.സി. യുടെ പ്രതിനിധികളും ഈ കമ്മിറ്റിയിലെ അംഗങ്ങളായിരുന്നു. ആരായിരിക്കണം എഡിറ്റോറിയൽ കമ്മിറ്റിയുടെ സെക്രട്ടറി എന്നുള്ളത് 1967-ലെ സ്റ്റാൻഡിംഗ് കമ്മിറ്റി നിർവ്വചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ യോഗ്യതകൾ താഴെ പറയുന്നവയായിരുന്നു:

a) Sufficient background in Orthodox Theology and Tradition.

b) Some experience in Church School teaching and some possibility of experimenting with materials.

c) Some knowledge of Child Psychology.

d) An adequate mastery of the English language and some writing ability.

e) Some ecumenical background and experience.

ബഹു. ജോസഫ് വെണ്ട്രപ്പിള്ളി അച്ചനിൽ ഇപ്പറഞ്ഞ അഞ്ച് യോഗ്യതകളും ഉണ്ടായിരുന്നതിനാലായിരുന്നു അദ്ദേഹത്തെ തന്നെ ആ ചുമതല ഏൽപിച്ചത്. അദ്ദേഹം തന്റെ കർത്തവ്യം ദൈവസാന്നിധ്യബോധത്തോടും, തികഞ്ഞ ആത്മാർത്ഥതയോടെയും, സഭൈക്യആത്മാവിലും പൂർത്തീകരിച്ചു എന്നുള്ളത് അന്നിറങ്ങിയ Oriental Orthodox Curriculam ത്തിന്റെ പുസ്തകങ്ങൾ വായിച്ചിട്ടുള്ളവർക്കും, പഠിപ്പിച്ചിട്ടുള്ളവർക്കും ബോധ്യമാവുന്ന സംഗതിയാണ്.

ബഹുമാനപ്പെട്ട അച്ചന്റെ സ്മരണികയായി പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥത്തിൽ അദ്ദേഹത്തെപ്പറ്റി എഴുതാനായതിൽ സന്തോഷിക്കുകയും സംഘാടകരോടുള്ള നന്ദിയറിയിക്കുകയും ചെയ്യുന്നു.

സഭൈക്യത്തിന്റെ ആശാനും സേവനത്തിന്റെ ആവേശവും

കെ. വി. മാമ്മൻ കോട്ടയ്ക്കൽ

(റിട്ട. അസി. എഡിറ്റർ, മലയാള മനോരമ)

കത്തിജ്വലിക്കുന്ന വികാരാവേശങ്ങളുടെ തിരമാലകളിൽപെട്ടു പൊങ്ങുകയും താഴുകയും ചെയ്യുന്നവരും പതഞ്ഞുയർന്നു പതുക്കെ അടിയുന്ന വിചാരങ്ങളുടെ സ്വാധീനത്തിൽ പക്വതയോടെ നീങ്ങുന്നവരും എന്നു മനുഷ്യരെ രണ്ടായി തിരിക്കാമെങ്കിൽ ഫാ. ജോസഫ് വെണ്ടറപ്പിള്ളി രണ്ടാമത്തെ വിഭാഗത്തിൽ വരുമെന്നുള്ളതിനു രണ്ടുപക്ഷമില്ല. നാലു ദശാബ്ദത്തോളം അച്ചനെ അടുത്തറിയാവുന്ന ഒരാൾ എന്ന നിലയിൽ അദ്ദേഹം വിദ്യാഭ്യാസം, ഭരണം, സേവനം എന്നീ ത്രിമുഖ രംഗങ്ങളിൽ അത്യധികം ശോഭിച്ചു കടന്നുപോയ ഒരു ഉത്തമ വൈദികനാണെന്നു സ്ഥാപിക്കാൻ ആരുടെയും ഒത്താശയൊന്നും ആവശ്യമില്ല.

മലങ്കരസഭയിൽ സമാധാനം ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് ആഗ്രഹിക്കുകയും കഴമ്പില്ലാത്ത, കാലഹരണപ്പെട്ട, കക്ഷിവഴക്കുകൾക്കു യേശുക്രിസ്തുവിന്റെ സഭയിൽ ഒട്ടും സ്ഥാനമില്ലെന്നു വിശ്വസിക്കുകയും ഐക്യമുണ്ടായാൽ വിവിധ രംഗങ്ങളിൽ കൂടുതൽ പ്രവർത്തിച്ചു സഭയുടെ ദൗത്യം നിറവേറ്റാൻ നിഷ്പ്രയാസം സാധിക്കുകയും ചെയ്യുമെന്ന് അച്ചൻ വിശ്വസിച്ചത് സഭാചരിത്രം, കേസു നടത്തുന്നവരുടെ തെറ്റായ സാക്ഷ്യങ്ങൾ എന്നിവയെപ്പറ്റി നല്ല അവഗാഹം ഉണ്ടായിരുന്നതുകൊണ്ടാണ്. ഇതിനുവേണ്ടി അറിവില്ലാത്തവരെ പഠിപ്പിക്കുകയും പ്രസംഗപരമ്പരയിലൂടെ തെറ്റായ ധാരണകൾ നീക്കുകയും വേണമെന്ന് സച്ചരിത്രത്തിന്റെ ഇരിപ്പിടമായ അദ്ദേഹം കരുതി.

വിദ്യാഭ്യാസ നിലവാരത്തിനും ശിക്ഷണത്തിനും നല്ല ഒരു ബോർഡിംഗ് നടത്തിപ്പിനും മറ്റും കീർത്തികേട്ട വടവുകോട് രാജർഷി ഹൈസ്കൂൾ അദ്ധ്യാപകനായിരിക്കുക എന്നതുതന്നെ ഒരു വലിയ പദവിയാണല്ലോ. കൂടാതെ വൈദികസെമിനാരി അദ്ധ്യാപകൻ, സണ്ടേസ്കൂൾ കരിക്കുലം കമ്മിറ്റി സെക്രട്ടറി, കൊച്ചി-ഡൽഹി ഭദ്രാസനങ്ങളുടെ സെക്രട്ടറി മുതലായ നിലകളിൽ കാര്യക്ഷമമായി പ്രവർത്തിച്ച അച്ചനോട് എനിക്കുള്ള പ്രത്യേക താൽപര്യത്തെ മുൻനിറുത്തിയാണു വിദ്യാലയസമ്പന്നമായ കോട്ടയത്തു താമസിച്ചുവരുന്ന എന്റെ കനിഷ്ഠപുത്രനായ അഡ്വ. നോട്ടറി മോഹൻ മാമ്മനെ വടവുകോട് ബോർഡിംഗിൽ നാലര ദശാബ്ദം മുമ്പ് ചേർത്തത്.

മുമ്പു പറഞ്ഞ രംഗങ്ങളിലേക്കാൾ മികച്ച സേവനം അച്ചനു കാഴ്ച വെയ്ക്കാൻ സാധിച്ചത് സഭയുടെ മിഷൻ പ്രവർത്തനത്തിന്റെ സമുന്നത ദീപസ്തംഭമായ യാച്ചാരത്തിനുവേണ്ടി സ്ഥലം കണ്ടുപിടിക്കുന്നതിൽ അച്ചനും, പരേതനായ തട്ടുങ്കൽ ഡോ. തോമസ് മാണിയും അനുഷ്ഠിച്ച സേവനമാണ്. ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളിൽ ആന്ധ്ര യിലുണ്ടായ ചുഴലിക്കാറ്റിനെത്തുടർന്ന് നാശനഷ്ടങ്ങൾ സംഭവിച്ച ഒട്ട ധികം കുടുംബങ്ങൾക്കു സഭാ മിഷൻബോർഡ് വീടുകൾ നിർമ്മിച്ചു നൽകുകയും കുഷ്ഠരോഗമുള്ളവരുടെ കുഷ്ഠമില്ലാത്ത പാവപ്പെട്ട കുട്ടി കളെ സംരക്ഷിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിനുവേണ്ടി യാച്ചാ രത്തു നൂറേക്കർ സ്ഥലം വാങ്ങി മാർ ഗ്രീഗോറിയോസ് ബാലഗ്രാം ആരം ഭിക്കുകയും ചെയ്തതു സംബന്ധിച്ച പ്രവർത്തനത്തിലെ ഒരു മുന്നണി പ്പോരാളിയായിരുന്നു മുഖത്തു ചൈതന്യം തുടിച്ചുനിന്ന വെണ്ടറപ്പിള്ളി ജോസഫ് അച്ചൻ എന്നു സാഭിമാനം അനുസ്മരിക്കുന്നു. “യാച്ചാരം മല ങ്കരസഭയുടെ മഹത്വമേറിയ സേവനസരണി” എന്ന എന്റെ പുസ്തക ത്തിൽ കൂടുതൽ വിശദാംശങ്ങൾ ഉണ്ട്.

മലങ്കരസഭയിൽ 1958-ൽ സമാധാനം പുനഃസ്ഥാപിച്ചതിൽ തികഞ്ഞ സംതൃപ്തിയുണ്ടായിരുന്ന അച്ചൻ വടക്കൻ ഭദ്രാസനങ്ങളിൽ യോജിപ്പിന്റെ സദ്വാർത്തയെപ്പറ്റിയും അർത്ഥവ്യാപ്തിയെപ്പറ്റിയും ഐക്യത്തോടുകൂടിയ സഭാപ്രവർത്തനങ്ങളുടെ ദൂരവ്യാപകമായ സൽഫലങ്ങളെപ്പറ്റിയും വിശ കലനം ചെയ്തു നടത്തിയ ക്ലാസ്സുകളും പ്രസംഗങ്ങളും ഭിന്നിച്ചുനിന്ന വിഭാഗങ്ങളിൽ നിന്നു വെറുപ്പും വൈരാഗ്യവും ഇല്ലാതാക്കി അവരെ സമാ ധാനത്തിന്റെയും സ്നേഹത്തിന്റെയും വിട്ടുവീഴ്ചകളുടെയും ശാദ്വല പ്രദേ ശങ്ങളിലേക്കു നയിക്കാൻ സാധിച്ചു എന്നു പറയുന്നതാവും ഏറെ ശരി.

1958-ലെ ഐക്യവും 1964-ലെ കാതോലിക്കാ വാഴ്ചയും കഴിഞ്ഞ തോടെ മലങ്കരയിൽ ഭിന്നിച്ചു നിൽക്കാനുള്ള ഒരു കാരണവും ഇല്ലെന്ന് അച്ചൻ എഴുതുകയും പലതവണ പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. എന്തായാലും അനുരഞ്ജനത്തിനും സ്നേഹത്തിനുംവേണ്ടി ദീർഘനാൾ വേഴാമ്പലിനെപ്പോലെ ദാഹിച്ചുകൊണ്ടിരുന്ന ഒരു വലിയ ജനസമൂഹ ത്തിലെ ഉത്തമന്മാരും ചിന്താശക്തിയും ഉന്നതവിദ്യാഭ്യാസമുള്ളവരുമായ മിക്ക വൈദികരും ഒന്നായ സഭയുടെ വലയിലും ആലയിലും എത്തി സഭയെ വളരെയേറെ ധന്യമാക്കി. അതിൽ ഉന്നതനായ വെണ്ടറപ്പിള്ളി അച്ചൻ വഹിച്ച പങ്കും എടുത്തുപറയേണ്ടതുണ്ട്. പണത്തിനും സ്ഥാന മാനങ്ങൾക്കും വേണ്ടി ദൈവഭയത്തിനും ദൈവാശ്രയത്തിനും മരണം വരെ അവധി നൽകിയശേഷം നിശാവേളകളിൽ ആരും അറിയാതെ പറ ന്നുചെന്നു സ്ഥാനങ്ങൾ സ്വീകരിച്ച് മലങ്കരയിൽ ഭിന്നിപ്പിന്റെ കയ്പുനീരൊ ഴുക്കിയതിൽ വെണ്ടറപ്പിള്ളി അച്ചനും വലിയ ദുഃഖമുണ്ടായി. ലോകാധി

നാഥനായ യേശുക്രിസ്തുവിന്റെ ശിഷ്യന്മാരുടെ കൂട്ടത്തിലും ഒരു കറുത്ത ആടുണ്ടായിരുന്നല്ലോ. വിഘടനവാദവും ഐക്യവിരുദ്ധ നീക്കങ്ങളും അക്ഷരവിരോധവും സാത്താന്യശക്തികളുടെ വിളയാട്ടത്തെയാണു വിളിച്ചോതുന്നത്.

ഐക്യത്തിനും അഹിംസയ്ക്കും വേണ്ടി നിലകൊണ്ട മഹാത്മജിയെപ്പോലും വധിച്ച നാട്ടിൽ മരണശേഷവും വെണ്ടറപ്പിള്ളി അച്ചന്റെ ശവസംസ്കാരത്തിന്റെ പേരിൽ ശരീരത്തെ വേദനിപ്പിക്കുകയും ആത്മാവിനെ ആക്ഷേപിക്കുകയും ചെയ്ത ചില കശ്മലന്മാർ ചെകുത്താന്റെ ഉത്തമ സുഹൃത്തുക്കളാണെന്നു സ്ഥാപിക്കാൻ ഒരു മാലാഖയും ഉയരത്തിൽ നിന്നു വരേണ്ടതില്ല. ദീർഘകാലം സഭാമാനേജിംഗ് കമ്മിറ്റിയിലും അതിലും ഉയർന്ന സമിതിയായ വർക്കിംഗ് കമ്മിറ്റിയിലും പങ്കെടുത്ത് ഫലപ്രദവും ആവേശനിർഭരവുമായ ചർച്ചകൾ നടത്തിയ അച്ചനെ അന്ത്യംവരെ അധിക്ഷേപിച്ചവരോടു വിദ്വേഷം വിസ്മരിച്ചു ക്ഷമിക്കുകയായിരിക്കും നല്ലതെന്ന് അച്ചന്റെ ആത്മാവ് മന്ത്രിക്കുന്നതായി എനിക്കു തോന്നുന്നു.

കവി പറയുംപോലെ:-

“സൽപുഷ്പമേ ഇവിടെ മാഞ്ഞുസുമേരുവിന്മേൽ
കല്പദ്രുമത്തിനു കൊമ്പിൽ വിരിഞ്ഞിടാം നീ.”

വെള്ളിക്കോൽ സംസാരിക്കുന്നു

ഡോ. പോൾ മണലിൽ

(സീനിയർ എഡിറ്റർ, മലയാള മനോരമ)

മലങ്കരസഭയിൽ ഒരു തിരുത്തൽശക്തിയായി പ്രവർത്തിച്ച ഫാ. ജോസഫ് വെണ്ടറപ്പിള്ളി എഴുതിയ ഇരുപത്തിയഞ്ച് ലേഖനങ്ങളുടെ സമാഹാരമാണ് 'വെള്ളിക്കോൽ.' ഓർത്തഡോക്സ് യൂത്ത്, മലങ്കരസഭ എന്നീ പ്രസിദ്ധീകരണങ്ങളിൽ 1969-നും 2000-നും ഇടയിൽ അദ്ദേഹം എഴുതിയ നിരീക്ഷണങ്ങളുടെയും വിമർശനങ്ങളുടെയും സമാഹാരമാണ് ഈ പുസ്തകം. സഭാസമൂഹവുമായി ബന്ധപ്പെട്ട വിഷയത്തിൽ 'വെള്ളി ക്കോൽ' എന്ന തൂലികാനാമത്തിലായിരുന്നു ഫാ. ജോസഫ് വെണ്ടറ പ്പിള്ളി ലേഖനങ്ങൾ എഴുതിയിരുന്നത്. വെണ്ടറപ്പിള്ളി അച്ചൻ 2002-ൽ അന്തരിച്ചു. അദ്ദേഹം എഴുതിയ ലേഖനങ്ങളിൽ നിന്ന് ഒരു പ്രസാധക സമിതി തുടർന്ന് തിരഞ്ഞെടുത്തു പ്രസിദ്ധീകരിച്ച ഗ്രന്ഥമാണ് 'വെള്ളി ക്കോൽ.'

പള്ളിയും പള്ളിയുമായി ബന്ധപ്പെട്ടതുമായ സമകാലിക വിഷയങ്ങളെ നർമ്മവും ആക്ഷേപവും ചാലിച്ചെഴുതിയിരിക്കുന്നു ഈ പുസ്തകത്തിൽ. വിഷയത്തിന്റെ ഗൗരവം അനുസരിച്ച് അതിന്റെ മൂർച്ച കൂടിയും കുറഞ്ഞും ഇരിക്കുന്നു ഇതിലെ ലേഖനങ്ങളിൽ. സമകാലിക സ്വഭാവത്തോടെ എഴു തിയതാണെങ്കിലും ഇതിലെ ലേഖനങ്ങളുടെ പ്രസക്തി ഒന്നും ഒട്ടും കുറ ഞ്ഞിട്ടില്ല. സഭയുടെയും വിശ്വാസത്തിന്റെയും പേരിൽ അസഭ്യവർഷങ്ങൾ ചൊരിയുന്ന ഊമക്കത്തു പ്രസ്ഥാനത്തെപ്പറ്റിയും പേപ്പട്ടിയെപ്പോലെ കാല ഹരണപ്പെട്ട പള്ളിനേതൃത്വത്തെപ്പറ്റിയും റൗഡിവിളയാട്ടം നടത്തുന്ന പള്ളിപൊതുയോഗങ്ങളെപ്പറ്റിയും കിംവദന്തികൾ പ്രചരിപ്പിക്കുന്ന സഭ യിലെ അഴുക്കുചാൽ പ്രസ്ഥാനത്തെപ്പറ്റിയും വിഘടിതരുടെ 'വാഴിക്കൽ' രീതി വിവരിക്കുന്ന അഖില മലങ്കര അവസരവാദിസംഘം ക്ലിപ്തത്തെ പ്പറ്റിയും മറ്റും വിവരിക്കുമ്പോൾ വെള്ളിക്കോലിന്റെ പ്രസക്തി ഇന്നും സജീവമാണെന്നു തോന്നിപ്പോകും.

ഫാ. ജോസഫ് വെണ്ടറപ്പിള്ളി ഇതിലെ ലേഖനങ്ങൾ എഴുതിയത് 'വെള്ളിക്കോൽ' എന്ന തൂലികാനാമത്തിലായിരുന്നല്ലോ. ഇപ്പോൾ ഗ്രന്ഥ ത്തിനും ആ നാമം തന്നെ നൽകിയിരിക്കുന്നു. അത് തികച്ചും ന്യായ മെന്നു തോന്നുന്നു.

പണ്ടത്തെ ആളുകൾ ഉപയോഗിച്ചിരുന്ന ഒരു അളവ് സാമഗ്രിയാണ് വെള്ളിക്കോൽ. ഒരു തുലാം വരെ തൂക്കാനുള്ള ഒരു കോലായിരുന്നു

അത്. ഇന്നത്തെ കട്ടിയും ത്രാസും പ്രചാരത്തിലാകും മുമ്പ് ഈ വെള്ളിക്കോൽ പ്രചാരത്തിലുണ്ടായിരുന്നു.

വെള്ളിക്കോൽ കാലഹരണപ്പെട്ട ഒരു ഉപകരണമാണെങ്കിലും അതിന്റെ ധർമ്മം ഒരിക്കലും കാലഹരണപ്പെടുന്നില്ലെന്നു പറയട്ടെ! സമൂഹത്തെ അളന്നുതൂക്കാനുള്ള ഒരു അളവുകോൽ എന്ന നിലയിൽ വെള്ളിക്കോലിന്റെ ധർമ്മം ഇന്നും അപ്രസക്തമായിട്ടില്ല. ഫാ. ജോസഫ് വെണ്ടറപ്പിള്ളി ഇങ്ങനെ എഴുതുന്നു: "പുറത്തുള്ള മായംപോലെ പള്ളിക്കാര്യത്തിലും മായം ചേർന്നു തുടങ്ങിയിരിക്കുന്നു. തന്മൂലം പലതിലും സത്യാവസ്ഥ കാണുവാൻ വഴിയേറെ നടക്കേണ്ടിയിരിക്കുന്നു."

ദൈവനാമത്തിലുള്ള ഇത്തരം മറിമായങ്ങൾ അവസാനിപ്പിക്കണമെന്ന് ആഗ്രഹിച്ചുകൊണ്ട് വെണ്ടറപ്പിള്ളി അച്ചൻ എഴുതിയ ഇതിലെ ലേഖനങ്ങൾ അജ്ഞാനികളും അൽപജ്ഞാനികളുമായ ആളുകളുടെ ജീവിതത്തെ നിരീക്ഷിക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്നു. ഇതിലെ ലേഖനങ്ങൾ സത്യം കണ്ടെത്താനുള്ള മാർഗ്ഗങ്ങളാണ്. ഭക്തിയിൽ മുൻതൂക്കമില്ലാത്ത ഒരു കൂട്ടർ അവരുടെ വിഭക്തി ഉപയോഗിച്ച് തങ്ങളുടെ ചുറ്റുമുള്ള ആട്ടിൻപറ്റങ്ങളെ കറന്നെടുക്കുന്നതും കറക്കിക്കളയുന്നതും കണ്ടില്ലെന്നു നടിക്കാൻ വെണ്ടറപ്പിള്ളി അച്ചൻ സമ്മതിക്കുന്നില്ല. അത്തരക്കാരെ സൂക്ഷ്മതയോടെ ഈ പുസ്തകത്തിലെ ലേഖനങ്ങളിൽ അദ്ദേഹം വിലയിരുത്തുന്നു.

വെണ്ടറപ്പിള്ളി ദീർഘകാലം അദ്ധ്യാപകനായിരുന്നു. ആദർശധീരനായ വൈദികൻ, അനുഗൃഹീത പ്രഭാഷകൻ തുടങ്ങിയ നിലകളിലും അദ്ദേഹം അറിയപ്പെട്ടിരുന്നു. ഈ മാതൃകാധ്യാപകനെ വിദ്യാർത്ഥികൾ വിളിച്ചിരുന്നത് 'വണ്ടർഫുൾ' അച്ചൻ എന്നായിരുന്നു. ഈ പുസ്തകത്തിലൂടെ കടന്നുപോയപ്പോൾ എനിക്ക് തോന്നിയത്, അച്ചന് എഴുത്തിലും ഒരു 'വണ്ടർഫുൾ' ശൈലി ഉണ്ടായിരുന്നെന്നാണ്. ബാരിസ്റ്റർ ജി. പി. പിള്ളയുടെയും സി. ബി. കുമാറിന്റെയും ഉപന്യാസങ്ങൾക്കുള്ള ചേതോഹാരിത വെണ്ടറപ്പിള്ളിയച്ചന്റെ ഈ ഉപന്യാസങ്ങൾക്കും ഉണ്ടെന്നു പറയാൻ തോന്നുന്നു. ഒരു ആശയം അവതരിപ്പിക്കാൻ നർമ്മവും ചിന്തയും യുക്തിയും അച്ചൻ സമന്വയിപ്പിക്കുന്നു. കേവലം ഒരു വിപണനമല്ല അച്ചൻ നടത്തുന്നത്. ജി. പി. പിള്ള എഴുതിയ 'ലണ്ടനും പാരീസും' എന്ന യാത്രാവിവരണത്തിലും സി. ബി. കുമാർ എഴുതിയ ലണ്ടൻ കത്തുകളിലും എഴുത്തുകാരന്റെ സൂക്ഷ്മതയും നിരീക്ഷണവും ചിത്രീകരണപാടവവും സമന്വയിക്കുന്നു. കാഴ്ചയെയും കേൾവിയെയും വെണ്ടറപ്പിള്ളിയച്ചൻ സമാഹരിച്ചിരിക്കുന്നതു കാണുമ്പോൾ എത്ര സൂക്ഷ്മതയോടെയും സത്യസന്ധതയോടെയും സമഗ്രതയോടെയുമാണ് സി. ബി. കുമാറിനെ

പോലെയും ജി. പി. പിള്ളയെ പോലെയും അദ്ദേഹം വിഷയത്തെ സമീപിച്ചിരിക്കുന്നതെന്നു മനസ്സിലാക്കാൻ കഴിയും. അച്ചൻ അവതരിപ്പിക്കുന്ന ചില കഥാപാത്രങ്ങളുടെ പേരുകൾ മാത്രം പറയാം - മാത്തൻ, പോത്തൻ, ശ്രീമാൻ തുണ്ടംതുരുത്തി, അങ്ങാടിവീടൻ, കൊമ്പിനാലച്ചൻ, മെയ്യനക്കാപ്പറമ്പിലച്ചൻ, ഇട്ടൂപ്പ്, പാവുണ്ണി - ഇങ്ങനെ നീളുന്നു ആ പട്ടിക. സത്യം പറയട്ടെ, നമ്മുടെ സഭയിൽ ഈ കഥാപാത്രങ്ങൾ ഇന്നും ജീവിക്കുന്നു.

സഭയിൽ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരെ പുതിയ വെള്ളിക്കോൽകൊണ്ട് അളക്കേണ്ട കാലം വീണ്ടും സംജാതമായിരിക്കുന്നു എന്ന് ഉദ്ഘോഷിക്കുന്ന ഒരു ഗ്രന്ഥമാണ് ജോസഫ് വെണ്ടറപ്പിള്ളി അച്ചന്റെ 'വെള്ളിക്കോൽ.' മുന്തിരിത്തോപ്പിലെ അഭിനയസേവനം, പള്ളിയിൽ പേപ്പട്ടി, തിരുനാമത്തിൽ മറിമായം, മുന്തിരിത്തോപ്പിലെ കൊച്ചമ്മ സേവനം, ഉറവ വറ്റിയ കിണറുകൾ, മത്തായിയുടെ മദ്ധ്യസ്ഥത, അടുക്കള അവുസേപ്പ്, ജഗന്നാഥൻ, മനസ്സേ മടങ്ങുക തുടങ്ങിയ ലേഖനങ്ങൾ വെണ്ടറപ്പിള്ളിയച്ചന്റെ രചനാകൗശലത്തിനും ശൈലീഭദ്രതയ്ക്കും ഉത്തമ ഉദാഹരണങ്ങളാണെന്നും പറയാൻ ആഗ്രഹിക്കുന്നു. സഭാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ആത്മവിമർശനം നടത്താനും കുമ്പസാരിക്കാനും സന്നദ്ധതയുണ്ടെങ്കിൽ 'വെള്ളിക്കോൽ' ഒരു അവശ്യഘടകമാണ്.



സുഹൃത്തുക്കളോടൊപ്പം.

സഭയ്ക്കും സണ്ടേസ്കൂളിനും മറക്കാനാവാത്ത വെണ്ടറപ്പിള്ളി അച്ചൻ

ഫാ. ഡോ. ഒ. തോമസ്
(ഡയറക്ടർ ജനറൽ, ഒ.എസ്.എ.ഇ.)

കാലം സംഭവങ്ങളെയും, വ്യക്തികളെയും വിസ്മൃതിയിലേക്കു മറയ്ക്കുന്നു. അപ്രകാരം മറക്കപ്പെടേണ്ട ഒരു വ്യക്തിയല്ല വന്ദ്യനായ ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ. 1972 ആധുനിക സഭാചരിത്രത്തിൽ പ്രധാനപ്പെട്ട വർഷമാണ്. പാത്രിയർക്കീസ് ബാവായുടെ കുപ്രസിദ്ധമായ 203-ാം നമ്പർ കൽപന 1970-ൽ വന്നു എങ്കിലും അതുമായി ബന്ധപ്പെട്ട കോലാഹലങ്ങൾ സഭയിൽ ആരംഭിച്ചത് 1972-ലാണ്. 1972 ഡിസംബറിലെ മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 19-ാം ശതാബ്ദി ആഘോഷങ്ങൾ ഗംഭീരമായിരുന്നെങ്കിലും സഭയിലെ കക്ഷിവഴക്കിന് അത് ആക്കം കൂട്ടുകയാണുണ്ടായത്. 1972 മുതലുള്ള നാലു വർഷങ്ങളിൽ സെമിനാരിയിൽ പഠിക്കാൻ ഇടവന്നതുമൂലം ഇപ്പോഴത്തെ വഴക്കുകളുടെ ആരംഭം കേൾക്കുകയല്ല കാണുവാൻതന്നെ ഇടയായി. വന്ദ്യനായ വെണ്ടറപ്പിള്ളി അച്ചനെ സ്മരിക്കുമ്പോൾ ഈ ചരിത്രപശ്ചാത്തലം വിസ്മരിക്കാനാവുകയില്ല. അതുകൊണ്ടാണ് ഇപ്രകാരം ഒരു ആമുഖം കുറിച്ചത്.

സഭാവിഭജനത്തിനു മുമ്പ് ബാവാകക്ഷിയിൽ ആയിരുന്നു അച്ചൻ. പക്ഷേ പട്ടം ഏറ്റത് സഭയുടെ സമാധാനത്തിന്റെ നല്ലനാളുകളിലായിരുന്നു - 1966-ൽ. പണ്ഡിതനായ പൗലൂസ് മാർ ഗ്രീഗോറിയോസ് ബഹു. കെ. റ്റി. ഫിലിപ്പച്ചൻ എന്നിവരും അംഗങ്ങളായിട്ടുള്ള തൃപ്പൂണിത്തുറ നടമേൽപള്ളിയിലെ അംഗമായിരുന്നു വെണ്ടറപ്പിള്ളി അച്ചനും. ഇവരെല്ലാവരും സഭാസമാധാനത്തിനുശേഷം കാതോലിക്കേറ്റിന്റെ കാവൽഭടന്മാരായത് ഉറച്ചബോദ്ധ്യങ്ങളുടെ അടിസ്ഥാനത്തിലുമായിരുന്നു. വടക്കൻ പ്രദേശങ്ങളിൽ ഇരുമനസ്സുമായി നിന്ന അനേകംപേരിൽ കാതോലിക്കേറ്റിന്റെ കീഴിലുള്ള ഒരു ദേശീയ സഭയുടെ അസ്തിത്വത്തിന്റെ ആവശ്യകതയെ ബോദ്ധ്യപ്പെടുത്തുവാൻ ജോസഫ് അച്ചന് സാധിച്ചു. ഉജ്ജ്വലവാഗ്മിയായിരുന്ന അദ്ദേഹത്തിന്റെ വാക്കുകൾക്ക് മൂർച്ചയുണ്ടായിരുന്നു. ആശയങ്ങൾക്ക് വ്യക്തതയുണ്ടായിരുന്നു. കാര്യകാരണസഹിതം ചിന്തിക്കാൻ കഴിവുള്ള അനേകരെ കാതോലിക്കേറ്റിന്റെ കീഴിൽ ഉറപ്പിച്ചുനിർ

ത്തുവാൻ അദ്ദേഹത്തിന്റെ വിശ്രമരഹിതമായ പ്രവർത്തനങ്ങൾ മുഖാന്തരമായി. സത്യം ഗ്രഹിക്കാൻ ആഗ്രഹിക്കുന്നവരുടെ കണ്ണുതുറപ്പിക്കാൻ അതു മതിയായിരുന്നു. അങ്ങനെ സഭയ്ക്കുവേണ്ടി അദ്ദേഹം വഹിച്ച ത്യാഗങ്ങളെ മറ്റു ലേഖകർ സ്മരിക്കുമെന്നുള്ളതുകൊണ്ട് അതിലേക്കു പ്രവേശിക്കുന്നില്ല.

വെണ്ടറപ്പിള്ളി അച്ചനും സണ്ടേസ്കൂൾ പ്രസ്ഥാനവും

ഞാൻ വൈദികസെമിനാരിയിൽ പഠിക്കുന്ന കാലത്ത് ജോസഫച്ചൻ, ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ സണ്ടേസ്കൂൾ കരിക്കുലം കമ്മിറ്റിയുടെ സെക്രട്ടറിയായി പ്രവർത്തിക്കുകയായിരുന്നു. ഈടുറ്റ ഗ്രന്ഥങ്ങളാണ് ആ കമ്മിറ്റി പ്രസിദ്ധീകരിച്ചത്. വേദപുസ്തകം, സഭാചരിത്രം ഇവയ്ക്ക് ആനുകാലിക സംഭവങ്ങളോടു ബന്ധമില്ലാതെ പ്രതിപാദിക്കുന്ന രീതി മാറി പുതിയ ഒരു ആഖ്യാനശൈലി ആ പുസ്തകങ്ങളിൽ സ്വീകരിച്ചിട്ടുണ്ട്. പൗരസ്ത്യ ഓർത്തഡോക്സ് സഭകളെ മനസ്സിലാക്കുന്നതോടൊപ്പം, ക്രൈസ്തവസഭകളിലെ വ്യത്യസ്ത വീക്ഷണങ്ങളുള്ള ഇതര വിഭാഗങ്ങളെയും മനസ്സിലാക്കുവാൻ ശ്രമിക്കുന്ന രീതിയാണ് അവലംബിച്ചത്. ഇതര മതങ്ങളെക്കുറിച്ചും അത്യാവശ്യ അറിവുകൾ നൽകിയിരുന്നു. എക്യുമെനിസം, ക്യാപ്പിറ്റലിസം, സോഷ്യലിസം, കമ്മ്യൂണിസം, ജനാധിപത്യം, യുദ്ധം, ക്ഷാമം, പട്ടിണി, അടിമത്തം, വർണ്ണവിവേചനം, കുടുംബം, സമൂഹം, പ്രകൃതി തുടങ്ങി മനുഷ്യജീവിതത്തോടു ബന്ധപ്പെടുത്തി വിശ്വാസത്തെ മനസ്സിലാക്കി കൊടുക്കുവാനുള്ള ശ്രമമാണ് ഈ കരിക്കുലത്തിൽ കൂടി നടത്തിയിട്ടുള്ളത്. മറ്റു ഓറിയന്റൽ സഭകൾ ഇതിനെ എങ്ങനെ സ്വാഗതം ചെയ്തു. ഇന്ന് അവ സഭകളിൽ ഉപയോഗിക്കപ്പെടുന്നത് എങ്ങനെ എന്ന് പറയുവാൻ തക്കവണ്ണമുള്ള അറിവ് ഇത് എഴുതുന്ന ആളിനില്ല. എന്നാൽ നമ്മുടെ സഭയിലെ ബോധനത്തെ എങ്ങനെയെല്ലാം സ്വാധീനിച്ചു എന്നു പരിശോധിക്കാം. അതിനു മുമ്പ് സണ്ടേസ്കൂളിന്റെ അൽപം പിന്നിലുള്ള ചരിത്രത്തിലേക്കു പോകേണ്ടിയിരിക്കുന്നു.

സണ്ടേസ്കൂൾ മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിൽ

സണ്ടേസ്കൂളിന് ഒരാധുനിക മുഖം ഉണ്ട്. സഭയിൽ ബോധനം അപ്പോസ്തോലിക കാലം മുതലുള്ളതാണ്. എന്നാൽ ലോകമെമ്പാടും എല്ലാ സഭകളിലും വ്യാപിച്ചിരിക്കുന്ന സണ്ടേസ്കൂളിന് ഒരു വ്യക്തമായ ആരംഭമുണ്ട്. അത് ഇംഗ്ലണ്ടിലെ ഗ്ലൗസസ്റ്റർ എന്ന സ്ഥലത്ത് റോബർട്ട് റേയ്ക്ക്സ് എന്ന ഒരു അത്മായക്കാരൻ ആരംഭിച്ചതാണ്. ഇംഗ്ലണ്ടിലെ വ്യാവസായിക വിപ്ലവത്തിന്റെ കാലത്ത് ബാലവേല സർവ്വസാധാരണ

മായിരുന്നു. കൽക്കരി ഖനികളിലും തുണിമില്ലുകളിലും വേലയെടുത്തിരുന്ന കുട്ടികളെ മുതലാളിമാർ നന്നാ ചൂഷണം ചെയ്തിരുന്നു. ഞായറാഴ്ച മാത്രമേ അവർക്കു അവധി ലഭിച്ചിരുന്നുള്ളു. ആഴ്ചയുടെ അവസാനം അവർക്കു കിട്ടുന്ന വേതനം മദ്യമയക്കുമരുന്നുകൾക്കായി ചെലവഴിച്ച്, തെരുവിൽ തമ്മിൽ തമ്മിൽ വഴക്കടിച്ച് ജീവിക്കുക പതിവായിരുന്നു. അക്ഷരാഭ്യാസവും, സന്മാർഗ്ഗനിഷ്ഠയും ഇല്ലാത്ത ഈ കുട്ടികളുടെ ജീവിതം കണ്ട് മനസ്താപപ്പെട്ട റോബർട്ട് റേയ്ക്ക്സ് തന്റെ ഭവനത്തിൽ കുറച്ചു കുട്ടികളെ കൂട്ടിവരുത്തി അക്ഷരം പഠിപ്പിക്കുവാനും, പിന്നീട് സന്മാർഗ്ഗശീലങ്ങൾ പരിശീലിപ്പിക്കാനും തുടങ്ങി. ആദ്യമാദ്യം കുട്ടികളെ ചൂഷണം ചെയ്തിരുന്ന മുതലാളിമാർക്കും, അവരുടെ പ്രേരണയാൽ ആംഗ്ലിക്കൻ സഭയിലുള്ളവർക്കും റോബർട്ടിന്റെ ഈ പ്രവർത്തനം ഇഷ്ടപ്പെട്ടില്ല. എന്നാൽ സദുദ്ദേശ്യത്തോടുകൂടിയ ഒരു പ്രവർത്തനവും പരാജയപ്പെടുകയില്ലല്ലോ. റോബർട്ടു റേയ്ക്ക്സ് തുടങ്ങിവച്ച മാതൃക പലരും ഏറ്റുവാങ്ങി. സണ്ടേയിൽ (ഞായറാഴ്ച) അനേകം സ്കൂളുകൾ പലയിടങ്ങളിലും ആരംഭിച്ചു. സണ്ടേയിൽ ആരംഭിച്ച സ്കൂൾ എന്ന നിലയിൽ ഇതിന് സണ്ടേസ്കൂൾ എന്ന പേരു വന്നു. ഇത് ഏതെങ്കിലും സഭയോ, വൈദിക നേതൃത്വമോ ആരംഭിച്ചതല്ല. 1761-ൽ മനുഷ്യസ്നേഹിയും ഭക്തനുമായ ഒരു സാധാരണ വിശ്വാസി തുടങ്ങിയ പ്രസ്ഥാനം. കുറച്ചു കഴിഞ്ഞപ്പോൾ ആംഗ്ലിക്കൻ സഭ ഏറ്റെടുത്തു. അതോടൊപ്പം അതിന്റെ ഊന്നലിനും മാറ്റമുണ്ടായി. സഭയുടെ വിശ്വാസവും, വേദപുസ്തകവും പഠിപ്പിക്കാനുള്ള മുഖാന്തരമായി ഈ വിദ്യാഭ്യാസം മാറി. ഇംഗ്ലണ്ടിൽ നിന്നും പുറത്തേക്കുപോയ മിഷനറിമാർ ഈ പ്രസ്ഥാനം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു പറിച്ചുനട്ടു. അങ്ങനെ കൽക്കട്ടായിൽ മിഷനറി പ്രവർത്തനങ്ങൾക്കു വന്ന വില്യം കേറിയാണ് സണ്ടേസ്കൂളിനെ ഇന്ത്യയിൽ സ്ഥാപിച്ചത്. 1810-ൽ ഇത് ഇന്ത്യയിൽ വന്നു എന്നു കരുതപ്പെടുന്നു.

മിഷനറിമാരുമായിട്ടുള്ള ബന്ധം

19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മലങ്കരസഭയും, ബ്രിട്ടീഷ് മിഷനറിമാരുമായി സൗഹൃദബന്ധം തുടങ്ങിയ കാലമായിരുന്നല്ലോ. അവരുടെ സഹായത്തോടെ 1813-ൽ പഴയസെമിനാരിയുടെ പണി തുടങ്ങി. 1815-ൽ പഠിത്തവീട് എന്നറിയപ്പെട്ട സെമിനാരിയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസവും, അതോടൊപ്പം വൈദിക പരിശീലനവും ആരംഭിച്ചു. മിഷനറിമാരുമായുള്ള ബന്ധം, വിശ്വാസത്തിന്റെ പേരിൽ അവസാനിപ്പിച്ചു എങ്കിലും അവർ തുടക്കമിട്ട നല്ലതായ ചില കാര്യങ്ങൾ ഉൾക്കൊള്ളുവാൻ ആരും മടികാണിച്ചില്ല. മിഷനറിമാരുടെ സ്വാധീനത്തിൽ വിദ്യാഭ്യാസ മേഖലയിൽ മലങ്കരസഭയും അനേക സ്കൂളുകൾ ആരംഭിച്ച കാലമായിരുന്നു അത്.

അതോടൊപ്പം പള്ളികളിൽ സഭാവിശ്വാസം പഠിപ്പിക്കാനുള്ള സണ്ടേസ്കൂളുകളും ആരംഭിച്ചു. മിഷനറിമാരിൽ കൂടി സഭയിൽ പലവിധത്തിൽ വളർന്നുവന്ന നവീകരണ വിശ്വാസത്തെ ചെറുക്കാൻ ഒട്ടേറെ പരിപാടികൾ ആവിഷ്ക്കരിച്ചത് പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ കാലത്താണ്. ഇടവകപത്രികകളിലെ വാർത്തകൾ അതിനു തെളിവാണ്. 1873-ലെ പരുമലയോഗത്തിൽ മതവിദ്യാഭ്യാസം എല്ലാ ഇടവകകളിലും ആരംഭിക്കണമെന്ന് തീരുമാനിക്കുന്നുണ്ട് (*സഭാചരിത്ര വിജ്ഞാനകോശം*, ഫാ. ഡോ. ജോസഫ് ചീരൻ, പേജ് 733-34). പല പേരുകളിൽ പല പ്രസ്ഥാനങ്ങൾ ആ കാലത്തു ആരംഭിച്ചതായി കാണുന്നു. ഇപ്രകാരം സ്ഥാപിക്കപ്പെട്ട ആദ്യത്തെ സണ്ടേസ്കൂൾ 1870-ൽ സ്ഥാപിച്ച പഴഞ്ഞിയിലെ സണ്ടേസ്കൂളാണെന്നു കരുതപ്പെടുന്നു. 1890-ൽ തെക്കൻ പ്രദേശത്ത് ആരംഭിച്ച സണ്ടേസ്കൂൾ പ്രസ്ഥാനത്തിന് 1892-ൽ പരുമല തിരുമേനി പരുമലയിൽ വിളിച്ചുകൂട്ടിയ വൈദികയോഗം സർവ്വപിന്തുണയും പ്രഖ്യാപിച്ചതായി കാണാം (*മലങ്കര സഭാപിതാക്കന്മാർ*, ഡോ. സാമുവൽ ചന്ദനപ്പള്ളി, വാല്യം 1, പേജ് 235). പിന്നീടു സഭയെ നയിച്ച പിതാക്കന്മാരെല്ലാം ഈ പ്രസ്ഥാനത്തെ വളർത്തിക്കൊണ്ടിരുന്നു. സഭയിൽ മെത്രാൻകക്ഷി, ബാവാകക്ഷി എന്ന നിലയിൽ വിഭാഗീയത ഉണ്ടായ കാലത്തു രണ്ടു പ്രസ്ഥാനമായി ഇതു വളർന്നു. 1912-ൽ കാതോലിക്കേറ്റു സ്ഥാപനം ഉണ്ടാക്കിയതിനുശേഷം സണ്ടേസ്കൂൾ സമാജത്തിന്റെ വളർച്ചയിൽ വലിയ സംഭാവന നൽകിയ ആളാണ് ചന്ദനപ്പള്ളിയിലെ വന്ദ്യനായ കെ. ഡേവിഡ് അച്ചൻ. ബാവാകക്ഷിയിൽ സണ്ടേസ്കൂൾ അസ്സോസിയേഷൻ എന്ന പേരിൽ മറ്റൊരു പ്രസ്ഥാനവും സമാന്തരമായി പ്രവർത്തിക്കുന്നുണ്ടായിരുന്നു. 1958-ൽ സുപ്രീംകോടതി വിധിയിലൂടെ സഭ ഒന്നായപ്പോൾ രണ്ടു സംഘടനകളും ഒന്നായി 1964-ൽ ഓർത്തഡോക്സ് സിറിയൻ സണ്ടേസ്കൂൾ അസ്സോസിയേഷൻ രൂപീകൃതമായി. ആദ്യത്തെ ഡയറക്ടർ ജനറലായി വന്ദ്യനായ കണിയാംപറമ്പിൽ കുര്യൻ കോർഎപ്പിസ്ക്കോപ്പായും, പബ്ലിക്കേഷൻ ഓഫീസറായി ഫാ. കെ. ഡേവിഡും പ്രവർത്തിച്ചു. 1972-ൽ സഭയിൽ വീണ്ടും ഭിന്നിപ്പുണ്ടായപ്പോൾ വെരി. റവ. സി. വി. ജോർജ് കോർഎപ്പിസ്ക്കോപ്പായും തുടർന്ന് വന്ദ്യനായ ഡോ. റ്റി. ജെ. ജോഷ്വാച്ചനും ഡയറക്ടർ ജനറലായി സ്തുത്യർഹമായി സേവനമനുഷ്ഠിച്ചു. ഇന്നത്തെ കെട്ടിലും മട്ടിലും പ്രസ്ഥാനത്തെ കൊണ്ടെത്തിച്ചത് വന്ദ്യനായ ജോഷ്വാ അച്ചനും പബ്ലിക്കേഷൻ ഓഫീസറന്മാരായി പ്രവർത്തിച്ച ബഹു. സി. വി. മാത്യു സാറും തുടർന്ന് ഇപ്പോഴും നേതൃത്വം നൽകുന്ന ബ. കെ. വി. തോമസച്ചനുമാണ്.

നാളത്തെ സണ്ടേസ്കൂൾ

റോബർട്ട് റേയ്ക്ക്സ് നേതൃത്വം കൊടുത്ത സണ്ടേസ്കൂളിന്

ഏതെങ്കിലും സഭയോട് പ്രത്യേക താൽപര്യമോ, പ്രതിബദ്ധതയോ ഇല്ലാ യിരുന്നു. കുട്ടികൾക്ക് അക്ഷരാഭ്യാസം നൽകുന്നതിൽ കൂടി വിദ്യ അഭ്യസിക്കാൻ പ്രേരിപ്പിക്കുകയും, സന്മാർഗ്ഗ നിഷ്ഠയുള്ളവരായിത്തീരു വാനുമാണ് ഊന്നൽ നൽകിയത്. സഭകൾ സണ്ടേസ്കൂളുകൾ ആരംഭി ച്ചപ്പോൾ ഈ ഊന്നലിനു മാറ്റം വന്നു. അതാതു സഭകളുടെ വിശ്വാസം പഠിപ്പിക്കുക, അതോടൊപ്പം ചില ധാർമ്മിക മൂല്യങ്ങളും എന്ന നിലയി ലേക്കു മാറി. നവീകരണ സഭകൾ വേദപുസ്തക പഠനത്തിന് മാത്രം ഊന്നൽ നൽകി. സഭാചരിത്രം, പിതാക്കന്മാരുടെ പഠിപ്പിക്കലുകൾ തുട ങ്ങിയവയൊക്കെ വിട്ടുകളഞ്ഞു.

മലങ്കരസഭയെ സംബന്ധിച്ചിടത്തോളം സണ്ടേസ്കൂൾ ഇവിടെ ആരം ഭിച്ച കാലം നവീകരണ വിശ്വാസത്തിന്റെ ശക്തമായ വേലിയേറ്റത്തിന്റെ സമയമായിരുന്നു. അതിനാൽ സഭയുടെ സത്യവിശ്വാസത്തിന്റെ അടി സ്ഥാനങ്ങൾ വളരുന്ന തലമുറയ്ക്കു നൽകുന്നതിലായിരുന്നു കൂടുതൽ ശ്രദ്ധ കൊടുത്തത്. സഭാചരിത്രവും, പിതാക്കന്മാരുടെ പഠിപ്പിക്കലുകളും അതിനാൽ പ്രധാനമായി. വേദപുസ്തകപഠനം ഗൗരവമായി നടന്നതായി തോന്നുന്നില്ല. സഭ ഓരോ കാലഘട്ടത്തിലും ഇങ്ങനെ വെല്ലുവിളികളെ നേരിടേണ്ടി വന്നതിനാൽ അതിനോട് പ്രതികരിക്കുന്ന നിലയിലുള്ള ഒരു പാഠ്യപദ്ധതിയാണ് പിൻതുടർന്നു വന്നത്. നവീകരണസഭകൾ, റീത്തു പ്രസ്ഥാനം, പെന്തക്കോസ്തു സഭകൾ ഒടുവിൽ പാത്രിയർക്കീസ് വിഭാഗം എന്നിവരുടെയൊക്കെ കടന്നാക്രമണം ചെറുക്കുവാൻ ഉള്ള ബാദ്ധ്യതയുണ്ടായപ്പോൾ അതിനനുസരിച്ച് പഠനക്രമങ്ങളുടെ ഊന്നലു കൾക്ക് മാറ്റങ്ങൾ വന്നിട്ടുണ്ട്. ഓറിയന്റൽ ഓർത്തഡോക്സ് കരിക്കുലം ഈ അവസ്ഥയ്ക്കു മാറ്റം ഉണ്ടാക്കി. അതിന്റെ ഉള്ളടക്കം സാധാരണ സണ്ടേസ്കൂളുകളിലെ കുട്ടികളുടെയും, അദ്ധ്യാപകരുടെയും നിലവാര ത്തിൽ നിന്ന് ഉയർന്നതായിരുന്നു. എന്നാൽ ആ കരിക്കുലത്തിന് വലിയ ഒരു പ്രയോജനമുണ്ടായി. മലയാളം കൈകാര്യം ചെയ്യാനറിയാത്ത ഒരു തലമുറ, മലങ്കരസഭയുടെ പ്രവാസിസമൂഹത്തിലുണ്ട്. അമേരിക്ക തുട ങ്ങിയ രാജ്യങ്ങളിലേക്കു കുടിയേറിയവർ തിരിച്ചുവരുന്ന പ്രവാസികളല്ല. ആ രാജ്യങ്ങളിലെ പൗരന്മാരാണ്. മലയാളം അവർക്ക് ഇനി ആവശ്യ മുള്ള ഒരു ഭാഷയേ അല്ല. ഈ വിഭാഗത്തിന് ഇംഗ്ലീഷിലുണ്ടായ ഓറി യന്റൽ സഭകളുടെ കരിക്കുലം വളരെ പ്രയോജനപ്പെട്ടു. അതിന്റെ ചുവ ടുപിടിച്ചുള്ള പരിഷ്കരണം പിന്നീടുണ്ടായതിനാൽ നേരത്തെ സൂചിപ്പി ച്ചതുപോലെ സണ്ടേസ്കൂൾ വിദ്യാഭ്യാസത്തിന്റെ അതിരുകൾ വിശാല മാക്കുവാൻ സാധിച്ചു.

സെക്കുലർ വിദ്യാഭ്യാസത്തിന്റെ അനുകരണം

വിദ്യാഭ്യാസത്തിൽ ദൈനംദിന പരിഷ്കരണങ്ങൾ നടക്കുന്നത് സെക്കുലർ മേഖലയിലാണല്ലോ. അതിനെ അനുകരിച്ച് പല കാര്യങ്ങൾ സണ്ടേസ്കൂളുകളിലും ഉൾപ്പെടുത്തി. അക്കാദമിക് മികവിന്, ക്രിസ്തീയ സ്വഭാവ നവീകരണത്തേക്കാൾ പ്രാധാന്യം ചിലരെങ്കിലും നൽകി. കുട്ടികളെ സണ്ടേസ്കൂൾ വിദ്യാഭ്യാസത്തിലേക്ക് ആകർഷിക്കുവാൻ സഹപാഠ്യ മത്സരങ്ങൾ ഏർപ്പെടുത്തി. അതിൽ മത്സരിക്കുവാനും, സമ്മാനങ്ങൾ നേടുവാനുമുള്ള ആഗ്രഹം മുന്നിട്ടു നിൽക്കുന്നതിനാൽ, അവിടെയും ആത്മീയ ശിക്ഷണത്തിന്റെ പ്രാധാന്യത്തിന് ഇടിവുതട്ടിയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഭൗതിക അതിപ്രസരത്തിൽ ഉയർന്ന ജോലിയും, പദവിയും, സമ്പത്തും കൈവരിക്കാനുള്ള സെക്കുലർ വിദ്യാഭ്യാസത്തിന് നൽകുന്ന പ്രാധാന്യത്തിന്റെ ഒരംശംപോലും സഭയിലെ അനേക മാതാപിതാക്കൾ സണ്ടേസ്കൂൾ വിദ്യാഭ്യാസത്തിന് നൽകുന്നില്ല. അതിനാൽ ഉയർന്ന ക്ലാസ്സുകളിൽ പഠിക്കാൻ കുട്ടികളും താൽപര്യപ്പെടുന്നില്ല. എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ ഞായറാഴ്ചകളിലായതിനാൽ ആ വഴിക്കും കുട്ടികൾ നീങ്ങുന്നു. ഇതിനിടയിലും കുറെയൊക്കെ കാര്യക്ഷമതയോടെ അസ്സോസിയേഷന്റെ പ്രവർത്തനങ്ങൾ നടക്കുന്നു എന്നതും അഭിമാനകരമായ സംഗതി തന്നെയാണ്. ഓർത്തഡോക്സ് സണ്ടേസ്കൂൾ അസ്സോസിയേഷന്റെ 50-ാം വാർഷികവും സിലബസ് പരിഷ്ക്കരണവും നടക്കുന്ന ഈ കാലയളവിൽ സണ്ടേസ്കൂൾ വിദ്യാഭ്യാസം കാര്യക്ഷമമാക്കുവാൻ ഒട്ടേറെ കാര്യങ്ങൾ ഇനിയും ചെയ്യേണ്ടിയിരിക്കുന്നു. അവയെപ്പറ്റി ചുരുക്കമായി സൂചിപ്പിക്കാം.

1. ഗുരുശിഷ്യബന്ധത്തിൽ കൂടി ആത്മീയമായ ഒരു ശൈലി കുട്ടികൾക്ക് പകർന്നു നൽകുക.
2. ഈ ലക്ഷ്യത്തെ സഹായിക്കാനായി പാഠ്യപദ്ധതിയെ ഉപയോഗിക്കുക.
3. അക്കാദമിക്, സഹപാഠ്യ പഠനങ്ങളിലെ അനാരോഗ്യ മത്സരങ്ങൾ ഒഴിവാക്കുക.
4. ഇടവകകൾ സണ്ടേസ്കൂൾ പഠനത്തിന് പ്രാധാന്യം നൽകി ഞായറാഴ്ചകളിലെ മറ്റു പരിപാടികൾ ക്രമീകരിക്കുക.
5. ക്രിസ്തുകേന്ദ്രീകൃതമായ ഒരു ആത്മീയത കുട്ടികളിൽ രൂപപ്പെടുത്തുക.
6. ഓർത്തഡോക്സ് ആത്മീയതയുടെ സൈദ്ധാന്തിക പഠനത്തോടൊപ്പം ദൈനംദിന ജീവിതത്തിൽ അത് പ്രാവർത്തികമാക്കാനുള്ള ശൈലികൾ കുട്ടികൾക്ക് പരിചയപ്പെടുത്തുക.
7. ഇതര മതങ്ങൾ, വിവിധ ക്രൈസ്തവ സഭകൾ ഇവയുടെ പഠിപ്പി

ക്കലുകളോട് ഓർത്തഡോക്സ് സഭയുടെ നിലപാടുകൾ വ്യക്തമാക്കുന്നതോടൊപ്പം, മറ്റുള്ളവരെ ആദരിക്കുവാനും, അവരിലെ നന്മകളെ ഉൾക്കൊള്ളുവാനും പഠിപ്പിക്കുക.

8. വേദപുസ്തക പഠനവും, ധ്യാനവും കുട്ടികൾ ശീലമാക്കുന്ന വിധത്തിൽ ബോധവൽക്കരണം നടത്തുക.

9. മീഡിയാകളെ വിവേചനപൂർവ്വം ഉപയോഗിച്ചുകൊണ്ട് ബോധനരീതികൾ മെച്ചപ്പെടുത്തുക.

10. സണ്ടേസ്കൂൾ പഠനം 12-ാം ക്ലാസ്സു പൂർത്തിയാക്കാതെ, പഠനം ആവശ്യമില്ലാത്ത മറ്റ് ആത്മീയ സംഘടനകളിൽ സജീവമാകുന്ന രീതിയെ പ്രോത്സാഹിപ്പിക്കാതിരിക്കുക.

11. OSSAE യുടെ ഭാഗമായി പ്രവർത്തിക്കുന്ന OKR (Outside Kerala Region), OIR (Outside India Region).

12. ഇവ തമ്മിലുള്ള ഏകോപനം കുറച്ചുകൂടി സുതാര്യവും, പ്രായോഗികവുമാക്കുക.

13. സണ്ടേസ്കൂളിന്റെ പുതിയ കരിക്കുലം, മലങ്കരസഭയിൽ എല്ലായിടത്തും ഒരുപോലെ പഠിപ്പിക്കുക (പ്രാദേശികമായി വരുത്തേണ്ട മാറ്റങ്ങൾ വരുത്തിക്കൊണ്ട് തന്നെ അവ നടപ്പാക്കാവുന്നതാണ്).

14. ജീവിതത്തിന്റെ മുഴുവനായ വിജയത്തിന്, സെക്കുലർ പഠനത്തേക്കാൾ ഉത്തമം സണ്ടേസ്കൂൾ പഠനമാണെന്ന് മാതാപിതാക്കളെ ബോധവൽക്കരിക്കുക.

15. സാമൂഹ്യപ്രശ്നങ്ങളോട് ക്രിസ്തീയ പ്രതിബദ്ധതയോടെ പ്രതികരിക്കുവാൻ വളരുന്ന തലമുറയെ സജ്ജമാക്കുക.

16. പ്രകൃതിസ്നേഹം, ആത്മീയതയുടെ ഭാഗമാണെന്ന ബോധം കുട്ടികളിൽ ജനിപ്പിക്കുക.

17. ആഗോളവൽക്കരണം, ഭൗതികത, കമ്പോളവൽക്കരണം, മീഡിയാകൾ, ഇവ സൃഷ്ടിക്കുന്ന വിപത്തുകളെപ്പറ്റി വളരുന്ന തലമുറയെ ബോധവൽക്കരിക്കുക.

18. ആഡംബരം, ധൂർത്ത്, വൈകാരിക സുഖാനുഭൂതിയിലുള്ള അമിതാസ്വാദനം ഇവയൊഴിവാക്കി ലളിതമായ, പരസ്നേഹത്തിലും, ത്യാഗത്തിലും അധിഷ്ഠിതമായ ഒരു ക്രിസ്തീയ ജീവിതശൈലിയെപ്പറ്റി അവബോധം ജനിപ്പിക്കുക.

സണ്ടേസ്കൂൾ പ്രസ്ഥാനത്തിന് വന്ദ്യനായ ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ നൽകിയ സംഭാവനകളെ നന്ദിയോടെ സ്മരിച്ചുകൊണ്ട്, അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കായി ഈ കുറിപ്പിനെ സമർപ്പിക്കട്ടെ.

കൊച്ചി ഭദ്രാസനവും ഫാ. ജോസഫ് വെണ്ടറപ്പിള്ളിയും

ഫാ. ഡോ. ജോസഫ് ചീരൻ പഴഞ്ഞി

ചേരവംശ ചക്രവർത്തിമാരുടെ പിൽക്കാല വംശങ്ങളിലൊന്നായ കൊച്ചി രാജവംശം ആദ്യത്തെ പഴയ വഞ്ചിയിൽനിന്നും (മലപ്പുറം ജില്ലയിലെ പഴയവഞ്ചി - പഴഞ്ഞി) പിൽക്കാലത്തെ പഴയ വഞ്ചിയിൽ നിന്നും (തൃശൂർ ജില്ലയിലെ പഴയവഞ്ചി - പഴഞ്ഞി) കുന്നംകുളത്തിനടുത്ത് പെരുമ്പടപ്പിലെ ബത്തേരിയിൽനിന്നും പിൽക്കാല വഞ്ചിനഗരമായ കൊടുങ്ങല്ലൂരിൽ നിന്നും തൃപ്പൂണിത്തുറയിലെത്തിയത് യുദ്ധസാഹചര്യങ്ങളിൽ നിന്ന് ഒഴിഞ്ഞു ജീവിക്കുവാനാണ്. കൊച്ചി രാജവംശം 'ഗോ' ശബ്ദത്തെ ശാന്തിയുടെയും വെണ്മയുടെയും പ്രതീകമായി ബഹുമാനിച്ചു. ആക്രമിക്കുന്നതിന്റെ ചരിത്രം കൊച്ചിക്ക് പരിചിതമല്ല. തെക്ക് തിരുവിതാംകൂറും വടക്ക് സാമൂതിരിയും നടത്തിയ നിരന്തരമുള്ള ആക്രമണങ്ങൾ കൊച്ചിയെ ശോഷിപ്പിച്ചതിന്റെ കഥ ചരിത്രകാരന്മാർ വരച്ചുകാട്ടിയിട്ടുണ്ട്.

1811-ൽ ഡോ. ബുക്കാനൻ സായിപ്പിന്റെ സഹായത്തോടെ കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് മൽപാൻ (പിന്നീട് കോട്ടയം പഴയസെമിനാരി സ്ഥാപകൻ) കായംകുളം പീലിപ്പോസ് റമ്പാൻ മുതൽപേർ സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ നാലു സുവിശേഷങ്ങൾ അടങ്ങിയ ആദ്യത്തെ മലയാളം ബൈബിൾ, കൊച്ചി രാജവംശത്തിലെ രാമവർമ്മൻ എന്ന പേരിൽ തൃപ്പൂണിത്തുറ കോവിലകത്ത് 1814-ൽ ഹിന്ദു ബാലൻ ജേക്കബ് രാമവർമ്മ എന്ന പേരിൽ 1834-ൽ ക്രിസ്തുമതം സ്വീകരിക്കുവാൻ മുഖാന്തിരമായത് രാജവംശത്തിന്റെ സാത്വിക സംസ്കാര പശ്ചാത്തലത്തിൽ അസ്വാഭാവികമെന്ന് വിലയിരുത്താനാവില്ല.

മതസഹിഷ്ണുതയ്ക്കുമപ്പുറം മതങ്ങളെ ആദരിക്കുവാനും ഉൾക്കൊള്ളുവാനും ആ രാജർഷിമാർ തയാറായതുകൊണ്ടാണല്ലോ തൃപ്പൂണിത്തുറയിലെ പുരാതനമായ അത്തച്ചമയഘോഷയാത്രയിൽ കരിങ്ങാച്ചിറ കത്തനാർക്കും സ്ഥാനം ലഭിച്ചത്. തൃപ്പൂണിത്തുറയിലെ നടമേൽ സെന്റ് മേരീസ് പള്ളി എ.ഡി. 1175-ൽ സ്ഥാപിക്കപ്പെട്ടത് മുതൽ സുറിയാനി ക്രിസ്ത്യാനികളും കൊട്ടാരവും തമ്മിൽ ഗാഢസമ്പർക്കത്തിൽ ജീവിക്കുന്നു. പള്ളിയും ബംഗ്ലാവും കൊട്ടാരക്കെട്ടുകളോട് സാദൃശ്യം വഹിക്കുന്നത് ഈ വേഴ്ചയുടെ പ്രത്യക്ഷഫലമാണ്. മഹത്തായ ഈ പശ്ചാത്തലത്തിലാണ് തൃപ്പൂണിത്തുറ ഇടവകയിൽ പ്രതിഭാശാലികളായ മൂന്ന് മഹാശയന്മാർ 20-ാം നൂറ്റാണ്ടിൽ മലനാടിന്റെയും മലങ്കരസഭയുടെയും പെരുമ വർദ്ധിപ്പിച്ചത്.

1886-ൽ മൂക്കഞ്ചേരിൽ (മൂക്കഞ്ചേരി കുടുംബം പാലൂർ-ചാട്ടുകുളങ്ങര ഇടവകയിൽ നിന്ന് തൃപ്പൂണിത്തുറയിൽ കൊച്ചി രാജവംശത്തെപ്പോലെ തന്നെ കുടിയേറിപ്പാർത്തതാണെന്ന് ചരിത്രം) കുടുംബത്തിൽ ജനിച്ച് മല ങ്കരസഭയിൽ അതുല്യനും അനന്വയവും ആയി 1968-ൽ അസ്തമിച്ച പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ആണ് ആദ്യത്തെ ആൾ. 1865 മുതൽ 1909 വരെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം വഹിച്ച പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ 1873-ലും 1876-ലുമായി താൻ രൂപംകൊടുത്തതും കേരളത്തിലെ ഒന്നാമത്തെ സാമു ദായിക സംഘടന എന്ന നിലയിൽ പ്രസിദ്ധി നേടിയതുമായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ പിൻബലത്തോടെ സ്ഥാപിച്ച സുവിശേഷസംഘം, വിജാതീയ മിഷൻ, സണ്ടേസ്കൂൾ പ്രസ്ഥാനം തുടങ്ങിയ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ മുഖപത്രമായി പ്രസിദ്ധീകരിക്കപ്പെട്ട 'സുറിയാനി സുവിശേഷകൻ' മാസികയിൽ നിന്ന് പ്രചോദനം നേടിയ എം. പി. പത്രോസ്, പുലിക്കോട്ടിൽ തിരുമേനിയിൽ നിന്ന് 1907-ൽ മിഷനറി പ്രവർത്തനത്തിനുള്ള കൈവെപ്പ് സ്വീകരിച്ചതോടെ ഒരു സാമൂഹ്യവിപ്ലവകാരി തൃപ്പൂണിത്തുറയിൽ ആവിർഭവിച്ചു. അധഃകൃ തോദ്ധാരണം ജീവിതവ്രതമാക്കി എടുത്ത അദ്ദേഹം വൈദികനായ പ്പോഴും മെത്രാനായപ്പോഴും ലക്ഷ്യം വിസ്മരിച്ചില്ല. പുലിക്കോട്ടിൽ തിരു മേനിയുടെ കാലശേഷം മലങ്കരസഭ രണ്ടു കക്ഷികളായി മാറിയത് അദ്ദേ ഹത്തെ ദുഃഖിപ്പിച്ചു. രണ്ടു കക്ഷിയിൽനിന്നും അദ്ദേഹം ഭേദചിന്ത കൂടാതെ സ്ഥാനമേറ്റത് തന്റെ മിഷനറി പ്രസ്ഥാനത്തെ ശക്തിപ്പെടുത്തു വാനായിരുന്നു. പിതൃവ്യൻ എം. പി. വർക്കിയിലൂടെ (പുലിക്കോട്ടിൽ തിരു മേനിയുടെ ജീവചരിത്രകാരൻ) പുലിക്കോട്ടിൽ തിരുമേനിയുടെ സുവി ശേഷ ദർശനങ്ങൾ ആ യുവാവിനെ അത്യധികം ആകർഷിച്ചിരുന്നു. ക്ഷേത്രപ്രവേശനം, അയിത്തോച്ചാടനം, അവർണ്ണർക്കുള്ള വിദ്യാഭ്യാസ - സഞ്ചാരസ്വാതന്ത്ര്യം എന്നീ മനുഷ്യാവകാശങ്ങൾക്കു വേണ്ടിയുള്ള സമരങ്ങളിൽ അദ്ദേഹത്തിന്റെ സ്ഥാനം മുൻപന്തിയിലായിരുന്നു.

കഴിഞ്ഞ നൂറ്റാണ്ട് ലോകത്തിന് സമ്മാനിച്ച രണ്ടാമത്തെ തൃപ്പൂണി ത്തുറക്കാരൻ 1922-ൽ ജനിച്ച തടിയ്ക്കൽ പൈലിയുടെ മകൻ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായാണ്. പത്രപ്രവർത്ത കനായി ജീവിതം ആരംഭിച്ച അദ്ദേഹം 1996-ൽ ചരിത്രത്തിൽ അസ്തമി ച്ചപ്പോൾ ഔപചാരികവും അനൗപചാരികവുമായ ലോകവൈജ്ഞാനിക മേഖലകളിൽ ആധിപത്യം സ്ഥാപിച്ചിരുന്നു. ബഹുഭാഷാ വിശാരദനാ യിരുന്ന അദ്ദേഹം രചിച്ച ഗ്രന്ഥങ്ങളും പ്രബന്ധങ്ങളും അലങ്കരിച്ച സ്ഥാന ങ്ങളും കരസ്ഥമാക്കിയ ബഹുമതികളും ഒരു ലേഖനവിസ്തൃതിയിൽ ഒതുങ്ങുന്നതല്ല. മലങ്കരസഭയിലെ കക്ഷിവഴക്കുകളിൽ അത്യന്തം

ഖിന്നനായ അദ്ദേഹം 1958-ലെ സഭാസംയോജനം കഴിഞ്ഞാണ് 37-ാം വയസ്സിൽ ആദ്യപട്ടം ഏറ്റത്.

തൃപ്പൂണിത്തുറ പ്രദേശം ജന്മംനൽകിയ മൂന്നാമത്തെ പ്രതിഭാശാലിയാണ് ഫാ. ജോസഫ് വെണ്ടറപ്പിള്ളി (1930-2002). 1946-ൽ കൊച്ചിയുടെ മെത്രാപ്പോലീത്താ ആയി സ്ഥാനമേറ്റ പൗലൂസ് മാർ സേവേറിയോസ് സംരംഭകത്വശേഷിയിൽ മികവുറ്റ ദേഹമായിരുന്നു. 1947-ൽ തന്നെ അദ്ദേഹം തൃപ്പൂണിത്തുറയിലെ ഈ പ്രതിഭാശാലിയെ കണ്ടെത്തി. വളരെ പ്രതീക്ഷകളോടെ വൈദികരംഗത്തേക്ക് (മ്സമ്രോനോ-1947, വയസ്-17) ഉപനയിച്ചു.

കൊച്ചി ഭദ്രാസന ആസ്ഥാനം

1876-ൽ പത്രോസ് തൃതീയൻ ബാവാ ഏകപക്ഷീയമായി പ്രഖ്യാപിച്ച ഏഴ് ഭദ്രാസനങ്ങളിൽ ഒന്നായി കൊച്ചി ഭദ്രാസനം രൂപംകൊണ്ടെങ്കിലും ഒന്നാമത്തെ ഭദ്രാസനാധിപൻ കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസിന് ഭരിക്കാനായില്ല; ഒരു ആസ്ഥാനത്തെപ്പറ്റി ചിന്തിക്കാനും കഴിഞ്ഞില്ല. ഏഴ് ഭദ്രാസനങ്ങൾ എന്ന ആശയത്തെ അന്ന് സഭ സ്വീകരിച്ചിട്ടുമില്ലായിരുന്നു. 1908-ൽ പോലും തെക്കും വടക്കുമായി രണ്ടു മെത്രാസനങ്ങൾ മതി എന്ന് ചിന്തിച്ചതിനാലാണ് മിക്ക മേൽപട്ടക്കാരും കാലം ചെയ്തതിനുശേഷവും രണ്ടു പേരെ മാത്രം മെത്രാൻസ്ഥാനാർത്ഥികൾ ആയി സഭ തെരഞ്ഞെടുത്തത്. അതുകൊണ്ടുതന്നെയാവണം തെക്കു പരുമലയിലും വടക്ക് ആലുവായിലും മാത്രം ആസ്ഥാനങ്ങൾ മതി എന്ന് സഭ ചിന്തിച്ചത്. പരുമലയിൽ പുലിക്കോട്ടിൽ രണ്ടാം ദീവന്നാസ്യോസ് നിർമ്മിച്ച സെമിനാരിയും ആലുവായിൽ അമ്പാട്ട് മാർ കൂറിലോസ് ആരംഭിച്ച് കടവിൽ മാർ അത്താനാസിയോസ് ഏറ്റെടുത്ത് പുലിക്കോട്ടിൽ തിരുമേനി പൂർത്തിയാക്കിയ തൃക്കുന്നത്ത് സെമിനാരിയും നേരത്തെ രൂപം കൊണ്ടിരുന്നു. എന്നാൽ 1909-ൽ ദൗർഭാഗ്യകരമായ പിളർപ്പുണ്ടായതോടെ കാര്യങ്ങൾ ആകെ മാറി. പിന്നീടാണ് മറ്റ് മെത്രാസന ആസ്ഥാനങ്ങൾ രൂപംകൊണ്ടത്. കൊച്ചിയിലെ ഭൂരിഭാഗം പള്ളികളും പാത്രിയർക്കീസ് ഭാഗത്താണ് നിലയുറപ്പിച്ചത്. സ്വന്തമായി സഭാഭരണഘടന ഇല്ലാത്തതിനാൽ ഭദ്രാസനകാര്യങ്ങൾ അതത് ഭദ്രാസനങ്ങളിലെ വൈദിക കൗൺസിലാണ് നിർവഹിച്ചിരുന്നത്. കൊച്ചിയിലും പി. എസ്. സ്കറിയാ കത്തനാർ സെക്രട്ടറിയായ ഒരു വൈദിക കൗൺസിൽ ദീർഘകാലം പ്രവർത്തിച്ചു. കൊച്ചിക്ക് പുതിയ ഇടയനായി പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ 1946-ൽ സ്ഥാനമേറ്റതോടെ തിരിച്ചെത്തിയ അദ്ദേഹം കരിങ്ങാച്ചിറ പള്ളിയിൽവച്ച് വൈദികരുടെയും മറ്റും ഒരു യോഗം ചേർന്ന് ആസ്ഥാന നിർമ്മിതിക്ക് ഒരു കമ്മിറ്റിയെ തിരഞ്ഞെടുത്തു. വെണ്ടറപ്പി

ള്ളിൽ കൊച്ചുശെമ്മാശൻ ആ കമ്മിറ്റിയിൽ അംഗമായിരുന്നു. ആ കമ്മിറ്റി കാര്യമായ പ്രവർത്തനങ്ങൾ ഒന്നും നടത്തിയില്ല. തുടർന്ന് 1948 നവംബർ 25-ന് മാമ്പ്ര സീനായ് ആശ്രമത്തിൽ വച്ച് (അവിടെയാണ് തിരുമേനി താമസിച്ചിരുന്നത്) ഒരു ഭദ്രാസന പ്രതിപുരുഷയോഗം വിളിച്ചുകൂട്ടി. അവിടെവച്ച് പുതുതായി രൂപീകരിക്കപ്പെട്ട കമ്മിറ്റിയിലും കൊച്ചുശെമ്മാശൻ അംഗമായിരുന്നു. ഫാ. കെ. ടി. സഖറിയാ (ആരക്കുന്നം), ഫാ. പി. എസ്. സ്കറിയാ (കരിങ്ങാച്ചിറ), ഡീക്കൻ പി. കെ. സ്ലീബാ (തൃപ്പൂണിത്തുറ-ആരക്കുന്നം), ഫാ. പി. സി. ജോസഫ് (നടപ്പുഴ-കരിങ്ങാച്ചിറ), ഡീക്കൻ ജോസഫ് വെണ്ടറപ്പിള്ളി എന്നിവർ ചേർന്ന ആ കമ്മിറ്റി പള്ളികൾതോറും സഞ്ചരിച്ച് പിരിവ് നടത്തി. അത് വിജയമായിരുന്നു. 1950-ൽ കൊരട്ടിയിൽ മൂന്ന് ഏക്കർ സ്ഥലം രജിസ്റ്റർ ചെയ്തു. വൈകാതെ 110 പറ നെല്ല് പാട്ടം കിട്ടുന്ന നെൽവയലുകളും ആസ്ഥാനത്തിനടുത്ത് സമ്പാദിച്ചു. പുതുതായി വാങ്ങിയ സ്ഥലത്ത് ഒരു താൽക്കാലിക കെട്ടിടം പണിയിച്ച് തിരുമേനി മാമ്പ്രയിൽനിന്ന് കൊരട്ടിയിലേക്ക് 1951-ൽ താമസം ആരംഭിച്ചു. 1951-ൽ സെമിനാരി ചാപ്പലിന്റെ ശിലാസ്ഥാപനം നടത്തി. 1958-ൽ സെമിനാരി കെട്ടിടം ഉദ്ഘാടനം ചെയ്തു. വെണ്ടറപ്പിള്ളിൽ കൊച്ചുശെമ്മാശൻ എറണാകുളം തേവര കോളജിലും കോഴിക്കോട് ട്രെയിനിംഗ് കോളജിലും പഠിക്കുന്ന കാലമായിരുന്നു അതെങ്കിലും അവധിക്കാലങ്ങളിൽ അദ്ദേഹം സെമിനാരി നിർമ്മാണത്തിൽ ആവുംവിധം പങ്കുകൊണ്ടു. വൈദികർ നേരിടുന്ന പലവിധ പ്രശ്നങ്ങൾ നേരിട്ടറിഞ്ഞ ശെമ്മാശൻ വൈദിക വൃത്തിയോടൊപ്പം അദ്ധ്യാപനവൃത്തി സ്വയംവരിക്കുകയായിരുന്നു. 1947-ൽ ശെമ്മാശുപട്ടം ഏറ്റ അദ്ദേഹം ദീർഘകാലം ആ നിലയിൽ തുടർന്നു. തൃപ്പൂണിത്തുറ ഇടവകയിൽ വൈദികവൃത്തി സ്വീകരിക്കുവാൻ സാഹചര്യമുണ്ടായിരുന്നുവെങ്കിലും വിഭജിതമായ സഭയിൽ വൈദിക വൃത്തി സ്വീകരിക്കുന്നത് അദ്ദേഹത്തിന് അസ്വീകാര്യമായിരുന്നു. ഗുരുസ്ഥാനീയനായ പോൾ വർഗ്ഗീസിന്റെ ചിന്താപഥത്തിലൂടെയാണ് ശെമ്മാശൻ സഞ്ചരിച്ചിരുന്നത്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കേരളത്തിൽ വേരോട്ടം ആരംഭിക്കുന്ന ആ കാലത്ത് ആ രാഷ്ട്രീയപാർട്ടിയോട് ആഭിമുഖ്യം പുലർത്തിയ ശെമ്മാശൻ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ പഠിക്കാൻ താൽപര്യം പ്രദർശിപ്പിച്ചു. കൂത്താട്ടുകുളം വടകര ഇടവകയിലെ ചൊള്ളമ്പേൽ യോഹന്നാൻ കോറെപ്പിസ്കോപ്പായുടെ പുത്രൻ സി. ജെ. തോമസ് ശെമ്മാശനായിരിക്കേ കമ്മ്യൂണിസ്റ്റ് പ്രവർത്തകനായ കാലമായിരുന്നു അത്. സി. ജെ. യെപ്പോലെ വൈദികശാസ്ത്രം വലിച്ചെറിയുവാൻ ശ്രമിച്ചില്ലെങ്കിലും വൈദികവേഷത്തോടൊപ്പം അധ്വാനിക്കുന്നവരോടുള്ള മമതയും അദ്ദേഹത്തിൽ സമാന്തരമായി വളർന്നു. ഈ സംഘർഷം ജീവിതാന്ത്യം വരെ അദ്ദേഹത്തെ അലട്ടിയിരുന്നു.

1958-ൽ സുപ്രീംകോടതി വിധിയെ തുടർന്ന് പരസ്പരസ്വീകരണത്തിലൂടെ സഭയിലെ ഇരുകക്ഷികളും യോജിച്ചപ്പോൾ കൊച്ചുശെമ്മാശൻ ആഹ്ലാദിച്ചു. അപ്പോഴേക്കും അദ്ദേഹം വടവുകോട് രാജർഷി മെമ്മോറിയൽ ഹൈസ്കൂളിൽ അദ്ധ്യാപകവൃത്തി സ്വീകരിച്ചിരുന്നു. സഭാസംയോജനത്തിൽ അസംതൃപ്തി പൂണ്ട മാർ യൂലിയോസ് കുന്നംകുളം ആർത്താറ്റ് സിംഹാസനപള്ളിയിൽ അവകാശവാദം ഉന്നയിച്ച് വ്യവഹാരം ആരംഭിച്ചതോടെ അദ്ദേഹം വീണ്ടും വ്യാകുലവിധേയനായി. 1959 മുതൽ സഭാ ഭരണഘടനയനുസരിച്ച് ഭദ്രാസനഭരണം ക്രമീകൃതമായി. പി. എസ്. സ്കറിയാ കത്തനാർ സെക്രട്ടറിയായി ആദ്യ കൗൺസിൽ രൂപംകൊണ്ട് പ്രവർത്തനം തുടങ്ങി. അക്കാലത്തെ ഭദ്രാസന യോഗത്തിന്റെയും വൈദികയോഗത്തിന്റെയും മിനിട്ട്സ്ബുക്ക് രേഖപ്പെടുത്തിയിരുന്നത് വെണ്ടറപ്പിള്ളിൽ ശെമ്മാശനായിരുന്നു. ഭദ്രാസനത്തിന്റെ അകംകാര്യങ്ങളിൽ അദ്ദേഹം സജീവമായി പ്രവർത്തിച്ചിരുന്നു എന്ന് ഇത് വ്യക്തമാക്കുന്നു. 1962-ൽ മാർ സേവേറിയോസ് തിരുമേനി അന്തരിച്ചതോടെ ശെമ്മാശൻ വിഷണ്ണനായി. ജീവിതത്തിലാകെ അനിശ്ചിതത്വം നിറഞ്ഞുനിന്നു.

കർമ്മനിരതൻ

1954 മുതൽ അദ്ധ്യാപകവൃത്തിയിൽ പ്രവേശിച്ചു എങ്കിലും കൊച്ചി ഭദ്രാസനത്തിന്റെ ഭരണപരവും സാംസ്കാരികവുമായ പ്രവർത്തനങ്ങളുടെ നേതൃനിരയിൽ അദ്ദേഹം ഉണ്ടായിരുന്നു. സീയോൻ സെമിനാരിയിലെ ബൃഹത് ലൈബ്രറി മാർ സേവേറിയോസ് തിരുമേനിയുടെ സംഭാവനയാണെങ്കിലും ആ സ്വപ്നപദ്ധതി പ്രാവർത്തികമാക്കുന്നതിൽ വെണ്ടറപ്പിള്ളി ശെമ്മാശന്റെ അനൽപമായ അധ്വാനവും ആസൂത്രണവൈഭവവും ചെറുതായിരുന്നില്ല.

1953 ജൂലായ് മാസം മുതൽ കൊരട്ടി സീയോൻ സിമ്മനാരിയിൽ നിന്ന് സീയോൻ സന്ദേശം എന്ന മാസിക പുറപ്പെട്ടു. ചേലക്കര ചെമ്മണ്ണൂർ ഗീവർഗ്ഗീസ് അച്ചൻ, കരിങ്ങാച്ചിറ നടാപ്പുഴ ജോസഫ് അച്ചൻ പ്രവർത്തകരായി നിയമിക്കപ്പെട്ടിരുന്നെങ്കിലും പ്രധാന പ്രവർത്തകൻ ശെമ്മാശൻ തന്നെയായിരുന്നു. മാസിക ആരംഭിച്ച് പ്രവർത്തനസജ്ജമായാൽ താൻ ചുമതല വഹിച്ചുകൊള്ളാമെന്നും മാസികയ്ക്ക് ആവശ്യമായ മൂലധനം സ്വരൂപിക്കുന്ന പ്രാരംഭജോലികൾ താൻ നിർവ്വഹിച്ചുകൊള്ളാമെന്നും ബഹു. ചെമ്മണ്ണൂരച്ചൻ സ്വമേധയാ സമ്മതിച്ചതിനാലാണ് ശെമ്മാശൻ അതിന്റെ എഡിറ്റർ സ്ഥാനം ഏറ്റെടുത്തത്. എന്നാൽ ഏതാനും മാസങ്ങൾകൊണ്ട് ഒരു കാര്യം ബോധ്യമായി. മാസികയിൽ കഥ, ലേഖനം തുടങ്ങിയവ സ്വന്തം പേരിൽ പ്രസിദ്ധീകരിക്കുവാനല്ലാതെ ധനസമാഹരണം, പരസ്യം പിടിക്കൽ, വരിക്കാരെ ചേർക്കൽ, അച്ചടി, വിലാസമെ

ഴുതി വരിക്കാർക്ക് കൃത്യദിവസം മാസിക അയയ്ക്കൽ എന്നീ വിവിധ ജോലികൾ ചെയ്യാൻ പ്രവർത്തകർക്ക് ഉത്സാഹം കണ്ടില്ല. ശെമ്മാശൻ തന്നെ എല്ലാ കാര്യങ്ങൾക്കുമായി ഓടിനടക്കേണ്ടി വന്നപ്പോൾ ആറു മാസം കഴിഞ്ഞ് ശെമ്മാശൻ മാസികയുടെ എഡിറ്റർ സ്ഥാനത്തേക്ക് മറ്റൊരാളെ നിയമിക്കുവാൻ ആവശ്യപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ മാർ സേവേറിയോസ് തിരുമേനി ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഉദ്ധരിക്കട്ടെ.

1954 ജനുവരി 22, വെള്ളി.

“മാസിക നടത്തിപ്പിനെ സംബന്ധിച്ചാലോചിപ്പാൻ നടാപ്പുഴ അച്ചൻ, കൂടിയാട്ടച്ചൻ, ചെമ്മണ്ണൂരച്ചൻ, ഞാർത്താങ്കലച്ചൻ, വെണ്ടറപ്പിള്ളിൽ ശെമ്മാശൻ മുതൽപേർ വന്നുകൂടി. വെണ്ടറപ്പിള്ളി ശെമ്മാശന്റെ കണക്കുകൾ പരിശോധിച്ചു. നാളതുവരെ വരവ് കഴിച്ച് 8-ൽ ചില്വാനം രൂപ പ്രസ്സുകാർക്ക് കൊടുക്കുവാൻ ഉണ്ടെന്നാണ് കണക്കുകൊണ്ട് കണ്ടത്. ശെമ്മാശന് പകരം കൂടിയാട്ടച്ചൻ (ഫാ. എസ്. പൗലൂസ്, കരിങ്ങാച്ചിറ) ചെമ്മണ്ണൂരച്ചനോട് ഈ ചുമതല വഹിക്കാമെന്ന് ഭരമേറ്റു.”

1954 ജനുവരി 23, ശനി

“നടാപ്പുഴ അച്ചൻ മുതൽപേർ മടങ്ങിപ്പോയി. വെണ്ടറപ്പിള്ളി ശെമ്മാശൻ ആറു മാസത്തേക്ക് മാസിക നടത്താമെന്നാണ് ഭരമേറ്റിരുന്നതെന്നും നിശ്ചിതസമയം കഴിഞ്ഞതിനാൽ തുടർന്ന് നടത്തുവാൻ സാധ്യമല്ലെന്നും ടിയാൻ പറഞ്ഞു. ഒന്നുമില്ലാത്തവിധം മാസികയുടെ സ്ഥിതി ആയിത്തീർന്നതിൽ നമുക്ക് കുണ്ഠിതമുണ്ട്.”

ചേലക്കര ചെമ്മണ്ണൂരച്ചൻ മാസികയുടെ ചുമതലയേറ്റതോടെ അതേവരെ തൃപ്പൂണിത്തുറയിൽ അച്ചടിച്ചിരുന്ന മാസിക വടക്കാഞ്ചേരി (ഓട്ടുപാറ) യിൽ അച്ചടിക്കുവാൻ തുടങ്ങി. 1954-ൽ വടവുകോട് ഹൈസ്കൂളിൽ ജോലിചെയ്യേണ്ടിവന്നത് വെണ്ടറപ്പിള്ളി ശെമ്മാശനെ മാസികാസേവനത്തിൽനിന്ന് പിൻവാങ്ങുവാൻ പ്രേരിപ്പിച്ചു എന്നു തോന്നുന്നു. ഏതായാലും താൻ ശക്തനായ ഒരെഴുത്തുകാരനാണെന്ന് ബോധ്യപ്പെടുവാൻ ഈ പ്രവർത്തനം സഹായിച്ചു. വീണ്ടും ഒരാറുമാസം കഴിഞ്ഞതോടെ ‘സീയോൻ സന്ദേശ’ത്തിന്റെ പ്രസിദ്ധീകരണം നിലച്ചു.

(1971-ൽ സീയോൻ സന്ദേശം വീണ്ടും പ്രസിദ്ധീകരണം ആരംഭിച്ചു. യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിലാണ് അതിന്റെ പ്രവർത്തനം തുടങ്ങിയത്. പ്രസ്ഥാനത്തിന്റെ ഭദ്രാസന സെക്രട്ടറി എന്ന നിലയിൽ ഈ ലേഖകൻ എഡിറ്റർ ആയി നിയമിതനായി. കൊള്ളന്നൂർ ഗീവറുഗീസ് ശെമ്മാശൻ മാനേജരും. ഉള്ളടക്കത്തിന്റെ ചുമതല എനിക്കും

സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുവാനുള്ള ചുമതല മാനേജർക്കും ആയിരിക്കുമെന്ന് വ്യക്തമാക്കപ്പെട്ടിരുന്നു. സ്വന്തം അനുഭവത്തിൽനിന്ന് ബഹു. വെണ്ടറപ്പിള്ളിൽ അച്ചൻ നൽകിയ വിലപ്പെട്ട ഉപദേശം ഓർക്കുന്നു: "ആദ്യമേ ഒരു സുവനീർ പ്രസിദ്ധീകരിച്ച് ഒരു മൂലധനം സ്വരൂപിക്കണം. എന്നാലേ സാമ്പത്തിക വിഷമതകളെ നേരിടാനാവൂ." മാനേജരുടെ അമിതമായ ആത്മവിശ്വാസത്തിൽ വിശ്വാസമർപ്പിച്ച ഈ ലേഖകൻ ഈ ഉപദേശം കാര്യമാക്കിയില്ല. അവസാനം ഒരു വർഷം കഴിഞ്ഞ് നഷ്ടം പരിഹരിക്കുവാൻ സ്ത്രീധനമായി ലഭിച്ച തുക നൽകേണ്ടി വന്നു എന്നത് പിന്നാമ്പുറക്കഥ.)

വിഫലമായ ഭദ്രാസന ഡയറക്ടറി

1958-ൽ സഭയിൽ യോജിപ്പുണ്ടായതോടെ എല്ലാ വിഷയങ്ങളിലും നവോന്മേഷം സംജാതമായി. കുന്നംകുളത്ത് ആർത്താറ്റ് സിംഹാസന പള്ളിയിൽ ഇരുഭാഗത്തെയും വൈദികരുടെ ആദ്യസംയുക്ത സമ്മേളനം ചേർന്നതിൽ ഈ ഉന്മേഷം പ്രകടമായിരുന്നു. ഒരു ഭദ്രാസന ഡയറക്ടറി പ്രസിദ്ധീകരിപ്പാൻ അന്ന് തീരുമാനിക്കപ്പെട്ടു. അതിന്റെ പ്രധാന ചുമതലക്കാരനായി വെണ്ടറപ്പിള്ളിൽ ശെമ്മാശനെ നിയോഗിച്ചു. സഹായികളായി ഞാർത്താങ്കൽ കോരുത് മൽപാൻ, എസ്. പൗലൂസ് കൂടിയാടിലച്ചൻ, നടാപ്പുഴ ജോസഫ് അച്ചൻ, കുന്നംകുളം കാക്കശ്ശേരിൽ ജോസഫ് കോറെപ്പിസ്കോപ്പാ തുടങ്ങിയവരെയും നിയമിച്ചു. പള്ളികളുടെയും വൈദികരുടെയും ചിത്രങ്ങളും ചരിത്രങ്ങളും ശേഖരിക്കാൻ തുടങ്ങി എങ്കിലും അത് ഒരു ഘട്ടത്തിനപ്പുറം പുരോഗമിച്ചില്ല. എത്ര ഓർമ്മക്കുറിപ്പുകൾ അയച്ചാലും ചില വൈദികർ പ്രതികരിക്കുവാൻ ഉത്സാഹം കാട്ടിയില്ല. ഈ കാര്യത്തിനായി അക്കാലത്ത് ശേഖരിച്ച ചിത്രങ്ങളും ചരിത്രങ്ങളും അടങ്ങിയ ഫയൽ പിൽക്കാലത്ത് കൊരട്ടി സെമിനാരിയിൽ ഈ ലേഖകൻ നിരീക്ഷിച്ചിട്ടുണ്ട് (പിൽക്കാലത്ത് 1971-ൽ ഈ ലേഖകന്റെ മുഖ്യപിൻബലത്തോടെ കെ. സി. ജോസഫച്ചൻ എഡിറ്റർ ആയുള്ള ഒരു സമിതി ഭദ്രാസന ഡയറക്ടറിയുടെ വിജയകരമായ പ്രസിദ്ധീകരണം പൂർത്തിയാക്കിയപ്പോൾ ഈ പരാജയപ്പെട്ട മുൻ അനുഭവത്തിന്റെ പാഠങ്ങൾ ആവോളം ഉൾക്കൊള്ളുവാൻ ശ്രമിച്ചിരുന്നു.)

അഡ്മിനിസ്ട്രേറ്റർ

മലങ്കരസഭയുടെ ഭരണഘടനയിൽ പരാമർശിക്കാത്ത ഒരു സ്ഥാനമാണിത്. 1962-ൽ പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തതോടെ പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ഭദ്രാസനത്തിന്റെ ഭരണം ഏറ്റെടുക്കുകയും തുമ്പമൺ മെത്രാസനത്തിന്റെ ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ ഭദ്രാസന ചുമതല ഏൽപിക്കു

കയും ചെയ്തു. ഭദ്രാസനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിർവഹിക്കുവാൻ അന്ന് അഡ്മിനിസ്ട്രേറ്ററായി ഒരാളെ ചുമതലപ്പെടുത്തുവാൻ പ. ബാവാ ആഗ്രഹിച്ചു. ആ പദവിയിലേക്ക് നിയമിക്കപ്പെടുവാൻ തക്കവണ്ണം ഏകകണ്ഠമായി നിർദ്ദേശിക്കപ്പെട്ട പേർ വെണ്ടറപ്പിള്ളിൽ ശെമ്മാശന്റേതായിരുന്നു. പത്തനംതിട്ടയിൽ ബേസിൽ അരമനയിൽ താമസിക്കുന്ന മെത്രാപ്പോലീത്തായെ നിരന്തരം സന്ദർശിച്ച് ഭദ്രാസന ഭരണകാര്യങ്ങൾ സുഗമമാക്കുന്നതിൽ അഡ്മിനിസ്ട്രേറ്റർ ത്യാഗപൂർവ്വം പ്രവർത്തിച്ചു. ജീവിതകാലം മുഴുവൻ ത്യാഗത്തിന് സന്നദ്ധനായിരുന്ന അദ്ദേഹം പുതിയ ചുമതലയിൽ സംതൃപ്തി കണ്ടെത്തി. മോട്ടോർസൈക്കിളിൽ കൊരട്ടിയിൽ ആഴ്ചയിൽ പലവട്ടം വന്നിരുന്ന അഡ്മിനിസ്ട്രേറ്ററെ ഏവർക്കും ഇഷ്ടമായി. ഭദ്രാസനത്തിന് 1966-ൽ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ നിയമിതനാകുന്നതുവരെയും അദ്ദേഹം സ്തുത്യർഹമായി ചുമതലകൾ നിർവഹിച്ചു.

ഭദ്രാസന സെക്രട്ടറി

പാത്രിയർക്കീസ് പക്ഷത്തിന് ബഹുഭൂരിപക്ഷമുള്ള കൊച്ചി ഭദ്രാസനത്തിൽ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ ചുമതലയേറ്റത് കാതോലിക്കാപക്ഷത്തെ ഇടവകകൾക്ക് ആവേശമായി. ഒക്ടോബറിൽ പുതിയ മെത്രാപ്പോലീത്താ ചുമതലയേറ്റ് 'സുന്ത്രോണീസോ' യ്ക്കുശേഷം 1966 നവംബർ 15-ന് ഭദ്രാസനാസ്ഥാനത്ത് ചേർന്ന ഭദ്രാസനപ്രതിപുരുഷയോഗത്തിൽ കാതോലിക്കാപക്ഷത്ത് നിന്ന് ഒരു വൈദികനെ ഭദ്രാസന സെക്രട്ടറിയാക്കുവാൻ നീക്കം നടന്നു. പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ശിഷ്യനും സെക്രട്ടറിയുമായ മണലിൽ യാക്കോബ് കത്തനാരെ അവർ സെക്രട്ടറി സ്ഥാനത്തേക്ക് നിർദ്ദേശിച്ചു. മറുഭാഗത്തെ ചൊടിപ്പിക്കുവാൻ പര്യാപ്തമായിരുന്നു ഈ നീക്കം. ആയിടെ 1966 മെയ് രണ്ടിന് കശ്ശീശാപട്ടം സ്വീകരിച്ച ഒരാളെ മറുഭാഗത്തുനിന്ന് മത്സരിപ്പിക്കുവാൻ പാത്രിയർക്കീസ് ഭാഗം നിശ്ചയിച്ചു. അപ്രകാരം നിർദ്ദേശിക്കപ്പെട്ട സ്ഥാനാർത്ഥിയായിരുന്നു വെണ്ടറപ്പിള്ളിൽ ജോസഫ് കശ്ശീശാ. മത്സരത്തിൽ അദ്ദേഹം നിഷ്പ്രയാസം വിജയിച്ചു. കുന്നംകുളത്തുനിന്ന് കാക്കശ്ശേരി ജോസഫ് കോറെപ്പിസ്കോപ്പാ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതിനാൽ മെത്രാൻകക്ഷി ഭാഗത്തുനിന്ന് ഒരാളുടെ പ്രാതിനിധ്യം കൗൺസിലിലുണ്ടായി. ഒരു കക്ഷിയുടെ പ്രതിനിധിയായിട്ടാണ് താൻ മത്സരിച്ചത് എങ്കിലും അതിന്റെ മുറിവുകൾ ഉണക്കുംവിധമായിരുന്നു പുതിയ ഭദ്രാസന സെക്രട്ടറിയുടെ സമീപനങ്ങൾ. മെത്രാപ്പോലീത്തായോടും സീനിയർ വൈദികരോടും ആ കൊച്ചച്ചൻ പുലർത്തിയ ബഹുമാനാദരവുകൾ എല്ലാവരെയും ആകർഷിച്ചു. പുതിയ മെത്രാപ്പോലീത്താ കോട്ടയം പഴയസെമിനാരിയിൽ ദീർഘ

കാലം മൽപാൻ ആയി പ്രവർത്തിച്ചിരുന്ന ആളായതിനാൽ മലങ്കരസഭയിലെ മിക്ക വൈദികരും അദ്ദേഹത്തിന്റെ പ്രിയ ശിഷ്യന്മാർ ആയിരുന്നു. അവരൊക്കെ അദ്ദേഹത്തെ സ്വന്തം ഇടവകകളിലേക്ക് നിരന്തരം ക്ഷണിച്ചതിനാൽ അദ്ദേഹം നിരന്തരം യാത്രയിലായിരുന്നു. പട്ടംകൊട, പള്ളിക്കൂദാശ, കന്തീല, കഹനൈത്താ തുടങ്ങിയ അപൂർവ്വ ശുശ്രൂഷകൾക്ക് പ്രത്യേക പ്രാഗത്ഭ്യം നേടിയിരുന്ന കൊച്ചുതിരുമേനിയെ എല്ലാ മെത്രാസനങ്ങളിലേക്കും ക്ഷണിക്കുക പതിവായിരുന്നു (അങ്കമാലി പള്ളിയിൽ 1972-ൽ പാറയ്ക്കൽ അച്ചന്റെ കന്തീലാ ശുശ്രൂഷയ്ക്ക് അദ്ദേഹം ക്ഷണിക്കപ്പെട്ടിരുന്നു. സീനിയർ മെത്രാപ്പോലീത്താമാരായ പൗലൂസ് മാർ പീലക്സിനോസ് - പിന്നീട് ശ്രേഷ്ഠ കാതോലിക്കാബാവാ, ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് എന്നിവർ സന്നിഹിതരായ ആ ദിവ്യശുശ്രൂഷയിൽ ആരാധനയുടെ പ്രധാന നേതൃത്വം വഹിച്ചിരുന്നത് യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി ആയിരുന്നു എന്ന് അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ഈ ലേഖകൻ ഓർക്കുന്നു. പ. ഔഗേൻ ബാവായും മാത്യൂസ് മാർ അത്താനാസ്യോസ്, പാറേട്ട് മാർ ഈവാനിയോസ് തുടങ്ങിയ പിതാക്കന്മാർ അതത് മെത്രാസനങ്ങളിൽ പട്ടംകൊട നടത്തുവാൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തിയിരുന്നതായും പുതിയ മെത്രാൻ സ്ഥാനാർത്ഥികളെ പരിശീലിപ്പിക്കുവാൻ പ. സുന്നഹദോസ് അദ്ദേഹത്തെ ചുമതലപ്പെടുത്തിയിരുന്നതായും 1967 ഡിസംബർ 21-ന് കോട്ടയം പഴയസെമിനാരിയിൽ വച്ച് പ. ഔഗേൻ ബാവായും 1977 ഏപ്രിൽ 1-ന് മാത്യൂസ് പ്രഥമൻ ബാവായും നടത്തിയ മൂറോൻ കൂദാശകളിൽ അദ്ദേഹം സംവിധായകന്റെ ചുമതല വഹിച്ചിരുന്നതായും പ. സുന്നഹദോസ് അഭ്യർത്ഥിച്ചതനുസരിച്ച് ശുശ്രൂഷാസംവിധാനം എന്ന ലക്ഷണഗ്രന്ഥം അദ്ദേഹം രചിച്ചതായും ഈ ലേഖകൻ ഓർക്കുന്നു.)

തന്മൂലം ഭദ്രാസന സെക്രട്ടറിയുടെ ജോലിഭാരം വളരെ കൂടുതൽ ആയിരുന്നു. അദ്ദേഹത്തെ സഹായിക്കുവാൻ സെമിനാരി മാനേജർ ആയി നിയമിക്കപ്പെട്ട നവവൈദികൻ ഫാ. പി. സി. ജോർജ് സന്നദ്ധനായിരുന്നെങ്കിലും സ്വന്തം ചുമതലകൾ മറ്റാരെയും ഏൽപിക്കുവാൻ സെക്രട്ടറി അച്ചൻ ഇഷ്ടപ്പെട്ടിരുന്നില്ല. ഒഫീഷ്യൽ സ്ഥാനത്ത് താൻ ഇരിക്കുമ്പോൾ ഓഫീസ് ജോലികൾ മറ്റാരെങ്കിലും ചെയ്യുന്നത് അദ്ദേഹത്തിന് സമ്മതവും അല്ലായിരുന്നു. തന്മൂലം കൊരട്ടിയിലെ ഭദ്രാസന ഓഫീസ് പ്രവർത്തനക്ഷമമാകുന്നത് സെക്രട്ടറി അവിടെ വരുന്ന അവസരങ്ങളിൽ മാത്രമായിരുന്നു. കത്തിടപാടുകൾ അദ്ദേഹം വീട്ടിലിരുന്നു നിർവഹിക്കുകയായിരുന്നു പതിവ്. ഭദ്രാസന ഓഫീസിൽ ഒരു ഫയൽ സിസ്റ്റം ഏർപ്പെടുത്തുവാൻ തന്മൂലം അദ്ദേഹം ശ്രമിച്ചില്ല. തടിച്ച ബാഗിൽ കടലാസു

കൾ നിറച്ച് അദ്ദേഹം അരമനയിൽ വരും. ആവശ്യം കഴിഞ്ഞാൽ അവ ഓഫീസിലെ തുറന്നു കിടക്കുന്ന അലമാരയിൽ നിക്ഷേപിച്ച് അദ്ദേഹം മടങ്ങും (പിൽക്കാലത്ത് 1970-ൽ കെ. സി. ജോസഫ് അച്ചൻ ഭദ്രാസന സെക്രട്ടറിയാവുകയും അദ്ദേഹത്തിന്റെ സഹായി എന്ന നിലയിൽ ഈ ലേഖകൻ ഭദ്രാസന ഓഫീസ് കാര്യങ്ങളിൽ സഹായിക്കുകയും ചെയ്യു മ്പോൾ ഓഫീസുകൾ ക്രമീകരിച്ചതും ഷെൽഫിൽ വർഷങ്ങളായി കുത്തി നിറച്ച നിലയിൽ ആയിരുന്ന കടലാസുകളും കത്തുകളും ക്ലാസിഫൈ ചെയ്ത് അവയെ ഓരോ ഫയലിലാക്കി സൂക്ഷിച്ചതും ഓരോ പള്ളിയും ഓരോ വൈദികനും മറ്റ് ഓരോ പ്രവർത്തനങ്ങൾക്കും പ്രത്യേക ഫയൽ സൃഷ്ടിച്ചതും അവയ്ക്ക് നമ്പറിട്ട് അവയെ ക്രമീകരിച്ച് വച്ചതും ഒക്കെ ഈ ലേഖകൻ ഓർക്കുന്നു. കാൽ നൂറ്റാണ്ടിന് ശേഷം മാർ അന്തോണി യോസ് മെത്രാപ്പോലീത്തായുടെ കാലത്ത് ഒരു പ്രത്യേക ആവശ്യത്തി നായി പഴയ ചില ഫയലുകൾ പരിശോധിക്കേണ്ടി വന്നപ്പോൾ ഈ ലേഖ കൻ 1970-ൽ മേലെഴുത്ത് എഴുതിയ ഫയലുകൾ അവിടെ തുടരുന്നതായി കണ്ട് സന്തോഷം തോന്നി.)

1971-ൽ വെണ്ടറപ്പിള്ളിലച്ചൻ വിദേശപഠനത്തിന് പോവുകയാൽ അദ്ദേഹം ഭദ്രാസന സെക്രട്ടറിസ്ഥാനം രാജിവെയ്ക്കുകയും തൽസ്ഥാ നത്ത് എ. എം. പീറ്റർ കത്തനാരെ നിയമിക്കുകയും ചെയ്തു. 1984-ൽ അദ്ദേഹം വീണ്ടും ഭദ്രാസന സെക്രട്ടറിയായി അധികാരത്തിൽ പ്രവേ ശിച്ചു. മാർ സേവേറിയോസ് തിരുമേനി ആലസ്യം മൂലം മാർ പോളി ക്കാർപ്പോസ് തിരുമേനിയെ ഭദ്രാസന ചുമതലകൾ മിക്കവാറും ഏൽപിച്ച കാലമായിരുന്നു അത്. ഭദ്രാസനത്തിൽ കക്ഷിവഴക്കുകൾ മൂലം നിരവധി വ്യവഹാരങ്ങൾ ഉണ്ടായിരുന്നതിനാൽ ഇക്കാലത്ത് ഭദ്രാസന ഭരണം ഏറെ ദുഷ്കരമായിരുന്നു. അച്ചനെ ഒരു കാലത്ത് പിന്തുണച്ചവർ മിക്ക വാറും മറുകക്ഷിയിൽ കാലുറപ്പിച്ചിരുന്നത് അദ്ദേഹം വേദനയോടെ കണ്ടു. അദ്ദേഹത്തിന് അവരുടെ നേതൃത്വം ഏറ്റെടുക്കുവാൻ അവസരം ഉണ്ടാ യിരുന്നു. എന്നാൽ സഭാകാര്യങ്ങളിൽ സത്യം വെടിഞ്ഞ് ഒരു നിലപാട് സ്വീകരിക്കുന്നത് അദ്ദേഹത്തിന് അചിന്ത്യം ആയിരുന്നു. മാർ പോളി ക്കാർപ്പോസ് തിരുമേനിയും അചിരേണ രോഗബാധിതനായി. ഭരണരം ഗത്തു നിന്ന് പിന്മാറാൻ ആഗ്രഹിച്ചപ്പോൾ വീണ്ടും ഒരു അഡ്മിനിസ്ട്രേ റ്റർ നിയമനം ആലോചനയിൽ വന്നു. എന്നാൽ ഭദ്രാസനത്തിൽ രണ്ടു മെത്രാപ്പോലീത്താമാർ ജീവിച്ചിരിക്കേ അതാവശ്യമില്ലെന്ന് ഭദ്രാസന കൗൺസിൽ നിശ്ചയിച്ചു. കൗൺസിലിൽ അംഗങ്ങളായിരുന്ന മൂന്ന് വൈദി കർക്കായി ചുമതലകൾ വിഭജിച്ചു. അതിൻപ്രകാരം ഭദ്രാസന സെക്ര ട്ടറി ദൈനംദിന പ്രവർത്തനങ്ങളും ഈ ലേഖകൻ വൈദികരുമായി ബന്ധ പ്പെട്ട എല്ലാവിഷയങ്ങളും കെ. കെ. കുറിയാക്കോസ് അച്ചൻ അരമന

യുടെ പ്രവർത്തനങ്ങളും മെത്രാപ്പോലീത്തന്മാർക്കുവേണ്ടി നിർവഹിക്കണമെന്ന് രണ്ടു മെത്രാപ്പോലീത്തന്മാരും സന്നിഹിതരായ കൗൺസിൽ നിശ്ചയിച്ചു. ഈ തീരുമാനത്തിൽ അസംതൃപ്തരായ പലരും ഈ നിശ്ചയപ്രകാരമുള്ള നടപടികൾ പ്രാവർത്തികമാവുന്നതിൽ പല രീതിയിലുള്ള പ്രതിബന്ധങ്ങൾ സൃഷ്ടിച്ചു. 1985-ൽ കുന്നംകുളം മെത്രാസനം രൂപം കൊണ്ടു. 1986-ൽ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ അകാല നിര്യാണം പ്രാപിച്ചു. അടുത്ത തവണയും വെണ്ടറപ്പിള്ളിലച്ചൻ ഭദ്രാസന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. അത്രയുംകാലം ഭദ്രാസനത്തിലെ വ്യവഹാരകാര്യങ്ങൾക്ക് ചുക്കാൻപിടിച്ച കെ. സി. ജോസഫ് അച്ചൻ ഭദ്രാസന വിഭജനത്തോടെ കുന്നംകുളം മെത്രാസനത്തിലായി. വെണ്ടറപ്പിള്ളിലച്ചൻ അതുവരെയും ആ മേഖലയിൽ കാര്യമായി ശ്രദ്ധിച്ചിട്ടില്ലായിരുന്നു. തൃശൂർ മേഖലയിലായിരുന്നു കൂടുതൽ വ്യവഹാരങ്ങൾ. തണ്ണിക്കോട്ട് കുറിയാക്കോസ് കത്തനാരും മറ്റം ജോർജ്ജ് കത്തനാരും അദ്ദേഹത്തിന് പിന്തുണ നൽകി. മെത്രാപ്പോലീത്താ ചികിത്സയ്ക്കും വിശ്രമത്തിനുമായി പരുമല, മാങ്കോട്, അടുപ്പൂട്ടി, പഴഞ്ഞി തുടങ്ങി വിവിധ സ്ഥലങ്ങളിൽ താമസിച്ചിരുന്നതിനാൽ സെക്രട്ടറിയുടെ ജോലിനിർവഹണം ക്ലേശപൂർണ്ണമായിരുന്നു. പ്രതിഫലേച്ഛ കൂടാതെ ഭദ്രാസനത്തിന്റെ ഏതുഭാഗത്തും ഏതു സമയത്തും ഓടിഎത്തുവാൻ അദ്ദേഹം സന്നദ്ധനായിരുന്നു. ആരെയും കഴിയുമെങ്കിൽ പ്രയാസപ്പെടുത്താതിരിക്കുവാൻ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ഒരു സംഭവം ഓർക്കുന്നു. 1980 ജനുവരി 6-ാം തീയതിയിലെ ആ സംഭവം അദ്ദേഹത്തെ കൂടുതൽ മനസ്സിലാക്കുവാൻ സഹായിച്ചു. ഞാൻ അന്ന് തൃശൂർ ചെമ്പുക്കാവ് പള്ളിയുടെ പഴയ ക്വാർട്ടേഴ്സിൽ സകുടുംബം താമസിക്കുന്നു. പിറ്റേദിവസം തേനിടുക്ക് പള്ളിയിൽ ബഹു. പി. എസ്. യോഹന്നാൻ ശെമ്മാശന്റെ കശ്ശീശാ പട്ടം കൊടയാണ്. രോഗബാധിതനായ മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ ശുശ്രൂഷകളിൽ സഹായിക്കുവാൻ ഞാൻ പോയിരുന്ന കാലമായിരുന്നു അത്. സുറിയാനി കൈയെഴുത്തു പുസ്തകം മാത്രം ഉപയോഗിച്ചിരുന്ന അദ്ദേഹത്തെ സഹായിക്കുവാൻ മറ്റാർക്കും അന്ന് കഴിയുമായിരുന്നില്ല. പട്ടംകൊട, പള്ളിക്കൂദാശ എന്നീ പ്രധാന ശുശ്രൂഷകൾ നടത്തേണ്ടി വരുമ്പോൾ എന്റെ പ്രിയ ഗുരുനാഥൻ എനിക്ക് കത്തെഴുതും; ഞാൻ പോയി സംബന്ധിക്കുകയും ചെയ്യും. തേനിടുക്കിലെ പട്ടംകൊടയിലും പങ്കെടുക്കുവാൻ ഞാൻ തീരുമാനിച്ചു. പക്ഷേ തേനിടുക്ക് എനിക്ക് അപരിചിതമായ സ്ഥലമാണ്. അതറിഞ്ഞ ഉടനെ വെണ്ടറപ്പിള്ളിലച്ചൻ പറഞ്ഞു. "ഞാൻ തലേദിവസം ചെമ്പുക്കാവിലെത്താം. പിറ്റേന്ന് കാലത്ത് എന്റെ ബൈക്കിൽ ചീരനച്ചനെ ഞാൻ തേനിടുക്കിലെത്തിക്കാം."

6-ാം തീയതി ഏറെ വൈകിയിട്ടും അച്ചൻ എത്തിയില്ല. പിറ്റേന്ന്

കാലത്ത് നമസ്കരിക്കുവാൻ പള്ളിയിൽ ചെന്നപ്പോൾ പള്ളിയുടെ പടിഞ്ഞാറെ തുറന്ന വരാന്തയിൽ ഉണ്ടായിരുന്ന ഒരു ബെഞ്ചിൽ അച്ചൻ സുഖമായി ഉറങ്ങുന്നു. വളരെ വൈകിയാണ് എത്തിയതെന്നും അസമയത്ത് അച്ചനെ ഉണർത്തി ബുദ്ധിമുട്ടിക്കേണ്ട എന്നു കരുതി എന്നും അദ്ദേഹം അദ്ദേഹത്തേക്കാൾ വളരെ പ്രായം കുറഞ്ഞ എന്നോട് അതിവിനയത്തോടെ പറഞ്ഞപ്പോൾ ഞാൻ ആകെ അന്ധാളിച്ചുപോയി. അതിഥികൾക്ക് താമസിക്കാൻ എല്ലാ സൗകര്യവും അവിടെ ഉണ്ടെന്നറിയാമായിരുന്നിട്ടും എനിക്ക് അസൗകര്യമുണ്ടാവാതിരിക്കാൻ അദ്ദേഹം മകരമാസത്തിലെ കൊടുംതണുപ്പിൽ തുറന്ന വരാന്തയിലെ ഒരു ബെഞ്ചിൽ അന്തിയുറങ്ങി!! നമസ്കാരം കഴിഞ്ഞ് പ്രഭാതകൃത്യങ്ങൾ പൂർത്തിയാക്കി നേരത്തെ പറഞ്ഞൊത്തതിൻപ്രകാരം ഞങ്ങൾ തേനിടുക്കിലെത്തുകയും പട്ടംകൊട ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു. ത്യാഗസന്നദ്ധത അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു; ധനതൃഷ്ണയില്ലായ്മ അദ്ദേഹത്തിന്റെ സഹജസ്വഭാവമായിരുന്നു. കൊച്ചി ഭദ്രാസനത്തിലെ നിർദ്ധന ഇടവകകളിൽ (ഞായറാഴ്ച ആരാധന മാത്രമുള്ള കൊച്ചു ഇടവകകൾ) സേവനം ചെയ്യാനുള്ള അവസരം അദ്ദേഹം ചോദിച്ചു വാങ്ങുമായിരുന്നു. ഹാശാ ആഴ്ചകളിൽ ചവറാമ്പാടം, ചാലക്കുടി, എളനാട്, കൊണ്ടാഴി, പീച്ചി, തൃക്കനായി, വാൽക്കുളമ്പ്, വട്ടുള്ളി തുടങ്ങിയ കൊച്ചു ദേവാലയങ്ങളിൽ ശുശ്രൂഷ നടത്തുവാൻ അദ്ദേഹം അവസരം ആവശ്യപ്പെടുമായിരുന്നു. പ്രതിഫലത്തെക്കുറിച്ചുള്ള ആകുലതകൾ അദ്ദേഹത്തെ അസ്വസ്ഥനാക്കിയിരുന്നില്ല.

പക്വത നേടിയ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ വളരെ പ്രായോഗിക വീക്ഷണങ്ങൾ ഉൾക്കൊണ്ടിരുന്നു. 1971–ൽ യുവജനപ്രസ്ഥാനത്തിന്റെ ചുമതലയിൽ 'സീയോൻ സന്ദേശം' മാസിക പുനർജ്ജീവിപ്പിക്കുവാൻ ശ്രമിച്ചപ്പോൾ ആ വിഷയത്തിൽ അനുഭവസമ്പത്തുള്ള അദ്ദേഹം ഉപദേശിച്ചു: 'ഒരു സുവനീർ പുറത്തിറങ്ങി ഒരു നല്ല മൂലധനം സ്വരൂപിച്ചിട്ടേ മാസിക ആരംഭിക്കാവൂ. കൂടെ നിൽക്കുന്നവർ ഒക്കെ പിൻമാറിയാലും കാര്യങ്ങൾ സുഗമമായി മുന്നോട്ടു കൊണ്ടുപോവാൻ മൂലധനം സഹായിച്ചേക്കും.' ആ ഉപദേശം യൗവ്വനത്തിന്റെ തിളപ്പിൽ ഞങ്ങൾ സ്വീകരിച്ചില്ല; അതിന്റെ തിക്തഫലം ഞങ്ങൾ അനുഭവിക്കുകയും ചെയ്തു.

കൊച്ചി ഭദ്രാസനത്തിലെ ഇതര ചുമതലകൾ

ഭദ്രാസന സണ്ടേസ്കൂൾ ഡയറക്ടറായി അദ്ദേഹം 1970–കളിൽ ചുമതലയേറ്റത് കൊച്ചി ഭദ്രാസനത്തിലെ സണ്ടേസ്കൂളുകളെ ഉന്മേഷം കൊള്ളിക്കുവാൻ പര്യാപ്തമായിട്ടുണ്ട്. സഹപാഠ്യ മത്സരങ്ങൾക്ക് സർട്ടിഫിക്കറ്റിന് പുറമേ സമ്മാനങ്ങൾ ഏർപ്പെടുത്തിയത് അക്കാലത്താണ്.

ഭദ്രാസന വനിതാസമാജം വൈസ്പ്രസിഡന്റിന്റെ ചുമതല അദ്ദേഹം വഹിച്ചിരുന്ന കാലത്ത് പ്രസ്ഥാനത്തിനുവേണ്ടി ഒരു സോവനീർ പ്രസിദ്ധീകരിക്കുവാനും അതിലൂടെ പ്രവർത്തനത്തിന് സ്ഥിരമായ ഒരു മൂലധനം സ്വരൂപിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു.

യുവജനപ്രസ്ഥാനം പ്രവർത്തകർക്കായി 1970-കളുടെ അവസാനത്തിൽ ഒരാഴ്ചക്കാലത്തെ ഒരു പഠനക്യാമ്പ് തൃശൂർ പടിഞ്ഞാറെക്കോട്ട പള്ളിയിൽ സംഘടിപ്പിച്ചു. അന്ന് ആ പള്ളിയിൽ അസി. വികാരിയായി ഞാൻ താമസമായിരുന്നു. മറ്റം ജോർജ്ജ് ശെമ്മാശൻ യുവജനപ്രസ്ഥാനത്തിന്റെ ഭദ്രാസന സെക്രട്ടറിയായിരുന്നു. ക്യാമ്പിന്റെ ഡയറക്ടർ ആയി ഞങ്ങൾ ബഹു. വെണ്ടറപ്പിള്ളിലച്ചനെ നിയോഗിച്ചു. ഒന്നിടവിട്ട ദിവസങ്ങളിൽ നിഷ്ഠയോടെ അദ്ദേഹം ക്യാമ്പ് സന്ദർശിക്കുമായിരുന്നു. എപ്പോഴും സ്ഥലത്തുള്ള ആൾ എന്ന നിലയിൽ ക്യാമ്പിന്റെ നിർവഹണ ചുമതല വഹിച്ചിരുന്ന ഞാൻ പബ്ലിസിറ്റി ചുമതലയും വഹിച്ചിരുന്നു. വാർത്തകളിൽ അദ്ദേഹത്തിന്റെ പങ്കാളിത്തം കുറഞ്ഞതിൽ അദ്ദേഹം പരസ്യമായ നീരസം പ്രദർശിപ്പിച്ചിരുന്നു എങ്കിലും ആ ക്യാമ്പ് വിജയിച്ചത് അദ്ദേഹത്തിന്റെ നേതൃത്വം മൂലമായിരുന്നു എന്നത് നിർവിവാദമാണ്. ആ ക്യാമ്പിൽ പങ്കെടുത്ത രണ്ടു യുവാക്കൾ അചിരേണ വൈദികരായി എന്നത് ഇവിടെ എടുത്തുപറയേണ്ട സംഗതിയാണ്.

1990-കളിൽ രൂപംകൊണ്ട യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ ആവിഷ്ക്കരിച്ച പല പദ്ധതികളിലും അദ്ദേഹം സജീവ താൽപര്യം പുലർത്തിയിരുന്നു. അഭിവന്ദ്യ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ രക്ഷാധികാരിയും ഈ ലേഖകൻ ചെയർമാനുമായി പ്രവർത്തനം ആരംഭിച്ച ആ സാംസ്കാരിക സംഘടന ആദ്യത്തെ മൂന്നു വർഷം കൊണ്ട് നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമായിരുന്നു. കൊച്ചി ഭദ്രാസനത്തിലെ മികച്ച പ്രവർത്തനത്തിനുള്ള അവാർഡിന് അർഹനായ ഒരാളെ തെരഞ്ഞെടുക്കുവാൻ ന്യൂയോർക്കിലെ സെന്റ് ഗ്രീഗോറിയോസ് ഫൗണ്ടേഷൻ ഞങ്ങളോട് ആവശ്യപ്പെട്ടു. ഞങ്ങൾ സർവ്വസമ്മതമായി നിർദ്ദേശിച്ച പേർ ഫാ. ജോസഫ് വെണ്ടറപ്പിള്ളിയുടേതായിരുന്നു. കൊരട്ടിയിൽ വച്ച് ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ മാർ സേവേറിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിൽ അദ്ദേഹത്തിന് ആ അവാർഡ് സമ്മാനിച്ചപ്പോൾ വികാരതരളിതനായി സ്വന്തം ആത്മകഥയെ സ്പർശിച്ചുകൊണ്ട് അദ്ദേഹം നടത്തിയ മറുപടി പ്രസംഗം കേൾവിക്കാരുടെ കണ്ണു നനയിച്ചതായി ഓർക്കുന്നു.

ഈ ലേഖകൻ കൊച്ചി ഭദ്രാസന വൈദിക സെക്രട്ടറി ആയിരിക്കേ ഭദ്രാസന വൈദികർക്കായി പഴഞ്ഞി സെന്റ് മേരീസ് പള്ളിയിൽ വച്ച് 1979 മെയ് മാസത്തിൽ ഒരാഴ്ചത്തെ പഠനക്യാമ്പ് നടത്തി. മാർ സേവേ

റിയോസ്, മാർ പോളിക്കാർപ്പോസ്, മാർ ബർന്നബാസ് എന്നീ പിതാക്കന്മാർ നേതൃത്വം നൽകിയ ക്യാമ്പിൽ വച്ച് ശ്ഹീമ്മാ നമസ്കാരത്തിന്റെ മുഴുവൻ മലയാള ഗീതങ്ങളും വൈദികരെ പരിശീലിപ്പിക്കുവാൻ ഈ ലേഖകന് അവസരം ലഭിച്ചത് ഓർക്കുന്നു. ഫാ. സി. വി. ഏബ്രഹാം, ഫാ. പി. വി. സൈമൺ തുടങ്ങിയ സീനിയർ വൈദികർ മുഴുവൻ സമയവും പങ്കെടുത്ത ആ ക്യാമ്പിൽ വൈദിക സേവനത്തെക്കുറിച്ച് വെണ്ടറപ്പിള്ളിലച്ചൻ നേതൃത്വം നൽകിയ ക്ലാസിലെ ഒരു പ്രയോഗം അദ്ദേഹത്തിന്റെ ജീവിതകഥയെ പ്രതീകാത്മകമായി അവതരിപ്പിച്ചു എന്ന് തിരിഞ്ഞുനോക്കുമ്പോൾ തിരിച്ചറിയുന്നു. 'കറിക്കത്തി'യാണ് ആ പ്രയോഗം. ഉപയോഗിക്കാതിരുന്നാൽ കറിക്കത്തി തുരുമ്പു പിടിച്ച് ക്രമേണ ഇല്ലാതാകും; ഉപയോഗിച്ചാൽ തേഞ്ഞു തേഞ്ഞു ഇല്ലാതെയാകും. എന്നാൽ ഉപയോഗത്തിലിരിക്കുന്ന കറിക്കത്തി, നശിക്കുന്നതുവരെയും വായ്ത്തലയുടെ തിളക്കം നിലനിർത്തും; ഉപയോഗിക്കാത്ത കറിക്കത്തിയാകട്ടെ വിരൂപവും വികൃതവുമായി നശിക്കും. പ്രവർത്തനനൈരന്തര്യം കൊണ്ട് മൂർച്ചയും ശോഭയുമുള്ള കറിക്കത്തികളെപ്പോലെ വൈദികർ ആയിത്തീരണമെന്നാണ് അദ്ദേഹം ആഹ്വാനം ചെയ്തത്; ഹൃദയസ്പർശിയായ പ്രബോധനം!!

പ്രസംഗകലയിൽ അദ്ദേഹത്തെ വെല്ലാൻ കൊച്ചി ഭദ്രാസനത്തിൽ ആരുമുണ്ടായിരുന്നില്ല. ഉപരിപ്ലവമായ ചില വിഷയങ്ങളെ ചർവ്വിതചർവ്വണം ചെയ്ത് വാചാലമായി പ്രസംഗിക്കുന്നവരെപ്പോലെ ആയിരുന്നില്ല അദ്ദേഹം. പ്രസക്തവും ആഴമേറിയതുമായ വേദസത്യങ്ങളെ സരസ ഗംഭീരമായ ഭാഷയിൽ അദ്ദേഹം അവതരിപ്പിക്കുന്നതിന് എപ്പോഴും പുതുമയുണ്ടായിരുന്നു. 1970-കളുടെ ആരംഭത്തിൽ സഭയിൽ വീണ്ടും കക്ഷിവഴക്കുകൾ പ്രത്യക്ഷപ്പെട്ടപ്പോൾ അദ്ദേഹം നടത്തിയ പ്രസംഗപര്യടനങ്ങൾ അവിസ്മരണീയമാണ്. പ്രശ്നകലുഷിതമായ തൃശൂർ മേഖലയിൽ അന്ന് രൂപീകരിക്കപ്പെട്ട ഡിഫൻസ് കമ്മിറ്റിയുടെ ചുമതലക്കാരൻ എന്ന നിലയിൽ ഈ ലേഖകൻ കുണ്ടുകാട്, കണ്ണാറ, ചേലക്കര എന്നീ പാത്രിയർക്കാ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച വിശദീകരണയോഗങ്ങളിൽ ഫാ. എം. എം. ജേക്കബ് (മാർ പോളിക്കാർപ്പോസ്), ഫാ. റ്റി. ഇ. ജോർജ് (മാർ ദിയസ്കോറോസ്), ഫാ. ടി. ജെ. ജോഷ്വാ തുടങ്ങിയവരോടൊപ്പം ഫാ. വെണ്ടറപ്പിള്ളിയും പ്രസംഗകനായിരുന്നു. സ്വന്തം അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ഒരു അദ്ധ്യാപകന്റെ അവതരണചാതുരിയോടെ അദ്ദേഹം നടത്തിയ വിഷയാപഗ്രഥനങ്ങൾ കുറിക്കുകൊള്ളുന്നവയായിരുന്നു. ചഞ്ചലമനസ്കർ ആയിരുന്ന അനേകരെ വ്യക്തമായ നിലപാട് സ്വീകരിക്കുവാൻ മുൻ പാത്രിയർക്കീസ് കക്ഷിക്കാരൻ കൂടെയായിരുന്ന അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾക്ക് കഴിഞ്ഞു. നാടകീയത നിറഞ്ഞതും

ആശയസമ്പന്നവും പ്രസന്നമധുരവും ആയ അദ്ദേഹത്തിന്റെ പ്രസംഗ ശൈലി ശ്രോതാക്കളുടെ ബുദ്ധിയെയും മനസ്സിനെയും തട്ടിയുണർത്തുവാൻ പര്യാപ്തമായിരുന്നു.

ഇപ്രകാരം നിരീക്ഷിച്ചാൽ മാസികാ പ്രവർത്തനം, അഡ്മിനിസ്ട്രേറ്റർ, ഭദ്രാസന സെക്രട്ടറി, സണ്ടേസ്കൂൾ ഡയറക്ടർ, സമാജം വൈസ് പ്രസിഡന്റ്, സംഘാടകൻ, പ്രഭാഷകൻ, അദ്ധ്യാപകൻ തുടങ്ങിയ വിവിധ നിലകളിൽ അതുല്യമായ നിസ്വാർത്ഥ സേവനംകൊണ്ട് കൊച്ചി ഭദ്രാസനത്തിന് 20-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ശോഭ പകരുകയും ഭദ്രാസന സാരഥികളുടെ കൈകൾക്ക് ശക്തി പകരുകയും ചെയ്ത മറ്റൊരു വൈദികൻ ഇല്ല എന്ന് തീർച്ചയായും നിരീക്ഷിക്കാം. അദ്ദേഹം കാലയവനികക്കുള്ളിൽ അപ്രത്യക്ഷമായിട്ട് ഒരു വ്യാഴവട്ടക്കാലമായി. ഇപ്പോഴെങ്കിലും അദ്ദേഹത്തെ ഒരു ഗ്രന്ഥരചനകൊണ്ട് അനുസ്മരിക്കുവാനും ശാശ്വതീകരിക്കുവാനും അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ നടത്തുന്ന ശ്രമം അഭിനന്ദനീയമാണ്. അദ്ദേഹത്തിന്റെ ഈ ജീവചരിത്രസ്പർശിയായ ലേഖനങ്ങൾ അനുവാചകർക്ക് പ്രചോദനം നൽകുമെന്നത് തീർച്ചയാണ്. അദ്ദേഹത്തിന്റെ ആത്മാവിന് അർഹമായ പ്രതിഫലം സർവശക്തനായ ദൈവം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

(സഭാചരിത്രകാരൻ. കൊച്ചി ഭദ്രാസനത്തിൽ വെണ്ടപ്പിള്ളിയച്ചനോടൊപ്പം സേവനമനുഷ്ഠിച്ചു.)



വന്ദ്യ കെ. ഐ. ഫിലിപ്പ് റമ്പാച്ചനൊപ്പം.

സഹപ്രവർത്തകനും ഉത്തമസ്നേഹിതനും

ഫാ. ഒ. വി. ഏലിയാസ് എറണാകുളം

ബ. വെണ്ടറപ്പിള്ളിലച്ചനെ എനിക്ക് നേരത്തെ അറിയാമായിരുന്നെങ്കിലും അച്ചനുമായുള്ള സ്നേഹവും അടുപ്പവും വർദ്ധിച്ചത് 1976 മുതൽക്കാണ്. അന്ന് ഞാൻ എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരിയും ബ. കെ. ഐ. പോളച്ചൻ (ഇപ്പോഴത്തെ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ ബാവാ) സഹവികാരിയുമാണ്. പള്ളി സ്ഥാപിച്ചിട്ട് അമ്പതു വർഷം പൂർത്തിയായപ്പോൾ എളംകുളത്ത് പ. പരുമല തിരുമേനിയുടെ നാമത്തിൽ ഒരു ചാപ്പൽ പണിതു. ചാപ്പലിന്റെ കൂദാശയെ തുടർന്ന് മൂന്നാമതൊരച്ചനെ കൂടി ആവശ്യമായി വന്നു. അങ്ങനെയാണ് 1976-ൽ ബ. വെണ്ടറപ്പിള്ളിലച്ചൻ സഹവികാരിയായി എറണാകുളം പള്ളിയിൽ നിയമിതനായത്. ഞങ്ങൾ മൂന്ന് അച്ചന്മാർ ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പരം സ്നേഹിച്ചും ബഹുമാനിച്ചും ശുശ്രൂഷ നടത്തിയിരുന്ന ആ നല്ല കാലത്തെക്കുറിച്ച് സന്തോഷപൂർവ്വം അനുസ്മരിച്ചു പോകുകയാണിപ്പോൾ. സ്നേഹിതരായ സഹപ്രവർത്തകരെക്കുറിച്ചുള്ള ഓർമ്മ എപ്പോഴും സന്തോഷകരമാണ്. എന്നാൽ അവർ ശരീരപ്രകാരം നമ്മിൽ നിന്ന് വാങ്ങിപ്പോയവരാണെങ്കിൽ ആ ഓർമ്മയ്ക്ക് ഒരു ദുഃഖത്തിന്റെ നിഴൽ ഉണ്ടാകുക സ്വാഭാവികമാണല്ലോ.

ബ. വെണ്ടറപ്പിള്ളിലച്ചൻ നമ്മിൽ നിന്ന് വാങ്ങിപ്പോയിട്ട് 14 വർഷം കഴിഞ്ഞു. അച്ചൻ ഒരു ബഹുമുഖ പ്രതിഭയായിരുന്നു. മാതൃകാദ്ധ്യാപകൻ, ശ്രേഷ്ഠവൈദികൻ, ഉത്തമസ്നേഹിതൻ, സ്ഥിരോത്സാഹി, കർമ്മനിരതനായ സംഘാടകൻ, വാഗ്മി, എഴുത്തുകാരൻ, മനുഷ്യസ്നേഹി എന്നീ നിലകളിലെല്ലാം വ്യക്തിമുദ്ര പതിപ്പിച്ച വന്ദ്യവൈദികനായിരുന്നു അച്ചൻ. അച്ചന്റെ ശിഷ്യയായ എന്റെ ഭാര്യ പറയാറുണ്ട് എത്ര മണിക്കൂർ വേണമെങ്കിലും യാതൊരു മുഷിപ്പും കൂടാതെ അച്ചന്റെ ക്ലാസ്സിൽ ഇരിക്കാം. അത്രയ്ക്ക് സരസമായിരുന്നു അച്ചന്റെ ക്ലാസ്സെന്ന്. അജ്ഞാനാന്ധകാരം അകറ്റി വിജ്ഞാനം പകരുന്നവരാണല്ലോ ഗുരുക്കന്മാർ. അക്കാര്യത്തിൽ മുൻപന്തിയിലായിരുന്നു അച്ചനും. അച്ചനെക്കുറിച്ച് എന്നും അഭിമാനത്തോടെ പറയുന്ന, ഉന്നതശ്രേണിയിൽ വിരാചിക്കുന്ന ഏറെ ശിഷ്യസമ്പത്തുണ്ടച്ചന്.

മറ്റുള്ളവർക്ക് അനുകരിക്കാവുന്ന എത്രയെത്ര മാതൃകകൾ കാഴ്ച

വച്ചിട്ടാണ് അച്ചൻ കടന്നുപോയത്. ഉള്ളിന്റെ ഉള്ളിൽ ദൈവവിചാരമുണ്ടായിരുന്നാൽ അത് ഒരുവന്റെ ചിന്തകളെ ശുദ്ധീകരിക്കും, പ്രവർത്തനങ്ങൾക്ക് ശക്തി പകരും, ദൈവസന്നിധിയിൽ അണയ്ക്കുന്ന ആരാധനയ്ക്ക് പവിത്രമായിരിക്കും എന്ന് പറയാറുണ്ടല്ലോ. സ്വന്തമായ സ്വരവും ശബ്ദവും മാറ്റിനിറുത്തി വികലമായ അനുകരണഭ്രമംകൊണ്ട് പലരും ആരാധന അലങ്കോലമാക്കുമ്പോൾ, വെണ്ടറപ്പിള്ളിലച്ചന്റെ വെച്ചുകെട്ടില്ലാത്ത, സ്വന്തമായ സ്വരവും ഈണവും മാത്രം ഉൾക്കൊണ്ട് ദൈവസന്നിധിയിൽ അണയ്ക്കുന്ന ആരാധനയുടെ മാറ്റ് ഒന്ന് വേറെ തന്നെയാണ്. വി. ആരാധനാമദ്ധ്യത്തിലുള്ള ലഘുപ്രസംഗത്തിലൂടെ കേൾവിക്കാർക്ക് എന്നും ഓർക്കാനും ഒപ്പം പ്രാവർത്തികമാക്കുവാനുമുള്ള പുതുമ നിറഞ്ഞ, നൂതനങ്ങളായ സന്ദേശങ്ങൾ നൽകാനും മറക്കാറില്ലച്ചൻ. പലരും അച്ചന്റെ പ്രസംഗം ഉദ്ധരിച്ച് ആദരവോടെ സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. താൻ പ്രവർത്തിക്കുന്ന സഭയിൽ, സമൂഹത്തിൽ, മേഖലകളിൽ ഗുണപരമായ വ്യതിയാനം ഉണ്ടാക്കേണ്ടവനാണ് പുരോഹിതൻ എന്ന ചിന്ത അച്ചന്റെ പ്രവർത്തനങ്ങളെ വല്ലാതെ സ്വാധീനിച്ചിരുന്നു. ഉപ്പുപോലെയോ ഇരുളിൽ അൽപം പ്രകാശം പോലെയോ ആയിരിക്കണം എന്ന കാഴ്ചപ്പാടും അച്ചനിൽ ഏറെ സ്വാധീനം ചെലുത്തിയിരുന്നു.

ദീനാനുകമ്പ അച്ചന്റെ സ്വഭാവ വിശേഷതയായിരുന്നു. കൊരട്ടി കുഷ്ഠരോഗാശുപത്രിയിൽ കൂടെക്കൂടെ സന്ദർശിക്കാറുള്ള ഒരാളായിരുന്നു അച്ചൻ. രോഗികളുടെ ആവശ്യം അറിഞ്ഞ് പല കാര്യങ്ങളും അച്ചൻ ചെയ്തിരുന്നു അഥവാ ചെയ്യിച്ചിരുന്നു. തങ്ങൾക്ക് ഒരു ടി.വി. വാങ്ങി തരണം എന്ന അവരുടെ ആവശ്യം ഒട്ടും വൈകാതെ ചെയ്തു കൊടുത്തു അച്ചൻ. ഇത് ചെറിയ ഒരു ഉദാഹരണം മാത്രം. ആരും അറിയാത്ത ആരെയും അറിയിക്കാത്ത എത്രയോ ജീവകാരുണ്യപ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ടച്ചൻ.

ഒരു സാധാരണക്കാരന്റെ ജീവിതശൈലി ആയിരുന്നു അച്ചന്. ലളിത ജീവിതം. മിതമായും ആവശ്യത്തിനു മാത്രവും ചെലവിടുന്ന പ്രകൃതം. മറ്റുള്ളവരുടെ ചെലവിൽ കഴിയാൻ അച്ചൻ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല.

അച്ചന്റെ പ്രവർത്തനശൈലിയും വ്യത്യസ്തമായിരുന്നു. അച്ചനെ ഒരു കാര്യം ഏൽപിച്ചാൽ അഥവാ അച്ചൻ ഏറ്റാൽ കഴിവിന്റെ പരമാവധി നൂറു ശതമാനവും ആത്മാർത്ഥതയോടെ ഏറ്റവും ഭംഗിയായി കുറഞ്ഞ സമയംകൊണ്ട് അത് നിർവഹിക്കുമായിരുന്നു അച്ചൻ. “Today is better than tomorrow” (നാളെയെക്കാൾ ശ്രേഷ്ടം ഇന്നുതന്നെ) ഈ ചിന്ത അച്ചനെ ശക്തമായി സ്വാധീനിച്ചിരുന്നു. അതുകൊണ്ട് കഴിയുന്നിടത്തോളം ഓരോ കാര്യങ്ങളും നാളെയാകട്ടെ എന്നു കരുതാതെ അന്നന്നു

തന്നെ ചെയ്തുതീർക്കുന്ന പ്രകൃതക്കാരനായിരുന്നു അച്ചൻ. അതിനു വേണ്ടി ഊണും ഉറക്കവും വെടിയാനും അച്ചൻ തയാറായിരുന്നു. "Time and Tide wait for no man" (സമയവും തിരമാലയും ആർക്കുവേണ്ടിയും കാത്തിരിക്കുന്നില്ല). ആകയാൽ ലഭിക്കുന്ന അവസരം തക്കത്തിൽ പ്രയോജനപ്പെടുത്തണം എന്ന ചിന്താഗതിക്കാരനായിരുന്നു അച്ചൻ.

ഇന്ന് പലരും പല തുറകളിലും സ്ഥാനങ്ങളിലും കയറിപറ്റുവാൻ നേരല്ലാത്ത പല മാർഗ്ഗങ്ങളും സ്വീകരിക്കുമ്പോൾ സഭ അച്ചന്റെ കഴിവുകളെ തിരിച്ചറിഞ്ഞ് പല ചുമതലകളും ഏൽപിച്ചിട്ടുണ്ടെന്നുള്ളതാണ് സത്യം.

വെള്ളിയില്ലാത്ത വെള്ളിക്കോൽ പോലെയും നെയ് ചേർക്കാത്ത നെയ്യപ്പം പോലെയുമുള്ള, നാനാതുറകളിലുള്ള പൊള്ളയായ അനേകം വ്യക്തികളെ നർമ്മഭാവത്തിലൂടെ വിമർശിക്കുന്നതുവഴി അച്ചന്റെ തൂലിക ശ്രമിച്ചിട്ടുള്ളത് "ഒരു തിരുത്തൽ" ലക്ഷ്യം വച്ചുകൊണ്ടാണ്. ഇത്തരത്തിലുള്ള അച്ചന്റെ ലേഖനപരമ്പരകളുടെ ഒരു സമാഹാരമാണ് "വെള്ളിക്കോൽ" എന്ന പേരിലുള്ള അച്ചന്റെ പുസ്തകം. തിരുത്തൽ പലതിലും നമുക്കുമുണ്ടെന്നോർക്കാൻ ഇത് സഹായമാകട്ടെ.

അശ്രദ്ധമായി ജീവിച്ചാൽ തരംതാണ അവസ്ഥയിലേക്ക് മാറും എന്ന തിരിച്ചറിവ് അച്ചന് എപ്പോഴുമുണ്ടായിരുന്നു. ചില സീസണുകളിൽ "seconds" ആയി വിൽക്കുന്ന സാധനങ്ങൾ മാർക്കറ്റിൽ സുലഭമായി ലഭിക്കുമല്ലോ. ക്വാളിറ്റിയിൽ താണതായിരിക്കുമവ. തന്റെ പ്രവർത്തനരംഗങ്ങളിൽ ഒരിടത്തുപോലും "seconds"ന് തുല്യമാകാതെ ഏറ്റവും മികച്ച രീതിയിൽ ആയിരിക്കാൻ അച്ചൻ എപ്പോഴും ശ്രദ്ധിക്കുമായിരുന്നു.

തങ്ങൾക്ക് ദൈവദത്തമായി ലഭിച്ചിട്ടുള്ള നന്മകളും സിദ്ധികളും ഓർക്കാതെ ഇല്ലാത്തതിനെപ്പറ്റി പരാതിപ്പെടുന്ന, മുറുമുറുക്കുന്ന പലരെയും കാണാം. എന്നാൽ തനിക്കുള്ള കഴിവുകളും സിദ്ധികളും തിരിച്ചറിഞ്ഞ് ആ തുറകളിലെല്ലാം ശോഭിക്കുവാൻ കഠിനാദ്ധ്വാനം ചെയ്ത ശ്രേഷ്ഠ ഗുരുവാണച്ചൻ. ഒപ്പം മറ്റുള്ളവരുടെ നന്മകളും നേട്ടങ്ങളും അംഗീകരിച്ച് പ്രവർത്തിച്ച വിശാല ഹൃദയനും. നേരത്തെ കൂടുതൽ വേദശാസ്ത്ര പഠനസൗകര്യം ലഭിച്ചിരുന്നെങ്കിൽ അച്ചൻ ആരായിത്തീർന്നേനെ എന്ന് സഭയിലെ ഒരു പ്രഗത്ഭ വൈദികൻ പറയുവാനിടയായത് ഞാൻ കേട്ടിട്ടുണ്ട്.

പ്രയാസങ്ങളുടെയും പ്രതിസന്ധികളുടെയും മദ്ധ്യത്തിൽ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയുന്നത് ഒരുവൻ പുലർത്തുന്ന മനോഭാവവും ജീവിത വീക്ഷണവും അനുസരിച്ചാണ്. വ്യക്തിതലത്തിലും സഭാതലത്തിലുമുണ്ടായിരുന്ന പ്രതികൂലതകളെ നേരിടുവാൻ അച്ചന് കരുത്തു പകർന്നതും ഈ വീക്ഷണഗതിയാണ്. 1958-ലെ സഭാ സമാധാനത്തിനുശേഷം 1971 മുതൽ ആരംഭിച്ച കക്ഷിവഴക്ക് കൊടുംപിരികൊണ്ട അവ

സരത്തിൽ പ്രത്യേകിച്ച് വടക്കൻ പ്രദേശങ്ങളിൽ, വിശ്വസിച്ചിരുന്ന സത്യത്തിനുവേണ്ടി പോരാടിയ പ്രഗത്ഭരിൽ പ്രമുഖനാണച്ചൻ. ഉത്തമബോദ്ധ്യമുള്ള സത്യങ്ങൾക്കുവേണ്ടി നിലകൊള്ളുമ്പോൾ ഉണ്ടായിട്ടുള്ള എതിർപ്പുകളെ അച്ചൻ സധൈര്യം നേരിട്ടു. മരണംവരെയും ആ നിലപാട് തുടർന്നു.

ചെറുപ്പം മുതൽ രാപകൽ വ്യത്യാസം കൂടാതെ പ്രവർത്തന നിരതനായി ഓടിനടന്ന അച്ചൻ തന്റെ 72-ാം വയസ്സിൽ രോഗബാധിതനായി ശരീരത്തിന് തളർച്ച ബാധിച്ചു. മനസ്സിനാകട്ടെ കരുത്തും. "Man's extrimity is God's opportunity" (മനുഷ്യന്റെ നിസ്സഹായതയിലാണ് ഈശ്വരസഹായം വെളിപ്പെടുന്നത്) എന്ന ചൊല്ലുണ്ടല്ലോ. രോഗി ആയിരിക്കുക എന്ന സാഹചര്യത്തിന് മാറ്റം വന്നില്ലെങ്കിൽ പോലും അതിനെ നേരിടുവാനുള്ള ശക്തിയും ധൈര്യവും അച്ചൻ കൈവരിച്ചു എന്നാണെന്റെ വിശ്വാസം. അതാണ് സത്യവും. കൊടുങ്കാറ്റടിച്ച് കടന്നുപോകുമ്പോൾ വടവൃക്ഷങ്ങൾ പോലും നിലംപരിചാകുന്നു. എന്നാൽ ദൃഢമായ ദൈവവിശ്വാസത്തിന്റെ ഉടമകൾ വിപരീത സാഹചര്യങ്ങളെ വിജയകരമായി അതിജീവിക്കും. മേൽകൂരയിലെ ചോർച്ച മഴക്കാലത്ത് മാത്രമാണ് പ്രത്യക്ഷപ്പെടുന്നത്. അതുപോലെ നമ്മുടെ വ്യക്തിത്വത്തിന്റെ തനിമ വെളിപ്പെടുന്നത് പ്രതിസന്ധികളും പ്രശ്നങ്ങളും നമ്മെ അഭിമുഖീകരിക്കുമ്പോഴാണ്. ബ. അച്ചനെ സംബന്ധിച്ചിടത്തോളം എത്രയോ അന്വർത്ഥമാണിത്.

"ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്ക് തരും. എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയിൽ പ്രിയംവച്ച ഏവർക്കും കൂടെ" (1 തീമോ. 4:7-8).

ഈ പ്രത്യാശയോടെ അച്ചൻ ദൈവസന്നിധിയിലേക്ക് യാത്രയായി എന്ന് നിസ്സംശയം പറയാം.

ഒരുത്തമ സ്നേഹിതന്റെ, സഹപ്രവർത്തകന്റെ, ജ്യേഷ്ഠസഹോദരന്റെ തിളക്കമാർന്ന ജീവിതസ്മരണകളിൽ തികഞ്ഞ ആദരവോടെ പ്രാർത്ഥനാപൂർവ്വം നിർത്തുന്നു.

(ദീർഘനാൾ എറണാകുളം പള്ളി ശുശ്രൂഷയിൽ സഹകരിച്ച് ഇടവകയുടെ ഭൗതികവും ആദ്ധ്യാത്മികവുമായ വളർച്ചയ്ക്ക് മുഖാന്തിരമായ ആചാര്യന്മാരായിരുന്നു ലേഖകനും വെണ്ടപ്പിള്ളിയച്ചനും.)

ഒരു ശിഷ്യന്റെ ഓർമ്മക്കുറിപ്പ്

കെ. ജെ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പാ മുളന്തുരുത്തി

1962-64 വർഷത്തിൽ വടവുകോട് രാജർഷി മെമ്മോറിയൽ അദ്ധ്യാപക പരിശീലന കോഴ്സിൽ പ്രവേശനം ലഭിച്ച് ചെന്നപ്പോൾ ബഹു. വെണ്ടറപ്പിള്ളി ശെമ്മാശൻ അവിടെ അദ്ധ്യാപകനായിരുന്നു. അച്ചനെ പഠിപ്പിക്കുന്ന ശെമ്മാശൻ എന്ന് സഹപാഠികൾ പറഞ്ഞ് ചിരിക്കാറുണ്ടായിരുന്നു. കൃശഗാത്രനായ ശെമ്മാശനും ഞാനും തമ്മിൽ ശരീരപ്രകൃതിയിൽ അജഗജാന്തരമുണ്ടായിരുന്നെങ്കിലും, ശെമ്മാശന്റെ ലളിത ജീവിതശൈലിയും ലാളിത്യം തുളുമ്പുന്ന പെരുമാറ്റ സവിശേഷതകളും ആരേയും ഹൃദയത്തോട് ചേർത്ത് അടുപ്പിക്കുന്നവയായിരുന്നു. അതുകൊണ്ടുതന്നെ, വിടർന്ന പുഞ്ചിരിയോടുകൂടി ആരേയും സ്വീകരിക്കുന്ന അദ്ദേഹം, ഒരിക്കൽ കണ്ടാൽ പിന്നെ മറക്കാതിരിക്കാൻ ശ്രദ്ധിക്കുന്നവരാണ് അനേകരും. അവിവാഹിതനായിരുന്ന ശെമ്മാശൻ, വടവുകോട് പള്ളിയ്ക്കടുത്ത് മൽപാനച്ചന്റെ വീടിനു സമീപം താമസിച്ചിരുന്നു. തനിയെ പാചകം ചെയ്യുക, വീട് വൃത്തിയാക്കുക, പറമ്പിൽ അത്യാവശ്യം വേണ്ട ജോലികൾ നിർവ്വഹിക്കുക തുടങ്ങിയ കാര്യങ്ങൾ പരസഹായം കൂടാതെ തനിച്ച് ചെയ്തിരുന്നു. ഒഴിവ് സമയങ്ങൾ ഇങ്ങനെ ചെലവഴിക്കുന്നതിന് പുറമേ, വായനയ്ക്കും, പഠനത്തിനുമായി സമയം മാറ്റിവച്ചിരുന്നു. ബോർഡിംഗിൽ താമസിച്ചു പഠിച്ചിരുന്ന പല വിദ്യാർത്ഥികളും ഓർമ്മയിൽ സൂക്ഷിക്കുന്ന ഒരു അദ്ധ്യാപക സുഹൃത്തായിരുന്നു ശെമ്മാശൻ. പ്രഗത്ഭനായ ഒരു വാഗ്മിയും, സുവിശേഷ പ്രസംഗകനുമായി അറിയപ്പെട്ടിരുന്ന ശെമ്മാശൻ വടക്കും, തെക്കുമുള്ള അനേകം കൺവൻഷൻ പന്തലുകളിൽ ആദ്ധ്യാത്മിക ഉണർവ് മനുഷ്യമനസ്സുകളിൽ ഉണർത്താൻ അശ്രാന്തപരിശ്രമം ചെയ്തിരുന്നു. ശെമ്മാശനായിരുന്ന കാലത്ത് ഞങ്ങളുടെ ഒരു ഗ്രൂപ്പ്ഫോട്ടോ എടുക്കുന്ന സന്ദർഭത്തിൽ അദ്ധ്യാപകർ മുൻനിരയിൽ ഇരിക്കുകയും, വിദ്യാർത്ഥികളായ ഞങ്ങൾ പിൻനിരയിൽ ഉയരം അനുസരിച്ച് നിൽക്കുകയും ചെയ്തപ്പോൾ ശെമ്മാശന്റെ സീറ്റിൽ എന്നെ പിടിച്ചിരുത്തുകയും എന്റെ സ്ഥാനത്ത് ശെമ്മാശൻ നിൽക്കുകയും ചെയ്തത് അദ്ദേഹത്തിന്റെ വിനയവും, ഹൈരാർക്കിയോടുള്ള ആദരവും സൂചിപ്പിക്കുന്നു. അദ്ദേഹത്തിന്റെ മനസ് തൊട്ടറിഞ്ഞ മറ്റൊരു സംഭവം എന്റെ മനസിൽ പച്ചപിടിച്ച് നിൽക്കുന്നു. പള്ളിക്കെട്ടിടത്തിലായിരുന്നു എന്റെ താമസം. പള്ളിപറമ്പിലൂടെ കടന്നുപോകുന്ന ശെമ്മാശൻ എപ്പോഴും എന്റെ ക്ഷേമം അന്വേഷിച്ചിരുന്നു. പതിവുപോലെ ഒരു ദിവസം

കടന്നുപോകുമ്പോൾ എന്നെ പുറത്ത് കാണാഞ്ഞിട്ട് അകത്തു കയറി നോക്കാനിടയായി. ഞാൻ വേദന കൊണ്ട് പുളയുന്നതാണ് അദ്ദേഹം കണ്ടത്. എന്റെ കാലിന്റെ ഉപ്പൂറ്റിയുടെ ഭാഗത്ത് ഒരു പരു ഉണ്ടായതു ചുവന്നു തുടുത്ത് പഴുത്തിട്ട് ഉള്ള വേദനയായിരുന്നു. അദ്ദേഹം പെട്ടെന്ന് വീട്ടിൽ ചെന്ന്, ആവശ്യമായ മരുന്ന്, കോട്ടൺ, അൽപം ചൂടുവെള്ളം എന്നിവ കൊണ്ടുവന്ന് എനിക്ക് ആവശ്യമായ ശുശ്രൂഷകൾ ചെയ്തു. രണ്ടു മൂന്നു ദിവസം ഇതാവർത്തിച്ചപ്പോൾ എനിക്ക് കാൽ കുത്തി നടക്കാനായി. അൽപം ചില ഹോമിയോ മരുന്നുകൾ അദ്ദേഹം വീട്ടിൽ എപ്പോഴും കരുതിയിരുന്നു. ബോർഡിംഗിൽ താമസിക്കുന്ന കുട്ടികൾക്ക് പെട്ടെന്നുണ്ടാകുന്ന അസ്വസ്ഥതകൾക്ക് അങ്ങനെ പരിഹാരം കണ്ടിരുന്നു. അദ്ദേഹത്തിന്റെ സഹാനുഭൂതിയും, കാരുണ്യസ്പർശവും തൊട്ടറിഞ്ഞപ്പോൾ കൃശഗാത്രനായ അദ്ദേഹത്തിന്റെ മനസ്സിന്റെ വലിപ്പം മനസ്സിലാക്കാൻ കഴിഞ്ഞു. ഇടപെടുന്ന എല്ലാവരോടും വിടർന്ന പുഞ്ചിരിയോടു കൂടി സഹവർത്തിക്കുന്നതും, വീട്ടിലുള്ളവരുടെ ക്ഷേമം അന്വേഷിച്ചു കൊണ്ട് മനസ്സിൽ ഇടം നേടുന്നതും അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയായിരുന്നു. വടവുകോട് വിട്ടുനിന്നശേഷം ഞങ്ങൾ തമ്മിൽ കണ്ടുമുട്ടിയ സന്ദർഭങ്ങളിലെല്ലാം കുടുംബവിശേഷങ്ങൾ തിരക്കുന്നതിൽ പ്രത്യേകം ഉത്സാഹിച്ചിരുന്നു. പ്രത്യേകിച്ച് മക്കളുടെ പഠന നിലവാരം, ആരോഗ്യം എന്നിങ്ങനെയുള്ള കാര്യങ്ങൾ ഒക്കെ അദ്ദേഹത്തിന്റെ അന്വേഷണ പരിധിയിൽ വന്നിരുന്നു.

സഭയിൽ 1974-ൽ ഉണ്ടായ ദൗർഭാഗ്യകരമായ പിളർപ്പിൽ, വിശ്വാസി സമൂഹം കൈവിട്ട് പോകാതിരിക്കാൻ അച്ചനായിരുന്ന അദ്ധ്യാപകൻ, തെക്കും വടക്കുമുള്ള സഭാംഗങ്ങളുടെ സ്നേഹവും ആദരവും പിടിച്ചുപറ്റത്തക്കവിധം പ്രവർത്തിച്ചിരുന്നത് മറക്കാനാവില്ല. സഭാപിളർപ്പ് എന്നെയും വ്യക്തിപരമായി വളരെ വേദനിപ്പിച്ചിരുന്നു. എന്റെ പിതാവടക്കം ഉള്ളവർ, സഹോദരന്മാർ, കുടുംബാംഗങ്ങൾ, ബഹുഭൂരിപക്ഷം വരുന്ന ഇടവകക്കാർ ഒക്കെ പഴയ പാത്രിയർക്കീസ് പക്ഷത്ത് ഉറച്ചുനിൽക്കുന്നതു കണ്ടപ്പോൾ ശരിയായ നിലപാട് എടുക്കുന്നതിനെപ്പറ്റിയുള്ള ചിന്തകൾ മനസ്സിൽ പൊന്തി. ബാഹ്യകേരള ഭദ്രാസനത്തിൽ പ്രവർത്തിച്ചിരുന്ന എ. എം. പീറ്റർ അച്ചനെ കണ്ടുമുട്ടുന്നതിനിടയായപ്പോൾ, എന്നെപ്പോലെ തുല്യദുഃഖിതനാണ് അച്ചനും എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഞങ്ങൾ തമ്മിൽ ആശയവിനിമയം നടത്തി ഒരു തീരുമാനത്തിൽ എത്തിച്ചേരണം എന്നു തീരുമാനിച്ചു. ആദ്യമായി വെണ്ടറപ്പിള്ളി അച്ചനെ കണ്ട് അദ്ദേഹത്തിന്റെ അഭിപ്രായം ആരായാം എന്ന നിശ്ചയത്തിൽ ഞങ്ങൾ ഇരുവരും കൂടി വെണ്ടറപ്പിള്ളി അച്ചന്റെ വീട്ടിൽ എത്തി. അദ്ദേഹവുമായി ആശയവിനിമയം നടത്തിയപ്പോൾ അദ്ദേഹവും ഇക്കാര്യത്തിൽ ഒരു

ചിന്താക്കുഴപ്പം അനുഭവിക്കുന്നതായി തോന്നി. അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം പക്വമതിയും, ഉദാത്തചിന്തകളുടെ കൂടാരവുമായിരുന്ന കോരുതു മൽപാനച്ചന്റെ വീട്ടിൽ എത്തി. മൽപാനച്ചന്റെ സ്നേഹത്തിന്റെ ഊഷ്മളത തൊട്ടറിയുന്നത് ഇങ്ങനെയുള്ള സന്ദർഭങ്ങളിലാണ്.

ഞങ്ങൾ മൂവരേയും കണ്ടപ്പോൾ അദ്ദേഹത്തിന്റെ സ്നേഹപാരവശ്യം ജ്വലിച്ചു തുടങ്ങി. ഞങ്ങളുടെ ആഗമനോദ്ദേശ്യം കുശലപ്രശ്നങ്ങൾക്ക് ശേഷം ചർച്ച ചെയ്തു. എന്റെ പിതാവിന്റെ നിലപാട് എന്താണെന്ന് എന്നോടു ചോദിച്ചു. എന്റെ പ്രതികരണം കേട്ടപ്പോൾ അതാണല്ലോ നമുക്കുണ്ടാകുന്ന ബുദ്ധിമുട്ട്, കുടുംബാംഗങ്ങൾ പലരും മറുവശത്ത്, ഇടവകക്കാർ രണ്ടുപക്ഷത്ത്, ഒരു പക്ഷെ പള്ളി നഷ്ടപ്പെടുന്ന സംഭവങ്ങൾ ഉണ്ടാകാം. അങ്ങനെ ഉള്ള ഒരു സന്ദർഭത്തിൽ എത്രത്തോളം പിടിച്ചു നിൽക്കാൻ കഴിയും. ഉറച്ച തീരുമാനവുമായി പോകുന്നതിനു മുമ്പ് സമാനാശയങ്ങൾ ഉള്ള വൈദികർ എത്രപേർ ഉണ്ടാകും എന്ന കാര്യത്തിൽ ഒരു സർവ്വേ നടത്താൻ കഴിയുമോ എന്നദ്ദേഹം ചോദിച്ചു. ബഹു. പീറ്റർ അച്ചന് അവധിക്കാലം കഴിയുമ്പോൾ മടങ്ങിപ്പോകേണ്ടി വരുമെന്നുള്ളതിനാൽ എന്നെയും വെണ്ടറപ്പിള്ളി അച്ചനെയും ചുമതലപ്പെടുത്തി. ആദ്യം തുരുത്തിക്കരയിൽ സമാനചിന്താഗതിക്കാരായ രണ്ടാംനിര അച്ചന്മാരെ വിളിച്ചുകൂട്ടാൻ തീരുമാനിച്ചു. 9 പേരെ നേരിൽകണ്ട് ക്ഷണിച്ചതിൽ 7 പേർ സന്നിഹിതരായി. സഭയിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങളെക്കുറിച്ച് അവലോകനം ചെയ്തതിൽ ഭദ്രാസന മെത്രാപ്പോലീത്തായുടെ കൂടെ ഉറച്ച് നിൽക്കണമെന്നുള്ള ആശയം ഉരുത്തിരിഞ്ഞു. പക്ഷെ കുറെക്കൂടി വലിയ ഒരു കൺവൻഷൻ വിളിച്ചുകൂട്ടണമെന്നും, അതിന് മെത്രാപ്പോലീത്തന്മാരുടെ സഹായം തേടണമെന്നും തീരുമാനിച്ച് പിരിഞ്ഞു. അതനുസരിച്ച് തൃക്കുന്നത്ത് സെമിനാരിയിൽ മാർ തെയോഫിലോസ് തിരുമേനി, മാർ സേവേറിയോസ് തിരുമേനി, കോനാട്ട് മൽപാനച്ചൻ, മണ്ണാറപ്രായിൽ അച്ചൻ, വെണ്ടറപ്പിള്ളി അച്ചൻ, ഞാൻ തുടങ്ങിയവർ സംബന്ധിക്കുന്ന ഒരു ആലോചനായോഗം കൂടി. ആ യോഗത്തിൽ, എറണാകുളം സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച്, കൊച്ചി, കണ്ടനാട്, അങ്കമാലി എന്നീ ഭദ്രാസനങ്ങളിലെ വികാരിമാരുടെ ഒരു സംയുക്തയോഗം കൂടുവാൻ തീരുമാനിക്കുകയും, കൊച്ചി ഭദ്രാസനത്തിലെ വൈദികരെ ക്ഷണിക്കാൻ ഞങ്ങളെ ചുമതലപ്പെടുത്തി. ഞാനും വെണ്ടറപ്പിള്ളി അച്ചനും, എറണാകുളത്തെ സഭാസ്നേഹിയായിരുന്ന പി. ജെ. ജോസഫും കൂടി കുന്നംകുളം വരെ വ്യാപിച്ച് കിടന്നിരുന്ന കൊച്ചി ഭദ്രാസനത്തിലെ വൈദികരെയെല്ലാം നേരിൽകണ്ട് ക്ഷണിക്കുകയുണ്ടായി. പരേതനായ പി. ജെ. ജോസഫിന്റെ സഹകരണവും സഹായവും പ്രത്യേകം നന്ദിപൂർവ്വം സ്മരിക്കുന്നു. അദ്ദേഹത്തിന്റെ കാറും,

ഡ്രൈവറും ഞങ്ങളുടെ യാത്രയ്ക്ക് വിട്ടുതന്നിരുന്നു. അങ്ങനെ എറണാകുളത്തുവച്ച് തിരുമേനിമാരുടെ സാന്നിദ്ധ്യത്തിൽ ഒരു വൻയോഗം കൂടുകയും, എതിർപ്പുകളെ അവഗണിച്ചുകൊണ്ട് കാതോലിക്കേറ്റിന്റെ കീഴിൽ അണിനിൽക്കാനുള്ള തീരുമാനം ഉണ്ടാകുകയും ചെയ്തു.

വൈദിക ശുശ്രൂഷാരംഗത്ത് ചില കേന്ദ്രങ്ങളിൽ നിന്നും ബുദ്ധിമുട്ടുകൾ നേരിട്ടപ്പോൾ അദ്ദേഹം വിശ്രമജീവിതം നയിക്കാൻ തുടങ്ങി. പിന്നീട് രോഗാതുരനായി. സഭയിലും, ഭദ്രാസനത്തിലും, ഒരു നല്ല സേവനം കാഴ്ചവച്ച അച്ചന് അർഹിക്കുന്ന പരിഗണന കൊടുത്തില്ല എന്ന ദുഃഖം ഇതെഴുതുന്ന ആൾക്കും ഉണ്ട്.

(മലങ്കരസഭാ രണ്ടാം കക്ഷിവഴക്കു തുടങ്ങിയ സമയത്ത് പൗരസ്ത്യ കാതോലിക്കേറ്റിനു കീഴിൽ അടിയുറച്ചുനിന്ന ലേഖകൻ മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ ഓർത്തഡോക്സ് വിഭാഗത്തിന്റെ ശക്തനായ നേതാവായിരുന്നു.)



അമേരിക്കയിൽ പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റി പഠനകാലത്ത്

വിശദീകരണയോഗങ്ങളും വെണ്ടപ്പിള്ളി അച്ചനും

കെ. ജെ. കെ. മുളന്തുരുത്തി

ബഹു. വെണ്ടറപ്പിള്ളി അച്ചൻ, മണ്ണാറപ്രായിൽ അച്ചൻ, ഇടയനാൽ അച്ചൻ എന്നിവരെ, ഇടവകകളിൽ വിശ്വാസികളെ ബോധവൽക്കരിക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യാൻ ഏർപ്പെടുത്തി. വെണ്ടറപ്പിള്ളി അച്ചൻ സന്ദർഭോചിതമായി ഉണർന്നും ഉയർന്നും പ്രവർത്തിക്കാൻ ആരംഭിച്ചതോടുകൂടി ജനങ്ങൾക്കും ആവേശമായി. കൊച്ചി ഭദ്രാസനത്തിന്റെ മുക്കിലും, മൂലയിലും അച്ചന്റെ ബൈക്ക് പായുവാൻ തുടങ്ങി. കാതോലിക്കേറ്റിന്റെ കീഴിൽ അടിയുറച്ച് നിൽക്കേണ്ടതിന്റെ ആവശ്യകതയും, എതിർവിഭാഗത്തിന്റെ പൊള്ളത്തരങ്ങളും അൽപം നർമ്മരസം കലർത്തി ഗൗരവപൂർവ്വം പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ മലങ്കരസഭയുടെ മറ്റു പ്രദേശങ്ങളിലേയ്ക്കും അച്ചന്റെ സാന്നിദ്ധ്യം ആവശ്യപ്പെട്ടു തുടങ്ങി. അങ്ങനെ സഭാപ്രവർത്തനങ്ങളിൽ അച്ചൻ കൂടുതലായി അലിഞ്ഞു ചേർന്നു. അനേകം കോർണർ മീറ്റിംഗുകളിൽ ഞങ്ങൾ പങ്കെടുത്തു. തൃശൂർ മേഖലയിൽ കണ്ണാറ എന്ന സ്ഥലത്ത് എ. റ്റി. യോഹന്നാൻ ശെമ്മാശന്റെ നേതൃത്വത്തിൽ ഒരു വിശദീകരണയോഗം പ്ലാൻ ചെയ്തിരുന്നു. അഭിവന്ദ്യ മക്കാറിയോസ് തിരുമേനിയും, സേവേറിയോസ് തിരുമേനിയും, ഞാനും, വെണ്ടറപ്പിള്ളി അച്ചനുമായിരുന്നു പ്രാസംഗികർ. വെണ്ടറപ്പിള്ളി അച്ചന്റെ വിശദീകരണം കഴിഞ്ഞപ്പോൾ വളരെ ഗംഭീരമായ കൈയടിയോടുകൂടി അച്ചനെ എടുത്തുപൊക്കി സന്തോഷം പ്രകടിപ്പിച്ചത് ഇന്നും മായാതെ മനസ്സിൽ നിൽക്കുന്നു.

കാഞ്ഞിരമറ്റത്തും ഒരു വിശദീകരണയോഗത്തിൽ കെ. കെ. മാത്യൂസ് അച്ചനും (ബർണബാസ് തിരുമേനി) ഞാനും വെണ്ടറപ്പിള്ളി അച്ചനും സംബന്ധിച്ചിരുന്ന യോഗം കഴിഞ്ഞപ്പോൾ ബസ് കാത്തുനിന്നിരുന്ന ഞങ്ങളെ അസഭ്യം പറഞ്ഞു കുളിപ്പിച്ച സംഭവത്തിൽ പുഞ്ചിരിയോടുകൂടിനിന്ന് അച്ചൻ എല്ലാം കേട്ടുകൊണ്ടിരുന്നു.

സഭയുടെ സുഗമമായ നടത്തിപ്പിനും, നിലനിൽപ്പിനും, വിഘാതം സൃഷ്ടിക്കുന്ന എതിർ ചേരിയുടെ പ്രവണതകളെ എതിർത്തു തോൽപിക്കാനുള്ള പ്രതിജ്ഞാബദ്ധത അച്ചനുണ്ടായിരുന്നു. സഭാംഗങ്ങളുടെ മനസ്സിൽ സ്ഥാനം പിടിക്കാൻ അച്ചന് പെട്ടെന്ന് കഴിഞ്ഞു. പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ശ്രദ്ധയിലേക്ക് അച്ചൻ ചെന്നുപെട്ടപ്പോൾ, വൈദികസെമിനാരി ഇംഗ്ലീഷ് അദ്ധ്യാപകൻ, അമേരിക്കയിൽ

സണ്ടേസ്കൂൾ കരിക്കുലം പഠിതാവ്, ദുബായ് പള്ളി വികാരി, കൊച്ചി ഭദ്രാസന സണ്ടേസ്കൂൾ ഡയറക്ടർ, സഭാ മാനേജിംഗ് കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി മെമ്പർ, മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സുവിശേഷ പ്രവർത്തന സഹായി, സെന്റ് മേരീസ് കത്തീഡ്രൽ സഹവികാരി – ഇങ്ങനെ വിവിധ നിലകളിൽ ചുവടുറപ്പിക്കാൻ കഴിഞ്ഞു. അങ്ങനെ അച്ചന്റെ ബഹുമുഖ വളർച്ച കണ്ട് സന്തോഷിക്കാൻ ഇടയായി. അദ്ദേഹത്തോടൊപ്പം സഭാമണ്ഡലത്തിലെ പല യോഗങ്ങളിലും പങ്കാളിയാകാൻ സാധിച്ചതും, പല ആലോചനകളും തീരുമാനങ്ങളും ഒരുമിച്ച് എടുക്കാൻ ഇടയായതും, അദ്ദേഹത്തിന്റെ ഓർമ്മ മനസ്സിൽ പൂത്തു നിൽക്കുന്നു. എറണാകുളത്തെ സേവനകാലം ഭദ്രാസനകേന്ദ്രത്തിന് സന്തോഷം നൽകുന്നവയായിരുന്നില്ല. എളംകുളം പ്രശ്നം കാരണം പട്ടക്കാരെ ഇട്ട് വട്ടം കറക്കിക്കൊണ്ടിരുന്ന സമയത്ത് ഇദ്ദേഹത്തിന്റെ അനുഭവത്തിലും ചില ബുദ്ധിമുട്ടുകൾ ഉണ്ടായി. സ്ഥലംമാറ്റപ്പെട്ട അച്ചൻ അവധി എടുത്ത് വിശ്രമജീവിതം നയിക്കാൻ തുടങ്ങിയപ്പോൾ രോഗാതുരനായി. സഭയിലും, ഭദ്രാസനത്തിലും, ഒരു നല്ല സേവനം കാഴ്ചവച്ച അച്ചന് അർഹിക്കുന്ന പരിഗണന കൊടുത്തില്ല എന്ന ദുഃഖം ഇതെഴുതുന്ന ആൾക്കും ഉണ്ട്.

വെണ്ടറപ്പിള്ളി അച്ചൻ ആരോടും കാര്യങ്ങൾ തുറന്ന് സംസാരിക്കുന്ന അസാമാന്യമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. പലർക്കും അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഇഷ്ടപ്പെട്ടിരുന്നില്ല. എങ്കിലും പറയാനുള്ളത് പറഞ്ഞു എന്ന ആത്മസംതൃപ്തിയിൽ എല്ലാവരേയും സ്നേഹിച്ചും ഇടപഴകിയും ജീവിച്ച ആ സത്യാത്മാവിന് പ്രണാമം അർപ്പിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.



ജോസഫ് മാർ പക്കോമിയോസ് തിരുമേനിക്കൊപ്പം.

പ്രൗഢമായ ചിന്താസൗധം

വെരി. റവ. ജേക്കബ് മണ്ണാറപ്രായിൽ
കോർഎപ്പിസ്കോപ്പാ, ആലുവാ

താൻ ജീവിച്ചിരുന്ന കാലഘട്ടത്തിലെ ജീവിതമൂല്യങ്ങളുടെ സ്വാധീനത്താൽ സ്വജീവിതം ചൈതന്യധന്യമാക്കിയ അപൂർവ്വ വൈദികരിൽ ഒരാളാണ് വെണ്ടറപ്പിള്ളി അച്ചൻ. ഞങ്ങൾ തമ്മിലുള്ള ബന്ധത്തിന് മൂന്നര പതിറ്റാണ്ടിന്റെ പഴക്കമുണ്ട്. സ്നേഹബന്ധങ്ങളെ കൂട്ടിച്ചേർക്കുന്നതിലൂടെ അറ്റമില്ലാത്ത സൗഹൃദമാണ് സമൂഹത്തിന്റെ നാനാതുറകളിൽ നിന്നും അദ്ദേഹം നേടിയെടുത്തത്. കാലത്തെ അതിജീവിക്കുന്ന സാമൂഹിക പ്രതിബദ്ധതയായിരുന്നു അച്ചനുണ്ടായിരുന്നത്. സഭയോടും സമൂഹത്തോടും അദ്ദേഹം പുലർത്തിയ വീറും കൂറും അദ്ദേഹത്തെ അനേകായിരങ്ങളുടെ ആരാധ്യനാക്കിത്തീർത്തു.

1970-ന്റെ ആദ്യപകുതിയിൽ ആരംഭിച്ച സഭാപ്രശ്നങ്ങളുമായി ബന്ധപ്പെട്ടാണ് ഞാൻ അച്ചനുമായി കൂടുതൽ അടുത്തത്. ദീർഘകാലം മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി തുടങ്ങി സഭയിലെ ഒട്ടുമിക്ക സമിതികളിലും അംഗങ്ങളായി ഞങ്ങൾ ഇരുവരും ഒരുമിച്ച് പ്രവർത്തിച്ചിട്ടുണ്ട്.

സഭാപ്രശ്നങ്ങൾ അതിരൂക്ഷമായ കാലം. അങ്കമാലി, കൊച്ചി, കണ്ടനാട് മെത്രാസനങ്ങൾ അഭിമുഖീകരിക്കേണ്ടിവന്ന സങ്കീർണ്ണമായ പ്രശ്നങ്ങളും നേരിടേണ്ടിവന്ന വെല്ലുവിളികളും വാക്കുകളിൽ ഒതുക്കിപറയാനാവുന്നതല്ല.

1958-ലെ സഭാസമാധാനത്തിനുശേഷം വീണ്ടും ഒരു പിളർപ്പ് അനാവശ്യമെന്ന് ഉത്തമമായി വിശ്വസിച്ച ഞങ്ങളിൽ ചിലർ ഒത്തുചേർന്ന് ഭവനസന്ദർശനങ്ങൾ മുടങ്ങാതെ നടത്തിയും സഭാമക്കളെ ഓർത്തഡോക്സ് വിശ്വാസത്തിൽ ഉറപ്പിച്ചുനിറുത്തുവാൻ ആകുംവിധം ശ്രമിച്ചിരുന്നുവെന്ന സത്യം ഇന്ന് പലരും മനഃപൂർവ്വമല്ലെങ്കിലും വിസ്മരിക്കുന്നുവെന്നത് എന്നെ അത്ഭുതപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യമാണ്.

ഇന്ത്യൻ അലുമിനിയം കമ്പനി വർക്ക്സ് മാനേജർ ആയിരുന്ന ശ്രീ. എം. ടി. പോളും അദ്ദേഹത്തിന്റെ കാറും ഞങ്ങളുമായി രാപകലില്ലാതെ കയറി ഇറങ്ങാത്തിടങ്ങളില്ല. അന്ന് ഞങ്ങളുടെ ടീം അംഗങ്ങളുടെ പട്ടികയിൽ പ്രമുഖർ വെണ്ടറപ്പിള്ളി അച്ചൻ, ഇടയനാൽ അച്ചൻ, എം. വി. പൗലോസ് അച്ചൻ, വേങ്ങൂർ സ്വദേശി ശ്രീ. പി. കെ. ഗീവറുഗീസ് സർ എന്നിവർ ഉണ്ടായിരുന്നു. വിതയ്ക്കുന്നവർ ഒരു കൂട്ടർ കൊയ്യുന്നവർ

മറ്റൊരു കൂട്ടർ. കറിക്കലത്തിലെ മീൻപിടിത്തം എത്രയോ സുഖകരമെന്ന് അനുഭവിക്കുന്നവർക്കേ അറിയൂ.

തൃക്കുന്നത്ത് സെമിനാരിയിൽ ബലഹീനനായ എനിക്ക് നേരിടേണ്ടി വന്ന പ്രയാസഘട്ടങ്ങളിലെല്ലാം ഒരു മാലാഖയെപ്പോലെ പറന്നെത്തി എല്ലാ കൈത്താങ്ങലുകളും നൽകി സഹായിച്ച എന്റെ ജ്യേഷ്ഠസഹോദരൻ വെണ്ടറപ്പിള്ളി അച്ചന്റെ സൗഹൃദം സുഗന്ധവാഹിയായി എന്റെ ഹൃദയത്തിൽ എന്നും നിലകൊള്ളുന്നു.

കരുവിൽ വാർത്തെടുത്തപോലെ ഉടയാത്ത വാക്കുകളും, ഉജ്വലമായ ആത്മീയ തീക്ഷ്ണതയും കൈമുതലായി ഉണ്ടായിരുന്ന അച്ചന്റെ വാക്ധോരണി ശ്രദ്ധിക്കാത്തവർ ചുരുക്കം. സമയോചിതമായ അദ്ദേഹത്തിന്റെ നടപടികളും ധർമ്മോദ്ബോധനങ്ങളും വിശ്വാസികൾക്ക് ആത്മവിശ്വാസം പകർന്നുകൊടുത്തു.

സഭാഭക്തി, സംസ്കാരസമ്പന്നമായ പാരമ്പര്യം, ഹൃദ്യവും വശ്യവുമായ പെരുമാറ്റ മര്യാദകൾ, പ്രതിസന്ധികളെ അചഞ്ചലമായി നേരിടുവാനുണ്ടായിരുന്ന മനക്കരുത്ത്, തകർക്കാനാകാത്ത ശുഭാപ്തി വിശ്വാസം, കറകളഞ്ഞ ആത്മാർത്ഥത ഇതെല്ലാം ഒത്തുചേർന്നതായിരുന്നു ബഹു. അച്ചൻ.

അനേകായിരങ്ങൾക്ക് വിജ്ഞാനത്തിന്റെ നറുവെളിച്ചം പകർന്നുകൊടുക്കുവാൻ ഭാഗ്യം സിദ്ധിച്ച ഈ നന്മ നിറഞ്ഞ ഗുരുനാഥനെ എല്ലാ അർത്ഥത്തിലും "മാന്യൻ" എന്ന രണ്ടക്ഷരത്തിൽ വിശേഷിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. വായനയ്ക്കും, പഠനത്തിനും ഊന്നൽ കൊടുത്തുകൊണ്ടുള്ള അദ്ദേഹത്തിന്റെ വിജ്ഞാനഭണ്ഡാഗാരം ആഴവും പരപ്പാർന്നതുമായിരുന്നു.

പ്രസംഗം പൗരുഷമായ ഒരു കലയായി, ഹരമായി, ലഹരിയായി അച്ചനിൽ കുടികൊള്ളുമ്പോൾ സംഗീതത്തിന്റെ കൊച്ചുദേവത അസൂയയോടെ അൽപം അകന്നുനിൽക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്.

"ജനന"ത്തിനും "മരണ"ത്തിനുമല്ല "ജീവിത"ത്തിന് മഹത്വം കൽപിച്ച് കടന്നുപോയ ആ പുണ്യാത്മാവിന് ശ്രദ്ധാഞ്ജലികൾ അർപ്പിച്ചുകൊണ്ട് നിറുത്തുന്നു.

(മലങ്കരസഭാ കക്ഷിവഴക്കിനെ തുടർന്ന് പ്രശ്നബാധിത ഭദ്രാസനങ്ങളിലൊന്നായ അങ്കമാലി ഭദ്രാസന ആസ്ഥാനമായ ആലുവാ തൃക്കുന്നത്തു സെമിനാരിയുടെ അമരക്കാരനായിരുന്നു ലേഖകൻ. വെണ്ടപ്പിള്ളിയച്ചനോടൊപ്പം പ്രശ്നബാധിത ഇടവകകൾ സന്ദർശിക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്തു.)

ഗുരുഭൂതനും സഹപ്രവർത്തകനും

മത്തായി ഇടയനാൽ കോറെപ്പിസ്ക്കോപ്പാ
വടവുകോട്

1955–57 കാലഘട്ടത്തിൽ ഞാൻ വടവുകോട് രാജർഷി മെമ്മോറിയൽ ഹൈസ്കൂളിൽ വിദ്യാർത്ഥിയാണ്. അന്നത്തെ ഹെഡ്മാസ്റ്റർ പരേതനായ എം. വി. മത്തായി സാറിന്റെ നേതൃത്വത്തിലുള്ള ഒരു കൂട്ടം അദ്ധ്യാപകർ വടവുകോട് ഹൈസ്കൂളിനെ പ്രശസ്തിയുടെ കൊടുമുടിയിലേറ്റിയ നാളുകൾ. ബഹു. വെണ്ടറപ്പിള്ളി അച്ചനും (അന്നു ശെമ്മാശ്ശൻ) വടവുകോടു സ്കൂളിൽ അദ്ധ്യാപകനാണ്. അദ്ധ്യാപകവൃത്തിയോടും വിദ്യാർത്ഥികളോടും സമൂഹത്തോടും പ്രതിബദ്ധതയുള്ള ആത്മാർത്ഥതയും സമർപ്പണബോധവുമുള്ള ഒരു സംഘം അദ്ധ്യാപകർ. അവരെക്കുറിച്ച് ഓർക്കുമ്പോൾ അഭിമാനം തോന്നുന്നു.

അക്കാലത്ത് ഈ ദേശത്ത് അധികം വൈദികർ ഇല്ല. രണ്ടു ശെമ്മാശന്മാർ വടവുകോട് ഹൈസ്കൂളിൽ അദ്ധ്യാപകരായിട്ടുണ്ട്. വെണ്ടറപ്പിള്ളി ശെമ്മാശ്ശനും പിന്നീട് അമേരിക്കയിലേക്ക് കുടിയേറിയ പരേതനായ കോച്ചേരിൽ ജോർജ്ജ് ശെമ്മാശ്ശനും. ഇരുവരും എന്നെ പഠിപ്പിച്ചിട്ടുള്ള അദ്ധ്യാപകർ. അന്നത്തെ അദ്ധ്യാപകരെ ഓർക്കുന്നതു തന്നെ ഭയഭക്തി ബഹുമാനത്തോടെയാണ്. ബ. വെണ്ടറപ്പിള്ളി അച്ചനെ ഡീക്കൻ വെണ്ടറപ്പിള്ളി എന്നാണ് എല്ലാവരും വിളിച്ചിരുന്നത്. മിക്കവാറും എല്ലാ അദ്ധ്യാപകർക്കും ഞങ്ങൾ കുട്ടികളുടെ വകയായി നൽകിയിട്ടുള്ള സ്പെഷ്യൽ പേരുകൾ രഹസ്യമായി വിദ്യാലയത്തിൽ പ്രചരിച്ചിരുന്നു. ബ. അച്ചനു കൊടുത്തിരുന്നത് “കറൂപ്പ്” എന്ന അപരനാമമാണ്. കാരണം അച്ചന്റെ ശൈലിയും വാക്കുകളും വളരെ ചടുലമാണ്. “കറൂപ്പ്” മീൻ പോലെ ‘പൊരുപൊരുപ്പൻ.’

1964–ൽ വടവുകോടു സ്കൂളിൽ ഞാനും ഒരദ്ധ്യാപകനായി ചേർന്നു. ആ കാലത്തു ബ. അച്ചനുമായി കൂടുതൽ അടുത്തു പെരുമാറുവാൻ സ്വാതന്ത്ര്യം കിട്ടി. ഞങ്ങൾ രണ്ടു പേരും ഓരോ മോട്ടോർസൈക്കിളുകൾ വാങ്ങി. അതിനുണ്ടാകുന്ന നിസ്സാര തകരാറുകൾ പോലും സ്വയമായി പരിഹരിക്കുവാൻ അച്ചനു കഴിയുമായിരുന്നില്ല. സ്വാഭാവികമായി ആ ചുമതലയും എനിക്ക് കിട്ടി. വളരെ ദൂരം മോട്ടോർസൈക്കിളിൽ ഞങ്ങൾ ഒരുമിച്ച് സഞ്ചരിക്കേണ്ടതായി വന്നിട്ടുണ്ട്. അത്യാവശ്യം മറിഞ്ഞു വീണിട്ടുമുണ്ട്. അതെല്ലാം നല്ല ഓർമ്മകളായി നിലനില്ക്കുന്നു. പഴന്തോട്ടത്തിൽ നിന്നും വടവുകോട്ടിൽ വീടു പണിത് താമസമാക്കിയതോടെ വെണ്ടറപ്പിള്ളി അച്ചൻ ഞങ്ങൾക്ക് അയൽക്കാരനുമായി. ആ നില

യിലും ഊഷ്മളമായ ബന്ധം പുലർത്തുവാൻ ഞങ്ങൾക്കിടയായി. അച്ചൻ വടവുകോട്ടിൽ താമസിച്ചിരുന്ന വീടിന് ചില ചില്ലറ ഭേദഗതികൾ വരുത്തി പുനർ നിർമ്മിച്ചതിന്റെ ചുമതലയും അച്ചൻ എന്നെയാണ് ഏല്പിച്ചത്. അച്ചന് തന്റെ പ്രവർത്തനമേഖലയിൽ ധാരാളം കാര്യങ്ങൾ ചെയ്യുവാനുള്ള സമയം വേണ്ടിവരുമ്പോൾ മറ്റു പലവിധത്തിലും അച്ചന്റെ ആവശ്യങ്ങൾ നിറവേറ്റി സഹായിക്കുന്നത് എനിക്ക് അഭിമാനകരമായി തോന്നിയിരുന്നു.

എന്റെ മകനും അച്ചന്റെ മകനും കഴക്കൂട്ടം സൈനിക സ്കൂളിൽ ചേരുമ്പോൾ ഞങ്ങൾ രണ്ടു കുടുംബവും ഒരുമിച്ച് എന്റെ കാറിലാണ് യാത്ര ചെയ്തിരുന്നത്. ആ സമയത്ത് അച്ചനിൽ നിന്ന് കേൾക്കുവാനിടയായിട്ടുള്ള ഫലിതപ്രയോഗങ്ങളും നർമ്മോക്തികളും ഇന്നും മനസ്സിൽ തങ്ങി നില്ക്കുന്നു.

1974-ൽ സഭയിലെ കക്ഷിഭിന്നത അതിന്റെ വികൃതരൂപത്തിന്റെ പൂർണ്ണതയിലെത്തി. രണ്ടു പുതിയ മെത്രാന്മാർ പാത്രിയർക്കീസിൽ നിന്നും പട്ടമേറ്റ് നാട്ടിലെത്തി. അവരെ ഒരു വിധത്തിലും അംഗീകരിക്കാൻ അച്ചൻ തയ്യാറായിരുന്നില്ല. വെണ്ടറപ്പിള്ളി അച്ചനെ പേരെടുത്തു പറഞ്ഞ് വേദികളിൽ പരാമർശിച്ചവർക്കെതിരെ അച്ചൻ കത്തിക്കയറി. വടക്കൻ പ്രദേശങ്ങളിൽ ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി നടത്തിയിരുന്ന വിശദീകരണയോഗങ്ങളിലും ക്ലാസ്സുകളിലും എനിക്കും അച്ചനോടൊത്ത് പ്രവർത്തിക്കാൻ സാധിച്ചത് വലിയ അനുഗ്രഹമായിട്ടാണ് ഞാൻ കരുതുന്നത്. പരേതനായ ശ്രീ. പി. എം. പൈലിപ്പിള്ള (കോലഞ്ചേരി) മുൻ സഭാ സെക്രട്ടറി ശ്രീ. എം. റ്റി. പോൾ എന്നിവരോടൊപ്പം ഞങ്ങൾ നടത്തിയിട്ടുള്ള യാത്രകൾ എത്രമാത്രമാണെന്ന് പറയാൻപോലും കഴിയില്ല. ഇന്ന് വടക്കൻ പ്രദേശങ്ങളിലുള്ള ഓർത്തഡോക്സ് സഭാവിശ്വാസികൾ ബ. അച്ചനിൽ നിന്നു പ്രചോദനം ഉൾക്കൊണ്ടു സഭയിൽ പ്രവർത്തിക്കുന്നവരാണ് എന്ന് നിസ്സംശയം പറയാം. ആ കാലങ്ങളിൽ അച്ചൻ നടത്തിയിരുന്ന പ്രസംഗങ്ങൾ ആരെയും കോരിത്തരിപ്പിക്കുന്നതും സദസ്സിനെ പ്രകമ്പനം കൊള്ളിക്കുന്നതുമായിരുന്നു.

അധികമാരും അറിയാത്ത ഒരു രഹസ്യം കൂടി വെളിപ്പെടുത്തട്ടെ. ബ. അച്ചന് "പാട്ടു" തീരെ വഴങ്ങുമായിരുന്നില്ല. എന്നാൽ അച്ചൻ തികഞ്ഞ ഒരു കലാകാരനായിരുന്നു. സാഹിത്യഭംഗിയുള്ള പ്രയോഗങ്ങളും ഭാവനാസമ്പന്നമായ അവതരണരീതിയും അദ്ദേഹത്തിന് ദൈവം കനിഞ്ഞു നൽകിയ നൽവരങ്ങളാണ്. "ആരും സ്വന്തമല്ല" എന്ന പേരിൽ ഞാൻ അവതരിപ്പിച്ച കഥാപ്രസംഗം ഇൻഡ്യയിൽ മാത്രമല്ല വിദേശത്തുള്ളവരേയും വളരെ ആകർഷിച്ചിട്ടുണ്ട്. ഈ കലാരൂപത്തിന്റെ മൂല കഥാരൂപം

ബ. അച്ചന്റെ മനസ്സിൽ രൂപംകൊണ്ടതാണ്. ഞങ്ങൾ പല ദിവസങ്ങളിൽ ഒരുമിച്ചു ചേർന്നാണ് അതിന് അന്തിമരൂപം നല്കി ചിട്ടപ്പെടുത്തിയത്.

കുറച്ചുകാലം അച്ചൻ രോഗാതുരനായി കിടന്നു. ആ സമയത്തെല്ലാം ഞാനും എന്റെ കുടുംബവും അച്ചനെ സന്ദർശിക്കുകയും പരിചരിക്കുകയും ചെയ്‌വാൻ സമയം കണ്ടെത്തിയിരുന്നു. അത് ഒരു ഭാഗ്യമായും അനുഗ്രഹമായും ഞാൻ കരുതുന്നു. അച്ചൻ മരിക്കുമ്പോൾ ഞാൻ അമേരിക്കയിലായിരുന്നതിനാൽ സംഭവബഹുലമായ അദ്ദേഹത്തിന്റെ കബറടക്കത്തിൽ പങ്കാളിയാകാൻ എനിക്ക് സാധിച്ചില്ല. അത് എന്നും തീരാദുഃഖമായി അവശേഷിക്കുന്നു. ബ. അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. ആദരാഞ്ജലികൾ അർപ്പിക്കുന്നു.

(സഭാ കക്ഷിവഴക്കിൽ നിർണ്ണായക തീരുമാനമെടുത്ത ജോസഫ് വെള്ളപ്പിള്ളിയച്ചനും സമാനചിന്താഗതിക്കാരും ഒത്തൊരുമിക്കാൻ പ്രേരകമായ ഒരു ഘടകമാണ് ലേഖകൻ)

അമേരിക്കയിൽ പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റി പഠനകാലത്ത്

ക്രാന്തദർശിയായ വൈദികശ്രേഷ്ഠൻ

പി. യു. കുര്യാക്കോസ് കോറെപ്പിസ്കോപ്പാ, കണ്ടനാട്

തോമസ് ഗ്രേ എന്ന ആംഗ്ലേയ കവി തന്റെ Elegy Written in a Country Church Yard (ശ്മശാനഗീതം) എന്ന കാവ്യത്തിലെഴുതി: "ഒരുപാട് വലിയ കാര്യങ്ങൾ ചെയ്യുവാൻ ആഗ്രഹിച്ച ഒരാൾ ഈ ശ്മശാനത്തിൽ ഉറങ്ങുന്നു." കാര്യങ്ങൾ ആഗ്രഹിച്ചതല്ലാതെ അതിനുവേണ്ടി ആ മനുഷ്യൻ മെയ്യനങ്ങി ഒന്നും ചെയ്തുകാണുവാൻ വഴിയില്ല. ജീവിച്ചിരുന്നപ്പോഴും അയാൾ ഉറങ്ങുകയായിരുന്നിരിക്കണം. വലിയ കാര്യങ്ങൾ ആഗ്രഹിക്കുക എന്നത് നല്ല കാര്യമാണ്. എന്നാൽ അവ സാക്ഷാത്കരിക്കുക എന്നത് അത്ര നിസ്സാര കാര്യമല്ല. വളരെ വലിയ കാര്യമാണ്. ജീവിച്ചിരിയ്ക്കെ ഒരുപാട് വലിയ കാര്യങ്ങൾ ആഗ്രഹിക്കുകയും അത് സാക്ഷാൽക്കരിക്കുകയും ചെയ്ത ഒരു വലിയ വ്യക്തിയുടെ മരിക്കാത്ത ഓർമ്മകൾക്കു മുമ്പിൽ നാം നിൽക്കുകയാണ്. "നന്നായി ജീവിച്ച ഒരു ജീവിതവും നന്നായി എഴുതിയ ഒരു ജീവചരിത്രവും വിരളമാണ്" എന്നു പറഞ്ഞത് കാർലൈൽ ആണ്. ബഹുമാനപ്പെട്ട വെണ്ടറപ്പിള്ളി അച്ചന്റെ വ്യക്തിത്വം ബഹുമുഖ മികവുകളാൽ അലംകൃതമായ അത്തരം വിരളമായ ഒരു അപൂർവ്വതയായിരുന്നു.

വന്ദ്യനായ അദ്ധ്യാപക പ്രതിഭ

ബ. വെണ്ടറപ്പിള്ളി അച്ചൻ അദ്ധ്യാപകവൃത്തിയിൽ അതികായകനായിരുന്നു. അതോടൊപ്പംതന്നെ സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രകടമായ പൗരോഹിത്യ പ്രതിരൂപമായി അദ്ദേഹത്തെ നമുക്ക് കാണാം. അദ്ധ്യാപകകലയിൽ അതിചതുരൻ, പരിമിതമായ വാക്കുകൾ കൊണ്ട് അദ്ധ്യാപനകലയുടെ പൊരുൾ വെളിവാക്കുന്ന ആലോചനാമൃതമായ ഭാഷണരീതി; അതും നിയന്ത്രിതമായ ശബ്ദത്തിൽ; ക്ലാസ്സ് അതീവ ശാന്തം; അച്ചടക്കം; ഇടയ്ക്കിടെ ചില നർമ്മരസം; ക്ലാസ്സാകെ കൂട്ടച്ചിരിയുടെ മാലപ്പടക്കം പൊട്ടിക്കഴിഞ്ഞു. ഞാനിതൊന്നും അറിഞ്ഞില്ല, കേട്ടില്ല എന്ന മട്ടിൽ അതാ നിൽക്കുന്നു ആ വന്ദ്യ പുരോഹിതനായ അദ്ധ്യാപക പ്രതിഭ. അദ്ധ്യാപകരോ വിദ്യാർത്ഥികളോ ഏതും സംശയവും ചോദിച്ചു കൊള്ളട്ടെ. പാഠ്യാനുബന്ധിയായ സംശയങ്ങൾ കേൾക്കുന്ന മാത്രയിൽ കടുകട്ടിയായ ആ മുഖം സന്തോഷവാത്സല്യഭാവ പ്രകർഷണത്താൽ പുളകമണിഞ്ഞു കഴിഞ്ഞു.

A good teacher is one who can express his point of view clearly എന്ന നല്ല അദ്ധ്യാപകന്റെ ധർമ്മം തന്റെ അധ്യാപനവൃത്തിയിൽ ഭംഗിയായി നിർവ്വഹിച്ചിട്ടുണ്ട് എന്ന് നിസ്സംശയം പറയാം.

കാലത്തിന്റെ ചുവരെഴുത്തുകൾക്ക് പ്രത്യുത്തരിച്ച വൈദിക ശ്രേഷ്ഠൻ

നമ്മുടെ സഭാപിതാക്കന്മാരിൽ പ്രത്യേകിച്ച് ബ. വെണ്ടറപ്പിള്ളി അച്ചന്റെ സവിശേഷതകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്നു കാലത്തിന്റെ ചുവരെഴുത്തുകൾക്ക് പ്രത്യുത്തരിക്കുവാനുള്ള കഴിവ് - കാലത്തിന്റെ അടയാളങ്ങളെ കണ്ടു മനസ്സിലാക്കുവാനും അതനുസരിച്ച് പ്രവർത്തിക്കാനുമുള്ള സാമർത്ഥ്യം. അദ്ദേഹത്തിന്റെ ക്രാന്തദർശിത്വം ആദ്ധ്യാത്മിക മണ്ഡലത്തിൽ മാത്രം ഒതുങ്ങിനിന്ന ഒന്നല്ല; സാംസ്കാരിക സാമൂഹ്യ മണ്ഡലങ്ങളിലേക്ക് എത്തിനിന്ന ഒന്നാണ്. 1958-ലെ സഭാസമാധാനത്തിനുശേഷമാണ് ബ. ജോസഫ് അച്ചൻ ഓർത്തഡോക്സ് സഭയുടെ ശക്തനായ വക്താവായി മാറിയത്. അതു മൂലം ഏറെ ത്യാഗങ്ങളും യാതനകളും അദ്ദേഹത്തിന് സഹിക്കേണ്ടി വന്നിട്ടുണ്ട്. ബ. അച്ചൻ സഭാവിശ്വാസികൾക്കെല്ലാം സുപരിചിതനാണ്. മറക്കാനാവാത്ത നേതൃത്വം എല്ലാ മേഖലകളിലും - പ്രത്യേകിച്ച് വടക്കൻ പ്രദേശങ്ങളിൽ - നൽകിയിട്ടുള്ള ഒരു കർമ്മധീരനായിരുന്നു അദ്ദേഹം. മലങ്കരസഭയുടെ കാതോലിക്കേറ്റും ഭരണഘടനയും പരിരക്ഷിക്കുവാൻ ജാഗരൂകനായിരുന്നു അദ്ദേഹം. ചരിത്രബോധവും കാനോൻ പരിജ്ഞാനവും ദൈവശാസ്ത്ര അവബോധവും ആവശ്യഘട്ടങ്ങളിൽ ഔചിത്യബോധത്തോടെ ഉപയോഗിച്ച ബ. അച്ചന്റെ സ്മരണ നിസ്തുലമാണ്. സന്ദർഭത്തിന്റെ ഗൗരവവും സാംഗത്യവും കണക്കിലെടുത്ത് പുത്തൻ ആശയങ്ങൾ കൂട്ടിക്കലർത്തി ചേതോഹരമായ വാചാപ്രസംഗത്തിലൂടെ ശ്രോതാക്കളുടെ ഹൃദയം കവരുവാനുള്ള കഴിവ് ബ. അച്ചന്റെ ഒരു പ്രത്യേകതയായിരുന്നു. അസാധാരണമായ വാക്‌വൈഭവം, വ്യക്തവും ശക്തവുമായ ശബ്ദം, ഏതു സദസ്സിലും ശോഭിക്കുവാൻ കഴിയുന്ന സവിശേഷസിദ്ധികൾ, പ്രതാപപ്രകടനങ്ങളില്ലാത്ത പെരുമാറ്റം ഇവയുടെ എല്ലാം സമന്വയം ബ. അച്ചനിൽ ദർശിക്കാമായിരുന്നു.

മാർത്തോമ്മാശ്ലീഹായ്ക്ക് പൗരോഹിത്യമില്ല എന്നൊക്കെപ്പറഞ്ഞ് അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കരസഭയ്ക്ക് അയച്ച 203-ാം നമ്പർ കൽപ്പന വന്നതോടുകൂടി സഭയിൽ വീണ്ടും കക്ഷിപ്രശ്നങ്ങൾ രൂപപ്പെട്ടു. എന്നാൽ തന്റെ ഉത്തമബോധ്യത്തിൽ ഉറച്ചുനിന്നുകൊണ്ട് മരണംവരെ ധീരതയോടും ഒരു രക്തസാക്ഷിയുടെ വീറോടും കാതോലിക്കാ വിഭാഗത്തിനുവേണ്ടി പ്രവർത്തിച്ച അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ തികഞ്ഞ

കൃതജ്ഞതയോടും ആദരവോടുംകൂടി മാത്രമേ സ്മരിക്കാനാവൂ. 1975-നു ശേഷമുള്ള കാലഘട്ടത്തിൽ കണ്ടനാടു ഭദ്രാസനത്തിൽ പിറവം, മുള ക്കുളം, പെരുവ, പുതുവേലി, മണകുന്നം മുതലായ സ്ഥലങ്ങളിൽ സഭാ വിശ്വാസ വിശദീകരണയോഗങ്ങളിൽ അഭിവന്ദ്യ ജോസഫ് മാർ പക്കോ മിയോസ് തിരുമേനിയോടു കൂടിയുള്ള ബ. അച്ചന്റെ സാന്നിദ്ധ്യം പ്രത്യേകം ശ്രദ്ധേയമായിരുന്നു. കാതോലിക്കാ സിംഹാസനചരിത്രവും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ വേദവിപരീതവും വിശദമാക്കിക്കൊ ണ്ടുള്ള വിവരണങ്ങൾ സുന്ദരമായ ഭാഷയിലും സരളമായ ശൈലിയിലും, ഹൃദയത്തെ തൊട്ടുണർത്തുന്നവിധം സംവേദനം ചെയ്യുന്നതിലും ഉള്ള ബ. അച്ചന്റെ പ്രാഗത്ഭ്യം നേരിൽ കണ്ടും കേട്ടും അനുഭവിച്ചറിയുവാൻ ഞങ്ങൾക്ക് ഇടയായിട്ടുണ്ട്. മലങ്കരസഭ എന്നും സ്വതന്ത്രമാണെന്നും അത് മറ്റാരുടേയും ബാക്കിപത്രമല്ലെന്നും ശക്തമായി ഉദ്ഘോഷിച്ച പിതാ വായിരുന്നു അദ്ദേഹം.

അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അനധികൃതമായ കൈകടത്തലു കൾക്ക് അതേ രീതിയിൽ മറുപടി നൽകണമെന്ന് വിശ്വസിച്ച ബ. അച്ചൻ ഒരു ബദൽ പാത്രിയർക്കീസിലൂടെ മാത്രമേ അന്ത്യോഖ്യായുടെ നീരാളി ഹസ്തങ്ങൾക്ക് കൂച്ചുവിലങ്ങിടുവാൻ കഴിയുകയുള്ളുവെന്ന് കരുതിയി രുന്നു. സഭയുടെ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും വി. തോമാശ്ലീഹാ യുടെ സിംഹാസനവും ഭരണഘടനയും ആരുടേയും മുമ്പിൽ അടിയ റവു വെയ്ക്കുവാൻ കഴിയുകയില്ലായെന്ന് പ്രഖ്യാപിച്ച അദ്ദേഹത്തിന്റെ വാക്കുകൾ ജനഹൃദയങ്ങളിൽ ആവേശമുണർത്തി. മലങ്കരസഭ ആക മാന സുറിയാനി സഭയുടെ ഭാഗമല്ല, വിഭാഗമാണെന്നും അതിന്റെ പ്രധാന മേലദ്ധ്യക്ഷൻ പരിശുദ്ധ കാതോലിക്കാ ബാവായാണെന്നുമുള്ള അദ്ദേ ഹത്തിന്റെ വാദഗതികൾ ഇന്നും നമ്മെ പ്രകമ്പനം കൊള്ളിക്കുന്നു. പുണ്യ ശ്ലോകനായ പുത്തൻകാവിൽ തിരുമേനിയുടെ പ്രസംഗത്തിൽനിന്ന് ഉദ്ധ രിച്ചുകൊണ്ട് ബ. അച്ചൻ പിറവത്തുവച്ചു നടത്തിയ ആവേശോജ്വലമായ പ്രസംഗം ആരേയും ഹഠാദാകർഷിക്കുമായിരുന്നു.

"ഇവിടെ ഒരു കാര്യം നാം ഓർക്കേണ്ടതുണ്ട്. റോമിലേയും അല ക്സന്ത്രിയായിലേയും കുസ്തന്തീനോസ്പോലീസിലേയും, അല്ല, അന്ത്യോഖ്യായിലേയും പാത്രിയർക്കാ സിംഹാസനങ്ങൾ ഉണ്ടാകുന്നതിന് ഒരു 94 വർഷം മുമ്പുതന്നെ പൗരസ്ത്യദേശത്ത് ഈ കാതോലിക്കാ സിംഹാസനം ഉണ്ടായി. പ്രിയരെ ഈ കാതോലിക്കാ എന്നുണ്ടായി എന്നു ചോദിച്ചാൽ ഉടനെ പറഞ്ഞേക്കണം, നിങ്ങളുടെ പാത്രിയർക്കീസ് ഉണ്ടാ യതിനേക്കാൾ 94 വർഷം മുമ്പ് എന്ന്. നമുക്കുതന്നെ സ്വയാധികാരം ഉണ്ടെന്നും പാത്രിയർക്കാ സിംഹാസനത്തേക്കാൾ പഴക്കം കൂടിയതാണ് കാതോലിക്കാ സിംഹാസനമെന്നും നാം മനസ്സിലാക്കാതെ ശീമക്കാർ

അവരുടെ അധികാരം മലങ്കരയിൽ ചെലുത്തുവാൻ പതുങ്ങി പതുങ്ങി വരുമ്പോൾ നാം അവരെ വാ-വാ എന്ന് സംബോധന ചെയ്ത് സ്വീകരിക്കുന്നു. അങ്ങനെ ശീമയിലെ മെത്രാന്മാർ മലങ്കരയിൽ വാ-വാന്മാർ ആയിത്തീരുന്നു" എന്നിങ്ങനെയുള്ള പുത്തൻകാവിൽ തിരുമേനിയുടെ കുന്നംകുളത്തെ അവസാന പ്രസംഗത്തെ ഉദ്ധരിച്ചുകൊണ്ടായിരുന്നു വെണ്ടറപ്പിള്ളി അച്ചന്റെ വിശദീകരണം.

ബ. അച്ചന്റെ പ. സഭയോടുള്ള പ്രതിബദ്ധതയും ആത്മാർത്ഥതയും തന്റെ പ്രഭാഷണങ്ങളിൽ ഉടനീളം നിഴലിച്ചു നിന്നിരുന്നു.

"ലക്ഷം മാനുഷർ കൂടുമ്പോളതി-

ലക്ഷണമുള്ളതിലൊന്നോരണ്ടോ" എന്ന് കുഞ്ചൻ നമ്പ്യാർ ഫലിതം പാടി തുള്ളിയിട്ടുണ്ട്. എന്നാൽ ലക്ഷംപേർ കൂടുമ്പോൾ തലയെടുപ്പ്, പക്വത, വിനയം, വിശ്വാസം, വിശ്വസ്തത എന്നീ പഞ്ചഗുണമുള്ളവർ ഒന്നോ അതിൽ താഴെയോ മാത്രമേ കാണുകയുള്ളു. അതിൽ ഒന്നായി ബ. അച്ചനെ കാണുവാൻ സാധിക്കും. പരിശുദ്ധ സഭയിൽ ഏറ്റവും ഉത്തരവാദിത്വമുള്ള അനേകം സ്ഥാനങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള ബ. അച്ചന്റെ ബഹുമുഖമായ വ്യക്തിത്വത്തെ ഓർത്തും, ആദ്ധ്യാപക ശ്രേഷ്ഠൻ എന്ന നിലയിൽ അദ്ദേഹത്തിൽ നിന്നും സഭയ്ക്കും സമൂഹത്തിനും ലഭിച്ച മികച്ച സംഭാവനകളെ ഓർത്തും നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം.

"A man is the product of his time." ഒരു കാലഘട്ടത്തിൽ പരിശുദ്ധ സഭയുടെ വിശ്വാസ സംരക്ഷണത്തിനായി ദൈവം എഴുന്നേൽപ്പിച്ച മഹത് വ്യക്തിയായിരുന്നു ബ. വെണ്ടറപ്പിള്ളി അച്ചൻ.

(പ്രതികൂലതകളുടെ മദ്ധ്യത്തിൽ വെണ്ടപ്പിള്ളിയച്ചൻ അങ്കമാലി ഭദ്രാസനത്തിലും ലേഖകൻ കണ്ടനാട് ഭദ്രാസനത്തിലും സണ്ടേസ്കൂൾ ഡയറക്ടർമാരായിരുന്നു. രണ്ടുപേർക്കും സമാനതകൾ ഏറെ.)

സത്യവിശ്വാസ നിരൂപകൻ

ഫാ. കെ. എസ്. സഖറിയ കുറ്റിക്കോട്ട് കോതമംഗലം

ചേലാട് മാർ ബസ്സനിയ പള്ളിയിലെ ഒരാഴ്ചത്തെ സുവിശേഷ പ്രസംഗ യോഗമാണ്. ചേലാട് കൺവൻഷൻ എന്നാണറിയപ്പെടുന്നത്. ചേലാട് പള്ളിയുടെ ആഭിമുഖ്യത്തിൽ ആ പള്ളിയിലെ പ്രധാന പെരുന്നാളായ വൃശ്ചികം 28-ാം തീയതിക്ക് ഒരാഴ്ച മുമ്പ് നടത്തപ്പെടുന്ന കൺവൻഷൻ. 1960 മുതലാണ് എനിക്ക് ഓർമ്മ വരുന്നത്. ഞാനന്ന് യു.പി. സ്കൂൾ ഫൈനൽ ഇയർ വിദ്യാർത്ഥിയാണ്. അന്ന് കേട്ട പ്രസംഗങ്ങളിൽ ഒരു വർഷം മുഴുവൻ ഓർക്കാൻ തങ്ങിനിൽക്കുന്ന നിർമ്മല സുവിശേഷം വെണ്ടറപ്പിള്ളി അച്ചന്റേതു മാത്രം. അച്ചനെ ആ കൺവൻഷനിൽ എല്ലാ വർഷവും വിളിച്ചിരുന്നതിനാൽ ചെറുപ്രായത്തിൽ തന്നെ അച്ചന്റെ അനവധി സുവിശേഷപ്രസംഗങ്ങൾ കേൾക്കാനുള്ള ഭാഗ്യം ലഭിച്ചു.

പണ്ഡിതശ്രേഷ്ഠനായ അഭി. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ വാത്സല്യവാനായി ഡൽഹി ഭദ്രാസനത്തിലും പഴയസെമിനാരിയിലും പ്രവർത്തിക്കണമെങ്കിൽ അദ്ദേഹത്തിന്റെ ബുദ്ധിശക്തിയും സഹനശക്തിയും എത്രമാത്രമായിരുന്നുവെന്ന് വായനക്കാർ ചിന്തിക്കട്ടെ. ബ. വെണ്ടറപ്പിള്ളിലച്ചൻ സണ്ടേസ്കൂൾ കരിക്കുലം കമ്മിറ്റിയുടെ ഓഫീസ് സെക്രട്ടറിയായി 1974-75-ൽ കോട്ടയം പഴയസെമിനാരിയിൽ അഭി. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ആജ്ഞയനുസരിച്ച് പാഠപുസ്തകങ്ങൾ തയ്യാറാക്കാൻ താമസിക്കുമ്പോൾ സെമിനാരി ഫാക്കൽറ്റിയുടെ ശുപാർശപ്രകാരം സെമിനാരി ഫൈനൽ വിദ്യാർത്ഥികൾക്ക് കറസ്പോണ്ടൻസ് കോഴ്സ് പഠിപ്പിക്കാൻ നിയോഗിക്കപ്പെട്ടു. ഹൈസ്കൂൾ അദ്ധ്യാപകനായി റിട്ടയർ ചെയ്ത പരിചയസമ്പന്നനായ വെണ്ടറപ്പിള്ളിലച്ചന്റെ ശിഷ്യനാകുവാനുള്ള ഭാഗ്യം (3 മാസം) എനിക്കു ലഭിച്ചത് ഒരു ഭാഗ്യമായി കരുതുകയാണ്. ആദ്യമായി ഞങ്ങളുടെ ക്ലാസ്സിലേക്ക് കടന്നുവന്ന ദിവസം അദ്ദേഹത്തിന്റെ പുഞ്ചിരിക്കുന്ന മുഖവും അദ്ദേഹത്തിന്റെ തനതായ ആമുഖ വാചകവും ഞാനിന്നും ഓർക്കുന്നു. അദ്ദേഹത്തിന്റെ ആമുഖം ഇങ്ങനെ തുടങ്ങി, "സ്നേഹനിധികളായ അച്ചൻ കുഞ്ഞുങ്ങളേ നിങ്ങൾക്കെന്റെ കൂപ്പുകൈ. പഴയസെമിനാരിയുടെ മുറ്റത്തുകൂടി പോകാനുള്ള ഭാഗ്യം കിട്ടാഞ്ഞ എനിക്ക് സഞ്ചരിക്കുന്ന വിജ്ഞാനകോശമെന്ന് പാശ്ചാത്യരാജ്യം വിലയിരുത്തുന്ന അഭിവന്ദ്യ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പാദസ്പർശമേറ്റ ഈ ക്ലാസ്സുമുറിയിൽ നിൽക്കുവാനും അദ്ദേഹം ഇരുന്നിട്ടുള്ള ഈ കസേരയിലിരിക്കുവാനും (ഈ വെറും ബി.എഡ്. കാരന്) ഭാഗ്യമുണ്ടായതിൽ

ഞാനെങ്ങനെയാണ് നന്ദി പറയേണ്ടത് എന്നറിഞ്ഞു കൂടാ. എന്നെ ഏൽപ്പിച്ചിരിക്കുന്ന ചുമതല നിങ്ങൾ വൈദികരാകുമ്പോൾ നിങ്ങളേക്കാൾ മഹാത്മാരായവർക്ക് എങ്ങനെയാണ് എഴുത്തുകുത്തുകൾ നടത്തേണ്ടതെന്ന് പറഞ്ഞുതരുവാനാണ്. വാസ്തവത്തിൽ നിങ്ങളിൽ നിന്നെന്തെങ്കിലും കിട്ടിയാൽ അതും പോക്കറ്റിലിട്ടു പോകുവാനാണ് എന്റെ ഉദ്ദേശ്യം. ബിരുദവും ബിരുദാനന്തരബിരുദവും സമ്പാദിച്ചിട്ടുള്ള ബി.ഡി. വിദ്യാർത്ഥികൾക്ക് എന്താണ് പറഞ്ഞുതരേണ്ടത് എന്നറിയാതെ ഞാൻ വിഷമിക്കുകയാണ്.'' ഇത്രയും പറഞ്ഞിട്ട് ഇന്ത്യൻ പ്രസിഡണ്ടു മുതൽ എൽ.ഡി. ക്ലർക്കിനു വരെ നടത്തേണ്ട കറസ്പോണ്ടൻസിനെക്കുറിച്ച് അദ്ദേഹം നടത്തിയ ഇംഗ്ലീഷ് ലക്ചർ കേട്ട് ഞങ്ങൾ നിശബ്ദരായി ഇരുന്നുപോയി. ഓരോ മഹൽവ്യക്തികളെ സംബോധന ചെയ്യേണ്ടവിധവും കത്തെഴുതുമ്പോൾ വ്യക്തികളുടെ സ്ഥാനമാനങ്ങൾ പരിഗണിച്ച് ലാംഗ്വേജിലെ സ്റ്റാൻഡേർഡ് കീപ്പ് ചെയ്യണമെന്നും കൻടെൻസിന്റെ ദൈർഘ്യം പരമാവധി കുറയ്ക്കണമെന്നും തുടങ്ങിയ വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകി ഒന്നാം ദിവസം അവസാനിപ്പിച്ചു.

(മലങ്കരസഭാ കക്ഷിവഴക്കിന്റെ ആദ്യ ദശയിൽ നിർണ്ണായക തീരുമാനമെടുത്ത അങ്കമാലി ഭദ്രാസനത്തിലെ ഓർത്തഡോക്സ് സഭാ വൈദികൻ.)



അമേരിക്കയിൽ പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റി പഠനകാലത്ത്

വിനയാന്വിതൻ

ഫാ. കെ. റ്റി. ഫിലിപ്പ് തലക്കോട്
(വൈസ് പ്രസിഡണ്ട് പി.എം.ജി. ട്രസ്റ്റ്)

"എത്രത്തോളം ഭാരം കയറ്റിയാലും ടയറു പഞ്ചറാകാത്ത വണ്ടി." ബ. വെണ്ടറപ്പിള്ളി അച്ചനെക്കുറിച്ച് സഹവികാരിയായി എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ദീർഘകാലം ശുശ്രൂഷ ചെയ്ത ബ. ഒ. വി. ഏലിയാസച്ചൻ പറഞ്ഞ സ്തുതിവചനമാണ്. ഏലിയാസ് അച്ചന്റെയും ഇതെഴുതുന്ന ലേഖകന്റെയും സംയുക്തമായ യാത്രയയപ്പു സമ്മേളനമാണ് വേദി. ഡിസ്ട്രിക്ട് കളക്ടർ തോമസ് മാത്യു ഉദ്ഘാടനം ചെയ്ത പ്രസ്തുത യോഗത്തിന്റെ അദ്ധ്യക്ഷൻ അതേ ദേവാലയത്തിൽ വന്ദ്യ വൈദികരുടെ സഹവികാരിയായി ശുശ്രൂഷ നിർവഹിച്ച അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് തിരുമേനി (ഇപ്പോൾ പ. കാതോലിക്കാ ബാവാ). വെണ്ടറപ്പിള്ളി അച്ചന്റെ സ്ഥിരോത്സാഹത്തെയും കഠിനപ്രയത്നത്തെയും പ്രാർത്ഥനാജീവിതത്തെയും സർവ്വോപരി ത്യാഗസുന്ദരമായ സഭാജീവിതത്തേയും ചൂണ്ടിക്കാണിക്കുന്നതിന് ഇതിനപ്പുറമായ ഒരു അഭിനന്ദനവചനം ഉണ്ടോ എന്നറിഞ്ഞുകൂടാ.

ഞങ്ങൾ രണ്ടുപേരും ഞങ്ങളുടെ ഗുരുനാഥന്മാരും മാർഗ്ഗദർശികളുമായ ഭാഗ്യസ്മരണാർഹരായ മൂക്കഞ്ചേരിൽ തിരുമേനിയും പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയും ഒരേ ചെടിയിൽ വിടർന്ന പൂക്കളാണ് എന്ന് അഭിമാനത്തോടെ പറയുവാൻ എനിക്കു കഴിയും. യേശുവിനെ സ്വീകരിക്കാനാണ് ആർപ്പുവിളിയും തോരണങ്ങളും ഉണ്ടാക്കിയതെങ്കിലും കഴുതയ്ക്കും അതിന്റെ ഭാഗ്യം ലഭിച്ചുവല്ലോ. എന്നതുപോലെയുള്ള പങ്കിനെ എനിക്കതിൽ യോഗ്യതയുള്ളു എന്ന് വിനയപൂർവ്വം സമ്മതിക്കുന്നു.

എനിക്ക് വെണ്ടറപ്പിള്ളി അച്ചനിൽ നിന്നും പഠിക്കാൻ കഴിഞ്ഞിട്ടുള്ള മൂന്നു കാര്യങ്ങൾ ഉണ്ട്. അവയിൽ ഒന്നാമത്തേത് നിരന്തരമായ ദൈവാശ്രയമാണ്. സഭാതർക്കം രൂക്ഷമായപ്പോൾ അച്ചന്റെ നിലപാടു മാറ്റിയില്ലെങ്കിൽ സാറാമ്മയും മക്കളും (സാറാമ്മ - സഹധർമ്മിണി) അനാഥരായേക്കും എന്ന ഭീഷണിയെപ്പോലും അച്ചൻ അതിജീവിച്ചത് സഭയോടുള്ള കൂറും ദൈവത്തിലുള്ള ആശ്രയവും കൊണ്ടാണ്.

രണ്ടാമത് പ്രസംഗ ചാതുര്യമാണ്. എറണാകുളം പള്ളിയിൽ ഞങ്ങൾ സഹവികാരിമാരായിരുന്നപ്പോൾ എല്ലാ ശനിയാഴ്ചകളിലും അത്താഴം കഴിഞ്ഞ് ഞങ്ങൾ ഒത്തുകൂടും ബ. ഒ. വി. ഏലിയാസ് അച്ചൻ, ബ. പി.

എസ്. യോഹന്നാനച്ചൻ (യൂഹാനോൻ മാർ പോളികാർപ്പോസ് തിരുമേനി), പരേതനായ കെ. ഇ. വർക്കി അച്ചൻ, വെണ്ടറപ്പിള്ളി അച്ചൻ, ഈ ലേഖകൻ, പിറ്റേദിവസം അഞ്ചിടങ്ങളിലാണ് ഓരോരുത്തരും ആരാധന അർപ്പിക്കുന്നത്. അനൗൺസ്മെന്റെല്ലാം കുറിച്ചു കഴിഞ്ഞാൽ തുടർന്ന് ആരാധനാമദ്ധ്യേയുള്ള പ്രസംഗത്തെക്കുറിച്ചാണ് ചർച്ച. വളരെ ഹൃദയസ്പർശിയും കാലോചിതമായിട്ടുള്ളതുമായ ഒരു ദൂത് മിക്കവാറും ക്ലാസ്സു രൂപത്തിലായിരിക്കും അച്ചൻ പകർന്നുതരുന്നത്. അടുത്ത പ്രഭാതത്തിൽ അതും പേറിക്കൊണ്ടാണ് പ്രസംഗപീഠത്തിനു മുമ്പിൽ ഞങ്ങൾ നിൽക്കുന്നത്.

മൂന്നാമത് അച്ചന്റെ വിനയസ്വഭാവം. പൗലോസ് ഗ്രീഗോറിയോസ് തിരുമേനി പ്രോസ്റ്റേറ്റ് ഓപ്പറേഷൻ കഴിഞ്ഞ് ഡൽഹി ഓർത്തഡോക്സ് സെന്ററിൽ വിശ്രമിക്കുമ്പോൾ അച്ചനും ഞാനും ചേർന്ന് തിരുമേനിയെ കാണാൻ പോയി. ട്രെയിനിലായിരുന്നു യാത്ര. ഇവിടെനിന്നു പോകുമ്പോഴും തിരിച്ചു പോരുമ്പോഴും എന്റെ കാര്യങ്ങൾക്കാണ് അച്ചൻ എപ്പോഴും മുൻഗണനയും ശ്രദ്ധയും നൽകിയിരുന്നത്. ആ യാത്ര എനിക്ക് അവിസ്മരണീയമാണ്.

അതുപോലെ പണ്ഡിതനായ ഗ്രീഗോറിയോസ് തിരുമേനി ബത്രാ ഹോസ്പിറ്റലിലെ ഡോക്ടർമാർക്കായി പതിവായി, വൈദ്യശാസ്ത്രത്തിലെ അതിനൂതന വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകളെടുക്കും എന്നും പറഞ്ഞ്, എറണാകുളത്തുള്ള നമ്മുടെ ഡോക്ടർമാർക്കായി തിരുമേനിയെക്കൊണ്ട് ക്ലാസ്സെടുപ്പിക്കുവാൻ അച്ചൻ ആലോചന പറഞ്ഞു. തിരുമേനിക്ക് അത് സന്തോഷമായി, Date-ഉം തന്നു. ഇന്റർനാഷണൽ ഹോട്ടലിൽ വച്ച് കൊച്ചിയിലെ എല്ലാ ഡോക്ടർമാരെയും വിളിച്ചുചേർത്ത് തിരുമേനിയുടെ ക്ലാസ്സ് Holistic Medicine-നെക്കുറിച്ച് അത്യാധുനിക അറിവുകൾ പകർന്നു കൊടുക്കാൻ ഇടയായി.

അച്ചൻ സ്വന്തം കൈപ്പടയിൽ ഒരു പ്രത്യേക സന്ദർഭത്തിൽ എനിക്കെഴുതിയ ഒരു കത്ത് ഇതോടു ചേർത്തുവച്ച് ഞാൻ ഉപസംഹരിക്കട്ടെ.

കളക്ടർ സാജൻ പീറ്ററിനെ ഗ്രീഗോറിയോസ് തിരുമേനിക്ക് പരിചയപ്പെടുത്തുവാൻ ഒരു സന്ദർഭം വന്നുചേർന്നു. എറണാകുളം പള്ളിയിൽ വച്ചു തന്നെ ഈ കാര്യം ഞാൻ ചെയ്യണമെന്ന് അച്ചൻ ആവശ്യപ്പെട്ടു. വലിയ ആളുകളെ തമ്മിൽ പരിചയപ്പെടുത്തുവാൻ ഞാൻ യോഗ്യനല്ലായെന്ന് അറിയാമായിരുന്നതിനാൽ ഞാൻ ഇതിൽനിന്നും പിന്മാറി. അതിനെ തുടർന്ന് അച്ചൻ അടുത്തദിവസം തന്നെ എഴുതിയ കത്താണ്. അനുവാചകർക്ക് വായിച്ച് ഉള്ളടക്കം ഗ്രഹിക്കാം. ഒപ്പം അച്ചന്റെ അതിശ്രേഷ്ഠമായ വിനയമാതൃകയും.


Fr. Joseph Vendrappilly 19-11-93
Dear Achen,
...
Joseph Vendrappilly

पते में पिन कोड लिखें
WRITE PIN CODE IN ADDRESS
15 भारत INDIA
K. T. Philip
P. T. C.
Thalakode
Mulanthuruthy
पिन PIN

സഭാജീവിതത്തിൽ തർക്കത്തെ തുടർന്നുള്ള വെല്ലുവിളികൾ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ ഇന്നും അച്ചൻ എനിക്ക് ഒരു മാതൃകാവൈദികനും ആത്മീയ പ്രചോദനവുമാണ്. ഞാൻ അച്ചനോട് ഒത്തിരി ഒത്തിരി കടപ്പെട്ടിരിക്കുന്നു. നിർത്തട്ടെ.

ഈ മീറ്റിംഗ് വിളിച്ചുകൂട്ടുവാനും തിരുമേനിയെക്കൊണ്ട് നടത്തിക്കുവാനും അച്ചൻ എന്നെയാണ് ചുമതലപ്പെടുത്തിയത്. ഇതെനിക്ക് ഒരു പാഠമായി. പിന്നീടൊരിക്കൽ ഞാൻ പാലാരിവട്ടം പള്ളിയിൽ വികാരിയായിരിക്കുമ്പോൾ സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയെ കൊണ്ട് ഡോക്ടർമാർക്കായി ഞാനൊരു ക്ലാസ്സെടുപ്പിച്ചു. കൊച്ചിയിലുള്ള 43 ഡോക്ടർമാർ ഈ ക്ലാസ്സിൽ സംബന്ധിച്ചതും ഞാൻ വ്യക്തമായി ഓർക്കുന്നു.

(വെണ്ട്രപ്പിള്ളിയച്ചനും ലേഖകനും തൃപ്പൂണിത്തുറ നടമേൽ ഇടവകാംഗങ്ങൾ. സഭാപ്രശ്നത്തിൽ ഇരുവരും തുല്യ ദുഃഖിതർ. രണ്ടുപേരുടെയും പ്രവർത്തനമണ്ഡലങ്ങളിലും സമാനതകൾ ഏറെ. രണ്ടുപേരും തലക്കോട് ചാരിറ്റബിൾ ട്രസ്റ്റു പ്രവർത്തനങ്ങളിൽ അഭേദ്യമായി ബന്ധപ്പെട്ടവർ.)

വെണ്ടറപ്പിള്ളിൽ അച്ചനും വടക്കൻ ഭദ്രാസനങ്ങളും

ഫാ. ഡോ. ഒ. പി. വർഗീസ്, മീമ്പാറ

ബഹുമാനപ്പെട്ട വെണ്ടറപ്പിള്ളിൽ അച്ചന്റെ തീപാറുന്ന വാദമുഖങ്ങളും പ്രസംഗങ്ങളും കേൾക്കുമ്പോൾ ചെമ്മനം ഗീവർഗീസ് അച്ചൻ പ്രോത്സാഹിപ്പിച്ചിരുന്നത്, "എടോ, താൻ വെണ്ടറപ്പിള്ളിൽ അച്ചൻ അല്ലാ വണ്ടർഫുൾ അച്ചനാണ്" എന്നാണ്. സണ്ടേസ്കൂൾ പ്രസ്ഥാനത്തിലോ, യുവജനപ്രസ്ഥാനത്തിലോ, സഭാ വിശദീകരണയോഗത്തിലോ, സുവിശേഷ വയലിലോ, സ്കൂൾ ക്ലാസ്സിലോ എവിടെയായാലും വെണ്ടറപ്പിള്ളിൽ അച്ചന്റെ തീ പാറുന്ന വാക്കുകൾക്ക് ജനം കാത് കൂർപ്പിച്ചിരിക്കുമായിരുന്നു.

റവ. ഫാ. ജോസഫ് BA.BT; M.R.E ആണ് വെണ്ടറപ്പിള്ളിൽ അച്ചൻ എന്ന് പരക്കെ അറിയപ്പെടുന്ന ആൾ. വടവുകോട് രാജർഷി മെമ്മോറിയൽ ഹൈസ്കൂളിലെ അദ്ധ്യാപകനായും പിന്നീട് T.T.C. (Teachers Training Course) പ്രിൻസിപ്പലായും വിരമിച്ചു. ഇതിനിടെ കുറെക്കാലം ഫാ. പോൾ വർഗീസിന്റെ സെക്രട്ടറിയായും, പഴയസെമിനാരിയിൽ അദ്ധ്യാപകനായും അദ്ദേഹം പ്രവർത്തിച്ചു. അക്കാലത്താണ് U.S.A Yale University-യിൽ നിന്ന് Master of Relegious Education (M.R.E.) പാസ്സായത്. 1958 മുതൽ കൊച്ചി ഭദ്രാസനത്തിലെ സണ്ടേസ്കൂൾ ഡയറക്ടർ ആയും സണ്ടേസ്കൂളിന്റെ കേന്ദ്രതല പ്രവർത്തകനായും അദ്ദേഹം വർത്തിച്ചിട്ടുണ്ട്. അതാണ് അദ്ദേഹം പറയുന്നത് - എന്നെ പ്രധാന പട്ടണങ്ങളും, റെയിൽവേ സ്റ്റേഷനുകളും, എയർപോർട്ടും കാണിച്ചുതന്നിട്ടുള്ളത് സണ്ടേസ്കൂൾ പ്രവർത്തനമാണെന്ന്. സ്വദേശത്തും, ബാഹ്യകേരളത്തിലും, വിദേശത്തും സണ്ടേസ്കൂൾ പ്രവർത്തനവുമായി നടന്ന കാലത്തെ അദ്ദേഹം ഈ വാക്കുകളിലൂടെ അനുസ്മരിക്കുന്നു. 1976 മുതൽ ദീർഘകാലം ഓർത്തഡോക്സ് യുവജനപ്രസ്ഥാനം കേന്ദ്ര വൈസ്പ്രസിഡന്റായും ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിൽ സഭയിൽ കക്ഷിവഴക്കിന്റെ വേലിയേറ്റം ഉയരുന്ന സമയമാണ്. മാർതോമ്മാ ശ്ലീഹായ്ക്ക് പട്ടം ഇല്ലെന്ന് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് 203-ാം നമ്പർ കൽപ്പനയിലൂടെ പ്രസ്താവിച്ചു. മലങ്കരസഭയെ കലഹിപ്പിച്ചു കലക്കി നശിപ്പിക്കാൻ അദ്ദേഹം തന്നിഷ്ടംപോലെ കടവിൽ മെത്രാൻ, പെരുമ്പിള്ളി മെത്രാൻ, ചെറുവള്ളി മെത്രാൻ എന്നീ മുച്ചീട്ടു വച്ചു കളിക്കുന്നു. ഈ മുച്ചീട്ടിനെ വെട്ടി കളിച്ചതിൽ പ്രധാനി ഓർത്തഡോക്സ് ഭാഗത്തെ വെണ്ടറപ്പിള്ളി അച്ചൻ ആയിരുന്നു. അതുകൊ

ണ്ടാണ് അന്ന് പെരുമ്പള്ളി മെത്രാൻ ഇപ്രകാരം പ്രസ്താവിച്ചത് – “എടാ? വെണ്ടറപ്പിള്ളി നീ നടക്കുന്നിടത്ത് പുല്ല് കിളിർക്കില്ല.” അന്ന് വെണ്ടറപ്പിള്ളി അച്ചൻ വടക്കൻഭാഗത്തെ കാർഷിക ഭൂരിപക്ഷമുള്ള ജനതയോടു പ്രസംഗിക്കുമായിരുന്നു – “നിങ്ങളുടെ നെൽപ്പാടത്ത് പുല്ല് ഉണ്ടോ? എന്നെക്കൊണ്ട് നടത്തിച്ചാൽ മതി. കരിഞ്ഞുപോകും. പെരുമ്പിള്ളി തിരുമേനി കൽപിച്ചതാ മക്കളെ! ഹാ.. ഹാ...”

കൊച്ചി–അങ്കമാലി–കണ്ടനാട് തുടങ്ങിയ വടക്കൻ ഭദ്രാസനങ്ങളെ സഭയിൽനിന്ന് അടർത്തി അന്ത്യോഖ്യയുടെ ഭാഗമാക്കാൻ പാത്രിയർക്കീസ് ശ്രമിച്ചപ്പോൾ അതിന് എതിരായി പോരാടിയ വെണ്ടറപ്പിള്ളിൽ അച്ചനെ മറക്കുവാൻ ആർക്കും കഴിയില്ല. “അമ്മയെ മറന്നാലും ഞങ്ങൾ അന്ത്യോഖ്യയെ മറക്കുകയില്ല” എന്ന് പാത്രിയർക്കീസ് ഭാഗം വീരവാദം മുഴക്കിയപ്പോൾ ഭാരതമക്കളെ ഓർത്തഡോക്സുകാരെ നമ്മെ സുവിശേഷത്തിൽ ജനിപ്പിച്ച അപ്പൻ മാർ തോമ്മാശ്ലീഹായാണ്. ആ അപ്പനെ നമ്മൾ ഒരിക്കലും മറക്കുകയില്ല എന്ന് മലങ്കരസഭ മുഴുവൻ ഉദ്ഘോഷിച്ചവരിൽ മുമ്പനായിരുന്നു വെണ്ടറപ്പിള്ളി അച്ചൻ.

വെണ്ടറപ്പിള്ളിൽ അച്ചന്റെ ക്ലാസ്സും നിർദ്ദേശങ്ങളും ഞങ്ങൾക്ക് എന്നും മാതൃകയായിരുന്നു എന്നു പറയുന്ന സണ്ടേസ്കൂൾ പ്രവർത്തകരാണ് എവിടെയും ഉള്ളത്. ഒസ്താത്തിയോസ് തിരുമേനിയും, വെണ്ടറപ്പിള്ളിൽ അച്ചനും ഒരുമിച്ചു പ്രവർത്തിച്ചത് യുവജനപ്രസ്ഥാനത്തിന്റെ സുവർണ്ണ കാലം എന്നു പറയുന്ന യുവജനങ്ങൾ.

പെരുമ്പിള്ളി, ചെറുവള്ളി, കടവിൽ തുടങ്ങിയ ബദൽ മെത്രാന്മാർ കണ്ടനാട്, അങ്കമാലി, കൊച്ചി ഭദ്രാസനങ്ങൾ കൈയേറുന്ന കാലത്ത് അതിന് തടയിട്ട പക്കോമിയോസ് തിരുമേനി, വെണ്ടറപ്പിള്ളി അച്ചൻ, ഇടയനാൽ അച്ചൻ, മണ്ണാറപ്രായിൽ അച്ചൻ തുടങ്ങിയവരെ എന്നും നന്ദിയോടെ മാത്രമേ ഓർക്കാൻ കഴിയൂ.

എന്നും കാലിക പ്രസക്തങ്ങളായ പ്രബന്ധങ്ങളും, ലേഖനങ്ങളും ചമച്ചിട്ടുള്ള വെണ്ടറപ്പിള്ളി അച്ചനെ വേണ്ടതുപോലെ നാം മാനിച്ചിട്ടുണ്ടോ എന്ന് ആത്മവിമർശനം നടത്തണമെന്ന വാദക്കാരനാണ് ഞാൻ. സഭാനഭസിൽ എന്നും മിന്നിതിളങ്ങിക്കൊണ്ടിരുന്ന ആ നക്ഷത്രത്തെ എന്തേ എല്ലാവരും കാണുന്നില്ല. മാതൃഇടവകയായ തൃപ്പൂണിത്തുറ നടമേൽ പള്ളിയിലെ, കരിങ്ങാശ്ര പള്ളിയിലെ, വടവുകോട് പള്ളിയിലെ ഭൂരിപക്ഷത്തിന്റെ ഫറവോന്യ സിംഹാസനത്തിലെ ആദരവുകൾ വലിച്ചെറിഞ്ഞ് മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിലെ അംഗമാണ് ഞാൻ എന്നു സ്വന്തക്കാരിലേക്കിറങ്ങിവന്ന വെണ്ടറപ്പിള്ളിൽ അച്ചാ! അവിടുന്ന് മഹാത്മാവ് ആണ്. ഈ വടക്കൻ ഭദ്രാസനക്കാർക്ക് അങ്ങ് എന്നും വായും തൂണും മൽപാനും ആണ് എന്ന് ഉറക്കെ പ്രസ്താവിക്കുന്നു.

(വെണ്ടപ്പിള്ളി അച്ചൻ കൊച്ചി ഭദ്രാസനക്കാരനാണെങ്കിലും കണ്ട നാട് ഭദ്രാസനത്തിലെ കക്ഷിവഴക്കിൽ അച്ചൻ കാണിച്ച നിതാന്ത ജാഗ്രത അഭി. പക്കോമിയോസ് തിരുമേനിക്ക് ഭദ്രാസന നിർമ്മിതിയ്ക്ക് വലിയ മുതൽക്കൂട്ടായിരുന്നു.)

അഭി. പക്കോമിയോസ് മെത്രാപ്പോലീത്താ, പി. സി. ഏബ്രഹാം എന്നിവരോടൊപ്പം.

എന്റെ ഉത്തമ സുഹൃത്ത്

ഫാ. ഏബ്രഹാം പൂവത്തുംവീട്ടിൽ

ബഹുമാനപ്പെട്ട വെണ്ടറപ്പിള്ളിൽ ജോസഫ് അച്ചനെ ഞാൻ കൂടുതൽ അടുത്ത് പരിചയപ്പെടുന്നത് 1970-ൽ കോലഞ്ചേരി പള്ളിയിൽ സഹവികാരിയായി എന്നെ നിയമിച്ചതു മൂലമാണ്. കോലഞ്ചേരിയിലും, കോട്ടൂരും, പെരിങ്ങോളിലും കൺവൻഷൻ യോഗങ്ങളിൽ അദ്ദേഹം ഒരു പതിവു പ്രാസംഗികനായിരുന്നു. ശ്രോതാക്കളെ ശ്രദ്ധാലുക്കളാക്കുന്ന ഉജ്ജ്വല വാഗ്മി, സുന്ദരമായ ഭാഷയിൽ ഹൃദയത്തെ തൊട്ടുണർത്തി, അനുതാപത്തിലേക്കു നയിക്കുന്ന സരളമായ പ്രസംഗശൈലി അദ്ദേഹത്തെ വളരെ ശ്രേഷ്ഠനാക്കി.

1970 മുതൽ മലങ്കരസഭയിൽ വീണ്ടും കക്ഷിഭിന്നത ഉണ്ടായി. കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന പൗലോസ് മാർ പീലക്സിനോസിനെ ബദൽ കാതോലിക്കയായി പാത്രിയർക്കീസ് വാഴിച്ചു. ചെറുവള്ളിൽ സി. എം. തോമസ് അച്ചനെയും, പെരുമ്പിള്ളിൽ ഗീവറുഗീസ് അച്ചനെയും മെത്രാന്മാരായി പാത്രിയർക്കീസ് വാഴിച്ചു. ഈ സാഹചര്യത്തിൽ കണ്ടനാട്, അങ്കമാലി, കൊച്ചി ഭദ്രാസനങ്ങളിലെ ഓർത്തഡോക്സ് വിഭാഗത്തിലുള്ള വൈദികരുടെയും പ്രവർത്തകരുടെയും ഒരു പ്രത്യേക സമ്മേളനം എറണാകുളം സെന്റ് മേരീസ് പള്ളിയിൽ സമ്മേളിച്ചു. അതിന്റെ പ്രധാന സംഘാടകർ അഭിവന്ദ്യ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയും, വെണ്ടറപ്പിള്ളിൽ അച്ചനും, പൈലിപ്പിള്ള ചേട്ടനും ആയിരുന്നു. ആ സമ്മേളനത്തിൽ വച്ച് ഒരു "സഭാ സംരക്ഷണ സമിതി"യെ തെരഞ്ഞെടുത്തു. അതിന്റെ ഓഫീസ് കോലഞ്ചേരിയിൽ പ്രവർത്തനം ആരംഭിച്ചു. കണ്ടനാട്, അങ്കമാലി, കൊച്ചി ഭദ്രാസനങ്ങളിലെ പ്രശ്നങ്ങൾ ഉള്ള ഇടവകകളിൽ വിശദീകരണയോഗം നടത്തുവാനും, ലഘുലേഖകൾ പ്രസിദ്ധപ്പെടുത്തുവാനും തീരുമാനിച്ചു. വെണ്ടറപ്പിള്ളി അച്ചനും, ഇടയനാൽ അച്ചനും, പൈലിപ്പിള്ള ചേട്ടനും ആയിരുന്നു പ്രധാന പ്രാസംഗികർ. തൃശൂർ, കുന്നംകുളം, കണ്ണാറ മുതൽ പുതുപ്പള്ളി, തിരുവല്ല, കട്ടപ്പുറം വരെ അനേകം ഇടവകകളിൽ വിശദീകരണയോഗം നടത്തിയിട്ടുണ്ട്. മിക്കവാറും എല്ലാ യോഗങ്ങളിലും വെണ്ടറപ്പിള്ളിൽ അച്ചനും ഞാനും ഉണ്ടായിരിക്കും. വടവുകോട്ടിൽ നിന്നും ബൈക്കിൽ കോലഞ്ചേരിയിൽ വന്ന് അവിടെ നിന്നും കാറിൽ ആയിരിക്കും പോകുന്നത്. ഒരു ദിവസം ഡോ. കെ. സി. മാമ്മന്റെ കാറിലാണ് കണ്ണാറ (പീച്ചി ഡാമിന് അടുത്തുള്ള ഇടവക) യിൽ പോയത്. വിശദീകരണയോഗം കഴിഞ്ഞ് തിരിച്ചു വരുമ്പോൾ ചാലക്കുടിയിൽ ഒരു ഹോട്ടലിൽ കയറി

ഭക്ഷണം കഴിച്ചു. ഒരു ബിരിയാണി പായ്ക്ക് ചെയ്തു എടുക്കുവാൻ ജോലിക്കാരനോട് പറഞ്ഞു. അച്ചൻ ഈ പായ്ക്കറ്റ് വാങ്ങിയത് എന്തിനാണെന്ന് ഞങ്ങൾക്ക് മനസ്സിലായില്ല. കാറിൽ കയറിയപ്പോൾ ഡ്രൈവർ പീറ്ററിനോട് തന്റെ ഭാര്യ വിശന്ന് തന്നെ കാത്തിരിക്കുകയല്ലേ, അവൾക്കു കൊടുക്കൂ എന്നു പറഞ്ഞ് പാക്കറ്റ് അവനെ ഏൽപിച്ചു. അച്ചന് മറ്റുള്ളവരെക്കുറിച്ചുള്ള കരുതൽ നാം കണ്ടുപഠിക്കേണ്ടതാണ്.

വിശദീകരണയോഗവുമായി പോയ അവസരത്തിൽ കക്ഷിഭിന്നത മൂലം ശമ്പളം കിട്ടാത്ത ഇരുപതിൽപരം വൈദികരുണ്ടെന്ന് അറിഞ്ഞു. ഈ വൈദികർക്ക് ഒരു കൈത്താങ്ങൽ ആയി വൈദിക ക്ഷേമനിധി കമ്മിറ്റി നിശ്ചയിച്ചു. ഈ ആശയം വെണ്ടറപ്പിള്ളി അച്ചന്റേതാണ്. ഈ കമ്മിറ്റിയുടെ പ്രസിഡന്റ് അഭിവന്ദ്യ പക്കോമിയോസ് തിരുമേനിയും, സെക്രട്ടറി വെണ്ടറപ്പിള്ളി അച്ചനും ട്രഷറാർ ഞാനും ആയിരുന്നു. സഭാ കേന്ദ്രത്തിൽ നിന്നും, ഒരു തുക ഈ ക്ഷേമനിധിയിലേക്ക് ലഭിച്ചു. 75 രൂപ മുതൽ 250 രൂപ വരെ പ്രതിമാസം ഇരുപതിൽപരം വൈദികർക്ക് ഈ ക്ഷേമനിധിയിൽ നിന്നും കൊടുത്തുകൊണ്ടിരുന്നു. വെണ്ടറപ്പിള്ളി ലച്ചൻ സ്വദേശത്തുനിന്നും, വിദേശത്തുനിന്നും ഒരു വലിയ തുക ഇതിലേക്ക് സംഭരിച്ചു. അഭിവന്ദ്യ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയും ഇക്കാര്യത്തിൽ വലിയ സഹായം ചെയ്തിട്ടുണ്ട്.

കണ്ടനാട് ഭദ്രാസനത്തിന്റെ ആസ്ഥാനമായി അഭിവന്ദ്യ ജോസഫ് മാർ പക്കോമിയോസ് തിരുമേനി മീമ്പാറ സ്ഥലം വാങ്ങി അരമനയും ചാപ്പലും പണിതു കൂദാശ ചെയ്തു. അധികം താമസിയാതെ തിരുമേനി കാലം ചെയ്തു. മുളക്കുളം കർമ്മേൽകുന്ന് പള്ളിയിൽ കബറടക്കി. അതിനുശേഷം പരിശുദ്ധ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബഹു. വെണ്ടറപ്പിള്ളി അച്ചന്റെ അഭിപ്രായമനുസരിച്ച് ആ സ്ഥലത്തിന് “മാർ പക്കോമിയോസ് മൗണ്ട്” എന്ന് പേരിടുവാൻ തീരുമാനമായി. അത്രമാത്രം സ്വാധീനം കണ്ടനാട് ഭദ്രാസനത്തിന്റെ കാര്യത്തിലും വെണ്ടറപ്പിള്ളിൽ അച്ചന് ഉണ്ടായിരുന്നു.

ബഹുമാനപ്പെട്ട വെണ്ടറപ്പിള്ളിൽ അച്ചന്റെ അവസാനനാളുകളിൽ രോഗിയായി കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിലും, മരണശേഷം കബറടക്ക ശുശ്രൂഷയിലും ഞാൻ സംബന്ധിച്ചിരുന്നു. ബഹുമാനപ്പെട്ട അച്ചനുമായുള്ള സൗഹൃദം വിലയേറിയതായി ഞാൻ കണക്കാക്കുന്നു. അച്ചന് ആനന്ദങ്ങളുടെ പറുദീസായിൽ ശ്രേഷ്ഠാചാര്യന്മാരുടെ ഗണത്തിൽ സ്ഥാനം നൽകണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

(കണ്ടനാട് ഭദ്രാസനത്തിലെ സീനിയർ വൈദികൻ. വടക്കൻ ഭദ്രാസന പ്രവർത്തനങ്ങളിൽ വെണ്ടപ്പിള്ളിയച്ചന്റെ സന്തതസഹചാരി.)

വിശ്വസ്ഥനായ ഒരു സ്നേഹിതൻ

ഫാ. എ. കെ. ചെറിയാൻ, ന്യൂയോർക്ക്, യു.എസ്.എ.

ഞാൻ പാലിസൈഡ്സ് പാർക്കുവേയിൽ കൂടി ന്യൂയോർക്ക് പട്ടണത്തിലേക്ക് വണ്ടി ഓടിക്കുന്നു. എന്റെ വലതുവശത്തായി ബഹുമാന്യനായ വെണ്ടറപ്പിള്ളി അച്ചൻ ഇരിക്കുന്നു. അദ്ദേഹത്തിന് ന്യൂയോർക്കു സിറ്റി കാണണം എന്നു താൽപര്യപ്പെട്ടതിനാൽ ഞങ്ങൾ പുറപ്പെട്ടതാണ്. ഞങ്ങൾ രണ്ടുപേർക്കും സ്നേഹിതരായിരുന്ന ചിലരെക്കുറിച്ചെല്ലാം ഞാൻ അന്വേഷിച്ചതിന് മറുപടി പറഞ്ഞിരിക്കുകയായിരുന്നു. പൊടുന്നനവേ ഒരു അപ്രതീക്ഷിത ചോദ്യം അച്ചൻ ചോദിച്ചു:

"ഇത്രയും ഒക്കെയായിട്ടും ഒരു കോറെപ്പിസ്കോപ്പാ സ്ഥാനം വാങ്ങാത്തതെന്താണ്? ധാരാളംപേരെ ഇവിടെ കാണുന്നുണ്ടല്ലോ!"

"അതു വാങ്ങാൻ കിട്ടുന്നതാണോച്ചാ" എന്നുള്ള എന്റെ മറുചോദ്യത്തിന് സ്വതസിദ്ധമായ, ഹൃദയം നിറഞ്ഞ ഒരു ചിരി; ചിരി ഉറക്കെയാണ്. ആ ചിരിയിൽ ഞാനും പങ്കുചേർന്നു.

ഞാൻ ചോദിച്ചു: "ബഹുമാനപ്പെട്ട അച്ചൻ എന്നേക്കാൾ എത്രയോ ശ്രേഷ്ഠൻ; അറിവും, കഴിവുമുള്ളയാൾ; സഭ മുഴുവനാലും അംഗീകരിക്കപ്പെട്ടിരിക്കുന്ന ഒരു ശ്രേഷ്ഠ വൈദികൻ. അച്ചനല്ലേ എന്നേക്കാൾ അതിനു യോഗ്യൻ!"

അതു കേട്ടപ്പോഴും നന്നായി ഒന്നു ചിരിച്ചു. എന്നിട്ടു പറഞ്ഞു: "ഞങ്ങൾ ലൈൻ ബസ്സിൽ കയറി അതിന്റെ കമ്പിയിൽ തൂങ്ങി യാത്ര ചെയ്യുന്നവരാണ്. ഇപ്പോഴുള്ള സ്ഥാനങ്ങൾ പോരെ ഞങ്ങൾക്ക്."

ഞാൻ മറുപടിയായി "പ്രശസ്തമായ വടവുകോട് രാജർഷി മെമ്മോറിയൽ ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്ററാണ് ഈ പറയുന്നത് എന്ന് ഓർക്കണം." മറുപടി: "സത്യം പറയുന്നതിന് ചരിത്രത്തിന്റെ പിൻബലം വേണ്ടല്ലോ."

ഞാൻ പറഞ്ഞു: "അതു ശരി തന്നെ, പക്ഷേ....." പറഞ്ഞു തീരുന്നതിനു മുമ്പേതന്നെ ഉത്തരം.

"പേരിന് ചാണ്ടപ്പിള്ള, ഉള്ളിയും ജീരകവും കച്ചവടം." ആ പഴമൊഴി ഞാൻ ആദ്യം കേൾക്കയാണ്, ആദ്യം അർത്ഥം പിടികിട്ടിയില്ല. ഒരു നിമിഷത്തിനകം അതിന്റെ വ്യംഗ്യാർത്ഥം എനിക്കു മനസ്സിലായി.

ഞാൻ ചേദിച്ചു: "അത്ര തട്ടുകെട്ടു പോയോ?"

മറുപടി: ‘പറഞ്ഞു എന്നേയുള്ളു.’

എന്നിട്ട് എന്നോട് ചോദിച്ചു: തെക്കൻ പ്രദേശങ്ങളിൽ ‘നേരില്ലാത്ത’ ഒരു മനുഷ്യനെക്കുറിച്ചു പറയുമ്പോൾ “തെക്കോട്ട് എന്നു പറഞ്ഞാൽ വടക്കോട്ട് പോകുന്നയാൾ എന്നു പറയാറുണ്ടോ?”

‘ഉണ്ട്’ ഞാൻ പറഞ്ഞു.

അച്ചൻ: “എന്നാൽ ഞാൻ ഇപ്പോൾ അങ്ങനെയാണ് ജീവിക്കുന്നത്. നേരില്ലാത്ത മനുഷ്യനായി. കോട്ടയത്തിനു പോവുകയാണെങ്കിൽ എറണാകുളത്തിന് എന്ന് പറഞ്ഞു വടക്കോട്ടുള്ള വണ്ടി കയറി, അടുത്ത സ്റ്റോപ്പിൽ ഇറങ്ങി കോട്ടയത്തിനുള്ള വണ്ടിയിൽ കയറും. സന്ധ്യാസമയം കഴിഞ്ഞേ വീട്ടിൽ എത്താൻ കഴിയൂ എങ്കിൽ അന്നത്തെ യാത്ര അടുത്ത ദിവസത്തേക്കു മാറും. ഇതാണ് കുറെ കാലമായിട്ടുള്ള എന്റെ ജീവിതാനുഭവം. ഇതിനാണ് പ്രാണഭയം എന്നു പറയുന്നത്! അല്ലേ? നേരില്ലാത്ത മനുഷ്യൻ!!!” എന്നു പറഞ്ഞ് വീണ്ടും ഉറക്കെ ചിരിക്കുകയാണ്.

1972-ൽ ഞാൻ അമേരിക്കയിൽ വരുമ്പോൾ നാട്ടിലെ നമ്മുടെ സഭയുടെ സ്ഥിതി ഒരുവിധത്തിൽ പറഞ്ഞാൽ അത്ര ശോച്യമായിരുന്നില്ല. എന്നാൽ പാത്രിയർക്കീസ്-കാതോലിക്കാ ബന്ധത്തിൽ ഉലച്ചിൽ തട്ടിക്കൊണ്ടിരുന്നു. 1958-ലെ സുപ്രീംകോടതിവിധിയനുസരിച്ച് പാത്രിയർക്കീസിന് മലങ്കരസഭയുടെ മേൽ ആത്മീയ മേലധികാരം ഒരു പരിധിവരെയുണ്ടായിരുന്നുവെന്നല്ലാതെ പാത്രിയർക്കീസ് ഭാഗം പഠിപ്പിച്ചുകൊണ്ടിരുന്ന, “ശീശ്മ”, കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും “പട്ടത്വത്തിന്റെ കുറവുകൾ” ഇവയെല്ലാം വെറും വ്യർത്ഥമായ പൊളിവചനങ്ങൾ എന്ന് വിദ്യാസമ്പന്നരും, സത്യസ്നേഹികളുമായിരുന്ന അനേക യുവ വൈദികർ മനസ്സിലാക്കുവാൻ തുടങ്ങി. എന്നാൽ ഉമിക്കു തീപിടിച്ചതുപോലെ ഹൃദയത്തിന്റെ ഉള്ളിൽ കിടന്നിരുന്ന വൈരാഗ്യം പാത്രിയർക്കീസ് ഭാഗം മറച്ചുപിടിച്ച് നടന്നു വന്നു. അപ്രേം ആബൂദി എന്നു പേരുള്ള ഒരു ‘ശീമ റമ്പാൻ’, പാത്രിയർക്കീസിന്റെ പ്രതിനിധിയായി എത്തിച്ചേർന്നു. കലക്കങ്ങൾ സൃഷ്ടിക്കുകയും, നേതൃത്വം നൽകുകയും ചെയ്തു. കൂട്ടത്തിൽ നിന്ന ഒരു മെത്രാപ്പോലീത്താ കാലു മാറ്റി ചവുട്ടി. അന്ത്യോക്യൻ മൂവ്മെന്റ്, സിംഹാസനപ്പള്ളികൾ എന്നിങ്ങനെ നൂതന സൃഷ്ടികൾ രംഗപ്രവേശം ചെയ്തു. പാത്രിയർക്കീസിന്റെ 203/1970 കൽപന, സഭയുടെ ആദിമകാലം മുതലുണ്ടായിരുന്ന പഠിപ്പിക്കലിനെയും, വേദശാസ്ത്രത്തെ തന്നെയും ചോദ്യം ചെയ്തു. ഇതു ഏറ്റുപാടാൻ തുടങ്ങിയവർക്കും, മെത്രാൻസ്ഥാനലബ്ധി കാംക്ഷിച്ചിരുന്നവരും ഓർത്തഡോക്സ് സഭയിൽകൂടി സാദ്ധ്യമല്ല എന്നു മനസ്സിലാക്കിയിരുന്നവരുമായ ഏതാനും വൈദികർ മറുവഴിയിൽകൂടി മെത്രാന്മാരായി. സത്യ

സ്നേഹികളും വിദ്യാസമ്പന്നരുമായ അനേക വൈദികർ കഷ്ടതകളിൽ കൂടി കടന്നുപോയ ഒരു കാലഘട്ടമായിരുന്നു ഇത്. കൂടാതെ അഭിവന്ദ്യ ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയുടെയും പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെയും അസാധാരണമായ വ്യക്തിവൈഭവവും, കരുതലും ഇവർക്ക് ഉത്തേജനവും നൽകിയിരുന്നു. അനേകരുടെ പേരുകൾ ഓർക്കുന്നു. ഇതിൽ ഒരാളായിരുന്നു ബഹുമാന്യനായ വെണ്ടറപ്പിള്ളി അച്ചൻ.

ബഹു. അച്ചൻ അദ്ദേഹത്തിന്റെ സംസാരം തുടർന്നു. "1970-നുശേഷമാണ് ഞങ്ങൾ ഒരു കൂട്ടം യുവ വൈദികർ 'കുലദ്രോഹികളുടെ' കൂട്ടത്തിലായത്. 1958-ലെ സുപ്രീംകോർട്ടുവിധിക്കുശേഷം ഏറെക്കാലം ആനന്ദത്തിന്റെ കാലമായിരുന്നു. കുടുംബാംഗങ്ങളുമായിപ്പോലും രമ്യത പുലർത്താൻ സാധിക്കാതിരുന്ന കാലത്തിൽനിന്നും ദൈവസ്നേഹത്തിന്റെയും, മനുഷ്യസ്നേഹത്തിന്റെയും പുലരിയിലേക്കു ഞങ്ങൾ എത്തിച്ചേർന്നു. മേലിലെങ്കിലും സാക്ഷ്യം നഷ്ടപ്പെടുത്താതെ ജീവിക്കാമല്ലോ എന്നു കരുതിയിരുന്നപ്പോഴാണ് പുതിയ പുതിയ സംവിധാനങ്ങൾ രൂപപ്പെട്ടുവന്നത്. 'സിംഹാസന പള്ളികൾ', സത്യവിശ്വാസ സംരക്ഷണസമിതി, സഭയാൽ തെരഞ്ഞെടുക്കപ്പെടാത്ത മെത്രാന്മാർ, സഭയുടെ തീരുമാനങ്ങളെ മറന്നുള്ള പട്ടംകൊടകൾ എന്നു വേണ്ടാ മറ്റനേകം നിയമരഹിതസംവിധാനങ്ങൾ ചേർന്ന ഒരു കുത്തഴിഞ്ഞ പുസ്തകമായി മലങ്കരസഭയുടെ ഒരു ഭാഗം ആയിത്തീർന്നു." കുറെ സമയത്തേക്ക് അച്ചൻ ഒന്നും പറഞ്ഞില്ല.

ഞങ്ങൾ പരിചയക്കാരാവുന്നത് ഞാൻ ബി.ഡി. ഫൈനൽ ഇയറിൽ പഠിക്കുമ്പോൾ മുതലാണ്. അന്നത്തെ ജി.എസ്.ടി. ഡിപ്ലോമാ ക്ലാസ്സിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷാ പരിചയം വളർത്തുന്നതിനുവേണ്ടി നല്ലതുപോലെ ഇംഗ്ലീഷ് വശമുള്ള ഒരദ്ധ്യാപകൻ എന്ന നിലയിലാണ് ബഹു. വെണ്ടറപ്പിള്ളി അച്ചൻ സെമിനാരിയിൽ വരുന്നത്. അദ്ദേഹം കുറെ കാലത്തേക്ക് സ്കൂളിൽനിന്നും അവധിയെടുത്തു എന്നു ഞാൻ ചിന്തിക്കുന്നു. കൂടാതെ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ (MGOCSM) മീറ്റിംഗുകളിൽ വെച്ചും കാണുമായിരുന്നു. ഇംഗ്ലീഷിൽ പ്രസംഗിക്കുന്നവരുടെ പ്രസംഗം മലയാളത്തിലാക്കി പറയുന്ന ഒരാൾ എന്ന നിലയിൽ അദ്ദേഹം അംഗീകൃതനുമായിരുന്നു.

ബഹു. അച്ചൻ തന്റെ സംസാരത്തിന് ഒരു ചെറിയ വിരാമമിട്ടപ്പോൾ, സംസാരം തുടരാൻ വേണ്ടി ഞാൻ ഒരു പുതിയ വിഷയം കണ്ടുപിടിച്ചു. ഞാൻ ചോദിച്ചു: "വെണ്ടറപ്പിള്ളി അച്ചൻ നടക്കുന്നത്, മറ്റുള്ളവർ ഓടുന്ന വേഗത്തിലാണ് എന്നൊരു പറച്ചിൽ സെമിനാരിയിൽ കേട്ടിട്ടുണ്ട്. എനിക്കും അങ്ങനെ തോന്നിയിട്ടുണ്ട്. ശരിയാണോ?"

"ശരിയായിരിക്കാം. എന്നാൽ എനിക്ക് അങ്ങനെ തോന്നിയിട്ടില്ല. ഞാനാണല്ലോ നടക്കുന്നത്! പിന്നെ എന്തു പറയാനാണ്. അല്ല, കൂടാതെ ഒന്നു കൂടി ചിന്തിച്ചാൽ, ഓട്ടം പെട്ടെന്നു തികച്ചാൽ, സമയം കുറച്ചു മതിയല്ലോ പൂർത്തീകരണത്തിന്. അതായിരിക്കാം കാരണം." അറം പറ്റിയ വാക്ക്!

അദ്ദേഹം ഒരു തത്വചിന്തകനെപ്പോലെ സംസാരിക്കാൻ തുടങ്ങി. പല കാര്യങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. അപ്പോഴേക്കും ഞങ്ങൾ കാണേണ്ട സ്ഥാനത്ത് എത്തിയിരുന്നു. 2001 സെപ്റ്റംബർ 11-ാം തീയതി മുസ്ലീം ആക്രമികൾ തകർത്ത വേൾഡ് ട്രേഡ് സെന്ററിന്റെ സമീപത്ത്. കാറിൽ നിന്നും ഞങ്ങൾ ഇറങ്ങി. അച്ചൻ മുകളിലേക്കു നോക്കി. 'ഓ എന്റെ ദൈവമേ! ഇതെന്താണ്' എന്നു പറഞ്ഞു പെട്ടെന്നു വണ്ടിയിൽ കയറി ഇരിപ്പായി. 'എന്തു പറ്റിയച്ചാ' എന്നു ഞാൻ ചോദിച്ചു. "എന്റെ തലയ്ക്ക് ഒരു കറക്കം, ഈ കെട്ടിടത്തിന്റെ മുകൾഭാഗം ആകാശത്തിൽ എവിടെയാണച്ചാ?" എന്ന് എന്നോടു ചോദിച്ചു. എനിക്കും ഉത്തരമില്ലായിരുന്നു. ഈ കെട്ടിടങ്ങളുടെ മുകളിലേക്കു ചുവട്ടിൽനിന്നു നോക്കുമ്പോൾ എനിക്ക് അങ്ങനെ അനുഭവപ്പെട്ടിട്ടുണ്ട് എന്നു ഞാനും പറഞ്ഞു. പട്ടണത്തിലെ മറ്റു ചില ഭാഗങ്ങൾ കൂടി കണ്ടതിനുശേഷം തിരികെ ഞങ്ങൾ വീട്ടിലേക്കു പോന്നു.

അധികം താമസിയാതെ അച്ചൻ പ്രിൻസ്റ്റണിൽനിന്നും നാട്ടിലേക്കു മടങ്ങി. കുറെ കാലത്തിനുശേഷം പിന്നെ അറിയുന്നത് അച്ചൻ നിത്യതയിലേക്കു കടന്നു എന്നാണ്. എന്റെ ദുഃഖം അറിയിച്ചുകൊണ്ട് കൊച്ചമ്മയ്ക്ക് ഒരു കത്തെഴുതി. കൃത്യമായി മറുപടിയും ലഭിച്ചു. എന്റെ പ്രാർത്ഥന ഇന്നും തുടരുന്നു.

(ഭാഗ്യസ്മരണാർഹനായ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ചിന്തയോട് ആഭിമുഖ്യം പുലർത്തുന്ന ലേഖകനും വെണ്ടപ്പിള്ളിയച്ചനും സമാനതകൾ ഏറെയുണ്ട്.)

സഭയെയും സഭാമക്കളെയും കരുതിയ ഉത്തമ ഇടയൻ

ഫാ. സി. എം. കുര്യാക്കോസ്, കോലഞ്ചേരി
(ബോർഡ് മെംബർ, പി.എം.ജി. ട്രസ്റ്റ്, തലക്കോട്)

കാലയവനികക്കുള്ളിൽ മറഞ്ഞുപോയാലും സ്മരണയിൽനിന്നും മായാതെ നിൽക്കുന്നവരുടെ പട്ടികയിൽ എന്തുകൊണ്ടും അർഹതയുള്ള വ്യക്തിയാണ് ബഹുമാനപ്പെട്ട ജോസഫ് വെണ്ടറപ്പിള്ളിലച്ചൻ. പരിചയപ്പെട്ടിട്ടുള്ളവർക്കു ഏറെ നല്ല ഓർമ്മകൾ കാഴ്ചവച്ചിട്ടുള്ള ബഹുമാനപ്പെട്ട അച്ചനെ ആദരവോടുകൂടി മാത്രമേ സ്മരിക്കുവാൻ സാധിക്കുകയുള്ളു. വൈദികവൃത്തിക്കു പുറമെ വിദ്യാഭ്യാസമേഖലയിലും തനതായ വ്യക്തിപ്രഭാവം പതിപ്പിച്ചിട്ടുള്ള ബഹുമാനപ്പെട്ട അച്ചന് ഉന്നതശ്രേണിയിൽ വിരാജിക്കുന്ന അനേകം ശിഷ്യഗണങ്ങളുമുണ്ട്. വിദ്യാഭ്യാസമേഖലയിൽ ഉന്നതസ്ഥാനമലങ്കരിക്കുന്ന വടവുകോടു രാജർഷി മെമ്മോറിയൽ ഹൈസ്കൂളിലെ അദ്ധ്യാപകനായിരുന്ന ബഹുമാനപ്പെട്ട അച്ചൻ വടവുകോടു സ്കൂളിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും നിലനിർത്തുന്നതിനും ചെയ്തിട്ടുള്ള സംഭാവനകൾ വിസ്മരിക്കാവുന്നതല്ല.

വിശ്രമമില്ലാതെയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനശൈലി അനുകരണീയമാണ്. അദ്ധ്യാപനവൃത്തിയിൽ വ്യാപരിക്കുമ്പോഴും പൗരോഹിത്യശുശ്രൂഷയിൽ യാതൊരു വീഴ്ചയും വരാതെ ശ്രദ്ധിച്ചിരുന്ന ഒരു ശ്രേഷ്ഠവൈദികനായിരുന്നു അദ്ദേഹം. സഭയുടെ പല ഉന്നത സമിതികളിലും അംഗമായി ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുമ്പോഴും സ്കൂൾ സംബന്ധമായ കാര്യങ്ങളിലോ ചുമതലയുള്ള ഇടവകയുടെ കാര്യത്തിലോ യാതൊരു കുറവും വരാതെ പ്രവർത്തിക്കുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്.

1973–74 കാലഘട്ടത്തിലാണ് എനിക്ക് അദ്ദേഹവുമായി പരിചയമുണ്ടാകുന്നത്. കോലഞ്ചേരി പള്ളിയുടെ പേരിൽ പാങ്കോടു എന്ന സ്ഥലത്തു ഒരു സണ്ടേസ്കൂൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു. തദ്ദേശവാസികളുടെ ആഗ്രഹപ്രകാരം പ്രസ്തുത സണ്ടേസ്കൂൾ ഒരു ചാപ്പലായി ഉയർത്തുവാനും ഞായറാഴ്ചകളിൽ അവിടെ വി. കുർബാന നടത്തുവാനും അന്നു കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന അഭി. പൗലോസ് മാർ പീലക്സിനോസ് തിരുമേനി അനുവാദം നൽകി. ആ ചാപ്പലിലെ പ്രഥമ വികാരി ആയി ബഹുമാനപ്പെട്ട ജോസഫ് വെണ്ടറപ്പിള്ളിലച്ചൻ നിയമിതനായി. ചാപ്പലിൽ ആരാധനയിൽ സംബന്ധിക്കുവാൻ പോയ

എനിക്കു ബഹുമാനപ്പെട്ട വെണ്ടറപ്പിള്ളിലച്ചന്റെ കുർബാനയും പ്രസംഗങ്ങളും ആകർഷണീയമായി തോന്നി. പുതിയതായി തുടങ്ങിയ ചാപ്പലായതിനാൽ മദ്ബഹാ ശുശ്രൂഷയ്ക്കു ആവശ്യത്തിനു ശുശ്രൂഷകരില്ലായിരുന്നു. ബഹുമാനപ്പെട്ട അച്ചൻ മദ്ബഹാ ശുശ്രൂഷയ്ക്കു ആളെ ആവശ്യമുണ്ടെന്നു ഒരിക്കൽ അനൗൺസ് ചെയ്തപ്പോൾ ഞാൻ ആയതിനു സന്നദ്ധനാണെന്നു അറിയിക്കുകയും അദ്ദേഹം അതു അംഗീകരിക്കുകയും ചെയ്തു. ഞാൻ ഒരു മദ്ബഹാ ശുശ്രൂഷകനാകുവാൻ വന്ദ്യനായ വെണ്ടറപ്പിള്ളിലച്ചൻ തന്റെ കരങ്ങൾ എന്റെ തലയിൽ വെച്ച് അനുഗ്രഹിച്ചു. എനിക്കു ഒരു വാചകം മാത്രം ഉപദേശം തന്നതു ഇപ്രകാരമായിരുന്നു. "ഇന്നു ഞാൻ വാഴ്ത്തി നൽകുന്ന കുപ്പായം ഉപേക്ഷിക്കുവാൻ ഇടയാകരുത്." ആ ഉപദേശം ഒരു നിധിപോലെ സൂക്ഷിക്കുവാനും ഈ സഭയിൽ ഒരു വൈദികനായി ശുശ്രൂഷ അനുഷ്ഠിക്കുന്നതിനും എനിക്കു പ്രേരണയായി.

ബഹുമാനപ്പെട്ട വെണ്ടറപ്പിള്ളിലച്ചനോടൊപ്പം മദ്ബഹായിൽ ശുശ്രൂഷിച്ച കാലയളവുകൾ ഒരിക്കലും മറക്കുവാൻ സാധിക്കുകയില്ല. കക്ഷിവഴക്കു രൂക്ഷമായ സന്ദർഭത്തിൽ ചാപ്പലിൽ വരുന്ന ആളുകളിൽ ബഹുഭൂരിപക്ഷവും പാത്രിയർക്കീസ് അനുഭാവികളായിരുന്നതുകൊണ്ട് ചില ചില പ്രശ്നങ്ങൾ ഒളിഞ്ഞും മറിഞ്ഞും സംഭവിച്ചുകൊണ്ടിരുന്നു. എന്നാൽ തന്മയത്വത്തോടുള്ള അച്ചന്റെ ഇടപെടലുകൾ പ്രശ്നങ്ങളെ അതിജീവിക്കുവാൻ സഹായകമായി. മലങ്കരസഭയിൽ എല്ലായിടത്തും കക്ഷിവഴക്കിനെ സംബന്ധിക്കുന്ന വിശദീകരണയോഗം നടത്തുന്നതിനു മുൻപന്തിയിൽ വിരാജിച്ചിരുന്ന ബഹുമാനപ്പെട്ട അച്ചൻ താൻ ശുശ്രൂഷ അനുഷ്ഠിക്കുന്ന പ്രദേശത്തുള്ള വിശ്വാസികൾക്ക് യാതൊരുവിധ മാനസിക ഭാരവുമുണ്ടാകരുത് എന്നു കരുതി മാത്രം പാങ്കോട്ടിൽ യോഗങ്ങൾ സംഘടിപ്പിക്കുകയോ പ്രസംഗിക്കുകയോ ചെയ്തിരുന്നില്ല. പാങ്കോട് ചാപ്പലിൽ ഒരു നിസ്സാരകാര്യത്തിനു അച്ചനെ എതിർത്തുകൊണ്ടു സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട അച്ചൻ തന്നെ, താൻ എന്തുകൊണ്ടാണു പാങ്കോട്ടിൽ വിശദീകരണയോഗങ്ങൾ സംഘടിപ്പിക്കാതിരുന്നത് എന്നു വ്യക്തമാക്കിയതാണ് മേലുദ്ധരിച്ച നിലപാട്. താൻ ശുശ്രൂഷിക്കുന്ന ഇടവകജനങ്ങൾക്കു താൻ മുഖാന്തിരം യാതൊരു ക്ലേശവുമുണ്ടാകരുതെന്നു ചിന്തിക്കുന്ന ഒരു ഉത്തമ വൈദികന്റെ മാതൃകയാണ് അവിടെ കാണുന്നത്. അദ്ദേഹത്തിന്റെ നിലപാടുകളിൽ താൻ ശുശ്രൂഷിക്കുന്ന ഇടവകജനങ്ങൾക്കു താൽപര്യമില്ലെന്നു കണ്ടപ്പോൾ അവിടുത്തെ ചുമതലയിൽ നിന്നും വിടർത്തണമെന്നു ആവശ്യപ്പെടുകയും അവിടുത്തെ ശുശ്രൂഷ അവസാനിപ്പിക്കുകയും ചെയ്തു. ആയതിനു ശേഷമാണ് അദ്ദേഹം കക്ഷിവഴക്കിനെ സംബന്ധിക്കുന്ന വിശദീകരണയോഗം പാങ്കോട്ടിൽ സംഘടിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തുള്ളു.

1958-ലെ സഭാസമാധാനത്തിലൂടെ മലങ്കരസഭയ്ക്ക് ലഭിച്ച വലിയ നിധികളിൽ ഒന്നായിരുന്നു ബഹുമാനപ്പെട്ട വെണ്ടറപ്പിള്ളിലച്ചൻ. 1970 -കളിൽ ഉണ്ടായ കക്ഷിവഴക്കിൽ ഓർത്തഡോക്സ് സഭയുടെ നിലപാടുകളാണു ശരിയെന്നു ഉത്തമബോദ്ധ്യമുണ്ടായിരുന്ന അച്ചൻ തന്റെ ജീവിതം മുഴുവൻ ആ നിലപാടിനുവേണ്ടി പോരാടി. ബഹുമാനപ്പെട്ട അച്ചനു സഭയോടും സഭയ്ക്കു അച്ചനോടും ഏറെ ആദരവുകൾ ഉണ്ടായിരുന്നു. പ. കാതോലിക്കാ ബാവായുടെ ഉപദേശകസമിതിയംഗമായിരുന്ന അച്ചൻ സഭയുടെ ഔദ്യോഗിക പ്രതിനിധിയായി പലയിടങ്ങളിലും പ്രതിനിധാനം ചെയ്യുവാൻ നിയമിതനായിട്ടുണ്ട്. വിശ്വമാനവികനായിരുന്ന ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പ്രത്യേക താൽപര്യപ്രകാരം ഡൽഹി ഭദ്രാസനത്തിലും അച്ചൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഡൽഹി ഓർത്തഡോക്സ് സെന്ററിന്റെ പ്രവർത്തനത്തിനും ഭദ്രാസനത്തിന്റെ നാനാവിധമായ വികസനത്തിനും ബഹുമാനപ്പെട്ട അച്ചന്റെ സേവനം വിലപ്പെട്ടതാണ്. ഡൽഹി ഭദ്രാസന സെക്രട്ടറിയായിരുന്ന അച്ചൻ ഭദ്രാസന മെത്രാപ്പോലീത്തായോടു വളരെ വിധേയത്വത്തോടും ഭയഭക്തിയോടും കൂടി മാത്രമേ പെരുമാറിയിട്ടുള്ളു. ഈ ലേഖകനു ഡൽഹി ഭദ്രാസനത്തിൽ സേവനമനുഷ്ഠിക്കുന്നതിന് ആവശ്യമായ സാഹചര്യം ഒരുക്കിത്തന്നതു ബഹുമാനപ്പെട്ട അച്ചനായിരുന്നു. പരിമിതികളേറെ ഉണ്ടായിരുന്ന എനിക്കു ബഹുമാനപ്പെട്ട അച്ചന്റെ കരുതൽ ഏറെ സഹായകമായിരുന്നു. ദുബായ് ഇടവകയിൽ വികാരി ആയി സേവനമനുഷ്ഠിച്ച അച്ചൻ തന്റെ വ്യക്തിത്വം ആരുടെ മുമ്പാകെയും ബലി കഴിക്കാത്ത ഒരു മഹൽവ്യക്തിയാണെന്ന് തെളിയിച്ചതിനുശേഷമാണു ആ ഇടവകയിൽ നിന്നും മാറിപ്പോരുന്നത്.

താൻ കൈപിടിച്ചു വളർത്തുന്നവരുടെ ഉയർച്ചയിൽ അതീവമായി അഭിമാനിക്കുകയും സന്തോഷിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയായിരുന്നു ബഹുമാനപ്പെട്ട അച്ചൻ. ഷാർജ പള്ളിവികാരിയായി ബലഹീനനായ ഞാൻ നിയമിതനായപ്പോൾ എന്റെ വീട്ടിൽ വന്നു എനിക്കു ആശംസകൾ നൽകി അനുഗ്രഹിച്ചതു ഷാർജ ഇടവകയിലെ എന്റെ പ്രവർത്തനത്തിനു ശക്തി പകരുന്നതായിരുന്നു. 1999-ൽ രോഗബാധിതനായി ബഹുമാനപ്പെട്ട അച്ചൻ കോലഞ്ചേരി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട സന്ദർഭത്തിൽ ഞാൻ ആ ആശുപത്രിയിലെ ചാപ്ലെയിൻ ആയിരുന്നു. ആ രോഗാവസ്ഥയിലായിരുന്നപ്പോഴും സഭയെക്കുറിച്ച് തനിക്കു ഏറെ ദർശനമുണ്ടെന്നും ഇനിയും അനേകകാര്യങ്ങൾ ചെയ്തുതീർക്കാനുണ്ടെന്നുമുള്ള അദ്ദേഹത്തിന്റെ ആഗ്രഹം എന്നോടു തുറന്നു പറഞ്ഞത് അഭിമാനത്തോടും ആദരവോടും കൂടി സ്മരിക്കുന്നു. അദ്ദേഹത്തെ സന്ദർശിക്കുവാൻ വരുന്നവരോടു എന്നെക്കുറിച്ചു അഭിമാനത്തോടുകൂടി സംസാ

രിച്ചത്, അദ്ദേഹം എത്രമാത്രം എന്നെ ശ്രദ്ധിച്ചിരുന്നുവെന്നു എനിക്കു മനസ്സിലാക്കുവാൻ ഇടയാക്കി.

എല്ലാവരോടും സ്നേഹത്തോടും ആദരവോടും കൂടി പെരുമാറിയിരുന്ന അച്ചനെ അതേ വികാരത്തോടുകൂടി മാത്രമേ സ്മരിക്കുവാൻ സാധിക്കുകയുള്ളു. ബഹുമാനപ്പെട്ട അച്ചനെക്കുറിച്ച് സ്മരണക്കുറിപ്പ് എഴുതുവാൻ സാധിച്ചതിൽ അഭിമാനിച്ചുകൊണ്ടും അച്ചന്റെ ആത്മാവിനു നിത്യശാന്തി നേർന്നുകൊണ്ടും ഈ സ്മരണക്കുറിപ്പ് അച്ചന്റെ ഓർമ്മയുടെ മുമ്പാകെ സമർപ്പിക്കുന്നു.

(ഡൽഹി ഭദ്രാസന രൂപീകരണ സമയം മുതൽ ഭദ്രാസന പ്രവർത്തനങ്ങളിൽ മുൻനിരക്കാരനായ ലേഖകൻ ഭാഗ്യസ്മരണാർഹനായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ വിദ്യാർത്ഥിയും പഠനാനന്തരം മെത്രാപ്പോലീത്തായുടെ സെക്രട്ടറിയുമായി.)

പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായ്ക്കൊപ്പം.

വന്ദ്യനും ഉന്നതനും

ഫാ. സാം വി. ഗബ്രിയേൽ ന്യൂഡൽഹി

എന്റെ ഹൃദയത്തിൽ ഉന്നതമായ സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ട ദൈവികത്വത്തിൽ ഔന്നത്യമുള്ള ഒരു വന്ദ്യ പുരോഹിതനായിരുന്നു ഫാദർ ജോസഫ് വെണ്ടറപ്പിള്ളി. യുവജനങ്ങൾക്ക് ഉന്നത നേതാവും വിദ്യാർത്ഥികൾക്ക് ഉത്തമനായ അദ്ധ്യാപകനും ആയിരുന്നു അദ്ദേഹം. മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട മുതിർന്ന നേതാവും, സംഘാടകനും ആയിരുന്നു. ഏവർക്കും സ്വീകാര്യനായ പ്രാസംഗികനായിരുന്നു അദ്ദേഹം. ദൈവവിശ്വാസികൾ അംഗീകരിച്ച സത്യസന്ധതയും, നിർമ്മലതയും, നീതിബോധവുമുള്ള, വി. മല്ക്കിസദെക്കിന്റെ പൗരോഹിത്യ നൽവരമുള്ള പുരോഹിതനായിരുന്നു അദ്ദേഹം.

എന്റെ ഹൃദയത്തിൽ പ്രതിഷ്ഠിച്ച സന്ദർഭം

1964-ൽ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ വെച്ച് നടത്തിയ വാർഷിക സമ്മേളനം. 1958-ൽ പ. പാത്രിയർക്കീസ് ബാവായുടെയും പ. കാതോലിക്കാ ബാവായുടെയും നേതൃത്വത്തിൽ സഭയിലെ, ഭിന്നിച്ചു നിന്ന രണ്ട് വിഭാഗങ്ങളും, പുത്തൻകാവ് പള്ളിയിൽവച്ച് അന്യോന്യം സ്വീകരിച്ചതിനു ശേഷം, ജനങ്ങൾ സംതൃപ്തരായി നിൽക്കുന്ന കാലം. സഭയുടെ സമാധാനത്തെ ദൈവികമായി കൈക്കൊണ്ടും, പ. പാത്രിയർക്കീസ് ബാവായോടുള്ള ബഹുമാനത്തിന്റെയും ഭക്തിയുടെയും പ്രകടനമായിട്ടും, ഓമല്ലൂർ, മഞ്ഞനിക്കര ദയറായിൽ താമസിക്കുന്ന, പ. പാത്രിയർക്കീസ് ബാവായുടെ പ്രതിനിധി, വന്ദ്യ ആബൂദി റമ്പാച്ചനെ മേൽപ്പറഞ്ഞ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ വാർഷിക സമ്മേളനത്തിലേക്ക് ക്ഷണിച്ചിരുന്നു. പക്ഷേ അദ്ദേഹം വന്നു സംബന്ധിച്ചില്ല. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വാർഷിക സമ്മേളനത്തിന്റെ സംഘാടക നേതൃത്വം നൽകിയ പ്രധാനികളിൽ ഒരാളായിരുന്നു ബ. ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ. ബ. റമ്പാച്ചന്റെ നിസ്സഹകരണത്തിൽ പ്രയാസംതോന്നി അദ്ദേഹം തന്റെ നിഷ്കളങ്ക ഹൃദയത്തിൽ നിന്നും പറഞ്ഞു 'ബ. റമ്പാച്ചൻ ഇങ്ങോട്ട് വന്നില്ലെങ്കിൽ നമുക്ക് അങ്ങോട്ടു പോയി അദ്ദേഹത്തെ സന്ദർശിക്കണം' എന്ന്. ബ. അച്ചൻ പറഞ്ഞത് വിഭാഗീയ വ്യത്യാസമില്ലാതെ എല്ലാവരും കൈക്കൊണ്ടു. ഈ സന്ദർശനത്തെക്കുറിച്ച് മഞ്ഞനിക്കര ദയറായിൽ അറിയിച്ച് അനുവാദത്തോടുകൂടെ സമ്മേളനത്തിൽ സംബന്ധിച്ച അംഗങ്ങൾ എല്ലാവരും സ്നേഹസന്ദർശനത്തിനായി മഞ്ഞനിക്കര ദയറായിൽ എത്തി.

ദേവാലയത്തിൽ കൂടിയ മീറ്റിംഗിൽ ബ. ആബൂദി റമ്പാച്ചൻ സന്ദർശ കരെ അഭിസംബോധന ചെയ്തപ്പോൾ പ്രതീക്ഷയ്ക്ക് വിരുദ്ധമായിട്ടും 1958-ലെ അന്യോന്യ സ്വീകരണത്തിനു വിരുദ്ധമായിട്ടും അദ്ദേഹത്തിനു ണ്ടായിരുന്ന അസംതൃപ്തിയും, അസ്വസ്ഥതയും എല്ലാം പ്രകടമാക്കി ഈർഷ്യയോടെ പ്രസംഗിച്ചു. അതുകേട്ട വിദ്യാർത്ഥി പ്രസ്ഥാന അംഗ ങ്ങൾ എല്ലാവർക്കും മനസ്സിൽ വല്ലാത്ത വിഷമം തോന്നി. ആരും പരസ്യ മായി പ്രതികരിക്കാൻ തയാറാകാതിരുന്ന സമയം ബ. ജോസഫ് വെണ്ട റപ്പിള്ളി അച്ചൻ എഴുന്നേറ്റ് വളരെ ബഹുമാനത്തോടെയും, ശ്രേഷ്ഠത യോടെയും പ്രതികരിച്ചു. അദ്ദേഹം പറഞ്ഞത്, പ. പാത്രിയർക്കീസ് ബാവായെ അനുസരണയോടെ ബഹുമാനിക്കുന്ന ആത്മിക മക്കളാണ് ഞങ്ങൾ. പ. പാത്രിയർക്കീസ് പിതാവിന്റെ മലങ്കരയിലെ നടപടിയെ അംഗീകരിച്ച മക്കളാണ് ഞങ്ങൾ. പ. പിതാവിനോടുള്ള ബഹുമാനത്തി ന്റെയും ഭക്തിയുടെയും കാരണത്താലാണ് വന്ദ്യ റമ്പാച്ചനെ ഞങ്ങൾ ക്ഷണിച്ചത്. പ. പിതാവിന്റെ നടപടിയെ വന്ദ്യ റമ്പാച്ചൻ അംഗീകരിക്കാ ത്തത് തെറ്റല്ലേ എന്നും പ. പിതാവിന്റെ നടപടിയെ അംഗീകരിക്കാത്ത വന്ദ്യ റമ്പാച്ചൻ അദ്ദേഹത്തിന്റെ പ്രതിനിധി ആയിരിക്കുവാൻ കഴിയു ന്നത് എങ്ങനെ എന്നും ചോദിച്ചു. എല്ലാറ്റിലും ഉപരി, ദൈവത്തിന്റെ ഏക ശരീരമാകുന്ന സഭയെക്കുറിച്ചും അദ്ദേഹം ഓർമ്മിപ്പിച്ചു. ദൈവത്തിന്റെ ജനത്തെ സ്വർഗത്തിലേക്ക് നയിക്കുക എന്നതിന് പകരം അവരെ വിഭ ജിക്കുന്നത് എന്തിന് എന്നും ചോദിച്ചു. എന്റെ ഹൃദയത്തിൽ ബ. ജോസഫ് വെണ്ടറപ്പിള്ളി അച്ചനെ ഉന്നതസ്ഥാനത്ത് പ്രതിഷ്ഠിച്ചത് അന്നായിരുന്നു.

ദൈവത്തിന്റെ അടിസ്ഥാനസത്യങ്ങളെ ഉൾക്കൊണ്ട വ്യക്തിത്വം

ക്രിസ്തീയത്വത്തിന്റെയും പൗരസ്ത്യ വിശ്വാസത്തിന്റെയും അടി സ്ഥാന സത്യങ്ങളെ ഉൾക്കൊണ്ട വ്യക്തി ആയിരുന്നു ബ. ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ. അദ്ദേഹത്തിന്റെ ആശയങ്ങളും, നിലപാടുകളും, സ്വതന്ത്രവും, സത്യസന്ധവും ആയിരുന്നു. അവ ഏതെങ്കിലും വ്യക്തി കളെയോ, വിഭാഗങ്ങളെയോ, നോക്കിയിട്ടോ, ഏതെങ്കിലും പുസ്തകങ്ങൾ വായിച്ചിട്ടോ കൈക്കൊണ്ടവയായിരുന്നില്ല. അദ്ദേഹം ദൈവത്തിന്റെ സത്യ ങ്ങളെ അറിഞ്ഞു, ബോധ്യപ്പെട്ട്, വിശ്വസിച്ചവനും, അവയെ പ്രാവർത്തി കമാക്കിയവനുമായ വൈദികനും, അദ്ധ്യാപകനും ആയിരുന്നു. അദ്ദേഹ ത്തിന്റെ അഭിപ്രായങ്ങളും, നിലപാടുകളും, പ്രസംഗങ്ങളും, പ്രവർത്തന ങ്ങളും എല്ലാം സത്യത്തിന്റെയും, നീതിയുടെയും, അടിസ്ഥാനത്തിൽ സ്വതന്ത്രവും, വ്യക്തവും ആയിരുന്നു.

1971-ൽ വൈദികസെമിനാരിയിൽ നിന്നും അദ്ധ്യാപകരും വിദ്യാർത്ഥി

കളും, ക്ഷണം സ്വീകരിച്ചും, സൗഹൃദം പ്രതീക്ഷിച്ചും മഞ്ഞനിക്കര ദയറായിലേക്ക് സന്ദർശനത്തിന് പോയി. അന്ന് മുൻ പ്രസ്താവിച്ച വന്ദ്യ ആബൂദി റമ്പാച്ചനായിരുന്നു ദയറായുടെ അധിപൻ. സന്ദർശനത്തിന്റെ അവസാനത്തിൽ തിരികെ പോരുമ്പോൾ അദ്ദേഹം എല്ലാവർക്കും ഒരു ചെറിയ പുസ്തകത്തിന്റെ കോപ്പി കൊടുത്തു. സെമിനാരിയിൽ എത്തി എല്ലാവരും വായിച്ചപ്പോളാണ് അവഹേളനം മനസ്സിലായത്. എല്ലാവരും ഒരു പരിശുദ്ധനെപ്പോലെ ഗൗനിക്കുന്നതും, 1958-ൽ വ്യവസ്ഥകൾ കൂടാതെ അന്യോന്യം സ്വീകരിച്ച്, സമാധാനം സ്ഥാപിക്കുന്നതിന് നേതൃത്വം നൽകിയ അന്നത്തെ പ. കാതോലിക്കാബാവാ തിരുമേനി, മോറാൻ മാർ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായെ, അദ്ദേഹത്തിന്റെ പൗരോഹിത്യത്തെ അവഗണിച്ച്, "വൃദ്ധൻ പുന്നൂസ്" എന്ന് സംബോധന ചെയ്യുന്ന പ്രതിപാദ്യം ആ പുസ്തകത്തിൽ ഉണ്ടായിരുന്നു. അതിനെക്കുറിച്ച് പിന്നീട് അറിഞ്ഞപ്പോൾ ബ. ജോസഫ് വെണ്ടറപ്പിള്ളി അച്ചന്റെ പ്രതികരണം "പൈശാചികം" എന്നായിരുന്നു. അദ്ദേഹത്തിന്റെ വിശദീകരണം, ദൈവത്തിന്റെ പ്രവർത്തിക്കു വിരുദ്ധം എന്നും, ഏക ദൈവത്തിന്റെ ഏക ശരീരമാകുന്ന വി. സഭയ്ക്ക് എതിരെയുള്ള പിശാചിന്റെ പ്രവർത്തി എന്നുമായിരുന്നു.

ദൈവത്തിന്റെ ശരീരമാകുന്ന സഭയെ ഉൾക്കൊണ്ടു സ്നേഹിച്ച വൈദികൻ

ദൈവത്തിൽനിന്ന് വേർപെടുത്താനാവാത്ത, ഏക ദൈവത്തിന്റെ ഏക ശരീരമാകുന്ന സഭയെ സത്യസന്ധമായി സ്നേഹിച്ച കളങ്കമില്ലാത്ത വൈദികനായിരുന്നു ബ. ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ. അദ്ദേഹത്തിന്റെ പൗരോഹിത്യ ശുശ്രൂഷകളിലും സഭയിലെ നിലപാടുകളിലും, അതു വ്യക്തമായിരുന്നു. അദ്ദേഹത്തിന്റെ മനസ്സിൽ സഭ എന്നത് മനുഷ്യരുടെ വിഭാഗങ്ങളെ ഉൾക്കൊള്ളുന്ന, ദൈവസാന്നിധ്യമില്ലാത്ത, സംഘടന ആയിരുന്നില്ല. ദൈവത്തിന്റെ ശരീരമെന്നു വിശേഷിപ്പിക്കപ്പെടുന്ന സഭ ദൈവത്തിന്റെ മൂല്യങ്ങളെയാണ് അംഗീകരിക്കേണ്ടത് എന്നും, ദൈവത്തിന്റെ മൂല്യങ്ങളെ അവഗണിച്ചാൽ സഭ ദൈവത്തിന്റെ ശരീരമല്ലാതെയാകും, അത് വെറും സംഘടനയാകും, എന്നും അദ്ദേഹത്തിൽ നിന്നും കേട്ടിട്ടുണ്ട്.

പ. പാത്രിയർക്കീസ് ബാവായുടെ പേരിൽ ഒരു വിഭാഗം വടക്കൻ കേരളത്തിലും, മലങ്കര ഓർത്തഡോക്സ് സഭയുടെ പേരിൽ മറുഭാഗം തെക്കൻ കേരളത്തിലും കേന്ദ്രീകരിച്ചാണ് കേസുകൾ നടത്തിയിരുന്നത്. 1958-ലെ വ്യവസ്ഥകളില്ലാതെ അന്യോന്യം സ്വീകരിച്ചുള്ള സമാധാനം, ഗ്രൂപ്പുകൾക്ക് അതീതമായി, ദൈവനടത്തിപ്പ് എന്നവണ്ണം, അധികം സന്തോഷ

ത്തോടെ സ്വീകരിച്ചവരാണ് സഭയിലെ ഭൂരിപക്ഷം ജനങ്ങളും. ബ. ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ അവരിൽ ഒരാളായിരുന്നു. ദൈവിക സത്യങ്ങളിൽ ഉറച്ചുനിന്ന് സഭയിൽ കൂടെ ദൈവത്തെ ശുശ്രൂഷിക്കുവാൻ, ദൈവത്തിന്റെ വിളിയെ കേട്ട് പ. ആത്മാവിന്റെ പൗരോഹിത്യ നൽവരം സ്വീകരിച്ചവനായിരുന്നു അദ്ദേഹം.

കോട്ടയം വൈദിക സെമിനാരിയിലെ പ്രിൻസിപ്പാളിന്റെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

ബ. ജോസഫ് വെണ്ടറപ്പിള്ളി അച്ചന്റെ വൈദിക സെമിനാരിയിലെ ശുശ്രൂഷ അന്നത്തെ പ്രിൻസിപ്പാൾ വന്ദ്യ പോൾ വറുഗീസ് അച്ചന്റെ ആഗ്രഹപ്രകാരവും, നിർബന്ധത്താലും ആയിരുന്നു. അതേസമയം, അദ്ദേഹത്തിന്റെ സ്വന്തമായ തീരുമാനപ്രകാരം സ്കൂളിൽ നിന്നും അവധി എടുത്ത് ആയിരുന്നു ആ ദൗത്യം നിവർത്തിച്ചിരുന്നത്. ദൈവം തന്റെ സഭയ്ക്കുവേണ്ടി വിളിച്ചു എന്ന ബോധ്യത്തിലും, ചെലവിടുന്ന സമയങ്ങൾ വ്യർത്ഥമാക്കരുത് എന്ന താൽപര്യത്തിലും ആയിരുന്നു ആ തീരുമാനവും അതിനനുസരണമായ പ്രയത്നങ്ങളും. രാത്രിയും പകലും വ്യത്യാസമില്ലാതെ കൃത്യനിർവഹണത്തിനുവേണ്ടി കർമനിരതനായ വ്യക്തി ആയിരുന്നു ബ. ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ. അദ്ദേഹത്തിന്റെ പ്രവർത്തനരീതിയും ശൈലിയും ഏവർക്കും മാതൃകാപരമായിരുന്നു.

അച്ചന്റെ നർമ്മബോധം

ജോസഫ് വെണ്ടറപ്പിള്ളി അച്ചന്റെ നർമ്മബോധം ഏവർക്കും പ്രിയമായിരുന്നു. വാക്കുകളുടെയും വാചകങ്ങളുടെയും ഘടനകളിലും, പ്രയോഗങ്ങളിലും അദ്ദേഹത്തിന്റെ നിർമലമായ മനസ്സിന്റെ നർമ്മം പ്രകടമായിരുന്നു. വിദ്വേഷം അശേഷമില്ലാത്ത, ഏവരോടുമുള്ള സ്നേഹബഹുമാനങ്ങളെ പ്രകടമാക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ നർമ്മബോധം. ഏതു പ്രതിയോഗിയെയും നല്ല ചിരിയോടെ സന്തോഷമായി സ്വീകരിക്കുന്ന രീതി അദ്ദേഹത്തിന്റെ പ്രത്യേകത ആയിരുന്നു. താൻ സ്നേഹത്തോടെ ബഹുമാനിക്കുന്ന വ്യക്തികളിൽ തെറ്റു കണ്ടാൽ ചിരിച്ചുകൊണ്ട് തെറ്റിനെ ചൂണ്ടിക്കാണിച്ച്, തെറ്റു തിരുത്താൻ ശ്രമിക്കുന്ന ഒരു അദ്ധ്യാപകന്റെ നല്ല ഭാവം അദ്ദേഹത്തിന് എപ്പോഴും ഉണ്ടായിരുന്നു. നിർമലമായ കളങ്കമില്ലാത്ത വ്യക്തികളെ അദ്ദേഹം എങ്ങനെ ഉൾക്കൊണ്ടിരുന്നു എന്നതിന് ഉദാഹരണമാണ് വൈദികസെമിനാരി മാനേജരായിരുന്ന ദിവംഗതനായ താമരശ്ശേരിൽ ടി. വി. വറുഗീസ് അച്ചനോടുള്ള അദ്ദേഹത്തിന്റെ ബന്ധവും ഇടപെടലും.

അദ്ദേഹം 1971-ൽ വൈദികസെമിനാരിയിൽ പ്രിൻസിപ്പലിന്റെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയി പ്രവർത്തിക്കുന്ന കാലത്ത് തനിക്കുണ്ടായിരുന്ന രാജ്ദൂത് മോട്ടോർ സൈക്കിളിലാണ് വടവുകോട്ടു നിന്നും സെമിനാരിയിലേക്ക് വന്നുകൊണ്ടിരുന്നത്. ഒരു ദിവസം അദ്ദേഹം സെമിനാരിയിൽ എത്തിയപ്പോൾ ഒരു അനുഭവം പറഞ്ഞു. വന്നവഴിക്ക് ചില ചെറുപ്പക്കാർ അദ്ദേഹത്തെ കൈ കാണിച്ചു നിർത്തി “കാല് മാറിയോ” എന്നു ചോദിച്ചു. അദ്ദേഹം മോട്ടോർസൈക്കിൾ സ്റ്റാൻഡിൽ വച്ചിട്ട്, സ്വന്തം കാലുകളിലേക്ക് നോക്കിയിട്ട് പറഞ്ഞു, “ഇല്ല പഴയ കാലുകൾ ഇവിടെത്തന്നെ ഉണ്ടല്ലോ” എന്ന്.

1958-ലെ സമാധാന നടപടികൾക്ക് വിരുദ്ധമായി വി. തോമ്മാ ശ്ലീഹായുടെ പൗരോഹിത്യത്തെ ചോദ്യം ചെയ്തു വീണ്ടും വിഭാഗീയതയ്ക്ക് ശ്രമിച്ച നാളുകൾ ആയിരുന്നു. ബ. ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ ആ നീക്കത്തെ അംഗീകരിച്ചിരുന്നില്ല. ചെറുപ്പക്കാരുടെ ചോദ്യം അദ്ദേഹം ഗ്രൂപ്പ് മാറിയോ എന്നായിരുന്നു. ബ. ജോസഫ് വെണ്ടറപ്പിള്ളി അച്ചന്റെ ഉത്തരം വ്യക്തമാണ്. ഏക ദൈവത്തിന്റെ ഏക ശരീരമാകുന്ന സഭയും ആ സഭയുടെ പൗരസ്ത്യ വിശ്വാസം എന്ന അദ്ദേഹം ഉൾക്കൊണ്ടിരുന്ന ആശയവും മാറ്റിയിട്ടില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. സംഘടനാപരമായ വിഭാഗീയത തനിക്ക് പണ്ടുമില്ല, ഇപ്പോഴുമില്ല, എന്നായിരുന്നു അദ്ദേഹം തന്റെ ഉത്തരത്തിൽ കൂടെ വ്യക്തമാക്കിയത്. അതായിരുന്നു ബ. ജോസഫ് വെണ്ടറപ്പിള്ളി അച്ചന്റെ വ്യക്തിത്വം.

ബ. ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ തന്റെ വിദ്യാർത്ഥികൾക്ക് ഉത്തമനും പ്രിയങ്കരനുമായ ‘ഗുരുശ്രേഷ്ഠൻ’ ആയിരുന്നു. അദ്ദേഹം അധികാരികൾക്കും സഹപ്രവർത്തകർക്കും ശിഷ്യന്മാർക്കും അവരുടെ മാതാപിതാക്കൾക്കും നാട്ടിലെ സാമൂഹിക പ്രവർത്തകർക്കും ഒരുപോലെ പ്രിയങ്കരനായ അദ്ധ്യാപകനായിരുന്നു. വിദ്യാർത്ഥികൾക്ക് അദ്ദേഹം മാതൃകാപുരുഷനായിരുന്നു. വടവുകോട് രാജർഷി മെമ്മോറിയൽ ഹൈസ്കൂളിലെ വിദ്യാർത്ഥികളും, സഹഅദ്ധ്യാപകരും ആ നാട്ടിലെ ജനങ്ങളും അവ അംഗീകരിച്ചു അദ്ദേഹത്തെ ബഹുമാനിച്ചു. ഈ അംഗീകാരത്തിന്റെ പിന്നിൽ നർമ്മബോധത്തോടെയും നിഷ്കളങ്കതയോടെയുമുള്ള അദ്ദേഹത്തിന്റെ ജീവിതശൈലി ആയിരുന്നു.

ഡൽഹി ഓർത്തഡോക്സ് സെന്ററിന്റെ അസ്സോസിയേറ്റ് ഡയറക്ടർ

ഡൽഹി ഓർത്തഡോക്സ് സെന്ററിന്റെ അസ്സോസിയേറ്റ് ഡയറക്ടറായി പ്രവർത്തിക്കുവാൻ അദ്ദേഹത്തെ ഡൽഹി ഭദ്രാസനത്തിന്റെ ആദ്യ മെത്രാപ്പോലീത്താ ദിവംഗതനായ ഡോക്ടർ പൗലോസ് മാർ ഗ്രീഗോറി

യോസ് തിരുമേനി വിളിച്ചപ്പോൾ വ്യക്തിപരമായ അസൗകര്യങ്ങളെയും, കുടുംബത്തിന്റെ ബുദ്ധിമുട്ടുകളെയും അവഗണിച്ചു ദൈവിക ശുശ്രൂഷക്കായി 1984 ഒക്ടോബറിൽ അദ്ദേഹം ഡൽഹിയിൽ എത്തി. 1986–ൽ ബ. ഡോ. കെ. എം. ജോർജ്ജച്ചൻ പ്രസ്തുത ദൗത്യം ഏറ്റെടുക്കുന്നതു വരെ ഡൽഹിയിൽ തന്നെ ഏൽപ്പിച്ച ദൗത്യം ശ്രേഷ്ഠമായി നിവർത്തിച്ചു. 1984 നവംബർ 4–ാം തീയതി ഇന്ത്യയുടെ അന്നത്തെ വൈസ്പ്രസിഡന്റ് സർവ്വശ്രീ ആർ. വെങ്കിട്ടരാമൻ ഡൽഹി ഓർത്തഡോക്സ് സെന്റർ ഉദ്ഘാടനം ചെയ്തു. ഡൽഹിയിൽ തുഗ്ലക്കബാദ് എന്ന സ്ഥലത്ത് അന്നത്തെ ഗവണ്മെന്റിന്റെ അനുവാദത്തോടെയും സഹായത്തോടെയും സ്ഥാപിതമായ ഈ കേന്ദ്രത്തിൽ ബ. ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ അസ്സോസിയേറ്റ് ഡയറക്ടർ എന്ന നിലയിൽ ചുമതല ഏറ്റു. വിവിധ പ്രവർത്തനങ്ങൾക്ക് അദ്ദേഹം ഡൽഹിയിൽ ഹൃദയപൂർവ്വം കഠിനമായി അദ്ധ്വാനിച്ചു. താഴെപ്പറയുന്ന ഏഴു കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ നിവർത്തിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ദൗത്യം.

1. അന്താരാഷ്ട്ര പൗരസ്ത്യ ഓറിയന്റൽ ഓർത്തഡോക്സ് സമൂഹത്തിനുവേണ്ടി ഡൽഹി ഓർത്തഡോക്സ് സെന്റർ.

2. മലങ്കര ഓർത്തഡോക്സ് സഭയുടെ ഡൽഹി ഭദ്രാസന ആസ്ഥാന കേന്ദ്രം.

3. വിവിധ മതവിഭാഗങ്ങളുടെ ചർച്ചകൾക്കായി 'സർവധർമ നിലയം.'

4. ധ്യാനകേന്ദ്രം.

5. ഏവർക്കും നീതിപരമായി, ധാർമിക മൂല്യങ്ങളുടെ നിലനിൽപ്പിനും അവയുടെ പരിപാലനത്തിനുമായി 'നീതിശാന്തി കേന്ദ്രം.'

6. മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനും മലങ്കര മെത്രാപ്പോലീത്തായുമായ പ. കാതോലിക്കാ ബാവായുടെ ദേശീയ തലസ്ഥാനത്തുള്ള ആസ്ഥാനം.

7. ഇന്ത്യൻ ഫിലോസഫിക്കൽ കോൺഗ്രസ്സിന്റെ വൈസ്പ്രസിഡന്റ് എന്ന നിലയിലുള്ള മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പ്രവർത്തന കേന്ദ്രം.

ഈ ഏഴു കേന്ദ്രങ്ങളുടെയും പ്രവർത്തനങ്ങൾക്ക് ആരംഭമിട്ടു ചലിപ്പിക്കുക എന്നത് വളരെ ശ്രമകരമായിരുന്നു. വിവിധ ക്രിസ്തീയ സഭാവിഭാഗങ്ങൾ എന്നതിനേക്കാൾ ഉപരി, ഹിന്ദു, സിക്ക്, മുസ്ലീം, ജൈന സമുദായ സംഘടനകളെയും ഏകോപിപ്പിച്ചു, ഡൽഹി ഓർത്തഡോക്സ് സെന്ററിലേക്ക് ആകർഷിക്കുക എന്നത് വളരെ ശ്രമകരമായിരുന്നു.

എന്നാൽ ബ. ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ അത് സാദ്ധ്യമാകുന്നിടത്തോളം ഭംഗിയായി നിവർത്തിച്ചു.

ഡൽഹി ഓർത്തഡോക്സ് സെന്ററിന്റെ ഉദ്ഘാടനത്തെ തുടർന്ന് 1984-ൽ തന്നെ അതിന്റെ ഭാഗമായി ഉണ്ടായിരുന്ന സെന്റ് തോമസ് ചാപ്പൽ കേന്ദ്രീകരിച്ചു, തുഗ്ലക്കാബാദ് സെന്റ് തോമസ് ഇടവക രൂപീകൃതമായി. ഡൽഹി ഹോസ്ഖാസ് കത്തീഡ്രലിന്റെ ഭാഗമായിരുന്ന എട്ട് ഏറിയാകൾ ചേർത്ത് ആയിരുന്നു ഡൽഹിയിലെ മൂന്നാമത്തെ പ്രസ്തുത ഇടവകയുടെ രൂപീകരണം. ബ. ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ ആ ഇടവകയുടെ സാരഥ്യം വഹിച്ചു. ബ. അച്ചന്റെ സാന്നിദ്ധ്യം ഉള്ളപ്പോൾ ഞായറാഴ്ചകളിലും ബ. അച്ചന്റെ അസാന്നിദ്ധ്യമുള്ളപ്പോൾ, വ്യാഴാഴ്ചകളിൽ കത്തീഡ്രൽ പള്ളിയിലെ വൈദികരും വി. കുർബാന അർപ്പിച്ചിരുന്നു. ബ. ജോസഫ് വെണ്ടറപ്പിള്ളി അച്ചന്റെ പൊതുജന സമ്പർക്കത്തിൽ ആ ഇടവക വളർന്നു പന്തലിച്ചു.

1984 – 1986 കാലയളവിൽ ഡൽഹിയിൽ മൂന്ന് ഇടവകകളെ കേന്ദ്രീകരിച്ചു ഉണ്ടായിരുന്ന മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ സമൂഹത്തിനു ബ. ജോസഫ് വെണ്ടറപ്പിള്ളി അച്ചന്റെ സേവനവും നേതൃത്വവും ലഭ്യമായിരുന്നു. ഡൽഹി ഭദ്രാസന ആസ്ഥാനത്തു നിന്നും ഭദ്രാസനത്തിലെ എല്ലാ ഇടവകകൾക്കും അദ്ദേഹത്തിന്റെ നിർലോഭമായ, എന്നാൽ നിസ്വാർത്ഥമായ മാർഗദർശനവും സേവനവും ലഭ്യമായിരുന്നു. സാമ്പത്തികമായി പ്രയോജനമുണ്ടാക്കാവുന്ന സാഹചര്യങ്ങളെ അദ്ദേഹം മനപ്പൂർവ്വം ഒഴിവാക്കിയിരുന്നു. ഗൾഫിലുള്ള ഇടവകകളിൽ പോകുവാനോ, ശുശ്രൂഷിക്കുവാനോ അദ്ദേഹം ആഗ്രഹിച്ചില്ല. ഒരിക്കൽ അദ്ദേഹം എന്നോട് പറഞ്ഞു, സാമ്പത്തികനേട്ടങ്ങൾ ഭദ്രാസനത്തിലെ വൈദികർക്കുള്ളതാണ് എന്ന്. ബ. ജോസഫ് വെണ്ടറപ്പിള്ളി അച്ചന്റെ ഉന്നതമായ വ്യക്തിത്വത്തിന്റെ ഉദാഹരണമാണത്. സാമ്പത്തിക ദുരാഗ്രഹം ഒഴിവാക്കുന്നത് ക്രിസ്തീയ മൂല്യമാണ്, അത് ശ്രേഷ്ഠമാണ്.

അന്ന് എളിയവനായ ഞാനും ഡൽഹി കത്തീഡ്രൽ പള്ളിയിൽ ശുശ്രൂഷിക്കുകയായിരുന്നു. കത്തീഡ്രൽ ഇടവക അംഗങ്ങളിൽ വളരെ പേരുടെ സഹകരണം അദ്ദേഹം നേടിയിരുന്നു. ഏവർക്കും അദ്ദേഹം പ്രിയങ്കരനായിരുന്നു. വ്യക്തിപരമായ അനുഭവങ്ങളും, പരിശ്രമങ്ങളും അദ്ദേഹം പങ്കുവെച്ചിട്ടുണ്ട്. പ്രായത്തിന്റെ ആധിക്യം, വർദ്ധിച്ച ഉത്തരവാദിത്വം മുതലായ കാരണങ്ങളാൽ ബുദ്ധിമുട്ടുമ്പോൾ അദ്ദേഹത്തോട് ചേർന്ന് പ്രവർത്തിക്കുവാനും പങ്കുചേരുവാനും ലഭിച്ച അവസരങ്ങൾ എനിക്കും അവിസ്മരണീയമാണ്. ഏവർക്കും എന്നപോലെ എനിക്കും എല്ലായ്പ്പോഴും ബ. ജോസഫ് വെണ്ടറപ്പിള്ളി അച്ചനോട് വർദ്ധിച്ച ബഹുമാനമാണ് ഹൃദയത്തിൽ നിലനിൽക്കുന്നത്.

ഞാനറിഞ്ഞ വെണ്ടറപ്പിള്ളിലച്ചൻ

ഫാ. ജോണി ജോർജ്ജ്
(അങ്കമാലി ഭദ്രാസനം)

എന്റെ വന്ദ്യ ഗുരുഭൂതനായ ബ. ഞാർത്താങ്കൽ കോരുതു മല്പാനച്ചനിൽ നിന്നായിരുന്നു ഞാൻ ആദ്യം വെണ്ടറപ്പിള്ളിലച്ചനെപ്പറ്റി കേൾക്കുന്നത്. 1965–68 കാലഘട്ടത്തിലായിരുന്നു ഞാൻ കോട്ടയം വൈദിക സെമിനാരിയിൽ പഠിച്ചത്. ഒരു ദിവസം ക്ലാസ്സെടുക്കുന്നതിന്റെ ഇടയ്ക്ക് ബ. കോരുതച്ചൻ, വെണ്ടറപ്പിള്ളിൽ ശെമ്മാശ്ശന്റെ പട്ടംകൊടയ്ക്ക് പോവുകയാണെന്നും പിറ്റേദിവസം കാണുകയില്ലെന്നും പറഞ്ഞു. നന്നായി പ്രസംഗിക്കുന്ന ആളാണെന്നും ശെമ്മാശൻ സഭാകാര്യങ്ങളിൽ ഒരു "ഉത്സാഹി" യാണെന്നും പറഞ്ഞു.

ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ കരിക്കുലം കമ്മിറ്റി സെക്രട്ടറി (Oriental Orthodox churches Curriculam Committee Secretary) എന്ന നിലയിൽ അച്ചൻ പ്രവർത്തിക്കുമ്പോഴാണ് എനിക്കു അദ്ദേഹവുമായി കൂടുതൽ ഇടപെടാൻ ഇടയാകുന്നത്. പീരുമേട് ഗസ്റ്റുഹൗസിൽ വച്ച് കരിക്കുലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരു ശില്പശാല നടന്നു. അംഗസഭകളുടെ ഉപയോഗത്തിനായി ഏകീകൃതമായ സണ്ടേസ്കൂൾ പഠനസഹായികൾ തയ്യാറാക്കുകയായിരുന്നു ശില്പശാലയുടെ ലക്ഷ്യം. അഭിവന്ദ്യ ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി, ഫാ. പോൾ വറുഗീസ്, ഫാ. ജോസഫ് വെണ്ടറപ്പിള്ളി, പ്രൊഫ. കെ. എം. തരകൻ, ഫാ. സി. ഒ. വർഗ്ഗീസ്, ഡീ. കെ. എം. ജോർജ്ജ്, ഡീ. ജോണി ജോർജ്ജ് എന്നിവരാണ് ഈ വർക്ക്ഷോപ്പിൽ പങ്കെടുത്തത്. കൃത്യതയോടെ ഫാ. ജോസഫ് വെണ്ടറപ്പിള്ളി കാര്യങ്ങൾ ചെയ്യുന്നു. ചെറിയ കാര്യങ്ങളിൽ പോലും അദ്ദേഹം ശ്രദ്ധിക്കുന്നു. അതിന്റെ ഫലമായി ഉന്നതനിലവാരം പുലർത്തിയ ഒരു കൂട്ടം സണ്ടേസ്കൂൾ പുസ്തകങ്ങൾ സഭയ്ക്ക് ലഭിച്ചു. അതിനുമുമ്പോ, അതിനുശേഷമോ അങ്ങനെയൊരു സംരംഭം ഉണ്ടായിട്ടില്ല.

എറണാകുളം സെന്റ് മേരീസ് പള്ളിയിൽ അച്ചനോടൊന്നിച്ചു ഞാൻ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ശനിയാഴ്ച വൈകിട്ട് സെന്റ്മേരീസ് പള്ളിയിലായിരുന്നു തവണയുള്ള അച്ചന്മാർ താമസിച്ചിരുന്നത്. ഭക്ഷണത്തിനുശേഷം അച്ചന്മാർ ഒന്നിച്ചുകൂടുകയും പിറ്റേദിവസം വി. കുർബാനമദ്ധ്യേ ചെയ്യേണ്ട പ്രസംഗത്തിന്റെ ആശയങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുമായിരുന്നു. ബ. വെണ്ടറപ്പിള്ളിലച്ചന്റെ വളരെ പ്രായോഗികമായ ചിന്തകൾ ഏറെ പ്രയോജനം ചെയ്തിരുന്നു. ദിവസവും കാണുന്ന കാര്യങ്ങളെ ആധാരമാക്കി നൂതനമായ പല സന്ദേശങ്ങളും അദ്ദേഹം നൽകിയിരുന്നു.

കോലഞ്ചേരി എം.ഒ.സി. മെഡിക്കൽ മിഷൻ ആശുപത്രിയിൽ ഞായറാഴ്ചകളിൽ വി. കുർബ്ബാനയ്ക്കു ശേഷം ഉച്ചയോടുകൂടി ഒരു പ്രാർത്ഥനായോഗം നടത്തിയിരുന്നു. അടുത്തുള്ള വാർഡുകളിലെ രോഗികൾക്കും കൂടെ നിൽക്കുന്നവർക്കും സ്റ്റാഫിനും വേണ്ടിയാണ് ഇത് നടത്തിയിരുന്നത്. ബ. വെണ്ടറപ്പിള്ളിലച്ചൻ പ്രസംഗിക്കാൻ വരാറുണ്ടായിരുന്നു. എല്ലാ ശനിയാഴ്ചകളിലും ചാപ്പലിൽ പ്രാർത്ഥനയോടനുബന്ധിച്ചുള്ള സന്ദേശം നൽകാൻ ഇടയ്ക്ക് ബ. വെണ്ടറപ്പിള്ളിലച്ചൻ വരുമായിരുന്നു. പ്രസംഗകന്റെ പേര് ചാപ്പലിൽ മൈക്കിൽ കൂടി വിളിച്ചു പറയുമായിരുന്നു. വെണ്ടറപ്പിള്ളിലച്ചനാണ് പ്രസംഗിക്കുന്നത് എന്നു കേട്ടാൽ ധാരാളം ആളുകൾ പ്രസംഗം കേൾക്കാൻ വരുമായിരുന്നു. ബ. അച്ചന്റെ ലളിതമായ ഭാഷയിലുള്ള നർമ്മം നിറഞ്ഞ നല്ല സന്ദേശങ്ങൾ ആളുകൾക്കേറെ ഇഷ്ടമായിരുന്നു.

“സഭാ സംരക്ഷണസമിതിയുടെ” ആഭിമുഖ്യത്തിൽ ഓർത്തഡോക്സ് സഭാനിലപാടുകളെ സംബന്ധിച്ചുള്ള വിശദീകരണയോഗങ്ങളിൽ ബ. അച്ചന്റെ പ്രസംഗങ്ങൾ ധാരാളമാളുകളെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുന്നതിന് സഹായിച്ചിട്ടുണ്ട്.

ഒരിക്കൽ ഞാനും അച്ചനും കൂടി എറണാകുളം ലോ കോളജിന്റെ മുമ്പിൽ കൂടി സെന്റ് മേരീസ് പള്ളിയിലേക്ക് നടന്നുപോവുകയായിരുന്നു. അച്ചന്റെ നടപ്പ് ഒരു പ്രത്യേക രീതിയിലായിരുന്നു എപ്പോഴും. അല്പം മുമ്പോട്ടു കുനിഞ്ഞു, കാസ്സക്കിന്റെ മുൻവശത്തെ പാളിയുടെ അറ്റം ഇടതുകൈകൊണ്ട് പിടിച്ച് ധൃതിയിലുള്ള നടത്തം രസകരമായിരുന്നു. ലോ കോളജിന്റെ മുമ്പിൽ നിന്ന ഏതാനും കുട്ടികൾ പ്രാസം ഒപ്പിച്ച് “അച്ചോ അച്ചോ...” എന്ന് വിളിക്കാൻ തുടങ്ങി. അച്ചൻ അവരെ ഒന്നു നോക്കി. ഞങ്ങൾ മുമ്പോട്ടു നടന്നു. കുട്ടികൾ വീണ്ടും “അച്ചോ...” എന്നുള്ള വിളി തുടർന്നു. അച്ചൻ പെട്ടെന്ന് ധൃതിയിൽ അവരുടെ അടുത്തു ചെന്നിട്ട് ചോദിച്ചു: “നിങ്ങൾ ഞങ്ങളെ വിളിച്ചോ? എന്താ കാര്യം?” കുട്ടികൾ ഇളിഭ്യരായി തിരിഞ്ഞു നടന്നു.

(വെണ്ടപ്പിള്ളിയച്ചനെപ്പോലെ തന്നെ സഭയുടെ ആദ്ധ്യാത്മിക സംഘടനാവേദികളിൽ ബൈബിൾ പഠനം നിർവ്വഹിക്കുന്ന ലേഖകൻ കോലഞ്ചേരി മെഡിക്കൽ കോളജിന്റെ ചാപ്ലയിനായിരുന്നു.)

കാലത്തിന്റെ കണ്ണാടി

ഫാ. വറുഗീസ് ചാക്കോ, ഇരട്ടപ്ലാമ്മൂട്ടിൽ

മഹാന്മാർ ജന്മസിദ്ധരെന്നും കർമ്മസിദ്ധരെന്നും രണ്ടുവിധത്തിലുണ്ട്. ഒരു കൂട്ടർ ജന്മംകൊണ്ടുതന്നെ മഹാന്മാരായിരുന്നു. മറ്റൊരുകൂട്ടർ കഠിനമായ അദ്ധ്വാനംകൊണ്ടും പരിശ്രമംകൊണ്ടും ഉയരങ്ങളിലെത്തുന്നു. ആദ്യത്തെ കൂട്ടരെ ജന്മസിദ്ധരെന്നും രണ്ടാമത്തെ കൂട്ടരെ കർമ്മസിദ്ധരെന്നും വിളിക്കുന്നു. ബ. ജോസഫ് വെണ്ണപ്പിള്ളി അച്ചൻ ജന്മസിദ്ധനായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം തന്റെ കഠിനമായ പരിശ്രമത്തിന്റെ ആകെത്തുകയായിരുന്നു. അതുകൊണ്ട് അദ്ദേഹം ജീവിതത്തിൽ നേടിയെടുത്തത് വിലമതിക്കാനാവാത്ത മൂല്യങ്ങളാണ്; പരിമിതികളില്ലാത്ത സുഹൃത്ബന്ധങ്ങളാണ്. ഉതിർന്നു പോകാത്ത സ്നേഹമാണ്.

DPEP, SSA വെണ്ണപ്പിള്ളി അച്ചൻ

വെണ്ണപ്പിള്ളി അച്ചൻ ആദ്യവും അവസാനവുമായി ഒരു അദ്ധ്യാപകനായിരുന്നു. അദ്ദേഹം കോട്ടയം വൈദികസെമിനാരിയിൽ അദ്ധ്യാപകനായി വന്നപ്പോഴാണ് ആദ്യമായി ഞാനദ്ദേഹത്തെ പരിചയപ്പെടുന്നത്. ക്രിസ്ത്യൻ എത്തിക്സിനെക്കുറിച്ച് അദ്ദേഹം എടുത്ത ക്ലാസ്സുകൾ ഇന്നും മായാതെ മനസ്സിൽ നിൽക്കുന്നു. തികച്ചും വിദ്യാർത്ഥി കേന്ദ്രീകൃതമായിരുന്നു അദ്ദേഹത്തിന്റെ ക്ലാസ്സുകൾ. വിദ്യാർത്ഥികളുടെ സമഗ്രമായ പുരോഗതി ആയിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. പിൽക്കാലത്ത് ഒരു അദ്ധ്യാപകനായി പ്രവർത്തിച്ച്, ഗവണ്മെന്റ് നിശ്ചയിച്ച പാഠ്യരീതികളായ DPEP, SSA എന്നീ പരിശീലനക്ലാസ്സുകളിൽ പങ്കെടുക്കുവാനിടയായപ്പോൾ ഞാൻ വെണ്ണപ്പിള്ളി അച്ചനെ ഓർത്തു. ഗവണ്മെന്റ് ഈ പാഠ്യപദ്ധതികൾ അവതരിപ്പിക്കുന്നതിനു എത്രയോ മുമ്പുതന്നെ അച്ചൻ തന്റെ തനതായ ശൈലിയിൽ ക്ലാസ്സെടുത്തിരുന്നത് ഇതേ രീതിയിലായിരുന്നു.

ചന്ദനം ചാരിയാൽ ചന്ദനം മണക്കും

അച്ചന്റെ പ്രസംഗങ്ങൾക്ക് ഒരു മാസ്മരികതയുണ്ട്, ഒരു വശ്യതയുണ്ട്. സെമിനാരി ചാപ്പലിൽ അദ്ദേഹം പ്രസംഗിച്ച ഒരു പ്രസംഗം ഇപ്പോഴും ഓർമ്മയിലുണ്ട്. കാലംചെയ്ത ഗീവറുഗീസ് ദ്വിതീയൻ ബാവായും, ആലുവായിലെ വലിയ മാർ അത്താനാസിയോസ് തിരുമേനിയും ചാരുകസേരകളിൽ കിടക്കുന്നു. ഇടതൂർന്നു കിടക്കുന്ന ഇരുവരുടെയും വെള്ളികമ്പിപോലുള്ള താടി അടുത്തു കറങ്ങുന്ന ഫാനിന്റെ കാറ്റടിച്ച് ഇരുവശങ്ങളിലേക്കും ചലിക്കുന്നു. രണ്ടുപേരും സൗഹൃദ സംഭാഷണത്തിലാണ്. ചന്ദനതടിപോലെ ഒരേ നിറം, ഒത്ത ഉയരം, ഹൃദ്യമായ പുഞ്ചിരി. അടുത്തി

രുന്നു കാണുന്നവർക്കും നിർവൃതി ഉണ്ടാക്കുന്ന അനുഭവം. പ്രസംഗം അൽപമൊന്നു നിർത്തിയിട്ട് അദ്ദേഹം കേൾവിക്കാരുടെ മുന്നിലേക്കൊരു ചോദ്യം ചോദിച്ചു. ഈ പരിശുദ്ധ പിതാക്കന്മാരുടെ അനുയായികളായ നമുക്കെങ്ങനെ പരസ്പരം കലഹിക്കാൻ കഴിയുന്നു? ആ ചോദ്യത്തിനു മുമ്പിൽ നിശ്ശബ്ദരായിരിക്കാനേ കേൾവിക്കാർക്കു കഴിഞ്ഞുള്ളു. അദ്ദേഹം പ്രസംഗം ഉപസംഹരിച്ചുകൊണ്ടു പറഞ്ഞു. ചന്ദനം ചാരിയാൽ ചന്ദനം മണക്കും.

വടക്കനും തെക്കനും

കക്ഷിവഴക്കുകൾ അതിരൂക്ഷമായി. സഭാംഗങ്ങൾ വടക്കരും തെക്കരുമായി നിന്ന് പോരാടുവാൻ തുടങ്ങി. പല പള്ളികളും കക്ഷിവഴക്കുകൊണ്ട് പൂട്ടി. സെമിനാരിയിലും അതിന്റെ മാറ്റൊലികൾ ഉണ്ടായി. വടക്കുനിന്നുള്ള പല വിദ്യാർത്ഥികളും സെമിനാരി പഠനം ഉപേക്ഷിച്ചു. വടക്കുള്ളവരും തെക്കുള്ളവരും പരസ്പരം സംശയത്തോടെ വീക്ഷിക്കുവാനും സംസാരിക്കുവാനും തുടങ്ങി. വടക്കോട്ടു വന്നാൽ വെടക്കാക്കുമെന്നു വടക്കരും, തെക്കോട്ടു വന്നാൽ തെറിയഭിഷേകം നടത്തുമെന്നും പറഞ്ഞ് വടക്കരും തെക്കരും ഏറ്റുമുട്ടുവാൻ തുടങ്ങി.

ഒരു ദിവസം സന്ധ്യാനമസ്കാരം കഴിഞ്ഞുള്ള ഇടവേളയിൽ വൈദികവിദ്യാർത്ഥികളിൽ ചിലർ അച്ചന്റെ ചുറ്റും കൂടി. അദ്ദേഹം അവരോടു ചോദിച്ചു, “കുഞ്ഞുങ്ങളെ നമ്മുടെ സെമിനാരിയുടെ ചാപ്പലിന്റെ വടക്കുവശത്ത് ആരെയാണ് കബറടക്കിയിരിക്കുന്നത്? പുലിക്കോട്ടിൽ തിരുമേനിയെ അല്ലേ? തെക്കുഭാഗത്ത് വട്ടശ്ശേരിൽ തിരുമേനിയും. അവർ വടക്കനും തെക്കനുമാണല്ലോ; എല്ലാ ദിവസവും നാം ആ കബറുകളിൽ ധൂപം വെക്കാറുമുണ്ടല്ലോ? അവർ രണ്ടുപേരെയും വടക്കും തെക്കുമായി ഈ ചാപ്പലിൽ കബറടക്കിയ സഭയ്ക്ക് വടക്കെന്നും തെക്കെന്നുമുള്ള വ്യത്യാസമില്ലല്ലോ. അവർക്കങ്ങനെ ഒരേ ചാപ്പലിന്റെ ഇരുവശത്തുമായി അന്ത്യവിശ്രമം കൊള്ളാമെങ്കിൽ അവർക്ക് എന്നും ധൂപം വെയ്ക്കുന്ന നമുക്ക് എന്തേ ഒരുമിച്ചു നീങ്ങുവാൻ കഴിയാത്തത്?” അച്ചന്റെ സംസാരം ശ്രവിച്ച വിദ്യാർത്ഥികൾ നിശ്ശബ്ദരായി മുറികളിലേക്കു പോയി. വലിയ ഹൃദയഭാരത്തോടുകൂടി അച്ചനും. അൽപസമയം കൂടി അച്ചൻ അവിടെ നിന്നു. നേരം ഇരുട്ടി. അച്ചൻ വീണ്ടും ചാപ്പലിലേക്കു കയറി.

പ്രാദേശികത അൽപംപോലും തീണ്ടാത്ത ഒരു വലിയ ഹൃദയത്തിന്റെ ഉടമ ആയിരുന്നു വെണ്ടപ്പിള്ളി അച്ചൻ. ആളുകളെ സങ്കുചിതമായി പ്രാദേശികതലത്തിൽ വിലയിരുത്തുന്നത് അദ്ദേഹം വെറുത്തു. മറ്റുള്ളവരുമായി പരിചയപ്പെടുമ്പോൾ അദ്ദേഹത്തിനു പ്രാദേശികതയോ, സാമ്പത്തികമോ, അവരുടെ സ്ഥാനമാനങ്ങളോ വിഷയമായിരുന്നില്ല. മനുഷ്യനെ മനുഷ്യനായ് കാണുന്ന ഒരു വിശാലമനസ്സിന്റെ ഉടമ ആയിരുന്നു അദ്ദേഹം.

ഇവിടിങ്ങനാണ് ഭായി

കാലംചെയ്ത അഭിവന്ദ്യ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി ഡൽഹി ഭദ്രാസനത്തിൽ അച്ചന്റെ സേവനമാഗ്രഹിച്ചുകൊണ്ട് ഡൽഹിയിലേക്ക് അദ്ദേഹത്തെ വിളിച്ചു. സ്കൂൾ അദ്ധ്യാപകനായ അദ്ദേഹം വോളന്ററി പെൻഷൻ എടുത്തുകൊണ്ട് ഡൽഹിയിലേക്ക് അദ്ദേഹത്തിന്റെ സേവനരംഗം മാറ്റി. ചുരുങ്ങിയ സമയംകൊണ്ട് അദ്ദേഹം അവിടെയുള്ളവരുടെ പ്രിയങ്കരനായി മാറി. ഡൽഹിക്കു ചുറ്റുമുള്ള ഗ്രാമങ്ങളിലും ചേരികളിലും അദ്ദേഹം നിത്യസന്ദർശകനായി.

ഒരിക്കൽ അടുത്തുള്ള ഗ്രാമത്തിൽ ഒരു മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുവാൻ സാധ്യത ആരായുവാനായി അദ്ദേഹം ചെന്നു. ഭാഷ വശമില്ലാത്ത അദ്ദേഹം ഡൽഹിയിൽ സ്ഥിരതാമസമാക്കിയ ഒരു സഭാംഗവുമായാണ് സന്ദർശനത്തിനു പോയത്. ചുറ്റും വൃത്തിഹീനമായ കുടിലുകൾ, നടുക്ക് തുറസ്സായ സ്ഥലം. അവിടെ തണൽ പരത്തി ഉയർന്നുനിൽക്കുന്ന ഒരു വൃക്ഷം. വൃക്ഷതണലിൽ കസേരയിട്ട് വെള്ളഷർട്ടും പാന്റും ധരിച്ചൊരാൾ ഇരിക്കുന്നു. മുമ്പിൽ ഒരു മേശ, അതിനു മുകളിൽ പല വലിപ്പത്തിലുള്ള ഗുളികകൾ. ഗ്രാമത്തിലെ ആശുപത്രി ആണ്. ഡോക്ടറെ പരിചയപ്പെട്ടു. എവിടെയാണ് എം.ബി.ബി.എസ്. പഠിച്ചതെന്നു അന്വേഷിച്ചു. എം.ബി.ബി.എസ്. അയാൾ കേട്ടിട്ടുപോലുമില്ല. ഐ.റ്റി.സി. പഠിക്കുവാൻ പോയി. പക്ഷേ പൂർത്തിയാക്കിയില്ല. വൈദ്യം പഠിക്കാതെ എങ്ങനെ ചികിത്സിക്കുവാൻ കഴിയുന്നു എന്നു ചോദിച്ചപ്പോൾ അയാൾ പറഞ്ഞ മറുപടി രസാവഹമായിരുന്നു. അയാളുടെ പിതാവിന്റെ സഹോദരൻ ഒരു അടുത്തുള്ള ആശുപത്രിയിലെ കമ്പൗണ്ടർ ആണ്. അയാൾ ആശുപത്രിയിൽനിന്ന് എടുത്ത മരുന്നുകളാണ് അവിടെ മേശപ്പുറത്തിരിക്കുന്നത്. ആ കമ്പൗണ്ടറുടെ സർട്ടിഫിക്കറ്റിന്റെ ബലത്തിൽ ഇയാൾ ചികിത്സിക്കുന്നു. അച്ചൻ മരുന്നുകൾ പരിശോധിച്ചു. ഭാഗ്യം പാരസെറ്റാമോൾ, വൈറ്റമിൻ ഡി, വിക്സ് ആക്ഷൻ 500 എന്നീ ഗുളികകൾ മാത്രമേ ടിന്നിലുള്ളു. അച്ചനു സംശയം. 110 കോടി ജനങ്ങൾ വസിക്കുന്ന ഒരു രാജ്യത്തിന്റെ തലസ്ഥാനത്തുനിന്ന് 15 കിലോമീറ്റർ അകലം മാത്രമുള്ള ആ ഗ്രാമത്തിൽ നടക്കുന്ന ചികിത്സ കണ്ട് അദ്ദേഹം ഭയപ്പെട്ടു. ആരെങ്കിലും പരിശോധനയ്ക്കു വന്നാൽ എന്തു ചെയ്യുമെന്നുള്ള ദ്വിഭാഷിയുടെ സഹായത്താലുള്ള അച്ചന്റെ ചോദ്യത്തിന് അയാൾ മറുപടി പറഞ്ഞു. ആരും വരത്തില്ല. “ഇവിടെ ഇങ്ങനെയാണ് ഭായി.” ഭാരതത്തിന്റെ ലക്ഷോപലക്ഷം വരുന്ന യഥാർത്ഥ ചികിത്സ ലഭിക്കാത്ത രോഗികളെക്കുറിച്ചുള്ള വേദനയായിരുന്നു അദ്ദേഹത്തെ കുറച്ചുനാളേക്ക് അലട്ടിയത്.

വാഴ നനച്ചാൽ ചീരയും നനഞ്ഞോളും

ദുബായ് മഹാഇടവകയുടെ ചുമതലക്കാരനായി വെണ്ടപ്പിള്ളി അച്ചൻ ചുമതലയേറ്റു. അച്ചനു ഇടവകക്കാർ അതിഗംഭീരമായ ഒരു സ്വീകരണം നൽകി. സ്വീകരണവേളയിൽ അച്ചന്റെ സേവനങ്ങളെക്കുറിച്ചും ത്യാഗമനോഭാവത്തെക്കുറിച്ചും ഏതാനുംപേർ വളരെ വാചാലമായി സംസാരിച്ചു. സഭയ്ക്കുവേണ്ടി വളരെയധികം കഷ്ടപ്പെട്ട അച്ചനെ ഇടവകാംഗങ്ങൾ “വേണ്ടവിധം” കരുതണമെന്ന് പ്രസംഗിച്ച ഒരാൾ പറഞ്ഞു. മറുപടി പ്രസംഗത്തിൽ അച്ചൻ പറഞ്ഞു. അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനി ഡൽഹി ഭദ്രാസനാസ്ഥാനമായ ഓർത്തഡോക്സ് സെന്ററിന്റെ പണികഴിപ്പിക്കുവാൻ വേണ്ടി കഷ്ടപ്പെടുകയാണ്. ഇടവകാംഗങ്ങൾ തിരുമേനിയെ സഹായിക്കണം. ഞാൻ വാഴയുടെ ചുവട്ടിൽ നിൽക്കുന്ന ചീരയാണ്. വാഴ നനച്ചാൽ ചീരയും നനഞ്ഞുകൊള്ളും.

വെണ്ടപ്പിള്ളി അച്ചൻ ഒരിക്കലും തന്റെ ആവശ്യങ്ങൾക്ക് മുൻഗണന കൊടുത്തിരുന്നില്ല. സ്വന്തം ആവശ്യത്തേക്കാൾ ഉപരി സഭയുടെ ആവശ്യങ്ങൾക്കായിരുന്നു അദ്ദേഹം താൽപര്യം എടുത്തത്. എവിടെയും സഭയുടെ യശസ്സ് ഉയരണം എന്നു കരുതി അക്ഷീണം പ്രവർത്തിച്ചു.

എന്റെ ജീവിതം ദൈവത്തിന്റെ കരങ്ങളിൽ ഭദ്രമാണ്. എനിക്കൊന്നും ഭയപ്പെടുവാനില്ല. ഞാൻ എന്നെത്തന്നെ ദൈവത്തിങ്കൽ സമർപ്പിച്ചിരിക്കുന്നു. എനിക്കൊരു കുറവും ദൈവം വരുത്തുകയില്ല, എന്നദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു. ആരെയും വെറുക്കാതെ എല്ലാവരെയും സ്നേഹിച്ച ആ സ്നേഹത്തിനുവേണ്ടി ദാഹിച്ച് എരിഞ്ഞടങ്ങിയ ജീവിതമായിരുന്നു ജോസഫ് വെണ്ടപ്പിള്ളി അച്ചന്റേത്. മനസു തകർന്നവർക്ക് ജീവൻ നൽകുവാനും, തകർന്ന ഹൃദയങ്ങൾക്ക് ആശ്വാസം പകരുവാനും അദ്ദേഹം തന്നാലാവതു പരിശ്രമിച്ചു. എന്തു സംഭവിച്ചാലും നിരാശരാകാതെ പ്രതിബന്ധങ്ങളെ നേരിട്ട് മുന്നോട്ടു പോകുവാൻ അച്ചന്റെ ദീപ്തമായ ഓർമ്മ നമുക്കും ശക്തി പകരട്ടെ.

സഭാനേതൃനിരയിൽ തിളങ്ങി

എം. ജി. ജോർജ്ജ് മുത്തൂറ്റ്

(മലങ്കര ഓർത്തഡോക്സ് സഭാ അത്മായ ട്രസ്റ്റി)

ഭാഗ്യസ്മരണാർഹനും അഖിലലോക പ്രശസ്തനുമായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ സ്വന്തഇടവകയിൽ നിന്ന് - നടമേൽ പള്ളി, തൃപ്പൂണിത്തുറ - സഭാ സേവനത്തിന് ജീവിതം സമർപ്പിച്ച ബഹുമാനപ്പെട്ട വെണ്ടറപ്പിള്ളി അച്ചൻ, ഡൽഹി ഭദ്രാസന സെക്രട്ടറിയായി ഊർജ്ജസ്വലതയോടെ പ്രവർത്തിച്ചിരുന്ന കാലത്താണ് ആദ്യമായി പരിചയപ്പെട്ടത്. ആദ്യത്തെ സമുദായ വഴക്കിനു ശേഷം പൗരസ്ത്യ കാതോലിക്കേറ്റിന്റെ കീഴിൽ പാറപോലെ ഉറച്ചുനിന്ന പുണ്യശ്ലോകനായ പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ശിക്ഷണത്തിൽ സഭയുടെ കെട്ടുപണിക്ക് ബഹുമാനപ്പെട്ട അച്ചൻ വളരെയേറെ യത്നിച്ചു. രണ്ടാമത്തെ കക്ഷിവഴക്കിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെയും, പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെയും ഉപദേശക സമിതിയിൽ അംഗമായും കൊച്ചി ഭദ്രാസന സെക്രട്ടറിയും അഡ്മിനിസ്ട്രേറ്ററുമായും പ്രവർത്തിച്ച അച്ചന്റെ സേവനത്തോട് മലങ്കരസഭ എന്നും കടപ്പെട്ടിരിക്കുന്നു.

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സ്ഥാപക പ്രസിഡന്റായിരിക്കുന്ന തലക്കോട് പരുമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ വൈസ്പ്രസിഡന്റ് പദവി അലങ്കരിച്ചുകൊണ്ടിരിക്കുന്ന സമയത്താണ് അദ്ദേഹം ഈലോകവാസം വെടിഞ്ഞത്.

ജീവകാരുണ്യപ്രവർത്തനങ്ങളുടെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഈ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾക്ക് അച്ചന്റെ സേവനവും വിലപ്പെട്ടതു തന്നെ. തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോമിലെ കുഞ്ഞുങ്ങൾക്കും, തൊഴിൽരഹിതരായ തദ്ദേശവാസികൾക്കും ജീവിതമാർഗ്ഗം നൽകുന്ന ഈ ട്രസ്റ്റിനെ സഹായിക്കുവാൻ അച്ചൻ എം. ജി. മുത്തൂറ്റ് ഗ്രൂപ്പിനെയും പങ്കാളിയാക്കി. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ധർമ്മനിലയത്തിന്റെ ആഭിമുഖ്യത്തിൽ ഈ ട്രസ്റ്റ് ആരംഭിക്കുന്ന സൗജന്യ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനങ്ങളുടെ ആദ്യ ചവിട്ടുപടിയായി സൗജന്യ വൃക്കരോഗ നിർണ്ണയ സംരംഭം ബഹുമാനപ്പെട്ട വെണ്ടറപ്പിള്ളിയച്ചന്റെ സ്മരണ ശാശ്വതീകരിക്കുന്നതിനായി പുറത്തിറക്കുന്ന ഈ ഗ്രന്ഥത്തിന്റെ പ്രകാശനത്തിനോടനുബന്ധിച്ച് മുത്തൂറ്റ് സ്നേഹാശ്രയ പദ്ധതിയിലൂടെ നടപ്പാക്കുന്നതിൽ ഞങ്ങൾക്ക്

വളരെ സന്തോഷമുണ്ട്. സഭാസാമൂഹ്യ ജനസേവനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച അഭി. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയേയും വന്ദ്യ വെണ്ടറപ്പിള്ളി അച്ചനേയും ആദരിക്കുന്ന ഇതിന്റെ പ്രവർത്തകരെ പൗരോഹിത്യ നൽവരമുള്ള എന്റെ കുടുംബത്തിന്റെയും, എം. ജി. മുത്തൂറ്റ് ഗ്രൂപ്പിന്റെയും എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.



കുടുംബാംഗങ്ങളോടൊത്ത്.

സഭൈക്യത്തിന്റെ വലിയ സംഭാവന

കെ. സി. ഈപ്പൻ കണ്ടത്തിൽ, കോട്ടയം

സമുദായക്കേസുകൾ സംബന്ധിച്ച 1958-ലെ സുപ്രീംകോടതിവിധി, സഭായോജിപ്പ്, പരസ്പര സ്വീകരണം എന്നിവയെ തുടർന്നുണ്ടായ ആത്മ സന്തോഷപ്രദമായ അന്തരീക്ഷത്തിൽ പാത്രിയർക്കീസ് ഭാഗത്തു നിന്നു തിരിച്ചെത്തിയ വടക്കൻപ്രദേശത്തെ ഒട്ടധികം പ്രമുഖ വൈദികരിലൊ രാളാണ് പന്ത്രണ്ടു വർഷങ്ങൾക്കു മുമ്പ് അകാലനിര്യാണം പ്രാപിച്ച എന്റെ ഒരു സുഹൃത്തു കൂടിയായ പ്രശസ്തനായ ഫാ. ജോസഫ് വെണ്ട റപ്പിള്ളി എന്നു പറയുന്നതിൽ വളരെ സന്തോഷമുണ്ട്.

ആധുനിക കേരളപിറവി വർഷം മുതലാണ് അന്ന് ശെമ്മാശനായി രുന്ന വെണ്ടറപ്പിള്ളിയെ യാദൃശ്ചികമായി പരിചയപ്പെടാനിടയായത്. സഭാ സമാധാനത്തിനു മുമ്പ് രണ്ടു വിഭാഗങ്ങളായി പോരാടിക്കൊണ്ടിരുന്ന സഭ യിലെ ഇരുകക്ഷികളിലുംപെട്ട ചിന്താശീലരായ ഒരു സംഘം ചെറുപ്പ ക്കാർ സമാധാനം കൈവരിക്കാനായി രൂപവൽക്കരിച്ച സംഘടനയായി രുന്നല്ലോ പീസ് ലീഗ്. പീസ് ലീഗിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്തു പൂട്ടിക്കിടന്ന കുരിശുപള്ളിയങ്കണത്തിൽ 1956-ൽ സഭാസമാധാനാർത്ഥം നടത്തിയ ഉപവാസയജ്ഞത്തിൽ പങ്കെടുത്ത ആറു പേരിൽ ഉൾപ്പെട്ട എന്റെ പിതൃസഹോദരൻ കെ. ഇ. മാമ്മനെ ശുശ്രൂഷിക്കാനാണ് ഇന്റർമീ ഡിയറ്റ് പാസായശേഷം ഞാൻ തിരുവനന്തപുരത്തു നിന്നു കോട്ടയത്തു വന്നത് (ആറു പേരിൽ കെ. ഇ. മാമ്മൻ മാത്രമേ ഇന്നു ജീവിച്ചിരിപ്പുള്ളു).

സഭാംഗങ്ങളിൽ വലിയ പ്രതീക്ഷ ഉണർത്തിയ ഉപവാസം അനേക ശതം പേരെ ആകർഷിച്ചു. എന്നും വലിയ ജനക്കൂട്ടവും അവിടെ തടിച്ചു കൂടിയിരുന്നു. പ്രാർത്ഥനയും വേദപാരായണവും വി. കുർബാനയും പ്രസംഗങ്ങളും ഇരുപത്തിനാലുമണിക്കൂറും കുരിശുപള്ളിയുടെ അന്ത രീക്ഷത്തെ ഒരു തീർത്ഥാടനകേന്ദ്രമാക്കി എന്നു പറയുന്നതാവും ഏറെ ശരി. ഉപവാസയജ്ഞം സന്ദർശിച്ചവരിൽ അന്നത്തെ നെഹ്റു മന്ത്രിസഭ യിലെ ഒരംഗമായ രാജകുമാരി അമൃത് കൗറും ഉൾപ്പെടുന്നു.

വടക്കൻപ്രദേശത്തു നിന്ന് വന്നു പല ദിവസം പ്രസംഗിക്കുകയും ശ്രദ്ധേയമായ രീതിയിൽ വേദപഠന ക്ലാസ്സുകൾ നടത്തുകയും ചെയ്ത വരിൽ ടി. പോൾ വറുഗീസ് (പിന്നീട് ഡോ. പൗലോസ് മാർ ഗ്രീഗോറി യോസ്), ഡീക്കൻ ജോസഫ് വെണ്ടറപ്പിള്ളി എന്നിവരെ ഒരിക്കലും മറ

ക്കാനാവാത്തവിധമുള്ള പ്രസംഗങ്ങളായിരുന്നു അവരുടേത്. സഭാ സ്നേഹം തിളച്ചുമറിഞ്ഞ ഒരുജ്വല വാഗ്മിയായിരുന്ന ശെമ്മാശനെ വട ക്കൻ ആയിരുന്നതിനാൽ ഞങ്ങൾക്ക് ആദ്യം പിടികിട്ടിയില്ല. പലപ്പോഴും ഭക്ഷണം പോലും കിട്ടാതെ ഉപവാസ പന്തലിൽ കഴിഞ്ഞ ശെമ്മാശന് ഇത്ര ശക്തമായ പ്രസംഗം ചെയ്യാൻ എങ്ങനെ കഴിഞ്ഞു എന്ന് എനിക്ക് തോന്നിയിട്ടുണ്ട്. ആത്മീയ ശക്തി കൊണ്ടായിരിക്കണം വിശപ്പ് തീപ്പൊരി പ്രഭാഷണങ്ങൾക്ക് വഴി മാറിക്കൊടുത്തതെന്നു പോലും ഞാൻ ചിന്തി ച്ചിട്ടുണ്ട്. തുടർന്ന് അദ്ദേഹത്തെ പരിചയപ്പെടാനും സഭായോജിപ്പിനു ശേഷം ശിശുക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഒന്നിച്ചു പ്രവർത്തി ക്കാനും കഴിഞ്ഞപ്പോഴാണ് ശെമ്മാശന്റെ (വൈദികന്റെ) കഴിവും ഊർജ്ജ സ്വലതയും ഉത്സാഹവും നേരിൽ കണ്ടു മനസ്സിലാക്കുവാൻ സാധിച്ചത്. ഇതിനിടയിൽ ഞാൻ മുംബൈയിൽ പഠിക്കാൻപോയ ഏഴെട്ടു വർഷം ശെമ്മാശനുമായുള്ള ബന്ധം നിലനിർത്താൻ കഴിഞ്ഞില്ല. പിന്നീട് കോട്ട യത്തു ജോലിയായി വന്നപ്പോഴേക്കും ശെമ്മാശൻ അച്ചനായി. അച്ചനു പഴയസെമിനാരിയിലും ന്യൂഡൽഹിയിലും സേവനം അനുഷ്ഠിക്കാൻ സൗകര്യം ലഭിച്ചു. കോട്ടയത്തും എറണാകുളം സെന്റ് മേരീസ് പള്ളി യിലും സേവനം ചെയ്യുമ്പോഴാണ് വെണ്ടറപ്പിള്ളി അച്ചനുമായി വീണ്ടും സൗഹൃദം പുലർത്താൻ കഴിഞ്ഞത്.

ആയിരത്തിതൊള്ളായിരത്തിഎഴുപതുകളിൽ ആന്ധ്രായിൽ ചുഴലി ക്കാറ്റുണ്ടായശേഷം ഫാ. എം. വി. ജോർജ്ജ് (പിന്നീട് മാർ ഒസ്താത്തി യോസ്), ഫാ. കെ. ഐ. ഫിലിപ്പ് (ഇപ്പോൾ റമ്പാൻ) എന്നിവരുടെ നേതൃ ത്വത്തിൽ സഭ ദുരിതാശ്വാസ പ്രവർത്തനം നടത്തി. വെണ്ടറപ്പിള്ളി അച്ചനും ഞാനും മറ്റും അതിൽ സഹകരിച്ചു. ആ പ്രവർത്തനം പൂർത്തി യാക്കിയശേഷം മിച്ചം വന്ന തുക കൊണ്ട് കുഷ്ഠരോഗികളുടെ കുഷ്ഠ മില്ലാത്ത കുട്ടികൾക്കു വേണ്ടി ഒരു ബാലഗ്രാം സ്ഥാപിക്കാനുള്ള സ്ഥലം കണ്ടുപിടിക്കാൻ ഫാ. വെണ്ടറപ്പിള്ളിയും ഡോ. തോമസ് മാണിയും പ്രൊ. കെ. സി. ജോർജ്ജും ഞാനും ശ്രമിക്കുകയും ഒടുവിൽ ആന്ധ്രയിൽ യാച്ചാ രത്ത് സ്ഥലം വാങ്ങി ബാലഭവനം ആരംഭിക്കാൻ ഇടയാകുകയും ചെയ്തു.

ബാലഭവനുമായി ബന്ധപ്പെട്ട ശിശുക്ഷേമ സമിതിയിൽ ഞങ്ങൾ ദീർ ഘകാലം ഒരുമിച്ചു പ്രവർത്തിച്ചു. വലിയനോമ്പിലെ രണ്ടാം ഞായറാ ഴ്ചതോറും (കുഷ്ഠരോഗികളുടെ ഞായറാഴ്ച) ഞങ്ങൾ യാച്ചാരം വാർ ഷികത്തിൽ പങ്കെടുത്തു വന്നു. യാത്രയിലും ഒരുമിച്ചുള്ള താമസവേള കളിലും സഭാകാര്യങ്ങളിലുള്ള അച്ചന്റെ ഉൾക്കാഴ്ചയും ഭാവനയും ദീർ ഘദൃഷ്ടിയും എന്നെ അത്ഭുതപ്പെടുത്തുകയും സന്തുഷ്ടനാക്കുകയും ചെയ്തിട്ടുണ്ട്.

തൃപ്പൂണിത്തുറയിലെ പാത്രിയർക്കീസ് വിഭാഗത്തുള്ള ഒരു കുടുംബത്തിൽ ജനിച്ചുവളർന്ന അച്ചൻ, ഒരിക്കൽ ശരിയെന്ന് ബോധ്യപ്പെട്ട കാര്യങ്ങളിൽ ശിലപോലെ ഉറച്ചു നിന്നു പ്രവർത്തിച്ചതിനാൽ ചില സ്വന്തക്കാരിൽ നിന്നും മരണസമയത്തുപോലും പീഡാനുഭവങ്ങൾ നേരിട്ടിട്ടുണ്ട്. രോഗഗ്രസ്ഥനായി വീട്ടിലും ലിസി ആശുപത്രിയിലും കഴിയുമ്പോഴും സന്ദർശനവേളകളിൽ സഭാകാര്യങ്ങളും ശിശുക്ഷേമ ബോർഡ് കാര്യങ്ങളും അച്ചന്റെ ഇഷ്ടപ്പെട്ട അന്വേഷണ വിഷയങ്ങളായിരുന്നു. ഉത്തമ ബോധ്യമുള്ള കാര്യങ്ങൾ ആരോടും തുറന്നും തറപ്പിച്ചും പറയുന്നതിന് ചങ്കൂറ്റമുള്ളവരായ വൈദികരുടെ അഭാവമാണ് ഇന്നു വടക്കൻ പ്രദേശത്തെ ചുരുക്കം ചില പള്ളികൾ നേരിടുന്ന ഒരു പ്രധാന പ്രശ്നം എന്ന് എനിക്ക് പലപ്പോഴും തോന്നാറുണ്ട്.

ആന്ധ്രാ സൈക്ലോൺ റിലീഫ് പ്രൊജക്ട് മെമ്പർ, ശിശുക്ഷേമ സമിതി അംഗം എന്നിവയ്ക്കു പുറമെ വടവുകോട് രാജർഷി ഹൈസ്കൂൾ, വൈദികസെമിനാരി എന്നിവിടങ്ങളിലെ സമർത്ഥനായ അദ്ധ്യാപകൻ, ഡൽഹി, കൊച്ചി ഭദ്രാസനങ്ങളുടെ സെക്രട്ടറി, സൺഡേസ്കൂൾ ഡയറക്ടർ, മർത്തമറിയം സമാജം വൈസ്പ്രസിഡണ്ട്, വൈദികക്ഷേമ ഫണ്ട് കമ്മിറ്റിയംഗം തുടങ്ങിയ വിവിധ നിലകളിൽ പ്രവർത്തിച്ച പ്രസിദ്ധ വാഗ്മിയും സംഘാടകനുമായ ഫാ. ജോസഫ് വെണ്ടറപ്പിള്ളിയുടെ പേരും പ്രശസ്ത പ്രവർത്തനവും ജീവിച്ചിരിക്കുമ്പോൾ സഭ വേണ്ടവിധം അംഗീകരിച്ചില്ലെങ്കിലും വിസ്മൃതമാകാതിരിക്കാൻ എന്റെ സ്നേഹിതൻ കൂടിയായ റവ. ഫാ. ഡോ. ടി. പി. ഏലിയാസ് ആത്മാർത്ഥതയോടെ അദ്ദേഹത്തെപ്പറ്റി സമുചിതമായ ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിലുള്ള സന്തോഷവും അഭിനന്ദനവും അറിയിച്ചുകൊള്ളുന്നു.

(സിക്കാഫ് തമ്പി സാർ എന്ന പേരിൽ അറിയപ്പെടുന്ന കെ. സി. ഈപ്പൻ നിശബ്ദ സഭാ സേവകനാണ്. ഭാഗ്യസ്മരണാർഹരായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്, ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് എന്നിവരുടെ പ്രവർത്തനങ്ങൾക്കു കർട്ടന്റെ പുറകിൽ നിൽക്കുന്നയാൾ. ഇന്നത്തെ യാച്ചാരം ഗ്രാമശില്പികളിൽ മുൻനിരക്കാരിൽ ഒരാൾ.)

സ്നേഹനിധിയായിരുന്ന ആചാര്യശ്രേഷ്ഠൻ

ജോസ് കുര്യൻ പുളിയേരിൽ

ഓർത്തഡോക്സ് സഭാംഗങ്ങളുടെ മാത്രമല്ല, ബഹു. ജോസഫ് വെണ്ട റപ്പിള്ളി അച്ചനെ ഒരിക്കലെങ്കിലും കാണുകയും കേൾക്കുകയും പരിച യപ്പെടുകയും ചെയ്തിട്ടുള്ള വിവിധ മതസ്ഥരും, വിവിധ ദേശക്കാരും, വിവിധ ഭാഷക്കാരുമായ ഒട്ടനവധി ജനഹൃദയങ്ങളിൽ വ്യക്തവും സുഗ്രാ ഹ്യവുമായ വ്യക്തിമുദ്ര പതിപ്പിക്കാനായിട്ടുണ്ട് എന്നത് പ്രശംസനീയ മായ യാഥാർത്ഥ്യമാണ്. അമ്പതുകളുടെ മദ്ധ്യം മുതൽ എനിക്ക് ബഹു. അച്ചനെ അടുത്തറിയുവാനുള്ള അവസ്സരം ലഭ്യമായി. അന്നുമുതൽ ബഹു. അച്ചനിൽ നിന്നും ലഭിച്ച സ്നേഹവും വാത്സല്യവും കരുതലും കൊണ്ട് ആദ്യമൊക്കെ ഞാൻ വിചാരിച്ചിരുന്നത് ബ. അച്ചന്റെ ഹൃദ്യ മായ സമീപനത്തിന് ഞാൻ മാത്രമായിരിക്കും അവകാശി എന്നാണ്. എന്നാൽ ഏറെ വൈകാതെ തന്നെ എനിക്ക് വ്യക്തമായി, ബഹു. അച്ചന്റെ സ്നേഹത്തിനും കരുതലിനും അതിരുകളും വേർതിരിവുകളും ഇല്ലെ ന്നുള്ള സത്യം.

ബ. അച്ചന്റെ അത്യാകർഷകമായ പ്രസംഗങ്ങൾ ശ്രവിച്ചതിലൂടെയും പ്രൗഢ ലേഖനങ്ങൾ പലതും വായിച്ച് മനസ്സിലാക്കാൻ ശ്രമിച്ചതിലൂടെ യുമാണ് ബ. അച്ചന്റെ സ്നേഹവാത്സല്യങ്ങൾ സമ്പാദിക്കുവാൻ എനിക്ക് സംഗതിയായത്. 1970–ൽ ബ. അച്ചൻ അമേരിക്കയിൽ നിന്നും തിരിച്ച് നാട്ടിലേക്ക് വന്നത് അബുദബി വഴിക്കായിരുന്നു. എന്നോടുള്ള അതിരറ്റ വാത്സല്യവും സ്നേഹവും കൊണ്ട് ബ. അച്ചൻ എനിക്ക് ഒരു ഇംഗ്ലീഷ് ക്രോസ് റഫറൻസ് ബൈബിൾ, ഞാൻ നിനച്ചിരിക്കാത്ത സന്ദർഭത്തിൽ സമ്മാനിച്ചത് എന്റെ ജീവിതത്തിൽ ഒരിക്കൽപോലും വിസ്മരിക്കാനാ വാത്ത ഒരു വൻ സമ്മാനം തന്നെ. എന്റെ ആത്മീയ ജീവിതത്തിൽ വി. വേദപഠനത്തിന് ഏറെ സഹായിച്ചിട്ടുള്ളതും ഇന്നും സഹായിക്കുന്നതു മായ ഒരു വിശിഷ്ട ഗ്രന്ഥമാണത്. എപ്പോൾ ഈ വേദഗ്രന്ഥം കൈ കൊണ്ട് തൊട്ടാലും വന്ദ്യനായ ആചാര്യശ്രേഷ്ഠനെ സ്മരിക്കാതെ സാധി ക്കുന്നില്ലായെന്ന സത്യം മറച്ചുവയ്ക്കുന്നില്ല. കഴിഞ്ഞ 6–7 വർഷങ്ങളായി SGOS, ADOF തുടങ്ങി മറ്റ് ചില web site കളിലും ഓരോ ആഴ്ചത്തെയും വി. വേദവായന കുറിപ്പനുസരിച്ചുള്ള ധ്യാനചിന്തകൾ എഴുതുവാനും, പ്രസിദ്ധീകരിക്കുവാനുമുള്ള പിൻബലവും ശക്തിയും തന്നത് ആ വി. ഗ്രന്ഥ പഠനമാണെന്ന് പ്രസ്താവിച്ച് ബ. അച്ചന്റെ പരിപാവന സ്മര ണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ സമർപ്പിക്കട്ടെ.

ബ. അച്ചൻ അബുദബി സന്ദർശിച്ച അവസരത്തിൽ അബുദബിയിലെ ഓർത്തഡോക്സ് പ്രാർത്ഥനാക്കൂട്ടത്തെ അന്നത്തെ ഇടവകമെത്രാപ്പോലിത്താ അഭി. മാത്യൂസ് മാർ അത്താനാസിയോസ് (പിന്നീട് ഭാഗ്യസ്മരാണാർഹനായ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവ) തിരുമേനി ഒരു ഇടവകയായി ഉയർത്തി ഒരു വികാരി അച്ചനെ നിയമിച്ച് അയച്ചുതന്നിരുന്ന സമയമായിരുന്നു. അബുദബി സർക്കാർ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഒരു ആരാധനാലയം നിർമ്മിക്കാൻ വേണ്ട സ്ഥലം സൗജന്യമായി നൽകിയയുടനെ ഒരു ദേവാലയം നിർമ്മിക്കണമെന്ന് ഇടവക പൊതുയോഗം തീരുമാനിച്ചുവെങ്കിലും അംഗസംഖ്യ തികച്ചും അപര്യാപ്തമായിരുന്നതിനാൽ, പണിയ്ക്ക് ആവശ്യമായ വൻ തുക കണ്ടെത്താനാകാതെ വിഷമിക്കുന്ന കാലം. ഇടവകാംഗങ്ങൾ തങ്ങളാലാവുന്നത് സംഭാവന ചെയ്യാമെന്ന് വാഗ്ദാനം ചെയ്തുവെങ്കിലും ബഡ്ജറ്റു തുകയുടെ ഒരംശം പോലും ആകാത്ത കാലം. തന്മൂലം അന്നിടവകയിലുണ്ടായിരുന്ന ഏതാനും കുടുംബാംഗങ്ങൾക്ക് എന്തു ചെയ്യണം എന്ത് ചെയ്യാനാകും എന്ന് സംശയവും പരിഭ്രമവും നിറഞ്ഞ നാളുകൾ. അങ്ങനെയിരിക്കെയാണ് ബഹു. വെണ്ടറപ്പിള്ളി അച്ചന്റെ ആഗമനം. ബഹു. അച്ചൻ വിശുദ്ധ കുർബ്ബാനമദ്ധ്യേ പ്രസംഗം ആരംഭിച്ചു. സാധാരണ ഞായറാഴ്ചകളിൽ ശ്രവിക്കുന്ന വേദവായനയെ അടിസ്ഥാനമാക്കിയുള്ള ഒരു പ്രസംഗം പ്രതീക്ഷിച്ചവർക്ക് വളരെ വിഭിന്നമായ ഒരു പ്രസംഗമാണ് ശ്രവിക്കുവാൻ ഭാഗ്യം സിദ്ധിച്ചത്. ദൈവാലയ നിർമ്മാണ ആഗ്രഹത്തിൽ വ്യക്തമായ ഒരു ധാരണയില്ലാതിരുന്ന ഇടവകയ്ക്ക് കിട്ടിയ വളരെ ധന്യമായ ഒരു ആശ്വാസ ദൂതായിരുന്നു ബ. അച്ചനിൽ നിന്നും അബുദബിയിൽ മുഴങ്ങിക്കേട്ടത്. നെഹമ്യാ പ്രവാചകന്റെ ദൂതും സന്ദേശവും ഉദ്ധരിച്ച് “എഴുന്നേറ്റ് പണിയുക” എന്ന ദിവ്യസന്ദേശം, കേട്ടവർക്കെല്ലാം ധൈര്യവും പ്രത്യാശയും ഉത്സാഹവും സമ്മാനിച്ചുവെന്ന് പറയുന്നതിൽ അതിശയോക്തിയില്ല. അതിനുശേഷം ഒരു വർഷത്തിനകമായി ചെറുതെങ്കിലും മനോഹരമായ ദൈവാലയം അബുദബി നഗരത്തിൽ ഉയർന്നു. പ്രാർത്ഥിക്കുന്ന ജനസമൂഹം രാജ്യത്തുണ്ടാകുന്നത് രാജ്യത്തിനു തന്നെ നല്ലതാണെന്ന് പറഞ്ഞ് ദൈവാലയ നിർമ്മിതിയ്ക്ക് സ്ഥലം സൗജന്യമായി ദാനം ചെയ്ത അന്നത്തെ അബുദബി ഭരണാധികാരി ഷെയ്ക്ക് സായിദ് ബിൻ സുൽത്താൻ അൽ നഹിയാന്റെ വാക്കുകൾ അർത്ഥവത്തായി.

ബ. അച്ചൻ ദുബായ് സെന്റ് തോമസ് ദൈവാലയത്തിന്റെ വികാരിയായി പ്രവർത്തിച്ച നാളുകൾ ദുബായ് ഇടവകയ്ക്ക് മാത്രമല്ല യു.എ.ഇ. യിലെ എല്ലാ ഇടവകകളുടെയും സൗഭാഗ്യ കാലയളവായിരുന്നു. ദുബായ് ഇടവകയിൽ അക്കാലത്ത് നടപ്പാക്കിയ ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾക്ക്

പുറമെ യു.എ.ഇ. യിലുള്ള മറ്റ് ഇടവകകളുമായും സ്നേഹസൗഹാർദ്ദങ്ങൾ കെട്ടുറപ്പാക്കാനും, കൂടുതൽ മേഖലകളിൽ സഹകരണത്തോടെ വർത്തിക്കുവാനും ആരംഭം കുറിച്ചു. നേരത്തെ മുതലുള്ള പരസ്പര സഹകരണവും കരുതലും കൂടുതൽ അർത്ഥവത്താക്കി ശക്തിപ്പെടുത്താൻ ബ. അച്ചന്റെ നേതൃത്വം ഉപകരിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ലഭിച്ച ഒരു മികച്ച വരദാനം തന്നെയായിരുന്നു വന്ദ്യനായ ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ എന്ന് ഓരോ സഭാമക്കൾക്കും എന്നുമെന്നും തികഞ്ഞ അഭിമാനത്തോടെ അനുസ്മരിക്കുകയും അയവിറക്കുകയും ചെയ്യാമെന്നുള്ളതിന് സംശയമൊന്നുമില്ല.

സ്നേഹനിധിയായിരുന്ന വന്ദ്യ ആചാര്യശ്രേഷ്ഠന്റെ പരിപാവന സ്മരണയ്ക്കു മുമ്പിൽ ഒരിക്കൽകൂടെ ആദരാഞ്ജലികൾ.

(പരുമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റ് ബോർഡ് മെംബർ. ദുബായ് സെന്റ് തോമസ് പള്ളി വികാരിയായി വെണ്ടപ്പിള്ളിയച്ചൻ സേവനമനുഷ്ഠിക്കുന്ന കാലത്ത് ലേഖകൻ യു.എ.ഇ. യിൽ ആദ്ധ്യാത്മിക സംഘടനാ പ്രവർത്തനരംഗത്ത് സജീവമായിരുന്നു.)

മലങ്കര സഭാ മിഷൻ പ്രവർത്തനത്തിൽ സജീവ നേതൃത്വം

പ്രൊഫ. ഡി. മാത്യൂസ് പത്തനംതിട്ട

എഴുപത്തിരണ്ടാമത്തെ വയസ്സിൽ, 2002 ഓഗസ്റ്റ് 21-നു ദൈവസന്നിധിയിൽ ചേർക്കപ്പെട്ട ജോസഫ് വെണ്ടറപ്പിള്ളി അച്ചന്റെ അനുസ്മരണാഗ്രന്ഥത്തിൽ ഒരു ലേഖനമെഴുതണമെന്ന് ബഹു. റ്റി. പി. ഏലിയാസ് അച്ചൻ എന്നോട് ആവശ്യപ്പെട്ടത് ഒരു ദൈവനിയോഗമായി ഞാൻ കരുതുന്നു. മലങ്കര ഓർത്തഡോക്സ് സഭയിലെ വിവിധ സുവിശേഷ പ്രവർത്തനങ്ങൾക്ക് ഭാഗ്യസ്മരണാർഹനായ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിക്ക് സഹായിയായി ദീർഘകാലം സേവനം ചെയ്ത ജോസഫ് അച്ചനെ നന്ദിയോടെ സ്മരിക്കുന്നു.

1981 മുതൽ 2011 വരെ മുപ്പതു വർഷം ഒസ്താത്തിയോസ് തിരുമേനി അദ്ധ്യക്ഷനായിരുന്ന മിഷൻ ബോർഡിന്റെ ട്രഷററായി പ്രവർത്തിപ്പാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചു. വെണ്ടറപ്പിള്ളി അച്ചൻ ആദ്യമായി പരിചയപ്പെടുമ്പോൾ ഞങ്ങൾ രണ്ടുപേരും 1930-ൽ ജനിച്ചവരായതുകൊണ്ട് സമപ്രായക്കാരാണെന്ന് പറഞ്ഞതും, കൃത്യം ജനനതീയതി നോക്കിയാൽ ഞാൻ അച്ചനേക്കാൾ നാല്പത് ദിവസത്തെ സീനിയറാണ് എന്ന് ഞാൻ അവകാശപ്പെട്ടപ്പോൾ അച്ചൻ ഉറക്കെ ചിരിച്ചതും ഇന്നും ഓർക്കുന്നുണ്ട്. 1975 ഫെബ്രുവരി 16-ാം തീയതി മെത്രാപ്പോലീത്തായായി അഭിഷിക്തനായ ഒസ്താത്തിയോസ് തിരുമേനി 37 വർഷത്തെ അനുഗ്രഹീത സേവനത്തിനു ശേഷം അതേ ദിവസം തന്നെ ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. 1977-ൽ ആന്ധ്രായുടെ തീരത്തുണ്ടായ ചുഴലിക്കാറ്റും, വെള്ളപ്പൊക്കവും കടൽ പ്രക്ഷോഭവും വരുത്തിവച്ച നാശനഷ്ടങ്ങൾ ഭയങ്കരമായിരുന്നു. അടുത്ത ദിവസം ഇൻഡ്യൻ എക്സ്പ്രസ് പത്രത്തിൽ ഫോട്ടോയും വാർത്തയും വന്നു. ആ സംഭവം തിരുമേനിയെ വല്ലാതെ സ്പർശിച്ചു. തിരുമേനി കോട്ടയത്തു ചെന്ന് പരിശുദ്ധ ബാവാ തിരുമേനിയെ കണ്ട് ദുരിതനിവാരണത്തിന് സഭ ഇറങ്ങി പ്രവർത്തിക്കണമെന്ന് അപേക്ഷിച്ചു. അതിൻപ്രകാരം "ആന്ധ്രാ സൈക്ലോൺ റിലീഫ് പ്രോജക്റ്റ്" എന്ന പേരിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളും പണപ്പിരിവും ആരംഭിച്ചു. പുതുപ്പാടിയിലെ കെ. ഐ. ഫിലിപ്പ് അച്ചന്റെ നേതൃത്വത്തിൽ ഒരു സംഘം ആന്ധ്രായിലേയ്ക്കു പോയി. പണപ്പിരിവിനും മറ്റു ക്രമീകരണങ്ങൾക്കു

മായി ബഹു. വെണ്ടറപ്പിള്ളി അച്ചനെ സെക്രട്ടറിയായി നിയമിച്ചു. 1978–ൽ സെന്റ് തോമസ് നഗർ എന്ന പേരിൽ ഗ്രാമവും ഒരു കമ്മ്യൂണിറ്റി ഹാളും പണി പൂർത്തിയായി. ഏറ്റവും നന്നായി പുനരധിവാസ പ്രവർത്തനം നടത്തിയ ഓർത്തഡോക്സ് സഭയ്ക്ക് പ്രത്യേക പാരിതോഷികവും ലഭിച്ചു. അതിന്റെ പിന്നിൽ പ്രവർത്തിച്ച ജോസഫ് വെണ്ടറപ്പിള്ളി അച്ചനും ഫിലിപ്പ് അച്ചനും അഭിനന്ദനം അർഹിക്കുന്നു.

അനാഥരും നിരാശ്രയരുമായ പൈതങ്ങളുടെ ക്ഷേമത്തെ മുൻനിർത്തി ഒസ്താത്തിയോസ് തിരുമേനി ആരംഭിച്ച പ്രസ്ഥാനമാണ് ശിശുക്ഷേമ ബോർഡ്. അതിന്റെ സെക്രട്ടറിയായി തിരുമേനി നിയമിച്ചത് ജോസഫ് അച്ചനെ തന്നെയായിരുന്നു. ആന്ധ്രാപ്രദേശിലെ ദുരിതാശ്വാസത്തിനു വേണ്ടി ശേഖരിച്ചതിൽ ഏകദേശം രണ്ടു ലക്ഷം രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു. അത് അവിടെയുള്ള സാധുക്കൾക്കുവേണ്ടി മാത്രമേ ഉപയോഗിക്കൂ എന്ന ഒസ്താത്തിയോസ് തിരുമേനിയുടെ നിർബന്ധം കൊണ്ടാണ് യാച്ചാരം ബാലഗ്രാമിനു സ്ഥലം വാങ്ങാൻ സാദ്ധ്യമായത്. അതിന് പറ്റിയ സ്ഥലം അന്വേഷിച്ചു കണ്ടുപിടിച്ചതും ഫിലിപ്പ് അച്ചനും ജോസഫ് അച്ചനും കൂടിയായിരുന്നു. 1987–ൽ ചെറിയ ഒരു കെട്ടിടത്തിൽ കുഷ്ഠരോഗികളുടെ അഞ്ചു കുട്ടികളെയും കൊണ്ട് ഫിലിപ്പ് അച്ചൻ യാച്ചാരം ബാലഗ്രാം ആരംഭിച്ചു. അതിന്റെ പ്രവർത്തനത്തിനും വളർച്ചയ്ക്കും വേണ്ടി വെണ്ടറപ്പിള്ളി അച്ചൻ ചെയ്ത സേവനങ്ങൾ ഒരിക്കലും വിസ്മരിക്കാനാവില്ല. അതിന്റെ കമ്മിറ്റി മെമ്പർ എന്ന നിലയിൽ എല്ലാ വർഷവും വാർഷികത്തിനും കമ്മിറ്റി മീറ്റിംഗിനും ജോസഫ് അച്ചൻ കൃത്യമായി സംബന്ധിക്കുമായിരുന്നു.

ഒസ്താത്തിയോസ് തിരുമേനിയുടെ മിഷൻ പ്രവർത്തനങ്ങളിലെല്ലാം സജീവമായി പങ്കാളിയായിരുന്ന ജോസഫ് വെണ്ടറപ്പിള്ളി അച്ചന്റെ നേതൃത്വം മിഷൻ ബോർഡിനു ഒരു മുതൽക്കൂട്ടായിരുന്നു. 'വെള്ളിക്കോൽ' എന്ന തൂലികാനാമത്തിൽ ജോസഫ് അച്ചൻ എഴുതിയിട്ടുള്ള നർമ്മലേഖനങ്ങൾ വളരെയധികം ശ്രദ്ധിക്കപ്പെട്ടിരുന്നു. ഈ അനുഗ്രഹീത അഭിഷിക്തനെ സ്വർഗ്ഗീയ പിതാവ് ഇമ്പങ്ങളുടെ പറുദീസയിൽ പാർപ്പിക്കട്ടെ എന്ന് ബലഹീനനായ ഞാനും പ്രാർത്ഥിക്കുന്നു.

(മലങ്കരസഭാ മിഷൻ ബോർഡിന്റെ സ്ഥാപകനിരയിലെ ഗണനീയൻ. വെണ്ടപ്പിള്ളിയച്ചന്റെ നോർത്ത് ഇന്ത്യൻ മിഷൻ പ്രവർത്തനത്തിന് ശക്തി പകർന്നുകൊടുത്ത അൽമായ ശ്രേഷ്ഠൻ.)

സഭാപ്രതിസന്ധിയിലെ ഫാ. ജോസഫ് വെണ്ടപ്പിള്ളി

പി. തോമസ്, പിറവം

യുവജനപ്രസ്ഥാനം, സൺഡേസ്കൂൾ പ്രവർത്തനം, പ്രാർത്ഥനായോഗനടത്തിപ്പ്, കൺവെഷൻ യോഗങ്ങൾ മുതലായ ആദ്ധ്യാത്മികരംഗങ്ങളിൽ ഉള്ള എളിയ പ്രവർത്തനങ്ങൾക്കായി സ്വന്തം ഇടവകയ്ക്കു പുറത്ത് ഈയുള്ളവൻ ബന്ധപ്പെട്ടു തുടങ്ങിയ കാലത്താണ് ബഹുമാനപ്പെട്ട ജോസഫ് വെണ്ടപ്പിള്ളിൽ അച്ചനുമായി പരിചയമായത്. മലങ്കര സഭയിലെ കക്ഷിവഴക്കിന്റെ നിർഭാഗ്യകരമായ സംഭവവികാസങ്ങൾ അതിനൊരു കാരണമായിരുന്നു. സാമാന്യനീതിക്കോ, സഭാനിയമങ്ങൾക്കോ, സഭാപാരമ്പര്യങ്ങൾക്കോ ന്യായീകരിക്കുവാൻ ഒരു പഴുതുമില്ലാത്തവിധം അടിസ്ഥാനരഹിതമായാണ് ഒരു വിഭാഗം ആളുകൾ മലങ്കരസഭയുടെ അച്ചടക്കം ലംഘിച്ച് ഒരു പിളർപ്പിന് അക്കാലത്ത് തുടക്കം കുറിച്ചത്. മലങ്കരസഭയിൽ അതിനു മുമ്പു നടന്ന തർക്കങ്ങളിലും വ്യവഹാരങ്ങളിലും മദ്ധ്യസ്ഥചർച്ചകളിലും തീരുമാനിക്കപ്പെടാത്ത ഒരു വിഷയവും – സഭാചരിത്രമോ, വിശ്വാസപ്രമാണങ്ങളോ കാനോനുകളോ, പാരമ്പര്യങ്ങളോ സംബന്ധിച്ചവ – പുതുതായി ഉന്നയിക്കുവാൻ കലഹത്തിനു നേതൃത്വം വഹിച്ചവർക്ക് ഉണ്ടായിരുന്നില്ല. പഴയ വാദമുഖങ്ങൾ തന്നെ ആവർത്തിച്ചുന്നയിച്ച് പുനരായി തർക്കങ്ങൾക്കും വ്യവഹാരങ്ങൾക്കും ഇടവരുത്തുകയായിരുന്നു. മലങ്കരസഭയിലെ അങ്കമാലി, കൊച്ചി, കണ്ടനാട് ഭദ്രാസനങ്ങളിലായിരുന്നു പുതിയ കക്ഷിവഴക്കിന്റെ തീവ്രത. മലങ്കരസഭയുടെ നിലപാടുകൾ സത്യസന്ധവും അന്യൂനവും പാരമ്പര്യങ്ങൾക്കനുസൃതവുമാണെന്നുള്ള യാഥാർത്ഥ്യം വിശ്വാസിസമൂഹത്തെ ബോദ്ധ്യപ്പെടുത്തി ഉറപ്പിക്കേണ്ടതുണ്ടായിരുന്നു. തൽസംബന്ധമായി വടക്കൻമേഖലയിലെ പ്രവർത്തനങ്ങളിൽ ഇടപെടുമ്പോഴാണ് സഭാനേതൃനിരയിൽ ഉന്നതശീർഷനായി തിളങ്ങി നിന്ന റവ. ഫാ. ജോസഫ് വെണ്ടപ്പിള്ളിയെ പരിചയപ്പട്ടത്.

ബാവാക്കക്ഷി-മെത്രാൻകക്ഷി തർക്കങ്ങളുടെ കാലത്തുള്ള വടക്കൻപ്രദേശത്തെ സാധാരണക്കാരുടെ ധാരണയെ അച്ചൻ 'ഇരുപതാം നൂറ്റാണ്ടിലെ മലങ്കരസഭ' എന്ന ഗ്രന്ഥത്തിൽ സത്യസന്ധമായി രേഖപ്പെടുത്തിയിട്ടുണ്ട്. 'വടക്കൻ ഭദ്രാസനങ്ങളിലെ ഏറെ കുട്ടികളിൽ ഒരു കാലത്ത് ഊറിക്കൂടിയിരുന്ന അറിവും അഭിലാഷവും' ഒരു പരിധി വരെ ചെറുപ്പകാലത്ത് അച്ചനെയും അധീനമാക്കുവാൻ സാഹചര്യമുണ്ടായി

രുന്നു. വടക്കുള്ള ഓരോ ഇടവകയിലും മെത്രാൻകക്ഷിയുടെ നിലപാടുകൾ ശരിയായതാണെന്ന് ബോദ്ധ്യമുള്ള അനേകർ അന്നും ഇന്നുമുണ്ട്. പാത്രിയർക്കീസ് പക്ഷക്കാർ കൈയേറി കൈവശപ്പെടുത്തിയിരിക്കുന്ന പള്ളികളിലൊക്കെ അത്തരം ചിന്താഗതിക്കാർ ഇന്നും ഉണ്ട്. പലരും ശവക്കോട്ടയിൽ ശവം അടക്കിക്കില്ലെന്ന ഒളിയമ്പും ഊരുവിലക്കെന്ന ഭീഷണിയും ഒക്കെ ഭയന്ന് പ്രത്യക്ഷമായ എതിർപ്പിനു തുനിയാതെ മൗനമായി സഹിക്കുകയാണ്. അക്കാലത്ത് കാതോലിക്കാപക്ഷത്തിന് അനുകൂലമായ നിലപാടെടുത്തിരുന്നതു മൂലം, വെണ്ട്രപ്പിള്ളിൽ അച്ചന്റെ ഇടവകയായ നടമേൽപള്ളിയിലെ ബഹുമാനപ്പെട്ട വടയാടിയിൽ പൗലോസ് കത്തനാരെ അവിടെ സംസ്കരിക്കുന്നതിന് ആ പള്ളിക്കർ തടസ്സം ഉണ്ടാക്കിയതിനാൽ, ഓണക്കൂർ വാളനടിയിൽ സ്കറിയാ കത്തനാരുടെ നേതൃത്വത്തിൽ അവരുടെ പള്ളിയിൽ സംസ്കരിക്കേണ്ടിവന്നു. സ്ലീബാദാസ സമൂഹസ്ഥാപകനായ മൂക്കഞ്ചേരിൽ തിരുമേനി, ലോകപ്രശസ്ത വേദശാസ്ത്രപണ്ഡിതനായ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി മുതലായവർ മേല്പറഞ്ഞ ഊരുവിലക്കിന്റെ ഇരകളായിരുന്നല്ലോ, നടമേൽപള്ളിയിൽ.

എന്നാൽ 1958-ൽ സഭയിലുണ്ടായ അനുരഞ്ജനം മുമ്പുണ്ടായിരുന്ന അബദ്ധധാരണകളെ തിരുത്തുവാനും സത്യം ജയിക്കുവാനും ഇടയാക്കി. നേരത്തേ പാത്രിയർക്കീസ് പക്ഷത്തു നിലയുറപ്പിച്ചിരുന്ന സത്യാന്വേഷികളും സ്വാർത്ഥലക്ഷ്യങ്ങളില്ലാത്തവരുമായ അനേകർ, പഴയ മുടന്തൻന്യായങ്ങൾ കഴമ്പില്ലാത്തതായിരുന്നുവെന്ന് മനസ്സിലാക്കി. അതുകൊണ്ട് 1970 മുതൽ സഭാരംഗത്ത് ഒളിവിൽ തുടങ്ങിവച്ച കക്ഷിവഴക്കിന്റെ കപടലക്ഷ്യങ്ങൾ അവർ തിരിച്ചറിയുകയും അത്തരം നീക്കങ്ങളോട് മുഖം തിരിച്ച് സഭയുടെ പൊതുനിലപാടിനോട് കൂറു പുലർത്തുകയും ചെയ്തു. അകാരണവും അടിസ്ഥാനരഹിതവും അക്രൈസ്തവതരവുമായ പുതിയ സഭാതർക്കത്തിൽ ഓർത്തഡോക്സ് സഭയുടെ നിലപാടിനോട് അർത്ഥശങ്ക കൂടാതെ യോജിക്കുകയും വിഘടിതപ്രവർത്തനങ്ങളെ പ്രതിരോധിക്കുവാൻ സഭാസംരക്ഷണസമിതിയുണ്ടാക്കുകയും അതിന്റെ പ്രവർത്തനങ്ങളിൽ ആപത്ശങ്കയെ അവഗണിച്ചും ശക്തമായി പ്രവർത്തിക്കുകയും ചെയ്ത നേതൃനിരയിലെ പ്രമുഖനായ വന്ദ്യപുരോഹിതനാണ് വെണ്ട്രപ്പിള്ളിലച്ചൻ. വടക്കൻപ്രദേശങ്ങളിൽ ഓർത്തഡോക്സ് സഭാസംരക്ഷണത്തിന് സംഘടിപ്പിച്ച വിശദീകരണ മഹായോഗങ്ങളിൽ അച്ചന്റെ സരസവും വിജ്ഞാനപ്രദവും വിഘടനവാദങ്ങളുടെ അർത്ഥശൂന്യത വെളിപ്പെടുത്തുന്നതുമായ പ്രസംഗങ്ങൾ - ആക്ഷേപഹാസ്യത്തിന്റെ മേമ്പൊടി ചേർത്തവ - വിഘടിതവിഭാഗത്തിന് ഒട്ടൊന്നുമല്ല അസഹിഷ്ണുതയുണ്ടാക്കിയത്.

വടവുകോട് അദ്ദേഹത്തിന്റെ വസതിയിൽ നിന്ന് പല തവണ അത്തരം യോഗങ്ങളിലേക്ക് വിളിച്ചു കൊണ്ടു വരികയും തിരികെ കൊണ്ടുവിടുകയും ചെയ്യുവാൻ ഈയുള്ളവന് ഇടയായിട്ടുണ്ട്. പലപ്പോഴും രാത്രികളിൽ ഈയുള്ളവന്റെ ഇരുചക്രവാഹനത്തിൽ സന്തോഷത്തോടെയായിരുന്നു യാത്രകൾ. ആദ്ദേഹത്തിന്റെ ലളിതജീവിതത്തിന്റെ ഉദാഹരണം കൂടിയാണത്. അത്തരം യാത്രകളിലെ ആത്മാർത്ഥതയുള്ള എത്രയോ സംഭാഷണങ്ങൾ മധുരസ്മരണകളായുണ്ട്. മലങ്കരസഭയിൽ ഏറെ സമുന്നതസ്ഥാനങ്ങൾ അലങ്കരിച്ചിരുന്ന ആ ശ്രേഷ്ഠപുരോഹിതൻ, പൊങ്ങച്ചമേതുമില്ലാതെ എളിയ നിലയിലുള്ളവരോട് ഏറെ അടുപ്പത്തോടെ ഇടപെട്ടിരുന്നവെന്ന് അനുഭവത്തിൽ നിന്ന് പറയാനാകും. പാണ്ഡിത്യഗർവ്വമോ കപടനാട്യമോ അദ്ദേഹത്തെ തീണ്ടിയിരുന്നില്ല. യുവജനപ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡണ്ടായിരുന്ന അച്ചനും ജനറൽ സെക്രട്ടറിയായിരുന്ന ശ്രീ കെ.എം. മാത്യു സാറും (കണ്ടത്തിൽ, തിരുവല്ല) അത്തരം മാതൃകാപരമായ പെരുമാറ്റം കൊണ്ട് എന്നെപ്പോലെയുള്ള പലരെയും സഭാരംഗത്ത് നിരന്തരം അടുപ്പിച്ചു നിർത്തി എന്നതും പറയാതെ വയ്യ. അദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ തലപ്പത്ത് അന്ന് ആത്മാർത്ഥമായി പ്രവർത്തിച്ചിരുന്ന ബഹുമാന്യരായ പൂർവ്വകാലപ്രവർത്തകരുടെ സേവനമേന്മ ഇന്ന് മുഴുവൻസമയം പ്രവർത്തിക്കുന്നവർക്കുണ്ടോ എന്ന് സംശയമാണ്. അന്ന് അത്മേനികളിൽ നിന്ന് സന്നദ്ധസേവകരായി രംഗത്തു വന്നവർക്കുണ്ടായിരുന്ന ഊർജ്ജസ്വലതയും പ്രതിഫലേച്ഛയില്ലാത്ത ത്യാഗസന്നദ്ധതയും ഇന്ന് പൂർണ്ണസമയം പ്രവർത്തിക്കുന്ന വൈദികർക്കും മറ്റും മാതൃകയാക്കാവുന്നതാണ്.

സഭാരംഗം ഏറെ കലുഷിതമായിരുന്ന അക്കാലത്ത് വടവുകോടു നിന്ന് മറ്റു രണ്ടു ബഹുമാന്യവൈദികരും ഓർത്തഡോക്സ് സഭാസംരക്ഷണ പ്രവർത്തനങ്ങളിൽ സജീവരായിരുന്നു. സെമിനാരി അദ്ധ്യാപകനും മലങ്കരമല്പാനും വൈദികവിദ്യാർത്ഥികളുടെ മല്പാനപ്പച്ചനുമായിരുന്ന ബഹുമാനപ്പെട്ട ഞാർത്താങ്കൽ കോരുതു മല്പാനും, വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ആദ്യകാലസെക്രട്ടറിയും യുവജനപ്രസ്ഥാനത്തിന്റെ മുൻനിരയിലെ നേതാവുമായിരുന്ന പിറവം ആലപ്പാട്ട് എൻ.എം.തോമസ് കത്തനാരും. ഈ ത്രിമൂർത്തികൾ അനേക പീഡനങ്ങളെയും അവഹേളനങ്ങളെയും അതിജീവിച്ചാണ് സത്യസന്ധമായ സഭാനിലപാടുകളിൽ അചഞ്ചലരായി വടവുകോട്ടിൽ നിലകൊണ്ടതും നേതൃത്വം വഹിച്ചതും.

മലങ്കരസഭയുടെ വടക്കൻഭാഗത്ത് കക്ഷിവഴക്കിന്റെ നിർഭാഗ്യകരമായ ശോചനീയാവസ്ഥ ഇന്നും തുടരുകയാണ്. സഭയുടെ വിശ്വാസപ്രമാണങ്ങളും വേദശാസ്ത്രവും പാരമ്പര്യവും ചരിത്രവും വേണ്ടപോലെ മനസ്സിലാക്കിയിട്ടില്ലാത്തവരാണ് വിദേശസഭാമേലദ്ധ്യക്ഷന്മാരുടെ പേരു പറഞ്ഞ് വിഭാഗീയതയും വിഭജനവും ഉണ്ടാക്കുന്നത്. മലങ്കരസഭയുടെ

ഓരോ പിളർപ്പിന്റെയും പിറകിൽ ഈ അജ്ഞതയാണ് കാരണം. ഓരോ പ്രാദേശികസഭയും അതതിന്റെ മേലദ്ധ്യക്ഷന്റെ കീഴിൽ സ്വതന്ത്രമാണ്. രാഷ്ട്രീയാധികാരികളുടെ അധികാരദാഹവും കൊളോണിയൽ മോഹങ്ങളുമാണ് സഭകളിൽ സ്വാധീനംചെലുത്തി പിളർപ്പുകളുണ്ടാക്കിയത്. ലോകാനുകാരികളാകരുതെന്ന ഉപദേശം മറന്ന സഭകൾ അതിരു വികസിപ്പിച്ച് അധികാരപ്രമത്തതയ്ക്കൊരുങ്ങുന്നു. മലങ്കരസഭയിലെ വിഘടിതവിഭാഗം (യാക്കോബായക്കാർ എന്ന ആക്ഷേപപദം അലങ്കാരമായി കരുതുന്നവർ) പാത്രിയർക്കീസ് എന്ന സ്ഥാനിയുടെ വെറും അടിമകളാണെന്ന് തെളിയിക്കുന്ന വാർത്തകളാണല്ലോ ഇപ്പോൾ വരുന്നത്. പണ്ടേ തന്നെ സ്ഥാനികമായ പദവിയോ അവകാശമോ ഇല്ലാതെ നാമമാത്രമായ പേരു പേറുന്ന അവരുടെ കാതോലിക്കായും സുന്നഹദോസും പാത്രിയർക്കീസിന്റെ ആജ്ഞാനുവർത്തികൾ മാത്രമാണെന്നും അവർക്ക് മലങ്കരയിൽ പാത്രിയർക്കീസിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കപ്പുറം ഒരു പ്രവർത്തനസ്വാതന്ത്ര്യവും ഇല്ലെന്നും കൂടുതൽ വ്യക്തമായിരിക്കുന്നു. പാത്രിയർക്കീസിന്റെ താന്തോന്നത്തത്തിന് എതിരായി അവർക്ക് ശബ്ദമുയർത്തുവാനാകില്ലല്ലോ. അങ്ങനെയുള്ള നിലപാടാണല്ലോ അവരുടേത്. ശബ്ദമുയർത്തിയാൽ പുതിയൊരു 'ശ്രേഷ്ഠകാതോലിക്കാ കക്ഷി' രൂപപ്പെടും. അതിനു സാദ്ധ്യത കുറവാണ്. 'അമ്മയെ മറന്നാലും അന്ത്യോഖ്യായെ മറക്കില്ലെ'ന്നാണല്ലോ മുദ്രാവാക്യം. ('പൗരോഹിത്യം രാജ്യം പ്രവചനമെന്നിവയെന്യേ യൂദന്മാരേ നിങ്ങടെ നിലയും സർവ്വം ശൂന്യം' എന്നതിലെ സൂചന പോലെ പൂർവ്വികതകളും ആസ്ഥാനവും നഷ്ടപ്പെട്ട് സിറിയൻസഭയും അനുദിനം നാശോന്മുഖമായി വരുന്നത് മലങ്കരസഭയെ പിളർത്തി നശിപ്പിക്കുന്നതിന്റെ ദൈവികശിക്ഷ മൂലമാണോ?)

അത്മേനികളും വൈദികസ്ഥാനികളും എല്ലാം സഭയുടെ പാരമ്പര്യപ്രകാരമുള്ള പദവികളും അവകാശങ്ങളും ചുമതലകളും ഉള്ളവരാണ്. ഓരോ സ്ഥാനിയും സഭയുടെ ചട്ടംകെട്ടുപ്രകാരം പ്രവർത്തിക്കേണ്ടവരാണ്. ഒരു സ്ഥാനിക്കും ആ ചട്ടംകെട്ടിനപ്പുറം - ഭരണഘടനയ്ക്കപ്പുറം - ഒരധികാരവും കൈയാളാനാകില്ല. അധികാരം സേവനത്തിനുള്ളതാണ്; ചുമതലയാണ്. തന്നിഷ്ടം പ്രവർത്തിക്കുവാൻ ആർക്കും സാദ്ധ്യമല്ല. ഈ സത്യം ബഹുമാനപ്പെട്ട വെണ്ട്രപ്പിള്ളിൽ അച്ചനെപ്പോലെയുള്ളവർ മനസ്സിലാക്കി; അതിൽ തന്നെ ഉറച്ചു നിന്നു; ആ നിലപാട് ആത്മാർത്ഥമായി പ്രചരിപ്പിച്ചു. അത് വേണ്ടവിധം മനസ്സിലാക്കാതെപോയവരിൽ നിന്നുള്ള എതിർപ്പുകൾ അച്ചൻ തൃണവത്ഗണിക്കയും ചെയ്തു. അനുകരണീയമായ ആ വ്യക്തിത്വത്തിന്റെ മുമ്പിൽ പ്രണാമം അർപ്പിക്കുന്നു.

(അൽമായ പ്രേഷിത പ്രവർത്തനം എങ്ങനെ നിർവ്വഹിക്കണമെന്ന് സ്വാനുഭവവേദിയിൽ സഭാമക്കൾക്കു കാണിച്ചുകൊടുക്കുന്ന വടക്കൻ പ്രദേശത്തു നിന്നുള്ള ലേഖകൻ സഭാചരിത്ര പഠിതാവ്, ഗ്രന്ഥകാരൻ എന്നീ ഖ്യാതിയും ആർജ്ജിച്ചെടുത്തിട്ടുണ്ട്.)

വണ്ടർഫുള്ളി വെണ്ടറപ്പള്ളിലച്ചൻ ഒരു ഗുരുസ്മൃതി

തോമസ് ഏബ്രഹാം വടക്കേക്കര, മല്ലപ്പള്ളി

യശ്ശഃശരീരനായ എന്റെ ഗുരുശ്രേഷ്ഠൻ ജോസഫ് വെണ്ടറപ്പിള്ളിലച്ചനെ (അന്ന് ശെമ്മാശൻ) ക്കുറിച്ച് ഒരു സ്മരണികാ വാല്യം പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നതായും അതിലേക്ക് ഒരു ഓർമ്മക്കുറിപ്പ് എഴുതിക്കൊടുക്കണമെന്നും എഡിറ്റർ ഡോ. റ്റി. പി. ഏലിയാസ് അച്ചൻ പറഞ്ഞപ്പോൾ ഞാൻ അമ്പരന്നുപോയി. ഭാരതീയ സംസ്കൃതിപ്രകാരം, നിസ്സാര ശിഷ്യനായ ഞാൻ ഗുരുവിനെ വിലയിരുത്തുന്നത് ഗുരുത്വദോഷമല്ലേ എന്ന് ശങ്കിച്ചു. മറിച്ച് ഒരു നെയ്ത്തിരി സമർപ്പണം കണക്കെ ഗുരുപൂജയാകുന്നതിൽ അപാകതയില്ല എന്ന് മാറി ചിന്തിച്ചു. ഒരു വിദ്യാർത്ഥിക്ക് ചുരുങ്ങിയ കാലയളവിൽ തന്റെ അദ്ധ്യാപകന്റെ ജനനം മുതൽ മരണം വരെയും, മരണാനന്തര വിലയിരുത്തലുകളും സമഗ്രമായി മനസിലാക്കുക ദുഷ്കരം തന്നെ. ഗുരുവിനെ ചിലർ കടത്തു വഞ്ചിയോടുപമിയ്ക്കാറുണ്ട്. വഞ്ചി നല്ലതാവണം, ചോർച്ച അപകടകരം. ദീർഘയാത്രയിൽ നദി കടന്നു കഴിഞ്ഞവർക്കു വഞ്ചി ആ കടത്തിൽ ഇനി വേണ്ട. പക്ഷേ, വഞ്ചിയെ മറന്നുകൂടാ. വീണ്ടും ചില നദികൾ കടക്കേണ്ടി വരാം. ഗുരു-ശിഷ്യ ബന്ധം പാവനമാകണമെങ്കിൽ ഗുരു, ഗുരുവിനു ചേർന്നപടിയും, ശിഷ്യൻ, ശിഷ്യനുചേർന്നപടിയും പെരുമാറേണ്ടതുണ്ട്. ഈ തത്വം എന്റെ പ്രിയ ശെമ്മാശ്ശൻ സാറിന്റെ കാര്യത്തിൽ തികച്ചും അന്വർത്ഥം എന്ന് തന്നെ പറയാം.

ഒരു വ്യക്തിയെ വിശകലനം ചെയ്ത് പഠിക്കുമ്പോൾ, വ്യക്തിത്വം മനസിലാക്കാൻ ആറു കാര്യങ്ങൾ ശ്രദ്ധിക്കണമെന്നാണ് Oxford Encyclopaedia of Biographies നിർദ്ദേശിക്കുന്നത്. അവ ചുരുക്കമായി – വ്യക്തിയുടെ ജനനം, ബാല്യം, വളർച്ചയുടെ പടവുകൾ, എന്തെല്ലാം കാര്യങ്ങൾ പറഞ്ഞു, തലമുറയ്ക്കായി എന്തെല്ലാം എഴുതി, അനുകരണീയമായും മാതൃകാപരമായും ചെയ്ത കാര്യങ്ങൾ ഏവ, ജീവിതത്തിൽ നയിച്ച ആദർശങ്ങൾ, വ്യക്തികൾ, അന്ത്യം എങ്ങനെ? എവിടെ? ജോസഫ് എന്ന പുണ്യനാമധാരിയായ സ്മര്യപുരുഷൻ കൊച്ചി രാജ്യസിരാ കേന്ദ്രങ്ങളിലൊന്നായ തൃപ്പൂണിത്തുറയിലെ കുലീന നസ്രാണി വൈദിക കുടുംബമായ വെണ്ടറപ്പിള്ളിൽ ജനിച്ചു. ഹീബ്രൂ ഭാഷയിൽ ജോസഫ് എന്ന വാക്കിന് 'ദൈവം വർദ്ധിപ്പിക്കുന്നു' എന്നർത്ഥം. പഴയനിയമത്തിൽ യാക്കോബിന്റെ പതിനൊന്നാം പുത്രനും, റാഹേലിന്റെ കടിഞ്ഞൂലും

പുതിയനിയമത്തിൽ യേശുവിന്റെ അമ്മ മറിയയുടെ ഭർത്താവ്, യേശുവിന്റെ വളർത്തച്ഛൻ - ദാവീദിന്റെ വംശാവലിയിൽപെട്ട ജോസഫ് വഴി, യേശുവിന് രാജത്വം ലഭിക്കുന്നു. യഹൂദ, ക്രൈസ്തവ, ഇസ്ലാം പാരമ്പര്യത്തിൽ ജോസഫ് എന്ന നാമം ഒരുപോലെ മഹത്വവത്ക്കരിക്കപ്പെട്ടത്. ഇപ്രകാരം എല്ലാ തലത്തിലുമുള്ള മഹത്വം സാർത്ഥകമാക്കുമാറ് ലഭിച്ച താലന്തുകൾ കുഴിച്ചുമൂടാതെ വൈദികവൃത്തിയിലൂടെ ആത്മാക്കളെ പല മടങ്ങു നേടിയതായും, വിദ്യകൊടുക്കുന്തോറും ഏറീടുമെന്നുള്ള ചൊല്ല് അദ്ധ്യാപനത്തിലൂടെ പൂർത്തീകരിച്ചതായും അച്ചന്റെ ജീവിതരേഖ സ്പഷ്ടമാക്കുന്നു.

സുമാർ 60 വർഷം പുറകിലുള്ളതും എന്നിൽ ശോഭയാർന്നു കിടക്കുന്നതുമായ മധുരസ്മരണകൾ:- തിരുക്കൊച്ചിയിലെ എറണാകുളം ജില്ലയുടെ പ്രാന്തപ്രദേശമായ കുന്നത്തുനാട് താലൂക്കിലെ രമണീയമായ ഒരു കർഷകഗ്രാമമാണ് വടവുകോട്. പഴയ കൊച്ചി രാജ്യത്തിന്റെ ഒരു ഭാഗം. നാട്ടുരാജ്യങ്ങൾക്കിടയിലെ യുദ്ധാനന്തര, രാജകീയ ഉടമ്പടി പ്രകാരം പഴയ തിരുവിതാംകൂർ ഭൂവിഭാഗവുമായി (പുത്തൻകുരിശ്) ആൾവലിപ്പത്തിലധികമുള്ള രാജമുദ്രയുള്ള, അതിരുകല്ലുകളാൽ അതിർത്തി നിർണ്ണയിച്ച് സമാധാനപ്രിയനും പണ്ഡിതരാജനും രാജർഷി എന്ന അഭിധാനവുമുള്ള പ്രജാവത്സലനായ രാമവർമ്മ തമ്പുരാന്റെ സംരക്ഷണയിൽ കഴിയുന്ന ശുദ്ധ ഗ്രാമീണർ. എവിടെ തിരിഞ്ഞങ്ങു നോക്കിയാലും ഇല്ലിമുളംകാടുകളും, ഫലവൃക്ഷങ്ങളും, പഴങ്ങൾ നിറഞ്ഞ കുറ്റിച്ചെടികളും, സുഗന്ധപ്പുൽമേടുകളും, അന്തരീക്ഷത്തിൽ പോലും സുഗന്ധം നിറച്ചുനിൽക്കുന്ന സുഗന്ധപ്പുൽവാറ്റുപുരകളും നിറഞ്ഞ മലമടക്കുകളും ഇവകൾക്കിടയിൽ സ്വർണ്ണവർണ്ണമുള്ളതും, പോഷണ സമൃദ്ധമായ മണികളാൽ തല കുമ്പിട്ടു കാറ്റിലാടി നില്ക്കുന്ന നെൽച്ചെടികൾ നിറഞ്ഞ പാടങ്ങളും, അവയ്ക്കിടയിലെ വെള്ളിനൂൽ കണക്കെയുള്ള തോടുകളും, മറ്റങ്ങളും ഈശ്വരാഭിമുഖ്യം സ്ഫുരിയ്ക്കുന്ന മുഖങ്ങളുള്ള ദൃഢഗാത്രരായ കർഷകരും, കർഷക തൊഴിലാളികളും വളർത്തുമൃഗങ്ങളും നിറഞ്ഞ പ്രദേശം. ചെറുപ്രാണികളുടെയും കിളികളുടേയും കളകൂജനങ്ങളും, രാത്രിജീവികളുടെ വിചിത്രവീചികളും, തേക്കുപാട്ടിന്റെ ശീലുകളും നിറഞ്ഞ പ്രഭാത സന്ധ്യാ യാമങ്ങൾ. നാടൻ സാങ്കേതിക വിദ്യയിൽ മൃഗങ്ങളും, മനുഷ്യരും ചേർന്ന് സുഗമമായി പ്രവർത്തിക്കുന്ന തേക്കുതോണികൾ, എവിടെയും തലയുയർത്തി നിൽക്കുന്നത് ഉദ്വേഗം ജനിപ്പിക്കുന്നത് തന്നെ. സസ്യശ്യാമളകോമളമായ കുന്നുകളുടെ നിറുകയിൽ എല്ലാം, ആരാധനാമൂർത്തികളും, അവയുടെ പരിസരത്ത് പുല്ലും ഓലയും ഓടും മേഞ്ഞ ഭവനങ്ങൾ, ഇവയിലെ മുനിഞ്ഞു കത്തുന്ന ദീപനാളങ്ങളും, ദേവസ്തുതികളും, സന്ധ്യാരാഗങ്ങളും ദൃശ്യശ്രവണ സുഭഗമത്രേ.

ഇതേ മാതിരിയെല്ലാം അനുഗ്രഹീതമായ കുന്നുകളിലൊന്നിലാണ് വടവുകോട്ടെ കുലീന ധനാഢ്യനും, സംസ്കൃതചിത്തനും, ഭാഗ്യസ്മര ണാർഹനുമായ കാടായത്ത് കെ. പി. ഏബ്രഹാമിനാൽ സുസ്ഥാപി തമായ രാജർഷി മെമ്മോറിയൽ സ്കൂൾ എന്ന വിജ്ഞാനകേന്ദ്രം പ്രഭ ചൊരിഞ്ഞ് നിൽക്കുന്നത്. അനുബന്ധമായി നമസ്കരിച്ച് ഉണ്ടു താമ സിച്ച്, പഠിക്കുന്നതിനു വേണ്ടി ഭഗവൽസാന്നിദ്ധ്യം നിറഞ്ഞ വൃന്ദാവൻ ഭവനവും അക്കാലത്ത് എസ്.എസ്.എൽ.സി. എന്ന വലിയ കടമ്പ കടക്കാൻ ശ്രമിക്കുന്നവരുടെ ആശ്രയകേന്ദ്രം എന്ന നിലയിൽ നൂറു ശതമാനം വിജയമുള്ള ഈ വിദ്യാലയം എവിടെയും കീർത്തി കേട്ടതും. അജ്ഞാനത്തിൽ നിന്നും ജ്ഞാനത്തിലേക്കുള്ള പ്രയാണത്തിൽ അസ് മാദൃശനെപ്പോലെ ആയിരങ്ങൾ അഭയംതേടി, ഈ വിദ്യാലയ മുത്തശ്ശി യുടെ മടിത്തട്ടിലണഞ്ഞു, പരിലാളനയേറ്റു. വടവുകോട്ടെ ചെറിയ മൂന്നു നാലു കെട്ടിടങ്ങൾ മാത്രമടങ്ങിയ വലിയ, ചെറിയ പട്ടണവും സ്കൂളിന്റെ പരിസരത്തു തന്നെ. അത്യാവശ്യം ഗതാഗത സൗകര്യമുള്ള ചെമ്മണ്ണു നിറഞ്ഞ നാട്ടുറോഡിൽ വൈദ്യുതിയുടെ സാന്നിദ്ധ്യം അറിയിച്ചിട്ടുണ്ടെ ങ്കിലും സ്കൂളിലും വൃന്ദാവനിലും മണ്ണെണ്ണ വിളക്കു തന്നെ ആശ്രയം. ഞാൻ വടവുകോട്ട് വിദ്യാർത്ഥിയായിരുന്ന 1955, 1957 കാലത്ത് വിദ്യാർ ത്ഥികളുടെ ആരാധനാമൂർത്തിയും, ഋഷിതുല്യനുമായ ഗുരുശ്രേഷ്ഠൻ എം. വി. മത്തായിക്കൊപ്പം ഒരു പറ്റം പരിണിതപ്രജ്ഞരായ അദ്ധ്യാപകർ – ഒരു കൂട്ടുകുടുംബം പോലെ രാവിരുൾഭേദമെന്യെ അർത്ഥികളുടെ അജ്ഞാനാന്ധകാരമകറ്റാൻ കഠിനാദ്ധ്വാനം തപസ്യയാക്കിയവരാ യു ണ്ടായിരുന്നു. രാജർഷി കുന്നിൽ അദ്ധ്യാപനത്തിന്റെ അകവും പുറവും വൈദികനിഷ്ഠയാൽ മുദ്രിതമാക്കി വണ്ടർഫുൾ ശെമ്മാശ്ശൻ എന്ന് രഹ സ്യമായി വിളിപ്പേർ ഉള്ള ജോസഫ് അന്നവിടെ സാമൂഹ്യശാസ്ത്ര അദ്ധ്യാപകനായും വാർഡനായും പ്രവർത്തിച്ചിരുന്നു. വാർഡനായിരി ക്കുമ്പോൾ ചെറിയ കുട്ടികളുടെ ഊണും, ഉറക്കവും, ശുചിത്വവും, വസ്ത്ര ധാരണവും, പഠിപ്പും, സ്വഭാവ രൂപീകരണവും , ജാഗ്രതയോടെ ശ്രദ്ധിച്ചു. നേട്ടങ്ങൾ വരിക്കുന്നവരോടു കൂടെ സംസർഗ്ഗം ചെയ്താൽ നാമും ആ വിധത്തിൽ ആയിത്തീരും. നമ്മുടെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ സുപ്രധാനമായ ഒരു പങ്ക് നാം ആരോട് സംസർഗ്ഗവും, സമ്പർക്കവും പുലർത്തുന്നു എന്നതിലാണ്. അതിനാൽ സത്സംഗം പുലർത്താൻ സ്നേഹസമ്പന്നനായ ഈ വാർഡൻ കുട്ടികളെ ഉപദേശിച്ചുപോന്നു. കായികവിനോദങ്ങളിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ പ്രേരിപ്പിച്ച ശെമ്മാ ശ്ശൻ ബാഡ്മിന്റണിലും, ഫുട്ബോളിലും, പൂന്തോട്ട പാലനത്തിലും, ചെസ്സിലും, താല്പര്യം പുലർത്തി. വായനയിൽ അതീവ തല്പര നായിരുന്നതുപോലെ മറ്റുള്ളവരെ വായിച്ചു വളരുവാൻ പ്രേരിപ്പിച്ചു. ജീവിതം കൃത്യമായി ആസൂത്രണം ചെയ്യുവാനും അദ്ദേഹം കുട്ടികളെ

പ്രോത്സാഹിപ്പിച്ചു. ആകാരത്തിൽ കൃശനും, ഇരുണ്ടനിറവും, നടപ്പിലും, ചിന്തയിലും, സംസാരത്തിലും സ്പീഡും, ചുറുചുറുക്കും, തെളിഞ്ഞ ചിരിയും, അല്പാഹാരവും, ശുഭ്രവൈദികവേഷവുമായാൽ ശെമ്മാശന്റെ ആകാരഭാഷ ഏതാണ്ടാകും. 1956-ലെ മദ്ധ്യവേനൽ അവധിക്കാലത്ത് ആരാധ്യനായ ഹെഡ്മാസ്റ്റർ എം. വി. മത്തായിക്കൊപ്പം ശെമ്മാശ്ശൻ മല്ലപ്പള്ളിയിലെ എന്റെ വീട്ടിൽ വന്ന് എന്നെ ധന്യനാക്കിയത് ഉൾപ്പുളകമണിയിക്കുന്ന മധുരസ്മരണകളിൽ. ദൈവത്തെയും സഭയേയും, വിദ്യാർത്ഥികളേയും സ്നേഹിച്ച നല്ല ഇടയൻ. കാലാന്തരത്തിൽ ഡീക്കൻ ജോസഫ് വൈദിക, അദ്ധ്യാപകസത്തമൻ, അദ്ധ്യാപകരുടെ അദ്ധ്യാപകൻ (T.T.C. H.M.) എന്നീ നിലകളിൽ 'തമസോമാ ജ്യോതിർഗമയാ, അസതോമാ സദ്ഗമയാ, മൃത്യോമാ അമൃതം ഗമയാ' എന്ന കേനോപനിഷത്തുകാരന്റെ പ്രാർത്ഥന അന്വർത്ഥമാക്കി. ഈടുറ്റ പല ലേഖനങ്ങൾക്കൊപ്പം 'വെള്ളിക്കോൽ' എന്ന ഒരു ഗ്രന്ഥവും അച്ചന്റേതായുണ്ട്. ഒരാൾ സമൂഹത്തിനു ചെയ്യുന്ന നന്മകളാണ് അയാളുടെ വ്യക്തിജീവിതത്തെ ധന്യമാക്കുന്നത്. മനുഷ്യമനസ്സുകളെ ദൈവസന്നിധിയിൽ എത്തിക്കാനും സമൂഹത്തിന് വെളിച്ചം പകരാനും ദിശാബോധത്തോടെ തന്റെ ആടുകളെ നയിക്കാനും അച്ചൻ ചെയ്ത സേവനങ്ങൾ ധന്യം, മാതൃകാപരം. കുന്നത്തുനാടിന്റെ പ്രകൃതിസൗന്ദര്യത്തിലും, ഗ്രാമീണ ജീവിതത്തിലും ഹഠാദാകൃഷ്ടനായ ഫാദർ അദ്ധ്യാപനക്ഷമതയ്ക്കും, ഗ്രാമീണരെ നേടേണ്ടതിനുമായി തൃപ്പൂണിത്തുറ നിന്നും വടവുകോട്ടേക്കു താമസം മാറ്റി ഗ്രാമീണരിൽ ഒരുവനായി മാറി. ഈ പ്രവാസകാലം സ്ലീബാദാസ സമൂഹം, വടവുകോട് ക്രിസ്ത്യൻ ഹോം, മെഡിക്കൽ മിഷൻ മുതലായവയുടെ പ്രവർത്തനങ്ങളിൽ വ്യാപൃതനായി തന്റെ മിഷനറി പ്രവർത്തനങ്ങൾക്ക് മാറ്റുകൂട്ടി. ജനിതകമായും, മാതൃകാദ്ധ്യാപകർ, മൽപ്പാന്മാർ, വിശിഷ്യ ഞാർത്താങ്കൽ കോരുത് മല്പാൻ, പൗരസ്ത്യ സുറിയാനി ക്രൈസ്തവ ദാർശനികൻ പൗലോസ് മാർ ഗ്രീഗോറിയോസ് മുതലായ ജ്ഞാതരും, അജ്ഞാതരുമായുള്ളവരുടെ സമ്പർക്കത്തിലൂടെയും സഹവാസത്തിലൂടെയും ദർശനത്തിൽ ഔന്നത്യവും, പ്രവർത്തനത്തിൽ തീക്ഷ്ണതയും പുലർത്തി. പ്രതിബന്ധങ്ങളിൽ പതറാതെ ലക്ഷ്യത്തിലേക്കു മുന്നേറിയ വ്യക്തിത്വമായിരുന്നു അച്ചന്റേത്. പാരമ്പര്യമൂല്യങ്ങളെ വില മതിച്ചും, പരിഷ്കാരങ്ങളെ അംഗീകരിച്ചും മാതൃകാപരമായ ജീവിതം നയിച്ച വ്യക്തിയായിരുന്നു ഞാനറിയുന്ന വെണ്ടറപ്പിള്ളിലച്ചൻ. മനസർപ്പിച്ച് അദ്ദേഹം സഭയേയും, വിദ്യാർത്ഥികളെയും ശുശ്രൂഷിച്ച് മറ്റുള്ളവർക്ക് മാതൃകയായി, അവർക്ക് ജീവിക്കാൻ പ്രേരണ നല്കി. എക്യുമെനിക്കൽ ദർശനത്തോടെ സഭയെ സേവിച്ചു. പഠിച്ചതും, പഠിപ്പിച്ചതും സ്വജീവിതത്തിന്റെ ഭാഗമാക്കാൻ കഴിഞ്ഞതാണ് അദ്ദേഹത്തിന്റെ ജീവിതവിജയം. പ്രതിസന്ധിഘട്ടങ്ങളിൽ പോലും ഉറച്ച കാൽ

വയ്പ്പോടെ മുന്നോട്ട് നീങ്ങിയ വ്യക്തിത്വത്തിന്റെ ഉടമയായ അച്ചന്റെ പ്രവർത്തനങ്ങൾ സഭാചരിത്രത്തിലെ രേഖകളാണ്. ശിഷ്യ, സഭാജനഗണമനസുകളിൽ, ദ്യുതി മങ്ങാതെ മായാതെ അച്ചൻ പ്രശോഭിക്കുന്നു.

വടവുകോട്ട് ഞാൻ പഠിക്കുമ്പോൾ സ്കൂളും, ഭൂരിപക്ഷം അദ്ധ്യാപകരും മലങ്കരസഭയിലെ ബാവാ കക്ഷിക്കാർ. എന്നാൽ 1958-ലും, 1964-ലും ഉണ്ടായ സഭാ അനുരഞ്ജനനീക്കങ്ങളിൽ ആകൃഷ്ടനായി ഈ ഓർമ്മക്കുറിപ്പിന്റെ ടൈറ്റിൽ സൂചിപ്പിക്കുംപോലെ 'വണ്ടർഫുള്ളി വെണ്ടറപ്പിള്ളിലച്ചൻ' ഓർത്തഡോക്സ് വിഭാഗത്തിന്റെ അതിശക്തനായ വക്താവായി മാറി. പ. യാക്കൂബ് തൃതീയൻ ബാവായുടെ കല്പന അദ്ദേഹം ശിരസ്സാ ഏറ്റുവാങ്ങി. മലങ്കരസഭാചരിത്ര സത്യങ്ങളും, തിരിഞ്ഞുനോക്കുന്നവർ ഉപ്പുതൂണാകുമെന്നുള്ള പഴയനിയമ വേദഭാഗവും പ. ബാവായിൽ നിന്ന് ചരിത്രാദ്ധ്യാപകനായ അച്ചൻ നേരിട്ട് കേട്ട് പഠിച്ചു. സത്യം അച്ചനെ സ്വതന്ത്രനാക്കി. ഇതിൽ വൈരാഗ്യം പൂണ്ട ഒരു പറ്റം സഹോദര വിശ്വാസികൾ വടവുകോട് സെന്റ് മേരീസ് പള്ളിയിൽ അച്ചന്റെ ശവസംസ്കാരത്തിന് തടസ്സം സൃഷ്ടിച്ചു. ദുഃഖസ്മൃതികൾ അവശേഷിപ്പിക്കുന്നവയെങ്കിലും, സത്യത്തിനും, ധർമ്മത്തിനും വേണ്ടി ഒരു വിവാദ ശവസംസ്കാരം വരിച്ച് അച്ചൻ മലങ്കരസഭയിൽ ഒരു സഹദാഭാവം അണിയുന്നില്ലേ എന്ന് എന്റെ സ്വകാര്യമനസ്സ് മന്ത്രിക്കുന്നു. എസ്.എസ്.എൽ.സി. കടത്തിവിട്ട ഈ കടത്തുവഞ്ചി യോർദ്ദാൻ കടക്കുമ്പോഴും തുണയായിരിക്കണമേ എന്ന് പ്രാർത്ഥന! വടവുകോട് പള്ളിയിലെ ഫാ. ജോസഫ് എന്ന പുണ്യനാമം പേറുന്ന വിവാദ കല്ലറയുടെ തലക്കല്ലിനടിയിൽ വിശ്രാന്തി പൂകിയ ബഹുമാന്യ വൈദികന് ഒരു നെയ്ത്തിരി ഗുരുപൂജയായി അർപ്പിക്കുന്നു.

ആചാര്യേശാ മശിഹാ കുദാ-ശകളർപ്പിച്ചോ
രീ-ആചാര്യനേകുക പുണ്യം-നാഥാ സ്തോത്രം.

സഭയിൽ നിറഞ്ഞുനിന്ന വ്യക്തിത്വം

കെ. എം. മാത്യു തിരുവല്ല

ഇരുപതാം നൂറ്റാണ്ട് മലങ്കര ഓർത്തഡോക്സ് സഭയുടെ സുവർണ്ണ കാലഘട്ടമാണ്. സമ്പൂർണ്ണമായ സ്വയശീർഷകത്വം നേടാനും ഇന്ത്യൻ ഓർത്തഡോക്സ് സഭയായി വികസിക്കാനും സാധിച്ചു. നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ പ്രഗത്ഭമതികളും സഭയെപ്പറ്റി ദർശനമുള്ളവരുമായ കുറെയേറെ മേൽപ്പട്ടക്കാരും വൈദികരും അവൈദികരും ചേർന്നപ്പോൾ സഭ ആഗോള പ്രശസ്തി നേടി. സുവിശേഷ താൽപര്യം, അജപാലന ലക്ഷ്യം, ജീവകാരുണ്യ സംരംഭങ്ങൾ മുതലായവകൊണ്ട് സഭ ക്രിസ്തുവിന്റെ മാർഗ്ഗം കൂടുതൽ ചൈതന്യവത്തായി പിൻതുടരുവാൻ തുടങ്ങി. ഈ അരനൂറ്റാണ്ടു കാലത്താണ് ബഹുമാനപ്പെട്ട ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ സഭയിൽ നിറസാന്നിദ്ധ്യമായിരുന്നത്. വാർദ്ധക്യത്തിന്റെ മറവി എന്റെ ചിന്തയിൽ മാറാല പടർത്തുന്നതുകൊണ്ട് കാലഗണനയുടെ അക്കങ്ങൾ നിശ്ചയമില്ലെങ്കിലും അച്ചനെ ഓർമ്മിപ്പിക്കുന്ന ചില സംഭവങ്ങൾ പച്ചപിടിച്ചുതന്നെ നിൽക്കുന്നുണ്ട്. അവയിൽ ചിലതുമാത്രം കുറിക്കട്ടെ.

അഖിലലോക സഭാകൗൺസിൽ നിർണ്ണായക നേതൃത്വം വഹിച്ചിരുന്നപോൾ വറുഗീസ് അച്ചൻ (പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി) ഓറിയന്റൽ ഓർത്തഡോക്സ് സഭകൾക്ക് ഏകീകൃതമായ സണ്ടേസ്കൂൾ കരിക്കുലം തയാറാക്കുവാനായി നിയോഗിക്കപ്പെട്ടു. അതു തയ്യാറായശേഷം പാഠങ്ങൾ എഴുതുവാനായി മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്ന് ഏതാനും പേരെ തിരഞ്ഞെടുത്തു. എം. വി. ജോർജ്ജ് അച്ചൻ (ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി) ഫാ. ഡോ. റ്റി. ജെ. ജോഷ്വാ, ഫാ. സി. വി. ജോർജ്ജ്, ഫാ. ജോസഫ് വെണ്ടറപ്പിള്ളി, പി. വി. വറുഗീസ് ക്ലേറി മുതലായവരുടെ കൂട്ടത്തിൽ ശൗലും പ്രവാചകഗണത്തിൽ എന്നതുപോലെ ഞാനും ഉണ്ടായിരുന്നു.

വിവിധ ക്ലാസ്സുകളിലെ പാഠങ്ങളിൽ ഉൾപ്പെടുത്തേണ്ട ആശയങ്ങൾ, അവയുടെ അവതരണം മുതലായവയെപ്പറ്റിയുള്ള ചർച്ചയിൽ എന്നെ ആകർഷിച്ച രണ്ടു കാര്യങ്ങൾ ഉണ്ട്. ദൈവം സഭയ്ക്കു നൽകിയ ഒരു മഹാപ്രതിഭയാണ് പോൾ വറുഗീസ് അച്ചൻ എന്നുള്ളതാണ് ആദ്യത്തേത്. ഫാ. വെണ്ടറപ്പിള്ളിയെ പരിപാടിയുടെ സംഘാടകനായി നിയമിച്ചതിലുള്ള യുക്തിഭദ്രതയാണ് രണ്ടാമത്തേത്. പിൽക്കാലത്ത് അനേകം സന്ദർഭങ്ങളിൽ ഇവരെ ഒന്നിച്ചു കാണാനിടയായതിന്റെ കാരണവും സുവ്യക്തമായിരുന്നു. നല്ലതു നല്ലതിനോടു ചേരണം.

1958–ലെ സുപ്രീം കോർട്ടുവിധിയോടുകൂടി സഭ ഒന്നായപ്പോൾ മുമ്പു പാത്രിയർക്കീസ് വിഭാഗത്തിൽ നിന്നവരുടെയിടയിലെ തലയെടുപ്പുള്ള പുരോഹിതനായിരുന്നു, ഫാ. ജോസഫ് വെണ്ടറപ്പിള്ളി. ആദ്യത്തെ സണ്ടേ സ്കൂൾ ഡയറക്ടർ ജനറലായി റവ. ഡോ. കുര്യൻ കണിയാംപറമ്പിൽ കോർ എപ്പിസ്കോപ്പാ നിയമിതനായപ്പോൾ വെണ്ടറപ്പിള്ളി അച്ചൻ ഭദ്രാസന ഡയറക്ടറായിരുന്നു. പിന്നീട് ഒരു വിഭാഗം സഭയിൽനിന്ന് അകന്നുപോയപ്പോഴും അച്ചൻ ഓർത്തഡോക്സ് സഭയിലെ മുൻനിരയിൽ നിന്നുതന്നെ പ്രവർത്തിച്ചു. ആവശ്യത്തിനൊത്ത് പ്രവർത്തിക്കുവാനുള്ള കഴിവ് ദൈവം അദ്ദേഹത്തിനു നൽകി അനുഗ്രഹിച്ചിരുന്നു.

വെണ്ടറപ്പിള്ളി അച്ചനുമായുള്ള എന്റെ സൗഹൃദം യുവജനപ്രസ്ഥാനത്തിലൂടെയാണ് വളർന്നുവന്നത്. ഞാൻ യുവജനപ്രസ്ഥാനം ട്രഷറർ, ജനറൽ സെക്രട്ടറി, സഭാ മാനേജിംഗ് കമ്മറ്റിഅംഗം എന്നീ നിലകളിൽ പ്രവർത്തിച്ച പതിനൊന്നു വർഷം ഞങ്ങൾ വളരെ അടുത്തിടപെടുകയുണ്ടായി. പ. മാത്യൂസ് ദ്വിതീയൻ, പ. ദിദിമോസ് പ്രഥമൻ, എന്നീ ബാവാമാർ മെത്രാപ്പോലീത്തന്മാരായിരുന്ന കാലത്ത് യുവജനപ്രസ്ഥാനം പ്രസിഡണ്ടാന്മാരായിരുന്നിട്ടുണ്ട്. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയും അഞ്ചുകൊല്ലം പ്രസിഡണ്ടായിരുന്നു. ഈ ഘട്ടത്തിൽ വടക്കൻ ഭദ്രാസന പ്രതിനിധിയായി അച്ചനും കമ്മിറ്റിയിൽ ഉണ്ടായിരുന്നു. വാർഷിക സമ്മേളനങ്ങളിലും കാര്യാലോചനായോഗങ്ങളിലും അച്ചൻ തന്റെ നേതൃപാടവം തെളിയിച്ചു. പലപ്പോഴും തീരുമാനങ്ങൾ എടുക്കേണ്ട സന്ദർഭങ്ങളിൽ രൂക്ഷമായ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ അവസരങ്ങളിലൊക്കെ അനുരഞ്ജനത്തിന്റെ ആത്മാവിൽ അഭിപ്രായങ്ങൾ പറഞ്ഞ് കൂട്ടായ തീരുമാനത്തിലെത്തിക്കാൻ അച്ചൻ വിജയിച്ചതായി ഓർക്കുന്നു. അഭിപ്രായ സമന്വയത്തിലെത്താൻ കഴിയാത്തതാണല്ലോ ഇന്നത്തെ അരക്ഷിതാവസ്ഥയ്ക്കു കാരണം.

പക്വതയുള്ള ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു, അദ്ദേഹം. ക്രിസ്തീയ സാക്ഷ്യം ഉയർത്തിപ്പിടിക്കുവാനും എല്ലാ സഭകളോടും സൗഹൃദമനോഭാവം പുലർത്തുവാനും അദ്ദേഹം ശ്രമിച്ചിരുന്നു. വിവിധ സഭകൾ ഉൾപ്പെടുന്ന കോൺഫ്രൻസുകളിൽ സഭയുടെ പ്രതിനിധിയായി അച്ചൻ സംബന്ധിച്ചിട്ടുണ്ട്. ഒരു മാതൃകാദ്ധ്യാപകൻ എന്ന നിലയിൽ സമഭാവന, സാമൂഹ്യപ്രതിബദ്ധത, ഉയർന്ന ധാർമ്മികമൂല്യം എന്നിവ അച്ചന്റെ വ്യക്തിത്വത്തിൽ പ്രകടമായിരുന്നു. ചർച്ച് വീക്കിലി, മലങ്കരസഭ, ഓർത്തഡോക്സ് യൂത്ത് തുടങ്ങിയ മാസികകളിൽ ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങളെ സംബന്ധിച്ച് അച്ചൻ എഴുതുമായിരുന്നു. ഒരു പുരോഹിതൻ എന്ന നിലയിൽ അച്ചന്റെ മാതൃക അനുകരണാർഹമായിരുന്നു.

നാലുപതിറ്റാണ്ടു കാലം സഭയുടെ ശ്രേഷ്ഠാചാര്യന്മാരോടൊപ്പം നേതൃനിരയിൽ പ്രവർത്തിക്കുവാനും അവരുടെ വിശ്വാസം ആർജ്ജിക്കുവാനും കഴിഞ്ഞ ബഹു. ജോസഫ് വെണ്ടറപ്പിള്ളി അച്ചന്റെ പാവനസ്മരണയെ നിലനിർത്തുവാൻ ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത് തികച്ചും ഉചിതമായിട്ടുണ്ട്. ഈ സദുദ്യമത്തിന് എല്ലാ ഭാവുകങ്ങളും നേർന്നുകൊള്ളുന്നു.

(വെണ്ടപ്പിള്ളിയച്ചന്റെ അനുഗ്രഹീതനായ ഒരു ശിഷ്യൻ. ഈദൃശമായ ഒര സ്മരണാ പ്രസിദ്ധീകരണത്തെക്കുറിച്ച് കേട്ട മാത്രയിൽ നിർണ്ണായകമായ ആശയങ്ങൾ നൽകി പ്രോത്സാഹിപ്പിച്ച വ്യക്തി.)

വെണ്ടപ്പിള്ളി അച്ചനും സഹധർമ്മിണി സാറാമ്മയും

മനുഷ്യസ്നേഹി

ജോർജ് പോൾ

(മാനേജിംഗ് ഡയറക്ടർ, സിന്തൈറ്റ് ഗ്രൂപ്പ്, എറണാകുളം)

വെണ്ടറപ്പിള്ളി അച്ചൻ അർപ്പിക്കുന്ന വി. കുർബ്ബാനയുടെ അനുബന്ധമായി 5–7 മിനിറ്റ് ദൈർഘ്യമുള്ള ഒരു പ്രസംഗം ആ ദിവ്യ ആരാധനയുടെ ഒരു ഭാഗമായിരുന്നു. ഞങ്ങൾക്ക് ആ സന്ദേശം ഒരു വഴിയാഹാരം; ദിശാബോധം നഷ്ടപ്പെട്ടവർക്ക് ആ ദൂത് വിലയേറിയ ഒരു സമ്പത്തും.

ഒരു സൗഹൃദസദസ്സിൽ കേട്ട ഒരു സംഭാഷണം ഇവിടെ ഉദ്ധരിക്കട്ടെ. 'നിന്റെ ഈ പള്ളിപ്രസംഗം നിർത്തൂ.' എന്താണ് ഈ പള്ളിപ്രസംഗം കൊണ്ട് ഉദ്ദേശിച്ചത്? വിശ്വസിക്കുവാൻ കൊള്ളാത്തത് ആവർത്തനവിരസത ഉള്ളത്. ലോജിക് ഇല്ലാത്തത് എന്നൊക്കെ അർത്ഥമാക്കാം നിർഭാഗ്യവശാൽ, ഇന്ന് ഈ പദപ്രയോഗം പള്ളിയിലെ വചനശുശ്രൂഷയുടെ പര്യായമായി കഴിഞ്ഞു എന്ന് ഒരു ചിന്തകൻ പറഞ്ഞത് എന്റെ ഓർമ്മയിൽ ഉണ്ട്.

വെണ്ടറപ്പിള്ളിയച്ചന്റെ ഏതെങ്കിലും ഒരു വേദിയിലെ പ്രസംഗം കേട്ടാൽ മേൽപറഞ്ഞവരുടെ ചിന്താഗതിക്ക് മാറ്റം വരും. യേശുക്രിസ്തു പ്രസംഗിച്ചത് പ്രധാനമായും സാധാരണക്കാരോട് ആയിരുന്നു. യേശുക്രിസ്തുവിന്റെ ശ്രോതാക്കൾ അനുകൂലമായും പ്രതികൂലമായും പ്രതികരിച്ചിട്ടുമുണ്ട്. വെണ്ടറപ്പിള്ളിയച്ചന്റെ പ്രസംഗവിഷയം സമകാലിക സംഭവങ്ങളെ ദൈവത്തിന്റെയും മനുഷ്യന്റെയും പക്ഷത്തുനിന്നുകൊണ്ട് വ്യാഖ്യാനിക്കുന്നതായിരുന്നു. ഒരുപക്ഷെ ഇടർച്ച ഉണ്ടാകാവുന്ന ഈ വചനങ്ങൾ അച്ചന്റെ പ്രഭാഷണത്തിൽ ഉണ്ടാകുമായിരിക്കും. കേൾവിക്കാർ ക്രിയാത്മകമായി പ്രതികരിച്ചിട്ടുണ്ട്. ഈ സിദ്ധി മറ്റെല്ലാവർക്കും ഉണ്ടാകണമെന്നില്ല. വെണ്ടറപ്പിള്ളിയച്ചന്റെ കണ്ഠങ്ങളിൽ നിന്നുതിർന്നു വരുന്ന ഇടർച്ചയുടെ വചനങ്ങൾ പലരുടെയും ഉറക്കം നഷ്ടപ്പെടുത്തിയിട്ടുണ്ട്; പല കോണുകളിൽ നിന്നും തിക്തമായ അനുഭവങ്ങൾ അച്ചന് അനുഭവിക്കേണ്ടതായും വന്നിട്ടുണ്ട് എന്ന് ഇടവകക്കാരായ ഞങ്ങൾക്ക് അറിയാം.

1976 മുതൽ എറണാകുളം പള്ളിയിലെ സഹവികാരിമാരിൽ ഒരാളായി ചുമതല ഏറ്റെടുത്ത വെണ്ടറപ്പിള്ളി അച്ചൻ ഇടവകയുടെ ബഹുമുഖമായ വളർച്ചയ്ക്കു നേതൃത്വം കൊടുത്തു. കൊച്ചിൻ കോർപ്പറേഷന്റെ ഹൃദയഭാഗത്ത് – ബോട്ടുജെട്ടിക്കു സമീപം – 1926–ൽ, സ്ഥാപിതമായ എറണാകുളം പള്ളി ഇരുപതാം നൂറ്റാണ്ടിന്റെ ആദിപാദങ്ങളിൽ കേരള

ത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഈ പട്ടണത്തിൽ എത്തിയ ന്യായാധിപ-അഭിഭാഷകർ, വ്യാപാരി-വ്യവസായികൾ, അദ്ധ്യാപക-വിദ്യാർത്ഥികൾ, ആതുരസേവനരംഗത്തെ പ്രമുഖർ തുടങ്ങിയവരുടെ ആത്മിക പോഷണത്തിനു മുഖാന്തിരമായതു ഒരു ദൈവനിയോഗമാണ്. ഈ ദേവാലയ ശുശ്രൂഷയിലൂടെ ലഭിച്ച ഭൗതികനേട്ടങ്ങളുമായി അനേകം വ്യക്തികളും കുടുംബങ്ങളും ലോകത്തിന്റെ വിവിധ കോണുകളിൽ മാതൃഇടവകയുടെ സാക്ഷ്യവുമായി ജീവിക്കുന്ന യാഥാർത്ഥ്യം നമുക്കറിവുള്ളതാണ്. ഈ നഗരത്തിന്റെ വ്യത്യസ്ത സ്ഥലങ്ങളിൽ - ചിറ്റൂർ റോഡ്, എളംകുളം, പാലാരിവട്ടം, തേവര, വൈറ്റില - ദേവാലയങ്ങൾ നിർമ്മിക്കുവാൻ കത്തീഡ്രൽ ദേവാലയത്തെ ദൈവം എടുത്തു ഉപയോഗിച്ചതിൽ ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു.

ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ നിത്യതയിലായിരിക്കുന്നവരും, ജീവനോടിരിക്കുന്നവരുമായ ആചാര്യസ്ഥാനികളുടെയും അയ്മേനികളുടെയും മുമ്പിൽ ശിരസ്സ് നമിച്ചുകൊണ്ട്, സ്മര്യപുരുഷനായ വെണ്ടറപ്പിള്ളി അച്ചനെക്കുറിച്ചു എന്റെ പരിമിതമായ അറിവിന്റെ വെളിച്ചത്തിൽ ചില വസ്തുതകൾ വ്യക്തമാക്കട്ടെ.

വിവിധമേഖലകളിൽ, യശഃശരീരനായ അച്ചൻ, തന്റെ തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.

1970-കളിൽ മലങ്കര സഭയിൽ ഉടലെടുത്ത, മലങ്കരസഭാകക്ഷിവഴക്കിന് പ്രധാനമായും ഇരയായതു കണ്ടനാട്, അങ്കമാലി, കൊച്ചി ഭദ്രാസനങ്ങളായിരുന്നല്ലോ. ഈ ഭദ്രാസനങ്ങളിൽപ്പെട്ട വൈദികരും, ഇടവകഭരണസമിതിയംഗങ്ങളും ഒരുമിച്ചുകൂടി പ്രശ്നപരിഹാരം ചർച്ച ചെയ്ത് സൗഹൃദം പരിരക്ഷിക്കുവാൻ സഭാനേതൃത്വം തെരഞ്ഞെടുത്ത വേദി എറണാകുളം സെന്റ്മേരീസ് പള്ളി ആണ്.

പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ, മലങ്കരസഭ ഡിഫൻസ് കമ്മിറ്റി ചെയർമാൻ ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ, ആ കാലഘട്ടത്തിലെ എറണാകുളം കത്തീഡ്രലിലെ സഹപട്ടക്കാരനായിരുന്ന പുണ്യശ്ലോകനായ വെണ്ടറപ്പിള്ളിയച്ചൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ വർഷത്തിൽ രണ്ടോ അതിലധികമൊ പ്രാവശ്യം ഈ പള്ളിയിൽ സമ്മേളിച്ച് ആശയങ്ങൾ പങ്കുവച്ചു പ്രശ്നപരിഹാരം നേടുന്നു; സഭാമക്കൾ വർദ്ധിതവീര്യത്തോടെ താന്താങ്ങളുടെ ദേവാലയങ്ങളിലേക്കു പോയി. ഈ കൂടിവരവിനു വെണ്ടറപ്പിള്ളിയച്ചൻ കൊടുത്ത നേതൃത്വം മലങ്കരസഭയ്ക്കു മറക്കുവാൻ സാധിക്കുമോ?

വിശ്വപൗരൻ എന്ന ഖ്യാതിനേടിയ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ നിത്യതയിൽ പ്രവേശിക്കുന്നതു ഡൽഹിയിൽ വച്ചായിരുന്നല്ലോ. ഈ ശ്രേഷ്ഠ മഹാപുരോഹിതന്റെ ഭൗതികശരീരം കൊച്ചിൻ എയർപോർട്ടിൽ നിന്ന് റോഡുമാർഗ്ഗം കോട്ടയത്തേക്കു കൊണ്ടുപോയപ്പോൾ, തദ്ദേശവാസികളായ നാനാജാതി മതസ്ഥർ - എറണാകുളം, തൃപ്പൂണിത്തുറ, മുളന്തുരുത്തി പ്രദേശങ്ങളിലുള്ളവരുടെ - പ്രതിനിധികൾ ജോസഫ് വെണ്ടറപ്പിള്ളിയച്ചനെ സമീപിച്ച് ആദരാഞ്ജലികൾ അർപ്പിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. ആ സമയത്ത് ചിലർ വ്യത്യസ്ത അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു എങ്കിലും, വെണ്ടറപ്പിള്ളി അച്ചൻ എടുത്ത നിലപാട് സഭാനേതൃത്വം അംഗീകരിച്ചു. അങ്ങനെ പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിക്ക് തന്റെ ജന്മനാട് ശ്രദ്ധേയമായ യാത്രാമൊഴി നല്കിയത് ആ ചടങ്ങിൽ സംബന്ധിച്ച നാം ഓരോരുത്തരും ഓർക്കുന്നില്ലേ?

അച്ചന്റെ ഇടവകശുശ്രൂഷാകാലത്ത്, വർഷംതോറും മദ്ധ്യവേനലവധിക്ക് നാനാജാതിമതസ്ഥരായ വിദ്യാർത്ഥികൾക്കും, യുവപ്രതിഭകൾക്കുംവേണ്ടി ഈ പള്ളിയുടെ ഉത്തരവാദിത്വത്തിൽ സംഘടിപ്പിച്ച മാർഗ്ഗനിർദ്ദേശകക്യാമ്പ് ജനശ്രദ്ധ പിടിച്ചുപറ്റി. പണ്ഡിതരായ ഗുരുമുഖത്തുനിന്നു ലഭിച്ച ജ്ഞാനവും പ്രായോഗിക ജീവിതചര്യകളും ഈ പ്രതിഭകളെ നാളത്തെ ഉത്തമ പൗരന്മാരായി രൂപാന്തരപ്പെടുത്തി. ഇതിനു വേദിയൊരുക്കിയ വെണ്ടറപ്പിള്ളിയച്ചനെക്കുറിച്ചുള്ള സ്മരണ ഇവരുടെ മനസ്സുകളിൽ സ്ഥിരപ്രതിഷ്ഠ നേടിയിട്ടുണ്ടാകും.

ഏതെങ്കിലും ഒരു ഭവനത്തിൽ വൈദികശുശ്രൂഷ ലഭിക്കുന്നതിൽ കാലതാമസമോ മറ്റ് എന്തെങ്കിലും അസൗകര്യങ്ങളോ നേരിട്ടാൽ, അവരുടെ അസ്വസ്ഥതകൾ പരിഹരിക്കുവാനും സുതാര്യബന്ധം പുനഃസ്ഥാപിക്കുവാനും അച്ചൻ സ്വീകരിക്കുന്ന ശുശ്രൂഷ ശ്രദ്ധേയമാണ്.

ഉപസംഹാരമായി, ഭാരതത്തിനകത്തും പുറത്തും, അധഃസ്ഥിതരുടേയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടേയും ഇടയിൽ, വെണ്ടറപ്പിള്ളിയച്ചൻ നിർവ്വഹിച്ച ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഒരു പങ്ക് ഈ ഇടവകയിലെ ഒരുപറ്റം ആളുകൾ അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. ഈ ദീനാനുകമ്പയുടെ ബഹിർസ്ഫുരണം ആണ് ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായാൽ സ്ഥാപിതമായ തലക്കോട് പരിമല മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രവർത്തനങ്ങളിൽ വ്യാപൃതനാകുവാൻ ദൈവം അവസരം കൊടുത്തത്. ഈ സംഘടനയുടെ ഉപഅദ്ധ്യക്ഷസ്ഥാനം വഹിച്ചുകൊണ്ടിരിക്കെ ആണ് ഈ മനുഷ്യസ്നേഹി ഈ ഭൗതികലോകത്തോടു യാത്ര പറഞ്ഞത് എന്നതും ശ്രദ്ധേയമാണ്. ഈ പിതാവിനുവേണ്ടി നമുക്കും പ്രാർത്ഥിക്കാം.

(പരിമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റ് ബോർഡ് മെംബർ. വെണ്ട്രപ്പിള്ളിയച്ചന്റെ എറണാകുളം സെന്റ് മേരീസ് ദേവാലയത്തിലെ ഇടവക ശുശ്രൂഷാകാലത്ത് പള്ളി ട്രസ്റ്റി. അച്ചൻ നിർവഹിക്കുന്ന നിശബ്ദ ജീവകാരുണ്യ പ്രവർത്തനത്തിനുള്ള സാമ്പത്തിക സ്രോതസ്സ്.)



കർമ്മയോഗി

ജോയി പി. ജേക്കബ്

(സെക്രട്ടറി എം.ഒ.എസ്.സി. മെഡിക്കൽ കോളജ് കോലഞ്ചേരി)

ജോസഫ് വെണ്ടറപ്പിള്ളി അച്ചനെ അനുസ്മരിക്കുവാൻ ലഭിച്ച ഈ അവസരം ഒരു നിയോഗംപോലെ ആണ് എനിക്ക് അനുഭവപ്പെടുന്നത്. മികച്ച സംഘാടകൻ, ഉജ്ജ്വലനായ വാഗ്മി, അനുഗ്രഹീതനായ എഴുത്തുകാരൻ, സ്നേഹസമ്പന്നനായ അദ്ധ്യാപകൻ എന്നിങ്ങനെ ജീവിതത്തിൽ പല രംഗങ്ങളിലും വ്യക്തിമുദ്ര പതിച്ച ഒരു വൈദികനായിരുന്നു അദ്ദേഹം. ജീവിതത്തിൽ താൻ ഇടപെട്ട എല്ലാ രംഗങ്ങളിലും തന്റേതായ ഒരു ജീവിതശൈലി അദ്ദേഹത്തിനുണ്ടായിരുന്നു.

സഭയുടെ പിളർപ്പ് അദ്ദേഹത്തെ വേദനിപ്പിച്ചു എങ്കിലും തന്നെ ശക്തമായി എതിർത്തവരെപോലും സ്നേഹിച്ച് അവർക്ക് മനസ്സിലൊരിടം കൊടുത്ത വൈദികനായിരുന്നു അദ്ദേഹം. താൻ വിശ്വസിച്ച മാർഗ്ഗത്തിൽ ഉറച്ചുനിന്നുകൊണ്ട് അവസാനം വരെ പോരാടേണ്ടി വന്നു എങ്കിലും ആരെയും ശത്രുക്കളായി അദ്ദേഹം കരുതിയില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതമഹത്വം. മറ്റുള്ളവരുടെ ഉയർച്ചയിലുള്ള താൽപര്യം, അവരുടെ സുഖദുഃഖങ്ങളിലുള്ള ആകാംക്ഷ, ആർക്കും അനാവശ്യമായ ബുദ്ധിമുട്ടുണ്ടാക്കരുതെന്ന ആഗ്രഹം ഇവയൊക്കെയാണ് അദ്ദേഹത്തെ മറ്റുള്ളവരിൽനിന്ന് വേർതിരിച്ച് നിർത്തിയിരുന്നത്.

തന്റെയും മറ്റുള്ളവരുടെയും ജീവിതത്തെ ഏറ്റവും അനുഗ്രഹമാക്കി തീർക്കുന്നതിനുള്ള പ്രാർത്ഥനയും പ്രവർത്തനവുമായിരുന്നു അദ്ദേഹത്തിന്റെ ജീവിതാവസാനംവരെയുണ്ടായിരുന്നത്. മറ്റുള്ളവരെ സ്നേഹിക്കുക, ബഹുമാനിക്കുക, ആദരിക്കുക എന്നീ സ്വഭാവഗുണങ്ങളാണ് അദ്ദേഹത്തെ അഭിവന്ദ്യ ഫിലിപ്പോസ് മാർ തെയോഫിലോസ്, പൗലോസ് മാർ ഗ്രീഗോറിയോസ് എന്നീ പിതാക്കന്മാരുടെ വാത്സല്യഭാജനമാക്കി തീർത്തത്. ആ ബന്ധമാണ് കോലഞ്ചേരി എം.ഒ.എസ്.സി. ആശുപത്രിയുമായുള്ള അദ്ദേഹത്തിന്റെ അടുപ്പത്തിന് നാന്ദി കുറിച്ചത്. ആശുപത്രിയുടെ സ്ഥാപക നേതാക്കന്മാരുമായി തോളോടുതോൾ ചേർന്ന് ആത്മാർത്ഥമായി ആശുപത്രിയുടെ വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി അച്ചൻ പ്രവർത്തിച്ചു. ആശുപത്രിയുടെ ഗവേണിംഗ് ബോർഡ് അംഗമായി അദ്ദേഹം തന്റെ ജീവിതാന്ത്യം വരെയും ഉണ്ടായിരുന്നു. മറ്റുള്ളവരുടെ മുറിവ് അൽപമെങ്കിലും ഉണക്കണം, അവരുടെ രോഗത്തിന് ശമനമുണ്ടാകണം എന്നുള്ള ആഗ്രഹത്തിന്റെ പ്രകടമായുള്ള പ്രവർത്തനമാണ് അദ്ദേഹം ആശുപത്രിയുടെ ഗവേണിംഗ് ബോർഡംഗമെന്ന നിലയിൽ കാഴ്ചവെച്ചത്.

സ്ഥാപകനേതാക്കളോടൊരുമിച്ച് ഒരേ മനസ്സോടുകൂടെ ആശുപത്രിയുടെ ഉയർച്ചയ്ക്കുവേണ്ടി അച്ചൻ പ്രവർത്തിച്ചു. ഒരു നാടു മുഴുവൻ ഉണർന്ന് ഉത്സാഹത്തോടുകൂടി ആശുപത്രിയുടെ നിർമ്മാണത്തിനുവേണ്ടി പ്രവർത്തിച്ചു എന്നുള്ളത് കോലഞ്ചേരിയുടെ മാത്രം പ്രത്യേകതയാണ്. ത്യാഗപൂർണ്ണമായ എല്ലാവരുടെയും പ്രവർത്തനത്തിന്റെ ഫലമാണ് 1970-ൽ 100 കിടക്കകളോടാരംഭിച്ച നമ്മുടെ ആശുപത്രി ഇന്ന് 1200 കിടക്കകളോടുകൂടിയ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയായി ദക്ഷിണേന്ത്യ മുഴുവൻ അറിയപ്പെടുന്ന തരത്തിൽ വളർന്നത്.

ഇതൊരു മെഡിക്കൽ കോളജായി ഭാവിയിൽ വളർത്തി എടുക്കണമെന്നുള്ള ദർശനം സ്ഥാപകനേതാക്കൾക്കുണ്ടായിരുന്നു. മെഡിക്കൽ കോളജ് 2002-ൽ ആരംഭിക്കുമ്പോൾ അവരുടെ ദർശനം സഫലമാക്കുക ആയിരുന്നു. നമ്മുടെ മെഡിക്കൽ കോളജ് കേരളത്തിലെ ഉന്നതനിലവാരം പുലർത്തുന്ന ഒന്നായി വളർന്നു കഴിഞ്ഞു. പല വിഭാഗങ്ങളിലും പി ജി. കോഴ്സും ഡിപ്ലോമായും ആരംഭിച്ചിട്ടുണ്ട്. ഉന്നത നിലവാരം പുലർത്തുന്ന നേഴ്സിംഗ് കോളജും, ഈ വർഷം ആരംഭിച്ച എം.എസ്.സി. നേഴ്സിംഗ് കോഴ്സും ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്നു.

പരിശ്രമിക്കുക, പരിശ്രമിക്കുക എന്നുള്ളതായിരുന്നു വെണ്ടപ്പിള്ളിയച്ചന്റെ മുദ്രാവാക്യം. അത് അദ്ദേഹത്തിന്റെയും അദ്ദേഹത്തോട് ബന്ധപ്പെട്ട ആളുകളുടെയും ജീവിതത്തെ അനുഗ്രഹമാക്കി.

അച്ചന്റെ പ്രവർത്തനങ്ങളെ കൂടുതൽ പ്രയോജനപ്പെടുത്തണമെന്ന ആഗ്രഹത്തോടുകൂടിയാണ് കാലംചെയ്ത പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി അദ്ദേഹത്തെ തന്റെ ഭദ്രാസനമായ ഡൽഹിയിലേക്ക് വിളിപ്പിച്ചത്.

ഒരു അദ്ധ്യാപകൻ എന്ന നിലയിൽ വിപുലമായ ഒരു ശിഷ്യസമ്പത്ത് അദ്ദേഹത്തിനുണ്ടായിരുന്നു. എവിടെ ചെന്നാലും അദ്ദേഹത്തെ സഹായിക്കുന്നതിന് അവർ സന്നദ്ധരുമായിരുന്നു. എന്നാൽ ആരിൽനിന്നും ആവശ്യമില്ലാതെ സഹായം സ്വീകരിക്കുന്ന രീതി അദ്ദേഹത്തിനിഷ്ടമില്ലായിരുന്നു. ദൈവത്തിലാശ്രയിച്ചുകൊണ്ട് നന്മയുടെ പാതയിൽ സഞ്ചരിച്ചപ്പോൾ നേരിടേണ്ടിവന്ന എല്ലാ പ്രതിസന്ധികളെയും അദ്ദേഹം അതിജീവിച്ചു.

അദ്ദേഹത്തിന്റെ ജീവിതാന്ത്യം നമ്മുടെ ആശുപത്രിയിലായിരുന്നു. രോഗത്തിന്റെ അവശതയിലും അച്ചൻ പ്രസന്നവദനനായിരുന്നു. തന്നെ കാണാനെത്തുന്നവരോടു സംസാരിക്കുവാൻ ബുദ്ധിമുട്ടുണ്ടെങ്കിലും ഒരു പുഞ്ചിരി എങ്കിലും സമ്മാനിക്കുമായിരുന്നു. ദൈവം തന്നെ ഏൽപിച്ച കടമകൾ ആത്മാർത്ഥമായി നിർവ്വഹിച്ച്, ചാരിതാർത്ഥ്യത്തോടുകൂടി ഈ

ആശുപത്രിയിൽ വച്ച് അദ്ദേഹം അനന്തമായ സ്നേഹത്തിൽ ലയിച്ചു. ഇന്നും ഈ പ്രദേശത്തുള്ളവരുടെ ഓർമ്മയിലെ അനുഗ്രഹിക്കപ്പെട്ട ഒരു രൂപമാണ് ഫാ. ജോസഫ് വെണ്ടറപ്പിള്ളി.

"ഒരു പുഞ്ചിരി, ഹൃദ്യമായ പെരുമാറ്റം, നല്ലൊരു മറുപടി ഇവയൊക്കെ മതി മറ്റുള്ളവരുടെ ജീവിതം ഏറെ സന്തോഷപൂർണ്ണമാക്കാൻ." മനുഷ്യ സ്നേഹിയായ ഒരു വ്യക്തിയുടെ അഭിപ്രായമാണ് ഇത്. ഈ വാക്യത്തിന്റെ ആൾരൂപമാണ് വെണ്ടറപ്പിള്ളി അച്ചൻ. അച്ചന്റെ പാവനസ്മരണയ്ക്കു മുമ്പിൽ കോലഞ്ചേരി എം.ഒ.എസ്.സി. ആശുപത്രിയുടെ ആത്മാർത്ഥ പ്രണാമം.

(പരിമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റ് ബോർഡു മെമ്പറും വെണ്ടറപ്പിള്ളി അച്ചന്റെ അടുത്ത സുഹൃത്തുമാണ് ലേഖകൻ. കോലഞ്ചേരി മെഡിക്കൽ മിഷൻ സ്ഥാപക സെക്രട്ടറി എം. ചാക്കോപിള്ളയുടെ കാലം മുതൽ അച്ചൻ ആശുപത്രിപ്രവർത്തനവുമായി ബന്ധപ്പെട്ടിരുന്നു.)

ഡോ. പൗലോസ് മാർ ഗ്രിഗോറിയോസുമൊത്ത് തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോമിൽ. ഫാ. ടി. പി. ഏലിയാസ്, ഫാ. കെ. റ്റി. ഫിലിപ്പ് എന്നിവർ സമീപം.

വന്ദ്യ ഗുരുവിനു വടവുകോടിന്റെ പ്രണാമം

ഡോ. ടി. എം. ജോസ് വടവുകോട്

തൃപ്പൂണിത്തുറയ്ക്കടുത്ത് എരൂരിൽനിന്ന് 1954-ൽ രാജർഷി മെമ്മോറിയൽ ഹൈസ്കൂളിൽ അദ്ധ്യാപകനായി വടവുകോട്ടിൽ വന്ന റവ. ഫാ. ജോസഫ് വെണ്ടറപ്പിള്ളി ഇവിടെ സ്ഥലംവാങ്ങി വീടും പണിയിച്ച് സ്ഥിരതാമസമാക്കി ഒരു വടവുകോടുകാരനായി മാറി, അന്ത്യവിശ്രമവും ഇവിടത്തെ വി. മാർത്തമറിയം പള്ളിയിൽ തന്നെയായി. ഒരു അദ്ധ്യാപകന്റെ ചുമതലകൾ പ്രാഗത്ഭ്യത്തോടെ നിർവഹിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ പുരോഹിതൻ, പ്രഭാഷകൻ, ലേഖകൻ, എഡിറ്റർ, സാമൂഹ്യപ്രവർത്തകൻ, സംഘാടകൻ എന്നീ നിലകളിലൊക്കെ എന്തൊരു തിളക്കമാർന്ന ജീവിതമായിരുന്നു അദ്ദേഹത്തിന്റെ!

ബഹുമുഖപ്രതിഭയായ അദ്ധ്യാപകൻ

ആർ.എം.എച്ച്.എസിൽ 1962-65 കാലഘട്ടത്തിൽ എന്റെ ഹൈസ്കൂൾ ക്ലാസ് ടീച്ചറായിരുന്ന വെണ്ടറപ്പിള്ളി ശെമ്മാശനെക്കുറിച്ചോർക്കുമ്പോൾ (1966-ലാണ് കശ്ശീശാപട്ടമേറ്റത്) പെട്ടെന്ന് മനസ്സിലേക്കു വരുന്നത് അദ്ദേഹത്തിന്റെ ഊർജ്ജ്വസ്വലതയും പ്രസന്നതയുമാണ്. ശെമ്മാശന്റെ ഭാര്യ (കൊച്ചമ്മ) സാറാമ്മ ടീച്ചർ പുതുമണവാട്ടിയും പുതുഅദ്ധ്യാപികയുമായി ഒമ്പതാം ക്ലാസ്സിൽ ബയോളജി പഠിപ്പിക്കാൻ വരുന്നതും നല്ല ഓർമ്മയുണ്ട്. പുത്തൻ അദ്ധ്യാപികയുടെ മുമ്പിൽ ആളാകാൻ ശ്രമിച്ച കുട്ടികൾക്ക് മണവാളൻ ശെമ്മാശന്റെ കർശന താക്കീത് കിട്ടിയതും മറന്നിട്ടില്ല.

ഈ അദ്ധ്യാപകന്റെ വേറിട്ടുനിൽക്കുന്ന വ്യക്തിത്വത്തെ വെളിപ്പെടുത്തുന്ന ഒരു കാര്യം ഇവിടെ കുറിക്കട്ടെ. 10-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ (ഇംഗ്ലീഷ് മീഡിയം) തിങ്കളാഴ്ച ഒന്നാം പീരിയഡിൽ മാതൃഭൂമി പത്രവുമായാണ് ശെമ്മാശൻ ക്ലാസ്സിൽ വന്നിരുന്നത്. ശ്രീ. കെ. പി. കേശവമേനോന്റെ 'നാം മുന്നോട്ട്' എന്ന പരമ്പരയിലെ ലേഖനം ഉറക്കെ വായിച്ചു കേൾപ്പിക്കും. അതിന്റെ ഉള്ളടക്കം ഓർമ്മയിലില്ലെങ്കിലും അദ്ദേഹത്തിന്റെ ഉത്സാഹത്തോടെയുള്ള വായനയും മുഖഭാവങ്ങളും ശരീരഭാഷയും മനസ്സിൽ പതിഞ്ഞു കിടക്കുന്നു. വർഷങ്ങൾക്കുശേഷം ഈ ലേഖനങ്ങൾ ഉൾപ്പെടുന്ന 'നാം മുന്നോട്ട്' വാല്യങ്ങളും സമാനമായ വിദേശഗ്രന്ഥകാരന്മാരുടെ (ഉദാ. നോർമൻ വിൻസന്റ് പിലെ) സെൽഫ് ഹെൽപ്, പോസി

റ്റീവ് തിങ്കിംഗ് വിഭാഗത്തിൽപ്പെടുന്ന പുസ്തകങ്ങളും വായിക്കാൻ സാധിച്ചത് എന്റെ അദ്ധ്യാപകജീവിതത്തിൽ വളരെ പ്രയോജനം ചെയ്തു.

നാട്ടിലെയും മറുനാട്ടിലെയും (ബോർഡിംഗ് നിവാസികൾ) അനേകം വികൃതിക്കുട്ടികൾ സ്കൂളിലുണ്ടായിരുന്നു. പൊതുവെ സൗമ്യനായിരുന്നെങ്കിലും അടിപിടി, മോഷണം, മറ്റു സ്വഭാവദൂഷ്യങ്ങൾ ഇവയോട് 'സീറോ ടോളറൻസ്' ആയിരുന്നു അദ്ദേഹത്തിന്. കുറ്റാന്വേഷണ വിദഗ്ദ്ധനെന്നു പേരുകേട്ട അദ്ദേഹത്തെ കുസൃതികൾക്കു ഭയമായിരുന്നു. എന്നാൽ പഠിത്തത്തിൽ മികവു കുറഞ്ഞവരോട് ഉദാരസമീപനമായിരുന്നു അച്ചന്. വെറും സാധാരണ തൊഴിലാളി, കർഷക കുടുംബങ്ങളിൽ നിന്നും വന്നിരുന്ന കുട്ടികൾക്ക് വീട്ടിൽ ചെന്നാൽ മാതാപിതാക്കളെ അടുക്കളയിലോ തൊഴിൽസ്ഥലത്തോ സഹായിക്കാൻ ജോലിയെടുക്കേണ്ടി വന്നിരുന്നതുകൊണ്ട് പഠിക്കാൻ സമയം വിരളമായേ ലഭിച്ചിരുന്നുള്ളു എന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു.

അച്ചന്റെ എല്ലാവരോടുമുള്ള പ്രോത്സാഹനപരമായ നിലപാടിനെയാണ് അഡ്വ. ജോ പോൾ ഏറ്റവും ബഹുമാനിക്കുന്നത്. യോഗങ്ങളുടെ Compere ആയി അദ്ദേഹം തിളങ്ങാറുണ്ട്. അച്ചന്റെ രസകരമായ അവതരണശൈലിയും ഉരുളയ്ക്കുപ്പേരി പോലുള്ള പ്രതികരണങ്ങളും (repartee) സദസ്സിനെ രസിപ്പിച്ചിരുത്തുമായിരുന്നു. അദ്ദേഹത്തിന്റെ പ്രസന്ന സാന്നിദ്ധ്യം സമ്മേളനങ്ങളെ ആഘോഷമാക്കി മാറ്റി. വെണ്ടറപ്പിള്ളി അച്ചനെ അവർ വണ്ടർഫുൾ അച്ചനായി വാഴ്ത്തി. കടുത്ത അച്ചടക്കക്കാരായ പ്രധാനാധ്യാപകർക്കു ഒരു ബാലൻസിങ്ങ് ആയി ഉദാരമതിയായ അച്ചൻ ഉപകരിച്ചു എന്ന് പൂർവ്വവിദ്യാർത്ഥികൾ അഭിപ്രായപ്പെട്ടു.

അച്ചന്റെ സഹാധ്യാപകനും ഹെഡ്മാസ്റ്ററും സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാവുമായ ശ്രീ. എം. തങ്കച്ചൻ സാറിനു എടുത്തു പറയാനുള്ളത് വിദ്യാർത്ഥികളോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയെപ്പറ്റിയാണ്. സഭാപരമായ ചുമതലകൾക്കുവേണ്ടി (വിദേശയാത്ര ഉൾപ്പെടെ) പലപ്പോഴും അവധി എടുക്കാറുള്ള അച്ചൻ, പക്ഷേ പരീക്ഷയ്ക്കു മുമ്പ് സമയത്തിനുതന്നെ സിലബസ് പഠിപ്പിച്ചു തീർക്കുന്നതിൽ ഒരു ഉപേക്ഷയും കാട്ടിയിരുന്നില്ല. മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയെ പ്രതിനിധീകരിച്ച് ഇന്ത്യയുടെ പല ഭാഗങ്ങളിലും യൂറോപ്പ്, യു.എസ്.എ., റഷ്യ, മദ്ധ്യപൂർവ്വദേശങ്ങൾ തുടങ്ങിയവ സന്ദർശിക്കാനും യോഗങ്ങളിലും സെമിനാറുകളിലും പങ്കെടുക്കാനും പ്രബന്ധങ്ങൾ അവതരിപ്പിക്കാനും അവസരങ്ങൾ ലഭിച്ചിട്ടുള്ള അച്ചന്റെ ലോകപരിജ്ഞാനം വളരെ ഉയർന്ന നിലയിലായിരുന്നു. ഇതിന്റെകൂടെ പരന്ന വായനയിൽനിന്നു ലഭിച്ച പൊതുവിജ്ഞാനവും സ്വതസിദ്ധമായ നർമ്മഭാവവും ഒഴുക്കുള്ള പ്രഭാ

ഷണശൈലിയും എല്ലാംകൂടിയ അദ്ദേഹത്തിന്റെ ക്ലാസ്സുകൾ കുട്ടികളെ ഹഠാദാകർഷിച്ചിരുന്നു. അദ്ദേഹത്തിന്റെ (അസാന്നിധ്യത്തിൽ) ക്ലാസ് (വിഷയം-ചരിത്രം) 'എൻഗേജ്' ചെയ്യാൻ വേറെ ഏത് അദ്ധ്യാപകൻ ചെല്ലുന്നതും കുട്ടികൾക്ക് നിരാശയായിരുന്നെന്ന് തങ്കച്ചൻ സാർ ഓർക്കുന്നു. മനുഷ്യന്റെ നിലനിൽപ്പിനെ ബാധിക്കുന്ന ആനുകാലിക വിഷയങ്ങളിൽ കുട്ടികളെ ബോധവൽക്കരിക്കുന്നതിൽ അദ്ദേഹം താൽപര്യമെടുത്തു.

വടവുകോട് ഇടവകയും സമൂഹവും

കുബേര-കുചേല വ്യത്യാസമില്ലാതെ എല്ലാവരോടും ഒരുപോലെ ഇടപെടുന്നതായിരുന്നു അച്ചന്റെ രീതി. ദരിദ്രരോട് പക്ഷംചേരുക എന്ന ക്രിസ്തുവിന്റെ വചനം അദ്ദേഹത്തെ സ്വാധീനിച്ചിരുന്നു. കക്ഷിരാഷ്ട്രീയത്തിൽ പക്ഷപാതമോ ഏതെങ്കിലും പാർട്ടിയോട് തൊട്ടുകൂടായ്മയോ ഇല്ലായിരുന്നു. പലതരക്കാരായ പൂർവ്വവിദ്യാർത്ഥികളെ അദ്ദേഹം സ്വീകരിക്കുകയും ഏതു മേഖലയിലാണെങ്കിലും അവരുടെ ഉയർച്ചയിൽ അഭിനന്ദിക്കുകയും ചെയ്യുമായിരുന്നു.

12 വർഷത്തെ ഐക്യത്തിനും സമാധാനത്തിനുംശേഷം കക്ഷിവഴക്ക് പുതിയരീതിയിൽ മലങ്കര ഓർത്തഡോക്സ് സഭയിൽ തലപൊക്കിയപ്പോൾ, തന്റെ ഉത്തമബോധ്യത്തിൽ ഉറച്ചുനിന്ന് മനസ്സാക്ഷിയോട് നീതി പുലർത്താൻ അദ്ദേഹം തയ്യാറായി. താനേറ്റെടുക്കുന്ന ചുമതലകൾ നിർവഹിക്കുന്നതിൽ അച്ചൻ ഒരിക്കലും ശീതവാനോ ശീതോഷ്ണവാനോ അല്ല, ഉഷ്ണവാൻ തന്നെയായിരുന്നു. വീട്ടുകാരിലും നാട്ടുകാരിലും ഭൂരിപക്ഷം മറുഭാഗത്തായത് അദ്ദേഹത്തിനു തിക്താനുഭവങ്ങൾ ധാരാളം നൽകി. പക്ഷേ പെട്ടെന്നു തളരുന്ന ആളല്ലായിരുന്നു അദ്ദേഹം. എന്നാൽ ഇവ ഹൃദയത്തിൽ കാലുഷ്യമായി മാറാതെ അദ്ദേഹം ശ്രദ്ധിച്ചു.

പല അനുഭവങ്ങളും 'വെള്ളിക്കോൽ' എന്ന തൂലികാനാമത്തിൽ 'ഓർത്തഡോക്സ് യൂത്ത്' മാസികയിൽ അദ്ദേഹം എഴുതിക്കൊണ്ടിരുന്ന നർമ്മലേഖന പരമ്പരയ്ക്ക് അസംസ്കൃത വസ്തുവായി മാറുകയാണ് ചെയ്തത്.

1975 സെപ്റ്റംബറിൽ പ്രസിദ്ധീകരിച്ച 'നാട്ടിൽ പൊറുപ്പാനെളുതല്ലമേലിൽ' എന്ന ലേഖനം ഇതിനുദാഹരണമാണ്. ഈ സാഹചര്യങ്ങളിലെല്ലാം തിരുമേനിമാരോട് മുമ്പേ മുതലുള്ള വ്യക്തിപരമായ അടുപ്പം നിലനിർത്താൻ ശ്രമിച്ചിട്ടുണ്ട്. ലിസി ആശുപത്രിയിൽ പോയി രോഗിയായിരുന്ന പെരുമ്പിള്ളി ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയെ സന്ദർശിച്ച കാര്യം സണ്ടേസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. എം. കെ. തോമസാണ് പറഞ്ഞത്.

എന്തായാലും വടവുകോട് ഓർത്തഡോക്സ് ഇടവകയ്ക്ക് അദ്ദേഹം വലിയ അനുഗ്രഹം തന്നെയായിരുന്നു. വളരെ തിരക്കുള്ള ആളായി മാറിയപ്പോഴും ഇടവകയുടെ പ്രധാന ആവശ്യങ്ങൾക്ക്, സണ്ടേസ്കൂൾ വാർഷികം, പള്ളിപ്പെരുന്നാളുകൾ, മറ്റാവശ്യങ്ങൾ, ഒ.വി.ബി.എസ്., പ്രാർത്ഥനായോഗങ്ങൾ ഇവയ്ക്കൊക്കെ അദ്ദേഹത്തിന്റെ സഹകരണം നന്നായി ലഭിക്കാറുണ്ട്. ബഹു. കോരതു മൽപാനച്ചന്റെ ശ്രവണമധുരവും ഭക്തിനിർഭരവുമായ വി. കുർബ്ബാനയോടനുബന്ധിച്ച് ബഹു. വെണ്ടറപ്പിള്ളി അച്ചന്റെ ആശയസംപുഷ്ടമായ ലഘു പ്രസംഗം കൂടിയാകുമ്പോൾ വിശ്വാസികൾക്ക് അത് ഒരു നിറഞ്ഞ ആത്മികാനുഭവമായിരുന്നു. ഒ.വി.ബി. എസിലെ കൊച്ചുകുട്ടികൾ മുതൽ പ്രായമായ അദ്ധ്യാപകരുടെവരെ ശ്രദ്ധയെ ആകർഷിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ധ്യാനപ്രസംഗങ്ങൾ. കുട്ടികളുടെ മനസ്സിൽ പോലും മായാത്ത മുദ്രപതിപ്പിച്ചു ചില പ്രസംഗങ്ങൾ. വിലാപഭവനങ്ങളിലെ അദ്ദേഹത്തിന്റെ ചരമപ്രസംഗങ്ങൾ ആശ്വാസവും സാന്ത്വനവും പകർന്നു നൽകുന്നവയായിരുന്നു. അച്ചന് സ്ട്രോക്ക് വരുന്നതിനു ഒരു വർഷം മുമ്പാണ് ഇടവകയിൽ സഹവികാരിയായി നിയമിക്കപ്പെട്ടത്. ഓർത്തഡോക്സ് സഭയുടെ വിശ്വാസാചാരങ്ങൾ പൂർണ്ണമായ ഭക്തിയോടും ആദരവോടും കൂടി പാലിക്കാനുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത വ്യക്തമായി അറിയാൻ കഴിഞ്ഞത് അപ്പോഴാണ്. വി. കുർബ്ബാന അനുഭവിക്കാൻ കാർഗോ പാന്റ്സും ഗ്രാഫിറ്റി ഷർട്ടും ധരിച്ചു വന്ന കൗമാരക്കാരനോട് മേലാൽ മാന്യമായ വസ്ത്രം ധരിച്ചുവേണം വി. കുർബ്ബാന അനുഭവിക്കാൻ വരേണ്ടത് എന്ന് കർശനമായിതന്നെ പറഞ്ഞു.

ദിവ്യശ്രീ ഞാർത്താങ്കൽ കോരതു മൽപാന്റെ പൗരോഹിത്യ കനകജൂബിലിയും 'മലങ്കര മൽപാൻ' പദവി നൽകി ആദരിക്കലും

തങ്ങളെ 50 വർഷം ദൈവവഴിയിൽ അടിപതറാതെ നയിച്ച വികാരി അച്ചന്റെ പൗരോഹിത്യ കനകജൂബിലി വർഷത്തിൽ (1993) അദ്ദേഹത്തിനു മലങ്കര മൽപാൻ പദവി നൽകി ആദരിക്കാൻ പ. കാതോലിക്കാ ബാവാ തീരുമാനിച്ച അത്യാനന്ദകരമായ വാർത്ത വെണ്ടറപ്പിള്ളി അച്ചനിൽ നിന്നാണ് വടവുകോട് ഇടവക അറിയുന്നത്. ഇത് ഒരു ആഘോഷമാക്കാൻ ആഗ്രഹിച്ച ഇടവകയ്ക്ക് എല്ലാ നേതൃത്വവും നൽകി തന്റെ പ്രവർത്തനശൈലിയിൽ മുഖ്യചുമതല അദ്ദേഹംതന്നെ ഏറ്റെടുത്തു. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായ്ക്ക് ഉജ്ജ്വല സ്വീകരണം നൽകി. മെത്രാപ്പോലീത്താമാരേയും സെമിനാരി അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും വടവുകോട് ഇടവക ഹാർദ്ദവമായി സ്വീകരിച്ചു. നാട്ടുകാരും യാക്കോബായ വിഭാഗത്തിൽ നിന്നും കൂടി വളരെ

ആളുകൾ പങ്കെടുത്ത വമ്പിച്ച സമ്മേളനത്തിൽ പ. കാതോലിക്കാ ബാവാ ഞാർത്താങ്കൽ റവ. ഫാ. എൻ. കെ. കോരതു മൽപാനെ മലങ്കര ഓർത്തഡോക്സ് സഭയിൽ (നാലാമത്തെ) മലങ്കര മൽപാൻ ആയി പ്രഖ്യാപിച്ച് മെഡൽ അണിയിച്ച് ആദരിച്ചു. അങ്ങനെ പരിണതപ്രജ്ഞനായ വെണ്ടറപ്പിള്ളി അച്ചന്റെ നേതൃത്വത്തിൽ ഈ യോഗം ഒരു ചരിത്രസംഭവമായി മാറി. ഇടവകയ്ക്കുവേണ്ടി മലങ്കര മൽപാന് അനുമോദനം അർപ്പിക്കാൻ അച്ചന്റെ നിർദ്ദേശപ്രകാരം എനിക്കാണ് ഭാഗ്യം ലഭിച്ചത് എന്ന് നന്ദിയോടെ ഓർക്കുന്നു.

മദർ തെരേസയുടെ മധുരമൊഴികൾ

വെണ്ടറപ്പിള്ളി അച്ചന്റെ പ്രഭാഷണങ്ങളിൽ മിക്കപ്പോഴും പരാമർശിക്കപ്പെടാറുള്ള ജീവിക്കുന്ന വിശുദ്ധ എന്നറിയപ്പെട്ടിരുന്ന മദർ തെരേസ, അദ്ദേഹത്തിന്റെ ആദർശവ്യക്തിയായിരുന്നു എന്നാണ് എനിക്കു തോന്നിയിട്ടുള്ളത്. കൊരട്ടി കുഷ്ഠരോഗാശുപത്രിയിലെ മുതൽ ആസ്രയിലെ യാച്ചാരാമിലെ വരെയുള്ള സേവനപ്രവർത്തനങ്ങൾ നോക്കിയാൽ അദ്ദേഹത്തിനു ജീവകാരുണ്യ പ്രവർത്തനങ്ങളിലുള്ള അതീവ താൽപര്യം വ്യക്തമാണ്. വടവുകോട് പള്ളിയിലെ സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ യൂത്ത് അസോസിയേഷൻ, സണ്ടേസ്കൂളിന്റെ സഹകരണത്തോടെ പ്രഫ. പി. എൻ. ചാക്കോയുടെ 'ഫൈവ് മിനിട്ട്സ് എ ഡേ വിത്ത് മദർ തെരേസ' എന്ന അനുദിന ധ്യാനപുസ്തകം മലയാളത്തിലേക്കു വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചപ്പോൾ എഡിറ്റോറിയൽ സമിതി അദ്ധ്യക്ഷനായി അച്ചനാണ് പ്രവർത്തിച്ചത്. 'മദർ തെരേസയുടെ മധുരമൊഴികൾ' എന്നു പേരിട്ട ഈ പുസ്തകം എറണാകുളം വുമൺ സെന്ററിൽ വച്ചു ലത്തീൻ കത്തോലിക്കാ സഭയുടെ റൈറ്റ് റവ. ഡോ. കോർണേലിയസ് ഇലഞ്ഞിക്കൽ ബിഷപ്പ് മിഷണറീസ് ഓഫ് ചാരിറ്റിയിലെ സിസ്റ്റേഴ്സിനു ആദ്യപ്രതി നൽകി പ്രകാശനം ചെയ്തു. ഈ ചടങ്ങിനും മലങ്കര മൽപാൻ ബഹു. കോരത് അച്ചനോടൊപ്പം ഒ. ജെ. ജേക്കബ് അച്ചനും വെണ്ടറപ്പിള്ളി അച്ചനും നേതൃത്വം നൽകി. സഭാവ്യത്യാസമെന്യേ വിശ്വാസികളിൽനിന്നു നല്ല സ്വീകരണമാണ് ഈ ഗ്രന്ഥത്തിനു ലഭിച്ചത്.

വിടവാങ്ങൽ

രോഗിയായി പരസഹായം കൂടാതെ നടക്കാൻ പറ്റാത്ത അവസ്ഥയോട് പൊരുത്തപ്പെടാൻ എപ്പോഴും ചുറുചുറുക്കോടെ ഓടിനടന്നിരുന്ന അച്ചൻ ആദ്യം വളരെ ബുദ്ധിമുട്ടി. എന്നാൽ ഈ പരീക്ഷണഘട്ടത്തിലും തന്റെ മനസ്സ് സജീവമായും മുഖം പ്രസന്നമായും നിലനിർത്താൻ ദൈവകൃപയാൽ അദ്ദേഹത്തിനു സാധിച്ചു. രോഗം മൂർച്ഛിച്ചു കോലഞ്ചേരി എം. ഒ.

എസ്. സി. മെഡിക്കൽ മിഷൻ ആശുപത്രിയിൽ വച്ച് 2012 ആഗസ്റ്റ് 21-ന് ഈ ലോകത്തോട് വിടവാങ്ങി.

അച്ചന്റെ നിര്യാണശേഷം വടവുകോട് പള്ളിയിൽ സംസ്കാരം നടത്തുന്നതിനെ സംബന്ധിച്ച് തർക്കവും വല്ലാത്ത പിരിമുറുക്കവും ഉണ്ടായിയെങ്കിലും അദ്ദേഹം സ്നേഹിച്ച, അദ്ദേഹത്തെ സ്നേഹിച്ച പൂർവവിദ്യാർത്ഥികളടങ്ങുന്ന ആബാലവൃദ്ധം ജനങ്ങൾ ആദരാഞ്ജലികൾ അർപ്പിക്കാൻ എത്തി. ബഹു. ഒ. ജെ. ജേക്കബ് അച്ചന്റെ നേതൃത്വത്തിൽ നടന്ന അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി പോലീസിന്റെ മേൽനോട്ടത്തിലാണെങ്കിലും അനിഷ്ടസംഭവങ്ങൾ കൂടാതെ സംസ്കാരം നടന്നു. 11 വർഷങ്ങൾക്കുശേഷം 2013-ൽ സഹധർമ്മിണിയുടെ സംസ്കാരം അതേ സെമിത്തേരിയിൽ എല്ലാവരുടേയും സഹകരണത്തോടെ സമാധാനപരമായി നടന്നതു കണ്ട് അങ്ങേ ലോകത്തിരുന്ന് അവർ രണ്ടുപേരും സന്തോഷിച്ചിട്ടുണ്ടാവും.

റവ. ഫാ. ജോസഫ് വെണ്ടറപ്പിള്ളി എന്ന 'വണ്ടർഫുൾ' വ്യക്തിയെ, മഹാ അദ്ധ്യാപകനെ സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് മുതൽ അകലെ നിന്ന് ആദരിക്കാനും പിന്നീട് വർഷങ്ങൾക്കുശേഷം പല പരിപാടികളിലും അദ്ദേഹത്തിന്റെ നേതൃത്വത്തിൻകീഴിൽ പ്രവർത്തിക്കാനും പിന്നീട് വളരെ അടുത്ത് പരിചയപ്പെടാനും അച്ചന്റെയും അമ്മായിയുടെയും സ്നേഹവും കരുതലും ആസ്വദിക്കുവാനും അദ്ദേഹത്തിന്റെ നർമ്മലേഖനങ്ങൾ സമാഹരിച്ച് ക്രിസ്റ്റ്യൻ സെന്ററിന്റെ ബാനറിൽ പ്രസിദ്ധീകരിക്കാൻ മുൻകൈ എടുക്കാനും സാധിച്ചത് എന്റെ മഹാഭാഗ്യമായി കരുതി ദൈവത്തിനു നന്ദി അർപ്പിക്കുന്നു. അച്ചന്റെ മറ്റു ലേഖനങ്ങളും രചനകളും ഉൾപ്പെടുത്തി ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ തയ്യാറായ റവ. ഫാ. ടി. പി. ഏലിയാസച്ചനെ അഭിനന്ദിക്കുകയും എനിക്ക് ഈ കുറിപ്പ് എഴുതാൻ തന്ന അവസരത്തിനു അദ്ദേഹത്തോടുള്ള നന്ദി അറിയിക്കുകയും ചെയ്യുന്നു.

(വെണ്ടപ്പിള്ളിയച്ചന്റെ ശിഷ്യൻ. വിദ്യാർത്ഥികാലം കഴിഞ്ഞതു മുതൽ അച്ചന്റെ സഭാ സാമൂഹിക മണ്ഡലത്തിലെ കൂട്ടുവേലക്കാരൻ. വെള്ളിക്കോൽ എന്ന ഗ്രന്ഥപ്രസിദ്ധീകരണത്തിന്റെ ചുക്കാൻ പിടിച്ചയാൾ.)

നർമ്മസ്മരണകൾ

വേലായുധൻ വടവുകോട്

HSA RMHS Vadavucode (Rtd)

വടവുകോട് രാജർഷി മെമ്മോറിയൽ ഹൈസ്കൂളിലെ പ്രഥമ പ്രധാന അധ്യാപകനായിരുന്ന ശ്രീ. എം. വി. മത്തായി സാറിന്റെ കീഴിൽ റവ. ഫാ. ജോസഫ് വെണ്ടറപ്പിള്ളിക്കൊപ്പം ജോലി ചെയ്യുവാൻ എനിക്കും ഭാഗ്യം ലഭിച്ചു. നർമ്മരസജ്ഞനായ മത്തായി സാറിന്റെ അടുക്കൽ എന്തു തമാശ പറയാനും ഏതു ഹാസ്യരസം പ്രകടിപ്പിക്കാനും ഞങ്ങൾക്കു സ്വാതന്ത്ര്യ മുണ്ടായിരുന്നു. അത്തരം ഒരു സന്ദർഭം ഓർമ്മയിൽനിന്നു കുറിക്കട്ടെ.

ഒരു ക്ലാസുള്ള ദിവസം രാവിലെ രണ്ടാമത്തെ പീരിയഡ് കഴിഞ്ഞ് അധ്യാപകൻ സ്റ്റാഫ് മുറിയിലേക്കു വരുന്നു. കൂട്ടത്തിൽ ക്ലാസ്സും കഴിഞ്ഞ് ഹെഡ്മാസ്റ്റർ മത്തായി സാറും വന്നു. സ്റ്റാഫ് മുറിയിലൂടെ വേണം ഹെഡ് മാസ്റ്ററുടെ മുറിയിലേക്കു പോകാൻ. ഇന്നത്തെ ഹെഡ്മാസ്റ്റർമാരെപ്പോ ലെയല്ല മത്തായി സാർ. പത്താംക്ലാസ്സിൽ രണ്ടു ഡിവിഷനിൽ അദ്ദേഹം കണക്കു പഠിപ്പിക്കുന്നുണ്ട്. മത്തായി സാർ വന്നപാടെ ശ്രീ. ജോസഫ് വെണ്ടറപ്പിള്ളി (അന്നദ്ദേഹം അച്ചനായിട്ടില്ല) ഒരു ചോദ്യം: "പോടാ മത്തായി' എന്നു പറഞ്ഞാലെന്തെന്ന് സാറിനറിയാമോ?" സാത്വിക പ്രകൃ തക്കാരനായ വെണ്ടറപ്പിള്ളിയിൽനിന്ന് അങ്ങനെ ഒരു ചോദ്യം ആർക്കും പ്രതീക്ഷിക്കാനാവില്ല. മാത്രമല്ല, ആരോടാണ് ചോദിച്ചത്! മത്തായി സാർ ഹെഡ്മാസ്റ്റർ മാത്രമല്ല, മാനേജ്മെന്റിന്റെ ഭാഗത്തു നിന്നുകൊണ്ട് അധ്യാ പകരെ നിയമിക്കാനും പിരിച്ചുവിടാനും ശിക്ഷണനടപടികൾ കൈക്കൊ ള്ളാനും അധികാരപ്പെട്ട ആൾ. ഞങ്ങളൊക്കെ മത്തായി സാറിന്റെ പ്രതി കരണം കേൾക്കാൻ ആകാംക്ഷയോടെ കാതോർത്തു നിൽക്കുകയാണ്. അപഹാസ്യ സ്വഭാവത്തിലുള്ള ചോദ്യം ചോദിച്ച ആളുടെ പേരിൽ എന്തു അച്ചടക്കനടപടി വേണമെങ്കിലും എടുക്കാം. ഇഷ്ടക്കേടു തോന്നിയാൽ പിരിച്ചുവിടാം. ആരും ചോദിക്കാനുണ്ടാവില്ല. എന്നാൽ സംഭവിച്ചതങ്ങ നെയൊന്നുമല്ല. മത്തായി സാറിന്റെ മുഖത്ത് ഒരു ഫലിതം കേട്ട ഭാവ മാണ് കണ്ടത്. സാർ പറഞ്ഞു, 'എനിയ്ക്കറിയാം. നീ പോടാ എനിക്കു മത്തായി.' പോടാ മത്തായി എന്നതിനു മത്തായി സാർ നൽകിയ വിശ ദീകരണം കേട്ട് എല്ലാവരും അതിശയിച്ചു പോയി (മത്തായി = മത്ത് ആയി – മത്തു പിടിച്ചു). രണ്ടാമത്തെ പീരിയഡു കഴിഞ്ഞുള്ള ഇടവേള യിൽ എല്ലാവർക്കും ചായയുണ്ട്. വെണ്ടറപ്പിള്ളി മത്തായി സാറിന്റെ മേശ പ്പുറത്തിരുന്ന ചായ എടുത്തുകൊണ്ടു വന്ന് സാറിന്റെ കൈയിൽ കൊടു

ത്തിട്ട് അഭിനന്ദനം അറിയിച്ചു. ഇതുപോലെ രസപ്രദമായിരുന്നു രാജർഷി മെമ്മോറിയൽ ഹൈസ്കൂളിലെ ഞങ്ങളുടെ അധ്യാപകജീവിതം.

വെണ്ടറപ്പിള്ളിക്കു ഹാസ്യത്തിൽ ചാലിച്ച് നർമ്മഭാവം പ്രകടിപ്പിക്കാൻ കഴിയുമെന്ന് അന്നുവരെ ഞങ്ങളാരും അറിഞ്ഞിരുന്നില്ല. ഒരുവിധത്തിൽ പറഞ്ഞാൽ ആ നർമ്മഭാവത്തിന്റെ വളർച്ചയ്ക്കു വളംവെച്ചുകൊടുത്തത് മത്തായി സാറാണ്.

സ്കൂൾ വാർഷികം വന്നാൽ കലാപരിപാടികൾ അവതരിപ്പിക്കുന്നത് അധ്യാപകരും വിദ്യാർത്ഥികളും സഹകരിച്ചാണ്. ഇന്നത്തെപ്പോലെ സൗകര്യങ്ങളൊന്നുമില്ലാതിരുന്ന അറുപത്-എഴുപത് കാലത്ത് സ്കൂൾ വാർഷികാഘോഷം നാട്ടിലെത്തന്നെ ഒരുത്സവമാണ്. നല്ല നാടകം തെരഞ്ഞെടുക്കുക, കഥാപാത്രങ്ങൾക്കു യോജിച്ച കുട്ടികളെയും അധ്യാപകരെയും തെരഞ്ഞെടുത്ത് നാടകം പഠിപ്പിക്കുക, നൃത്തം, മോണോ ആക്ട്, മിമിക്രി, കഥാപ്രസംഗം തുടങ്ങിയ കലാപരിപാടികൾ കുട്ടികളെ പഠിപ്പിച്ച് അവതരിപ്പിക്കുക - ഇതൊക്കെ ആവേശപൂർവ്വം അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് നിർവ്വഹിക്കും. നാടകം തെരഞ്ഞെടുക്കാനും പരിപാടി സമയത്ത് മൈക്കിലൂടെ വിളിച്ചുപറയാനും വിശിഷ്ടാതിഥികളെ സ്വീകരിക്കാനുമൊക്കെ വെണ്ടറപ്പിള്ളിയാണ് മുൻപന്തിയിൽ. നാടകം അഭിനയിക്കാൻ അദ്ദേഹം മുന്നോട്ടു വരാറില്ല.

ഒരു സ്കൂൾ വാർഷികത്തിന് ഞങ്ങൾ അധ്യാപകർ മാത്രം ഒരു ചെറിയ നാടകം അവതരിപ്പിച്ചു. വായനയിൽ നിന്നു കിട്ടിയ ഒരാശയം ഞാൻ നാടകരൂപത്തിലാക്കി, തോമസ് വറുഗീസ് എന്ന സാറിനെ കാണിച്ചു. രസികാഗ്രണിയായ അദ്ദേഹമാണ് അവതരിപ്പിക്കാൻ നിർബന്ധം പിടിച്ചത്. അതിൽ ഒരു റോൾ വെണ്ടറപ്പിള്ളിക്കു കൊടുത്തു. ഒന്നു മത്തായി സാറിനും. ബോംബെയിൽ ഒരു കെട്ടിടഉടമ ഒരു മുറി രണ്ടു പേർക്കു വാടകയ്ക്കു കൊടുക്കുന്നതാണ് സംഭവം. പകലൊരാൾക്കും രാത്രി മറ്റൊരാൾക്കും. കെട്ടിടം ഉടമയാണ് വെണ്ടറപ്പിള്ളി. ഒരു വാടകക്കാരൻ മത്തായി സാറും മറ്റെ ആൾ തോമസ് വറുഗീസ് സാറും. സാധാരണ ഇവർ തമ്മിൽ കണ്ടുമുട്ടാറില്ല. പകൽവാടകക്കാരൻ ഒരിക്കൽ ഒരു മുട്ടയും കൊണ്ടുവന്നു. പുഴുങ്ങി കഴിക്കാൻ നേരമില്ലാത്തതുകൊണ്ടു അടുത്ത ദിവസമാകട്ടെ എന്നു കരുതി വച്ചിട്ടുപോയി. രാത്രിവാടകക്കാരൻ ചിക്കൻകറിക്ക് ഒരു കോഴിക്കുഞ്ഞിനെയും കൊണ്ടാണ് വന്നത്. അയാൾ നോക്കിയപ്പോൾ ഒരു മുട്ട ഇരിക്കുന്നു! ചിക്കൻ അടുത്തദിവസമാകട്ടെ എന്നു കരുതി മുട്ട പുഴുങ്ങി കഴിച്ചു. അടുത്തദിവസം മുട്ടക്കാരൻ വന്നപ്പോൾ മുട്ടയുടെ സ്ഥാനത്ത് കോഴിക്കുഞ്ഞ്. ഇത്രവേഗം മുട്ട വിരിഞ്ഞ് കോഴിക്കുഞ്ഞായോ? അയാൾ സംശയഗ്രസ്തനായി ആലോ

ചിച്ചു നിൽക്കുമ്പോൾ മറ്റേ വാടകക്കാരൻ കയറി വന്നു. അവർ തമ്മിൽ ബഹളമായി. ഉടനെ കെട്ടിടഉടമയെ വരുത്തി. നിൽക്കുന്ന രണ്ടു വാട കക്കാരുടെ നടുക്ക് ഇരിക്കുന്ന കെട്ടിടഉടമയുടെ റോൾ വെണ്ടറപ്പിള്ളി നന്നായി അവതരിപ്പിച്ച് പ്രശംസ പിടിച്ചുപറ്റിയ കാര്യം ഇപ്പോഴും ഓർ ക്കുന്നു. വിദ്യാലയത്തിന്റെ പ്രശസ്തിക്കും ഉന്നതവിജയത്തിനും അന്നത്തെ അധ്യാപകരെല്ലാം ഭാഗഭാക്കുകളാണ്.

പിന്നീട് വെണ്ടറപ്പിള്ളി കശ്ശീശാപട്ടം സ്വീകരിച്ചപ്പോൾ ഞങ്ങൾക്കു വിളിപ്പേരു മാറ്റേണ്ടി വന്നു. അച്ചനായാൽ പിന്നെ പണ്ടത്തെപ്പോലെ വിളി ക്കാൻ പാടില്ലല്ലോ. ഞങ്ങൾ വിളി വെണ്ടറപ്പിള്ളി അച്ചൻ എന്നാക്കി. ജോസഫ് എന്ന അദ്ദേഹത്തിന്റെ സാക്ഷാൽ നാമം വിളിക്കുമ്പോൾ പറ യാറില്ല.

വൈദികപട്ടം സ്വീകരിച്ചശേഷം വെണ്ടറപ്പിള്ളി തിരക്കുള്ള ആളായി മാറി. ആരെയും ആകർഷിക്കുന്നവിധം സംസാരിക്കാനുള്ള വാഗ്മിത്വം അച്ചന്റെ ഒരു സിദ്ധി തന്നെയായിരുന്നു. അടുത്തുവരുന്നവരെ അടുപ്പി ച്ചുനിർത്താൻ പോന്ന പെരുമാറ്റം, എത്ര തെരക്കുണ്ടായാലും ഏൽക്കു ന്നകാര്യം ഭംഗിയായി ചെയ്തുതീർക്കാനുള്ള അർപ്പണഭാവം – മൊത്ത ത്തിൽ പള്ളിക്കൂടത്തിൽ മാത്രമല്ല, പൊതുതലത്തിലും നിറഞ്ഞുനിന്ന ഒരു വ്യക്തിത്വമായിരുന്നു വെണ്ടറപ്പിള്ളി അച്ചൻ. വൈദികനായശേഷം അച്ചന്റെ പ്രവർത്തനമേഖല വിപുലമായി. മലങ്കരസഭയുടെ ഉന്നതസ്ഥാ നങ്ങൾ വഹിക്കാനും ചാരിറ്റബിൾ ട്രസ്റ്റിൽ പ്രവർത്തിക്കാനും പത്രപ്ര വർത്തനം നടത്താനും അവസരം ലഭിച്ചിട്ടുണ്ട്. ധാരാളം വിദേശരാജ്യ ങ്ങൾ സന്ദർശിക്കാൻ കഴിഞ്ഞു. സ്വീഡൻ പര്യടനത്തെക്കുറിച്ച് അച്ചൻ പറഞ്ഞ ഒരു കാര്യം ഇപ്പോഴും ഓർക്കുന്നു. കുത്തഴിഞ്ഞ ജീവിതത്തിനു സ്വീഡൻ മോഡൽ എന്നു പറയാറുണ്ട്. നമ്മുടെ നാട്ടിൽ സ്ത്രീപീഡനം, ബാലപീഡനം എന്നൊക്കെയല്ലേ നാം കേൾക്കാറുള്ളു. സ്വീഡനിൽ മറി ച്ചാണ്. അവിടെ സ്ത്രീകൾ പുരുഷന്മാരെ പിടിച്ചുകൊണ്ടുപോകും. അച്ചൻ അങ്ങനെയുള്ള ഒരു കുടുക്കിൽ പെടാനിടയായി. അച്ചൻ സഞ്ചരിച്ചിരുന്ന കാറിനടുത്ത് ഒരു തൂവെള്ള കാർ വന്നുനിന്നു. എന്തെന്നറിയാതെ ഡ്രൈവർ അച്ചന്റെ കാർ നിർത്തി. വെള്ളക്കാറിൽനിന്ന് മൂന്നു മദാലസ മദാമ്മമാർ ഇറങ്ങിവന്നു. അവർക്ക് അച്ചനെ കൊണ്ടുപോകണം. സ്വീഡിഷ് ഭാഷ അച്ചനും കൂടെയുള്ളവർക്കും അറിഞ്ഞുകൂടാ. എങ്കിലും ബുദ്ധിമാനായ അച്ചന് കാര്യം മനസ്സിലായി. ആ തരുണീമണികളിൽ നിന്ന് എങ്ങനെ രക്ഷപെടും? അതായി ചിന്ത. താനൊരു വൈദികനാ ണെന്നും പാപം ചെയ്യാൻ നിർബന്ധിക്കരുതെന്നും സ്വീഡൻ ഗവണ്മെ ന്റിന്റെ പ്രത്യേക അനുമതിയോടെ വന്നതാണെന്നും അറിയാവുന്ന ഭാഷ യിൽ ആംഗ്യങ്ങൾ കാട്ടി ബോധ്യപ്പെടുത്താൻ ശ്രമിച്ചു. എന്നിട്ടും അവ

ർക്കു മാറ്റമുണ്ടായില്ലെന്നു കണ്ടപ്പോൾ കൈവശമുണ്ടായിരുന്ന ക്രിസ്തുവിന്റെ പടവും ബൈബിളും കാണിച്ചുകൊടുത്തു. അതു കണ്ടപ്പോൾ അവരുടെ വികാരതിരമാലയ്ക്കു ഒട്ടു ശമനംവന്നു. അവർ പിന്നെയൊന്നും പറയാൻ നിന്നില്ല. കാർ തിരിച്ച് ഓടിച്ചുപോയി. വൈദികനായതുകൊണ്ടുമാത്രം താൻ രക്ഷപെട്ടതാണെന്ന് അച്ചൻ പറഞ്ഞു.

'വ്യാപാരമേഹനനമാംവനവേടനുണ്ടോ
വ്യാപന്നമായ് കഴുകനെന്നുകപോതമെന്നും.'

വീണപൂവിലെ ഈ പദ്യശകലമാണ് ഞാനപ്പോൾ ഓർത്തുപോയത്. പക്ഷിവേട്ടയ്ക്കു ഒരുമ്പെട്ടുവന്ന വേടൻ കൈയിൽപെട്ടത് കഴുകനാണോ കപോതമാണോ എന്നു നോക്കാറുണ്ടോ? പക്ഷേ സ്വീഡിഷ് വനിതകളിൽനിന്ന് അച്ചൻ ദൈവാധീനംകൊണ്ട് രക്ഷപ്പെട്ടു.

വെണ്ടറപ്പിള്ളി അച്ചനിൽ ഒളിഞ്ഞുകിടന്ന ആക്ഷേപഹാസ്യഭാവന പ്രത്യക്ഷപ്പെടുന്നത് വെള്ളിക്കോൽ എന്ന തൂലികാനാമത്തിൽ അദ്ദേഹം എഴുതിയ ലേഖനങ്ങളിലൂടെയാണ്. സാമൂഹ്യവിമർശനം എന്ന സാഹിത്യസ്വഭാവം തികച്ചും അതിൽ കാണാം. ഓരോന്നിന്റെയും തലക്കെട്ടു തന്നെ അതിനു പട്ടംകെട്ടുന്നതാണ്.

മത്തായി സാറിന്റെ നേതൃത്വത്തിൽ ആരംഭിച്ച വടവുകോട് ക്രിസ്ത്യൻ സെന്ററിന്റെ സജീവപ്രവർത്തകനായിരുന്നു അച്ചൻ. അച്ചന്റെ ഭാര്യ ശ്രീമതി സാറാമ്മ ഈ ഹൈസ്കൂളിൽത്തന്നെ അധ്യാപികയായിരുന്നു. അവർ രണ്ടുപേരും നമ്മോടൊപ്പമില്ലെങ്കിലും മക്കൾ ക്ലേശരഹിതമായ ജീവിതം നയിച്ചുപോരുന്നു എന്നത് ആശ്വാസപ്രദമാണ്. സഹാധ്യാപകനെന്ന നിലയ്ക്കു ധാരാളം അനുഭവങ്ങൾ പറയാനുണ്ടെങ്കിലും സ്ഥലപരിമിതിമൂലം തൽക്കാലം നിർത്തുന്നു.

(വെണ്ടപ്പിള്ളി അച്ചന്റെ സഹപ്രവർത്തകനും ആത്മമിത്രവുമായ ലേഖകൻ കവിയും നോവലിസ്റ്റും വർണിഭ മാസിക ചീഫ് എഡിറ്ററുമാണ്.)

ഓർമ്മകളുടെ പ്രകാശപ്രസരം

പ്രൊഫ. എൻ. കെ. രാജൻ ഞാർത്താങ്കൽ

ബഹുമാനപ്പെട്ട വെണ്ടറപ്പിള്ളിലച്ചനെപ്പറ്റിയുള്ള ഓർമ്മകൾ ഒരു പ്രകാശപ്രസരമായി ഇന്നും നിലനിൽക്കുന്നു. ഞങ്ങളുടെ കുടുംബങ്ങൾ തമ്മിലുള്ള അടുപ്പം എന്റെ പിതാവും (കോരതു മൽപാനച്ചൻ) അച്ചനും തമ്മിലുണ്ടായ ഗുരുശിഷ്യബന്ധത്തിൽ നിന്നാണ്. ആ സ്നേഹബന്ധം അച്ചനെ സ്വന്തനാടായ ഏരൂരിൽനിന്ന് വടവുകോടുകാരനായി മാറാൻ പ്രേരിപ്പിച്ചു എന്ന് പറയേണ്ടിയിരിക്കുന്നു. അച്ചന്റെ സ്നേഹമസൃണമായ പ്രവർത്തനശൈലിയും എല്ലാ കാര്യങ്ങളിലും മറ്റുള്ളവരോടു കാണിച്ച സഹകരണമനോഭാവവും അദ്ദേഹത്തെ വടവുകോടിന്റെ സ്വന്തമാക്കി മാറ്റി. ക്രമേണ ബുദ്ധിമുട്ടുകൾ മാറി ദൈവാനുഗ്രഹമുള്ള ഒരു പട്ടക്കാരനും രാജർഷി ഹൈസ്കൂളിലെ ഒരു മാതൃകാ അദ്ധ്യാപകനുമായി മാറാൻ അദ്ദേഹത്തിന് സാധിച്ചു.

അധികം താമസിയാതെതന്നെ വടവുകോട് പള്ളിയുടെ പ്രധാന കുരിശുപള്ളിക്ക് എതിർവശത്തായി വീടുപണിത് കുടുംബത്തോടൊപ്പം താമസ്സമാക്കി. വീടുപണിക്കായി ശ്രമദാനം നടത്തിയവരിൽ അന്നത്തെ രാജർഷി സ്കൂൾ ഹെഡ്മാസ്റ്റർ എം. വി. മത്തായി സാറും സ്കൂൾ മാനേജർ കെ. എ. പോൾ സാറും, എം. വി. പൗലൂസ് സാറും, എന്റെ പിതാവും മറ്റു പലരും ഉൾപ്പെടുന്നു എന്നു പറയുമ്പോൾ അവരെല്ലാം അച്ചനെ എത്രമാത്രം സ്നേഹിച്ചിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. അങ്ങനെ ഞങ്ങളുടെ കുടുംബത്തിന്റെ ഏറ്റവും അടുത്ത അയൽക്കാരനും ബന്ധുവും അച്ചൻ തന്നെയായി. ക്രമേണ എന്റെ പിതാവിന് അച്ചൻ സ്വന്തം മകനെപ്പോലെയും എനിക്ക് എന്റെ മൂത്ത സഹോദരനുമായി. എന്റെ കുടുംബത്തിന്റെ പല കാര്യങ്ങളിലും അച്ചൻ ഞങ്ങളെ സഹായിച്ച അനേക സന്ദർഭങ്ങൾ ഇന്നും ഓർമ്മയിലുണ്ട്. ഞാൻ പ്രീയൂണിവേഴ്സിറ്റി കോഴ്സ് കഴിഞ്ഞ് പോണ്ടിച്ചേരിയിൽ ഒരു മെഡിക്കൽ എൻട്രൻസ് ടെസ്റ്റിന് പോകാനൊരുങ്ങിയപ്പോൾ 'തനിച്ചു പോകണ്ട' എന്നു പറഞ്ഞ് അച്ചൻ സ്കൂളിൽനിന്ന് അവധിയെടുത്ത് എന്റെ കൂടെ വന്നത് ഞാൻ ഓർക്കുന്നു. ഞങ്ങളുടെ ആവശ്യങ്ങൾ അറിഞ്ഞും കുറവുകൾ മനസ്സിലാക്കിയും പെരുമാറുന്ന രീതിയായിരുന്നു അച്ചന്റേത്. എന്റെ അമ്മ അച്ചനെ അധികമായി സ്നേഹിക്കുകയും കരുതുകയും ചെയ്തിരുന്നു. അമ്മച്ചി അസുഖം ബാധിച്ച് ഏറെനാളുകൾ ഹോസ്പിറ്റലിൽ കഴിയേണ്ടിവന്നപ്പോൾ അച്ചന്റെ പ്രത്യേകമായ ശ്രദ്ധയും സാന്ത്വനവും ഉണ്ടായിരുന്നു. അതുപോലതന്നെ എന്റെ ഭാര്യ വിമലയും മക്കളും അച്ചന്റെ

സ്നേഹവും കരുതലും അനുഭവിച്ച സന്ദർഭങ്ങൾ വളരെയാണ്. അപ്പച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷങ്ങൾ വടവുകോട്ടിലും കോട്ടയം സെമിനാരിയിലുമായി വളരെ വിപുലമായി നടത്താൻ മുൻകൈ എടുത്തതും അച്ചൻ തന്നെയായിരുന്നു.

ഒരു പ്രത്യേക ചൈതന്യത്തോടും പ്രസരിപ്പോടുംകൂടിയ അച്ചന്റെ മുഖം പല സന്ദർഭങ്ങളിലും ഞങ്ങൾക്ക് ആശ്വാസദായകമായിരുന്നു. ഏത് പ്രതിസന്ധിയേയും ഒരു ചെറിയ പുഞ്ചിരിയോടെ നേരിടാൻ അച്ചന് കഴിയുമായിരുന്നു. അച്ചന്റേതായ എല്ലാ പ്രവർത്തനങ്ങളിലും ഗുരു എന്ന നിലയിൽതന്നെ അപ്പച്ചനോട് ഉപദേശം തേടാനും ആലോചിക്കാനും അച്ചൻ ശ്രദ്ധിച്ചിരുന്നു.

അച്ചന്റെ അമ്മ അച്ചനോടൊപ്പം താമസിച്ചിരുന്നു. അമ്മ നല്ല ദൈവഭക്തയായിരുന്നു. അമ്മയുടെ പ്രാർത്ഥനാശബ്ദം വീടിനു മുമ്പിലൂടെ പോകുന്ന ആരും ശ്രദ്ധിക്കുമായിരുന്നു. അവസാനകാലത്തെ ആ അമ്മയുടെ പ്രാർത്ഥന 'എന്നെ നടപ്പിൽ എടുക്കേണമേ' എന്നായിരുന്നു. ദൈവം ആ പ്രാർത്ഥന അംഗീകരിച്ചുകൊടുത്തതുപോലെ സഹോദരിയുടെ സംസ്കാരചടങ്ങിൽ പങ്കെടുക്കാൻ പോയപ്പോൾ അവിടെ വച്ചു തന്നെ മരണമടഞ്ഞു.

പിന്നീട് അച്ചന്റെ പ്രവർത്തനസരണി സഭയുടെ മുഖ്യധാരയിലേക്ക് വ്യാപിച്ചതോടെ ഊർജ്ജസ്വലനും ആത്മാർത്ഥതയുമുള്ള ഒരു പട്ടക്കാരൻ എന്ന നിലയിലും അനുഗ്രഹീതനായ ഒരു പ്രഭാഷകനെന്ന നിലയിലും സഭാകാര്യങ്ങളിൽ സജീവമായി വ്യാപൃതനായി. സഭയേയും പ്രസ്ഥാനങ്ങളേയും പ്രതിനിധീകരിച്ച് ഇന്ത്യയിലും പുറംരാജ്യങ്ങളിലും പോയി തന്റെ മികവ് തെളിയിക്കാൻ അവസരം ലഭിച്ചു. അഭിവന്ദ്യ പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനിയോടുള്ള അടുപ്പവും ആരാധനയും അച്ചന്റെ ഈ കുതിപ്പിനെ കാര്യമായി സഹായിച്ചു എന്ന് മനസ്സിലാക്കുന്നു.

സഭയുടെ കാലോചിതമായ പ്രവർത്തന പരിപാടികളിലെല്ലാംതന്നെ പല പദവികളും സ്വീകരിച്ച്, ബുദ്ധിമുട്ടുകൾ സഹിച്ച് സ്വാർത്ഥലാഭം നോക്കാതെ പ്രവർത്തിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. സഭയുടെ വഴക്ക് വീണ്ടും ആരംഭിച്ച നാളുകളിൽ കേരളത്തിലുടനീളം വിശദീകരണയോഗങ്ങളിൽ അച്ചന്റെ നർമ്മരസം കലർന്ന ശബ്ദം മാറ്റൊലികൊണ്ടു. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനും അത് വേണ്ടവിധം നടപ്പിലാക്കാനുമുള്ള കർമ്മധീരത അദ്ദേഹത്തെ വളരെ തിരക്കിട്ട ഒരു വ്യക്തിയാക്കി മാറ്റി. വളരെയേറെ സുഹൃത്തുക്കളും അദ്ദേഹത്തിനുണ്ടായി. എവിടെ ചെന്നാലും വെണ്ടറപ്പിള്ളിലച്ചനെ അറിയാത്തവരാരും ഇല്ല.

അങ്ങനെ അച്ചൻ വടവുകോട്ടിൽ വന്നിട്ട് എല്ലാവിധത്തിലും ഉയർച്ച പ്രാപിച്ചു. ഇവിടെ ഒരു കാര്യം വളരെ പ്രസക്തമാണ്. അച്ചന്റെ ജ്യേഷ്ഠന്റേയും സഹോദരിമാരുടേയും കുടുംബങ്ങൾക്ക് അച്ചൻ ഒരു അത്താണിയായി മാറി. അവരുടെ മക്കളെ വീട്ടിൽ താമസിപ്പിച്ച് സ്കൂൾ വിദ്യാഭ്യാസത്തിനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ അച്ചൻ മറന്നില്ല. വീട്ടുകാർക്കു മാത്രമല്ല നാട്ടുകാരായ പലർക്കും അച്ചന്റെ പലയിടത്തുമുള്ള സ്വാധീനം വളരെ പ്രയോജനപ്പെട്ടിട്ടുണ്ട്. യുവാക്കളോട് പ്രത്യേകിച്ച് തന്റെ വിദ്യാർത്ഥികളോട് ഒരു പ്രത്യേകമായ കരുതലും സ്നേഹവും അദ്ദേഹത്തിനുണ്ടായിരുന്നു.

അമ്മായിക്ക് അച്ചന്റേതായ പ്രവർത്തനങ്ങളിൽ കൂടുതലായി സഹകരിക്കാൻ സാധിച്ചിരുന്നില്ല. എങ്കിലും ഒരു പ്രോത്സാഹന ശബ്ദമായി നിലകൊണ്ടു. സ്കൂളിലെ ജോലിയോടൊപ്പം മക്കളുടെ കാര്യത്തിൽ അമ്മായിയുടെ പരിശ്രമം പലപ്പോഴും അച്ചന്റെ അഭാവത്തിലും അവരെയെല്ലാം നല്ല നിലയിൽ എത്തിക്കാൻ വളരെ സഹായിച്ചു.

അച്ചൻ പല കാര്യങ്ങളിലും വ്യത്യസ്തമായ ചിന്താഗതിയും മനോഭാവവുമുള്ള വ്യക്തിയായിരുന്നു. അച്ചന്റെ ഒരു വലിയ സ്വഭാവശ്രേഷ്ഠതയായി ഞാൻ കണ്ടത് തന്റെ സുഹൃത്തുക്കളിൽ ആർക്കെങ്കിലും പ്രത്യേകിച്ച് സഹപ്രവർത്തകരിൽ കാര്യമായ തെറ്റു സംഭവിച്ച് മറ്റുള്ളവർ അവരെ അകറ്റിനിർത്താൻ ശ്രമിച്ചാൽ അച്ചന് അത് സഹിക്കാൻ കഴിയുമായിരുന്നില്ല എന്നതാണ്. തെറ്റിന്റെ ഗൗരവം പുനഃപരിശോധിച്ചു ക്ഷമിയ്ക്കണമെന്ന് സ്നേഹപൂർവ്വം നിർദ്ദേശിക്കാനും അദ്ദേഹം മടിച്ചിരുന്നില്ല. ആരേയും വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ വ്രണപ്പെടുത്തുന്ന രീതിയും അച്ചനുണ്ടായിരുന്നില്ല. ക്രിസ്തു ചുങ്കക്കാരനോടും പാപിനിയായ സ്ത്രീയോടും കാണിച്ച മനസ്സലിവും പാപക്ഷമയും ഇന്ന് ക്രിസ്തുവിനെ അനുഗമിക്കുന്നു എന്ന് പറയുന്ന ആർക്കാണ് ഉള്ളത്?

അദ്ദേഹത്തിന്റെ അവസാനനാളുകളിൽ കുറെയൊക്കെ അദ്ദേഹത്തെ ശുശ്രൂഷിക്കാനും കൂടെനിൽക്കാനുമുള്ള ഭാഗ്യം എനിക്ക് ലഭിച്ചു. എന്തുകൊണ്ടോ ആ കാലഘട്ടം അച്ചനെ സംബന്ധിച്ചിടത്തോളം സഹനത്തിന്റേതായിരുന്നു. മനസികവും ശാരീരികവുമായ തളർച്ച അദ്ദേഹത്തെ ബാധിച്ചിരുന്നു. അവസാന കാലഘട്ടത്തിൽ ഏതാനും സുഹൃത്തുക്കളിലുണ്ടായ സമീപനവ്യത്യാസങ്ങളെപ്പറ്റിയും അവരുടെ പരാമർശങ്ങളെപ്പറ്റിയുമെല്ലാം ഹോസ്പിറ്റലിൽ കിടന്നപ്പോൾ സംസാരിക്കുമായിരുന്നു. അച്ചന്റെ മരണശേഷം സഭാവഴക്കിന്റെ ഒരു ഇരയെന്നവണ്ണം സംസ്കാര ചടങ്ങുകൾക്ക് തടസ്സം സൃഷ്ടിക്കാൻ ശ്രമമുണ്ടായി. എന്നാൽ ദൈവ കൃപയാലും വളരെപേരുടെ ആത്മാർത്ഥമായ സഹകരണത്താലും കുടും

ബാംഗങ്ങളും സുഹൃത്തുക്കളും ആഗ്രഹിച്ചതുപോലെ വടവുകോട് പള്ളിയുടെ സെമിത്തേരിയിൽതന്നെ അന്ത്യവിശ്രമം കൊള്ളാൻ സാധിച്ചു.

വളരെ വൈകിയാണെങ്കിലും ഈ വിധത്തിൽ അച്ചനെപ്പറ്റിയുള്ള ഓർമ്മകളിലൂടെ തിരിഞ്ഞു നടക്കാൻ അവസരംതന്ന ബഹു. ടി. പി. ഏലിയാസച്ചനോടുള്ള സന്തോഷം രേഖപ്പെടുത്തുന്നു. ലക്ഷ്യബോധത്തോടെ കർത്തവ്യനിരതമായി സമസ്യഷ്ടങ്ങളോടുള്ള അനുകമ്പയോടെ നയിക്കേണ്ടതാണ് ജീവിതമെന്ന് കാണിച്ചുതന്ന അച്ചന്റെ പ്രാർത്ഥനയിൽ അഭയപ്പെട്ടുകൊണ്ട് നിർത്തുന്നു.

(മലങ്കര മല്പാൻ ഞാർത്താങ്കൽ കോരുതു മല്പാനച്ചന്റെ മകനായ ലേഖകൻ വെണ്ടപ്പിള്ളിയച്ചന്റെ സഹോദരസ്ഥാനിയാണ്. രണ്ടു കുടുംബങ്ങളും തമ്മിൽ അയൽബന്ധത്തിന്റെ ആഴവും പരപ്പും അസൂയാവഹമാണ്.)

ബാല്യകാലസ്മരണയിൽ വെണ്ടറപ്പിള്ളി അച്ചൻ

നയോമി രാജൻ

(അസി. പ്രൊഫ. സെന്റ് പീറ്റേഴ്സ് കോളജ്, കോലഞ്ചേരി)

വടവുകോട് എന്ന അനുഗ്രഹീത ഗ്രാമത്തിനും ഇവിടുത്തെ ഓർത്ത ഡോക്സ് ഇടവകയ്ക്കും ലഭിച്ച അനേകവരങ്ങളിൽ ഏറ്റവും ശ്രേഷ്ഠ മായ ഒന്നാണ് മൽപാനച്ചൻ, ആലപ്പാട്ടച്ചൻ, വെണ്ടറപ്പിള്ളി അച്ചൻ എന്നി വരടങ്ങിയ പുരോഹിതത്രയം. സണ്ടേസ്കൂൾ, വി.ബി.എസ്. പഠനകാ ലത്ത് ഈ അതുല്യ വ്യക്തികളുടെ ആത്മീയ പ്രഭാവം അനുഭവിച്ചറി യാൻ കഴിഞ്ഞത് വലിയ ദൈവാനുഗ്രഹമായി ഞാൻ കരുതുന്നു.

പ്രസംഗപാടവം കൊണ്ടും അദ്ധ്യാപന മികവുകൊണ്ടും ആഴമേറിയ ആത്മീയജ്ഞാനം കൊണ്ടും സഭയ്ക്കും നാടിനും അഭിമാനമായിരുന്നു വെണ്ടറപ്പിള്ളി അച്ചൻ. വൃത്തിയായി മിനുക്കിയ താടി, സന്തോഷദീപ്ത മായ കണ്ണുകൾ, സദാ പുഞ്ചിരി തൂകുന്ന മുഖം, ചൊടിയുള്ള ചുവടു കൾ, ആത്മവിശ്വാസം നിറഞ്ഞ വാക്കുകൾ - വെണ്ടറപ്പിള്ളി അച്ചൻ എന്ന പേരിനൊപ്പം മനസ്സിൽ തെളിഞ്ഞു വരുന്ന ചിത്രമാണിത്.

ദേവാലയത്തിൽ ആരാധനയ്ക്കു വരുമ്പോൾ അനുയോജ്യമായ വസ്ത്രം ധരിക്കണമെന്ന് വി.ബി.എസിലും സണ്ടേസ്കൂളിലും കുട്ടിക ളായ ഞങ്ങളോട് അച്ചൻ നിഷ്കർഷിച്ചിരുന്നു. വി. കുമ്പസാരവും വി. കുർബ്ബാന അനുഭവവും അത്യന്തം വിശുദ്ധിയോടെയും ഏറ്റവും ഒരുക്ക ത്തോടെയും അനുഷ്ഠിക്കേണ്ടതാണെന്ന് അച്ചൻ ആവർത്തിച്ചു പറഞ്ഞി രുന്നു.

മഹത്തായ ഭാരതീയ സംസ്കാരത്തിൽ നിന്ന് മലങ്കര ഓർത്ത ഡോക്സ് സഭയ്ക്ക് പകർന്നുകിട്ടിയ മൂല്യങ്ങളെക്കുറിച്ചും ആചാരങ്ങ ളെക്കുറിച്ചും അച്ചൻ എന്നും മതിപ്പോടെ സംസാരിച്ചിരുന്നു. അതോടൊപ്പം സഭയുടെ സുറിയാനി പാരമ്പര്യത്തെക്കുറിച്ച് അച്ചന് തികഞ്ഞ അഭിമാ നമുണ്ടായിരുന്നു.

സംഗീതത്തിൽ പിന്നോക്കം നിന്നിരുന്ന തനിക്ക് സ്ലീബാ മാർ ഒസ്താ ത്തിയോസ് ബാവായുടെ കബറിങ്കൽ കണ്ണീരോടെ പ്രാർത്ഥിച്ച് ലഭിച്ച താണ് പ്രസംഗിക്കാനുള്ള വരമെന്ന് അച്ചൻ ഒരിക്കൽ പറഞ്ഞത് ഓർ ക്കുന്നു. കേൾവിക്കാരന് പ്രസംഗമാണെന്ന് തോന്നാത്ത രീതിയിൽ ചെറിയ കഥകളിലൂടെ ക്രിസ്തീയ മൂല്യങ്ങളും സഭാവിശ്വാസസത്യ

ങ്ങളും സരസമായി അവതരിപ്പിക്കുവാൻ അച്ചന് മഹത്തായ പാടവമു ണ്ടായിരുന്നു. അങ്ങനെയുള്ള അനേകം പ്രസംഗങ്ങൾ മനസ്സിലുണ്ടെ ങ്കിലും ഒന്നു മാത്രം ചുവടെ ചേർക്കുന്നു.

മക്കളെ അച്ചടക്കത്തിൽ വളർത്തണമെന്ന കണിശക്കാരനായിരുന്നു അച്ചനെങ്കിലും അവരോട് അമിതമായി കോപിക്കുന്നത് വിപരീതഫലമേ ചെയ്യുകയുള്ളു എന്ന് ഒരു ഉദാഹരണത്തിലൂടെ പറഞ്ഞുതന്നത് ഓർ ക്കുന്നു. ഒരു നല്ല കേക്ക് കഴിക്കുന്ന മാത്രയിൽ ഒരു കല്ല് കടിച്ചാൽ ആ കല്ലുകടിയുടെ ദുരനുഭവം മാത്രമേ മനസ്സിൽ നിൽക്കുകയുള്ളു. കേക്കിന്റെ സ്വാദ് വിസ്മരിക്കപ്പെടുന്നു. കുട്ടികളോട് അമിതമായി കോപി ക്കുമ്പോൾ ആ കോപം അവരെ തളർത്തുകയും നമ്മൾ പറയാനുദ്ദേ ശിച്ച നല്ല കാര്യങ്ങളെ അത് വിഴുങ്ങിക്കളയുകയും ചെയ്യും. ലളിതമായ ഇത്തരം ഉദാഹരണങ്ങളിലൂടെ അച്ചൻ പകർന്നുതന്ന ജീവിതദർശനങ്ങൾ സങ്കീർണ്ണമായ ജീവിതഘട്ടങ്ങളിൽ മാർഗ്ഗദർശിയായി തുടരുന്നു.



വടവുകോട് ക്രിസ്ത്യൻ സെന്ററും വെണ്ടറപ്പിള്ളി അച്ചനും

ടി. എം. രാജൻ
(കൺവീനർ, ക്രിസ്ത്യൻ സെന്റർ)

ജീവിതകാലം മുഴുവൻ വിവിധ മേഖലകളിൽ കർമ്മനിരതനായിരുന്ന വന്ദ്യനായ വെണ്ടറപ്പിള്ളി അച്ചൻ വടവുകോട് ക്രിസ്ത്യൻ സെന്ററിന് ഒരു കാലഘട്ടത്തിൽ പ്രശംസനീയമായ നേതൃത്വം നൽകിയിരുന്നു. 1964-ൽ രാജർഷി മെമ്മോറിയൽ ഹൈസ്കൂളിൽ നിന്നു റിട്ടയർ ചെയ്ത സർവാദരണീയനായ ഹെഡ്മാസ്റ്റർ ശ്രീ. എം. വി. മത്തായി സാർ (സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാവ്), അഡ്വ. കെ. പി. പത്രോസ് എന്ന മാന്യദേഹം സംഭാവന ചെയ്ത 4 ഏക്കർ സ്ഥലത്ത് സ്ഥാപിച്ച ഈ ട്രസ്റ്റിന്റെ സ്ഥാപക ഗവേണിംഗ് ബോഡി അംഗമായും പിന്നീട് അനേകം വർഷങ്ങൾ കൺവീനറായും അച്ചൻ പ്രവർത്തിച്ചിരുന്നു.

നിർധനരായ കോളനി നിവാസികൾക്ക് സൗജന്യമായി വീടുകൾ വച്ചു കൊടുത്തും പി.ൽ 480 പദ്ധതിയുടെ ഫുഡ് ഫോർ വർക്ക് സ്കീം ഉപയോഗിച്ച് അനേകം പാവപ്പെട്ടവർക്ക് തൊഴിൽ നൽകിയും ആ തൊഴിൽ ദിനങ്ങൾ ഉപയോഗിച്ച് അവികസിത പ്രദേശങ്ങളിലേക്ക് റോഡുകൾ നിർമിച്ചും മാതൃകാപരമായ പ്രവർത്തനമാണ് ക്രിസ്ത്യൻ സെന്റർ ചെയ്തിട്ടുള്ളത്. ഇതിനോടൊപ്പം പ്രാർത്ഥനായോഗങ്ങളും ബൈബിൾ ക്ലാസ്സുകളും ഇവിടെ നടത്തിയിരുന്നു. ഫാ. പോൾ വർഗീസ് (അഭി. ഡോ. പൗലാസ് മാർ ഗ്രീഗോറിയോസ്) തുടങ്ങിയ പ്രഗത്ഭരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനു വെണ്ടറപ്പിള്ളി അച്ചൻ മുൻകൈ എടുത്തു. മത്തായി സാറിന്റെ നിര്യാണശേഷം എറണാകുളം വൈ.എം.സി.എ. യുമായി ചേർന്ന് ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുള്ള 'ചേതസ്' എന്ന സ്ഥാപനം ഇവിടെ നടന്നിരുന്നു. പിന്നീട്, 1996-ൽ ക്രിസ്ത്യൻ സെന്ററിന്റെ 2.71 ഏക്കർ സ്ഥലം മലങ്കര ഓർത്തഡോക്സ് സഭയ്ക്കു കൈമാറുകയും അവിടെ സഭയുടെ ആഭിമുഖ്യത്തിൽ മാർ ബസ്സേലിയോസ് ചിൽഡ്രൻസ് ഹോം എന്ന പേരിൽ അനാഥരും അഗതികളുമായ കുട്ടികൾക്കു വേണ്ടി ഒരു ഭവനം സ്ഥാപിക്കുകയും ചെയ്തു.

പാവപ്പെട്ട രോഗികൾക്കായി എല്ലാ ഞായറാഴ്ചയും ക്രിസ്ത്യൻ സെന്ററിൽ സൗജന്യ ഹോമിയോ ക്ലിനിക്ക് നടന്നുവരുന്നു. നാനാജാതി മത

സ്ഥരായ 1200-ൽപരം രോഗികൾ ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നുണ്ട്.

വെണ്ടറപ്പിള്ളി അച്ചന്റെ നിര്യാണശേഷം ക്രിസ്ത്യൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ അച്ചന്റെ നർമ്മലേഖനങ്ങൾ സമാഹരിച്ച് "വെള്ളിക്കോൽ" എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ മകൻ ബിജുവിന്റെയും മറ്റു കുടുംബാംഗങ്ങളുടെയും സഹകരണത്തോടെയാണ് ഇത് സാദ്ധ്യമായത്. അച്ചൻ ദീർഘകാലം വികാരിയായിരുന്ന എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ പ. ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവായ്ക്കു നൽകിയ ഗംഭീര സ്വീകരണ അനുമോദനയോഗത്തിൽ വച്ച് പ. ബാവാ തന്നെ 'വെള്ളിക്കോലി'ന്റെ ആദ്യ പ്രതി റവ. ഫാ. എ. അടപ്പൂരിനു നൽകി പ്രകാശനം ചെയ്തു. ഫാ. ഒ. ജെ. ജേക്കബിന്റെ നേതൃത്വത്തിൽ വെണ്ടറപ്പിള്ളി അച്ചന്റെ കുടുംബാംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ നടന്ന ഈ ചടങ്ങ് ഏറ്റവും ഹൃദ്യമായിരുന്നു.

വടവുകോട് ക്രിസ്ത്യൻ സെന്ററിന് വെണ്ടറപ്പിള്ളി അച്ചൻ നൽകിയ മികവുറ്റ നേതൃത്വത്തിനും മഹനീയ സേവനങ്ങൾക്കും നന്ദിപൂർവ്വം ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഭാഗം രണ്ട്

ഫാ. വെണ്ണഭപ്പിള്ളിയുടെ രചനകൾ

1

ഒരു ഭദ്രാസനത്തിന്റെ വൈധവ്യമവസാനിക്കുന്നു

കൊച്ചി ഭദ്രാസനത്തിന്റെ അഭിനവ മെത്രാപ്പോലീത്താ സ്ഥാനാരോഹണം ചെയ്യപ്പെടുന്ന സുദിനമാണിന്ന്. കാലംചെയ്ത പൗലൂസ് മാർ സേവേറിയോസ് തിരുമേനിക്കു പകരം യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി കൊച്ചി ഭദ്രാസന ഇടവകയുടെ ഭരണച്ചുമതല ഇന്നു കൈയേൽക്കുകയാണ്.

വളരെക്കാലമായി സഭ പൊതുവെയും കൊച്ചി ഭദ്രാസനം പ്രത്യേകിച്ചും ആഹ്ലാദപൂർവ്വം കാത്തിരുന്ന ഒരു ദിവസമാണിന്ന്. 1962 മാർച്ച് 17-നു ബുധനാഴ്ച അന്നത്തെ അധിപൻ ഇതിന്റെ കവാടം കടന്നുപോയി. ഇന്നിതാ ഒരു പുതിയ അധിപൻ വരികയാണ്. പലതിലും ഈ രണ്ടു തിരുമേനിമാർ തമ്മിൽ സാമ്യമുണ്ട്. രണ്ടുപേരുടേയും നാമങ്ങൾ സേവേറിയോസ് എന്നാണ്. രണ്ടു തിരുമേനിമാരും മെത്രാഭിഷേകം ചെയ്യപ്പെട്ടത് ഓഗസ്റ്റ് മാസത്തിൽ. രണ്ടു മെത്രാന്മാരും ഈ ഭദ്രാസനത്തിൽ അധികാരത്തിൽ വരുന്നതു തുലാ മാസത്തിൽ. രണ്ടുപേരും മൽപാന്മാർ. രണ്ടു തിരുമേനിമാരും മെത്രാന്മാർ ആകുന്നതുവരെ പ്രശസ്തിയുടെ തലപ്പത്തു തങ്ങളെത്തന്നെ കാണിക്കാതിരുന്നവർ – ഇങ്ങനെ പോകുന്നു ആ പട്ടിക.

1876. മലങ്കര സുറിയാനി സഭയ്ക്കു പലവിധത്തിലും ചൈതന്യം പകർന്നു കൊടുത്തൊരു വർഷമായിരുന്നു അത്. ഭരണപരമായ ഒരു വലിയ പൊളിച്ചെഴുത്തു തന്നെ അന്നു നടന്നു. പ്രശസ്തമായ മുളന്തുരുത്തി സുന്നഹദോസാണ് അതിന് കളമൊരുക്കിയത്. പ. ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ ബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിലാണ് ഈ സുന്നഹദോസ് നടന്നത്. അതിനുശേഷം മലങ്കര സുറിയാനി സഭയെ ഏഴു ഭദ്രാസനങ്ങളായി ബാവാ വിഭജിച്ചു. ഈ വിഭജനത്തിൽ അന്നത്തെ കൊച്ചി സംസ്ഥാനവും മലബാറും ഉൾപ്പെട്ട ഭാഗത്തെ കൊച്ചി ഭദ്രാസനമായി വേർതിരിച്ചു. അങ്ങനെ എല്ലാ ഭദ്രാസനങ്ങളോടുമൊപ്പം തന്നെ ചെറിയ കൊച്ചി ഭദ്രാസനത്തിന്റെ ചരിത്രവും ആരംഭിക്കുന്നു.

കൊച്ചി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായാകുവാനുള്ള ഭാഗ്യമുണ്ടായതു കരട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് തിരുമേനിക്കാണ്. ഏതാണ്ടു 10 വർഷക്കാലത്തോളം ഈ തിരുമേനി കൊച്ചി ഭദ്രാസനത്തിന്റെ മെത്രാനായിരുന്നു. ആ കാലഘട്ടം സംഭവബഹുലമ

ല്ലായിരുന്നു. 1886 ഒക്ടോബർ 5-നു കരിങ്ങാച്ചിറയ്ക്കടുത്തുള്ള കടുംഗമംഗലം പള്ളിയിൽവച്ചു തിരുമേനി കാലം ചെയ്യുകയും അവിടെത്തന്നെ കബറടക്കപ്പെടുകയും ചെയ്തു.

വൈധവ്യത്തിന്റെ ഒരു നീണ്ട ചരിത്രമുണ്ട് ഈ ഭദ്രാസനത്തിന്. പ്രഥമ മെത്രാപ്പോലീത്തായുടെ വേർപാട് അതിന്റെ പ്രാരംഭം കുറിച്ചു. പിന്നീട് 60 വർഷക്കാലത്തേയ്ക്കു കൊച്ചി ഭദ്രാസനത്തിന് അതിന്റേതു മാത്രമായ ഒരു മെത്രാനെ ചുംബിക്കാനുള്ള ഭാഗ്യമുണ്ടായില്ല. സഭയുടെ കേന്ദ്രഭരണത്തിലാണു കഴിഞ്ഞ 90 വർഷക്കാലത്തിൽ 63 വർഷക്കാലവും കഴിഞ്ഞത്. എങ്കിലും പ്രഗത്ഭരായ മലങ്കര മെത്രാപ്പോലീത്തന്മാരുടെ പ്രത്യേക പരിലാളനയിൽ ഈ ഭദ്രാസനത്തിനു കഴിയാൻ സാധിച്ചു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, ആലുവായിൽ കാലംചെയ്ത പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ എന്നീ തിരുമേനിമാർ കൊച്ചിയുടെ പ്രഥമ മെത്രാനുശേഷം അതിനെ ഭരിച്ചിട്ടുണ്ട്.

മാർ സേവേറിയോസ്

പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ആഗമനത്തോടുകൂടി കൊച്ചി ഭദ്രാസനത്തിന് ഒരു വ്യക്തിത്വമുണ്ടായി. ഈ തിരുമേനിയുടെ ഭരണകാലത്ത് ഇതര ഭദ്രാസനങ്ങൾക്കിടയിൽ ശ്രദ്ധാർഹമായ ഒരു സ്ഥാനം കൊച്ചി ഭദ്രാസനത്തിനു നേടുവാൻ സാധിച്ചു. മാർ സേവേറിയോസ് തിരുമേനിയുടെ ചരിത്രവും കൊച്ചി ഭദ്രാസനത്തിന്റെ ചരിത്രവും ഒന്നായി മാറി. 17 വർഷക്കാലമേ ആ ഭരണം നീണ്ടുനിന്നുള്ളുവെങ്കിലും കൊച്ചി ഭദ്രാസനത്തിനു കാര്യമായ ചരിത്രമുണ്ടായത് ആ കാലത്താണ്.

ചെറായിലെ പെരുമയാർന്ന മുളയിരിക്കൽ കുടുംബത്തിൽ 1910 നവംബർ 6-നു ജാതനായ തിരുമേനി വിദ്യാഭ്യാസം നടത്തിയത് അവിടെത്തന്നെയുള്ള രാമവർമ്മ യൂണിയൻ ഹൈസ്കൂളിലാണ്. ഒരു ഹൈസ്കൂൾ വിദ്യാർത്ഥി ആയിരിക്കുമ്പോഴാണ് 1926-ൽ ആരക്കുന്നത്തുവച്ചു പൗലൂസ് മാർ അത്താനാസ്യോസ് തിരുമേനി ശെമ്മാശുപട്ടം നൽകിയത്. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയതിനുശേഷം വൈദികപഠനത്തിനായി ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ ചേർന്നു. അവിടെ താമസിച്ചിരുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ സേവനതൽപ്പരതയിലും കാര്യശേഷിയിലും തൽപ്പരനായ മാർ അത്താനാസ്യോസ് തിരുമേനി അദ്ദേഹത്തെ തന്റെ സെക്രട്ടറിയാക്കുകയും റമ്പാൻ സ്ഥാനം നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. വലിയ തിരുമേനിയുടെ പരിലാളനയിൽ ഭാവിയിലെ കൊച്ചി മെത്രാൻ അവിടെ പരിശീലനം പ്രാപിക്കുകയായിരുന്നു.

1939-ൽ പൗലൂസ് റമ്പാച്ചൻ ആലുവാ സെമിനാരി വിട്ടു. അദ്ദേഹം മാമ്പ്രയിൽ ഒരു കൊച്ചു ആശ്രമമുണ്ടാക്കി - സീനായ് ആശ്രമം. തിരുമനസ്സിലെ ജീവിതത്തിലെ ഏറ്റവും പ്രയാസമേറിയ കാലഘട്ടമായിരുന്നു അത്. എങ്കിലും ആശ്രമത്തോടുകൂടി ഒരു കൊച്ചു പള്ളിയും അവിടെ സ്ഥാപിതമായി.

1944-ൽ കരിങ്ങാച്ചിറ പള്ളിയിൽ കൂടിയ കൊച്ചി ഭദ്രാസന പള്ളിപ്രതിപുരുഷയോഗം മുളയിരിക്കൽ പൗലൂസ് റമ്പാനെ മെത്രാപ്പോലീത്താ സ്ഥാനാർത്ഥിയായി തെരഞ്ഞെടുത്തു. 1946 ഓഗസ്റ്റ് 4-നു ഹോംസിലെ പാത്രിയർക്കാ അരമനയിൽവച്ചു മാർ സേവേറിയോസ് എന്ന സ്ഥാനപ്പേരിൽ അദ്ദേഹത്തെ കൊച്ചി ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ വാഴിക്കയും ചെയ്തു.

സീയോൻ സെമിനാരി

ഇന്നു മറ്റേതു ഭദ്രാസനത്തോടുമൊപ്പം തലയുയർത്തി നിൽക്കത്തക്കവണ്ണം ഒരു ആസ്ഥാനം കൊച്ചിക്കുമുണ്ട് - സീയോൻ സെമിനാരി. എറണാകുളം-തൃശൂർ റോഡിൽ വഴിയരികിൽ റെയിൽവേലൈനേ തൊട്ടുരുമ്മിക്കിടക്കുന്ന ഏഴരഏക്കർ സ്ഥലത്താണു സെമിനാരി സ്ഥിതി ചെയ്യുന്നത്. ഇതു കൂടാതെ മൂന്നര ഏക്കർ കൃഷിസ്ഥലമുണ്ട്. ഇതിനും എല്ലാ വിധ ആധുനിക സൗകര്യങ്ങളോടും കൂടിയ സെമിനാരി കെട്ടിടത്തിന്റെയും അതിനോടു ചേർന്നുള്ള ചാപ്പലിന്റെയും നിർമ്മാണത്തിനുമായി അന്ന് ഒന്നര ലക്ഷത്തോളം രൂപ ചെലവായിട്ടുണ്ട്. വെറും പാറയായിരുന്ന സെമിനാരി വളപ്പ് ഒരു പൂങ്കാവനവും മാവിൻതോപ്പുമായി മാറി. ഇന്നൊരു മഹാചാര്യന്റെ പരിലാളനകൾക്കായി അവ കൊതിച്ചുകൊണ്ടിരിക്കുകയാണ്.

തികച്ചും ആകസ്മികമായിരുന്നു ആ സംഭവം. 1962 മാർച്ച് 17-നു കുന്നംകുളത്തു വച്ച് ആ നല്ല ഇടയൻ തന്റെ ആടുകളോടു വിടവാങ്ങി. ആ വേർപാടിന്റെ ആഴവും വ്യാപ്തിയും എത്രമാത്രമായിരുന്നുവെന്നു കാലം ചെയ്ത പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെ വാക്കുകൾ വെളിവാക്കുന്നു. ഒരു കൽപ്പനയിൽ പ. ബാവാ തിരുമേനി ഇപ്രകാരം പറഞ്ഞിട്ടുണ്ട്. “അദ്ദേഹം വിശ്രമം കൂടാതെ സത്യ ഇടയനെപ്പോലെ തന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചു. ഇടറാത്ത കാലടികളോടുകൂടി തന്റെ ഓട്ടം തികച്ചു. അദ്ദേഹത്തിന്റെ വിശ്വാസം പാറപോലെ ഉറച്ചതായിരുന്നു. പ്രതിബന്ധങ്ങളെ ഉറച്ച ദൈവാശ്രയത്തോടും ഉറച്ച ദൈവിക ധൈര്യത്തോടുംകൂടെ നേരിട്ടിരുന്നു.”

മാർ സേവേറിയോസ് തിരുമേനി കാലംചെയ്തതോടുകൂടി കൊച്ചി

ഭദ്രാസനത്തിന്റെ ഭരണം സ്വാഭാവികമായി പ. കാതോലിക്കാബാവാ തിരുമേനിയിൽ സമർപ്പിതമായി. എന്നാൽ കുറച്ചുകാലത്തിനുശേഷം പ. ബാവാ തിരുമേനി അവിടുത്തെ അസിസ്റ്റന്റായിരുന്ന ദാനിയേൽ മാർ പീലക്സിനോസ് തിരുമേനിയെ ഈ ഭദ്രാസനത്തിന്റെ ഭരണം ഏൽപ്പിച്ചു. തിരുമേനി ഒരു ഹ്രസ്വകാലമേ ഈ ഭദ്രാസനത്തെ ഭരിച്ചുള്ളുവെങ്കിലും അത് അനുഭവസമൃദ്ധമായ ഒരു കാലയളവായിരുന്നു. തെക്കുള്ള അവിടത്തെ ഭദ്രാസനത്തിന്റെ വിപുലമായ പ്രവർത്തനങ്ങളുടെ ബദ്ധപ്പാടിനിടയ്ക്കും തിരുമേനി വടക്കുള്ള കൊച്ചി ഭദ്രാസനത്തിന്റെ ആസ്ഥാനമായ കൊരട്ടി സീയോൻ സെമിനാരിയിലെത്തി ഈ ഭദ്രാസനത്തിന്റെ കാര്യങ്ങൾക്കു നേതൃത്വം കൊടുക്കുകയും അതിന്റെ പ്രവർത്തകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നത് ഈ ഭദ്രാസനം കൃതജ്ഞതയോടെ സ്മരിക്കുന്നു.

ഇന്ന്

സഭാ സമാധാനത്തിനുശേഷം കൊച്ചി ഭദ്രാസനത്തിൽ ഉൾപ്പെട്ടിരുന്ന മലബാറിലെ പള്ളികൾ മലബാർ ഭദ്രാസനത്തിന്റെ കീഴിലായി. ഇന്ന് ഈ ഭദ്രാസനത്തിൽ ഉൾപ്പെടുന്നതായി 62 പള്ളികളും 10 ചാപ്പലുകളുമുണ്ട്. ഭദ്രാസന സെക്രട്ടറി റവ. ഫാ. പി. എസ്. സ്കറിയായാണു ഭദ്രാസനത്തിന്റെ അനുദിന കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. കൊച്ചി ഭദ്രാസനത്തിലെ വൈദിക സംഘടന രൂപംപ്രാപിച്ചതു മുതൽ അദ്ദേഹമാണ് അതിന്റെ സെക്രട്ടറി.

സെമിനാരിയുടെ നിർമ്മാണത്തിനും നിലനിൽപ്പിനുംവേണ്ടി വളരെ പ്രയത്നിച്ച് സെമിനാരി മാനേജരായി സേവനമനുഷ്ഠിച്ചിട്ടുള്ള പി. സി. വറുഗീസ് ശെമ്മാശൻ അമേരിക്കയിൽ ഉന്നതവിദ്യാഭ്യാസം നടത്തിക്കൊണ്ടിരിക്കുകയാണ്. ശ്രീ. എം. കെ. വറുഗീസ് തട്ടാരിട്ടത്തിന്റെ സേവനങ്ങൾ സെമിനാരിക്കു വളരെ സഹായകരമാണ്. കാലംചെയ്ത തിരുമേനിയുടെ പേരിൽ രൂപംകൊണ്ട പലതും പുതിയ തിരുമേനിയുടെ ആഗമനത്തോടുകൂടി പുതുരൂപം കൊള്ളുമെന്നു പ്രത്യാശിക്കാം.

(മലയാള മനോരമ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചത്)

2

പ്രഗത്ഭനും സഭാസ്നേഹിയും ആയിരുന്ന മാർ സേവേറിയോസ്

കൊച്ചി ഇടവകയുടെ മെത്രാപ്പോലീത്താ ആയിരുന്ന കാലംചെയ്ത മാർ സേവേറിയോസ് തിരുമേനിയുടെ ശ്രാദ്ധപ്പെരുന്നാൾ നാളെ ആഘോഷിക്കപ്പെടുന്നതാണ്. പ്രഗത്ഭനും സഭാസ്നേഹിയുമായിരുന്നു പുണ്യശ്ലോകനായ ആ തിരുമേനി.

തിരുമേനിയുടെ സഭാസ്നേഹത്തിനു മകുടോദാഹരണങ്ങളായ ചില കാര്യങ്ങളാണു ചുവടെ ചേർക്കുന്നത്. ...

ചാരിറ്റബിൾ ട്രസ്റ്റ്

തിരു-കൊച്ചി സൊസൈറ്റി ആക്ട് പ്രകാരം 1963-ൽ 3-ാം നമ്പറായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള മാർ സേവേറിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രധാന പ്രവർത്തന ഉദ്ദേശ്യങ്ങൾ നിർദ്ധനരുടെ കുട്ടികൾക്കു സാമാന്യ വിദ്യാഭ്യാസത്തിനു സൗജന്യവേതനവും സാങ്കേതിക വിദ്യാഭ്യാസത്തിനു പിന്നീടു മടക്കിക്കിട്ടുന്ന വ്യവസ്ഥയിൽ ധനസഹായവും നൽകുക, ആശുപത്രികൾ, അനാഥശാലകൾ, വിദ്യാലയങ്ങൾ, വായനശാലകൾ എന്നിവ നടത്തുക. ആലംബഹീനർക്കു വസ്ത്രം, ഔഷധങ്ങൾ, വാസസ്ഥലം എന്നിവ നൽകുക എന്നുള്ളതൊക്കെയാണ്. ഇപ്പോൾ ഈ ട്രസ്റ്റിന്റെ ഉടമസ്ഥതയിൽ നടത്തുന്ന ഒരു സ്ഥാപനമാണു മാർ സേവേറിയോസ് ഡിസ്പെൻസറി. സെമിനാരി വളപ്പിൽ തന്നെയാണ് ഇതു സ്ഥിതിചെയ്യുന്നത്. പത്തു പന്ത്രണ്ടു രോഗികളെ മാത്രം കിടത്തി ചികിത്സിക്കാവുന്ന ഒരു ചെറിയ ഡിസ്പെൻസറിയാണിത്. സാമ്പത്തികക്ലേശം ഇതിന്റെ വളർച്ചയ്ക്ക് ഒരു വിലങ്ങുതടിയായി നിൽക്കുന്നു. അവിടെ ഒരു ആശുപത്രി ഉണ്ടായി കാണുവാൻ കാലംചെയ്ത തിരുമേനി വളരെയേറെ ആഗ്രഹിച്ചിരുന്നു. അതിനുള്ള പ്ലാനും പദ്ധതിയുമൊക്കെ മനസ്സിൽ ഉണ്ടായിരുന്നു. ഒരിക്കൽ സംസാരമദ്ധ്യേ, ഒരു ആശുപത്രിക്കുള്ള സംരംഭം മുന്നോട്ടു വന്നാൽ ഇപ്പോഴത്തെ അരമനക്കെട്ടിടം അതിനു വിട്ടുകൊടുത്തിട്ടു സെമിനാരി വളപ്പിൽ ഒരു ചെറിയ കെട്ടിടം പണിതു തിരുമേനി അവിടേയ്ക്കു താമസം മാറ്റാൻ ആഗ്രഹിക്കുന്നുവെന്ന് ഈ ലേഖകനോടു പറയുകയുണ്ടായി. ഒരു നല്ല ആശുപത്രിയുടെ ആവശ്യം അത്രയ്ക്കുണ്ട്, ഈ പരിസരങ്ങളിൽ. അഭിവന്ദ്യ തിരുമേനിയെ സ്നേഹിച്ചു ബഹുമാനിച്ചിരുന്ന ധനാഢ്യരുടെയും ഡോക്ടറന്മാരുടെയും ഒരു പ്രത്യേക താൽപര്യം മാർ

സേവേറിയോസ് ഡിസ്പെൻസറിയിലുണ്ടായിരുന്നതിനാൽ അതു വലിയൊരു ആശയുടെ നിറവേറ്റലും, അതിലേറെ അനേകായിരങ്ങളുടെ ആവശ്യത്തിന്റെ നിർവഹണവുമായിരുന്നേനെ.

മലങ്കര സന്ദർശനവേളയിൽ പ. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് ഉദ്ഘാടനം നിർവഹിച്ച മാർ സേവേറിയോസ് എൽ. പി. സ്കൂളാണു സെമിനാരി സ്ഥലത്തു ട്രസ്റ്റിന്റെ കീഴിൽ നടത്തപ്പെടുന്ന മറ്റൊരു സ്ഥാപനം. അതൊരു എയ്ഡഡ് ഹൈസ്കൂളായി ഉയർത്തുവാൻ പരിശ്രമം നടത്തിവരുന്നു. ഉദാരമതികളുടെ ഔദാര്യം ന്യായമായി അർഹിക്കുന്ന ഒന്നാണീ സ്ഥാപനം.

(മലയാള മനോരമ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചത്)

3

പൗലൂസ് മാർ സേവേറിയോസ്

അതങ്ങനെ അന്നു സംഭവിച്ചു. 16 വർഷക്കാലം പ്രാണനു തുല്യം കാത്തുസൂക്ഷിച്ച് പോറ്റിപുലർത്തിക്കൊണ്ടുപോന്ന ഭദ്രാസനത്തെ വിട്ടും വച്ച്, കർമ്മയോഗിയായിരുന്ന ആ മഹാചാര്യൻ 1962 മാർച്ച് 17-നു കട ന്നുപോയി. 'സീനായ് മുതൽ സീയോൻ' വരെയുള്ള ആ ജീവിതം നല്ല പോർ പൊരുതിയതിന്റെയും ഓട്ടം തികയ്ക്കലിന്റെയും വിശ്വാസം കാക്കു ന്നതിന്റെയും ഒരു ചരിത്രമാണ്. സീനായി ആശ്രമമെന്ന കൊച്ചുകുടിലി ലേക്കു കാലെടുത്തുവച്ചപ്പോൾ ഇളകാത്ത മനസ്സും പതറാത്ത ശബ്ദവും തളരാത്ത കൈകാലുകളും മാത്രമേ കൈമുതലായി കൈവശമുണ്ടായി രുന്നുള്ളു. കുന്നംകുളത്തേക്ക് അന്ത്യമായിട്ട് സീയോൻ അരമനയിൽ നിന്നും ഇറങ്ങിയപ്പോൾ ഒന്നുമില്ലാതിരുന്ന കൊച്ചി ഭദ്രാസനത്തിന് ഒരു വ്യക്തിത്വവും മറ്റു ഭദ്രാസനങ്ങളോടൊപ്പം ശ്രദ്ധേയത്വവും നേടിക്കഴിഞ്ഞി രുന്നു. ആ 16 വർഷക്കാലത്തെ അവിശ്രാന്തപരിശ്രമത്തിന്റെ ആകത്തു കയാണത്.

കാലംചെയ്ത തിരുമേനിയുടെ പാവനസ്മരണയ്ക്കുള്ളൊരു വിനീ തോപഹാരമാണിത്. പ്രവർത്തനബഹുലമായ ആ അനുഗൃഹീത ജീവി തത്തിലേക്കു കാര്യമായിട്ടൊന്ന് എത്തിനോക്കുവാൻപോലും ഈ സോവ നീയറിന് കഴിഞ്ഞിട്ടുണ്ടെന്നു ഞങ്ങൾ അഭിമാനിക്കുന്നില്ല. കാരണം, ആ ജീവിതം അത്രയ്ക്കു ധന്യവും, ഇതിന്റെ പ്രവർത്തകരുടെ കഴിവുകൾ പരിമിതവുമായതാണ്. 'ഉപേക്ഷ കൂടാതെ ദൈവേച്ഛ മുഴുവനും' യഥാവ സരം തന്റെ ആത്മീയമക്കൾക്ക് വിളമ്പിക്കൊടുത്തുകൊണ്ടിരുന്ന ആ പിതാവ് വിളമ്പിവച്ചിട്ടുപോയത് ഒന്നുംകൂടി എടുത്തു വിളമ്പുക മാത്രമേ ഞങ്ങൾ പ്രധാനമായിട്ടും ചെയ്തിട്ടുള്ളു; കൂട്ടത്തിൽ ജീവിതചരിത്ര വിശ ദാംശത്തിലേക്ക് ഒരവലോകനവും സഭയുടെ നാഡിയിടിപ്പ് സസൂക്ഷ്മം പരിശോധിച്ച്, തിരുമേനി അതിന്റെ താൽക്കാലികാവശ്യത്തിനായി കൽപ്പി ച്ചതു യുവതലമുറയിൽ രൂഢമൂലമായിരിക്കുന്ന വിരസത അകറ്റുകയെ ന്നുള്ളതാണ്. കടന്നുപോകുന്ന അവസരത്തിൽ നോക്കിനിന്ന തലമുറ യോട് കൽപിച്ച ആ ദിവ്യോപദേശം നാം കൈക്കൊള്ളുമെങ്കിൽ അതി ലുപരി മറ്റൊരു സ്മാരകം അവിടുത്തേക്കു പണിതുയർത്തുവാനുണ്ടോ യെന്ന് ഞങ്ങൾ സംശയിക്കുന്നു. വിരസത വിട്ടകന്നുവരുന്ന യുവതലമു റയ്ക്ക് തിരുമനസ്സു നൽകിയ സേവനപന്ഥാവ് സുവിശേഷീകരണമാണ്. മാർ സേവേറിയോസ് സ്മാരകനിർമ്മാണക്കമ്മിറ്റിയുടെ ആത്മാർത്ഥ ശ്രദ്ധ ഇവയിലേക്കും തിരിയുമെന്നു ഞങ്ങളാശിക്കുന്നു.

ചെറുതെങ്കിലും ഈ വിനീതോപഹാരം സജ്ജമാക്കുന്നതിൽ ഞങ്ങൾ വളരെപ്പേരോടു കടപ്പെട്ടിട്ടുണ്ട്. ഇപ്രകാരമൊരു സംരംഭത്തിന് ആദ്യമായി പ്രചോദനം നൽകിയത് നി. വ. ദി. ശ്രീ. ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമേനിയാണ്. വൈധവ്യം പ്രാപിച്ച കൊച്ചി ഭദ്രാസനത്തെ താങ്ങി താലോലിച്ച് ആശീർവദിക്കുവാൻ തിരുമനസ്സായതും അവിടുന്നു തന്നെയാണ്. ആയതിനൊക്കെയും ഞങ്ങൾക്കുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളട്ടെ.

'മാർ സേവേറിയോസ് സ്മരണകൾ'ക്കൊരു ആശീർവാദം ലഭിക്കുന്നതിനായി ഭദ്രാസന സെക്രട്ടറി പ. അന്ത്യോഖ്യാ സിംഹാസനത്തോട് അഭ്യർത്ഥിക്കുകയുണ്ടായി. എന്തുകൊണ്ടോ പരിശുദ്ധ പിതാവിന്റെ അനുഗൃഹീത കൽപ്പന അടിയങ്ങൾക്ക് ലഭിക്കുകയുണ്ടായില്ല. ഈ സ്മാരക ഗ്രന്ഥത്തിന് ആശംസകൾ നൽകി അനുഗ്രഹിച്ച പ. കാതോലിക്കാ ബാവാ തിരുമേനിയോടും മാർ ഗ്രീഗോറിയോസ് തിരുമേനിയോടും കേരളാ ഗവർണ്ണർ അവർകളോടും ബ. മന്ത്രിസഭാംഗങ്ങളോടും ഞങ്ങൾക്കുള്ള അകൈതവമായ നന്ദി ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. വിലയേറിയ ലേഖനങ്ങൾ നൽകി സഹായിച്ചവരോടുള്ള കടപ്പാട് സീമാതീതമാണ്. കെട്ടിലും മട്ടിലും ഈ സോവനീയർ ഇത്രയെങ്കിലും മെച്ചപ്പെടുത്തുവാൻ സാധിച്ചത് അഭിവന്ദ്യ തിരുമേനിയുമായി സ്നേഹബന്ധം പുലർത്തിയിരുന്ന പലരും തങ്ങളുടെ സ്ഥാപനങ്ങളെക്കുറിച്ചുള്ള പരസ്യം നൽകി സഹായിച്ചതുകൊണ്ടാണ്. അവരോടും ഞങ്ങൾക്കുള്ള കൃതാർത്ഥത രേഖപ്പെടുത്തട്ടെ. ഇനിയുമുണ്ട്; ഈ കാര്യത്തിനായി ഓടിപ്പാഞ്ഞു നടന്ന പലരെയും ഞങ്ങൾ കൺമുമ്പിൽ കാണുന്നു. അവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു. ഭംഗിയായ പ്രസിദ്ധീകരണത്തിന് പ്രശസ്തിയാർജ്ജിച്ച പരിഷന്മുദ്രണാലയം ഇതിന്റെ അച്ചടിവേല ഏറ്റെടുത്തത് ഞങ്ങൾക്ക് വലിയൊരു ആശ്വാസമായിത്തീർന്നു. ഈ രംഗത്തു പരിചയസമ്പന്നരായ ആ പ്രസ്സ് പ്രവർത്തകരോടും ഞങ്ങളുടെ കടപ്പാട് അറിയിച്ചുകൊള്ളട്ടെ.

അലസതയെന്തെന്നറിഞ്ഞിട്ടില്ലാത്ത ആ കർമ്മോത്സുകന്റെ സ്മരണ നിലനിർത്തുവാൻ മണിമേടകളും മഹനീയസ്ഥാപനങ്ങളും ഉയർന്നേക്കാം. എന്നാൽ ഉദയം ചെയ്യാനിരിക്കുന്ന അവയ്ക്കൊക്കെയും പ്രേരണ നൽകുന്ന ഈ ആദരാഞ്ജലിക്ക് അതിന്റേതായ ഒരു സ്ഥാനമുണ്ടെന്ന് ഞങ്ങൾ കരുതുന്നു.

"സീയോന്റെ മക്കൾ തങ്ങളുടെ രാജാവിൽ ആനന്ദിക്കത്തക്കവണ്ണം ദൈവം സീയോനെ പണിയുകയും, സീയോനിൽനിന്ന് നമ്മെ അനുഗ്രഹിക്കുകയും ചെയ്യട്ടെ." അതു മാത്രമാണ് 'സീയോനെക്കുറിച്ചോർക്കുമ്പോൾ കരയുന്ന മക്കൾക്കാശയായിട്ടുള്ളത്.'

വന്ദ്യ തിരുമേനി, ഒരായുസ്സു മുഴുവനും ഓടിനടന്ന് തേടിയെടുത്ത് നേടിവച്ചതിൽനിന്ന് 'ഒരിഞ്ചുസ്ഥലം'പോലും അന്ത്യവിശ്രമത്തിനെടുക്കാതെ എല്ലാം ഞങ്ങൾക്കായി വെച്ചേച്ചുപോയി. കുന്നംകുളത്തെ മണ്ണിനാൽ ആ പൂമേനി മൂടപ്പെട്ടെങ്കിലും ആ ചൈതന്യവും തേജസ്സും ഞങ്ങളെന്നും കാണുന്നു. അവ ഞങ്ങളെ കാക്കട്ടെ; മാർഗ്ഗദർശനം നൽകട്ടെ. ആ തിരുകബറിനു മുമ്പിൽ അവിടുത്തെ പ്രിയമക്കളിതാ, ആദരാഞ്ജലികൾ അർപ്പിക്കുന്നു; സ്വീകരിച്ചാലും.

(പൗലൂസ് മാർ സേവേറിയോസ് സ്മരണിക, 1962)

4

ഉപ്സാലാ സമ്മേളനം

അഖിലലോക സഭാകൗൺസിലിന്റെ ഉത്ഭവം മുതൽ ഇതഃപര്യന്ത മുള്ള അതിന്റെ എല്ലാ സമ്മേളനങ്ങളിലും പരിപാടികളിലും സജീവമായി ഭാഗഭാഗിത്വം വഹിച്ചിട്ടുള്ള ഒരു വന്ദ്യ ദേഹമാണ് ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി. എക്യുമെനിക്കൽ സംരംഭങ്ങളെപ്പറ്റി ആധി കാരികമായി സംസാരിക്കുവാൻ അവകാശമുള്ള ഏതാനും വ്യക്തികളിൽ ഒരാളാണ് അദ്ദേഹം. ഡബ്ലിയു.സി.സി. യുടെ നാലാം സമ്മേളനം സ്വീഡ നിലെ ഉപ്സാലായിൽ വച്ച് ജൂലൈ 4 മുതൽ 19 വരെ നടക്കുകയുണ്ടായി. അതിൽ ഓർത്തഡോക്സ് സഭയുടെ പ്രതിനിധിയെന്ന നിലയിലും, സെൻ ട്രൽ കൗൺസിൽ അംഗമെന്ന നിലയിലും, സംബന്ധിച്ച തിരുമേനിയു മായി ഓർത്തഡോക്സ് യൂത്ത് പ്രതിനിധി നടത്തിയ അഭിമുഖ സംഭാ ഷണം അത്രേയിത്.

ചോദ്യം: ഇതിനു മുമ്പുള്ള സമ്മേളനങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഉപ്സാലാ സമ്മേളനത്തിന്റെ പ്രത്യേകതകൾ എന്തൊ ക്കെയാണെന്ന് ചൂണ്ടിക്കാണിക്കാമോ?

ഇതിനു മുമ്പു നടന്ന സമ്മേളനങ്ങളിലും വച്ച് ഇതിന് ഏറ്റവും പ്രാതി നിധ്യസ്വഭാവമുണ്ടായിരുന്നു. ഓറിയന്റൽ, ബൈസന്റയിൻ എന്നീ വിഭാ ഗങ്ങളിൽപ്പെട്ട എല്ലാ ഓർത്തഡോക്സ് സഭകളും, പ്രൊട്ടസ്റ്റന്റ് സഭക ളിലെ ബഹുഭൂരിപക്ഷവും ഇതിൽ സംബന്ധിച്ചിരുന്നു. ഇവാഞ്ചലിക്കൽ വിഭാഗത്തിൽപ്പെട്ടവരായ ബില്ലി ഗ്രഹാം, പോൾ റീസ് തുടങ്ങിയവരും പങ്കെടുത്തു. എന്നാൽ മക്കന്റയർ നേതൃത്വത്തിലുള്ള കുറെ ഇവാഞ്ചലി ക്കൽ സഭകളും സെക്റ്റ് വിഭാഗത്തിൽപെടുന്ന കൂട്ടങ്ങളും കൗൺസി ലിൽ ഇതുവരെയും ചേർന്നിട്ടില്ല. എന്നാൽ ചില പെന്തിക്കോസ്തർ ഇതിൽ അംഗങ്ങളാണെന്ന കാര്യം ശ്രദ്ധേയമാണ്.

മറ്റൊരു പ്രത്യേകത റോമൻ കത്തോലിക്കാ സഭയുടെ ഭാഗഭാഗിത്വം ആണ്. ആദ്യമായിട്ടാണ് സഭയുടെ ഔദ്യോഗിക പ്രാതിനിധ്യം വഹിക്കുന്ന നിരീക്ഷകരെ സമ്മേളനത്തിലേക്ക് അവർ അയച്ചത്.

ചോദ്യം: ഈ പറയുന്നവ കൂടാതെ മറ്റെന്തെങ്കിലും പ്രത്യേകത ചൂണ്ടി ക്കാണിക്കുവാനുണ്ടോ?

ഉത്തരം: മേൽപ്പറഞ്ഞവയെപ്പോലെ പ്രാധാന്യമുള്ളതല്ലെങ്കിലും ഈ സമ്മേളനത്തിൽ Audio visual ഉപാധികൾ ഏറ്റവും അധികം ഉപയോഗി

ച്ചിരുന്നു. പ്രധാന ചിന്താവിഷയത്തെ വ്യക്തമാക്കുവാനും അതിനോടു ചേർന്നുള്ള മറ്റു വിഷയങ്ങളും വേഗത്തിൽ മനസ്സിലാക്കുന്നതിനും ഡ്രാമാ, ഫിലിം, സംഗീതം മുതലായി ഉപയോഗിക്കപ്പെട്ട മാധ്യമങ്ങൾ സഹായ കങ്ങളായിരുന്നു.

ചോദ്യം: ഈ സമ്മേളനം ഉപ്സാലായിൽ വച്ച് നടക്കുന്നതിന് എന്തെ ങ്കിലും പ്രത്യേക കാരണമുണ്ടോ?

ഉത്തരം: യൂറോപ്പിലെ ഒരു സഭയായ സ്വീഡിഷ് സഭ (ലൂഥറൻ) സമ്മേ ളനത്തിന്റെ ആതിഥേയത്വം വഹിക്കുവാൻ സന്നദ്ധമാണെന്ന് അറിയിച്ച് ക്ഷണിച്ചതാണ് അതിനു മുഖ്യ കാരണം. സമ്മേളനം സംബന്ധിച്ച് ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയുള്ളത് അവിടുത്തെ സഭ വഹിക്കാൻ സന്നദ്ധ മായത് വളരെ സ്വാഗതാർഹമാണ്.

കഴിഞ്ഞ വർഷം കേരളം സന്ദർശിക്കുകയും നമ്മുടെ സഭാകേന്ദ്ര ങ്ങൾ നേരിട്ടു കാണുകയും ചെയ്ത ബിഷപ്പ് ഗുണർ ഹൂൾട്ട്ഗ്രൻ ആയി രുന്നു ആതിഥേയ സംഘത്തിന്റെ അദ്ധ്യക്ഷൻ.

ചോദ്യം: സമ്മേളനപരിപാടിയെപ്പറ്റി എന്താണ് പറയുവാനുള്ളത്?

ഉത്തരം: അതേപ്പറ്റി വളരെ ചുരുക്കമായി മാത്രമേ പരാമർശിക്കുവാൻ കഴിയൂ. ജൂലൈ 4-നു ഞായറാഴ്ച രാവിലെ 11 മണിക്ക് അവിടുത്തെ കത്തീഡ്രലിൽവച്ച് നടന്ന ആരാധനയോടുകൂടിയാണ് സമ്മേളനം ആരം ഭിച്ചത്. ആരാധനയ്ക്ക് നേതൃത്വം വഹിച്ചത് ഓർത്തഡോക്സ് സഭകളി ലേയും പ്രൊട്ടസ്റ്റന്റ് സഭകളിലേയും ചില നേതാക്കന്മാരായിരുന്നു. "എല്ലാം പുതുതാക്കുന്നു" എന്ന പൊതു ചിന്താവിഷയത്തെ അടിസ്ഥാ നപ്പെടുത്തി സിലോണിൽ നിന്നുള്ള ഡോക്ടർ ഡി. റ്റി. നൈൽസ് ഉൽ ഘാടന പ്രസംഗം നടത്തി. തദവസരത്തിൽ സ്വീഡനിലെ രാജാവും സാംബിയായിലെ പ്രസിഡണ്ടായ കെന്നത്ത് കൗണ്ടായും സംബന്ധിച്ചി രുന്നുവെന്നുള്ളത് പ്രസ്താവ്യമാണ്. ഡോക്ടർ കൗണ്ട സമ്മേളനത്തിന്റെ ഒരു യോഗത്തിൽ പ്രസംഗിച്ചുവെന്ന വസ്തുത ഇവിടെ കൂട്ടിച്ചേർക്കട്ടെ.

ചോദ്യം: ഉൽഘാടനത്തെപ്പറ്റി പറഞ്ഞുവല്ലോ? എന്നാൽ സമ്മേളന ത്തിന്റെ ഒരു ദിവസത്തെ പ്രോഗ്രാം എപ്രകാരമായിരുന്നു എന്ന് ചുരുക്ക മായി വിവരിക്കാമോ?

ഉത്തരം: രാവിലത്തെ പോൾ വർഗീസ് അച്ചന്റെ ക്ലാസ്സുകൾ അവിടെ എല്ലാവരുടെയും മുക്തകണ്ഠമായ പ്രശംസയാർജ്ജിച്ചു. ക്രൈസ്തവ ലോകത്ത് ആകമാനമുള്ള പണ്ഡിതന്മാരിൽ അച്ചനെപ്പോലെ സമർത്ഥ മായും സുഗ്രാഹ്യമായും ബൈബിൾസ്റ്റഡി നടത്തുവാൻ കഴിവുള്ളവർ അധികമുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല.

ചോദ്യം: ഒരു ദിവസത്തെ പരിപാടിയെപ്പറ്റി ആരംഭിച്ച് ബൈബിൾ സ്റ്റഡിയിൽ മാത്രമാണല്ലോ നാം എത്തിയത്. ബാക്കിയുള്ള പ്രോഗ്രാം എന്തൊക്കെയാണ്?

ഉത്തരം: 9.45 മുതൽ 1 മണി വരെ സമ്മേളനം. പ്രസംഗങ്ങളും ഗ്രൂപ്പു തിരിഞ്ഞുള്ള ചർച്ചകളും 1 മണിക്ക് ലഞ്ചും 4.30 വരെ വിശ്രമവും കഴിഞ്ഞാൽ അടുത്ത പ്രോഗ്രാം 4.30 മുതൽ 6 വരെയാണ്. 6.30-നുള്ള ഡിന്നറിനുശേഷം 8 മുതൽ 10 വരെ വീണ്ടും മീറ്റിംഗുകൾ നടത്തുകയാണ് പതിവ്.

ചോദ്യം: സമ്മേളനത്തിന്റെ പൊതു ചിന്താവിഷയത്തെപ്പറ്റി പറഞ്ഞുവല്ലോ. എന്നാൽ അതിനെ എങ്ങനെ വിഭജിച്ചാണ് ഗ്രൂപ്പുകളിലായി ചർച്ചകൾ നടത്തിയത്.

ഉത്തരം: ചർച്ചകളിൽ പ്രാമുഖ്യം അർഹിച്ച വിഷയങ്ങൾ വിശ്വാസവും പട്ടത്വവും, ആരാധന, അന്തർദേശീയ സഭാവിഷയങ്ങൾ, സാമ്പത്തിക പുരോഗതി മുതലായവയാണ്. ഈ ഓരോ വിഷയത്തെപ്പറ്റിയും ലോക സമുന്നതരായ വ്യക്തികൾ പ്രസംഗം നടത്തുകയും ചർച്ചകൾക്ക് തുടസ്സം കുറിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

കൂടാതെ ഡബ്ലിയു.സി.സി. യുടെ പ്രത്യേക പ്രവർത്തന രംഗങ്ങളെപ്പറ്റിയും കമ്മിറ്റികളുമായി പര്യാലോചനകളും ചർച്ചകളും നടത്തി പൊതു തീരുമാനങ്ങൾ വരുത്തുവാൻ സഹായിച്ചിട്ടുണ്ട്.

ചോദ്യം: പൊതു പ്രവർത്തനരംഗങ്ങൾ എന്നു പറഞ്ഞാൽ എന്താണ്?

ഉത്തരം: സഭാകൗൺസിൽ ശ്രദ്ധിച്ചുപോരുന്നതും പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ളതുമായ പ്രധാന രംഗങ്ങൾ Inter Church-Aid, Refugee and World Service, Evangelism and Mission, Faith and Order, Ecumenical Institute, Laity എന്നിവയാണ്. അടുത്ത ആറു വർഷത്തേക്ക് ഈ ഓരോ ഡിപ്പാർട്ടുമെന്റും എങ്ങനെ പ്രവർത്തിക്കണമെന്നുള്ളതിന് രൂപരേഖ വരുത്തുകയായിരുന്നു കമ്മിറ്റികൾ മുഖാന്തിരം ചെയ്തത്.

ചോദ്യം: നമ്മുടെ സഭയിൽ നിന്നുമുള്ള പ്രതിനിധികൾ ആരൊക്കെയായിരുന്നു? അവർക്ക് എന്തു പങ്കുവഹിക്കുവാൻ ഉണ്ടായിരുന്നു?

ഉത്തരം: സുന്നഹദോസ് നിശ്ചയിച്ചിരുന്ന അംഗങ്ങളിൽ ശരീരാസ്വാസ്ഥ്യം മൂലം പൗലോസ് മാർ പീലക്സിനോസ് തിരുമേനിയും, യാത്രാക്രമീകരണങ്ങളിൽ വന്ന പ്രയാസം മൂലം മാർ കൂറിലോസ് തിരുമേനിയും, ഡോക്ടർ അലക്സാണ്ടറും വന്നുചേരുവാൻ കഴിഞ്ഞില്ല. എന്നെ കൂടാതെ പോൾ വർഗ്ഗീസ് അച്ചനും, വി. സി. ശമുവേലച്ചനും ഉണ്ടായി

രുന്നു. അവിടെ ചെന്നശേഷം നമുക്ക് അവകാശപ്പെട്ട ആറു സീറ്റുകൾ നഷ്ടമാകാതിരിക്കുവാൻ വേണ്ടി steward കളായി സംബന്ധിക്കുവാനെത്തിയ ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ, ജർമ്മനിയിൽ പഠിച്ചുകൊണ്ടിരിക്കുന്ന കെ. കെ. വർഗ്ഗീസ് ശെമ്മാശൻ, ഫീലിപ്പോസ് തോമസ് എന്നിവരെ പ്രതിനിധികളുടെ ഗണത്തിൽ ചേർത്തു. കെ. വി. പൗലൂസ് ശെമ്മാശൻ യൂത്തു സമ്മേളനത്തിൽ പ്രതിനിധിയായി സംബന്ധിച്ചു. പോൾ വർഗ്ഗീസ് അച്ചൻ ബൈബിൾസ്റ്റഡി നടത്തിയെന്നു പറഞ്ഞുവല്ലോ. കൂടാതെ പ്രധാനപ്പെട്ട പല കമ്മിറ്റികളിലും അച്ചൻ നേതൃത്വം നൽകി. Faith and order Committee യിൽ വി. സി. ശമുവേൽ അച്ചൻ പങ്കെടുത്തു. Refugee and World Service Committee യുടെ ചെയർമാൻ സ്ഥാനം എനിക്കു ലഭിച്ചു. കൗൺസിലിന്റെ ഔദ്യോഗികവൃത്തത്തിൽ പ്രവർത്തിക്കുന്നവരായി നമ്മുടെ സഭാംഗങ്ങളായ കെ. സി. ജോസഫച്ചനും, സി. ഐ. ഇട്ടിയും അവിടെ ഉണ്ടായിരുന്നുവെന്നും പ്രസ്താവ്യമാണ്.

ചോദ്യം: സിറിയായിലെ സഭയിൽ നിന്നും ആരെങ്കിലും സംബന്ധിച്ചിരുന്നോ?

ഉത്തരം: അമേരിക്കയിലെ ആർച്ചുബിഷപ്പായിരിക്കുന്ന യേശു അത്താനാസ്യോസ് തിരുമേനിയും, കെ. എം. സൈമൺ അച്ചനും പാത്രിയർക്കീസ് ബാവാ തിരുമേനിയുടെ പ്രതിനിധികൾ ആയിരുന്നു. ഞങ്ങൾ ഒരുമിച്ച് ഉപ്സാലായുടെ പ്രാന്തപ്രദേശങ്ങളിൽ കുടിയേറ്റക്കാരായി പാർക്കുന്ന സിറിയായിൽ നിന്നുമുള്ള നമ്മുടെ സഭാംഗങ്ങളെ കാണുകയും (മുന്നൂറോളം അംഗങ്ങൾ ഉണ്ട്) ഒരുമിച്ച് നമ്മുടെ കുർബ്ബാന നടത്തുകയും, മാമോദീസാ, വിവാഹം എന്നിവ അവർക്ക് നടത്തിക്കൊടുക്കുകയും ചെയ്തുവെന്നുള്ളത് ഞങ്ങളെ സംബന്ധിച്ചിടത്തോളം എത്രയും സന്തോഷാവഹമായിരുന്നു.

ചോദ്യം: സെൻട്രൽ കൗൺസിലിന്റെ ചെയർമാനായി മലയാളിയായ മി. എം. എം. തോമസിനെ തിരഞ്ഞെടുത്തതിനെപ്പറ്റിയുള്ള തിരുമേനിയുടെ അഭിപ്രായം എന്താണ്?

ഉത്തരം: ആരംഭം മുതൽ തന്നെ World Council പാശ്ചാത്യരുടെ മേധാവിത്വത്തിൽ കീഴമർന്നിരുന്നുവെന്ന് പരാതി ഉണ്ടായിട്ടുണ്ട്. പ്രത്യേകിച്ചും അടുത്തകാലത്ത് ആഫ്രിക്കയിൽ നിന്നുള്ള സഭകളുടെ പ്രാതിനിധ്യം ഉണ്ടായപ്പോൾ ഈ പരാതി അവരിൽനിന്ന് ശക്തിപ്പെടുകയും ചെയ്തു. ആ വിമർശനം ഒഴിവാക്കുവാൻ ഏഷ്യയിൽ നിന്നുള്ള ഒരാളിനെ തിരഞ്ഞെടുക്കുകയായിരുന്നു കരണീയം. മി. തോമസ് കൗൺസിലുമായി വളരെയധികം ബന്ധപ്പെട്ടിട്ടുള്ള വ്യക്തിയും തുറന്ന മനസ്സോടുകൂടി എല്ലാ കാര്യങ്ങളിലും പങ്കെടുക്കുവാനുള്ള തന്റെ കഴിവ് പ്രകടമാക്കിയി

ട്ടുള്ള ദേഹവുമാണ്. ആ നിലയിൽ തോമസിന്റെ തിരഞ്ഞെടുപ്പ് ഏവർക്കും സ്വാഗതാർഹമായിരുന്നു.

ചോദ്യം: മറ്റു പല കാര്യങ്ങളും അറിയുവാൻ ഉണ്ടെങ്കിലും ഒരു ചോദ്യം കൂടെ ചോദിക്കട്ടെ. ഈ യാത്രാവേളയിൽ തിരുമേനിക്ക് പങ്കെടുക്കുവാൻ കഴിഞ്ഞിട്ടുള്ള മറ്റു പരിപാടികൾ എന്തൊക്കെയായിരുന്നു?

ഉത്തരം: ഇവിടെനിന്നും ആദ്യമായി ദമസ്ക്കോസിൽ നമ്മുടെ പാത്രിയർക്കീസ് ബാവായുടെ മനോഹരമായ പുതിയ അരമനയിൽ എത്തി. അവിടെവച്ചു നടന്ന ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ ഒരാഴ്ച നീണ്ടുനിന്ന സ്റ്റാൻഡിംഗ് കമ്മിറ്റിയിലും അതിനുശേഷം കോപ്റ്റിക്ക് ചർച്ചിന്റെ ആഭിമുഖ്യത്തിൽ കെയ്റോയിൽ വച്ചുനടന്ന വിശുദ്ധ മർക്കോസിന്റെ 19–ാം ശതാബ്ദി ജൂബിലി ആഘോഷങ്ങളിലും പങ്കെടുത്തു. ഈ സമ്മേളനത്തിൽ നമ്മുടെ പാത്രിയർക്കീസ് ബാവാതിരുമേനിയും എത്യോപ്യൻ ചക്രവർത്തിയും സംബന്ധിക്കുകയുണ്ടായി. ഈജിപ്തിലെ ഭരണാധിപനായ നാസ്സർ പരിപാടികളിൽ പങ്കെടുത്തുവെന്നു മാത്രമല്ല ഒരു ലക്ഷത്തിഅമ്പതിനായിരം പവൻ കെയ്റോയിൽ ഭദ്രാസനദേവാലയം പണിയുവാൻ സംഭാവന നൽകുകയും ചെയ്തു.

ജൂബിലി പരിപാടിക്കു പുറമെ കെയ്റോയിൽവച്ച് ഓറിയന്റൽ സഭകളുടെ Curriculam Committee യിലും പങ്കെടുത്തു. യൂറോപ്പിലായിരുന്നപ്പോൾ ജർമ്മനിയിലെ ഹാംബർഗ്ഗിൽ പോയി അവിടെ പഠിച്ചുകൊണ്ടിരുന്ന കെ. എ. ജോർജ്ജ് ശെമ്മാശനെയും റ്റി. സി. ചാക്കോയേയും ..... സിമ്മനാരിയിൽ അദ്ധ്യാപകരായിരുന്നവരെ കാണുന്നതിനും അവർ ഒരുമിച്ചു വി. കുർബ്ബാന അനുഷ്ഠിക്കുന്നതിനും സാധിച്ചു.

അറിയേണ്ട എല്ലാ കാര്യങ്ങളെപ്പറ്റിയും പറഞ്ഞുവല്ലോ എന്നു ചോദിച്ചുകൊണ്ട് തിരുമേനി ഉപസംഹരിച്ചു.

(ഓർത്തഡോക്സ് യൂത്ത് മാസികയിൽ പ്രസിദ്ധീകരിച്ചത്)

5

പ. കാതോലിക്കാബാവാ തിരുമനസ്സിലേക്ക് സോവിയറ്റുയൂണിയനിൽ അത്യുജ്ജ്വല സ്വീകരണങ്ങൾ

(പ്ര. ലേ.) മോസ്ക്കോ.

ന്യൂഡൽഹിയിൽ നിന്ന് സെപ്റ്റംബർ 21-ാം തീയതി ചൊവ്വാഴ്ച രാവിലെ ഏഴു മണിക്ക് മോസ്ക്കോ വിമാനത്താവളത്തിൽ എത്തിച്ചേർന്ന പ. ബാവാ തിരുമേനിക്കും മലങ്കരസഭാ പ്രതിനിധി സംഘത്തിനും അത്യുജ്ജ്വലമായ ഒരു സ്വീകരണമാണ് വിമാനത്താവളത്തിൽ വച്ചു നൽകപ്പെട്ടത്. റഷ്യൻ ഓർത്തഡോക്സ് സഭാ പരമാദ്ധ്യക്ഷനായ പ. പീമാൻ പാത്രിയർക്കീസുബാവാ മോസ്ക്കോയിലെ ഷെറിമെറ്റീഡോ വിമാനത്താവളത്തിൽവച്ച് പ. കാതോലിക്കാബാവായെ ചുംബനം ചെയ്ത് സ്വീകരിച്ചു. മെത്രാപ്പോലീത്തന്മാരും, ആർച്ചുബിഷപ്പന്മാരും, പട്ടക്കാരും, റഷ്യൻ പേട്രിയർക്കേറ്റിലെ സഭാപ്രവർത്തകരും ചേർന്ന് മറ്റു പ്രതിനിധികളെയും സ്വീകരിച്ചു. പ. കാതോലിക്കാബാവായെയും പ്രതിനിധിസംഘത്തെയും കാണുന്നതിനു വലിയ ഒരു ജനക്കൂട്ടം വിമാനത്താവളത്തിൽ കൂടിയിരുന്നു. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വിമാനത്താവളത്തിൽവച്ച് പ്രതിനിധിസംഘത്തോടു ചേർന്നു.

പ. കാതോലിക്കാബാവായും പ്രതിനിധിസംഘവും റഷ്യൻ പാത്രിയർക്കേറ്റു സന്ദർശിച്ചശേഷം അവർക്കായി പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള അതിഥിമന്ദിരത്തിലേക്കു ആനയിക്കപ്പെട്ടു. വിശ്രമാനന്തരം 21-ാം തീയതി വൈകിട്ടു പ. കാതോലിക്കാബാവാ തിരുമനസ്സിലെ ബഹുമാനാർത്ഥം റഷ്യൻ പാത്രിയർക്കീസ് നടത്തിയ വിരുന്നുസൽക്കാരത്തിൽ പ്രതിനിധികൾ സംബന്ധിച്ചു. വിവിധ സഭാനേതാക്കന്മാരും, വൈദികശ്രേഷ്ഠന്മാരും, രാഷ്ട്രപ്രതിനിധികളുമായി ഒരു വലിയ സംഘം ആളുകൾ വിരുന്നിൽ സംബന്ധിച്ചിരുന്നു.

22, 23 എന്നീ തീയതികളിൽ പ്രതിനിധിസംഘം മോസ്ക്കോയിലെയും, കീവിലെയും പ്രധാനപ്പെട്ട പള്ളികൾ സന്ദർശിച്ചു. 23-ാം തീയതി മോസ്ക്കോയിലെ പാത്രിയർക്കാ കത്തീഡ്രലിൽ പ. കാതോലിക്കാ ബാവായുടെ

സ്വീകരണം സംബന്ധിച്ച് നടന്ന ഒരു ചടങ്ങിൽവച്ച് റഷ്യൻ ഓർത്ത ഡോക്സ് സഭയുടെ ഏറ്റവും ഉന്നതബിരുദമായ The order of St. Vladimer (ഓർഡർ ഓഫ് സെന്റ് വ്ളാഡിമർ) എന്ന അവാർഡ് പ. പീമാൻ പാത്രി യർക്കീസ് പ. കാതോലിക്കാ ബാവായ്ക്ക് നൽകി ബഹുമാനിച്ചു.

24-ാം തീയതി അർമ്മീനിയൻ കാതോലിക്കോസ് പ. വസ്ക്കൻ തിരു മനസ്സിലെ ക്ഷണപ്രകാരം പ. ബാവാ തിരുമേനിയും പ്രതിനിധിസംഘവും അർമ്മീനിയൻ സഭാകേന്ദ്രമായ എച്ച്മിയാഡ്സിനിൽ എത്തി. സോവി യറ്റ് അർമ്മീനിയായിലെ ഇരവാൻ വിമാനത്താവളത്തിൽ അർമ്മീനിയൻ കാതോലിക്കോസ് വസ്ക്കൻ തിരുമേനിയും മെത്രാപ്പോലീത്തന്മാരും വൈദികരും വൈദികവിദ്യാർത്ഥികളും സഭാംഗങ്ങളും ചേർന്ന് കാതോ ലിക്കാബാവായേയും പ്രതിനിധിസംഘത്തേയും സ്വീകരിച്ച് വസ്ക്കൻ കാതോലിക്കാബാവായുടെ ആസ്ഥാനമായ എച്ച്മിയാഡ്സിനിൽ അരമ നയിലേക്ക് ആനയിച്ചു. അരമനകത്തീഡ്രലിലെ പ്രാർത്ഥനയ്ക്കുശേഷം വസ്ക്കൻ തിരുമേനിയുടെ അതിഥികളായി പ്രതിനിധിസംഘം താമസിച്ചു. വസ്ക്കൻ കാതോലിക്കോസിന്റെ മനോഹരവും ബ്രഹത്തും അകം മുഴു വനും മാർബിൾ നിരത്തിയതുമായ കൊട്ടാരത്തിലാണ് പ. കാതോലി ക്കാബാവായ്ക്ക് താമസിക്കുന്നതിന് ഏർപ്പാടു ചെയ്തിരുന്നത്. ഈ അര മന നോഹയുടെ പെട്ടകം ഉറച്ചതായ മഞ്ഞുനിറഞ്ഞ അറാറാത്തു മല യുടെ അടിവാരത്താണ് സ്ഥിതിചെയ്യുന്നത്.

25-ാം തീയതി പ്രതിനിധിസംഘം സോവിയറ്റ് അർമ്മീനിയായിലെ ചരിത്രപ്രസിദ്ധവും പുരാതനവുമായ പള്ളികളും സ്ഥാപനങ്ങളും സന്ദർ ശിച്ചു.

26-ാം തീയതി അർമ്മീനിയൻ സഭാചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തുന്ന ഒരു സംഭവമാണ് നടന്നത്. അന്നു രാവിലെ വി. കുർ ബ്ബാനമദ്ധ്യേ അർമ്മീനിയൻ ഓർത്തഡോക്സ് സഭാ പരമാദ്ധ്യക്ഷനും മലങ്കര ഓർത്തഡോക്സ് സഭാ പരമാദ്ധ്യക്ഷനും ചേർന്ന് നടത്തിയ പ. മൂറോൻ കൂദാശയായിരുന്നു അത്. ഈ കൂദാശയിൽ ആർച്ചുബിഷപ്പ ന്മാരും, ബിഷപ്പന്മാരും, വൈദികരും, അത്മായക്കാരും ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും അർമ്മീനിയൻ സഭയെ പ്രതിനിധീകരിച്ച് സംബന്ധിച്ചിരുന്നു. വലുതും പുരാതനവുമായ കത്തീഡ്രലിനകത്തും കൽപലകകൾ പാകിയ വിശാലമായ മുറ്റത്തും ബഹുസഹസ്രം ആളു കൾ തിങ്ങിനിന്ന് ഈ കൂദാശയിൽ സംബന്ധിച്ചു. മലങ്കരസഭാ പ്രതിനി ധിസംഘത്തിന് മദ്ബഹായോടു ചേർന്ന് പ്രത്യേകം സ്ഥലം സജ്ജീക രിച്ചിരുന്നു. ശുശ്രൂഷാമദ്ധ്യേ പ. വസ്ക്കൻ തിരുമേനി അർമ്മീനിയൻ സഭ യുടെ സഹോദരീസഭയായ മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാ

ദ്ധ്യക്ഷനെ സ്വാഗതം ചെയ്തുകൊണ്ട് “സഹോദരന്മാർ ഒന്നിച്ചു വസിക്കുന്നത് എത്ര നന്മയും സൗന്ദര്യവുമാകുന്നു” എന്ന വേദവാക്യത്തെ ആസ്പദമാക്കി പ്രസംഗിച്ചു. പ. കാതോലിക്കാബാവാ തന്നെ സഹോദര നിർവ്വിശേഷം സ്വീകരിച്ച വസ്ക്കൻ തിരുമേനിക്കും അർമ്മീനിയൻ സഭയ്ക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ചെയ്ത മറുപടിപ്രസംഗം ഹൃദയസ്പർശകമായിരുന്നു. ശുശ്രൂഷകൾക്കുശേഷം പ. കാതോലിക്കാബാവായുടെ കൈ മുത്തി അനുഗ്രഹം പ്രാപിക്കുന്നതിന് തിങ്ങിക്കൂടിയ ജനതതിക്കു കണക്കില്ല.

26-ാം തീയതി വൈകിട്ട് പ. കാതോലിക്കാബാവാ തിരുമനസ്സിലെ ബഹുമാനാർത്ഥം എച്ച്മിയാഡ്സിൻ പാലസിൽ വച്ചു നടത്തപ്പെട്ട വിരുന്നു സൽക്കാരത്തിൽവച്ച് പ. വസ്ക്കൻ തിരുമേനിക്ക് പ. കാതോലിക്കാബാവാ വിലപിടിപ്പുള്ള അനേകം സമ്മാനങ്ങൾ നൽകി. വസ്ക്കൻ തിരുമേനിയും രത്നങ്ങൾ പതിച്ച സ്വർണ്ണ സ്ലീബായും കുരിശും മാലയും മറ്റും പ. കാതോലിക്കാബാവായ്ക്കും പ്രതിനിധി സംഘാംഗങ്ങൾക്ക് പ്രത്യേകം സമ്മാനങ്ങളും നൽകുകയുണ്ടായി. 27-ാം തീയതി പ. ബാവാതിരുമേനിയും മറ്റും മോസ്ക്കോയിലേക്കു മടങ്ങി. മോസ്ക്കോയിൽവച്ച് 28-ാം തീയതി നടത്തപ്പെട്ട സമാധാനസമ്മേളനത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ സംബന്ധിച്ചശേഷം ലനിൻഗ്രാഡും റഷ്യയിലെ വി. പള്ളികളും ഒക്ടോബർ ഒന്നാം തീയതി വരെ സന്ദർശിച്ചു. ഒക്ടോബർ 2-ാം തീയതി പ. കാതോലിക്കാബാവാ തിരുമേനിയും പരിവാരങ്ങളും റൂമേനിയൻ പാത്രിയർക്കീസ് പ. ജസ്റ്റീനിയൻ തിരുമനസ്സിലെ ക്ഷണപ്രകാരം ബുക്കാറിസ്റ്റിലേക്കു പോയി.

(മലങ്കരസഭാ മാസിക, 1976 ഒക്ടോബർ)

6

രോഗികളോടൊപ്പം സപ്തതി സായാഹ്നം

സദ്യയും സമ്മേളനവുമില്ലാത്ത സപ്തതി. വി.ഐ.പി. കളുടെ സാന്നിധ്യമില്ല. ഉപഹാര സ്വീകരണമില്ല. ഈ സപ്തതി ആരുടേതെന്നറിയുമ്പോൾ അത്ഭുതത്തിന് അവകാശമില്ല. ഇന്ന് 70 തികയുന്ന യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ജീവിതചര്യയിൽ ആഡംബരത്തിനും ആഘോഷത്തിനും സ്ഥാനമില്ല.

സ്വതേ സ്വാത്ഥികൻ. പരിശീലനംകൊണ്ടൊരു താത്വികൻ. നിശബ്ദസേവനം ജീവിതത്തിന്റെ മുഖമുദ്രയാക്കിയ ഇടയൻ. പണ്ഡിതനായിട്ടും വിദ്യാർത്ഥിയെപ്പോലൊരു ഗവേഷകൻ. വാചാലനല്ലെങ്കിലും തർക്കിക്കുന്നവരുടെ വാക്കുകളുടെ ഉറവ വറ്റിക്കുന്ന ഉൾക്കാഴ്ചയുടെ ഉടമ. ലളിതമധുരമായി ആനുകാലിക സംഭവങ്ങൾ വിലയിരുത്തുന്ന നിരീക്ഷകൻ - സേവേറിയോസ് മെത്രാപ്പോലീത്താ ഇതെല്ലാമാണ്.

അറിവും കഴിവും ആരെയും മെത്രാപ്പോലീത്താ വിളിച്ചറിയിക്കാറില്ല. അധികാരത്തിന്റെ വാക്കുകളല്ല, വിനയത്തിന്റെയും വാത്സല്യത്തിന്റെയും പദങ്ങളാണ് ആ പാദങ്ങളിലേയ്ക്ക് ആദരവോടെ ആളുകളെ അടുപ്പിക്കുന്നത്. കോപിക്കുന്നവരെപ്പോലും മൗനംകൊണ്ടു കീഴ്പ്പെടുത്തുന്ന നിശ്ചയദാർഢ്യം അദ്ദേഹത്തിന്റെ പ്രത്യേകതയാണ്.

ഭരണാധിപനായിരിക്കുമ്പോഴും മൽപാന്റെ മേന്മയാണു തലയുയർത്തി നിൽക്കുന്നത്. സഭയുടെ ആചാരാനുഷ്ഠാനങ്ങളിലും കാനോൻ വ്യാഖ്യാനങ്ങളിലും സംശയം ഉണ്ടാവുമ്പോൾ നിവാരണം തേടി ആളുകൾ എത്തുന്നതു 15 വർഷത്തോളം കോട്ടയം പഴയസെമിനാരിയിൽ വൈദികവിദ്യാർത്ഥികളുടെ ബഹുമാനപ്പെട്ട യോഹന്നാൻ മൽപാനാ (ഗുരു) യിരുന്ന സേവേറിയോസ് മെത്രാപ്പോലീത്തായുടെ അടുത്താണ്. അദ്ദേഹം അനായാസമായി നെല്ലും പതിരും പാറ്റിക്കൊഴിച്ചു വേർതിരിച്ചെടുക്കും. പ്രസക്തവും അപ്രസക്തവും എന്തൊക്കെയെന്നു കാട്ടിത്തരും. 'തനിമ' കാട്ടാൻ ആരാധനാ-ശുശ്രൂഷകളിൽ ചില കാർമ്മികർ വെട്ടിച്ചുരുക്കലും കൂട്ടിച്ചേർക്കലും നടത്തുമ്പോൾ അവയുടെ മർമ്മമറിയാവുന്ന ഈ മൽപാൻ പിശുക്കു കൂടാതെ അതു വിമർശിക്കുമ്പോൾ ആ കുശലതയുടെ മുമ്പിൽ ആരും തലകുനിക്കും.

ജീവിതത്തിൽ എളിമയുടെ മേന്മയെന്തെന്ന് അദ്ദേഹത്തിന്റെ കൂടെ വസിച്ചിട്ടുള്ളവർക്ക് അറിയാം. ആഡംബരത്തിന്റെ അകമ്പടിയില്ലാതെ ഏതു കാര്യവും ചെയ്യുവാനും ചെയ്യിക്കുവാനുമുള്ള സേവേറിയോസ് മെത്രാപ്പോലീത്തായുടെ ശ്രദ്ധേയമായ കഴിവ് കണ്ടുപഠിക്കേണ്ടതു തന്നെ. വൈദികവിദ്യാർത്ഥികൾക്ക് അദ്ദേഹം എളിമ പറഞ്ഞുകൊടുത്തു. ജീവിതത്തിൽ അതു പകർത്തി ശിഷ്യവൃന്ദം ആദരവോടെ അതു സ്മരിക്കുന്നു.

ഗ്രന്ഥകർത്താവും ലേഖകനുമെന്ന നിലയിലും ശ്രദ്ധേയനാണ് സേവേറിയോസ് മെത്രാപ്പോലീത്താ. സന്ദർഭമനുസരിച്ച് ആ പദങ്ങൾ നർമ്മരസത്തിൽ മുക്കിയതോ മൂർച്ചയേറിയതോ ആയിരിക്കും. ആ ശൈലി ശീലമായിത്തീർന്നിരിക്കുന്നു.

പദസ്വാധീനവും അവതരണസവിശേഷതകളും തെളിയിക്കുന്നതാണ് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ. വലിയനോമ്പിലെ നമസ്കാരം, വൈദികരുടെ കാനോനിക നമസ്കാരം, മൂന്നുനോമ്പിലെ നമസ്കാരം, യാമപ്രാർത്ഥനകൾ എന്നിവ അദ്ദേഹം സുറിയാനിയിൽനിന്നു തർജ്ജമ ചെയ്തിട്ടുണ്ട്. ഓർത്തഡോക്സ് സഭയുടെ ആരാധനാസാഹിത്യത്തിനു കനത്ത സംഭാവനകളാണിവ.

“ശുശ്രൂഷാ സംവിധാനം” എന്ന സ്വന്തം കൃതിയുടെ ആമുഖത്തിൽ ആരാധനയെക്കുറിച്ച് അഭിവന്ദ്യ തിരുമേനി പറയുന്നു: ‘എല്ലാ വിഭാഗക്കാരും എല്ലാ പ്രവർത്തനങ്ങളും ഏറ്റക്കുറച്ചിലുകളോടെ നടത്താറുണ്ടെങ്കിലും ഓർത്തഡോക്സ് സഭകൾ ആരാധനയ്ക്ക് പ്രാഥമിക സ്ഥാനം കൊടുത്തിരിക്കുന്നു. യഥാർത്ഥമായി ആരാധനയുടെ അനുഭവമില്ലാതെ മറ്റു കാര്യങ്ങൾ വിജയിക്കയില്ലെന്ന് ഓർത്തഡോക്സ് സഭകൾ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. ആരാധനയിൽ പ്രസംഗം, ഉപദേശം, ധ്യാനം, ദൈവശാസ്ത്രം, വേദശാസ്ത്രം എന്നിവയെല്ലാം അടങ്ങിയിരിക്കുന്നു. ഗ്രീക്ക്സഭ റഷ്യയിൽ പ്രചരിച്ചത് അതിന്റെ സ്വർഗ്ഗീയാരാധനയുടെ സ്വാധീനം കൊണ്ടാണെന്നു പറയപ്പെടുന്നു. ആരാധനയിൽ പ്രാർത്ഥന, സ്തുതിപ്പ്, കൃതജ്ഞത, അനുതാപം എന്നീ വിവിധ ഘട്ടങ്ങൾ ഉണ്ട്.”

അനേകം വൈദികർക്കു മല്പാനാണെങ്കിൽ ഒട്ടേറെ ഇടവകകൾക്ക് അദ്ദേഹം മുൻ വികാരിയാണ്. മിതമായ ശബ്ദത്തിലും തെരഞ്ഞെടുത്ത വാക്കുകളിലുമായി ഉദാഹരണസഹിതം നടത്തുന്ന പ്രഭാഷണങ്ങൾ സുഭാഷിതങ്ങൾ തന്നെ. പഴമക്കാർക്കു പറയുവാനുള്ളതാണത്.

പരിശുദ്ധ ബസേലിയോസ് ഔഗേൻ കാതോലിക്കാ ബാവായാണു യോഹന്നാൻ മൽപ്പാനെ എപ്പിസ്കോപ്പായായി വാഴിച്ചത് – 1966–ൽ.

തുടർന്ന് അദ്ദേഹം കൊരട്ടി സീയോൻ സെമിനാരി ആസ്ഥാനമായുള്ള കൊച്ചി ഭദ്രാസനത്തിന്റെ അധിപനായി നിയോഗിക്കപ്പെട്ടു. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പള്ളികളിൽ പകുതിയോളം ഒരു കാലത്തു കൊച്ചി ഭദ്രാസനത്തിൽ ഉൾപ്പെട്ടിരുന്നു. മാലിയങ്കര, പാലൂർ, കൊക്കമംഗലം, കോട്ടയ്ക്കായൽ എന്നിങ്ങനെ.

ആഘോഷങ്ങളിൽ താൽപര്യമില്ലാത്ത മെത്രാപ്പോലീത്താ ശൈശവത്തിനുശേഷം ഇന്നോളം ജന്മദിനം ആഘോഷിച്ചിട്ടില്ല. ഇന്നത്തെ സപ്തതി സായാഹ്നം അദ്ദേഹം കൊരട്ടി ഗവണ്മെന്റ് കുഷ്ഠരോഗാശുപത്രിയിലെ അന്തേവാസികളോടൊപ്പം ചെലവിടും. കുഷ്ഠരോഗികൾക്കാണിന്നു പിറന്നാൾ സദ്യ. തന്നോടൊപ്പം അൽപസമയം ചെലവിടാൻ ഭദ്രാസനത്തിലെ വൈദികരെയും, അൽമായ പ്രതിനിധികളെയും സേവേറിയോസ് മെത്രാപ്പോലീത്താ കുഷ്ഠരോഗാശുപത്രിയിലേക്ക് ക്ഷണിച്ചിട്ടുണ്ട്.

(മനോരമ, ജനുവരി 13, 1990)

7

നവയുഗ നായകന് സ്മരണാഞ്ജലി

തീണ്ടലും തൊടീലും കൊടികുത്തി വാഴുന്നു. പൊതുനിരത്തു പൊതുവിന്റേതാണെങ്കിലും അധഃകൃതർ പുറത്താണ്. തൃപ്പൂണിത്തുറയിലെ രാജവീഥിയിൽ അവർക്കു നിരോധനം. വൈക്കത്തെ ക്ഷേത്രമതിലിനു പുറത്തുപോലും സാമീപ്യം പാടില്ല. പാലിയത്തച്ചന്റെ കോവിലം ചുറ്റിയുള്ള വഴിക്കുപോലും പുലയന് വിലക്ക്. മൃഗത്തെക്കൊണ്ടു മനുഷ്യൻ പോയാൽ മൃഗത്തിന്റെ കഴുത്തിലെ കയറുപിടിച്ചിട്ടുള്ള അധഃകൃതനു പതിത്വം. മൃഗത്തിനു സ്വാഗതം.

അപൂർവമായി മാത്രം വഴി വാഹനം കണ്ടിരുന്ന കാലം. നടന്നുവലയുന്നവന് കോരിക്കുടിക്കുവാൻ വഴിയോരങ്ങളിൽ പൊതുകിണറുകൾ. എന്നാൽ അധഃകൃതനു ജലത്തിനു വിലക്ക്. വിദ്യാഭ്യാസം, ക്ഷേത്രപ്രവേശനം, വോട്ടവകാശം, ഇതിനൊന്നിനും അധഃകൃതർക്ക് അർഹതയില്ല.

ഏതാണ്ട് 70 വർഷം മുമ്പുള്ള കേരളത്തിന്റെ സ്ഥിതി ഇതായിരുന്നു. ആക്ഷേപാർഹമായ ഈ പെരുമാറ്റത്തിന് അറുതിവരുത്തുവാൻ അരയും തലയും മുറുക്കി സന്ധിയില്ലാസമരത്തിനു സാഹസമായി പുറപ്പെട്ടവർ അന്ന് അധിക്ഷേപിക്കപ്പെട്ടെങ്കിലും ഇന്നു ചരിത്രത്തിൽ താരങ്ങളായി ശോഭിച്ചു നിൽക്കുന്നു. നാരായണഗുരു, കേളപ്പജി, എ. കെ. ജി., മഞ്ചേരി രാമയ്യർ, സഹോദരൻ അയ്യപ്പൻ, ടി. കെ. മാധവൻ, പി. കെ. ഡീവർ, അയ്യങ്കാളി ആ നിര നീളുന്നു. ആ നേതൃത്വനിരയിൽ അവരോടൊപ്പം ഉണ്ടായിരുന്നതാണു കൊട്ടാര പട്ടണമായ തൃപ്പൂണിത്തുറയിലെ പത്രോസ് ശെമ്മാശൻ. അദ്ദേഹത്തിനു ജന്മം നൽകിയ നാടും മെത്രാപ്പോലീത്തായായി ശുശ്രൂഷിച്ച ഓർത്തഡോക്സ് സഭയും ചരിത്രം തിരുത്തി എഴുതിച്ച ആ കർമ്മയോഗിയുടെ ചരമ രജത ജൂബിലി 21 മുതൽ ഫെബ്രുവരി ഏഴു വരെ ആചരിക്കുന്നു.

കൊച്ചി രാജകുടുംബത്തിന്റെ പ്രത്യേക താൽപര്യം ആസ്വദിച്ചിരുന്ന മൂക്കഞ്ചേരിൽ കുടുംബത്തിലെ പൂരവത്തിന്റെ പത്താമത്തെ പുത്രനായ പീറ്റർ ബി.എ. പാസ്സായപ്പോഴേയ്ക്കും പരിവർത്തനത്തിന്റെ പ്രവാചകനും അധഃകൃതരുടെ തേരാളിയുമായിത്തീർന്നിരുന്നു. 1886-ൽ ജനിച്ച പീറ്ററിന് അന്നു വയസ്സ് 20. കേരളത്തിലെ യുക്തിവാദി പ്രസ്ഥാനത്തിന്റെ തലതൊട്ടപ്പനായ എം. സി. ജോസഫ് പിതൃസഹോദരപുത്രൻ. 1916-ൽ വൈദി

കത്വത്തിന്റെ പ്രഥമപടി ചവിട്ടി പീറ്റർ ശെമ്മാശനായി. പിന്നീട് വൈദികൻ, റമ്പാൻ, ബിഷപ്പ്, ധ്രുവങ്ങളിൽ നിൽക്കുന്ന രണ്ടു ഉൽപതിഷ്ണുക്കൾ – വൈദികനും യുക്തിവാദിയും.

ഭരിക്കുന്നവരെ ആശ്രയിച്ചു കഴിയുന്ന വൈദികവൃന്ദത്തിന്, ഒരപവാദമായിരുന്നു ഡീക്കൻ പീറ്റർ. മാറുവിൻ, വഴി മാറുവിൻ എന്ന് അനാചാരങ്ങളോട് അദ്ദേഹം ആവശ്യപ്പെട്ടു. അതിനുള്ള കാഹളം ഊതിയവരോടൊപ്പം ഒത്തുചേർന്ന് മഹാത്മജിയുടെ ആശീർവാദത്തോടെ ആരംഭിച്ച വൈക്കം സത്യഗ്രഹത്തിന്റെ പന്തലിൽ അദ്ദേഹം ഉണ്ടായിരുന്നു.

ദ്രാവിഡ മുന്നേറ്റ കഴകത്തിന്റെ ആചാര്യനായിരുന്ന പെരിയോർ രാമസ്വാമി നായ്ക്കരുടെ സഹകരണം അദ്ദേഹത്തിനുണ്ടായിരുന്നു. ടി. കെ. മാധവന്റെ തൃപ്പൂണിത്തുറ സത്യഗ്രഹത്തിനും ഈ വിപ്ലവകാരി പങ്കാളിയായിരുന്നു. പുതിയ ഒരു കേരളത്തിന്റെ പുല്ലാങ്കുഴൽ വിളിയാണു തൃപ്പൂണിത്തുറയിലും തൃശൂരും ശെമ്മാശന്റെ നേതൃത്വത്തിൽ നടന്ന പുലയ മഹാസമ്മേളനത്തിലൂടെ കേട്ടത്. ആ കുഴലൂതുവാൻ അതിന്റെ കാര്യദർശികളായ കളരിയിൽ ചരതനും ഈരയിൽ ചാത്തനും ധൈര്യം പകർന്നത് മൂക്കഞ്ചേരിയാണ്.

പുലയനെ തല്ലിയിട്ടു സവർണർ പരിഹസിക്കുമായിരുന്നു 'കിട്ടിയതു മൂക്കഞ്ചേരിയോടു പറഞ്ഞോളൂ.' പുലയർ പറഞ്ഞു മൂക്കഞ്ചേരി പരാതിപ്പെട്ടു. തമ്പ്രാക്കന്മാർ ശിക്ഷിക്കപ്പെട്ടു. നടക്കുന്ന വഴി അദ്ദേഹം എഴുതുന്ന കത്തുകൾക്ക് അത്ര ബലമുണ്ടായിരുന്നു.

അദ്ദേഹം ഞാറയ്ക്കൽ സർക്കാർ ഹൈസ്കൂളിൽ അധ്യാപകനായിരിക്കുമ്പോൾ രണ്ടു ഹരിജൻ വിദ്യാർത്ഥികൾക്കു പ്രവേശനം നൽകിയതു ക്രമസമാധാനപ്രശ്നം വരെ സൃഷ്ടിച്ചു. അദ്ദേഹം കുലുങ്ങിയില്ല. ആ വിജയം എത്രയോ ഹരിജൻ വിദ്യാർത്ഥികൾക്ക് എവിടെയെല്ലാം സ്കൂൾ പ്രവേശനം ലഭിക്കുവാൻ സഹായകമായി.

കൊച്ചി ദിവാൻ ടി. വിജയരാഘവാചാര്യർ 1925–ൽ ശെമ്മാശനെ അധഃകൃതരുടെ ഉന്നമനത്തിനുള്ള സ്പെഷൽ ഓഫീസറായി നിയമിച്ചു. സ്പെഷൽ ഓഫീസറുടെ റിപ്പോർട്ട് സർക്കാർ അതേപടി അംഗീകരിച്ചു. റിപ്പോർട്ട് നടപ്പിലാക്കാൻ രണ്ട് ഉന്നതോദ്യോഗസ്ഥന്മാരുടെ സേവനം വിട്ടുകൊടുത്തു. 1094 ഇടവം ഒന്ന്. തൃപ്പൂണിത്തുറ ഹൈസ്കൂൾ ഗ്രൗണ്ടിൽ അധഃകൃതരുടെ മഹാസമ്മേളനം. ദിവാൻ സർ വിജയരാഘവാചാരി അദ്ധ്യക്ഷൻ. സഹോദരൻ അയ്യപ്പനും മൂക്കഞ്ചേരിൽ ശെമ്മാശനും പ്രസംഗകർ. മഹാരാജാവിന്റെ വിളംബരം ദിവാൻ പ്രഖ്യാപിച്ചു. കൊച്ചി രാജ്യത്തെ ഏതു റോഡിലൂടെയും ആർക്കും നടക്കാം. അധഃകൃതരെ കൂട്ടി അദ്ധ്യക്ഷനും പ്രസംഗകരും പട്ടണത്തിൽ പ്രവേശിച്ചു. അധഃകൃ

തർ ആദ്യമായി! ആ പ്രവേശനം പുതിയൊരു യുഗത്തിന്റെ പ്രവേശനവും കൂടിയായിരുന്നു.

തിരുവിതാംകൂറിലെ ക്ഷേത്രപ്രവേശന വിളംബരത്തിന്റെ പിന്നിലും പത്രോസ് ശെമ്മാശന്റെ പ്രബല ഹസ്തങ്ങൾ ഉണ്ടായിരുന്നു. അതു കൊണ്ടു ബിഷപ്പ് കാളാശേരിയുടെയും സി. വി. രാമന്റെയും പിന്നാലെ എന്നപോലെ ഈ പ്രവർത്തകന്റെ പിറകെയും ഏറെക്കാലം ദിവാൻ സർ സി. പി. യുടെ രഹസ്യപോലീസ് നിഴൽപോലെ നീങ്ങിയിരുന്നു.

സഭയിലും പഴയതിൽ ചാരിനിന്നു പ്രവർത്തിക്കുക ആയിരുന്നില്ല ശെമ്മാശന്റെ സേവനശൈലി. വെല്ലുവിളികൾ തിങ്ങിനിൽക്കുന്ന പുതിയ ചാലുകൾ വെട്ടിക്കീറുകയായിരുന്നു അതിന്റെ പ്രത്യേകത. സാമൂഹ്യ വളർച്ചയും ആത്മീയ ഉയർച്ചയും ഒരുമിച്ചു കൊണ്ടുപോകാനുള്ള കണ്ടെത്തലായിരുന്നു 1974-ൽ സ്ഥാപിതമായ സ്ലീബാദാസ സമൂഹം. പി. പി. വർക്കിയെയും കെ. സി. പൈലിയെയും കൂട്ടുചേർത്ത് ഇതിന്റെ പ്രവർത്തനമാരംഭിച്ചു. അറിവിന്റെ ആവശ്യത്തെക്കുറിച്ചും ശുചിത്വബോധത്തെക്കുറിച്ചും അധഃകൃതരെ പ്രബുദ്ധരാക്കി. എന്നാൽ ഈ പ്രേഷിത പ്രവർത്തനത്തിനും എതിർപ്പുകൾ ഉണ്ടായി. സവർണ ഹിന്ദുക്കളും തറവാടിത്തം പറയുന്ന ക്രിസ്ത്യാനികളും ഒരുപോലെ. മടിച്ചുമാറിയില്ല, ഉറച്ചുതന്നെ നീങ്ങി.

വിദേശാധിപത്യത്തിൽ നിന്നു വിടർത്തുന്നതുപോലെതന്നെ പ്രയാസമായിരുന്നു സഭാംഗങ്ങളെ വിദേശ ഭാഷയിൽ നിന്നു വിമുക്തരാക്കുവാൻ. ഇതിന് എതിരാളികൾ വിദേശിയരായിരുന്നില്ല. സ്വസഹോദരങ്ങളും വൈദിക മേലദ്ധ്യക്ഷന്മാരുമായിരുന്നു വിരോധികൾ. കാലം മാറി, മനസു തെളിഞ്ഞു. ഇന്നു മലയാളത്തിനാണ് ആരാധനയിൽ മുൻഗണന. അതിനു വില കൊടുക്കേണ്ടി വന്നതു മൂക്കഞ്ചേരി ശെമ്മാശനും പുലിക്കോട്ടിൽ ശെമ്മാശനും.

യാത്രാസൗകര്യം വിരളമായിരുന്ന ഈ നൂറ്റാണ്ടിന്റെ മദ്ധ്യകാലത്തു മൂന്നു പ്രാവശ്യം അദ്ദേഹം അഖിലേന്ത്യാ സന്ദർശനം നടത്തി.

പിന്നീട് കാതോലിക്കാമാരായ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമന്റെയും മാത്യൂസ് ദ്വിതീയന്റെയും ഒപ്പമാണ് 1953-ൽ അദ്ദേഹം പത്രോസ് മാർ ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാഭിഷിക്തനാകുന്നത്. ദിവംഗതരായ ദാനിയേൽ മാർ പീലക്സിനോസ്, മാത്യൂസ് മാർ ഈവാനിയോസ് എന്നിവരായിരുന്നു ഒരുമിച്ചു മെത്രാന്മാരായ മറ്റു രണ്ടു പേർ. ഓർത്തഡോക്സ് സഭയിൽ അഞ്ച് മെത്രാന്മാരെ ഒരുമിച്ചു വാഴിക്കുന്നത് അന്ന് ആദ്യമായിട്ടായിരുന്നു. വികസനം എന്തെന്നറിഞ്ഞിട്ടില്ലാത്ത മലബാർ ഭദ്രാസനത്തിനു തനതായിട്ടൊരു മെത്രാനെ ലഭിക്കുന്നതും അന്നാദ്യമായിട്ടാണ്.

ജീവിതം പോലെതന്നെ ലളിതമായിരുന്നു അന്ത്യവും. 1968 ഫെബ്രുവരി രണ്ടിനു 82-ാമത്തെ വയസ്സിൽ ലിസി ആശുപത്രിയിലെ കൊച്ചുമുറിയിൽ താൻ ജ്ഞാനസ്നാനപ്പെടുത്തിയ ദാനിയേലിന്റെ മാറിലേയ്ക്ക് ചാരി ആ ധന്യജീവിതം അവസാനിച്ചു. കണ്ടനാട് കർമേൽ ദയറായിലെ ലളിതമായ കബറിടത്തിൽ അദ്ദേഹം അന്ത്യവിശ്രമംകൊള്ളുന്നു.

(മനോരമ ദിനപത്രം, 1993 ജനുവരി 28)

8

അനാഥാലയത്തിന് ആരാധനാകേന്ദ്രവും

ഒരു സാധാരണ മനുഷ്യന്റെ അസാധാരണമായ എടുത്തുചാട്ടമായിരുന്നു അത്. കൈമുതൽ കാര്യമായൊന്നുമില്ലാതെ മുൻഅനുഭവം കൂട്ടിനില്ലാതെ, ജീവിതച്ചൂടിൽ തളരുന്ന കുട്ടികൾക്ക് തണലാകുവാനിറങ്ങിയത്. അന്നതിനെക്കുറിച്ച് സംസാരിച്ചിട്ടുള്ളവരിൽ പലരും അതിടിച്ചുകാണിക്കുവാൻ പഴുതന്വേഷിച്ചവരായിരുന്നു. സ്വയം ആശയമില്ലാത്തവന്, അതുള്ളവനെ തളർത്തുക എന്നുള്ളത് ഒരു വിനോദമാണല്ലോ. എന്നാലും നിരത്തിവച്ച ന്യായത്തിന് നിരക്കാത്തവിധം അദ്ദേഹം ആ പിടിയിൽത്തന്നെ തറച്ചുനിന്നു; ഉറച്ച വാക്കുകളോടെ. അതൊരു കാട്ടുധൈര്യമാണെന്ന് കേട്ടവർക്കു തോന്നി. എന്നാൽ ലോജിക് ലോലമായി. നിശ്ചയം സഫലമായി. ബഹുമാനപ്പെട്ട ഓലിയിൽ കുര്യാക്കോസ് അച്ചൻ (പിന്നീട് കോർ എപ്പിസ്കോപ്പാ) മുളന്തുരുത്തിക്കടുത്തുള്ള തലക്കോട്ടിൽ സെന്റ് മേരീസ് ബോയ്സ് ഹോം സ്ഥാപിച്ചു. തന്റെ കുഗ്രാമത്തിൽ സാഹസികമായ യജ്ഞത്തിലൂടെ ഹൈസ്കൂൾ സ്ഥാപിച്ച് അംഗീകാരം നേടിയെടുത്ത ആ ആചാര്യൻ ശിഷ്യപ്പെട്ടു നേടിയെടുത്തതല്ലായിരുന്നു ഈ കഴിവ്. മുട്ടിയാൽ തുറക്കപ്പെടാത്ത വാതിലുകൾ തള്ളിയാൽ തുറക്കപ്പെടുമെന്ന് അനുഭവം അദ്ദേഹത്തെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. ആ തള്ളലിന് ആയ മേറുവാൻ തരപ്പെട്ടതൊക്കെയും ആവനാഴിയിൽ കരുതുമായിരുന്നു. അവയുടെ പ്രയോഗത്തിൽ തടസ്സപ്പാറ സ്ഥാപക ഫലകമായി മാറിയിട്ടുണ്ട്.

ഏറെ വേദനകളറിയാതെ ബോയ്സ് ഹോം വളർന്നു പ്രവർത്തനം വർദ്ധിച്ചു. കണക്കും ലോജിക്കും പരാജയപ്പെടുത്തിക്കൊണ്ട്. ശോഭനമായ അതിന്റെ ഭാവി മുൻകൂട്ടിക്കണ്ട ആ എടുത്തുചാട്ടക്കാരൻ തന്നേക്കാൾ കരുത്തനായ ഒരുത്തന്റെ കരങ്ങളിലേക്ക് അതിന്റെ ഭാരം കൈമാറുവാൻ ആലോചന തുടങ്ങി. അതെത്തിച്ചേർന്നത് ഡൽഹി ഭദ്രാസനാധിപൻ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായിലായിരുന്നു. കുടുംബസ്വത്തിൽപ്പെട്ട ഒന്നരയേക്കർ സ്ഥലവും അതിലുള്ള രണ്ടു കെട്ടിടങ്ങളും അവയിൽ അന്തേവാസികളായിരുന്ന 97 കുട്ടികളെയും അവരുടെ ഭാവിയെയും ഈ മനുഷ്യസ്നേഹി ആ ദൈവസ്നേഹിയെ ഭരമേൽപ്പിച്ചു. താൻ നട്ടു നനച്ചു വളർത്തിയ സ്ഥാപനം ഉയർന്നു വളർന്ന് ഫലഭൂയിഷ്ടമാക്കുവാൻ മരണംവരെയും അതിന്റെ വൈസ്പ്രസിഡണ്ട് എന്ന നിലയിൽ അദ്ദേഹം സേവനം തുടർന്നു.

ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി, പരുമല മാർ ഗ്രിഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റ് സ്ഥാപിച്ച് സെന്റ് മേരീസ് ബോയ്സ് ഹോമിന്റെ പ്രവർത്തനം ആ ട്രസ്റ്റിന്റെ ചുമതലയിലാക്കി. ഇന്ന് കുട്ടികൾ സാമാന്യം സൗകര്യപ്രദമായരീതിയിൽ താമസിച്ച് വിദ്യ അഭ്യസനവും തൊഴിൽ പരിശീലനവും നേടിവരുന്നു. കേരള സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പും World Vision-നും സാമ്പത്തികസഹായം നൽകിയും C.R.S. ഭക്ഷണസാധനങ്ങൾ കൊടുത്തും ഈ സ്ഥാപനത്തെ പ്രോത്സാഹിപ്പിക്കുന്നു. ജർമ്മനിയിലെ Bread for the World അപ്പത്തിനപ്പുറം പല സഹായവുമായി പലപ്പോഴും കടന്നുവരുന്നുണ്ട്. മറ്റേതാനും സ്ഥാപനങ്ങളും വ്യക്തികളും താങ്ങായി നിൽക്കുന്നുണ്ട്.

വളർത്തുജീവികൾ മാത്രമല്ല അനാഥക്കുട്ടികൾ. അവർക്കും ദൈവം പിതാവാണ്, മനുഷ്യർ സഹോദരരും രാഷ്ട്രത്തിന്റെ പൗരന്മാരും. Equality with dignity മെത്രാപ്പോലീത്താ തിരുമേനി പറഞ്ഞു കേൾക്കാറുള്ള ഒരാശയമാണ്. ഭരണാധിപന്മാർക്കു മാത്രമായി മാറ്റിവയ്ക്കാവുന്ന ഒരവകാശമല്ലത്. സമത്വം അറിയുവാനും അഭിമാനം ആസ്വദിക്കുവാനും വിദ്യയുടെ അഭ്യസനവും തൊഴിൽ പരിശീലനവും അത്യാവശ്യമാണ്. അനാഥർക്കും, ലോകമെമ്പാടും അന്തസ്സാർന്ന നീതിനിർവ്വഹണത്തിനായി ദാഹിക്കുന്ന ട്രസ്റ്റിന്റെ പ്രസിഡന്റ്, ബോയ്സ് ഹോമിലെ കുട്ടികൾ വിശ്വപൗരന്മാരായി വളരണമെന്നും ഉയരണമെന്നും ഉദ്ദേശിക്കുന്നു.

കലർപ്പില്ലാത്ത കുഗ്രാമമായ തലക്കോട്ടിൽ തലയെടുപ്പോടെ നിൽക്കുന്നു മാർ ഗ്രിഗോറിയോസ് ഐ.ടി.സി. ശാസ്ത്രജ്ഞാനത്തിന്റെയും സാങ്കേതികവിദ്യയുടെയും സുവിശേഷം പ്രസംഗിച്ചുകൊണ്ട്. വ്യവസായം ഗ്രാമത്തിലേക്ക് എന്ന് മാത്രമല്ല ഗ്രാമീണരും വ്യവസായത്തിലേക്ക് എന്നുള്ള സങ്കീർത്തനത്തിന് അത് രാഗമോതുന്നു. ഡ്രാഫ്റ്റ്സ്മാൻ മെക്കാനിക്കൽ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഫിറ്റർ, പ്ലംബർ എന്നീ കോഴ്സുകളിലായി 280 കുട്ടികൾ ഇവിടെയുണ്ട്. ഫീസ് മിതമാണെന്ന് മാത്രമല്ല ഒരു ഓമനപ്പേരിലും തലവരിപ്പണം ചുമത്താറുമില്ല. വിദ്യ വ്യവസായപരമാണെങ്കിലും അഭ്യസനം വ്യവസായമാക്കിയിട്ടില്ല. മാത്രവുമല്ല നാനാമതസ്ഥർക്കുമായി തുറന്നിട്ടിരിക്കുന്ന ബോയ്സ് ഹോമിലെ കുട്ടികൾക്ക് പഠനവും പരിശീലനവും സമ്പൂർണ്ണ സൗജന്യമാണ്. ഈ അനാഥാലയത്തിൽ താമസിച്ചു പഠിച്ച് പിന്നീട് ഉന്നത സാങ്കേതിക വിദ്യാഭ്യാസം നേടിയ ഡോക്ടർ ഗോപിക്കും എഞ്ചിനീയർ ഗീതാകൃഷ്ണനും സ്ഥാപനത്തിന്റെ ഉൾക്കാഴ്ചയെക്കുറിച്ച് ഏറെ പറയാനുണ്ടാകും. ഉയർന്ന രീതിയിലുള്ള വിജയനിലവാരത്തിന് തലക്കോട് ഐ.ടി.സി. എന്നും അഭിനന്ദനം നേടിയിട്ടുണ്ട്.

അനാഥാലയത്തിന് ഐ.ടി.സി. ആഡംബരമല്ല അത്യാവശ്യമാണെന്ന് അനുഭവം പ്രബോധനം നൽകുന്നു. എന്നാൽ കമ്പ്യൂട്ടറുകളുടെ കടന്നു വരവ് അതിനെ ആധുനീകരിച്ചിട്ടുണ്ട്. ഇവിടത്തെ കമ്പ്യൂട്ടർ സെന്ററിൽ ഏറ്റവും നവീന മാതൃകയിലുള്ള പത്ത് വിപ്രോ കമ്പ്യൂട്ടറുകളുണ്ട്. ആവശ്യമായ എല്ലാ സൗകര്യങ്ങളോടുംകൂടി ഈ കമ്പ്യൂട്ടർ ലാബ് സംസ്ഥാനത്തെ ഏറ്റവും നല്ല ഈദൃശ്യ സ്ഥാപനങ്ങളിൽ ഒന്നാണെന്ന് ഔദ്യോഗിക പരിശോധകസംഘം പ്രശംസാക്കുറിപ്പ് എഴുതിയിട്ടുണ്ട്. ഗവണ്മെന്റ് അംഗീകാരമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകളും ഡിപ്ലോമാ കോഴ്സുകളും ഇവിടെ നടത്തുന്നുണ്ട്.

പ്രത്യേകതയാർന്നൊരു പ്രവർത്തനമാണ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിലുള്ള വിമൻസ് വെൽഫെയർ സൊസൈറ്റിയുടേത്. സാമാന്യ വിദ്യാഭ്യാസം കഴിഞ്ഞ് തൊഴിൽ ലഭിക്കാതെ കഴിയുന്ന സ്ത്രീകൾക്കു മാത്രമായുള്ള പ്രവർത്തനമാണിത്. കെൽട്രോൺ നൽകുന്ന റേഡിയോയുടെ ഭാഗങ്ങൾ അസംബിൾ ചെയ്ത് തിരിച്ച് അവരെത്തന്നെ ഏൽപ്പിക്കുകയായിരുന്നു ഇതിന്റെ പ്രധാന പ്രവർത്തനം. വോൾട്ടേജ് സ്റ്റെബിലൈസറുകളുടെ അസംബ്ലിംഗ് ആണ് ഇപ്പോൾ കാര്യമായ പ്രവർത്തനം. മാനേജ്മെന്റ് പരിശീലനം അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്നോണം സ്വാശ്രയകോളജിൽ പോകാതെതന്നെ സ്വാശ്രയ തൊഴിലിലേക്ക് കൈപിടിച്ചു നടത്തൽ.

എന്നാൽ ട്രസ്റ്റിന്റെ (Trust) ത്രസ്റ്റ് (Thrust) ഇവയൊന്നുമല്ല. പരിശുദ്ധ പരുമല മാർ ഗ്രിഗോറിയോസിന്റെ ചാപ്പലാണ്. ഏറെക്കാലത്തെ പ്രതീക്ഷയുടെയും പ്രാർത്ഥനയുടെയും ഫലമായി ഓർത്തഡോക്സ് ശിൽപ്പകലയിൽ രൂപമെടുത്ത ഈ ചാപ്പലിന്റെ കൂദാശ വ്യാഴം, വെള്ളി (ഒക്ടോബർ 27, 28) എന്നീ ദിവസങ്ങളിൽ നടത്തുകയുണ്ടായി. പ. ബസേലിയോസ് മാർതോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവായുടെ പ്രധാന നേതൃത്വത്തിലുള്ള ഈ ശുശ്രൂഷയിൽ അഭിവന്ദ്യ പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ സഹകാർമ്മികത്വം വഹിച്ചു.

(ഓർത്തഡോക്സ് യൂത്ത് മാസിക, 1994 നവംബർ)

9

മാർ തെയോഫിലോസ് ആതുരർക്ക് ആശാദീപം

അകലെ കാണാനും ആഴത്തിൽ ചിന്തിക്കാനും അനിതരസാധാരണ മായ കഴിവ് അഭിവന്ദ്യ തെയോഫിലോസ് തിരുമേനിക്കുണ്ടായിരുന്നു. പ്രായം അതിന് പ്രതിബന്ധമായിരുന്നില്ല. ജീവിതസായാഹ്നത്തിലും ആ വഴി ചിന്തിക്കുന്നത് ആനന്ദകരമായിരുന്നു. പ്ലാനും പദ്ധതിയും പറഞ്ഞു കൊണ്ടിരിക്കുന്നതും കേട്ടുകൊണ്ടിരിക്കുന്നതും ഹൃദ്യമായിരുന്നു; അന്ത്യ കാലത്തിനോടടുത്ത് ചിന്തയും ഓർമ്മയും മുറിഞ്ഞുപോകുമെങ്കിലും. എന്നാലും അത് പറയുമ്പോൾ സേവനതീക്ഷ്ണതയും വാത്സല്യവും പൂനിലാവ് പരത്തി നിൽക്കുന്ന ആ മുഖത്ത് നോക്കിയിരിക്കുന്നത് ഒരു സ്വർഗ്ഗീയ അനുഭൂതിയാണ്. അതു മതിയായിട്ടല്ല അവിടുന്ന് മാറാറുള്ളത്.

ജൂബിലി ആഘോഷിക്കുന്ന ഒരു ആതുരാലയത്തിന്റെ സോവനീറിന് ഒരു അഭിമുഖം തേടി ഈ ലേഖകൻ തിരുമുമ്പാകെ എത്തി. അവസാന മായി ആ അനുഭവം ആസ്വദിച്ച അനർഘ അവസരം. വാർദ്ധക്യത്തിലെ ഓർമ്മയും ഓർമ്മക്കുറവുകളും ഒട്ടേറെ കാര്യങ്ങളിലേയ്ക്ക് കടന്നു പോയി. ഉദ്ദേശിച്ച ലേഖനത്തിന് അവയിൽ പലതും അത്ര പ്രസക്തമാ യിരുന്നില്ലെങ്കിലും ആ ആഗ്രഹവും അനുഭവസമ്പത്തും മറ്റു പലതിനു മായി കുറിച്ചിടേണ്ടതായിരുന്നുവെന്ന് ഇപ്പോൾ തോന്നുന്നു. മലങ്കരസഭ യുടെ ചരിത്രമായിരുന്നു ആ ഓർമ്മകൾ. അവയെക്കുറിച്ച് അന്വേഷണം ഉണ്ടാവട്ടെ. ആരെങ്കിലും വഴി അതു ചരിത്രവുമായേക്കും.

വന്ദ്യ തിരുമേനിയിലുണ്ടായിരുന്ന സംഘാടകനെയും സ്ഥാപന നിർമ്മാ താവിനെയും കാണാനുള്ള അന്വേഷണമാണിത്. കുട്ടിക്കാലം മുതൽ ഈ വാസന ഏതൊക്കെ രംഗത്തേക്ക് ഇറങ്ങിച്ചെന്ന് എന്തൊക്കെ നട്ടു നനച്ച് വളർത്തി മനുഷ്യന് നന്മയും സഭയ്ക്ക് മേന്മയും നൽകിയെന്ന് ഈ തലമുറയോട് വിളിച്ചു പറയേണ്ടതില്ല. വളരുന്ന തലമുറ തിരുമേനി ക്കെന്നും വിഷയമായിരുന്നതുകൊണ്ട് അവർക്കായി കുറിക്കുകയാണ്. സഭയുടെ മുഖച്ഛായയ്ക്ക് ചാരുത പകർന്ന ആ സേവനം ചാരിതാർത്ഥ്യ ത്തോടെ ഓർക്കേണ്ടത് ഒരു കടമയാണല്ലോ മറ്റുള്ളവർക്ക്.

വൈദികനെന്ന നിലയിലും മെത്രാസനാധിപൻ എന്ന തലത്തിലും തിരുമേനിയുടെ ആരാധനയും സേവനവും ഇടവകകളിലും സഭയിലും നിറഞ്ഞ് നിന്നിരുന്നെങ്കിലും ആ അതിർത്തി വരമ്പുകൾ കടന്ന് മനുഷ്യ

നെന്ന മഹാ ആശയത്തിലേക്ക് ആ മഹാത്മാവിന്റെ മനസ്സ് തിരിഞ്ഞു. വിദ്യാർത്ഥിപ്രസ്ഥാനവും വൈദികസെമിനാരിയും ഈ തുറന്ന കാഴ്ച മറ്റുള്ളവരിലും കരുപ്പിടിപ്പിക്കുവാൻ അവസരമായിട്ടെടുത്തു. ബന്ധപ്പെട്ട സ്ഥലത്തൊക്കെയും അതിന്റെ വേരോട്ടവും നീരോട്ടവും നിലനിർത്തുവാൻ യജ്ഞിച്ചിട്ടുണ്ട്. അതിലേറെ അവ തുടർന്ന് നയിക്കുവാൻ നേതൃത്വനിരയെ നെയ്തെടുക്കുകയും ചെയ്തു. വിദേശത്തുള്ള മഹൽവ്യക്തികളും സ്ഥാപനങ്ങളുമായി ഈ യുവനിരയെ ബന്ധപ്പെടുത്തി തനിക്കുശേഷവും ആ സഹകരണ വ്യായാമം നിലനിൽക്കണമെന്ന് കരുതി അതിന്റെ പടവുകൾ പടുത്തുയർത്തി. അതുകൊണ്ട് തിരുമേനി നയിച്ച സ്ഥാപനങ്ങൾക്ക് പ്രത്യേകമായ ഒരു സംസ്കാരവും പ്രവർത്തന ശൈലിയും വന്നുചേർന്നത് സഭയിലെ ഇതര പ്രസ്ഥാനങ്ങളിൽ നിന്ന് ഇതിന് ശ്രദ്ധേയത്വം നേടിക്കൊടുത്തു. അനേകരാജ്യങ്ങളിലെ ഈദൃശ പ്രസ്ഥാനങ്ങളുമായി ഇടപഴകിയിട്ടുള്ള തിരുമേനിക്ക് അതിനുള്ള ഉത്സാഹം ഒരു പ്രത്യേകത തന്നെയായിരുന്നു.

ആതുര സേവനരംഗത്ത് ആധുനികമായ സൗകര്യങ്ങളോടുകൂടി സഭയുടെ വകയായ ആശുപത്രികളൊക്കെയും തിരുമേനിയുടെ പരിലാളനയോടു കൂടിയാണ് ആ പദവി നേടിയത്. കോലഞ്ചേരിയിലെ ഓർത്തഡോക്സ് മെഡിക്കൽ മിഷൻ ആശുപത്രി സഭാസമാധാനത്തിന്റെ സമ്മാനമാണ്. 1958. കക്ഷിവഴക്ക് കഴിഞ്ഞ് സഭ യോജിച്ച കാലം. അതിനോടടുത്ത് മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വാർഷിക കോൺഫറൻസ് കോലഞ്ചേരിയിൽ നടന്നു. അന്നത്തെ പതിവുപോലെ അനുബന്ധമായി മെഡിക്കൽ ഓക്സിലറി സമ്മേളനവും ഉണ്ടായി. തിരുമേനിയായിരുന്നു പ്രസ്ഥാനത്തിന്റെ പ്രസിഡന്റ്. അതുവഴി കടന്നുവന്നതാണ് കോലഞ്ചേരിയിൽ ഒരു ആശുപത്രി എന്ന ആശയം. ആ ആശയം പാകിയതു മുതൽ ഇന്നത്തെ നിലയിലെത്തി തിരുമേനി അന്ത്യശ്വാസം വലിക്കുന്നതുവരെ ആ സ്ഥാപനം ആ മനസ്സിനോടടുത്തിരുന്നു. അവിടെ വച്ചുതന്നെ കാലം ചെയ്യാൻ ഇടയായി എന്നുള്ളത് ഒരു നിയോഗം. ആ സ്ഥലത്തെ പള്ളിയിൽ വച്ചുതന്നെ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്യപ്പെട്ടു എന്നുള്ളതും അടുപ്പവും ആദരവും ഒന്നിച്ചു ചേരുന്ന ഓർമ്മകൾ ഏറെ ധന്യമാക്കുന്നു.

കോട്ടയത്തുകാരനായ തിരുമേനി കോലഞ്ചേരിക്കാരുമായി കൈകോർത്തു നിൽക്കുവാൻ ഇടയായതെങ്ങനെ എന്ന് ചോദിച്ചപ്പോൾ തിരുമേനി ഏതാണ്ടിങ്ങനെ പറഞ്ഞു:

"സന്തോഷപൂർവ്വം ഓർക്കുന്നു, ആ കാലം. ആശുപത്രിയുടെ നിർമ്മാണാലോചനാഘട്ടം. പലപ്പോഴും കമ്മിറ്റി കൂടിക്കൊണ്ടിരുന്നത് എന്റെ മുറിയിലാണ്. കോലഞ്ചേരിക്കാർ കോട്ടയത്തേക്ക് വരും. ചിലപ്പോൾ ഞാൻ

കോലഞ്ചേരിയിലേക്ക് പോകും. സെമിനാരിയിൽ വൈദിക വിദ്യാർത്ഥി കൾക്ക് ക്ലാസും ആലുവായിൽ ഭദ്രാസന ഭരണവുമായി കഴിഞ്ഞ കാലം."

കോലഞ്ചേരി ആശുപത്രിയെ അഖിലലോക സഭാകൗൺസിലുമായും യൂറോപ്യൻ രാജ്യങ്ങളുമായി ബന്ധപ്പെടുത്തിയ രണ്ട് കണ്ണികളായിരുന്നുവല്ലോ മാർ തിയോഫിലോസ് തിരുമേനിയും മാർ ഗ്രീഗോറിയോസ് തിരുമേനിയും. ആശുപത്രിക്ക് വിദേശത്തേക്ക് പറക്കുവാനുള്ള രണ്ട് ചിറകുകൾ. ആ ചിറകുകൾ വഴി വിദഗ്ദ്ധരും സഹായവും വന്നിറങ്ങി. ആശുപത്രി വളർന്നു. എന്നാൽ പത്തു മാസത്തെ കാലയളവിനുള്ളിൽ ആ രണ്ടു ചിറകുകളും വേർപെട്ടിരിക്കുന്നു.

വട്ടശ്ശേരിൽ തിരുമേനി, തിയോഫിലോസ് തിരുമേനിക്ക്, എന്നെന്നും കർമ്മോത്സുകത്തിന്റെ പ്രതീകവും ആത്മധൈര്യത്തിന്റെ പ്രചോദനവുമായിരുന്നു. മലങ്കരസഭാ ഭാസുരന്റെ ധന്യമായ നാമത്തിൽ ആ പിതാവിനേറെ പ്രിയപ്പെട്ട ആത്മീയ പുത്രൻ മനോഹരൻ വർഗീസ് ആശുപത്രി സ്ഥാപനത്തിന് ആഗ്രഹിച്ചപ്പോൾ തിരുമേനി സർവ്വാത്മനാ ആ ആഗ്രഹം ഏറ്റെടുത്തു. തിരുമേനിയുടെ സ്വാധീനവും വർഗീസിന്റെ ത്യാഗവും ഒരുമിച്ച് ചേർന്നപ്പോൾ മലങ്കരസഭയ്ക്ക് മറ്റൊരു ആതുരാലയം ഉയർന്നു. ശ്രേയസ്സിന്റെ ശിരസ്സുയർത്തി നിൽക്കുന്ന കങ്ങഴ മാർ ഗീവർഗീസ് ഡയനീഷ്യസ് മെമ്മോറിയൽ ആശുപത്രി. കങ്ങഴയും വിദേശ സഭകൾക്ക് പ്രിയങ്കരമായി. നമുക്ക് അഭിമാനവുമായി. ഇവ നേടിത്തന്നത് തിരുമേനിയും.

കുന്നംകുളത്തെ മെഡിക്കൽ മിഷൻ ആശുപത്രിക്കും പറയുവാനുള്ളതും മറ്റൊന്നുമല്ല. കുന്നംകുളത്തുവച്ചു നടന്ന വിദ്യാർത്ഥി പ്രസ്ഥാന വാർഷിക കോൺഫറൻസ് കോലഞ്ചേരി ആവർത്തിക്കുകയായിരുന്നു - ആശയം ആഗ്രഹമായി. ആശയം ആഗ്രഹവും. അതു കർമ്മപദത്തിലെത്തിക്കുവാൻ അവിടെ കഴിവുള്ളവരും ത്യാഗസമ്പന്നരും ഒരുമിച്ചു കൂടി. സഭയിൽ സ്ഥാപനങ്ങളെത്രയായാലും മതിവരാത്ത തിരുമേനി കൂടിയവരുടെ കൂടെ നിന്നു. താങ്ങി നിർത്തി. തളരാതെ നിർത്തി. അടുപ്പൂട്ടിക്കുന്നിൽ നിന്ന് ആശ്വാസവും ആനന്ദവും ഒഴുകിക്കൊണ്ടിരിക്കുന്നു.

കോട്ടയത്ത് താഴത്തങ്ങാടി തിരുമേനിക്ക് തറവാട് തന്നെയാണ്. സേവനത്തിന്റെ ആദ്യപടവുകൾ ചവുട്ടിശീലിച്ചതും അവിടെയാണല്ലോ. വീട്ടുമുറ്റത്തെന്നോണം തിരുമേനി നട്ടുനനച്ചു പോന്നതാണ് കോട്ടയം ചെറിയപള്ളി ആശുപത്രി.

ബിഷപ്പ് വാൾഷിന്റെ കാലം മുതലേ തിരുമേനി മനസ്സിൽ കൊണ്ടുനടക്കുന്നതാണ് കോയമ്പത്തൂർ തടാകത്തുള്ള ക്രിസ്തു ശിഷ്യആശ്രമം. ആശ്രമത്തിൽ നാമമാത്രമായിട്ടുണ്ടായിരുന്ന ചികിത്സാ സമ്പ്രദായം ആശുപത്രി നിലവാരത്തിലെത്തിച്ചത് തിരുമേനിയാണ്.

വിപുലമായ ആതുരശുശ്രൂഷാരംഗത്തെ ഒരു വശം മാത്രമാണ് ആരോഗ്യ സംരക്ഷണ മേഖല. വേറെയും മേഖലകൾ ഏറെ. വളയൻചിറങ്ങരയിലെ ബാലഗ്രാം ജർമ്മൻ സഹായത്തോടെ തിരുമേനി സ്ഥാപിച്ചതാണ്. കിഴക്കമ്പലത്തെ ബേതലഹേം ദയറായോടനുബന്ധിച്ചുള്ള ബാലികാമന്ദിരം തിരുമേനിയുടെ സംഭാവനയാണ്. തീർന്നില്ല ഇനിയുമുണ്ട് കേരളത്തിൽ. ബോംബെ ഭദ്രാസനത്തിലെ കാര്യം പറയുവാൻ മറ്റൊരു ലേഖനം വേണ്ടിവരും.

(ഓർത്തഡോക്സ് യൂത്ത് മാസിക, 1997)

10

ആ തൊപ്പി

ഒരു യാത്ര. മുപ്പത് കൊല്ലം മുമ്പ്. ആരംഭിച്ചത് കൊച്ചിയിൽ. അവസാനിച്ചത് സ്വീഡനിൽ. പോക്കുവരവിന് ഒന്നര മാസം. ഏറെക്കുറെ ഈ ദിവസങ്ങളൊക്കെയും അഭിവന്ദ്യ തെയോഫിലോസ് തിരുമേനിയുടെ കൂടെത്തന്നെയായിരുന്നു. രാജ്യങ്ങൾ പലതാണെങ്കിലും.

പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കീഴിൽ പൗരസ്ത്യ ഓർത്തഡോക്സ് സഭകളുടെ ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെയും നേതൃത്വപരിശീലന പ്രോജക്ടിന്റെയും എക്സിക്യൂട്ടീവ് സെക്രട്ടറി എന്ന നിലയിൽ ബന്ധപ്പെട്ട ചില സമ്മേളനങ്ങളിൽ സംബന്ധിക്കുക എന്നതായിരുന്നു യാത്രയുടെ പ്രധാന ഉദ്ദേശ്യം. തെയോഫിലോസ് തിരുമേനി ആ കമ്മിറ്റിയിൽ ഒരംഗമായിരുന്നു. തിരുമേനിക്ക് അത് ചെറിയ കാര്യം. സ്വീഡനിലെ ഉപ്സാലാ സർവ്വകലാശാലയിൽ നടന്ന അഖിലലോക സഭാ കൗൺസിലിന്റെ നാലാം ജനറൽ അസംബ്ലിയിലേയ്ക്ക് മലങ്കരസഭയിൽ നിന്നുള്ള ഔദ്യോഗിക സംഘത്തെ നയിക്കുക എന്നതായിരുന്നു തിരുമേനിയുടെ മുഖ്യ ചുമതല. ഈ ഡെലിഗേഷനിലെ പ്രധാന അംഗമായിരുന്ന ഗ്രീഗോറിയോസ് തിരുമേനി (അന്ന് ഫാദർ പോൾ വർഗീസ്) മറ്റൊരു കോൺഫറൻസിനായി നേരത്തെ തന്നെ ലണ്ടനിലേയ്ക്ക് പുറപ്പെട്ടിരുന്നു. മറ്റംഗങ്ങളായ ഡോ. വി. സി. ശമുവേൽ അച്ചൻ ജനീവയിൽ നിന്നും കെ. വി. പൗലൂസ് അച്ചൻ (അന്ന് ശെമ്മാശൻ) മോസ്കോയിൽ നിന്നും കോര വർഗീസ് അച്ചൻ (അന്ന് ഡീക്കൻ), ജർമ്മനിയിൽ നിന്നും ഉപ്സാലയിലെത്തി. അഭിവന്ദ്യ ഫീലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിയും (അന്ന് മി. ഫിലിപ്പോസ് തോമസ്) ഈ ലേഖകനും തിരുമേനിയുടെ കൂടെത്തന്നെ. ലോകസഭാ കൗൺസിലിന്റെ വകുപ്പു മേധാവികളും നമ്മുടെ സഭാംഗങ്ങളുമായ ഡോ. കെ. സി. ജോസഫ് അച്ചനും മി. സി. ഐ. ഇട്ടിയും സമ്മേളനത്തിനുണ്ടായിരുന്നു. സിറിയൻ ഓർത്തഡോക്സ് സഭയുടെ പ്രതിനിധികളുടെ കൂട്ടത്തിൽ കോട്ടയത്തുകാരനായ ഡോ. കെ. എം. സൈമൺ അച്ചനും അമേരിക്കയിൽ നിന്ന് എത്തിയിരുന്നു. തെയോഫിലോസ് തിരുമേനി ഡെലിഗേഷൻ നേതാവെന്നതിനു പുറമെ അഖിലലോക സഭാകൗൺസിലിന്റെ സെൻട്രൽ കമ്മിറ്റി അംഗവും അതിന്റെ ചില ഉപസമിതികളുടെ അദ്ധ്യക്ഷനുമായിരുന്നു.

ഈ യാത്രയിലെ നാലു സമ്മേളനങ്ങളിൽ തിരുമേനി ഏറ്റവും ശ്രദ്ധേയനായ പങ്കാളിയായിരുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ

ആസ്ഥാനമായ ഡമാസ്ക്കസിലെ പാത്രിയർക്കേറ്റിൽ വച്ച് നടന്ന പൗരസ്ത്യ സഭാ മേലദ്ധ്യക്ഷ സംഘത്തിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗമായിരുന്നു ആദ്യത്തെ സമ്മേളനം. പരിശുദ്ധ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ ആതിഥേയനായിട്ടുള്ളതായിരുന്നു ഇത്. സിറിയ, ഈജിപ്ത്, എത്യോപ്യ, അർമ്മേനിയ, ഇന്ത്യ എന്നീ രാജ്യങ്ങളിലെ പ്രതിനിധികൾ സംബന്ധിച്ചു. നമുക്ക് വിശുദ്ധ തോമാശ്ലീഹാ എന്നപോലെയാണ് ഈജിപ്തിലെ കോപ്റ്റിക് സഭയ്ക്ക് വി. മർക്കോസ്. ആ വിശുദ്ധന്റെ തിരുശേഷിപ്പ് പ്രതിഷ്ഠയും പുതുക്കിപ്പണിത സഭാ ആസ്ഥാനത്തിന്റെ ഉദ്ഘാടനവുമായിരുന്നു രണ്ടാമത്തെ സമ്മേളനത്തിന് കെയ്റോവിൽ വേദിയൊരുക്കിയ സംഭവങ്ങൾ. എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസിയും ഈജിപ്ഷ്യൻ പ്രസിഡന്റ് കേണൽ നാസറും യോർദ്ദാൻ രാജാവ് ഹുസൈനും ഉൾപ്പെടെ രാഷ്ട്രത്തലവന്മാരും സഭാപിതാക്കന്മാരും പങ്കെടുത്ത ചരിത്രപ്രധാനമായ ഒന്നായിരുന്നു അത്. ഇതിനോടനുബന്ധിച്ച് അലക്സന്ത്രിയായിൽ നടന്ന വിശ്വാസ പ്രധാനമായ മൂന്നാമത്തെ സമ്മേളനവും അതുപോലെ തന്നെ.

തെയോഫിലോസ് തിരുമേനിയുടെ സുഹൃദ് വലയത്തിന്റെ ആഴവും പരപ്പും മനസ്സിലായത് ഉപ്സാലയിലെ മഹാസമ്മേളനത്തിൽ വച്ചാണ്. നാലാമത്തെ സമ്മേളനം. അഖിലലോക ഓർത്തഡോക്സ് യുവജന പ്രസ്ഥാനമായ സിൻഡസ്മോസിന്റെ റിറ്റ്വിക്സ് അസംബ്ലിയും ബെയ്റൂട്ടിലെ അർമ്മേനിയൻ ഓർത്തഡോക്സ് സഭയുടെ ആസ്ഥാനമായ ആന്റെലിയാസിലെ അനുഭവങ്ങളും അതുതന്നെയാണ്. കോട്ടയത്ത് സുഹൃത്തുക്കളോട് പെരുമാറുന്ന അതേ ലാഘവത്തോടും സൗഹൃദത്തോടും കൂടെയാണ് തിരുമേനി ഈ സമ്മേളനങ്ങളിൽ പെരുമാറിയത്. പ്രതികരണം അതിനേക്കാൾ ഹൃദ്യമായിരുന്നു. അനന്തരഫലം ഇന്ന് ഏതെല്ലാം രംഗങ്ങളിൽ നാം ആസ്വദിക്കുന്നു. ഈ അംബാസഡർ സേവനം ഇനി ആർ ഏറ്റെടുക്കും?

വന്ദ്യ തിരുമേനിയിലെ ഗുരുഭൂതൻ വൈദികസെമിനാരിയിൽ മാത്രമായിരുന്നില്ല. ജീവിതത്തിൽ ഉടനീളം സജീവമായിരുന്നു. ഉദ്യാനത്തിൽ ഉലാത്തുമ്പോഴും നായ്ക്കളെ താലോലിക്കുമ്പോഴും ഒരുമിച്ചുള്ള യാത്രയിലും അത് തെളിഞ്ഞു നിന്നിരുന്നു. നീറുന്ന പ്രശ്നങ്ങൾ വേദനയോടെ വിശകലനം ചെയ്യുമ്പോൾ ആ നല്ല ഇടയന്റെ ശബ്ദം വേറിട്ട് കേൾക്കാമായിരുന്നു. ഗുരുവിന്റെ സാരോപദേശത്തിൽ മുക്കിയെടുത്തായിരിക്കും അതിൽ അവസാനത്തെ വാക്കുകൾ. തിരുമേനിയോടുള്ള ബന്ധം ഓർക്കുവാൻ ഉത്സാഹം തരുന്ന ഒരു വേദവാക്യമുണ്ട്. “ആത്മസംയമനം പാലിക്കാത്ത പുരുഷൻ മതിലില്ലാത്ത പട്ടണം പോലെയാണ്” (സദൃശ്യവാക്യം 25:28). അഭിവന്ദ്യ തിരുമേനിയേയും അങ്കമാലി ഭദ്രാസനത്തെയും കൂട്ടി

ച്ചേർത്ത് വായിക്കുമ്പോൾ വിശദീകരണവും വ്യാഖ്യാനവുമില്ലാതെ ഇത് മനസ്സിലാകും. അനുഭവങ്ങൾ വെറുതെ സംഭവിക്കുന്നവയല്ല, സംഭവങ്ങളോടുള്ള മനുഷ്യന്റെ പ്രതികരണമാണ്. ഒരുത്തനെ തന്റെ പ്രവർത്തനത്തിലൂടെ അറിയാം. എന്നാൽ പ്രതികരണങ്ങളിലൂടെ അതിലേറെ. ആത്മവിശ്വാസം നഷ്ടപ്പെട്ടാൽ അധഃപതനത്തിന്റെ വക്കത്തെത്തും. ധൈര്യമുള്ളവനേ ജയമുള്ളു. വിശ്വാസമുള്ളവനേ ആശ്വാസം ഉള്ളൂ. രക്ഷാകരമായ വിശ്വാസം ധന്യമായ ആശ്വാസം. ആ ജീവിതത്തിന്റെ ആകെത്തുക. മലങ്കരസഭ മന്ത്രിക്കുന്നു, ആരാണ് ഇതിനായി ഇനി കടന്നു വരുന്നത്.

കലവറയില്ലാതെ തിരുമേനി പെരുമാറിയിരുന്നത് യാത്രയിലാണ്. വിദേശയാത്രയിൽ പ്രത്യേകിച്ചും. പൊതുവെ ഉന്നതന്മാർ ഒരുമിച്ചു കൂടുന്നതായിരുന്നു തിരുമേനി സംബന്ധിക്കുന്ന സമ്മേളനങ്ങൾ. എന്നാൽ തന്റെ കൂടെക്കൂടുന്ന പ്രാണികളെ പ്രമാണികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുവാൻ മടിക്കയില്ലെന്ന് മാത്രമല്ല അതിനുള്ള ചെറിയ അവസരം പോലും ഒഴിവാക്കാറില്ല. വരുംകാലങ്ങളിലേയ്ക്ക് മലങ്കരയും മറുനാടുമായുള്ള പാലം പണിയായിരുന്നു ആ അസുലഭ അവസരങ്ങൾ. അപ്പോൾ അത് നിസ്സാരം. പിന്നീട് സാധ്യതയേറിയതും. മലങ്കരസഭയുടെ യൗവ്വനശക്തി ശിരസ്സുയർത്തി നോക്കുന്നു. കൈകൾ നീട്ടുന്നു. വിദേശബന്ധം എത്തിപ്പിടിക്കുവാൻ കൂട്ടിച്ചേർക്കുന്ന മൃദുല ശബ്ദത്തിനായി കാതോർക്കുന്നു. ഇനി എവിടെനിന്ന് ആ ശബ്ദം വരും?

വലിയ കാര്യങ്ങളിൽ മാത്രമല്ല തിരുമേനി ഗുരുദേവൻ. കൂടെയുള്ളവരുടെ ചെറിയ കാര്യങ്ങളിലും തൽപരൻ. 20 കിലോമീറ്റർ ദൂരമേ, ആലുവായും വടവുകോടും തമ്മിൽ ഉള്ളു എങ്കിലും കാര്യമായി അടുത്തില്ല. ഒരേ ഹോട്ടലിലുള്ള താമസവും ഒരേ സമ്മേളനത്തിലുള്ള പങ്കും മനുഷ്യരോട് മാന്യമായി പെരുമാറുന്നതെങ്ങനെ എന്നും പൊതുവേദിയിൽ സംസാരിക്കുമ്പോൾ കരുതേണ്ടതെന്തെന്നും തിരുമേനിയിൽ നിന്നും പഠിക്കാൻ ഇടയാക്കി. എന്തിനേറെ, ഭക്ഷണം കഴിക്കേണ്ടതെങ്ങനെയെന്നും ശീലിപ്പിച്ചു. വലിയ ഡിന്നറും ബാങ്ക്വറ്റും കഴിഞ്ഞ് പലപ്പോഴും പച്ചവെള്ളവും ഡെസേർട്ടും കഴിച്ച് പട്ടിണിയായിപ്പോന്നിട്ടുണ്ട്. ടേബിൾ മാനേഴ്സ് വശമില്ലായിരുന്നു. മുന്നിൽ നിരത്തിവച്ച കത്തികളുടെ പ്രയോഗം തിരിച്ചറിയില്ല. മീനിന് ഏത്, ഇറച്ചിക്ക് ഏത്? സ്പൂണും ഫോർക്കും എടുത്ത് പ്ലേറ്റിൽ വച്ചതിന്റെ പിശക് മൂലം ഇഷ്ടമുള്ളത് കഴിച്ചുതീരുന്നതിനു മുമ്പ് വെയ്റ്റർ എടുത്തുകൊണ്ടുപോയപ്പോൾ വ്യസനിച്ചിരുന്നു. ഒരു ദിവസം ഭക്ഷണത്തിന് തിരുമേനി കൂടെ കൊണ്ടുപോയി. നാപ്കിൻ അരയിൽ തിരുകുന്നതു മുതൽ മുന്നിലിരിക്കുന്ന ബൗളിൽ ഭക്ഷണാനന്തരം കൈ കഴുകുന്നതുവരെ പറഞ്ഞു തന്നു. കത്തിയോ ഫോർക്കോ തെറ്റിച്ചെടുത്താൽ തുടയിൽ നുള്ളും. പച്ചമലയാളത്തിൽ

പതുക്കെ വേണ്ടതു പറഞ്ഞുതരും. വായ തുറക്കാതെ ചവയ്ക്കാനും സൂപ്പു കുടിക്കുമ്പോൾ സ്പൂൺ പിടിക്കാനും ആരുമറിയാതെ ഒരു ഡമോൻസ്ട്രേഷൻ. അവസാനം ടൂത്ത് പിൻ ഉപയോഗിക്കുന്ന വിധംവരെ ആ ഭക്ഷണ ക്ലാസ്സ് നീണ്ടുപോയിട്ടുണ്ട്. ഇന്നിപ്പോൾ എല്ലാമറിയാം. അമേരിക്കയിൽ വച്ച് നാലു കോഴ്സ് ഡിന്നറിന് ടേബിൾ സെറ്റ് ചെയ്യാനും പഠിച്ചു. എന്നാൽ സമ്മേളനത്തിന് കൊണ്ടുപോകാൻ ആളില്ല. സ്മരണയ്ക്ക് മരണമില്ലല്ലോ. അതു മതി.

ഉപ്സാലയിൽ നിന്ന് തിരുമേനി മറ്റു രാജ്യങ്ങളിലേയ്ക്ക് പോയി. യൗസേബിയോസ് തിരുമേനിയും ഞാനും സിൻഡെസ്മോസ് സമ്മേളനം കഴിഞ്ഞ് ജർമ്മനിയിലേയ്ക്ക് മൂന്നുനാൾ കഴിഞ്ഞ് ഞങ്ങളും പിരിഞ്ഞു. തിരുമേനി ജനീവയ്ക്ക്, ഞാൻ ലണ്ടനിലേയ്ക്ക്. അവിടെനിന്ന് ബോംബെയിൽ തിരിച്ചെത്തി കൊച്ചിക്ക് വിമാനം കാത്തിരിക്കുമ്പോൾ അതാ വരുന്നു തെയോഫിലോസ് തിരുമേനി. കൊച്ചിയിലേക്കുള്ള മടക്കം. പുത്തൻ വിശേഷം അന്യോന്യം പറഞ്ഞു തീർന്നപ്പോൾ കൈയിലിരുന്ന തൊപ്പിയെടുത്ത് എന്റെ തലയിൽ വച്ചു. “അച്ചന് ചേരും, അതവിടെ ഇരിക്കട്ടെ.” തിരുമേനിക്ക് ഡമാസ്ക്കസിൽ വച്ച് പരിശുദ്ധ പാത്രിയർക്കീസ് യാക്കൂബ് തൃതീയൻ ബാവാ ഒരു മുടി (തിരുമേനിമാർ തലയിൽ വയ്ക്കുന്ന വലിയ തൊപ്പി) സമ്മാനമായി കൊടുത്തു. കൊണ്ടുപോയതും കിട്ടിയതുമായപ്പോൾ മുടി രണ്ട്. അപ്പോഴാണ് ഒരു മൂന്നാമനായ എനിക്ക് തൊപ്പി സമ്മാനിച്ചത്.

പ്രസിദ്ധ ആംഗ്ലേയ കവിയായ വില്യം കൂപ്പർക്ക് തന്റെ ശൈശവത്തിൽ വേർപെട്ടുപോയ മാതാവിന്റെ പടം പിന്നീട് ഒരാൾ അയച്ചുകൊടുത്തു. ചിരി വിടരുന്ന ആ ചിത്രം നോക്കി ഓർമ്മകൾക്ക് അനശ്വരത അണിയിച്ചതാണ്, “On the Receipt of My Mother’s Picture” എന്ന കവിത. ഇംഗ്ലീഷ് സാഹിത്യം പഠിപ്പിക്കുന്നേടത്തെല്ലാം ആ കവിതയ്ക്കിടമുണ്ട്, ആസ്വാദനവുമുണ്ട്.

ആ തൊപ്പി മുന്നിൽ കണ്ടുകൊണ്ട് ഓർക്കുകയാണ് തിരുമേനി പറഞ്ഞതും പറയാനിരുന്നതും. രണ്ടാം ലോകമഹായുദ്ധകാലം. തിരുമേനി വേദശാസ്ത്ര വിദ്യാർത്ഥിയായി ഓക്സ്ഫോർഡിൽ. എല്ലാത്തിനും വില കൂടിയ കാലത്തു വാങ്ങിയതാണ് ഈ തൊപ്പി. പണത്തിന് ഞെരുക്കമുള്ള ആ ദിവസങ്ങളിൽ വിലയേറിയ തൊപ്പിക്ക് അതിലേറെ വില അനുഭവപ്പെട്ടു. അവരുടെ ഭാഷയിൽ ഈ തൊപ്പിക്ക് ഫെൽറ്റ് ഹാറ്റ് എന്നു പറയും. രോമശീല കൊണ്ടുണ്ടാക്കിയ വലിയ തൊപ്പി. വിൻസ്റ്റൻ ചർച്ചിൽ ഫെൽറ്റ് ഹാറ്റ് ധരിച്ചിരിക്കുന്ന പടം കണ്ടിട്ടുണ്ട്. വെള്ളം വീണാലും ഒലിച്ചുപോകും. നനഞ്ഞാലും കുതിർക്കുകയില്ല. മടക്കിയാലും ഒടിവു വരി

കയില്ല. യാത്രയ്ക്ക് സൗകര്യമേറിയത്. 28 കൊല്ലം തിരുമേനി അത് ഉപയോഗിച്ചിട്ടും പരുക്കൊന്നും വന്നില്ല. എന്റെ തലയിലെത്തിയപ്പോൾ ഞാൻ അതിന്റെ അധഃപതനം ഓർത്തു. ബ്രിട്ടീഷ് പതാകപോലെ ഈ ഓക്സ്ഫോർഡ് തൊപ്പിക്കും വന്ന മഹത്വത്തിന്റെ മാറ്റം. വിമാനത്തിൽ സഞ്ചരിച്ചിരുന്നതു മോട്ടോർ സൈക്കിളിലായി. മഞ്ഞിനു പ്രതിരോധമായത് മഴത്തൊപ്പിയായി മാറി. തൊപ്പീ, നിറകണ്ണുകളോടെ നിന്നെ നോക്കുന്നു. നിറഞ്ഞ മനസ്സോടെ ഓർക്കുന്നു. വാർദ്ധക്യത്തിലും മങ്ങാത്ത ആ മന്ദസ്മിതം നിന്നിലൂടെ എന്നെ അനുഗ്രഹിക്കട്ടെ!

(സഭാചന്ദ്രിക)

11

The Story of Mar Theophilos

Once there was a man called Philipos or Philip. He was born in the family of Kallupurackal, Kottayam, Kerala in 1911. As you grow up you go to school; the same thing happened to him and friends of his age. But the destiny carved him differently and the providence assigned him outstanding offices. Whatsoever he touched, turned golden in quality and sterling in service. Of course the life was with many ups and downs. It was epoch making and he became a part of our Church history. The worst thing happened to the best in the ecclesiastical hierarchy. This day, September 28, two years ago. That brilliance was eclipsed by the dark death. Kora Philipos ended his pilgrimage on this planet as Metropolitan Philipos Mar Theophilos, Bishop of the Diocese of Angamaly and Bombay. Theologically speaking this departure is a promotion to the gathering of the faithful above - "Sakshikalude samoohathilekkulla mattam." At age of 86.

Now look at the Bishop who moved with some of you several times on that lawn-chatting with you, tickling your imagination and intelligence. I present to you five facets of Bishop Mar Theophilos of blessed memory.

It was a red rose. A flower adding beauty to any garden a radiating grace and emitting an air of care and affection to any gathering. An endearing experience, delightful and embracing higher spirits. A spiritual father, that Bishop was in all respects. The jokes he cracked and the anecdotes he described presented a different & valuable understanding of men and matters. The spontaneous laughter they produced & the thought provoking insights generated were classical and a class by itself. An vocal excercise and a mental therapy. Two in one. Seen, perhaps only in one Bishop. A tonic for better circulation of blood. A drug to ease hyper tension. But that priest-physician is no more for any more consultation. He who laughs last lasts better. This Arch Bishop laughed to the last. That is the secret why people thonged after him. In his presence the hard old felt soft young and the twinkle

darling ones became diligent listeners. When asked about his age he used to say I am seventy years young or eighty years young-not old that grey Arch Bishop was growing young and made others feel younger. A wonderful capacity. Some sort of a sacramental mesmerism only Theophilosians can perform. But alas that rose faded away, but the frarance remains.

It was a star. A star inspiring and illuminating. The Youth in the college campuses discovered in him a hope, sought after the Bishop; in his turn was out searching them with nourishing food. The youth was his heart and soul. The star had a chequered career-right from the student days to the episcopal years he had a wide variety of activities-traditional ines and modern challenging ones. He was a persuading national worker of Student Christian Movement, an international organization, whose presence was noted with recognition in overseas conferences. Mar Gregorios Student Movementwas his prime field of activity for half a centuryor so, either as its General Secretary or as its President. It earned its present form and shape under his patronage. True, Arch Bishop Pulikkotil gave birth to the Orthodox Seminary but it was Arch Bishop Theophilos who saved it from the chronic illness of infancy and brought it to the respectable mark in the theological map of the world. The star is unseen now but shines above.

It was an ecumenical witness. The popular meaning of the word is united activities of Christian groups. Our archbishop was an ecumenist to the very core. It was perhaps the impact of theological education and experience in the United Kingdom and the United States of America seven decades ago. When the World Council of Churches was formed in Amsterdam, Holland (1948) he was there as delegate of Indian Orthodox Church. Much earlier in 1939 Deacon K. Philipos participated in the world Youth Conference in Brussels as India's delegate. For a period of 30 years he was at the virtual witness of the Orthodox Church in international forums. He was known as the Church Ambassador and he did his job most effectively. The eastern Orthodox Churches came to know us through him. The Protestant West capital understood our theology and tradition through Mar Theophilos and Mar Gregorios. The Russian Patriarch Piemon, the Rumanian Patriarch Justinian, the American Catholicos Vascan, the Georgian

Patriarch Elia, the Cypress President Arch Bishop Macarios, and the Ethiopian emperor Hailie Selasse visited Indian Orthodox Church in response to the invitation passed through Mar Theophilos. He used to say “we may be a small church; but we can be friendly with everybody “that wise saying worked very well. We are in very cordial relationship with all of them. To Bishop Thimmy of the Federated Church of Germany Arch Bishop Theophilos was a family friend. At one time Bishop Theophilos was the spokesman for the Syrian Orthodox Church also in World Council of Churches affairs. There is an interesting story at WCC Geneva about the reported remark of Patriarch before the Syrian church becoming a member (story verbal). Unfortunate it is the prophet and the pioneer of ecumenism had to undergo sad situations in the home Church. That is a different story. But the fruits of the labour are pleasing and the world Christian community remember him with gratitude. Witness is widening.

It was a life of making and shaping. Making is one thing and shaping is another. Very few are good at both. Again two in one. He was a builder with imagination and an administrator with decision. The world wide experience of what he has seen and heard was an asset. he could not dream anything small. Look at the Orthodox Centre Washi, New Bombay. What was it in 1970s and what is it in 90? Back home in Kerala raise your head and watch, because they are high, the Student Centres in Trivandrum, Kottayam and Alwaye. Also the grand institutions of health care-the hospitals in Kolencherry, Kangazha, Cheriapally, Kottayam and Kunnamkulam. I leave apart the community welfare institutions in the Angamaly Diocese. he made them and shaped them. It is an unpardonable shortcoming of some of our great leaders missing to mould up a second line of leaders-a shadow government to their grand government. As a result their organizations and institutions starve of workers and eventually some of them disappear in the course of time. Thirumeni recruited second lieutenants to his battalionand initiated the efficient ines to leadership and independent responsibility. Kochu Thirumeni, Mar Coorilos is a Convincing example for the diocese and Revd. Dr. M. C. Cherian for the Student Movement. Mar Theophilos blessed ministry as the first Bishop of Bombay diocese (is alive us and I need not call attention.) That architect knew that the rosy feature of the Church is with the Youth. It

was his advice “Praise loudly, blame softly” the secret of making and shaping.

It was a spiritual antenna. Dear children, you have on the top of your roof an antenna to watch TV. It brings sound and pictures from unseen places. But we hear it and see on the mini screen. Bishop Theophilos was a man of prayer. More in silence and solitude than formal gathering. he never pretended to be very religious. His was a hidden spirituality. I don’t think any has seen him crying while praying. If at all he cries wit tears, kneeling; it was in close doors at height of agony. Then he got messages from that broadcasting system. Not the Indian DD not the BBC and not the CBS. It was from the HBS (Heavently Broadcasting System). It worked more in the night hours-during Holy darkness. He listens to the unspoken words and experienced the presence of the Unseen. He did something normally impossible to many. The saying became true in the Bishop; he who can see the invisible can do the impossible. He could see what something can be like an artist and imagine like a poet. His Grace got this grace being a spiritual antenna. Young friends, taste an antenna experience. Look up. Receive message.

Presenting these five traits of his personality: Rose, Star, Witness, Architect & Antenna. I ask you two questions: you have seen him walking on the lawn with a flower in his hand. Bring him back from oblivion and observe. Then answer my question.

What is the mistery of his History?

So far I presented to you only the bright and happy side of his life. What made him greater is the hardship he had to undergo. In one sense he was the most unfortunate Bishop among the twenty-one Bishops of his time. Some difference of opinion among us made him a serious casuality. For three starting decades 1970, he was the most wounded Bishop of our Church. He was a butt of ridicule and a point of attack. Disowned by his own people and deprived of his privileges, he had to this among Christian enemies. Literally some people cried out in the streets of Alwaye where his Head quarters was situated: ‘crucify, crucify him, crucify Theophilos. He is no more our Bishop. Pack him back to Kottayam. Go back, Theophilos.’

The new Ambassador car of the church Ambassador was set fire to at his garage. His residence was closed and sealed by Court Authorities. With malice towards none, like Abraham Lincoln in the American war of Independence; but grieving at their intolerance, he walked out of his courtyard amidst howling. This is a true affidavit of an eyewitness of that day. No Bishop has passed through such an ordeal. He survived all these violent storms and kept the wounded ship like a brave capton. There is book "Tough times never last but tough people do." The rough waves of the tough time partially passed away. How could ArchBishop Theophilos withstand all this humiliation, fury and hurry? It was his trust and thrust on the Almighty. The anchorage at the heavenly father's harbor. Like Moses he was saved. Like Joshua he led his faithful people. The robe of Elisha was on him. He was moving with living God. It was his rock. The test of a man or a woman's breeding is how he/she behaves in a quarrel. A man is known by his actions, but better by his reactions. Mar Theophilos of Angamaly diocese proved it with his life. Life has no question that faith cannot answer. Life is indeed dull if there is no difficulty. The mystery of his history.

What is the legacy left to us by the ArchBishop?

Mar Theophilos was this and that. Organized this assiciation and led that Movement; Architect and Administrator. But the precious legacy left? Is it schools under the parish or Church under the diocese? My dear children, you are not going to get even a bit of it. They are material wealth. More precious is something else. I make not of two of them only. First one is **respect for life**. It do not minimized to human life. Life in plants and animals are equally importat to him. We know his taste for plants and animals. He used to part with his share of chappatis allowing his dog to sit with him. Haven't you see him watching the circuit of the fishes in an aquarium? For him life was a pilgrimage with all living organisms. God is Love. The second one is the Bishop's **sense of beauty**. With the poet Keats the Bishop must have sung "Truth is beauty and beauty is truth." Please don't misunderstand, I don't mean physical beauty. This is not the beauty in the eye of the beholder. But an excercise of aesthetic sense. Enjoying the deeper beauty was a higher truth to him. For him it was the mani-

festation of the Almighty. To him, 'cleanliness is next to godliness' is not a perfect but a practice. There was no compromise with shabbiness and laziness. "Be brisk and alert always", he cautioned me occasionally. Young Darlings, Practice an aesthetic dense. The best to remember the Bishop. A sacred legacy.

The Epilogue

A Psalm

I conclude my humble words of homage with this epilogue.
Time cannot consume Bishop Philip Mar Theophilos.
His Grace lives beyond time and space, be it known to all.
In the years of his pilgrimage here his life was like a Psalm.
The quality of the Psalms is primarily spiritual intensity.
Each Psalm is an echo of personal relationship with God.
Sinner or Saint encounters works in prayer and submission.

Mar Theophilos' days of triumph, trial and torture
Had a psalmistic experience of strengthering & purifications.
To a soul not unknown to falls and failures, a way of life.
A song for entertainment, a Keertanam is a higher song for worship.
A psalm is the highest song for enjoyment of both mind and spirit.
The Arch Bishop Mar Theophilos made his abode here a psalm.
HERE REMAINS Arch Bishop Mar Theophilos
BLESSED to GOD as the name means.
A man-bishop made for a each of us
With a graceful smile always to remember.

No memorial speech is needed for him
For he is not a memory; but a presence.

St. Thomas children, this school is a darling daughter to that bishop.
The former President of the school is your episcopal dad.
Let us resite a keertan for him "Acharyesha Mishiha.........".

12

മലങ്കരയുടെ മനസ്സാക്ഷി

മറ്റെന്തും മാറ്റി വച്ചാലും ഉയരാനുദ്ദേശിക്കുന്നവന് ഉണ്ടായിരിക്കേണ്ട താണ് വിശ്വാസ്യതയും ഉത്തരവാദിത്വവും - *credibility and accountability.* അവ അടിസ്ഥാനപരമായി അത്യാവശ്യവുമാണ്. പൊതുക്കാര്യ ത്തിലുള്ളവർക്ക് പ്രത്യേകിച്ച് നിൽക്കാനും നിലനിൽക്കാനുമുള്ള രണ്ടു കാലുകൾ. അവയ്ക്ക് ആരോഗ്യമുണ്ടെങ്കിൽ ആരുടെ മുമ്പാകെയും നിൽക്കാം. എവിടെയും കടന്നുചെല്ലാം. എന്നാൽ ഇന്ന് അവ പതിവി ലേറെ മാഞ്ഞുപോകുന്നു. മറന്നുപോകുന്നു. ആ ഓർമ്മക്കുറവിന് അതി ന്റേതായ സുഖമുണ്ടു താനും. മേൽതട്ടുകളിൽ അവ ചോദ്യം ചെയ്യാതെ പോകുമ്പോൾ താഴെത്തലങ്ങളിൽ ആശ്വാസവും ആനന്ദവും. ആർക്ക് ആരുടെനേരെ വിരൽ ചൂണ്ടുവാനൊക്കും? "അവൻ" നീയാണെന്ന് ശാസി ക്കുവാൻ. ഞാൻ അവനല്ലെന്ന് ആണയിടുവാൻ. അവസരത്തിനിണങ്ങിയ മൗനം എന്തൊരാശ്വാസം. പഴയ പ്രമാണം, മൗനം വിദ്വാന് ഭൂഷണം. ഇന്നത്തെ അലങ്കാരം, മൗനം നിലനിൽപ്പിന്റെ പരസ്പരധാരണ.

ദൈവത്തിന്റെ പേരു വിളിച്ചുപറഞ്ഞ് പിരിക്കുന്നതിന്റെ കണക്ക്, ദൈവം വന്നു ചോദിച്ചാലേ പറയൂ എന്ന സ്ഥിതി ആയിരിക്കുകയാണ്. ആ വരവ് എന്നായിരിക്കും? ദൈവത്തിന് മറ്റെന്തെല്ലാം അന്ന് ഇതിനു പരി ചോദിക്കാനിരിക്കുന്നു. അല്ലെങ്കിലെന്താ ദാനം കൊടുത്ത് സ്വർഗ്ഗ ത്തിൽ പോയാൽ പോരെ? കണക്കു കാണണോ? അപ്പം തിന്നാൽ പോരെ കുഴി എണ്ണണോ?

ഇങ്ങനെയങ്ങ് ഓർക്കുമ്പോഴാണ് അഭിവന്ദ്യ ഒസ്താത്തിയോസ് തിരു മേനി ശ്രദ്ധേയനാകുന്നത്. തിരുമേനി ഒരു മൊബൈൽ കൗണ്ടറാണ്. തിരുമേനിയുടെ കൈവശം ബ്രീഫ്കെയിസുണ്ടോ, രസീതുബുക്ക് അതിൽ കാണും. ഒന്നല്ല, പലത്; ഭവനം, കല്യാണം, ക്യാൻസർ, കാരുണ്യ ദുരിതാശ്വാസം, ആരാധനാലയം, അനാഥാലയം. തലക്കെട്ടുകൾ നീണ്ടു പോകുന്നു. പണം പെട്ടിയിൽ വീഴുന്നതോടുകൂടി രസീത് ദാതാവിന്റെ പോക്കറ്റിലും. അകലെയുള്ളവന്റെ വീട്ടിലെത്തുമ്പോൾ ഒരു "താങ്ക്യൂ" നോട്ട് അവനെ സ്വീകരിക്കുവാൻ അവിടെ കാണും. മനസ്സറിഞ്ഞുള്ള ആശംസ അതിലുണ്ടാകും. അതു വായിച്ചു മനസ്സിലാക്കുവാൻ കണ്ണും തലയും നല്ലപോലെ വ്യായാമം ചെയ്യേണ്ടിവരുമെന്നുള്ളത് മറ്റൊരു പ്രത്യേകത. സ്നേഹത്തിന് ഭാഷ വേണ്ടല്ലോ. മനസ്സിന് അക്ഷരവും. ഈ വ്യാപാരം ഇവിടംകൊണ്ടവസാനിക്കുന്നില്ല. ജീവന്റെ പുസ്തകത്തിൽ

പേരെഴുതുന്നതുപോലെ അവന്റെ നാമം മെയിലിംഗ് ലിസ്റ്റിൽ ആയിക്കഴിഞ്ഞു. ആണ്ടവസാനം പ്രവർത്തന റിപ്പോർട്ടും വരവ് ചെലവ് കണക്കും അവസരത്തിനൊത്ത ആശംസകളുമായി അവന്റെ വീട്ടിലെത്തും. പ്രസ്ഥാനങ്ങൾക്ക് ആവശ്യം വരുമ്പോൾ അവനു ലഭിക്കും, സഹായത്തിനുള്ള മറ്റൊരു അപേക്ഷ. പിന്നീട് ഒന്നും കൊടുത്തില്ലെങ്കിലും അവൻ അവസാനിച്ചാലും വാർഷിക പതിപ്പായി വരാനുള്ളത് വന്നുകൊണ്ടിരിക്കും. അവൻ പോയാലും അവളുണ്ടെന്നും, അവളും പോയാൽ അവരുടെ ആളുകൾ അത് കാണാനിടയുണ്ടെന്നും തിരുമേനിയ്ക്കറിയാം. അവരുടെ ദശാംശത്തിന്റെ ഒരംശത്തിന് തിരുമേനിയ്ക്കവകാശമുണ്ടെന്നുള്ളതാണ് നിലപാട്. അതാണ് ഒസ്താത്തിയോസ് തിരുമേനിയിലെ പിരിവുകാരൻ. പട്ടത്വത്തിന്റെ കൂടെ ഈ പാഠവും ലഭിക്കുമോ? അറിഞ്ഞുകൊണ്ട് നടക്കുന്ന ഈ “വിശുദ്ധ പോക്കറ്റടി”, വിദ്യയുടെ ബാലപാഠംപോലും വായിക്കുവാൻ തുല്യപട്ടത്വമുള്ള പലർക്കും സാധിക്കുന്നില്ല. തിരുമേനി വേദശാസ്ത്ര വിദഗ്ദ്ധനാണെന്നറിയാം. ധനതത്വശാസ്ത്രജ്ഞനായി അറിയപ്പെടുന്നില്ല. വ്യവസായമില്ല, വ്യാപാരിയുമല്ല. എന്നാൽ മാർക്കറ്റിംഗ് നിപുണതയിൽ ക്ലാസ്സെടുക്കുന്ന പെരുമാറ്റ ശാസ്ത്രജ്ഞൻ പോലും ഈ പിരിവ് കലയുടെ മുമ്പിൽ തല കുനിച്ചു പോകും. വൻ തുക സംഭരിക്കുന്നതിനേക്കാൾ ഏറെ കരുതലാവശ്യമായിട്ടുള്ളതാണ് അത് ചെലവിടുന്നത്. വിശ്വസിച്ച് ഏൽപ്പിക്കുന്ന പണം വിശ്വസ്തതയോടും കാര്യക്ഷമതയോടും ആത്മാർത്ഥതയോടും ചെലവഴിക്കുക ചെറിയ കാര്യമല്ല. പിരിവിന്റെ രസീതുപോലെ ചെലവിന്റെ ബില്ല് കുറ്റമറ്റതാകണമെന്നില്ല പലർക്കും. ഓഡിറ്റർക്കു ബോധ്യമായാൽ മതി. ദൈവംതമ്പുരാനല്ലല്ലോ ഒപ്പിടുന്നത്. ആർക്കും കൊടുക്കാത്തവൻ ഒസ്താത്തിയോസ് തിരുമേനിക്ക് കൊടുക്കുന്നു. കൊടുത്തവൻ വീണ്ടും കൊടുക്കുന്നു. ഈ സഭയിൽ മറ്റ് ആരേക്കാളും രസീത് ഒപ്പിടുന്ന ആൾ തിരുമേനിയാണ്. അതിന്റെ അടിത്തറയാണ് വിശ്വാസ്യതയും ഉത്തരവാദിത്വവും. തിരുമേനിക്ക് കൊടുത്താൽ കാര്യം നടക്കും. ഇന്നലെയും ഇന്നുംകൊണ്ടു നേടിയതല്ല ഈ കിരീടം. കാലത്തിന്റെ കല്ലോലമാലകളിൽ തേഞ്ഞ് തെളിഞ്ഞ് ശോധന ചെയ്തിട്ടുള്ളതാണ് ആ കിരീടത്തിലെ കനകമുദ്ര. വാർദ്ധക്യത്തിലും ശോഭിച്ചുനിൽക്കുന്ന വിശ്വസ്തത.

പ്രഭാത നടപ്പ്. ദിവസം ആരംഭിക്കുന്നു. നടപ്പുപോലെതന്നെ ഒരു കാതം മുന്നിലായിരിക്കും തിരുമേനിയുടെ ചിന്തയും. നടപ്പിന്റെ ആയം കൂടുന്നതനുസരിച്ചാണോ ചിന്തയുടെ ആഴമേറുന്നത്? അതോ ചിന്ത കൂടുമ്പോഴാണോ നടപ്പിന്റെ സ്പീഡ് വർദ്ധിക്കുന്നതെന്ന് തിരിച്ചറിയാൻ പ്രയാസമാണ്. പോയവഴിയിലൂടെയല്ല തിരിച്ചുവരവ്. നടക്കുന്നവൻ പോലും അപ്പോൾ അത് നിശ്ചയിച്ചിട്ടുണ്ടാകുകയില്ല. തീരുമാനമുണ്ടെങ്കിലും അതു

പോലെ നടപ്പാകണമെന്നില്ല, മാർഗ്ഗമദ്ധ്യേ മറ്റൊരുത്തനെ കൂട്ടിനു കിട്ടിയാൽ. അതുകൊണ്ട് സംശയം തീർക്കാൻ കാത്തുനിന്നിട്ട് കാര്യമില്ല. കൊടിയും കുരിശുമില്ലാത്ത ഈ പ്രഭാത പ്രദക്ഷിണത്തിലെ സർഗ്ഗചിന്ത സരളമായ ഫലങ്ങൾ ഉളവാക്കിയിട്ടുണ്ട്. ആഴം ആഴത്തോടോ, ആഴി ആഴിയോടോ സംസാരിക്കുന്ന അനർഘ അവസരങ്ങളാണവ. സൃഷ്ടി നടക്കുന്ന അസുലഭ നേരവും. ആശയം ആലോചനകളിലൂടെ ആനന്ദിക്കുന്ന ധന്യനിമിഷം. വഴിയോരത്ത് ഒളിഞ്ഞിരുന്ന് നോക്കിയാൽ ചൈതന്യമേറിവരുന്ന മുഖകമലം. അതു വിന്യസിക്കുന്നതറിയാം. പുതുപ്പാടി മുതൽ പൊങ്ങിവന്ന സ്ഥാപനങ്ങൾക്കൊക്കെയും വിത്തുപാകിയത് ഈ സുവർണ്ണ പ്രഭാതത്തിന്റെ നടപ്പിൽ ഉഴുതു മറിച്ച ചിന്തയിലൂടെയും ധ്യാനത്തിലൂടെയും ആയിരിക്കണം.

ആ നടപ്പ് എന്തിനുവേണ്ടിയായിരുന്നു? ശരീരത്തിന്റെ ഉറപ്പിനോ, ആത്മാവിന്റെ പോഷണത്തിനോ? അവ രണ്ടുമല്ലെങ്കിൽ അശരണരായ അനേകരുടെ അഭയത്തിനോ? അതൊരു ത്രിത്വാഭ്യാസമായിരുന്നോ? കൂടെയുള്ളവരാണ് സാക്ഷ്യപ്പെടുത്തേണ്ടത്. ഇതു കുറിക്കുന്നവൻ കൂടെ നടക്കാത്തവനാണ്; കാക്കക്കണ്ണു കൊണ്ട് നിരീക്ഷിക്കാറുണ്ടെങ്കിലും.

മറ്റൊന്നിനല്ലെങ്കിലും തളരാതെ അതു തുടരുന്നത് പകർത്തേണ്ടതായ ഒരു ശിക്ഷണമാണ്. നടക്കാൻ മാത്രമല്ല, നല്ലതാകാനും നേത്രദൃഷ്ടി മങ്ങലേൽക്കുന്തോറും ആത്മദൃഷ്ടിക്ക് തെളിച്ചം കൂടുകയാണ്. കാത്തിരുന്ന് കാണുക. അതൊരു വഴിയാരാധന.

കർമ്മനിരതനല്ലാതെയായിരിക്കുവാൻ തിരുമേനിക്ക് കഴിയുകയില്ല. അവിടത്തേക്കുള്ള ഏക കഴിവും കേടും അതാണ്. ശ്രീരാമ മിഷന്റെ പ്രസിഡന്റായി ഈയിടെ തെരഞ്ഞെടുക്കപ്പെട്ട മലയാളി സ്വാമി രംഗനാഥാനന്ദയ്ക്ക് വയസ്സ് തൊണ്ണൂറ്, പ്രവർത്തനത്തിന് പ്രായം ഒരു പരിധിയല്ല. ഒന്നാം ലോകമഹായുദ്ധം അവസാനിച്ചതോടുകൂടി ഈ ഭൂമിയിലേക്ക് ആഗതനായ തിരുമേനി മറ്റൊരു യുദ്ധത്തിന്റെ കാഹളവുമായിട്ടാണ് വന്നത്. ആ ആദ്യകരച്ചിലിൽ അശരണരുടെ ശരണം വിളിയുമുണ്ടായിരുന്നോ? ഈ ഊർജ്ജസ്വലതയ്ക്ക് എടുത്തുചാട്ടമെന്നോ കുലുക്കമെന്നോ ആര് ഓമനപ്പേരിട്ടാലും അവിടത്തേക്ക് ഭാവമാറ്റമില്ല. പറയുന്നവൻ ക്ഷീണിക്കുമെന്നല്ലാതെ ചാടുന്നവൻ തളരുകയില്ല. തകർത്തു തന്നെ പോകും. മുതലാളിത്തത്തെ ദയവില്ലാതെ ശാസിക്കുന്ന ഈ പിതാവ് അവരിൽ നിന്ന് ധനം തൂത്തുവാരുന്ന പാടവം കണ്ടു പഠിക്കേണ്ടതാണ്. ആകാശത്തിലെ അപ്പച്ചന്റേതാണ് ഭൂമിയിലുള്ളതൊക്കെയും. ഇവിടെയുള്ളവരൊക്കെയും അവകാശികൾ. കൂട്ടിവയ്ക്കുന്നവൻ കുറ്റവാളി.

ഇല്ലായ്മയിൽനിന്ന് ഉളവായതാണ് കാണുന്നതൊക്കെയും. തിരുമേനിക്കുള്ളത് കൊടുത്തതും അതിലുൾപ്പെടും. നിരപ്പിന്റെ ശുശ്രൂഷയിൽ ലോകം കുതിച്ചു പോകുകയാണ്. അപ്പോൾ എടുത്തു ചാടിയാലും പോരാ ചാടിക്കൊണ്ട് ഓടണമെന്നായിരിക്കും പിതാവിന്റെ പ്രമാണം. ആ ധൈര്യം അതു മാംസപേശികളുടേതല്ല, മനസ്സിന്റേതാണ്. സഹൃദയത്വത്തിന്റേതാണ്. ഹൃദയത്തിന്റെ ഒരു പ്രതിഭാസമാണ് ധൈര്യം. കറേജിന്, പ്രതാപം, പ്രഭാവം, തേജസ്സ് എന്നൊക്കെ അർത്ഥമുണ്ട്. തന്റെ മനഃസ്സാക്ഷിക്ക് ന്യായമെന്ന് തോന്നുന്ന കാര്യം ചെയ്യുവാനുള്ള ആത്മധൈര്യം ആ വാക്കുകൊണ്ട് വിവക്ഷിക്കുന്നതാണ്. ഏറെ മനക്കരുത്തുള്ളവനാണ് മുനിയാകുന്നത്. സഹൃദയത്വമാണ് നല്ല ധൈര്യത്തിന്റെ മുഖമുദ്ര. അതിൽനിന്നുത്ഭവിക്കുന്നതാണ് സേവനത്തിന്റെ ശ്രേണികൾ. തിരുമേനിയുടെ ആതുരാലയങ്ങളുടെ അടിത്തറ ഇവിടെയാണ്. ആ ഹൃദയത്തിൽ ധൈര്യവും വിശ്വാസവുമുണ്ട്. അവ പ്രവർത്തിയിലും. പ്രവൃത്തിയില്ലാത്ത വിശ്വാസം ചത്തതല്ലോ. അതുകൊണ്ട് മലങ്കരസഭയുടെ മനസ്സാക്ഷിയെന്ന് ഈ മെത്രാപ്പോലീത്തായെ വിശേഷിപ്പിച്ചാലോ? വിധിയെഴുത്ത് നിങ്ങൾക്ക്.

കേന്ദ്രത്തിൽ ഒറ്റയ്ക്കുള്ള കോൺഗ്രസ് ഭരണം മാറി ജനതാ സർക്കാർ വന്ന കാലഘട്ടത്തിലാണ് എം. വി. ജോർജ്ജ് അച്ചൻ എപ്പിസ്കോപ്പാസ്ഥാനത്ത് അഭിഷിക്തനാകുന്നത്. തിരുമേനിയോടൊപ്പം മേൽപട്ടക്കാരായി അഭിഷിക്തരായവരാണ് അഭിവന്ദ്യരായ മാർ ഗ്രീഗോറിയോസ്, മാർ മക്കാറിയോസ്, മാർ സ്തേഫാനോസ്, മാർ പക്കോമിയോസ് എന്നീ മെത്രാപ്പോലീത്താമാർ. ഇവർ അഞ്ചുപേരെയും ജനതാ ബിഷപ്പുമാർ എന്നാണ് ഏറെക്കാലം പലരും വിശേഷിപ്പിച്ചിരുന്നത്. മനുഷ്യമദ്ധ്യത്തിലേക്ക് ഇറങ്ങിച്ചെന്ന് ശുശ്രൂഷിക്കുവാനുള്ള ഇവരുടെ ദാഹം കണ്ടായിരിക്കണം ഇങ്ങനെ വിശേഷിപ്പിക്കുവാനിടയായത്. മലങ്കരസഭയുടെ അതിർത്തികൾക്കപ്പുറം ഇവരുടെ കാഴ്ചപ്പാടുകൾ വേരോടിയിരുന്നു. പതിവില്ലാത്ത പലതിലേക്കും സഭയുടെ ശുശ്രൂഷ ഇറങ്ങിച്ചെന്നു. പേമാരിയും കൊടുങ്കാറ്റും നാശം വിതച്ച ആന്ധ്രാപ്രദേശത്തും, പട്ടിണിമരണം നൃത്തമാടിയ ആഫ്രിക്കയിലും, ഭൂകമ്പം മൂലം നടുങ്ങിയ അർമേനിയായിലും മാർതോമാ ശ്ലീഹായുടെ ഇന്ത്യൻസഭ ആശ്വാസത്തിന്റെ സുവിശേഷം അറിയിച്ചു. മലങ്കരസഭ ഇതുവരെ കേട്ടിട്ടില്ലാത്ത യാച്ചാരവും കലഹണ്ടിയുമൊക്കെ പള്ളികളിലും ഭവനങ്ങളിലും ഏറെ പരിചയമുള്ള പദങ്ങളായിത്തീർന്നു. സാമൂഹ്യസേവനവും ദശാംശവും സണ്ടേസ്കൂളുകളിൽ മത്സര പ്രസംഗ വിഷയങ്ങളായി. സമൂഹത്തോടുള്ള പ്രതിബദ്ധതയിൽ സഭയുടെ ദർശനത്തിന് വീതിവിസ്താരം കൂടി. മാനങ്ങൾ ഉയർന്നു. മതിലുകൾ ഇടിഞ്ഞു. രാഷ്ട്രീയത്തിൽ ജനത പൊളിഞ്ഞു പിളർന്നു. ജനതാ ബിഷപ്പുമാരുടെ ശിഷ്ടസേവനം കാലം വിധിയെഴുതട്ടെ!

അഭിവന്ദ്യ തിരുമേനിമാരൊക്കെയും തങ്ങളുടേതായ സേവനതാൽപര്യംകൊണ്ട് വ്യക്തിമുദ്ര പതിപ്പിക്കുന്നുണ്ട്. സഭയാകെ ധന്യമാകുന്നു. പുതിയ പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും സഭയ്ക്ക് ജനമദ്ധ്യേ നോട്ടവും നേട്ടവും ആർജ്ജിക്കുന്നു. അരനൂറ്റാണ്ടു കാലത്തെ ഒസ്താത്തിയോസ് തിരുമേനിയുടെ ശുശ്രൂഷ രുചിച്ചുനോക്കുമ്പോൾ തിരിച്ചറിയുന്ന ഒരു പ്രത്യേകതയുണ്ട്. സമാരംഭിക്കുന്ന പ്രസ്ഥാനങ്ങൾ കൊണ്ടുനടക്കുവാനുള്ള പ്രവർത്തകരെ മാത്രമല്ല, വളർത്തിക്കൊണ്ടുവരാൻ വിളിയുള്ളവരെ തിരഞ്ഞുപിടിച്ച് കൂടെനിർത്തി രൂപപ്പെടുത്തിയെടുക്കുന്നതാണത്. കൂട്ടുവേലക്കാരുടെ ചങ്ങലയിൽ അവരെ കൊളുത്തിയിട്ടിരിക്കുകയാണ്. അവരോരോരുത്തരും ഒരു പൊൻമാലയുടെ ഓരോരോ കണ്ണിയാണെന്നുള്ളത് മാലയുടെ പൂർണ്ണതയെക്കുറിച്ചും ശോഭയെക്കുറിച്ചും ബോധവാന്മാരാക്കുന്നു. മാനം ഉയരുന്നു. അഭിമാനം പരക്കുന്നു. വേണ്ടത്ര പ്രവർത്തകരില്ലാതെ പ്രസ്ഥാനം അനാരോഗ്യത്തിലാകുമ്പോൾ ഈ കുടുംബകാരണവർക്ക് തന്റെ വ്യത്യസ്തമായ സ്ഥാപനങ്ങളെ നല്ല ആരോഗ്യത്തിൽ സംരക്ഷിക്കുവാൻ മാത്രമല്ല അയൽപക്കത്തെ ആവശ്യത്തിന് സേവകരെ കൊടുക്കുവാനും സാധിക്കുന്നുണ്ട്. അതിനു കഴിവുള്ളതായി ഒന്നോരണ്ടോ സമൂഹം കൂടിയേ ഈ ബഹുമതിയുടെ നിരയിൽ നിറുത്തുവാൻ കാണുന്നുള്ളു. തോട്ടമുള്ള തോട്ടക്കാരൻ.

(മാർ ഒസ്താത്തിയോസ് അശീതി സ്മരണിക)

13

MACHILIPATANAM TO YACHARAM

It happened. The disastrous catastrophe. Cyclone violent. Rains torrential. The sea was furious. Trees were uprooted. Houses were demolished. Angry waves devoured the cattle, swallowed human beings. There were villages where no man was left to narrate the sad story. That was the cyclone, and the floods that ravaged the shores of Andhra Pradesh in 1977.

Thanks to the advanced means of communication, the news of the misery flashed all over the worls within hours, though the affected areas were difficult to be contacted. The shocking news of the calamity deeply hurt the Orthodox Church in Kerala. Initiating Church contribution instantly His Holiness Baselius Mar Thoma Mathews I, the primate of the Orthodox Church, transmitted a considerable amount of money to the State Government. His Holiness made a touching and timely call to the members of the church to share the agony of our brethren in Andhra Pradesh and rushed financial help and relief materials. The church deputed two bishops, Dr. Poulos Mar Gregorios and Geebarghese Mar Osthathios to visit the disaster affected areas to express the Church's concern over the calamity and to take stock of the situation. They were specially instructed by the Holy Episcopal Synod to report to it their perceptions of immediate needs and proposals for long term rebuilding and rehabilitation activities.

Enthusiastically surmounting impediments on the way from Vijayawada to the different places in Guntur and Krishna districts heavily hit by the cyclone, the Episcopal team visited the areas of disaster still in floods and mud. Fallen electric posts, uprooted trees and dead cattle welcomed the bishops. They made an in-depth study of the prevalling perilous situation. They heard the heart breaking stories of the homeless villagers at the refugee centres. They held discussions with Government authorities at their headquarters.

Back home the bishops presented a vivid picture of the forsaken shore of Andhra to the Episcopal Synod. Listening to the sad stories and studying the recommendations, the Synod resolved to give shape

to an organisation by name the Andhra Cyclone Relief and Rehabilitation Project under the patronage of His Holiness Baselios Mar Thoma Mathews I. A well represented committee was constituted to raise funds and implement the project. There was a panel of chairmen of Metropolitans; Mathews Mar Coorilos, Poulos Mar Gregorios, Stephanos Mar Theodosius, Joseph Mar Pachomius and Thomas Mar Makarios. Metropolitan Geevarghese Mar Osthathios was the Executive Chairman and Treasurer. Shri. K. M. Mathew, Chief Editor, Malayala Manorama was the Vice Chairman and Rev. Fr. T. I. Joshua, The Secretary. Fr. Joseph Vendrappilly was appointed Executive Secretary and Rev. Fr. K. I. Philip, Field Officer. The office of the project started functioning at the Orthodox Seminary, Kottayam. The Project was registered (K.250 dated August 24, 1978) under the Charitable Societies Act of Travancore Cochin.

The call of the Church to contribute generously to the Project was sincerely responded to by individuals and establishments in India and abroad. As the campaign was satisfactorily pushing forward, the project committee decided to send Fr. Philipose Thomas (Now bishop Philipose Mar Eausobios) and Fr. Joseph Vendrappilly to visit the various areas affected and select one or two villages for relief and rehabilitation. They came to Hyderabad and sought the help of Rev. Fr. George Varghese who was the Vicar of the Orthodox Church there. They, along with Mr. Babu Thomas, who was already on the shores of Andhra with CASA, visited several places walking in the hot sun and treading marshy places. They finally recommended Chinna Ullingapalam and Krishna Rao Peta near Machilipatnam in Krishna District. It was God’s guidance through Mar Osthathios Metropolitan to identify Rev. Fr. K. I. Philip (Now Ramban), a dedicated social worker, who was at that time serving as Superintendent of St. Paul’s Balabhavan, Puthupady, as the Field Officer for the Project. The Field Office was opened at 15-72/2 District Court Road, Machilipatnam.

A local committee was constituted with the Headmen of the villages and representatives of the local bodies and officials of the project from Kerala. The committee took unstinted effort to assess the needs of these villages. It brought out a blue print of activities: repair of damaged houses, construction of new ones and a community hall for

general programmes. Steps were taken to restore communication facilities and provide water and power supply so that all the inhabitants would be benefitted by the Project in one way or other.

By the end of 1978, thirty eight new houses and a community hall were built and 14 houses were considerably repaired in Chinna Ullingapalam and and 28 houses in Krishna Rao Peta. The hearty-co-operation of the villagers by way of sramadan and the appropriate advice of the village Headmen in times of difficulty and rethinking are gratefully recollected at this moment.

It was a matter of great privilege and honour that our Church was able to carry out this mission-perhaps the pioneer one in this respect outside Kerala-at a time when the Head of the State, the Governor, was a member of our Church-late Shri K. C. Abraham. He was also greatly delighted to see his Church doing the best it could to ameliorate the misery of the poor in his State.

At the meeting organised at Machilipatnam which was presided over by Hon'ble Minister Shri. N. Janardhana Reddy, the formal inaguration of the villages was carried our by His Execellency K. C. Abraham, the Governor. Mr. P. C. Abraham, Secretary of the Orthodox Church, requested the Governor to declare the villages open. His Grace Zachariah Mar Dionysius handed over the keys of the houses and the community hall to the Revenue Minister. The villages of Chinna Ullingapalam and Krishna Rao Peta were renamed as St. Thomas Nagar and Christhurajapuram respectively.

His grace Mar Osthathios, the Executive Chairman of the Project, remarked in his welcome address that the two reconstructed villages are only a modest contribution of the Orthodox Church and it is happy to come again to serve the people in the State at any time of need and emergency. Responding to this offer the Hon'ble Minister stated that the Orthodox Church need not wait for another disaster to continue its services and it is always welcome to the State and the Government is happy to provide whatever is needed-land, materials, power supply, etc.

The implementation of the Project would not have been so successful but for the benign support of so many people. Mr. A. S. Reddy

and Mr. Mohan Kanda were guiding forces to us throughout their tenure as District Collectors. The Parish Churches and Congregations in Hyderabad, Vijayawada, Machilipatnam, Vishakapatnam and Bhilai rendered encouraging support. The house of late K. C. Eapen of Vijayawada was a halting point and very often a home for overnight stay for many of us doing the up and down journey for nearly three years. Mr. Babu Thomas was not only an associate to Fr. Philip but also an architect for everything newly made. Mr. P. M. Mani put all his resources into the Project.

The services rendered by Rev. Dr. K. M. George, Rev. Fr. George Paul, Rev. Fr. K. V. Paulose, Mr. K. C. George, K. M. Mathew (Thiruvalla) and Mr. C. U. Mathew in various capacities in the committee are also sincerely remembered. We know the list is not complete. It cannot be completed in a printed form. So large and great was the backing of the Project from the public. More is due to all of them.

It is a matter of perennial joy that our Church was honoured by the presentation of an award by the Government of Andhra Pradesh at a meeting of social workers in recognition of this Project.

Please listen! within hours after the cyclone an Italian aircraft landed in Hyderabad with qualified relief workers and materials! Compared to that, what is ours? Where are we? After clearing all the bills and other expenses connected with the project we had a balance amount of around Rs. 2,00,000.00.While winding up the relief activities in Machilipatnam the committee unanimously resolved to utillise the whole amount collected for the cause of Andhra Suffering for welfare activities in that State itself. So we were on the lookout for another area to serve. The kind offer of the Hon'ble minister at the time of the inaguration was also in our mind. We came to know from the study conducted by our field workers that the presence of leprosy was comparatively high in Andhra Pradesh. There are some institutions to take care of them though many of the lepers prefer to be on the streets. There was no home to our information to take care of their children who were not affected by that disease. They were thrown to the mercy of destiny.

Incidentally, that year happened to be The International Year of the Child. The experience gained on the shores of Andhra Pradesh and the resources from it strengthened us to envisage a Project for the children. Thus came up the Children's Welfare Board of the Orthodox Church. As in the case of the cyclone rehabilitation Project, the Church made an earnest appeal for funds and the response was equally good. The proceeds were set apart for two things: one portion for Balabhavans and homes for handicapped children in Kerala and the other to rehabilitate children of the lepers in Andhra Pradesh. The already earmarked amount of Rs. 2,00,000 was a strong foundation to step it up. Though we had an offer of hundred acres of land in Krishna District from the Government at one time, it did not materialise due to some technical reasons. Then the next effort was to look out for a suitable site. The search for an ideal place was indeed a task. It took us to different places. Our mission was to buy land with the money entrusted with us. We had to think twice and more with a vision for the mission. Finally this drive landed us at Yacharam in the Ranga Reddy District. Here you see Fr. Philip again not as Field Officer but the mastermind behind the St. Gregorios Complex, Yacharam.

14

യാച്ചാരത്തേക്ക്

യാച്ചാരത്തെക്കുറിച്ചെഴുതുമ്പോൾ മച്ചിലി പട്ടണത്തെക്കുറിച്ച് പറയാതിരിക്കുവാൻ വയ്യ. മച്ചിലി പട്ടണമില്ലായിരുന്നെങ്കിൽ യാച്ചാരം ഉണ്ടാകുമായിരുന്നോ? അന്വേഷണം അസ്ഥാനത്തല്ല. 1977-ൽ ചുഴലിക്കാറ്റും പേമാരിയും ആന്ധ്രാതീരത്തിന് വായുകോപമുണ്ടാക്കി. ബംഗാൾ ഉൾക്കടലിലെ തിരക്കേറിയ തിരമാലകൾ നിലവിലിരുന്ന തീരപ്രദേശത്തെ തിന്നുതീർക്കുന്നു. ഇന്നത്തെ അതിരല്ല നാളത്തേത്. കടലാണ് കരയുടെ അതിർത്തി നിർണ്ണയിക്കുന്നതെന്ന ഔന്നത്യത്തോടെ തടഞ്ഞുനിൽക്കുന്ന എന്തിനേയും തള്ളിനീക്കി ഓളങ്ങൾ മുന്നോട്ട്. അനുവാദം ചോദിക്കാതെ അകത്തേക്ക്. എന്നും കടലിനെ വണങ്ങാറുള്ള കുടിലുകളെ മാത്രമല്ല, കാറ്റിനെ തടയുന്ന ഏതിനേയും - വീടായാലും വൃക്ഷമായാലും അടിമറിച്ച് കടപിഴുത് വെട്ടിനിരത്തി സംഭ്രീതി പരത്തുന്നു. ഭൂചലനം ആ ഭാഗത്തുള്ളതൊക്കെയും ചലിപ്പിച്ചു. മനുഷ്യനും സ്വത്തിനും വന്ന നാശത്തിന് നിശ്ചയമില്ല. ഗ്രാമങ്ങൾ പലതും അപ്പാടെ കടലിനടിയിലാണ്. അവിടെപ്പോയി ആര് കണക്കെടുക്കും?

മലങ്കരസഭയുടെ മനസ്സാക്ഷിയെ ഈ വിപത്ത് മുറിവേൽപ്പിച്ചു. ഈദൃശ അവസരങ്ങളിൽ പലപ്പോഴും ചെയ്യാറുള്ളതുപോലെ "ഞെട്ടിപ്പിക്കുന്ന" പ്രമേയ അവതരണത്തിൽ മാത്രമായി ഇതവസാനിച്ചില്ല. നേതൃത്വം സന്ദർഭത്തിനൊത്തു ഉണർന്നു. ആഹ്വാനം വന്നു. നിരീക്ഷണസംഘം അപകടസ്ഥലത്ത് ഓടിഎത്തി. വീണ വൃക്ഷങ്ങളുടെയും ചത്തുചീഞ്ഞ മൃഗത്തിന്റെയും അടിത്തറ ഇളകിമറിഞ്ഞ് കിടക്കുന്ന ഹൈടെൻഷൻ വൈദ്യുത പോസ്റ്റുകളുടെയും ഇടയിലൂടെ അപ്പോഴും കടലിന്റെ ഭാഗമായി തോന്നിക്കുന്ന തീരത്തുകൂടി നീങ്ങി. കടലാസ്സിൽ എഴുതിപ്പിടിപ്പിക്കുവാൻ പറ്റാത്ത കാരുണ്യം മനസ്സിൽ കുറിച്ചിട്ടു. തിരിച്ചെത്തിയ സംഘം കണ്ടതും കേട്ടതും സഭാനേതൃത്വത്തിനോടു വിവരിച്ചു. ഉടനടി പ്ലാനും പദ്ധതിയുമായി പ്രവർത്തകർ നിയോഗിക്കപ്പെട്ടു. സഹായത്തിനുള്ള അഭ്യർത്ഥന ആത്മാർത്ഥതയോടെ സ്വീകരിച്ചു. മനംനൊന്ത് പ്രാർത്ഥിച്ചു. കൈ നിറയെ കൊടുത്തു. രണ്ടു ഗ്രാമങ്ങൾ പുതുക്കിപ്പണിതു. ഇവയ്ക്കായി ഉദ്ദേശിച്ച സംഖ്യയെക്കാൾ കൂടുതൽ ലഭിച്ചു. സർക്കാർ മലങ്കരസഭയെ അഭിനന്ദിച്ച് ഫലകം നൽകി. ഇനിയും കൊടുങ്കാറ്റും വെള്ളപ്പൊക്കവും വന്ന് നാശം വിതയ്ക്കുന്നതുവരെ കാത്തിരിക്കാതെ മറ്റു പ്രവർത്തനങ്ങൾ സമാരംഭിക്കണമെന്നും അതിനാവശ്യമായ

സ്ഥലമോ മറ്റു സഹായമോ നൽകുവാൻ ആന്ധ്രാപ്രദേശ് സർക്കാർ തയ്യാറാണെന്നും സാമൂഹ്യക്ഷേമവകുപ്പ് മന്ത്രി കൃതജ്ഞത പ്രകാശനത്തിൽ കൂട്ടിച്ചേർത്തു. സംശുദ്ധമായ രാഷ്ട്രീയസേവനംകൊണ്ട് ഇന്ത്യയിലാകമാനം ആദരണീയനായിരുന്ന നമ്മുടെ സഭാംഗം കെ. സി. ഏബ്രഹാം ഈ കാലയളവിൽ ആ സംസ്ഥാന ഗവർണ്ണറായിരുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും ഉപദേശവും ഈ സേവനത്തിന്റെ ശ്രേയസ്സുയർത്തുവാൻ സഹായിച്ചു. ആന്ധ്രക്കാരിൽ ഒരുവനെപ്പോലെയുള്ള സഭയുടെ പെരുമാറ്റം പ്രാദേശിക സഹകരണത്തിന്റെ അളവ് വർദ്ധിപ്പിക്കാനും ഇടയാക്കി.

നല്ല കാര്യത്തിന് പണം പ്രശ്നമാകുകയില്ലെന്ന് തെളിയിച്ച ഒരു സംരംഭമായിരുന്നു ഇത്. പ്രവർത്തനം പൂർത്തിയാക്കി കണക്കുകൾ ഭംഗിയായി സെറ്റിൽ ചെയ്തുകഴിഞ്ഞപ്പോൾ ഏതാണ്ട് രണ്ടു ലക്ഷം രൂപ ബാക്കിയുണ്ടായിരുന്നു. ആന്ധ്രയിലെ ദുരിതം ചൂണ്ടിക്കാണിച്ച് സംഭരിച്ച സംഖ്യയായിരുന്നതുകൊണ്ട് ബാക്കിവന്നതും ആന്ധ്രയിലെ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കാൻ കമ്മിറ്റി നിശ്ചയിച്ചു. സർക്കാരിന്റെ സഹായവാഗ്ദാനവും മനസ്സിലുണ്ടായിരുന്നു.

ആയിടെയാണ് ഐക്യരാഷ്ട്ര സംഘടനയുടെ ആഭിമുഖ്യത്തിൽ കുട്ടികളുടെ അന്തർദേശീയവർഷം ആഘോഷിച്ചത്. ലോകത്തെമ്പാടുമുള്ള കുട്ടികളുടെ ക്ഷേമത്തിനുള്ള പൊതുവായ പ്രവർത്തനത്തിന്റെ പുറപ്പാടായിരുന്നു അത്. ആന്ധ്രാ ദുരിതാശ്വാസക്കമ്മിറ്റി രാജ്യത്തെ ശിശുക്ഷേമ ബോർഡായി പ്രവർത്തനമാരംഭിച്ചു. കേരളത്തിനകത്തും പുറത്തും പ്രവർത്തനം തുടങ്ങി. ആന്ധ്രയിൽ കുഷ്ഠരോഗികളുടെ മക്കളായി, ആ രോഗത്തിന് വിധേയരാകാത്തവരെ പുനരധിവാസം ചെയ്ത് അവർക്ക് വിദ്യാഭ്യാസവും ലളിതമായ തൊഴിൽ പരിശീലനവും നൽകാനാണ് ഉദ്ദേശിച്ചത്.

രണ്ടാമത്തെ പ്രവർത്തനത്തിനുള്ള യാത്രയിൽ അനേക ദൂരം നടക്കേണ്ടി വന്നു. കൃഷ്ണ ജില്ലയിൽത്തന്നെ പുറമ്പോക്കായ 100 ഏക്കർ സ്ഥലം വിട്ടുകൊടുക്കുവാൻ സർക്കാർ ഉത്തരവായി. സ്ഥലം നിശ്ചയിക്കുവാൻ കളക്ടർക്ക് നിർദ്ദേശവും അളന്നു തിരിച്ചു തരുവാൻ തഹസീൽദാർക്ക് കളക്ടറുടെ അറിയിപ്പും. അവരുടെയും സൗകര്യമനുസരിച്ചു താലൂക്ക് അധികൃതരും റമ്പാച്ചനും സ്ഥലത്തെ ഒരു സഭാംഗവും ഈ ലേഖകനും ചേർന്ന് ഒന്ന് രണ്ട് കുറ്റിക്കാടുകൾ കയറിയിറങ്ങി ചങ്ങല പിടിച്ച് കുറ്റിവച്ചു. ആധുനിക യന്ത്രം ഉപയോഗിച്ച് അളക്കുകയാണ് സൗകര്യമെന്ന് കരുതി ചങ്ങലവലി നിറുത്തി. യന്ത്രത്തിനായി അന്വേഷണമാരംഭിച്ചു. ദിവസങ്ങൾ നീങ്ങി. കുറച്ചുസ്ഥലം തെളിയിച്ചു. എന്നാൽ കുറ്റി ഉറച്ചില്ല. സാങ്കേതികപ്രശ്നം അതിനിടയിൽ വന്നുചാടി. വനമായിരുന്നി

ല്ലെങ്കിലും ആ ഭാഗമാകെ ഫോറസ്റ്റ് റീജനായി മാപ്പിൽ മാർക്ക് ചെയ്തിരുന്നു. മറ്റൊന്നായി മാറണമെങ്കിൽ കേന്ദ്രസർക്കാരിന്റെ ക്ലിയറൻസ് വേണം. ആ ശ്രമത്തിനിടയിൽ മറ്റൊരു കാറ്റ് വീശി. ഇത് കേരളത്തിലുള്ളവരുടെ സംരംഭമാണെന്നും അവർ ക്രിസ്ത്യാനികളാണെന്നും അന്തിമമായി മതപരിവർത്തനത്തിലേക്ക് വഴി തെളിയിക്കുമെന്നും വാർത്ത പരത്തി പ്രാദേശിക എതിർപ്പ് പടുത്തുയർത്തി. കുറ്റികൾ അന്വേഷിക്കാൻ പോയില്ല. നൂറ് ഏക്കറിന്റെ അനുമതി ഉത്തരവ് എക്സിക്യൂട്ടീവ് സെക്രട്ടറി എന്ന നിലയിൽ ഈ ലേഖകന്റെ പേരിലായിരുന്നു. ജില്ല മാറിയുള്ള അന്വേഷണത്തിൽ ഹൈദ്രബാദിന് സമീപം ചില സ്ഥലങ്ങൾ പള്ളിക്കാരും പ്രവർത്തകരും പരിശോധിക്കുകയുണ്ടായി. കണ്ണ് എത്തിയെങ്കിലും മനസ്സ് ഉറച്ചില്ല. കാട്പാടിക്കു സമീപം ഒരു സ്ഥലം റമ്പാച്ചൻ നിർദ്ദേശിച്ചു. വെല്ലൂർ ആശുപത്രിയുടെ സാമീപ്യം ഒരു പ്രത്യേക ആകർഷണമായിരുന്നു. സ്ഥലം തമിഴ്നാടിനെ ചുംബിച്ചു കിടക്കുന്ന ആന്ധ്രയുടെ ഭാഗവും, അപ്പോൾ ആന്ധ്രയിൽത്തന്നെയെന്നുള്ള സ്ഥാപിത താൽപര്യത്തിന് കുറവുമില്ലായിരുന്നു. ശിശുക്ഷേമബോർഡ് അംഗമായ ഡോക്ടർ തോമസ് മാണിയുമൊത്തുള്ള ആ യാത്ര ഒരു അനുഭവം തന്നെയാണ്. പാതിരാത്രി കഴിഞ്ഞപ്പോഴാണ് മദ്രാസ് മെയിലിന് കാട്പ്പാടിയിൽ എത്തിയത്. ആരോ തീവണ്ടി ആപ്പീസിൽ കാത്തുനിൽക്കുമെന്ന് പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ പ്രതീക്ഷയും ആ ഇരുട്ടിൽ ഇരുണ്ടുപോയി. കുറെ കഴിഞ്ഞപ്പോൾ തീവണ്ടി ഇറങ്ങി ഈരണ്ടു കഴുതകളെയുംകൊണ്ട് ഒരു കഴുതവണ്ടി വളരെ സാഹസപ്പെട്ട് വെല്ലൂർ സെന്റ് ലൂക്ക് പള്ളിപ്പടിക്കലെത്തി. ഗെയിറ്റ് പൂട്ടിക്കിടക്കുന്നു. മുട്ടി നോക്കി, തുറന്നില്ല. വിളിച്ചു നോക്കി, കേട്ടില്ല. വണ്ടിക്കാരൻ തിരിച്ചും പോയി. വെളുപ്പാകാൻ വിനാഴികകളിനിയുമേറെ. “വ്യക്തമായ വിവരമില്ലാതെ വന്നാൽ ഇങ്ങനെയിരിക്കും.” കഴുതകൾ രണ്ടും ബുദ്ധി പറഞ്ഞു തുടങ്ങി. ഏറെനേരം അങ്ങനെ നിൽക്കാൻ വയ്യാതായപ്പോൾ ഡോക്ടറും വൈദികനും പരസ്പരസഹായത്തോടെ മതിൽ ചാടിക്കടന്നു. മാന്യതയ്ക്ക് ചേർന്നതല്ലെന്ന് അറിയാം. കള്ളനെന്ന് കരുതി ആരെങ്കിലും പിടിച്ച് പോലീസ് സ്റ്റേഷനിലാക്കിയാലോ? “ആവശ്യക്കാരന് ഔചിത്യം നോക്കണ്ട.” പണ്ട് ഹിറ്റ്ലർ തുറമുഖത്തിന് വേണ്ടി പോളന്റ് ആക്രമിച്ചപ്പോൾ പറഞ്ഞ ന്യായമോർത്താണ് മതിൽ കയറിയത്. അകത്തായെങ്കിലും മുറിക്കകത്തായില്ല. പള്ളി മാത്രമല്ല മുറികളും പൂട്ടിയിട്ടിരിക്കുന്നു. വായിച്ചു തീർന്ന അന്നത്തെ പത്രം ചുരുട്ടി വച്ചിരുന്നത് ഈ രണ്ട് ഷീറ്റ് വീതം നിരത്തിയിട്ട് കാര്യമില്ലാത്ത കഥകൾ പറഞ്ഞ് കിടന്നു. ക്ഷണിക്കാതെ വന്ന അതിഥിയെ തിരക്കി വന്ന കൊതുകുസംഘം ഗാനമേള നടത്തിയും ചുംബനം നൽകിയും സൽക്കരിച്ചു. വൈദ്യനോ വൈദികനോ ആരാണ് ആദ്യമുറങ്ങിയതെന്ന് കച്ചേരി നടത്തിയവർക്കു മാത്രമറിയാം.

നേരം പുലർന്നപ്പോൾ വെല്ലൂർ സുഹൃത്തിനെ കിട്ടി, പള്ളിക്കാരെയും. രാത്രിയിലുള്ള ഞങ്ങളുടെ അവിടുത്തെ തെണ്ടലിനെക്കുറിച്ച് അവർക്ക് അറിയിപ്പുണ്ടായിരുന്നില്ല. എന്നാൽ ആ വിഷാദ വിനോദം വിവരിച്ചപ്പോൾ പ്രഭാത ഭക്ഷണത്തിന് എല്ലാവർക്കും രുചി കൂടി. പിന്നെ ഒത്തുചേർന്ന വർ ഒക്കെക്കൂടി പദയാത്രയായി, പറ്റിയ സ്ഥലം നിശ്ചയിക്കുവാൻ. യാത്ര മധുരമുള്ളതായിരുന്നു. നാട്ടുകാരുടെ അതിഥിസൽക്കാരം കടന്നു ചെല്ലു മ്പോഴെ ലോട്ടയിൽ പാനിയും തട്ടത്തിൽ ശർക്കരയും; ആഗതർക്ക് ഉറ പ്പാണ്. അവരുടെ കൃഷിയിൽ നിന്നുള്ള ശർക്കര. ഒരു പ്രത്യേക പൊതു ക്കാര്യത്തിന് സ്ഥലം നിശ്ചയിക്കുന്നതിനുള്ള മനസ്സിന്റെ വ്യായാമം അപ്പോഴാണ് അറിയുന്നത്. ആളുകളെ ഇഷ്ടപ്പെട്ടു. സ്ഥലം പറ്റിയില്ല. പത്ത് ഏക്കറെങ്കിലും വേണം. അതാണ് ഞങ്ങൾക്കുള്ള നിർദ്ദേശം. പിന്നീട് അതിനോടുചേർന്ന് തന്നെ വാങ്ങാൻ ലഭിക്കുമെങ്കിൽ അത് അഭി കാമ്യം. എന്നാൽ അനുഭവം: നിലം നിരപ്പുള്ളതെങ്കിൽ വിസ്തീർണ്ണം പോരാ. അളവ് ഏകദേശമുണ്ടെങ്കിൽ വിളവെടുക്കാൻ വെള്ളം പോരാ. ജലസാദ്ധ്യതയുണ്ടെങ്കിൽ അനുയോജ്യമായ വഴിയില്ല. വഴിയും ഒത്താൽ വില അടുക്കുകയില്ല. എല്ലാം ഒത്ത് വാക്ക് ഉറപ്പിക്കുവാൻ തുടങ്ങുമ്പോൾ പ്രമാണം ഏറെ സംശയങ്ങൾ ഉളവാക്കുന്നത്. സംസ്ഥാനം വേറെ. പണവും പൊതുവിന്റേത്. കണ്ണടച്ച് വാക്ക് പറയുവാനൊക്കുമോ? ധൈര്യം കമ്മി. ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുവാൻ ഇത്രയും കൂട്ട ശ്രമം വേണ്ടിവന്നില്ല. അത് പണം കിട്ടുന്നതും ഇതു കൊടുക്കുന്നതു മല്ലെ?

ജില്ല മാറിയുള്ള അന്വേഷണം ആരംഭിച്ചു. അത് റമ്പാച്ചനെയും സഹ പ്രവർത്തകരെയും ഹൈദ്രബാദിന് 50 കി. മീ. അകലെയുള്ള രങ്ക റെഡ്ഡി ജില്ലയിലെ യാച്ചാരത്തെത്തിച്ചു. ഏറെക്കുറെ നിരപ്പായ സ്ഥലം. സുലഭ മായി വെള്ളത്തിന് സാദ്ധ്യത. ഏക്കറും ആവശ്യത്തിനുണ്ട്. വേണ്ടി വന്നാൽ ചേർന്നുകിടക്കുന്നതു ലഭിക്കും. ഹൈവേ കടന്നുപോകുന്നു. വൈദ്യുതി വന്നിട്ടുണ്ട്. ടെലിഫോൺ കമ്പി അയലത്ത് നിൽക്കുന്നു. പ്രമാണം വ്യക്തമാണ്. വിലയും വഹിക്കാം. “ഇതു മതി.” അന്വേഷണ സംഘം അനുകൂലമായി അവസാനവാക്കു പറഞ്ഞു. വേറെ ആലോചന വേണ്ട. മച്ചിലി പട്ടണത്തിൽ പണി തീർത്തുപോന്ന മലങ്കരസഭ യാച്ചാ രത്ത് അങ്ങനെ പണിയാരംഭിച്ചു.

അന്ന് യാച്ചാരം ഒരു കൊച്ചു ഗ്രാമം. അടുത്തുള്ള ഇബ്രാഹിം പട്ടണ ത്തിന്റെ കെയർഓഫിലാണ് അറിയപ്പെട്ടിരുന്നതും. ഇന്ന് മലങ്കരസഭയുടെ മക്കൾ വസിക്കുന്നിടത്തൊക്കെയും അതൊരു വീട്ടുപേരുമായിരിക്കുന്നു. കുറ്റിക്കാടുകൾ കൃഷിസ്ഥലമായി. കൃഷികൾ തന്നെ വിഭിന്നം. ഇല്ലാത്ത പഴവർഗ്ഗങ്ങളില്ല. പാൽ കുട്ടികൾക്ക് കഴിക്കാനും വിൽക്കാനും ഡയറി

ഫാമും, പാറപോലിരുന്നതിന്റെ മീതെയായി കെട്ടിടങ്ങളും ഓരോ വർ ഷവും അവിടെ ചെല്ലുമ്പോൾ പുതിയതെന്തെങ്കിലുമൊന്നു കാണും. പന്ത്രണ്ട് വർഷം മുമ്പ് കണ്ട് പോയിട്ടുള്ളവർ വന്നാൽ "ഇത് തന്നെയോ?" എന്ന് ശങ്കിച്ച് വാതിൽക്കൽ നിന്നെന്നു വരും. അത്രയ്ക്ക് മാറ്റമായിരിക്കുന്നു. മാറ്റമില്ലാതെ നിൽക്കുന്ന ഒന്നു മാത്രം. റമ്പാച്ചന്റെ വിശ്വാസം.

ഇത്രയും കേട്ടാൽ അവിടെ ഇനി പണത്തിനാവശ്യമില്ലെന്ന് തോന്നരുത്. അനുദിനം വളരുകയാണ്, അന്തേവാസികളുടെ അംഗസംഖ്യയും അനുബന്ധ സ്ഥാപനങ്ങളും. അതുകൊണ്ട് എന്നും ആവശ്യത്തിന്റെ വേലിയേറ്റത്തിൽത്തന്നെയാണ്. കണ്ടുപോയിട്ടുള്ളവർ മാർ ഗ്രിഗോറിയോസ് ബാലഗ്രാം മറക്കുകയില്ല. വാർഷികമായിട്ടെങ്കിലും ഓർക്കും. സംഭാവന അയക്കും. പ്രാർത്ഥിക്കും. മനസ്സിൽ മായാതെ നിൽക്കുന്നു.

പ്രാരംഭകാലം മുതലെ സാന്നിദ്ധ്യം, സഹകരണം, ഉപദേശം എന്നിവകൊണ്ട് സഭാംഗങ്ങളിൽ പലരും സഹായിച്ചുപോരുന്നു. വളർച്ചയ്ക്കുള്ള രൂപരേഖ അവർ നൽകിയതാണ്. ഏറെ അകലെയല്ലാതെ കൃഷ്ണരാജസാഗർ ഫെർട്ടിലൈസറുണ്ട്. അവിടത്തെ ഉപദേഷ്ടാവും ഡയറക്ടർ ബോർഡ് അംഗവുമാണ് ഏഷ്യയിൽ ആകമാനം അറിയപ്പെടുന്ന മാനേജ്മെന്റ് വിദഗ്ദ്ധനും രാസവളനിർമ്മാണ ഉപദേഷ്ടാവുമായ പത്മശ്രീ പോൾ പോത്തൻ. ആ സ്ഥാപനത്തിലേക്ക് പോകുമ്പോഴൊക്കെയും അനാഥശാലയിലേക്കും കടന്നുവരുവാൻ യാത്രക്കൊരുങ്ങുമ്പോഴെ സമയം മാറ്റിവയ്ക്കാറുണ്ട് അദ്ദേഹം. ഉപദേശം മാത്രമായി അവസാനിക്കുന്നില്ല. നാഗാർജ്ജുനയിൽ അദ്ദേഹത്തിനുള്ള ഷെയറിന്റെ ഡിവിഡന്റ് പോലും ഈ സ്ഥാപനത്തിനാണ് മാറ്റിവെച്ചിരിക്കുന്നതെന്നറിയുന്നു. മറ്റു വഴിക്കുള്ള വിവിധ സഹായവും. ഇതുപോലെ പലരുമുണ്ട് പല വിധത്തിലുമായി. അവരിലൊക്കെയും ഏറ്റവും സീനിയറായ ഒരാളുടെ കാര്യം പ്രാതിനിധ്യസ്വഭാവത്തോടെ സൂചിപ്പിച്ചുവെന്നേയുള്ളു.

അടിവേരുകൾ പന്തളത്താണെങ്കിലും ഇപ്പോൾ ഇബ്രാഹിംപേട്ടയിലുള്ള പ്രവർത്തനംകൊണ്ട് നാടിന്റെ നായകനായി രാഷ്ട്രീയ സാമൂഹ്യരംഗത്ത് ശോഭിച്ചുകൊണ്ടിരിക്കുന്ന ഒരു ഹിന്ദു സഹോദരന് ഈ സ്ഥാപനവുമായുള്ള ബന്ധം അറിയേണ്ടതു തന്നെയാണ്. അനാഥാലയം പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ. ഈ സഹോദരനാണോ അനാഥാലയത്തിലെ അന്തേവാസികളാണോ ആ പരിശുദ്ധനോടുള്ള പ്രാർത്ഥനയിൽ മുന്നിലെന്ന് സംശയിച്ചുപോകും. ആ സ്ഥാപനത്തിലെ എല്ലാ കാര്യത്തിലും അദ്ദേഹം ഒരുപോലെ പങ്കാളിയാണ്, സകുടുംബം അവരുടെ ആരാധനമുറിയിൽ സദാ പ്രകാശിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതി വിളക്കിനു മീതെ പരുമല തിരുമേനിയുടെ പടം. മദ്ധ്യസ്ഥപ്രാർത്ഥനയുടെ

അനുഭവം പറയുമ്പോൾ അറിയാതെ അദ്ദേഹം വാചാലനാകും. തദ്ദേശ വാസികളുടെ സഹകരണം ലഭിക്കുന്നതിനും കീർത്തി പെരുകുന്നതിനും ഇതു മാർഗ്ഗമൊരുക്കുന്നു. റമ്പാച്ചൻ ഇദ്ദേഹത്തെ കണ്ടെത്തിയതാണോ പരുമല തിരുമേനി കാണിച്ചുകൊടുത്തതാണോ? ചോദിച്ചാൽ രണ്ടുപേരും മൗനം.

സഭയുടെ അഭിമാനഭാജനമായിരുന്ന മുൻമന്ത്രി ഇലഞ്ഞിക്കൽ ജോൺ ജേക്കബിന്റെ ഭാര്യ സാറാമ്മക്കൊച്ചമ്മയ്ക്ക് ഈ സ്ഥാപനത്തോടുള്ള അടുപ്പം വനിതാപ്രാതിനിധ്യത്തോടെ ഓർക്കുകയാണ്. എപ്പോഴും ഊർജ്ജസ്വലതയോടെ ഇന്ത്യയിലും അമേരിക്കയിലും അവർ പ്രസംഗം പറയുന്നതു കേട്ടിട്ടുണ്ട്. സ്ഥാപനം സന്ദർശിക്കാറുമുണ്ട്. ഒരവസരം ഓർമ്മയിൽ ഓടി വരുന്നു. കുഷ്ഠരോഗികളുടെ ഞായറാഴ്ച പതിവുള്ള വാർഷികയോഗവും കഴിഞ്ഞ് അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനി ചിട്ടവിടാതെയുള്ള നടത്തത്തിനിറങ്ങി. കൂട്ടിന് ഞങ്ങളിൽ ചിലർ പിന്നാലെയും. പരസ്പരം തമാശ പറഞ്ഞും കുത്തുവാക്കു പറഞ്ഞും നടന്നതുകൊണ്ട് ദൂരമെത്ര പോയിയെന്നറിഞ്ഞില്ല. വഴിയിൽ കാണുന്ന കുഞ്ഞുങ്ങളെ താലോലിക്കാതെ പോകുന്നത് തിരുമേനിയുടെ പതിവല്ലല്ലോ. മാർഗ്ഗമദ്ധ്യേ കണ്ട റോമൻ കത്തോലിക്കാ സഭയുടെ സ്ഥാപനത്തിലും കയറി, പൊതുമര്യാദയുടെ പേരിലും അവിടത്തെ സ്ഥിതിഗതികൾ പഠിക്കുവാനും. മാത്രമല്ല അവിടത്തെ വൈദികൻ വാർഷിക സമ്മേളനത്തിന് വന്നപ്പോൾ ഒഴുക്കുമട്ടിൽ ക്ഷണവും ഇട്ടിരുന്നു. അതും കഴിഞ്ഞ് തിരിച്ചു നടന്നപ്പോൾ സന്ധ്യയാകുന്നു. ചാപ്പലിൽ പ്രാർത്ഥനയുടെ സമയവും ആകാറായി. വാശി പിടിച്ച് ഒരു നടത്തം. അറുപതു കഴിഞ്ഞവരുടെ ആഞ്ഞുനടപ്പ്. നടന്നുകൊണ്ട് ഓടുന്നു. ഓടിക്കൊണ്ട് നടക്കുന്നു. വഴിവക്കിലുള്ളവർ മത്സര ഓട്ടമാണെന്നേ കരുതുകയുള്ളു. അവിടെയും തിരുമേനി മുമ്പൻ. അപ്പോൾ അകലെനിന്നും പള്ളിമണി. നിറയെ വൈയ്ക്കോലുമായി വരുന്ന ലോറി ഡ്രൈവറെ സഹതാപമാർജ്ജിക്കുന്ന മുഖത്തോടെ തിരുമേനി നോക്കി. ഒരു കൈ അൽപം ഉയർത്തിക്കാണിച്ചു. കാര്യം നടന്നില്ലെങ്കിൽ ജാള്യനാകരുതെന്ന് കരുതിയാകണം കൈ മുഴുവൻ പൊക്കാതിരുന്നത്. പണി പറ്റി. ഡ്രൈവർ വണ്ടി നിറുത്തി. പരിചയസമ്പന്നനായ 'കിളി'യെപ്പോലെ നിരങ്ങിക്കൊണ്ടിരിക്കുന്ന വണ്ടിയിൽ തിരുമേനി ചാടിക്കയറി. ഈ കുറിപ്പുകാരൻ വൈക്കോൽ കൂട്ടത്തിലും. കൂടെയുണ്ടായിരുന്ന സാറാമ്മ കൊച്ചമ്മ തക്കത്തിന് ഒത്തുകിട്ടിയ പിന്നാലെ വന്ന വണ്ടിയിലും ഇതുപോലെ. അപ്പോൾ ആർക്കും പ്രായവും രോഗവുമില്ല. പള്ളിപ്പടിയ്ക്കൽ ലോറി നിറുത്തിയപ്പോൾ തിരുമേനി ഇറങ്ങിയതേയില്ല. ചാടുകയായിരുന്നു. അപ്പോൾ യഥാർത്ഥ 'കിളി'യുടെ ഒരു നോട്ടവും. വണ്ടിക്കയറുപിടിച്ചു താഴെ ഇറങ്ങിയപ്പോൾ അകത്തേക്ക് ഒരു ദുഃഖം കടന്നു. 'കിളി'യെ ക്യാമറയിലാക്കിയില്ല.

15

മൽപാൻ പാഠശാല: അനുഭവസാക്ഷ്യങ്ങൾ

വിദ്യ നേടുവാൻ വഴികൾ പലതാണ്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ പ്രചാരം അതിന്റെ വ്യാപാരം വർദ്ധിപ്പിക്കുന്നു. ബഹുസഹസ്രം മൈലുകൾക്കപ്പുറത്തിരുന്ന് അദ്ധ്യാപനം നടത്തുന്ന അദ്ധ്യാപകനെ ടി. വി. സെറ്റ് നാട്ടുമ്പുറത്തെ കൊച്ചുവീടിന്റെ ഇടുങ്ങിയ മൂലയിൽവരെ എത്തിക്കുന്നു. ആ ഗുരുവിന് ലോകത്തെമ്പാടും ഒരേസമയം ശ്രദ്ധിക്കുന്ന ശിഷ്യസമൂഹം. ശിഷ്യവലയത്തിന് ആഗോള ഗുരുവിന്റെ ദർശനം – മിനി സ്ക്രീനിലൂടെ – സ്പർശനം പറ്റുകയില്ലെങ്കിലും. എന്നാൽ ഗുരുകുല വിദ്യയ്ക്ക് ഇവയിലേറെ ശ്രേഷ്ഠത കൂടും. അത് പുസ്തകങ്ങളിലും പിരീഡുകളിലും ഒതുങ്ങിനിൽക്കുന്നതല്ല. അവിടെ അടയ്ക്കലും തുറക്കലുമില്ല. ഉന്തും ബന്തുമില്ല. ഹാജർ രേഖപ്പെടുത്താത്ത ആ ക്ലാസ്സുകൾ, ക്ലാസ്സുകളുടെ ക്ലാസിക്കുകളായിരുന്നു.

ഗുരുവിന്റെ മുഴുവൻ ജ്ഞാനവും ശിഷ്യന്. കൊടുക്കുന്തോറും കൂടുന്നതാണല്ലോ വിദ്യ. ഗുരുവിനെ തോൽപ്പിക്കുന്ന ശിഷ്യരുണ്ടാകുവാൻ ഗുരുഭൂതർ ജാഗരൂകരായിരുന്നു. ശിഷ്യന്റെ ഏറ്റവും വലിയ ബിരുദം ഗുരുവിന്റെ നാമമായിരുന്നു. ഇന്നും അറിയപ്പെടുന്ന പല വൈദ്യശ്രേഷ്ഠരും തങ്ങളുടെ പേരിനു മുമ്പായി ഗുരുവിന്റെ പാവനനാമം വെളിപ്പെടുത്തുന്നവരാണ്. സോക്രട്ടീസിന്റെ പേരിലൂടെ പ്ലേറ്റോ എന്നപോലെ. അരിസ്റ്റോട്ടിലും അങ്ങനെതന്നെ. ഗമാലിയേലിന്റെ പാദം പൗലോസ് ശ്ലീഹാ പുകഴ്ത്തിപ്പറയുന്നത് നമുക്ക് പരിചയമുള്ളതാണല്ലോ.

ക്രിസ്തീയ സഭയിലെ വൈദികവിദ്യാഭ്യാസം ഏറെക്കാലം ഗുരുകുല സമ്പ്രദായത്തിലായിരുന്നു. റോമൻ കത്തോലിക്കാ പാതിരിമാരും പ്രോട്ടസ്റ്റന്റ് പാസ്റ്റർമാരും സെമിനാരികൾക്ക് രൂപംകൊടുക്കുന്നതിനു മുമ്പ് പ്രമുഖരായ പട്ടക്കാരുടെ പള്ളികളായിരുന്നു പഠിത്തവീടുകൾ. അത് അതിന്റെ പൂമുഖമാകാം, പട്ടക്കാരന്റെ വീടിന്റെ കോലിറയമാകാം. പഠിത്തവീടെന്നുള്ളത് എത്ര പറ്റിച്ചേർന്നിരിക്കുന്നു.

വൈദിക ശുശ്രൂഷ വന്നകാലം മുതൽ വൈദിക പരിശീലനവും തുടങ്ങിയിട്ടുണ്ടല്ലോ. അതിന്റെ പഴക്കത്തിലേക്ക് അന്വേഷിച്ചിറങ്ങുന്നത് ആനന്ദകരമായ ഒരു മാനസിക വ്യായാമമാണ്. പ്രാരംഭത്തിന്റെ രൂപമറിയാൻ പ്രയാസമാണ്. പഴയകാലത്ത് പഴഞ്ഞിയിൽ അതുണ്ടായിരുന്നു. ഇന്നും

ആ പള്ളിയുടെ വടക്കുഭാഗത്തുള്ള പടിപ്പുരക്കെട്ടിടം അതിനുവേണ്ടി പണിതതാണെന്നും മുകൾത്തട്ടിൽ മൽപാന്മാരും താഴെ ശെമ്മാശന്മാരും താമസിച്ചിരുന്നുവെന്നും പുലിക്കോട്ടിൽ മത്തായി കത്തനാർ അവിടെ മൽപാനായിരുന്നുവെന്നും കോട്ടയം പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ തിരുമേനി അവിടെ പഠിപ്പിച്ചിരുന്നുവെന്നും, ആ നാട്ടുകാരനും ഗവേഷകനുമായ റവ. ഫാ. ജോസഫ് ചീരൻ "പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ'' എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു. മത്തായി മൽപാന്റെ മരണാനന്തരം പഴഞ്ഞിയിൽനിന്നും ആ വൈദിക കളരി പുലിക്കോട്ടിൽ തിരുമേനിയുടെ മേൽനോട്ടത്തിൽ ചാട്ടുകുളങ്ങര (കുന്നംകുളം) യിലേക്കും അവിടെനിന്ന് പഴയ പള്ളിയിലേക്കും മാറ്റിയതായും കുത്തൂർ ഗീവർഗീസ് റമ്പാൻ അവിടെ മൽപാനായിരുന്നുവെന്നും അദ്ദേഹം സാക്ഷിക്കുന്നു. മങ്ങൽ ഏറെ ഏൽക്കാത്ത സ്മരണകൾ.

ചരിത്രപ്രസിദ്ധമായ സുന്നഹദോസിനാൽ പ്രസിദ്ധമായ മുളന്തുരുത്തിക്കും മൽപാൻ പാഠശാലയെക്കുറിച്ച് പറയാനുണ്ട്. അവിടെ ശീമയിൽ നിന്നെത്തിയ മപ്രിയാനയും മാർ ഗ്രിഗോറിയോസും ഉയർന്ന നിലവാരത്തിൽ വൈദിക പരിശീലനം നൽകിയിരുന്നു. മറവിയിലേക്ക് മാറിക്കൊണ്ടിരിക്കുന്ന തേവനാൽ തടം (വെട്ടിക്കൽ) സുറിയാനി ഗാനാലാപനങ്ങളാലും ആരാധനാ പരിശീലനത്താലും ഒരിക്കൽ ധന്യമായിരുന്നു. കാട്ടുമങ്ങാട്ടു ബാവാമാർ എന്ന് പിന്നീടറിയപ്പെട്ട കൂറിലോസ് ഒന്നാമനും രണ്ടാമനും അവിടെ മൽപാന്മാരായിരുന്നു. ഇപ്പോഴത്തെ ശ്രേഷ്ഠ കാതോലിക്കാ പൗലൂസ് ദ്വിതീയൻ ബാവായുടെ വന്ദ്യപിതാവ് യൗസേപ്പു കത്തനാർ അവിടെയാണ് വൈദികപഠനം നടത്തിയതെന്ന് ഈ വിഷയം സംബന്ധിച്ചുള്ള ഒരു അഭിമുഖ സംഭാഷണത്തിൽ തിരുമേനി വെളിപ്പെടുത്തുകയുണ്ടായി.

ഇങ്ങനെ അന്വേഷിച്ചിറങ്ങുമ്പോൾ മൽപാൻ പാഠശാലകൾ കോലഞ്ചേരി, വെട്ടിക്കൽ, കരിങ്ങാച്ചിറ, പാമ്പാക്കുട എന്നിവിടങ്ങളിലേക്കെത്തും. ഇതേ സേവനം ചെയ്തിരുന്ന പൊതു സ്ഥാപനങ്ങളായ സെമിനാരികളെക്കുറിച്ച് പറയുമ്പോൾ ആലുവാ, മഞ്ഞിനിക്കര, പരുമല, ചിങ്ങവനം, കുണ്ടറ, മലേക്കുരിശ് എന്നിവയിലൂടെ കോട്ടയത്തെത്തും. അതൊരു വഴി. വേറെയും വഴികളുണ്ട്. ഇതൊരു സമ്പൂർണ്ണ ലിസ്റ്റല്ല. ലിസ്റ്റേ അല്ല. അതിനാൽ ലിസ്റ്റിൽ പെട്ടില്ലായെന്ന പരാമർശം അരുതേ! അൽപ്പജ്ഞാനത്തിൽ നിന്നും അതിനോടുചേർന്ന് ഓർമ്മയിൽനിന്ന് വന്നതാണ്. പലരും പറഞ്ഞുതന്നതും ഇവിടെ പകർത്തിയെന്നു മാത്രം. ഒരു പക്ഷേ പ്രഗത്ഭരായ വൈദികരുടെ പള്ളികളൊക്കെയും പഠിത്തവീടുകളായിരുന്നിരിക്കണം. പള്ളിക്കൂടങ്ങൾ.

സെമിനാരികളുടെ ചരിത്രത്തിൽ പേരുറച്ചില്ലെങ്കിലും ഉറപ്പേറിയ ശിക്ഷണം നൽകി അൻപതിലേറെ വൈദികരെ വളർത്തിയെടുത്ത മൽപാൻ പാഠശാലയാണ് വടവുകോട് വി. മാർത്തമറിയം പള്ളിയോട് ചേർന്നുണ്ടായിരുന്ന പരിശീലനകേന്ദ്രം. അവിടെ പഠിച്ചവർക്കൊക്കെ അത് സെന്റ് മേരീസ് സെമിനാരി. അവിടത്തെ ഗമാലിയേൽ ഞാർത്താങ്കൽ കോരുത് മൽപാൻ. സമുദായക്കേസ് സുപ്രീംകോടതിയിൽ വിധിയായ തിനെ തുടർന്ന് സഭയാകെ സമാധാനം പ്രാപിച്ച് കോട്ടയം പഴയസെമി നാരിയിലേക്ക് അദ്ധ്യാപനത്തിന് ക്ഷണിക്കപ്പെടുന്നതുവരെ മൽപാന ച്ചന്റെ ഈ സേവനം ഇവിടെ തുടർന്നു.

വെറും പ്രാദേശികനിലയിൽ പ്രവർത്തിച്ചിരുന്ന പഠിത്തവീടുകൾ മുതൽ ഉന്നതനിലയിൽ പ്രബോധനം നൽകിയ പാമ്പാക്കുട മൽപാൻ മന്ദിരം വരെ ഇന്ന് അതിൽനിന്ന് മാറിയിരിക്കുന്നു. വൈദിക പഠനം സർവ കലാശാലയോടനുബന്ധിച്ച് വ്യവസ്ഥാപിത കോഴ്സുകൾ നടത്തി ഡിഗ്രി നൽകി വിടുന്ന സംവിധാനത്തിലെത്തി നിൽക്കുമ്പോൾ രണ്ടും ഒന്നു തട്ടിച്ചുനോക്കുന്നത് വിധിയെഴുത്തല്ല. വിലയിരുത്തൽ മാത്രം.

സെമിനാരി സംവിധാനത്തിന്റെ മേന്മകൾ പലതാണ്. ആധുനിക കാല ത്തിന്റെ ആവശ്യത്തിന് അനുയോജ്യമായ വൈദികരെ വാർത്തെടുക്കു കയാണ് സെമിനാരിയുടെ വീക്ഷണം. ആളുകളുടെ ആത്മാവ് മാത്രമല്ല മനസ്സും ശരീരവും അവർ ശുശ്രൂഷ നടത്തുന്ന സമൂഹവും അതിന്റെ ഉൾക്കാഴ്ചയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഒരു ഭാഷ മാത്രം പഠിപ്പിച്ചിരുന്ന സ്ഥാനത്ത് ഭാഷകൾതന്നെ പലതായി. സുറിയാനി, ഇംഗ്ലീഷ്, ഗ്രീക്ക്. ആരാധന തന്നെയാണെങ്കിൽ മലയാളവും സുറിയാനിയും കടന്ന് ഹിന്ദി യിലേക്കും ഇംഗ്ലീഷിലേക്കും വ്യാപിക്കുവാൻ വ്യഗ്രത കൂട്ടുന്നു. മതപ ഠനം മതങ്ങളുടെ പഠനമായി മാറി. തിയോളജി, ഫിലോസഫി, സൈക്കോ ളജി, സഭാചരിത്രം, പഴയനിയമം, പുതിയനിയമം - അറിവും അന്വേ ഷണവും - ഡിപ്പാർട്ടുമെന്റുകളായി മാറുന്നു. അവ കൂടുന്നു. അതേറെ കൂടുമ്പോൾ അകന്നുപോകുന്നതിന്റെ ആപത്ത് മനസ്സിലാക്കി ഒന്നായി കാണുവാൻ ഉൾപ്രേരണയുണ്ടാകുന്നു. ആരാധനാചര്യകൾ മുതൽ യോഗാസനമുറകൾ വരെ മുടങ്ങാതെ പോകുന്നു. പ്രസംഗപാടവത്തിന് പ്രാക്ടീസ് പ്രീച്ചിംഗ് പോരെങ്കിൽ അൽപം കണക്കെഴുത്തുവിദ്യയും. ഇനി സ്വൽപ്പം നിയമബോധനവും കൂടി വേണം.

പൗരാണികവും ആധുനികവുമായ നിരവധി ഗ്രന്ഥങ്ങൾ നിറഞ്ഞ ലൈബ്രറി, ആനുകാലിക സംഭവങ്ങളും ആധുനിക വ്യാഖ്യാനങ്ങളും പ്രതിപാദിക്കുന്ന പ്രസിദ്ധീകരണങ്ങൾ. മാഞ്ഞുപോകുന്ന അക്ഷരങ്ങൾ വീണ്ടും മായാതിരിക്കുവാനായി സൂക്ഷ്മതയോടെ സംരക്ഷിക്കുന്ന മൈക്രോഫിലിം ലൈബ്രറി.

പഠിത്തമാണെങ്കിൽ അടിസ്ഥാനപഠനത്തിനുശേഷം സ്പെഷ്യലൈസേഷനും കഴിഞ്ഞ് പി.എച്ച്.ഡി. വരെ എത്തുന്നു. അതിന് പഠിതാക്കളെ ഗൈഡു ചെയ്യുവാൻ ഇവിടത്തെ ഉയർന്ന പഠനം കഴിഞ്ഞ് വിദേശത്തു പോയി പ്രത്യേക വൈദഗ്ദ്ധ്യം നേടിയ ഫാക്കൽറ്റി. അതുകൊണ്ട് എല്ലാ രീതിയിലും ഈ നൂറ്റാണ്ടിന് പറ്റിയതാണ് ഇന്നത്തെ സെമിനാരികൾ. ഇവിടെയും, എവിടെയും ഈ സംവിധാനത്തിലൂടെ ഇറങ്ങുന്ന യുവവൈദികർ എന്തുകൊണ്ടും ജനത്തിന്റെ മുമ്പാകെ നിർത്താവുന്ന പുരോഹിതൻ തന്നെ. മുമ്പിൽ നിൽക്കുന്നവരാണല്ലോ പുരോഹിതർ. ചുരുക്കിപ്പറഞ്ഞാൽ ഇന്നത്തെ സെമിനാരി അഭ്യസനം academic and professional തന്നെ. സംശയമില്ല.

പഴയ മൽപാൻ പാഠശാലയ്ക്ക് ഇതിന്റെ പത്തിലൊന്നു പറയാൻ പറ്റുകയില്ല. മൽപാൻ രീതിയുടെ മേന്മ മറ്റൊന്നാണ്. ഒരുപക്ഷേ അത് അതിന്റേതു മാത്രമായിരിക്കാം. ചുരുക്കം ചിലർ ഉന്നതങ്ങളിലേക്ക് എത്തിനോക്കാറുണ്ടെങ്കിലും അധികം വിദ്യാർത്ഥികളും അത്യാവശ്യം വേണ്ട കർമ്മാദികൾക്ക് ആവശ്യമായവ മാത്രം കൈമുതലാക്കി പള്ളിയിലേക്ക് കടക്കുന്നവരായിരുന്നു. അവർക്ക് ഒരദ്ധ്യാപകനേ ഉണ്ടായിരുന്നുള്ളു. മൽപാൻ മാത്രം. ഉള്ളതു മുഴുവനും ആ ഗുരുവിൽനിന്നു കേട്ടതും കണ്ടു പഠിച്ചതും. ഗുരു പഠിച്ചതും ജീവിതത്തിൽ നിന്നനുഭവമാക്കിയതും അവർക്ക് പറഞ്ഞുകൊടുക്കും. അത് 'മണിയടിച്ചു' കൂട്ടുന്ന കൂട്ടമായിരുന്നില്ല. ഉപവാസത്തോടുകൂടിയ ഉച്ചനമസ്കാരം കഴിഞ്ഞ് കഞ്ഞി കുടിക്കുമ്പോഴും കൂദാശയ്ക്ക് കൂടെ കൊണ്ടുപോകുമ്പോഴുമായിരുന്നു ആ പോഷണം. കോരിക്കൊടുത്തുകൊണ്ടിരുന്നത് ആ ജീവിതം തന്നെയായിരുന്നു. അതൊരുതരം ഓപ്പൺ യൂണിവേഴ്സിറ്റി. ഒരു ഉപാസന.

പരീക്ഷയില്ലാത്ത പഠിപ്പും പരിശീലനവും കഴിഞ്ഞ് പിരിഞ്ഞുപോകുമ്പോൾ ചില്ലിട്ടുവയ്ക്കാവുന്ന ഡിഗ്രി കൊടുത്ത് അവരെ അയയ്ക്കാറില്ല. ചില്ല് ആവശ്യമില്ലാത്തതും ചിന്തിക്കാവുന്നതുമായ ഹൃദയംകൊടുത്താണ് മൽപാൻ മടക്കിവിടുന്നത്. ഹൃദയമിടിപ്പ് മരിക്കുന്നതുവരെ ആ സഹൃദയത്വം സജീവമായിരുന്നു. അവിടെ പൂർവ്വവിദ്യാർത്ഥികൾ എന്നൊരു കൂട്ടരുണ്ടായിരുന്നില്ല. മൽപാൻ ശിഷ്യന്റെ മനസ്സിലും ശിഷ്യൻ മൽപാന്റെ ഹൃദയത്തിലും. പ്രാർത്ഥനയിലും കുർബാനയിലുമായി അത് വർത്തമാനത്തിലായിരുന്നു. രണ്ട് വാക്കുകളിൽ ആ പരിശീലനം ഒതുക്കിയാൽ അത് Lovely and lively ആയിരുന്നു. തീർച്ച തന്നെ.

ഈ പശ്ചാത്തലത്തിലാണ് വടവുകോട്ടിലെ മൽപാൻ പാഠശാലയെക്കുറിച്ചുള്ള സ്മരണകൾ ഉയരുന്നത്. അവിടത്തെ പഠിത്തം മതിയാക്കി പോയാലും ആ പള്ളിയിലേക്ക് വരുവാൻ ശിഷ്യർ എന്നെന്നും

കൊതിക്കും. അവരെ ഒരുമിച്ചുകൂട്ടുവാൻ മൽപാനും മനസ്സുവയ്ക്കും. പള്ളിപ്പെരുന്നാളും സണ്ടേസ്കൂൾ വാർഷികവും അതിന് മുഖാന്തിര മാകും. പഠിത്തം കഴിഞ്ഞ് പോയി ശുശ്രൂഷ നടത്തിത്തുടങ്ങുമ്പോൾ ഉണ്ടാകുന്ന സംശയം തീർക്കുവാനും ആരാധന ഹൃദ്യമായിട്ടൊന്നനുഭ വിക്കാനും ഈ സംഗമം സാദ്ധ്യമാക്കും. പേരിട്ടു വിശേഷിപ്പിക്കാത്ത ഒരു Refresher course ആയിരുന്നു ഈ കൂടിവരവും കൂട്ട ആരാധനയും.

ഇവിടെയുമുണ്ടായിരുന്നു practice preaching. Preaching മുന്തിയ പ്രാക്ടീസായിരുന്നില്ലെങ്കിലും വലിയ നോമ്പുകാലത്തെ ഞായറാഴ്ചക ളിലും മറ്റ് പ്രത്യേക അവസരങ്ങളിലും ഇടവകയുടെ വിവിധ ഭാഗങ്ങ ളിൽ കുടുംബയോഗങ്ങൾ സംഘടിപ്പിക്കും. ഈ യോഗങ്ങളിൽ മൽപാ നച്ചന്റെ ആമുഖം കഴിഞ്ഞാൽ പിന്നെ ശിഷ്യരുടെ ഊഴമായി. ശരിയായ പരിശീലനം ഭാവനയിലുള്ള ഇടവകയോടല്ല, സാക്ഷാൽ ആടുകളോടാണ് സംസാരം. ഒരാൾ സുവിശേഷമെങ്കിൽ രണ്ടാമൻ വിശ്വാസക്കാര്യം. മൂന്നാ മൻ കൗതുകവാർത്തകൾ. നാലാമൻ നാട്ടുവിശേഷങ്ങൾ. അക്ഷരാഭ്യാ സവും പത്രവായനയും അത്രയ്ക്ക് പ്രചാരമില്ലാതെയിരുന്ന ഒരു നാട്ടു മ്പുറമായ ഈ വടവുകോട്ടിൽ നാൽപതുവർഷം മുമ്പുള്ള ഈ പ്രസംഗ ങ്ങൾ എത്ര പ്രസക്തമായിരുന്നു. പഠിച്ച പാട്ടുകൾ ഇറക്കുവാനുള്ള അവ സരവും ശിഷ്യർക്ക്. പിൽക്കാലത്ത് സഭയിൽ പേരെടുത്ത പല വൈദിക പ്രസംഗകരും ഈ ഇടവകയുടെ വീട്ടുമുറ്റത്ത് പറഞ്ഞ് പഠിച്ചവരാണ്.

വൈദികപഠനം നടത്തിയിരുന്നവർ, വികാരി മൽപാനച്ചന്റെ വിദ്യാർത്ഥി കൾ മാത്രമായിരുന്നില്ല. ഈ ഇടവകയ്ക്ക് പ്രിയപ്പെട്ട സഹപ്രവർത്തക രുമായിരുന്നു. സണ്ടേസ്കൂൾ കാര്യത്തിലും മറ്റ് പലതിലും. ഇടവകയാകെ അവർക്കൊരു തറവാടായിരുന്നു. ആ കാഴ്ചയും കരുതലും പരസ്പരമു ണ്ടായിരുന്നു. പള്ളിപണിയിൽ അവർ ആത്മാർത്ഥമായി സഹകരിച്ചു. ശെമ്മാശന്മാരുടെ താമസത്തിനും ഭക്ഷണത്തിനും സൗഹൃദമായ സഹായം പള്ളി നൽകി. ഇടവകയിലെ വീടുകളുമായിട്ടുള്ള ബന്ധം അക ലെയിരുന്നുപോലും പുലർത്തിക്കൊണ്ടുപോന്നു. ശെമ്മാശന്മാർ വീട്ടിൽ പോകുമ്പോൾ യാത്രയ്ക്കാവശ്യമായ പണം ഉണ്ടോ എന്നുവരെ മൽപാ നച്ചന്റെ അന്വേഷണം എത്തിയിരുന്നു.

മൽപാനച്ചന്റെ കൂടെയുള്ള ഭവനസന്ദർശനം ഏറെ പ്രത്യേകത നിറ ഞ്ഞതാണ്. വീട്ടിലുള്ള എല്ലാവരോടുംതന്നെ എന്തെങ്കിലും സംസാരി ക്കാതെ തിരിച്ചുപോരുകയില്ല. പൊതുവായ വിഷയം സംസാരിച്ചു തീർ ന്നാൽ അവരവർക്കു പറ്റിയ പ്രത്യേക വിഷയം വരവായി. കുട്ടികളുടെ പഠനം മുതൽ പ്രിയമുള്ളവരുടെ രോഗാന്വേഷണംവരെ അതെത്തും. വീട്ടി ലുള്ളവരിൽ മാത്രമായി അതവസാനിക്കുകയില്ല. വീടിന്റെ ചുറ്റുപാടു

മൊന്നു ശ്രദ്ധിക്കും. പൊതു ആരോഗ്യത്തിന് ഹാനികരമായ എന്തെങ്കിലും കണ്ടാൽ വെടിപ്പിന്റേയും വിശുദ്ധിയുടേയും സാരോപദേശം ഉയരും. അമ്മി ക്കല്ലിന്റെ ചുവടും ഉരലിന്റെ കുഴിയും അടുക്കളയുടെ മൂലയും വിമർശി ക്കപ്പെടും. അന്ന് കുഗ്രാമങ്ങളിലെ വീടുകൾ കയറി ഇറങ്ങുമ്പോൾ അതിന്റെ ആവശ്യം ധാരാളമുണ്ടായിരുന്നു. ഇന്ന് ആരോഗ്യകേന്ദ്രങ്ങളിൽ നിന്ന് അന്വേഷണത്തിനിറങ്ങുന്ന ഹെൽത്ത് വിസിറ്റർമാർക്കുപോലും ഈ കാര്യത്തിൽ മൽപാനച്ചനെ തോൽപ്പിക്കാനൊക്കുകയില്ല.

ആത്മീയ തീക്ഷ്ണതയും അതിഥിസൽക്കാരവും മൽപാനച്ചനിൽ തെളിഞ്ഞുനിൽക്കുന്ന രണ്ട് മേന്മകളാണ്. അത് കുടുംബത്തിന്റെ മുഖ മുദ്രയാണ്. ഈ നിഷ്ഠയുടെ ഉറവിടം അന്വേഷിച്ചു ചെല്ലുമ്പോൾ എത്തി ച്ചേരുന്നത് ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ – തന്റെ ആത്മീയ പിതാവും വന്ദ്യ മൽപാനുമായ വലിയ തിരുമേനിയിൽ – പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായിൽ. വളർച്ചയുടെ തക്കസമയത്ത് കരുപിടിപ്പിച്ചതാണ് ആ ധന്യശീലങ്ങൾ. അതിന്റെ ഫലം ശിഷ്യരും ആസ്വ ദിച്ചു. ശ്രുതിമധുരമായ ഭക്തിഗാനാലാപം, സ്ഫുടമായ വായന, ധ്യാന നിരതമായ നിമിഷങ്ങൾ, ആളും ആരാധനയും ഒരുമിച്ചലിഞ്ഞുചേരു മ്പോൾ അനുതാപത്തിന്റെ അഗ്നിസ്ഫുരണങ്ങൾ ഇടവക മുഴുവനേയും വഹിച്ചുകൊണ്ട് മദ്ബഹായിൽനിന്ന് പ്രുമിയോൻ ചൊല്ലുമ്പോൾ നിരു ദ്ധകണ്ഠത്തിൽനിന്ന് അടർന്നുവീഴുന്ന വാക്കുകൾ. വലിയ തിരുമേനി യുടെ വാത്സല്യപുത്രന്റെ ആരാധന. കൂടെയുള്ളവർക്കുള്ള അസുലഭ മായ അനർഘ അവസരം.

മൽപാൻ പാഠശാലയിൽനിന്ന് മൽപാൻ വീട്ടിലേക്ക് വന്നിട്ടുള്ളവരാ രുംതന്നെ ആ കുടുംബത്തിന്റെ സ്നേഹമേറിയ സമൃദ്ധമായ ആതിഥ്യം ആസ്വദിക്കാതെ പോകുകയില്ല. മറ്റുള്ളവരെ എത്ര തൃപ്തിപ്പെടുത്തി യാലും പൂർണ്ണ തൃപ്തി വരാത്തതാണ് ആ കുടുംബം. വൈദികൻ അതി ഥിപ്രിയനായിരിക്കണമെന്നാണ് തീമോത്തിയോസിലൂടെ പൗലോസ് ശ്ലീഹാ പ്രബോധിപ്പിക്കുന്നത്. ശാന്തനായിരിക്കണമെന്നും കൂട്ടിച്ചേർ ക്കുന്നു. അപ്പസ്തോലൻ മൽപാനച്ചനോടാണോ ഇത് പറഞ്ഞതെന്ന് തോന്നിപ്പോകുന്നു.

സിലബസിലില്ലാത്തതും സിലബസില്ലാത്തതുമായ ഒട്ടേറെ കാര്യങ്ങൾ മൽപാനച്ചൻ പഠിപ്പിച്ചു. പഠിപ്പിക്കുന്നു. മൽപാനച്ചന്റെ ഭാഷ്യത്തിൽ 'പ്രാക് ടിക്കോളജി.' തിയോളജി പഠിച്ച് പരീക്ഷയെഴുതി ഡിഗ്രിയുമായി പിരി ഞ്ഞുപോകുന്നവരോട് അവസാന വാക്കെന്നോണം അദ്ദേഹം ഓർപ്പിക്കും: 'ഇനിയങ്ങോട്ട് പ്രാക്ടിക്കോളജിക്ക് പ്രസക്തി കൂടും.'

ഇന്നും ശിഷ്യർ ഒത്തുകൂടുമ്പോൾ ആ കാര്യം ഓർത്തും ഓർമ്മിച്ചും

ചിരിക്കാറുണ്ട്. ചിന്തിക്കാറുണ്ട്. അതിന്റെ കൂടെ കൂടുവാൻ മൽപാനും മടിയില്ല.

മുഖാമുഖം

മൽപാന്മാരുടെ ഈറ്റില്ലമായ കോനാട്ട് കുടുംബത്തിലെ മൽപാന്മാരുടെ പ്രവർത്തനങ്ങൾ പുനരുദ്ധരിക്കുന്ന ത്രിശായ് ശുബഹോ സെന്ററിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് മലങ്കര മൽപാൻ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെടുന്ന ഞാർത്താങ്കൽ കോരുത് മൽപാനുമായി 'വെള്ളിക്കോൽ' നടത്തിയ അഭിമുഖം.

മൽപാനച്ചൻ എത്രാമത്തെ വയസ്സിലാണ് ആദ്യ പട്ടമേറ്റത്? ആരാണ് അത് നൽകിയത്?

14–ാം വയസ്സിൽ ശെമ്മാശനായി – ക്ലാസ്സിൽ പഠിക്കുമ്പോൾ. അന്നത്തെ അന്ത്യോഖ്യാ പ്രതിനിധി മാർ യൂലിയോസാണ് പട്ടം നൽകിയത്. സ്ലീബാ മാർ ഒസ്താത്തിയോസ് തിരുമേനി സഹകാർമ്മികനായിരുന്നു.

കത്തനാർ പട്ടമോ?

ആലുവായിലെ വലിയ തിരുമേനി. പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ.

മൽപാനച്ചന്റെ മല്പാൻ ആരായിരുന്നു?

വലിയ തിരുമേനി എനിക്ക് പിതാവും ഗുരുവുമായിരുന്നു. സെക്രട്ടറി ശെമ്മാശനായി 9 വർഷം ഞാൻ തിരുമേനിയുടെ കൂടെ താമസിച്ചു. മാറാച്ചേരി ഇട്ടീരാ മൽപാനച്ചനാണ് സുറിയാനി പഠിപ്പിച്ചത്, തൃക്കുന്നത്ത് സെമിനാരിയിൽ. മഞ്ഞിനിക്കരയിൽ മൽപാൻ അബ്ദുൾ ആഹാദ് റമ്പാച്ചനും (പാത്രിയർക്കീസ് യാക്കൂബ് തൃതീയൻ) ആരാധനാ സംഗീതത്തിന് പ്രധാന ഗുരു അദ്ദേഹമായിരുന്നു. ഔഗേൻ ബാവായുടെ കൂടെയും ഒരു വർഷം പഠിച്ചിട്ടുണ്ട്.

പെട്ടെന്ന് സതീർത്ഥ്യരിൽ രണ്ടാളുടെ പേർ പറയാമോ?

ഡോക്ടർ വി. സി. ശാമുവേലച്ചൻ, സി. വി. ജോർജ് കോർഎപ്പിസ്കോപ്പാ.

മൽപാനായിട്ട് എത്ര വർഷമായി?

ഞാൻ മൽപാനായി ജനിച്ച ഒരു വർഷമില്ല; മൽപാൻ വയസ്സ് പറയാൻ.

അച്ചൻ മൽപാനല്ലേ?

ചിലർ അങ്ങനെയും വിളിക്കുന്നു.

ആ വിളിയിൽ അർത്ഥമില്ലേ?

അർത്ഥമൊക്കെ വിളിക്കുന്നവരെ ആശ്രയിച്ചിരിക്കും.

ആ വിളി എങ്ങനെയാണ് വന്നത്?

ഞാൻ കുറച്ചുകാലമായി സുറിയാനിയിലും ആരാധനാക്രമങ്ങളിലും ഏതാനുംപേർക്ക് പറഞ്ഞു കൊടുക്കുന്നു. ഇതാരംഭിച്ചുകഴിഞ്ഞ് കുറേ കാലത്തേയ്ക്ക് ശിഷ്യരുൾപ്പെടെ എല്ലാവർക്കും ഞാൻ അച്ചൻ തന്നെ യായിരുന്നു. പിന്നെ കുറേശ്ശെ മൽപാനായി. എന്നാൽ ഇന്നും എന്റെ ഇട വകയിലെ ഏറെപ്പേർക്കും ഞാൻ അച്ചൻ തന്നെ.

സുറിയാനി പഠിപ്പിച്ചു തുടങ്ങിയിട്ട് എത്രകാലമായി?

ഒരു വിധത്തിൽ പറഞ്ഞാൽ പഠിക്കുന്നതിന്റെ കൂടെ തന്നെ പഠിപ്പിച്ചു തുടങ്ങി. ശെമ്മാശനായിത്തന്നെ. ഒറ്റയായും കൂട്ടമായും പറഞ്ഞുകൊടു ക്കൽ. അച്ചനായിട്ട് ഇപ്പോൾ 50 വർഷം കഴിഞ്ഞു.

ഈ കാലഘട്ടങ്ങളിലായി എത്ര വൈദിക വിദ്യാർത്ഥികളെ അഭ്യസി പ്പിച്ചിട്ടുണ്ട്.

ആ കണക്കൊന്നും മനസ്സിൽ കൊണ്ടുനടക്കാറില്ല. എന്നാലും അവ രൊക്കെ എന്റെ മനസ്സിലുണ്ട്. എവിടെ കണ്ടാലും തിരിച്ചറിയാനും പേരെ ടുത്തു വിളിക്കാനും പ്രയാസമില്ല.

പ്രായമേറിയാലും പേരു മറക്കില്ലേ?

അതു അടുപ്പംപോലെയല്ലേ? സാധാരണഗതിയിൽ മക്കളുടെയും കൊച്ചുമക്കളുടെയും പേരുകൾ മറക്കാറുണ്ടോ? ചില ഹെഡ്മാസ്റ്റർമാർ ഒട്ടേറെ പൂർവവിദ്യാർത്ഥികളുടെ പേരെടുത്ത് വിശേഷം ചോദിക്കുന്നത് കേട്ടിട്ടുണ്ട്. അത്രയും ശിഷ്യർ എനിക്കില്ലല്ലോ.

ശിഷ്യരിൽ പ്രമുഖർ ആരാണ്?

സമയമായിട്ടില്ല. അവസാനത്തെ ശിഷ്യനെ കണ്ടിട്ടു പറയാം.

ആദ്യ ശിഷ്യൻ?

ബ്രഹ്മപുരത്ത് പണത്തുള്ളിൽ ഏബ്രഹാം കത്തനാർ.

അര നൂറ്റാണ്ടിലേറെക്കാലം മൽപാനായ അച്ചനെന്താ കോർഎപ്പി സ്കോപ്പായാകാത്തത്?

സ്വയമായി ആകുന്നതല്ലല്ലോ അത്. പഴക്കംകൊണ്ട് വന്നുചേരുന്ന

മൽപാൻ സ്ഥാനംപോലെയുമല്ല.

ആ സ്ഥാനത്തേയ്ക്ക് ക്ഷണിക്കപ്പെട്ടാൽ?

(മൗനം)

അച്ചന് മലങ്കര മൽപാൻ പദവി നൽകി മലങ്കരസഭ ബഹുമാനിക്കുവാൻ ആഗ്രഹിക്കുന്നതായി അറിഞ്ഞല്ലോ? എന്താണത്?

ഞാനും കേട്ടു. അത്രമാത്രം.

മലങ്കര മൽപാന്മാർ കോർഎപ്പിസ്കോപ്പാമാരായിരുന്നല്ലോ. കോനാട്ട് മൽപാന്മാർ?

എല്ലാവരും അങ്ങനെയായിരുന്നില്ല. മലങ്കര മൽപാൻ കോനാട്ട് മാത്തൻ കത്തനാർ മാത്രമേ കോറെപ്പിസ്കോപ്പാ ആയിരുന്നുള്ളു.

അതൊരു വലിയ പദവിയല്ലേ?

ഇന്നൊരു വെറും സ്ഥാനം മാത്രം.

എവിടെയൊക്കെ പഠിപ്പിച്ചിട്ടുണ്ട്?

പഠിപ്പിച്ച കാര്യം പറഞ്ഞാൽ വടവുകോട് രാജർഷി സ്കൂൾ മുതൽ തുടങ്ങണം. ജന്മനാട്ടിൽ കുറച്ചുനാൾ അദ്ധ്യാപകനായിരുന്നു. പിന്നെ അവിടെത്തന്നെ സുറിയാനി അദ്ധ്യാപനം. അതൊരുതരം പഠിത്തവീട് മട്ടിലായിരുന്നു. പള്ളിമേടയിലും വീട്ടിലുമൊക്കെയായി – അതിനുശേഷം മലേൽകുരിശ് സെമിനാരി. പിന്നെ ഇവിടെ കോട്ടയത്തും. അരങ്ങേറ്റം തൃക്കുന്നത്ത് സെമിനാരിയിൽ.

അച്ചൻ മൽപാൻ പാഠശാലയിലും ചെറിയ സെമിനാരിയിലും വലിയ സെമിനാരിയിലുമൊക്കെ പഠിപ്പിച്ചിട്ടുണ്ടല്ലോ. പഴയതോ പുതിയതോ നല്ലത്?

എന്താണ് ഉദ്ദേശ്യം? (ചിരി രണ്ടുപേരും)

ഒരു താരതമ്യ പഠനത്തിന്.

അമ്മ വാരിത്തന്ന ചോറാണോ ഭാര്യ മേശപ്പുറത്ത് വയ്ക്കുന്ന ഭക്ഷണമാണോ നിങ്ങൾക്ക് പ്രധാനപ്പെട്ടത് (മറുചോദ്യം). ഏതാ മോശം? വേണ്ട. ചോദ്യം തന്നെ മോശം. മറ്റെ സംവിധാനം ഇപ്പോൾ നിലവിലില്ലല്ലോ? ചത്ത കുട്ടിയുടെ ജാതകമെന്തിനാ നോക്കുന്നത്?

അല്ല. ചരിത്രം ഒരു ഗുരുവാണല്ലോ, മൽപാൻ?

(അൽപനേരം ശബ്ദമില്ലാത്ത മുഖാമുഖം)

16

സ്മൃതി ചിന്തകൾ

മൂന്നാം സഹസ്രാബ്ദം. അതിന് തിരികൊളുത്തുന്ന നൂറ്റാണ്ട്. കൈ കോർത്തുവരുന്ന ആ നാളുകൾക്ക് വരവേൽപ്പ് നൽകുവാൻ മാലോക രാകെ മനസ്സുനിറയെ ആലോചനയുമായി ഇടനാഴിയിൽ ഇരിപ്പാണിപ്പോൾ. ഭാവനയിലെ ക്യാൻവാസിൽ കാരിക്കേച്ചറുകൾക്ക് രൂപവും ഭാവവും നൽകുന്നു. കോറിയിടുന്നതുപോലെ ചിത്രം തെളിയുമോ? വ്യക്തമല്ലാത്തതുകൊണ്ട് വ്യാഖ്യാനം എങ്ങനെയുമാകാം. എന്നാലും കണക്കുക്കൂട്ടി കാത്തിരിക്കുന്നത് കൗതുകകരമാണ്.

ലോകത്തിനാകമാനം ഇതൊരു ജനപ്പിറവിയാണോ? വാതുക്കൽ വന്നു നിൽക്കുന്നത് ഇരുപത്തൊന്നാം നൂറ്റാണ്ടല്ലാത്തതായ ആണ്ടും മാസവുമൊക്കെ നമ്മുടെ കൂടെയുണ്ട്. മലയാളക്കരയിൽ ഇംഗ്ലീഷ് കണക്കിന് സർവ്വത്ര മേൽക്കോയ്മയ്ക്ക് അര നൂറ്റാണ്ടായതേയുള്ളൂ. അതിനു മുമ്പുള്ളവരുടെ ജന്മം കുറിച്ചത് മലയാളവർഷത്തിലാണ്. അത് 12-ാം നൂറ്റാണ്ടിലേക്ക് കടക്കുവാൻ ഇനി 26 വർഷവും കൂടിയുണ്ട്. ഹിജറാ വർഷം 15-ാം നൂറ്റാണ്ട് പിന്നിട്ടിട്ട് 19 കൊല്ലം കഴിഞ്ഞതേയുള്ളൂ. 1952-ലാണ് ഓർത്തഡോക്സ് സഭ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചത്. അന്ന് നമ്മൾ പാലിച്ചിരുന്ന ജൂലിയൻ കലണ്ടറാണ് ഇന്ത്യയിലെ കൽദായസഭ ഇന്നും ആചരിച്ചുപോരുന്നത്. ഏതാനും ദിവസങ്ങൾക്കു മാത്രമേ മാറ്റമുള്ളൂ. ഇനിയും കാണാം, വ്യത്യസ്തമായ വർഷാചരണക്കാർ. എന്നാൽ, ലോകം നീങ്ങുന്നത് ക്രിസ്താബ്ദത്തിലൂടെയാണ്. അതുകൊണ്ട് കാലെടുത്തു വയ്ക്കുന്ന കാലഘട്ടം സർവ്വപ്രധാനമാണ്. പ്രത്യേകിച്ചും പിറകിലേക്ക് നോക്കി കുറവു കാണാനും മുന്നിലേക്ക് തിരിഞ്ഞ് തീരുമാനമെടുക്കാനും ഇതുവരെ നടത്തിയവരെ നമസ്ക്കരിക്കണം.

പിറകോട്ട് നോക്കിനോക്കി പോകുമ്പോൾ കടന്നുപോയ ചില കാൽപാടുകൾ കണ്ടില്ലെന്നു വരും. അതു നടക്കാതിരുന്നിട്ടല്ല പാടുകൾ പതിയാതിരുന്നിട്ടുമായിരിക്കുകയില്ല. മാഞ്ഞുപോകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടവർ മറന്നുപോയിട്ടാകാം. ചരിത്രമില്ലാത്തതാണല്ലോ നമ്മുടെ ചരിത്രം. ഉണ്ടായിരുന്നത് പലരും നശിപ്പിച്ചപ്പോഴും കടലുകടത്തിക്കൊണ്ടുപോയപ്പോഴും ഉറങ്ങിപ്പോയത് അതിന്റെ ബാക്കിപത്രം. വരുംതലമുറയ്ക്ക് കനകനിധിയായി കൈമാറുവാനുള്ളതാണ് നമ്മുടെ സംസ്കാരം. അത് വിവരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന സാഹിത്യം - ശാസ്ത്രവും സമ്പത്തും. അതാണ് ഹെരിറ്റേജ്.

ഹെരിറ്റേജ് എന്ന ഒറ്റ വാക്ക് എത്രയോ കാര്യങ്ങളുടെ ആകെത്തുകയാണ്. അളന്ന് അറിയുക. എണ്ണിത്തിട്ടപ്പെടുത്തുക. ഒരു രാജ്യത്തിന്റെ തലമുറതലമുറയായി പകർന്നുപോന്ന ആചാരാനുഷ്ഠാനങ്ങളുടെ സംഹിതയാണത്. പ്രത്യേകമായി ജനജീവിതത്തിലും ചരിത്രരൂപീകരണത്തിലും സ്വാധീനമേകിയ അടിവേരുകൾ. പൈതൃകമെന്ന പദം എത്രയോ ധന്യമേറിയത്. അതിൽ പിതാവിന്റെ മാത്രമല്ല മാതാവിന്റെ പങ്ക് ഒപ്പത്തിനൊപ്പമോ അതിലേറെയോ ഉണ്ട്. വിവാദത്തിന് വരാതെതന്നെ ആരും അംഗീകരിക്കും. പുരുഷമേധാവിത്വത്തിന് നോക്കുകുത്തിയായി ആ പദം നിൽക്കട്ടെ!

നവ നൂറ്റാണ്ട് ചേക്കേറുന്നതോടുകൂടി ആഗോളവ്യാപകമായി തിരിഞ്ഞുനോട്ടത്തിനും മുൻ ഒരുക്കത്തിനുമായി സംസ്കാര കാരണവന്മാർ കൂട്ടംകൂടുന്ന വിശേഷമാണ് വാർത്താപത്രങ്ങൾ ബെഡ്കാപ്പിക്ക് വെയ്ക്കുന്നത്. അത്താഴ ഊട്ടിനോടൊപ്പം ദൂരദർശൻ വിളമ്പുന്നതും 21 എങ്ങനെ എഴുതാമെന്നാണ് ചിന്താധാര. മാനസികമായും സാംസ്കാരികമായും ഒരുങ്ങുവാനുള്ള പ്രഭാതഭേരി മുഴങ്ങിത്തുടങ്ങി. എഴുതിത്തീർന്നിട്ടില്ലാത്ത അതിന്റെ അഡ്ഹോക്ക് അജണ്ടയിൽ ആദ്യം ഇടംതേടിയിട്ടുള്ളതാണ് ഹെരിറ്റേജ് സംരക്ഷണം.

ഹെരിറ്റേജ് സംരക്ഷണം - സർക്കാർതലത്തിൽ

കഴിഞ്ഞ ജൂലായ് അവസാനത്തോടുകൂടി ഇന്ത്യാ ഗവണ്മെന്റിന്റെ പുരാവസ്തു ഗവേഷണവിഭാഗം 3593 സ്ഥാപനങ്ങൾ പേരെടുത്തു പറഞ്ഞ് വേർതിരിച്ച് ഹെരിറ്റേജ് എന്ന് മുദ്ര കുത്തിവച്ചിട്ടുണ്ട്. സ്വാഭാവികമായും എണ്ണം കൂടിക്കാണും. സംസ്ഥാനങ്ങളിൽ മുൻസിപ്പാലിറ്റികളുടെ കണ്ണ് ഇതിനോടകം പലതിലും പതിഞ്ഞിട്ടുണ്ട്. അതിനാവശ്യമായ നിയമനിർമ്മാണവും നടന്നുവരുന്നു. സർക്കാരിന്റേതല്ലാത്തതായ സംഘടനകളും പ്രത്യേകമായി ഉത്തരേന്ത്യയിൽ - പൗരാണിക സ്വത്തു സംരക്ഷണത്തിനായി രംഗത്തുണ്ട്. നമ്മുടെ സംസ്ഥാന സർക്കാർ കോട്ടയം പഴയസെമിനാരിയെ ഈ പദവിയിൽ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്നതായി അറിയുന്നു.

ഹെരിറ്റേജ് പട്ടത്തിനുള്ള യോഗ്യത: ചരിത്രപരമായി പ്രാധാന്യമർഹിക്കുന്ന കെട്ടിടങ്ങളോ സാധനങ്ങളോ മാത്രമല്ല, ആദരവേറിയ ഈ കുട ചൂടാൻ പോകുന്നത്. വെളിംപ്രദേശങ്ങളായിക്കിടക്കുന്ന സ്ഥലങ്ങളും കുന്നുകളും ആ വിളി കേട്ടുകൊണ്ടിരിക്കുകയാണ്. ആ മണ്ണിന് സംസ്കാരത്തിന്റെ സുഗന്ധവും സ്വാതന്ത്ര്യസമരത്തിന്റെ തിളക്കവുമുണ്ടായിരുന്നാൽ മതി. പുത്തിരിക്കണ്ടവും രാജേന്ദ്രമൈതാനവും വയനാടൻ കുന്നുകളും അതിൽപ്പെടുന്നു. കൊച്ചി അഴിമുഖവും കന്യാകുമാരി മുനമ്പും

മാറ്റിവയ്ക്കാവുന്നതല്ല. ടിപ്പുവിന്റെ കോട്ടയും അമ്മച്ചിപ്ലാവും ആ കൂടെ കൂടും. രാജാവില്ലാത്ത കൊച്ചിയിലെ ഡച്ചു കൊട്ടാരവും സുന്നഹദോസ് കൂടാത്തതായ മട്ടാഞ്ചേരിയിലെ സിന്നഗോഗും പേരിട്ട് കിട്ടാതെതന്നെ മുന്നണിയിലുണ്ട്. വാണിജ്യവികസനത്തിന് പങ്കുകാരിയായ കടൽത്തീരവും അന്യസംസ്കാരത്തിന് വിരുന്ന് നൽകിയ തുറമുഖ അവശേഷങ്ങളും ഹെരിറ്റേജുകളായി മാറുന്നു, മാനിക്കപ്പെടുന്നു. ആരും സദ്യ നടത്തി പേരുറപ്പിക്കേണ്ടതില്ല. അവ അതുതന്നെ. ഹെരിറ്റേജ് കൽക്കത്തായിലെ 185 വർഷം പഴക്കമുള്ള ടൗൺഹാളും പൂനയിലെ ആക്കുഖാൻ കൊട്ടാരവും ആഢ്യത്വമേറിയ ഹെരിറ്റേജുകളാകുകയാണ്. പഴക്കത്തിന്റെ പെരുമയില്ലെങ്കിലും ശിൽപകലാ പ്രാമുഖ്യം കുറവെങ്കിലും ഏറെ പൊതുജനത്തിന്റെ നിത്യസഖിയെന്ന അഭയബന്ധത്തിൽ 50 വയസ്സുകാരിയായ മുംബൈ മറൈൻഡ്രൈവും ഹെരിറ്റേജ് തറവാട്ടിലേക്ക് വരുന്നു. പഞ്ചനക്ഷത്ര വസ്ത്രം ചാർത്തി ഫോറിൻ മേന്മ വിളമ്പി പണം വാരാൻ ചില ഭക്ഷണശാലകളും "ഹെരിറ്റേജ്" എന്ന ബോർഡ് പിടിച്ച് വഴിയോരങ്ങളിൽ ഇരിക്കുന്ന കാഴ്ച മുഷിപ്പിക്കുന്ന ദീർഘയാത്രയിൽ രസിപ്പിക്കുന്ന പ്രദർശനമാണ്.

ഹെരിറ്റേജ് – സ്വകാര്യ സംരക്ഷണയിൽ

ഡൽഹി വികസന അതോരിറ്റി വ്യക്തികളുടെ പഴക്കമേറിയ കെട്ടിടങ്ങളും ഹെരിറ്റേജായി സംരക്ഷിക്കുവാൻ അവാർഡ് നൽകുന്നുണ്ട്. നിബന്ധനകൾ പാലിക്കണമെന്ന് മാത്രം. സംരക്ഷണം ഉടമസ്ഥന് തന്നെയാകാം. കൈമാറ്റം ചെയ്യാം; വ്യവസ്ഥകൾക്ക് വിധേയമായി. അതിന്റെ പൗരാണികതയ്ക്ക് പരുക്ക് പറ്റരുത്. അതിനോട് ചേർന്നുള്ള സ്ഥലത്ത് മറ്റു കെട്ടിടങ്ങൾ പണിയരുത്. താമസസ്ഥലത്തെ വ്യാപാരസ്ഥാപനമായി മാറ്റാം. എന്നാൽ ആകൃതി-പ്രകൃതിയ്ക്ക് മാറ്റമാകരുത്. കോലാഹലങ്ങളിൽ കേടുപാടുകൾ പോക്കുന്നതിന് സഹായമുണ്ടാകും. പഴയ "സമ്പന്നരാണ്" ഇന്ന് അതിന്റെ അന്തേവാസികൾ പലരും. അവർ അരപട്ടിണിക്കാരുമാകാം. മുഴുവനും തുടച്ചു സൂക്ഷിക്കുവാൻപോലും കെൽപില്ലാത്തവർ. ജീർണ്ണിച്ച കൊട്ടാരത്തിലെ ക്ഷീണിച്ച തമ്പുരാക്കന്മാർ ഹെരിറ്റേജായാൽ നിലനിൽപ്പ് ഭദ്രം. കെട്ടിട ഉടമസ്ഥന് കഞ്ഞി കുമ്പിളിൽത്തന്നെ. വിൽപന, തുറന്ന മാർക്കറ്റിൽ പോയാൽ വില ഇടിവ്. ഹെരിറ്റേജിന്റെ ക്ലബ്പിടുത്തം. മാന്യതയ്ക്ക് മാർക്കില്ല, മാർക്കറ്റിലാടുവാൻ സന്തോഷമില്ല. നിലനിറുത്തുവാൻ നിവർത്തിയില്ല. കീർത്തി ധനവാൻ ധർമ്മസങ്കടത്തിൽ.

കേരള സർക്കാരിന്റെ വാഗ്ദാനം

കേരളീയ വാസ്തുവിദ്യാശൈലിയിൽ നിർമ്മിക്കപ്പെട്ട പുരാതന ഭവ

നങ്ങൾ സംരക്ഷിക്കുന്നതിന് നമ്മുടെ ടൂറിസം വകുപ്പ് "ഗൃഹസ്ഥലി" എന്ന പദ്ധതി ഏതാനും ദിവസം മുമ്പ് ആരംഭിച്ചിട്ടുണ്ട്. അര നൂറ്റാണ്ടി ലേറെ പഴക്കമുള്ള വീടുകൾ ടൂറിസ്റ്റുകൾക്ക് താമസസൗകര്യം സജ്ജീ കരിക്കുന്നതിന് ഈ പദ്ധതിയിലൂടെ ടൂറിസം വകുപ്പ് പ്രോത്സാഹനം നൽകും. ഇവ മോടിപിടിപ്പിച്ച് ടൂറിസ്റ്റുകളെ താമസിപ്പിക്കുവാൻ താൽപ ര്യമുള്ളവർക്ക് തങ്ങളുടെ സ്ഥാപനം ലിസ്റ്റിൽപ്പെടുത്തുവാൻ ആ വകു പ്പിൽ പേർ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഒരു പ്രശ്നമുയരുന്നു

ഹെരിറ്റേജിന്റെ മാർഗ്ഗദീപം പിറകിലേക്കാണ് കൈപിടിച്ചു നടത്തു ന്നത്. പഴമയുടെ പവിത്രത പുണരുവാൻ. ഇന്ത്യയ്ക്ക് അത് ഏറെയു ണ്ടുതാനും. എന്നാൽ ഭാരതത്തിന്റെ ഭൗതിക വളർച്ച ദീപം കൊളുത്തി ത്തരുന്നത് മുന്നോട്ട് നോക്കി കുതിക്കുവാനാണ്. വികസനത്തിന്റെ അടി ത്തറ ശാസ്ത്ര-സാങ്കേതികത്വത്തിന്റെ ഉയർച്ചയാണ്. സാങ്കേതിക സംസ്കാരവും ഭാരതീയ പാരമ്പര്യവും കൈകോർത്തു പോകുമോ? സങ്കൽപ്പമോ സംഘട്ടനമോ, വരാനിരിക്കുന്നത്? കാലമേറിയ മൂല്യങ്ങൾ കാലത്തിനൊത്ത് കഴിയേണ്ടി വരുമ്പോൾ മൂല്യത്തിന്റെ മാനം മാറുമോ? ഭാരതമാതാവിന്റെ മനസ്സിന് മുറിവേൽക്കുമോ? വായനക്കാർക്കു വിടുന്നു, വിവാദം.

ദാർശനികനായിരുന്ന പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോ ലീത്താ തിരുമേനി 12 വർഷം മുമ്പ് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധിയുടെ ഒരു പ്രസ്താവനയെ പരാമർശിച്ചുയർത്തിയതാണീ പ്രശ്നം.

ഹെരിറ്റേജ് - സഭാതലത്തിൽ

മലങ്കരസഭയിൽ പ്രകാശധാര വിതറിയ മൂന്നു മാണിക്യങ്ങളാണ് രണ്ടു വർഷക്കാലയളവിൽ നമ്മിൽനിന്നും വാങ്ങിപ്പോയത്. പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമനും അഭിവന്ദ്യ ഫിലിപ്പോസ് മാർ തെയോ ഫിലോസ് മെത്രാപ്പോലീത്താ തിരുമേനിയും അഭിവന്ദ്യ പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനിയും. ആ പിതാക്കന്മാർ പൊതുവെ പ്രശസ്തരും ഓരോരുത്തരും ചില പ്രത്യേക രംഗങ്ങളിൽ അസാധാരണ കഴിവിന് ശ്രദ്ധേയരുമായിരുന്നു. സഭയുടെ ഭാവി വാർത്തെ ടുക്കുന്ന കോട്ടയം സെമിനാരിയിൽ അതിന്റെ സാരഥികളായി അതിനെ കാലോചിതമായി പരിഷ്കരിച്ചവരും ഉയർത്തിയവരുമാണ്. സഭയ്ക്ക കത്തും പുറത്തും ഒരുപോലെ നിറഞ്ഞ് തെളിഞ്ഞുനിന്നിരുന്നവരും ദേശത്തും വിദേശത്തും നേതൃത്വനിരകളിൽ അംഗീകരിക്കപ്പെട്ടവരുമാണ്.

ഇങ്ങനെ മൂന്നുപേർ ഒരേകാലത്തുതന്നെ പ്രശസ്തിയുടെ കിരീടം ചൂടി യിരുന്ന് നമ്മെ ധന്യരാക്കിയ മറ്റൊരു കാലഘട്ടം ഇന്നത്തെ തലമുറയ്ക്ക് സ്മരിക്കുവാനില്ല. ആ പിതാക്കന്മാരെയും അവർ ശുശ്രൂഷിച്ച സഭയെയും ഒരുമിച്ച് ചേർത്ത് ആലോചിച്ച അവസരമാണ് "ഹെരിറ്റേജ് 2000 സ്മൃതി" ജന്മം നൽകിയത്. പഴയസെമിനാരിയുടെ സ്ഥാപക പിതാക്കന്മാരെയും കാലാകാലങ്ങളിൽ സഭയ്ക്ക് രൂപഭദ്രത നൽകിയ മറ്റെല്ലാ പിതാക്കന്മാ രെയും ആദരിക്കുവാനുള്ളതുകൊണ്ടാണ് "സ്മൃതി"യെന്ന് പൊതുവെ നാമകരണം ചെയ്തിരിക്കുന്നത്. ഇതു പൊതുവായ സ്മരണയെങ്കിൽ വ്യക്തിപരമായി അവരിൽ പലരുടെയും മഹത്വവും സേവനവും ഓർക്കു വാനുള്ള സംവിധാനവും അതിലുണ്ടായിരിക്കും. ഒന്നുമില്ലെങ്കിലും ആ ഓർമ്മ തന്നെ ഭാഗ്യമേറിയ സ്മൃതിയാണ്. അത്രത്തോളം മറ്റൊന്നും പറ്റു കയില്ല. കെട്ടിടമല്ല മെമ്മോറിയൽ. അതുകൊണ്ട് അവിടെയും ഇതവ സാനിക്കുന്നില്ല.

ഇവിടെ സഭയുടെ ഹെരിറ്റേജ്-2000 ആരംഭിക്കുന്നത്. രണ്ടു സഹസ്രാ ബ്ദത്തെ സഭയുടെ പൊതുജീവിതവും സ്മരിക്കേണ്ടതുണ്ട്. അതിന്റെ വളർച്ചയെയും തളർച്ചയെയും പ്രതിനിധീകരിക്കുവാനും പ്രതിധ്വനിപ്പി ക്കുവാനും അനുയോജ്യമായ പ്രതീകങ്ങളെങ്കിലും സംഭരിക്കാവുന്ന താണ്. നൂറ്റാണ്ടുകളുടേതായി എന്തെങ്കിലുമൊക്കെ എവിടെയെങ്കിലും കാണും. ഇരുപത്തൊന്നിന് ഇനിയും ഇടയ്ക്കുള്ള കാലം ഒരു വലിയ അന്വേഷണത്തിന്റെ തരംഗം സഭയിലാകെ മുന്നേറണം. കുറെ നടന്നു കഴിയുമ്പോൾ കൈവഴികൾ ഏറെ കണ്ടേക്കാം. അന്വേഷിച്ചത് ലഭിച്ചി ല്ലെന്നു വരും. പ്രതീക്ഷിക്കാത്തത് കണ്ടെത്തുവാനിടയാകും. അവ വില പ്പെട്ട താളിയോല ഗ്രന്ഥമാകാം. ചെപ്പേടാകാം. കോലെഴുത്തും വട്ടെഴു ത്തുമുള്ള പ്രമാണമാകാം. ആരാധനാശിൽപങ്ങൾ, അലങ്കാരവസ്തുക്കൾ, ഗൃഹോപകരണങ്ങൾ, ആയോധന സാമഗ്രികൾ, കിഴക്ക് പടിഞ്ഞാറ് സുറിയാനി ഗ്രന്ഥങ്ങൾ, ചെന്തമിഴ് ബന്ധം, ബുദ്ധ-ജൈന ബന്ധാവി ശേഷങ്ങൾ, ദ്രാവിഡ-ആര്യ അടുപ്പങ്ങൾ എന്നീ ഒട്ടേറെ "പൂർവ്വികർ" പുതിയ സാക്ഷികളായി മൊഴിപറയാനെത്തും. Old is Gold എന്നല്ലേ പറ യുന്നത്. ആ പഴമയുടെ ഖനി തുരക്കണം. അതിനു കുനിയണം. കഴി യണം. വ്യാപാരകമ്പോളങ്ങൾക്ക് അതു തരാനൊക്കുകയില്ല. അതു സഭ യുടെ സ്വത്ത്. പൈതൃക സമ്പത്ത്. അതാണ് സ്പിരിചൽ ഹെരിറ്റേജ്. അതുകൊണ്ട് കെട്ടിടമല്ല, സ്മൃതി. എന്നാൽ ഇവയൊക്കെയും ന്യൂനമി ല്ലാതെ സൂക്ഷിക്കുന്നതിനും ഫലപ്രദമായി വ്യാഖ്യാനിച്ച് വിവരിച്ച് അറി യാനും അറിയിക്കാനും കെട്ടിടം വേണം. അനുബന്ധ സംവിധാനങ്ങളും അത്യാവശ്യം. ഒരു ഹാളിനകത്ത് നോക്കി നോക്കി നീങ്ങിയാൽ ചരിത്ര ത്തിലൂടെ ജീവിച്ച് ഇറങ്ങിപ്പോരുന്ന അനുഭൂതിയുളവാകണം.

ചരിത്രം ഉറങ്ങുന്ന സ്ഥലമല്ല പഴയസെമിനാരി വളപ്പ്. നമ്മൾ ഉറങ്ങുമ്പോഴും ഉണർന്നിരിക്കുന്നതാണ് ആരാധനാസുഗന്ധം നിർഗളിക്കുന്ന അവിടത്തെ മണ്ണ്. ഇവിടെ വിദ്യയുടെ വിളക്കു കൊളുത്തി പഠിത്ത തറവാട് മുറ്റം. കദനകഥ പറയുന്ന പുഴയോരം. ഭരണസിരാകേന്ദ്രം ദേവലോകത്തേക്ക് മാറുന്നതുവരെയും സഭയുടെ ഹൃദയവും തലച്ചോറും അവിടെത്തന്നെയായിരുന്നല്ലോ. നാലു മെത്രാപ്പോലീത്താ തിരുമേനിമാരുടെ ഭൗതികശരീരം ഏറ്റുവാങ്ങി ആദരവോടെ നിത്യവും ധൂപാർപ്പണം സമർപ്പിക്കുവാനുള്ള അവസരവും അതിനുതന്നെയാണ് ലഭിച്ചത്. രണ്ടു സഹസ്രാബ്ദത്തിന്റെ ചിതറിക്കിടക്കുന്ന സാമൂഹ്യ ആരാധനാ സമ്പത്ത് തേടിപ്പിടിച്ച് തേച്ചുമിനുക്കി പ്രതിഷ്ഠിക്കുവാൻ മഹിമയേറിയ തറവാടു തന്നെയാണത്.

അകലെനിന്ന് വരുന്നവർ ഈ ഹെരിറ്റേജ് സന്ദർശിച്ചു പോകുമ്പോൾ 2000 വയസ്സുള്ള സഭയുടെ ദൈനംദിന ജീവിതവുമായി സംസാരിച്ചുപോയ അനുഭൂതി. വരാത്തവരുമായി വാചാലമായി പറയാനിടയാകണം. അതൊരു സിന്ധൂര സ്മൃതിയായി കൂടെ പോകണം. ഇവിടെ വന്നു പഠിച്ചുപോകുന്ന വിദേശ വിദ്യാർത്ഥികൾ മലങ്കര മെത്രാപ്പോലീത്താമാരുടെ സഭ മാത്രമല്ല മാർത്തോമ്മാശ്ലീഹായുടെ സഭ തൊട്ടറിഞ്ഞ് ഗവേഷണം നടത്തി ഡിഗ്രിയെടുത്തു പോകാനിടയാകട്ടെ.

എല്ലാവിധത്തിലും ഇന്ന് ഇന്ത്യയിലെ സെമിനാരികളിൽ മുന്നിൽ ശോഭിച്ചുനിൽക്കുന്നതാണ് കോട്ടയം സെമിനാരി. സെറാമ്പൂർ സർവ്വകലാശാലയോടനുബന്ധിച്ചാണ് ഇവിടത്തെ സിലബസ്സും ഡിഗ്രിയും സ്വയം നിർണ്ണയാവകാശമുള്ള ഒരു മഹാവിദ്യാപീഠമായി അംഗീകരിക്കപ്പെടുവാൻ ഏറെ കുറവുകളൊന്നും ഈ സെമിനാരിക്കുണ്ടെന്ന് തോന്നുന്നില്ല. മെച്ചപ്പെട്ട അൽപം കെട്ടിടവും ലൈബ്രറി വിപുലപ്പെടുത്തി ആധുനീകരിക്കുകയും ചെയ്താൽ ഓർത്തഡോക്സ് യൂണിവേഴ്സിറ്റി എന്ന അംഗീകരണത്തിന് അർഹയാകും. അടുത്ത നൂറ്റാണ്ടിന്റെ ആദ്യദശകംതന്നെ സഭയ്ക്ക് ഓർത്തഡോക്സ് സർവ്വകലാശാലയുടെ കനകാഭരണമണിയാൻ കഴിഞ്ഞാൽ, ഈ തലമുറ വരുംതലമുറയ്ക്ക് നൽകുന്ന യശസ്സേറിയ കിരീടമായിരിക്കുമത്.

ഹെരിറ്റേജ്-2000 സ്മൃതിയിൽ വിഭാവനം ചെയ്തിട്ടുള്ള ഇന്റർനെറ്റ് ഉൾപ്പെടെയുള്ള ലൈബ്രറിയും ഗവേഷണ വിഭാഗമുള്ള എക്യുമെനിക്കൽ സ്റ്റഡി സെന്ററും ആ ആശയസാഫല്യത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഒരു പാർലമെന്റ് മന്ദിരത്തിന്റെ പ്രൗഢഗാംഭീര്യത്തോടെ രൂപകൽപന ചെയ്യുന്ന സമ്മേളന മന്ദിരം പ്രധാന സമ്മേളനങ്ങൾക്കും കൂടിവരവിനും ആതിഥ്യമരുളുവാൻ അനുയോജ്യമാണ്.

ഒരു പടിയും കൂടി കടന്ന് പുരാതന മതങ്ങളുടെ തറവാടായ ഭാരതത്തിലെ ഇതര മതങ്ങളുടെ ആവിർഭാവവും പ്രവർത്തനവും വളർച്ചയും വായിച്ചറിയുന്നതിനും കേട്ടുപഠിക്കുന്നതിനും സംവാദത്തിലൂടെ വിലയിരുത്തുന്നതിനും അവസരമുണ്ടാകുന്നത് എല്ലാ അർത്ഥത്തിലും ഒരു ഹെരിറ്റേജ് തന്നെ. ആനുകാല സംഭവങ്ങൾ അവലോകനം ചെയ്യുന്നത് അവസരോചിതമായ ഒരു സാമൂഹ്യധർമ്മവും അങ്ങനെ അവയൊക്കെയും അമൃതമായ സ്മൃതിയും. ആ നാളെ നീളാതിരിക്കട്ടെ.

17

വയസ്സു ദീനം

ദീർഘായുസ്സ്. അത് അപരന് ആശംസിക്കുവാൻ കൊള്ളാം. ആശംസ ഫലിച്ചുപോയാൽ തിരിച്ചടിക്കും. അനുഭവിക്കുമ്പോഴല്ലേ അതിന്റെ വേദന അറിയൂ. ഒന്നാലോചിച്ചു നോക്കൂ. വേണ്ട, ചിന്തിച്ചിട്ടു കാര്യമില്ല. അവൻ അകത്തു കടന്നു കഴിഞ്ഞു, അനുവാദം ചോദിക്കാതെ – ദീർഘായുസ്സ്!

പണ്ടൊക്കെ ഇന്ത്യാക്കാരന്റെ ശരാശരി വയസ്സ് 23 ആയിരുന്നു. ഇന്ന് കേരളത്തിൽ ഒരുത്തന്റെ ശരാശരി വയസ്സ് 70 കഴിഞ്ഞിരിക്കുന്നു. ഇന്ത്യയിൽ 60 വയസ്സു കഴിഞ്ഞവർ 800 ലക്ഷമുണ്ട്. ആറു കൊല്ലം മുമ്പ് ഇത് 600 ലക്ഷമായിരുന്നു. ഓരോ കൊല്ലവും എത്ര കൂടുന്നുവെന്ന് സ്വയം കണക്കുകൂട്ടുന്നതാണു ബോധവൽക്കരണത്തിനു നല്ലത്. നാളത്തെ തലമുറ നരച്ചതാണെന്നു ചുരുക്കം. ജപ്പാനിൽ അത് ആയിക്കഴിഞ്ഞുവെന്നു സ്ഥിതിവിവരക്കണക്കുകൾ കാണിച്ച് അവർ കഴിഞ്ഞ മാസത്തിൽ ലോകത്തെ അറിയിച്ചു. ഔഷധങ്ങളുടെ പ്രചാരവും ആരോഗ്യത്തെക്കുറിച്ചുള്ള പ്രചാരണവുമായിരിക്കാം നമ്മുടെ നാട്ടിലും ഇതിന് അടിസ്ഥാനമാകുന്നത്. മരുന്നു ലഭിക്കാതെയുള്ള മരണം കുറഞ്ഞിരിക്കുന്നു. പ്രാണൻ പോയാലും ശ്വാസം വലിപ്പിക്കുന്ന യന്ത്രം കട്ടിലിനു കാവൽ നിൽക്കുന്നു. പതിവു വഴി തെറ്റിച്ചാണ് മരണം ഇപ്പോൾ വാറണ്ടുമായി വരുന്നത്. വയസ്സു തെറ്റിയവരെ തഴയുന്നു. ദീർഘായുസ്സിനു നാമിന്നു ശിക്ഷിക്കപ്പെട്ടിരിക്കുകയാണ്. സ്വതന്ത്രഭാരതം നേടിത്തന്ന ദുഃഖകരമായ ദീർഘായുസ്സ്. ഇതു വായിക്കുന്ന നിങ്ങളും നീങ്ങുന്നത് അങ്ങോട്ടാണ്. അതിൽ അച്ഛനെന്താണിത്ര അസൂയ എന്നായിരിക്കും നിങ്ങൾ മന്ത്രിക്കുന്നത്. അസൂയയേക്കാൾ അസുഖമാണുള്ളത്.

കലക്കത്തു തറവാട്ടിലെ കുഞ്ചൻനമ്പ്യാരിലെ കവിയോടല്ല, ഇപ്പോൾ കടപ്പാട്. നമ്പ്യാരിലെ നബിയോടാണ് – പ്രവാചകനോടാണ് ആദരവ്. രണ്ടു നൂറ്റാണ്ടു മുമ്പ് ആ ഹാസ്യസമ്രാട്ട് പാടിയില്ലേ;

“വൃദ്ധന്മാരൊരുകൂട്ടം നിറഞ്ഞു ഭൂതലം തന്നിൽ
ചത്തുകൊൾവതിനേതും കഴിവില്ല കാലനില്ല,
മുത്തച്ഛൻ മുതുക്കന്റെ മുത്തച്ഛനിരിക്കുന്നു
മുത്തച്ഛനവനുള്ള മുത്തച്ഛൻ മരിച്ചീല
അഞ്ഞൂറുവയസ്സുള്ളോരപ്പൂപ്പന്മാരുമിപ്പോൾ
കുഞ്ഞായിട്ടിരിക്കുന്നോരപ്പൂപ്പനവർക്കുമുണ്ട്.”

സ്വന്തം ദേശമായ കിള്ളിക്കുറിശ്ശിമംഗലം കണ്ടുകൊണ്ടു മാത്രമാണോ കവി പാടിയത്? അന്ന് ആ പ്രദേശം കൊച്ചി രാജ്യത്ത് ഉൾപ്പെട്ടിരുന്നു എന്നറിയുന്നത് കൊച്ചിക്കാർക്കഭിമാനം. പക്ഷേ, പരുഷമായ ആ പരിഹാസം ആരേയും ബാധിക്കും. അതിലൂടെ വരുന്ന ചിരി ഇളക്കി വിടുന്ന മനസ്സിന്റെ ഓട്ടവും തുള്ളലും അമ്പലമുറ്റത്തു മാത്രമായി അവസാനിക്കുന്നില്ല. നമ്പ്യാരുടെ ബദ്ധശത്രുവായ ചാക്യാരുപോലും അതു സമ്മതിച്ചു തലകുലുക്കും.

കേരളത്തിൽ നമ്പ്യാരുടെ കാലമല്ല; നമ്പൂതിരിയുടെ യുഗമാണ്. അസുഖത്തിന്റെ അടിത്തറ ഇന്നത്തെ കുടുംബസംവിധാനമാണ്. കൂട്ടുകുടുംബത്തിൽ നിന്നു മിനികുടുംബം, മൈക്രോ കുടുംബം എന്നിങ്ങനെ ചെറുതായി ചെറുതായി പടിയിറങ്ങി "നമ്മൾ രണ്ട്, നമുക്കു രണ്ട്" എന്നതും പോയി "നമ്മൾ ഒന്ന് നമുക്കൊന്ന്" എന്നതിൽ എത്തിയിരിക്കുന്നു. ഒന്നിനെപ്പോലും ഊട്ടുന്നതും പോറ്റുന്നതും ഒഴിവാക്കുന്ന വിഭാഗവും ഏറിവരുന്നു. തറവാട് പൂട്ടിയിട്ടു വാടക ഫ്ളാറ്റിൽ വാസവുമായി. ഗർഭപാത്രം പോലും വാടകയ്ക്കു ലഭിക്കുന്ന ഇക്കാലത്ത് ഇനിയും എന്തൊക്കെ വരാനിരിക്കുന്നു! പണ്ട് മുറ്റം നിറയെ ഓടിനടക്കാൻ കുട്ടികളുണ്ടായിരുന്നു. ഇന്ന് ആ മുറ്റത്ത് പട്ടികളുടെ കാൽപാടുകളേ കാണാനുള്ളു. കുഞ്ഞിക്കാലു പതിഞ്ഞ പൂഴിയില്ല. അവിടെയാണു പ്രശ്നമാരംഭിക്കുന്നത്. ദീർഘമായ വയസ്സുകാലം. അറുപതു കഴിഞ്ഞു. ഷഷ്ടിപൂർത്തി ആഘോഷത്തോടെ വയസ്സറിയിച്ചു കാശിക്കു പോകുന്ന കാലം കഴിഞ്ഞു. ആയിരം പൂർണ്ണചന്ദ്രനെ കണ്ടതിന്റെ സദ്യ ഊട്ടുന്നതിലും അർത്ഥമില്ല. പണ്ട് കാശിക്കു പോക്കെന്നു പറഞ്ഞാൽ പോയതു തന്നെ. തിരിച്ചുവരവില്ല. ഗംഗാജലം കുടിച്ച് അവിടെത്തന്നെ അവസാനിക്കും. ഇന്ന്, കാലത്തു കാശിക്കുപോയാൽ നാളെ രാവിലെ കൊച്ചിയിൽ തിരിച്ചെത്താം. അതിനിടയിൽ ഗംഗയിൽ സ്നാനവും ക്ഷേത്രത്തിൽ ദീപാരാധനയും കഴിഞ്ഞിരിക്കും. ആഘോഷിക്കുവാൻ അനുയോജ്യം ശതാബ്ദിയാണ്. സെഞ്ചുറി തികയട്ടെ. എന്തിനാണതിശയിക്കുന്നത്? ആദിമനുഷൻ 930 വയസ്സിലല്ലേ വിടവാങ്ങിയത്? അവന്റെ മകൻ 912 വയസ്സുവരെ ഈ ഭൂമിയിൽ വസിച്ചില്ലേ? കേനാന്റെ ആയുഷ്കാലം 910. അതാണു വേദപുസ്തകം തരുന്ന സ്ലാബ്. ഇന്ന് അമ്മൂമ്മയും അപ്പൂപ്പനും അപ്പൂപ്പൻതാടിപോലെ തൂണും ചാരി നേർക്കുനേരെ ഇരിക്കുന്നു. നോക്കുകുത്തിപോലെ; നോക്കാനാളില്ലാതെ. അന്ന് ഓരോ വീട്ടിലും ഒരുമിച്ചിരുന്നുണ്ണുവാൻ 3 തലമുറ ഉണ്ടായിരുന്നു. കൂടപ്പിറപ്പുകൾ എന്നു പറയുന്ന ഒരു കൂട്ടർ ഇപ്പോഴില്ല. കൂടെക്കിടപ്പിനു നായയേ ഉള്ളൂ. അമേരിക്കയിൽ ഒരു കാരുണ്യപ്രസ്ഥാനമുണ്ട്. 'ഷെഫ് ഫൗണ്ടേഷൻ' എന്നാണതിന്റെ പേര്. ഷെഫ് ഒരു നായ. ഷെഫിന്റെ യജമാനൻ ധനികനായിരുന്നു. ആ വീട്ടിലെ ജീവനുള്ള

മറ്റൊന്ന് ഈ നായ മാത്രമായിരുന്നു. അവിടെ നരന്റെ ശബ്ദവും നായ യുടെ ശബ്ദവും ഒരുപോലെ ആയിരുന്നു. അവർ തമ്മിൽ സംസാരിക്കും. ജീവനുള്ള ഒന്നിന്റെ ശബ്ദമാണല്ലോ എന്ന ആശ്വാസം കുടുംബനാഥന്. സ്വത്തിന്റെ ഒരു ഭാഗം ഷെഫിനുണ്ടെന്ന് മരണപത്രം വെളിപ്പെടുത്തി. ഇതിനോടകം നായയുടെ യജമാനസ്നേഹം നാട്ടുകാരറിഞ്ഞു. അവരുടെ മരണപത്രത്തിലും നായയ്ക്കിടം കിട്ടി. നായ ധനികനായി. ഫൗണ്ടേഷൻ രൂപം പ്രാപിച്ചു. നായയുടെ ആരാധകർ പെരുകി. നായ നാടുനീങ്ങിയെ ങ്കിലും ഫൗണ്ടേഷൻ നിലനിൽക്കുന്നു. അനേകർക്ക് ആശ്വാസത്തിനുള്ള സംഖ്യ അതിൽ നിന്നു ലഭിക്കുന്നു. നായയുടെ നന്മ! മേന്മയേറിയ സേവനം!

വാർദ്ധക്യകാലം എങ്ങനെ സന്തോഷപ്രദമാക്കാമെന്നുള്ളത് 60 കഴി ഞ്ഞവരുടെ അജണ്ടയിൽ മുൻഗണന നേടേണ്ടിയിരിക്കുന്നു. ഈ കാലത്ത് ഒരു പ്രയാസം, മനസ്സെത്തുന്നിടത്തു തടി എത്തുന്നില്ല എന്നു ള്ളതാണ്. ആഗ്രഹിക്കുന്നതുപോലെ നടക്കുന്നില്ല. നടക്കാവുന്ന രീതി യിൽ ആഗ്രഹിക്കുവാൻ ഒരുങ്ങുന്നുമില്ല. പൊരുത്തക്കേടിനു രണ്ടറ്റം ഉണ്ടെന്ന് അറിയുന്നില്ല. വാർദ്ധക്യത്തിൽ വരേണ്ട അറിവ് അതാണ്.

"കാക്കക്കുയിലേ കരിങ്കുയിലേ
കാലംപോയതറിഞ്ഞില്ലേ" എന്നു നമ്മൾ പാടിയിട്ടില്ലേ? അതു പൈതൽപ്രായത്തിൽ ആലപിക്കാൻ മാത്രമല്ല, പ്രായം വരുമ്പോൾ ഓർ ക്കാനും കൂടിയാണു കവി എഴുതിയത്. വാർദ്ധക്യകാലത്തു ജീവിക്കു വാൻ പഠിക്കേണ്ടിയിരിക്കുന്നു. നമുക്കു സമാധാനത്തിനും കൂടെയുള്ള വർക്ക് ആശ്വാസത്തിനും. ആദ്യമൊക്കെ ഈ വ്യായാമം വേദനിപ്പിക്കും. പിന്നീടു സന്തോഷം പകരും. നെടുവീർപ്പു വന്നിരുന്ന വീട്ടിൽ നിന്ന് പൊട്ടി ച്ചിരി പടിവരെ എത്തും. അതൊരു കലയാണ്, അറിവല്ല; അനുഭവമാണ്, പറയാനുള്ളതല്ല; പകരാനും പറ്റില്ല.

വാർദ്ധക്യം വരുന്ന വഴിയിലേക്കു കടന്നുചെല്ലുന്ന ബലഹീനതയാണ് ഓർമ്മക്കുറവ്. കുറവു കൂടിക്കൂടി രോഗത്തിലേക്കു കടക്കും. അപ്പോൾ അതിനു 'ഡിമെൻഷ്യ' എന്ന മാന്യതയേറിയ നാമം വരും. അതിൽ നിന്നും കടന്ന് 'അൽഷെമേഴ്സി'ലേക്കും ബന്ധപ്പെട്ട രോഗങ്ങളിലേക്കും എത്തും. അപ്പോൾ മറ്റൊരുത്തന്റെ സഹായമില്ലാതെ പ്രാഥമിക കാര്യങ്ങൾപോലും നിറവേറ്റാൻ തരപ്പെടുകയില്ല. ഓർമ്മയില്ലാതെ വരുമ്പോൾ ഒപ്പിക്കുന്ന തൊന്നും ഓർക്കാതിരിക്കുന്നതാണു നല്ലത്. സ്വതവേ നോക്കാനാളില്ലാ ത്തപ്പോൾ ഓർമ്മയില്ലാതെ കടന്നുകളയുന്നവന്റെ പിന്നാലെ ആരു പോകും? പേരു പോലും മറന്നുപോകുന്നവനെ ആരു തിരിച്ചുകൊണ്ടു വരും? വാതിൽക്കൽ വന്നുനിൽക്കുന്ന വിപത്താണിത്. ഇങ്ങനെയുള്ള

വരെ പരിചരിക്കാനുള്ളവർക്കു പരിശീലനം നൽകുവാൻ എറണാകുളത്തൊരു സംവിധാനം ഒരുങ്ങിവരുന്നുണ്ട്. ഈ നൂറ്റാണ്ട് മറയുമ്പോൾ ലോകത്ത് ഏറ്റവും കൂടുതൽ വയസ്സന്മാരുള്ള രാജ്യം ഇന്ത്യയാകും; അതുകൊണ്ടുതന്നെ ഓർമ്മക്കുറവുള്ളവരിൽ ഒന്നാം സ്ഥാനവും. ഈ പശ്ചാത്തലത്തിലാണ് അൽഷെമേഴ്സ് സംഘടനയുടെ അഖിലലോക സമ്മേളനം ഏഷ്യയിൽ ആദ്യമായി കൊച്ചിയിൽ 1998 ആഗസ്റ്റ് 24 മുതൽ 28 വരെ നടക്കാൻ പോകുന്നത്. വയസ്സന്മാർക്കൊരു സദ്വാർത്ത!

വയസ്സന്മാരെ വിശേഷിപ്പിക്കുന്ന ആദരവേറിയ പദമാണ് 'സീനിയർ സിറ്റിസൺസ്.' രാഷ്ട്രനിർമ്മാണത്തിൽ അവർ നൽകിയ നിസ്തുല സേവനം പരിഗണിച്ച് അവർക്കായി പല ആനുകൂല്യങ്ങളും സർക്കാർ നിരത്തിവച്ചിട്ടുണ്ട്. പ്രായമേറിയവരെ ബഹുമാനിക്കുക എന്നുള്ളത് ഈ ആർഷഭാരത സംസ്കാരത്തിന്റെ ആണിക്കല്ലാണ്. ഭൂമിയിൽ ദീർഘായുസ്സോടെയിരിപ്പാൻ അപ്പനെയും അമ്മയെയും ബഹുമാനിക്കുക എന്നു വിശുദ്ധ വേദപുസ്തകവും ഉദ്ഘോഷിക്കുന്നു. ഇന്നു പല സ്ഥലങ്ങളിലും സീനിയർ സിറ്റിസൺസ് സംഘടിച്ചു തുടങ്ങിയിട്ടുണ്ട്. തീവണ്ടിയിലും വിമാനത്തിലുമുള്ള യാത്രയ്ക്കുള്ള സൗജന്യത്തിനു പുറമെ മറ്റു പലതിനുമായി അവകാശങ്ങൾ ഉന്നയിച്ചു തുടങ്ങിയിരിക്കുന്നു. നാളെ, അവകാശവാദക്കാരുടെ ഒരു വലിയ ആൾക്കൂട്ടമായി അതു മാറാവുന്നതാണ്.

ജീവിതസായാഹ്നം ഏറ്റവും സന്തോഷപ്രദവും ഉപകാരയോഗ്യവുമാക്കുകയെന്നുള്ളതാണ് അതിന്റെ ധർമ്മം; കർമ്മവും. വാർദ്ധക്യം പലതുകൊണ്ടും സമ്പന്നമാണ്. അനുഭവസമ്പത്ത് അനുപമമാണ്. പണവും പഠിപ്പും അതിന്റെ പടിപ്പുരവരെ എത്തുകയില്ല. പടിഞ്ഞാറൻ രാജ്യങ്ങളിൽ പലരും ഈ അവസരത്തിൽ ഗ്രന്ഥരചനയ്ക്കു തിരിയുന്നു. അനുഭവം പകർത്തി വെയ്ക്കൽ. എന്തെങ്കിലും കഴിവില്ലാത്തവരാരുമില്ല. അനുയോജ്യമായ കാര്യത്തിൽ ഇടപെട്ടാൽ സമയം പോകുന്നത് അറിയുകയുമില്ല, നേട്ടവും. ഒന്നും ചെയ്യാതിരിക്കുന്ന ശരീരത്തിനും മനസ്സിനുമാണ് നേരത്തെ രോഗം വരുന്നത്. അലസമായ മനസ്സ് ചെകുത്താന്റെ പണിപ്പുരയാണെന്നുള്ളത് പരീക്ഷിച്ചു നോക്കാതിരിക്കുന്നതാണു നല്ലത്. വയസ്സുദീനത്തിനു പരമമായ പ്രിസ്ക്രിപ്ഷൻ.



ഭാഗം മൂന്ന്

വംശവൃത്താന്തം

1

ഫാ. ജോസഫ് വെണ്ണ്ടപ്പിള്ളി: ജീവിതരേഖ

14-ാം നൂറ്റാണ്ടിൽ നിരണത്തിനു സമീപത്തുള്ള കല്ലൂർകാടു ദേശത്ത് നിന്നു കച്ചവട സംബന്ധമായി ഒരു സംഘം കുടുംബക്കാർ തൃപ്പൂണിത്തുറ ഏരൂർ ഭാഗത്ത് കുടിയേറിപ്പാർത്തു. വെണ്ണ്ടപ്പിള്ളി കുടുംബത്തിന്റെ ആരംഭകാലത്ത് വെട്ടിനാൽ വെണ്ണ്ടപ്പിള്ളിൽ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പിൽക്കാലത്ത് വെട്ടിനാൽ വിട്ടുകളയുകയും വെണ്ണ്ടപ്പിള്ളി എന്ന നാമം കുടുംബപേരായി തീരുകയും ചെയ്തു. ഈ കുടുംബത്തിലെ 5-ാം തലമുറക്കാരനാണ് ഫാ. ജോസഫ് വെണ്ണ്ടപ്പിള്ളി.

തൃപ്പൂണിത്തുറ വെണ്ണ്ടപ്പിള്ളിൽ കുഞ്ഞുവർക്കി ഇട്ടൻപിള്ളയുടെയും കളരിക്കൽ അന്നമ്മയുടെയും ഇളയമകനായി 1930 ഫെബ്രുവരി 23-ാം തീയതി ജനിച്ചു. തൃപ്പൂണിത്തുറ ബോയ്സ് ഹൈസ്ക്കൂളിലെ വിദ്യാഭ്യാസത്തിനുശേഷം എറണാകുളം സേക്രട്ട് ഹാർട്ട് കോളജിൽ നിന്ന് ബി.എ. ബിരുദവും കോഴിക്കോട് ട്രയിനിംഗ് കോളജിൽ നിന്ന് ബി.റ്റി. ബിരുദവും നേടി.

1947-ൽ പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് മ്സമറോനോ സ്ഥാനവും വിവാഹത്തിനുശേഷം പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായിൽ നിന്ന് പൂർണ്ണ ശെമ്മാശുപട്ടവും പ. ഔഗേൻ കാതോലിക്കാ ബാവായിൽ നിന്ന് 1966 മെയ് 3-നു കശ്ശീശാ പട്ടവും സ്വീകരിച്ചു. തൃപ്പൂണിത്തുറ നടമേൽ വി. മർത്തമറിയം പള്ളിയാണ് മാതൃഇടവക. പൊയ്ക്കാട്ടുശ്ശേരി സെന്റ് ബെഹനാൻസ് പള്ളി ഇടവകാംഗമായ സാറാമ്മയാണ് സഹധർമ്മിണി.

അമേരിക്കയിലെ പ്രിൻസ്റ്റൺ സെമിനാരിയിൽ നിന്ന് മാസ്റ്റർ ഓഫ് റിലീജിയസ് എജുക്കേഷൻ (എം.ആർ.ഇ.) ബിരുദാനന്തര ബിരുദം നേടി.

കൊരട്ടി, മൂവാറ്റുപുഴ, ഇരിങ്ങാലക്കുട, എരൂർ, പാങ്കോട്, മലേക്കുരിശ്, മൂവാറ്റുപുഴ, ചെറായി, എറണാകുളം, വടവുകോട്, ന്യൂഡൽഹി, ദുബായ് എന്നീ പള്ളികളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൊച്ചി ഭദ്രാസന സണ്ടേസ്കൂൾ ഡയറക്ടർ, കൊച്ചി, ന്യൂഡൽഹി ഭദ്രാസന സെക്രട്ടറി, കൊച്ചി ഭദ്രാസന അഡ്മിനിസ്ട്രേറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. യുവജനപ്രസ്ഥാനം, ബാലസമാജം എന്നീ പ്രസ്ഥാനങ്ങളുടെ

വൈസ്പ്രസിഡണ്ടായിരുന്നു. കോട്ടയം തിയോളജിക്കൽ സെമിനാരിയിൽ പാർട്ട് ടൈം പ്രൊഫസറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സണ്ടേസ്കൂൾ കരിക്കുലം കമ്മിറ്റി, ആന്ധ്രാ സൈക്ലോൺ റിലീഫ് പ്രൊജക്ട്, ചിൽഡ്രൻസ് വെൽഫെയർ ബോർഡ്, പ്രീസ്റ്റ് വെൽഫെയർ ബോർഡ് എന്നിവയുടെ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1969-ൽ സ്വീഡനിൽ വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിൽ സഭാ ഡെലിഗേറ്റ് മെമ്പറായി പങ്കെടുത്തു. 1969-ൽ പൗരസ്ത്യ ഓർത്തഡോക്സ് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കോൺഫറൻസിൽ സിറിയായിലെ പാത്രിയർക്കാ അരമനയിൽ, ദമാസ്ക്കസിൽ കൂടിയപ്പോൾ അതിൽ സന്നിഹിതനായിരുന്നു. 1976-ൽ സഭ നിയോഗിച്ച ഡെലിഗേഷൻ അംഗമായി റഷ്യ, റുമേനിയ, ബൾഗേറിയ എന്നീ രാജ്യങ്ങളിൽ പര്യടനം നടത്തി.

1976-ൽ ഫാ. ജോസഫ് വെണ്ടപ്പിള്ളിയെ 'ഓർഡർ ഓഫ് സെയിന്റ് വ്ളാഡിമിർ' എന്ന ബഹുമതി നൽകി റഷ്യൻ ഓർത്തഡോക്സ് പാത്രിയർക്കീസ് ആദരിച്ചു. എത്യോപ്യ, സിറിയ, ഈജിപ്ത്, അർമീനിയ, ഇന്ത്യ എന്നീ രാജ്യങ്ങളിലെ കിഴക്കൻ ഓർത്തഡോക്സ് സഭകളുടെ കരിക്കുലം ആൻഡ് റീഡർഷിപ്പ് പ്രൊജക്ടിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. സഭയുടെ എംപ്ലോയ്മെന്റ് റിസോഴ്സ് ഫോറം കൺവീനർ ആയും പ്രവർത്തിച്ചിട്ടുണ്ട്. വടവുകോട് രാജർഷി മെമ്മോറിയൽ ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്ററായിരിക്കെ 1984-ൽ അദ്ധ്യാപകവൃത്തിയിൽ നിന്നു വിരമിച്ചു.

ബഹുമുഖ പ്രതിഭയായ ഫാ. ജോസഫ് വെണ്ടപ്പിള്ളി മലങ്കര ഓർത്തഡോക്സ് സഭയിൽ താഴെപറയുന്ന സ്ഥാനങ്ങൾ വഹിച്ചു.

പരിശുദ്ധ കാതോലിക്കാ ബാവായുടെ ഉപദേശകസമിതിയംഗം, വർക്കിംഗ് കമ്മിറ്റിയംഗം, മുളന്തുരുത്തി മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റ് വൈസ്പ്രസിഡന്റ്, ഹൈദരാബാദ്, യാച്ചാരം സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാം അഡ്വൈസർ, പൂനെ മാമർഡി ബാലികാഗ്രാം ഡയറക്ടർ ബോർഡ് മെമ്പർ, മിഷൻ ബോർഡ് മെമ്പർ, കോളജ് മാനേജ്മെന്റ് ബോർഡ് മെമ്പർ, മലങ്കര മെഡിക്കൽ മിഷന്റെ കോലഞ്ചേരി ആശുപത്രി ഡയറക്ടർ ബോർഡ് മെമ്പർ, ഓർത്തഡോക്സ് റൂൾസ് കമ്മിറ്റി മെമ്പർ, ഫൈനാൻസ് കമ്മിറ്റി, പ്ലാനിംഗ് കമ്മീഷൻ എന്നിവയിൽ അംഗം, റികൺസിലിയേഷൻ കമ്മിറ്റിയംഗം, ഓർത്തഡോക്സ് - പാത്രിയർക്കാ സമാധാനത്തിനുള്ള ഒമ്പതംഗ കമ്മിറ്റി മെമ്പർ, 'സമൂഹവിവാഹ' പദ്ധതിയുടെ കമ്മിറ്റി മെമ്പർ, ഭദ്രാസന പുനഃസംഘടനാ കമ്മിറ്റി മെമ്പർ, 'ഹെറിറ്റേജ് 2000 - സ്മൃതി' എന്ന പ്രൊജക്ടിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറി.

അച്ചന്റെ സഹധർമ്മിണി വടവുകോട് രാജർഷി മെമ്മോറിയൽ ട്രെയി

നിംഗ് സ്കൂളിൽ ഹെഡ്മിസ്ട്രസ്സായി സേവനമനുഷ്ഠിച്ച് റിട്ടയർ ചെയ്തു.

മക്കൾ:	റീന ജോൺ ആറ്റുപുറം ബിജു വെണ്ണപ്പിള്ളി അനുല മഹേഷ്
മരുമക്കൾ:	ജോൺ ജോർജ്ജ് ആറ്റുപുറം ഡോ. ബിനു ബിജു മഹേഷ് വി. കുരിയാക്കോസ്
കൊച്ചുമക്കൾ:	പ്രിയങ്ക സാറ മിത കെവിൻ ജസ്‌വിൻ

2002 ആഗസ്റ്റ് 21-ാം തീയതി അച്ചനും 2013 ജൂലൈ 30-ാം തീയതി സഹധർമ്മിണിയും ഭൗതികവാസം വെടിഞ്ഞ് കർത്തൃസന്നിധിയിലേക്ക് യാത്രയായി.

(തയ്യാറാക്കിയത്: ജോൺ ജോർജ്ജ് ആറ്റുപുറം)

2

അപ്പ: ഓർമ്മകളിലൂടെ

ഞങ്ങളുടെ പിതാവിനെക്കുറിച്ച് ഒരു ഓർമ്മക്കുറിപ്പ് എഴുതണമെന്ന് ബഹു. റ്റി. പി. ഏലിയാസ് അച്ചൻ വിളിച്ചു പറഞ്ഞപ്പോൾ അൽപം ഭയാശങ്കകൾ ഉള്ളിലുണ്ടായി. കാരണം മറ്റൊന്നുമല്ല. പിതാവ് പറഞ്ഞു തരുന്ന കാര്യങ്ങൾ പകർത്തി എഴുതിയിട്ടുള്ളതല്ലാതെ സ്വന്തമായി ഒന്നും എഴുതി ഞങ്ങൾക്ക് ശീലമില്ലല്ലോ. എങ്കിലും അപ്പയെക്കുറിച്ച് ഓർക്കുമ്പോൾ പല കാര്യങ്ങളും ഞങ്ങളുടെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു. അവയിൽ ചിലത് താഴെ കുറിയ്ക്കട്ടെ.

സ്നേഹനിധിയായ പിതാവായിരുന്നു അപ്പ. എവിടെ ദൂരയാത്ര പോയാലും നിറയെ സ്നേഹസമ്മാനങ്ങൾ കൊണ്ടുതന്നിരുന്ന അപ്പയെ ഞങ്ങൾ നിറകണ്ണുകളോടെ സ്മരിക്കുന്നു. ഞങ്ങൾ മനസ്സിൽ ആഗ്രഹിക്കുന്ന കാര്യങ്ങൾപോലും പറയുന്നതിനു മുമ്പെ സാധിച്ചു തന്നിരുന്നയാൾ. കുട്ടിക്കാലത്ത് അസുഖങ്ങൾ വരുമ്പോൾ ഏതു പാതിരാത്രിയിലും ഉറക്കമുണർന്ന് മരുന്നു തരുമായിരുന്നു. ആ സ്നേഹവും കരുതലും ഞങ്ങളുടെ കണ്ണുകളെ ഈറനണിയിക്കുന്നു.

തന്റെ മക്കളുടെ വിദ്യാഭ്യാസകാര്യങ്ങളിൽ വളരെ ശ്രദ്ധാലുവായിരുന്നു അദ്ദേഹം. ഞങ്ങളുടെ ഓരോ വിജയത്തിലും അപ്പ അഭിമാനം കൊണ്ടിരുന്നു. പഠിച്ച് ഉയരങ്ങളിലെത്താൻ ആഗ്രഹിക്കുന്ന ഏതു കുട്ടിയേയും അപ്പ പ്രോത്സാഹിപ്പിക്കുമായിരുന്നു.

നല്ല വായനാശീലമുള്ള ആളായിരുന്നു അപ്പ. വീട്ടിൽ ഒരു ലൈബ്രറി തന്നെ ഞങ്ങൾക്കുണ്ടായിരുന്നു. വളരെ സരസമായി ക്ലാസ് എടുക്കുന്ന അദ്ധ്യാപകനായിരുന്നു അപ്പ എന്ന് അദ്ദേഹത്തിന്റെ ശിഷ്യർ പറയാറുണ്ട്. വടവുകോട് രാജർഷി സ്കൂൾ അദ്ദേഹത്തിന്റെ ജീവനായിരുന്നു. സ്കൂളിലെ കുട്ടികളുടെ അച്ചടക്കകാര്യങ്ങളിൽ അപ്പ വളരെ സ്ട്രിക്റ്റ് ആയിരുന്നു. അതുകൊണ്ടുതന്നെ അൽപം മുൻകോപിയായി അദ്ദേഹത്തെ തെറ്റിദ്ധരിക്കാൻ ഇടയുണ്ട്. ഒരു പൂർവ്വകാല വിദ്യാർത്ഥി വളരെ വർഷങ്ങൾക്കുശേഷം ഞങ്ങളുടെ വീട്ടിൽ വരികയും അപ്പയെ സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുന്നത് ഞങ്ങൾ കണ്ടിട്ടുണ്ട്. അച്ചനെപ്പോലെ വളരെ സ്ട്രിക്റ്റായ അദ്ധ്യാപകരുടെ ശിക്ഷണംകൊണ്ട് മാത്രമാണ് കുട്ടിക്കാലത്ത് 'കുറുമ്പനായ' താൻ പിൽക്കാലത്ത് നല്ല നിലയിൽ എത്തിയതെന്ന് അദ്ദേഹം പറയുകയുണ്ടായി.

വളരെ ലളിതവും സുന്ദരവുമായിരുന്നു അപ്പയുടെ പ്രഭാഷണങ്ങൾ. ഏതു വിഷയത്തെക്കുറിച്ച് പറയുവാൻ പറഞ്ഞാലും വാക്കുകൾ അനർഗ്ഗളമായി ഒഴുകുമായിരുന്നു. സ്കൂളിൽ അപ്പ പ്രാസംഗികനായി വരുമ്പോൾ ഞങ്ങൾ രഹസ്യമായി മനസ്സിൽ അഹങ്കരിച്ചിരുന്നു. ശങ്കരാചാര്യരും സ്വാമി വിവേകാനന്ദനും ഹോളിസ്റ്റിക് ഹീലിംഗുമെല്ലാം അദ്ദേഹത്തിന്റെ പ്രിയപ്പെട്ട വിഷയങ്ങളായിരുന്നു. ചുറ്റും നടക്കുന്ന കാര്യങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നർമ്മത്തിൽ ചാലിച്ച് അപ്പ എഴുതുമായിരുന്നു. അപ്പയുടെ ലേഖനങ്ങൾ 'വെള്ളിക്കോൽ' എന്ന തൂലികാനാമത്തിൽ സഭാമാസികകളിൽ തുടർച്ചയായി പ്രസിദ്ധീകരിച്ച് വന്നിരുന്നു.

ഒരു മികച്ച സംഘാടകൻ കൂടിയായിരുന്നു അപ്പ. പലപല മീറ്റിംഗുകളും സംഘടിപ്പിക്കുന്നതിൽ ആ പാടവം ഞങ്ങൾ നേരിട്ട് കണ്ടിട്ടുണ്ട്. ബഹളമയമായ ആൾക്കൂട്ടത്തെ നിയന്ത്രിക്കുവാൻ അസാമാന്യമായ ഒരു കഴിവു തന്നെയുണ്ട് അപ്പയ്ക്ക്.

എങ്കിലും വളരെ ലോലമായിരുന്നു ആ മനസ്സ്. ടി. വി. യിലോ മറ്റോ ദുഃഖകരമായ ദൃശ്യങ്ങൾ കാണുമ്പോൾ പൊട്ടിക്കരയുന്നത് കണ്ടിട്ടുണ്ട്. പ്രതിസന്ധികൾക്ക് മുമ്പിൽ പതറാതെ നിൽക്കുന്ന അപ്പ തന്നെയാണോ ഇങ്ങനെ വികാരാധീനനാകുന്നതെന്ന് ഓർത്ത് ഞങ്ങൾ അതിശയിച്ച് നിന്നിട്ടുണ്ട്. കാരുണ്യത്തിന്റെ കിരണങ്ങൾ എപ്പോഴും അപ്പയിൽ ഉണ്ടായിരുന്നു. ആന്ധ്രയിലെ യാച്ചാരാമിലും പൂനെയിലെ ദെഹു റോഡിലുമെല്ലാമുള്ള സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ അപ്പ പങ്കാളിയായിരുന്നു. തന്റെ സുഹൃത്തുക്കളുടെ ഏതു പ്രശ്നത്തിനും പരിഹാരം കാണാൻ മഴയും വെയിലും വകവെയ്ക്കാതെ അപ്പ ഇറങ്ങുമായിരുന്നു. ജീവിതസായാഹ്നത്തിൽ അപ്പയ്ക്ക് കൈത്താങ്ങായി അനേകംപേർ മുന്നോട്ടു വന്നത് നന്ദിയോടെ സ്മരിക്കുന്നു.

എപ്പോഴും കർമ്മനിരതനായിരുന്നു അപ്പ. സ്കൂൾ, പള്ളി സഭയുടെ വിവിധ പ്രസ്ഥാനങ്ങൾ എന്നിങ്ങനെ എപ്പോഴും തിരക്കായിരുന്നു അപ്പയ്ക്ക്. എങ്കിലും കുടുംബത്തിന്റെ എല്ലാ ഉത്തരവാദിത്വങ്ങളും വളരെ ശ്രദ്ധയോടെ നിർവ്വഹിക്കുന്ന ഗൃഹസ്ഥൻ തന്നെയായിരുന്നു അപ്പ. ഈ തിരക്കിനിടയിലും വീട്ടിലെ പറമ്പിൽ ചെറിയ തോതിൽ പച്ചക്കറി കൃഷി നടത്തുന്നതിൽ ഞങ്ങളുടെ അപ്പ ആനന്ദം കണ്ടെത്തിയിരുന്നു. വീട്ടുമുറ്റത്തെ മൂവാണ്ടൻ മാങ്ങ അപ്പ തന്നെ പറിച്ച്, ചെത്തി അതിൽ ഉപ്പും മുളകുപൊടിയും മറ്റും ചേർത്ത് ഉണ്ടാക്കിയിരുന്ന സ്വാദിഷ്ടമായ ആ 'സ്നാക്കിന്റെ' കാര്യം ഓർക്കുമ്പോൾ തന്നെ നാവിൽ വെള്ളമൂറുന്നു. അപ്പയുടെ സ്നേഹവും കരുതലും വാത്സല്യവും ഞങ്ങൾ ആവോളം അനുഭവിച്ച് അറിഞ്ഞിട്ടുണ്ട്.

അപ്പയെക്കുറിച്ച് ഓർക്കുമ്പോൾ അമ്മച്ചിയെ സ്മരിക്കാതിരിക്കാൻ ഞങ്ങൾക്കാവില്ല. അപ്പയുടെ നിഴലും നിലാവുമായിരുന്നു അമ്മച്ചി. സ്നേഹവും പരസ്പര ബഹുമാനവും കൊണ്ട് ഊടും പാവും നെയ്തതായിരുന്നു അവരുടെ ജീവിതം. അവരുടെ മാതൃകാജീവിതം ഞങ്ങൾക്കെന്നും വഴികാട്ടിയായിരിക്കും. അപ്പയുടെ താങ്ങും തണലുമായിരുന്ന അമ്മച്ചിയും ഞങ്ങളെ വിട്ടുപിരിഞ്ഞു.

"ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു, നീതിയുടെ കിരീടം എനിക്കായി കാത്തിരിക്കുന്നു." ഈ വേദവാക്യമാണ് അപ്പയുടെ കബറിൽ കൊത്തി വച്ചിരിക്കുന്നത്. അത് അന്വർത്ഥമാക്കുന്ന രീതിയിൽത്തന്നെയായിരുന്നു അപ്പയുടെ ജീവിതം. വെണ്ണപ്പിള്ളി അച്ചന്റെ മക്കൾ എന്നറിയപ്പെടുന്നതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു. അപ്പയുടെ ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുന്നു.

അനുല മഹേഷ്
ബിജു വെണ്ണപ്പിള്ളി
റീന ജോൺ ആറ്റുപുറം

3

കൂടെപിറപ്പിന്റെ ഓർമ്മക്കുറിപ്പ്

ഓമന ബേബി (ഓടോളിൽ, കോലഞ്ചേരി)

നെടുമ്പാശ്ശേരിക്കടുത്ത് പൊയ്ക്കാട്ടുശ്ശേരിയിൽ കോച്ചാട്ട് ശ്രീ. കെ. സി. വറുഗീസിന്റേയും ശ്രീമതി ഏലിയാമ്മയുടെയും രണ്ടാമത്തെ മകളാണ് സാറാമ്മ. അമ്മ കുടുംബിനിയും അപ്പൻ ബിസിനസ്സുകാരനുമായിരുന്നു. 21-ാം വയസ്സിൽ ആരംഭിച്ച സ്വർണ്ണക്കട, 66-ാം വയസ്സിൽ അസുഖബാധിതനാകുന്നതുവരെ നല്ല രീതിയിൽ അപ്പൻ കൊണ്ടുനടന്നിരുന്നു. കൂടാതെ ഏക്കറ് കണക്കിന് കരഭൂമിയും കൃഷിഭൂമിയും ഉണ്ടായിരുന്നു. നല്ല ദൈവവിശ്വാസിയും പ്രാർത്ഥനാജീവിതം നയിച്ചിരുന്ന ആളുമായിരുന്നു അപ്പൻ. മക്കൾ മറ്റുള്ളവരുടെ കീഴിൽ ജോലി ചെയ്യുന്നതിനോട് താൽപര്യമുണ്ടായിരുന്നില്ലെങ്കിലും വിദ്യാഭ്യാസം നേടുന്നതിനോട് താൽപര്യം കാണിച്ചിരുന്നു. സാറാമ്മ പഠനത്തിൽ സമർത്ഥയായിരുന്നു. സ്കൂളിൽ ഒന്നാമതായിട്ടാണ് S.S.L.C. പാസ്സായത്. B.Sc., B.ed കഴിഞ്ഞ് ഒരു സ്കൂളിൽ ജോലി നോക്കുമ്പോഴാണ് അച്ചനുമായുള്ള വിവാഹം. തുടർന്ന് R.M.H.S. Vadavukode-ൽ ജോലിയായി. പ്രഗത്ഭയായ അദ്ധ്യാപികയായിരുന്നു. ദീർഘകാലത്തെ ഹൈസ്കൂൾ സേവനത്തിന് ശേഷം R.M. T.T.I.-ൽ ഹെഡ്മിസ്ട്രസ് ആയി. നാല് വർഷം കഴിഞ്ഞ് റിട്ടയർ ചെയ്തു. മക്കളോടെന്നപോലെ തന്നെ സഹോദരങ്ങളോടും സഹപ്രവർത്തകരോടും സ്നേഹത്തോടെ പെരുമാറിയിരുന്നു.

അപ്പനും അമ്മയും മക്കളും മരുമക്കളും പേരക്കിടാങ്ങളും ചേർന്ന വലിയൊരു കുടുംബമാണ് ഞങ്ങളുടേത്. അവധിക്കാലങ്ങളിലും വിശേഷദിവസങ്ങളിലും എല്ലാവരും ഒത്തുചേരുന്ന പതിവ് ഉണ്ടായിരുന്നു. അതെല്ലാം വലിയ സന്തോഷം തന്നിരുന്നു. അപ്പന്റേയും അമ്മയുടേയും മരണശേഷം അവരുടെ ഓർമ്മദിവസങ്ങളിൽ നാട്ടിലുള്ളവരെല്ലാം ഒത്തുചേരും. അതിൽ രണ്ട് പേര് ഇന്ന് കുറഞ്ഞുപോയി. അച്ചനും ചേച്ചിയും.

എന്റെ ചേച്ചിയെ വിവാഹം കഴിച്ച് മരുമകനായി വീട്ടിൽ എത്തുമ്പോൾ എനിക്ക് 7 വയസ്സ് പ്രായം. കൊച്ചപ്പന്റെ മക്കളും ഞങ്ങളും ചേർന്ന് ആറേഴ് കുട്ടിപട്ടാളങ്ങൾ മുറ്റത്ത് മണ്ണപ്പം ചുട്ട് കളിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഒരു ശെമ്മാശനും മറ്റൊരാളും കൂടി വീട്ടിലേക്ക് വന്നത്. പറമ്പിൽ പോയിരുന്ന് കളിക്കാൻ ഉടൻ നിർദ്ദേശം വന്നതനുസരിച്ച് ഞങ്ങൾ പറമ്പിലേക്ക് പോയി. ചേച്ചിയെ പെണ്ണ് കാണാൻ വന്നതാണെന്ന് അന്ന് അറിയില്ലായിരുന്നു.

നാട്ടിൽ വാഹനങ്ങളൊന്നും അധികം ഇല്ലാതിരുന്ന ആ കാലത്ത് അച്ചന് ഒരു ബൈക്ക് ഉണ്ടായിരുന്നു. ഭയങ്കര ശബ്ദമുള്ള ഒരു ബൈക്ക്. ചേച്ചിയേയും രണ്ട് മക്കളേയും വച്ച് ആ ബൈക്കിലാണ് വീട്ടിലേക്കു വരുന്നത്. ദൂരെനിന്ന് അതിന്റെ ശബ്ദം കേട്ടുതുടങ്ങുമ്പോഴേ ഞങ്ങൾ ഗേറ്റിലേക്ക് ഓടും, പിള്ളേരെ എടുക്കാനായിട്ട്. പിന്നെ കളിയും തമാശ യുമൊക്കെയാണ്. ഞങ്ങൾ കുട്ടികളായിരിക്കുമ്പോഴേ അച്ചൻ വിദേശത്ത് പോകുമായിരുന്നു. വരുമ്പോൾ എന്തെങ്കിലും സാധനങ്ങൾ ഞങ്ങൾക്കും കരുതിയിട്ടുണ്ടാകും. ചെറിയ സാധനമാണെങ്കിൽ പോലും കിട്ടുന്നത് വലിയ സന്തോഷമായിരുന്നു.

ചെറുപ്പകാലത്ത് ഞങ്ങളുടെ പഠിത്തകാര്യങ്ങൾ ശ്രദ്ധിച്ചിരുന്നതായി ഓർക്കുന്നില്ല. പരീക്ഷ കഴിഞ്ഞ് പേപ്പർ എല്ലാം കിട്ടികഴിയുമ്പോൾ മാർക്ക് എങ്ങനെയുണ്ട് എന്ന് അന്വേഷിക്കുമായിരുന്നു. അച്ചനും ചേച്ചിയും അദ്ധ്യാപകരായിരുന്നിട്ടും പ്രത്യേക ശ്രദ്ധയൊന്നും ഉണ്ടായിരുന്നിട്ടില്ല. എന്റെ ബി.എ. ഫൈനൽ ഇയർ പരീക്ഷ ആകാറായപ്പോഴേക്കും അപ്പന് അസുഖമായി. പഠിത്തകാര്യങ്ങൾ ശ്രദ്ധിച്ചിരുന്ന ചേട്ടൻ അമേരിക്കയിലും പോയി. പിന്നീട് എന്റെയും അനിയത്തിയുടെയും പഠിത്തകാര്യങ്ങളും ജോലി വാങ്ങിതരുന്ന കാര്യങ്ങളും നോക്കിയത് അച്ചനാണ്. ഈ കാല ത്താണ് അച്ചൻ ഞങ്ങളെ എത്രമാത്രം കരുതുന്നു എന്ന് മനസ്സിലാക്കാൻ സാധിച്ചത്.

ബി.എ. കഴിഞ്ഞ് എം.എ. യ്ക്ക് പഠിക്കാൻ ഞാൻ ആഗ്രഹിച്ചെങ്കിലും അപ്പൻ താൽപര്യം കാണിച്ചില്ല. കാരണം ചേട്ടനും ചേച്ചിയും എം.എ. ക്കാരാണ്. ജോലി ആയിട്ടുമില്ല. പിന്നെ എന്തിനാ എം.എ. യ്ക്ക് പഠി ക്കുന്നത് എന്നൊരു ചോദ്യം. വെറുതെയിരിക്കാൻ തോന്നിയില്ല. ഹോം സയൻസ് കോളജിൽ short term cource-ന് ചേർന്ന് കുറച്ച് Cooking, craft work, തയ്യൽ എന്നിവയെല്ലാം പഠിച്ചു. അങ്ങനെയിരിക്കുമ്പോൾ നിനക്ക് B.ed പഠിക്കാമോ എന്ന് അച്ചൻ ചോദിച്ചു. അങ്ങനെ സഭയുടെ കോള ജിൽ (Mount Tabore Training College, Pathanapuram) അഡ്മിഷൻ വാങ്ങി തന്നു. അവിടെ കൊണ്ടുപോയി ആക്കിയതും അച്ചനാണ്. അവിടങ്ങളിൽ എല്ലാം അറിയപ്പെടുന്ന വ്യക്തിയാണ് അച്ചൻ എന്ന് എനിക്ക് മനസ്സിലായി.

Criticism class എടുക്കേണ്ടി വന്നപ്പോൾ, പേപ്പർ കട്ടിംഗുകൾ സഹിതം നല്ലൊരു Lesson plan തയാറാക്കി എനിക്ക് അയച്ചുതന്നു. ആത്മവിശ്വാ സത്തോടെ ക്ലാസ്സ് എടുക്കാനും അദ്ധ്യാപകരിൽ നിന്നും നല്ല അഭിപ്രായം നേടാനും സാധിച്ചത് സന്തോഷത്തോടെ ഓർക്കുന്നു.

നിന്നെ ചേർത്തപ്പോൾ ഡൊണേഷൻ വാങ്ങിയില്ലെങ്കിലും ഇടയ്ക്കി ടയ്ക്ക് പ്രസംഗിക്കാൻ ക്ഷണിച്ച് അത് അവർ മുതലാക്കി എന്ന് അച്ചൻ തമാശയായി പറയുമായിരുന്നു.

B.ed പരീക്ഷ കഴിഞ്ഞ് വന്ന ഉടനെ നിനക്ക് ജോലി വേണോ എന്ന് അച്ചൻ ചോദിച്ചു. റിസൽട്ട് വരുന്നതിന് മുമ്പ് തന്നെ ജോലിയും വാങ്ങി തന്നു. എം.എ. യ്ക്ക് പോയിരുന്നെങ്കിൽ ഒരു പക്ഷെ ഹൗസ് വൈഫ് ആകുമായിരുന്നേനെ. അച്ചന്റെ പ്രായോഗികബുദ്ധി മൂലം ഒരു ഹെഡ്മിസ്ട്രസ്സായി പിരിയാനുള്ള ഭാഗ്യം ഉണ്ടായതിൽ എനിക്ക് സന്തോഷമുണ്ട്. അനിയത്തി ലിസ്സിക്കും അതുപോലെ സഭയുടെ കോളജിൽ തന്നെ B.ed ന് അഡ്മിഷൻ വാങ്ങിക്കൊടുത്തു. MAHS നെടുമ്പാശ്ശേരിയിൽ ജോലിയും ശരിയാക്കി കൊടുത്തു.

ഞങ്ങളുടെ അപ്പന് അച്ചന്മാരെ വലിയ ബഹുമാനവും വിശ്വാസവും ആയിരുന്നു. മൂത്ത ചേച്ചിയെ ഫാ. വറുഗീസ് അറയ്ക്കൽ വിവാഹം കഴിച്ചു. രണ്ടാമത്തെ ചേച്ചിയെ ഫാ. ജോസഫ് വെണ്ടറപ്പിള്ളി വിവാഹം കഴിച്ചു. വർഷങ്ങൾക്ക് ശേഷമാണ് വെണ്ടറപ്പിള്ളിൽ അച്ചൻ ഓർത്തഡോക്സ് സഭയിലേക്ക് മാറിയത്. സഭാ സംബന്ധമായ ഒരു തർക്കമോ വാദമോ വീട്ടിൽ ഉണ്ടായിട്ടില്ല. രണ്ട് അച്ചന്മാരും ആ കാര്യത്തിൽ വളരെയേറെ ശ്രദ്ധിച്ചിരുന്നു. രണ്ടുപേരും നല്ല സ്നേഹത്തിലും ആയിരുന്നു.

ചുറുചുറുക്കിന്റെ പ്രതീകമായിരുന്നു അച്ചൻ. സ്കൂളിൽ ആയിരുന്നപ്പോഴും റിട്ടയർ ചെയ്തതിന് ശേഷവും ഒത്തിരി ചുമതലകൾ ഏറ്റെടുത്ത് നടത്തുന്ന ആളായിരുന്നു. തിരക്കിനിടയിലും ബന്ധുജനങ്ങളെ സന്ദർശിക്കുന്നതിന് സമയം കണ്ടെത്തിയിരുന്നു. കൊരട്ടിയിലോ വടക്കോട്ട് എങ്ങോട്ടെങ്കിലും പോകുന്നുണ്ടെങ്കിൽ ഞങ്ങളുടെ അമ്മയുടെ അടുത്ത് കയറാതെ പോരുമായിരുന്നില്ല.

നല്ല കരുതലുള്ള വ്യക്തി എന്നതിനോടൊപ്പം ഒരു പ്രശ്നവും ഉണ്ടാക്കാൻ ആഗ്രഹിക്കാത്ത ആളായിരുന്നു അച്ചൻ. അമ്മ മരിച്ചപ്പോൾ (1996) വീട്ടിലെ ശുശ്രൂഷയിലെല്ലാം പങ്കെടുത്തെങ്കിലും പള്ളിയിൽ പ്രശ്നം ഉണ്ടാകാതിരിക്കാൻ ഞാൻ വീടിന് കാവലാളായി ഇരിക്കാം എന്ന് പറഞ്ഞ് അച്ചൻ വീട്ടിൽ ഇരിക്കുകയാണ് ചെയ്തത്.

ഒറീസ്സായിലോ മറ്റോ ദുരിതാശ്വാസ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഓടി നടക്കുമ്പോഴാണ് അച്ചന് പനി വരുന്നത്. തിരിച്ചെത്തി 1999 ഒക്ടോബറിൽ കോലഞ്ചേരി ആശുപത്രിയിൽ അഡ്മിറ്റ് ആയി. അവിടെവച്ച് സ്ട്രോക്ക് വന്നു. തുടർന്ന് പല ചികിത്സകൾ നൽകിയെങ്കിലും കാര്യമായ ഫലമുണ്ടായില്ല. 21-8-2002-ൽ അച്ചൻ മരിച്ചു. അച്ചന് സുഖമില്ലാതിരുന്ന സമയത്ത് ഞാൻ HM ആയി കാണാനുള്ള ആഗ്രഹം അച്ചൻ പറഞ്ഞിരുന്നു. അച്ചൻ മരിച്ച് നാല് വർഷങ്ങൾക്ക് ശേഷമാണ് ഞാൻ HM ആയത്.

അച്ചന്റെ മരണശേഷം ചേച്ചി മക്കളോടൊപ്പം ബാംഗ്ലൂരിലേക്ക് പോയി.

അച്ചനോടൊപ്പം ധാരാളം യാത്രചെയ്തിട്ടുള്ള ചേച്ചി, പിന്നീട് ചെറിയ ചെറിയ അസുഖങ്ങൾ മൂലവും മക്കളെ ബുദ്ധിമുട്ടിപ്പിക്കണ്ട എന്നു കരുതിയും യാത്രകൾ തീരെ കുറച്ചു. അതുകൊണ്ട് ഞങ്ങൾക്ക് ചേച്ചിയെ കാണാനുള്ള അവസരവും തീരെ കുറഞ്ഞു. 2012-ൽ ഒന്നുരണ്ട് കല്യാണങ്ങൾക്ക് വരികയും ഞങ്ങളുടെ വീടുകളിൽ താമസിക്കുകയും ചെയ്തു. ആഗസ്റ്റ് 21-ന് അച്ചന്റെ ഓർമ്മയ്ക്ക് വരുവാനുള്ള തയ്യാറെടുപ്പിലായിരുന്നപ്പോഴാണ് 2013 ജൂലൈ 30-ന് ഹൃദയാഘാതത്തെ തുടർന്ന് ചേച്ചി മരിക്കുന്നത്. ഞങ്ങൾക്കത് അത്യധികം സങ്കടമുണ്ടാക്കി.

അനുബന്ധം

പത്രവാർത്തകൾ

ഫാ. വെണ്ടറപ്പിള്ളി ഭദ്രാസന സെക്രട്ടറി

ചാലക്കുടി: ഓർത്തഡോക്സ് സഭയുടെ കൊച്ചി ഭദ്രാസന കമ്മിറ്റി യുടെ പുതിയ സെക്രട്ടറിയായി ഫാ. ജോസഫ് വെണ്ടറപ്പിള്ളി തെരഞ്ഞെ ടുക്കപ്പെട്ടു. ഫാ. കെ. സി. ജോസഫ്, ഫാ. ജോസഫ് ചീരൻ, സി. ഐ. ബേബി, ഇ. എം. പിലിപ്പ്, പി. ജെ. ചെറിയാൻ, കെ. വർഗീസ് (കൗൺസി ലർമാർ), എം. എസ്. മാത്യു (ഓഡിറ്റർ) എന്നിവരാണു മറ്റു ഭാരവാഹി കൾ.

കൊരട്ടിയിലെ സീയോൻ സെമിനാരിയിൽ ചേർന്ന ഭദ്രാസന പ്രതി പുരുഷയോഗമാണ് ഈ തെരഞ്ഞെടുപ്പു നടത്തിയത്. യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. സഹായ മെത്രാനായ യാക്കോബ് മാർ പോളിക്കാർപോസ് പ്രസംഗിച്ചു.

വൈദികരുടെ ശമ്പള പരിഷ്ക്കരണത്തെപ്പറ്റി യോഗം ചർച്ച ചെയ്തു തീരുമാനിച്ചു. ഭദ്രാസനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി എല്ലാ വർഷവും ജനുവരി ആദ്യം ഭദ്രാസന ദിനമായി ആചരിക്കാനും, കവർ പിരിവു നടത്താനും നിശ്ചയിച്ചു.

ഭദ്രാസന കൗൺസിൽ അംഗമായിരുന്ന ജോസഫ് കോർഎപ്പിസ്കോ പ്പായുടെ നിര്യാണത്തിൽ യോഗം അനുശോചിച്ചു. നോബൽ സമ്മാനം നേടിയ മദർ തെരേസയെ യോഗം അഭിവാദ്യം ചെയ്തു. സ്ഥാനമൊഴി യുന്ന ഭദ്രാസന സെക്രട്ടറി ഫാ. കെ. സി. ജോസഫിനെ അനുമോദി ക്കുന്ന പ്രമേയം പാസാക്കി.

പിന്നീടു ചേർന്ന വൈദികരുടെ യോഗത്തിൽ "ഇന്നത്തെ വിളി"യെന്ന വിഷയത്തെപ്പറ്റി ഫാ. സി. സി. ചെറിയാൻ ക്ലാസെടുത്തു.

ഫാ. വെണ്ടറപ്പിള്ളി ഭദ്രാസന സെക്രട്ടറി

ന്യൂഡൽഹി: ഡൽഹി ഭദ്രാസന സെക്രട്ടറിയായി ഫാ. ജോസഫ് വെണ്ടറപ്പിള്ളിയെ നിയമിച്ചു. വടവുകോട് രാജർഷി ഹൈസ്കൂൾ ഹെഡ് മാസ്റ്ററായും ആദ്ധ്രാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ എക്സിക്യൂ ട്ടീവ് സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്.

ഫാ. വെണ്ടറപ്പിള്ളി അഡ്മിനിസ്ട്രേറ്റർ

കൊച്ചി: കൊച്ചി ഭദ്രാസന അഡ്മിനിസ്ട്രേറ്ററായി ഫാ. ജോസഫ് വെണ്ടറപ്പിള്ളിയെ പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ നിയമിച്ചു.

ആന്ധ്രയിൽ ചുഴലിക്കാറ്റുണ്ടായപ്പോൾ ഓർത്തഡോക്സ് സഭ നടപ്പാക്കിയ ദുരിതാശ്വാസ പദ്ധതികളുടെ എക്സിക്യൂട്ടീവ് സെക്രട്ടറിയായിരുന്നു. ഡൽഹി, കൊച്ചി ഭദ്രാസനങ്ങളുടെ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. കോലഞ്ചേരി, കുന്നംകുളം മെഡിക്കൽ മിഷൻ ആശുപത്രി ബോർഡുകളിലും ഓർത്തഡോക്സ് സഭ വക കോളജുകളുടെ കോർപറേറ്റ് മാനേജ്മെന്റിലും അംഗമാണ്.

അമേരിക്കയിലെ പ്രിൻസ്റ്റൺ സെമിനാരിയിൽ നിന്ന് എം.ആർ.ഇ. ബിരുദം നേടിയിട്ടുണ്ട്. വടവുകോട് രാജർഷി മെമ്മോറിയൽ ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു.

വൈദികർക്ക് അനുമോദനം

കൊച്ചി: സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകദിനത്തോടനുബന്ധിച്ചു നാളെ നാലരയ്ക്കു ചേരുന്ന പൊതുസമ്മേളനം പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന വികാരി ഫാ. ഒ. വി. ഏലിയാസ്, സഹവികാരി ഫാ. പി. ഐ. ജോൺ, 60 വയസ് തികയുന്ന സഹവൈദികൻ ഫാ. ജോസഫ് വെണ്ടറപ്പിള്ളി എന്നിവരെ അനുമോദിക്കും.

അങ്കമാലി-ബോംബെ ഭദ്രാസനാധിപൻ ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കും. ...

തൃപ്പൂണിത്തുറ സെന്റ് മേരീസ് ഇടവകാംഗമായ ഫാ. ജോസഫ് വെണ്ടറപ്പിള്ളി കൊരട്ടി, മൂവാറ്റുപുഴ, ഇരിങ്ങാലക്കുട, എരൂർ, ന്യൂഡൽഹി, ദുബായ് എന്നിവിടങ്ങളിലെ പള്ളികളിൽ പ്രവർത്തിച്ചിട്ടുണ്ട്. വെണ്ടറപ്പിള്ളി കുടുംബാംഗം. ബി.എ., ബി.ടി. ബിരുദങ്ങളും അമേരിക്കയിലെ പ്രിൻസ്റ്റൺ സെമിനാരിയിൽ നിന്ന് എം.ആർ.ഇ. ബിരുദവും നേടി. കൊച്ചി, ഡൽഹി ഭദ്രാസന സെക്രട്ടറി യുവജനപ്രസ്ഥാനം, ബാലസമാജം എന്നിവയുടെ വൈസ് പ്രസിഡന്റ്, സണ്ടേസ്കൂൾ കരിക്കുലം, ആന്ധ്ര സൈക്ലോൺ റിലീഫ് പ്രോജക്ട്, ബാലക്ഷേമ ബോർഡ്, വൈദിക ക്ഷേമ നിധി എന്നിവയുടെ സെക്രട്ടറി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ഫാ. വെണ്ടറപ്പിള്ളി ഇപ്പോൾ കൊച്ചി ഭദ്രാസന അഡ്മിനിസ്ട്രേറ്ററാണ്.

ഫാ. വെണ്ടറപ്പിള്ളി കൺവീനർ

കോട്ടയം: മലങ്കര അസോസിയേഷൻ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് ഓർത്തഡോക്സ് സഭയിലെ ഇടവകകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നതു സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് വർക്കിംഗ് കമ്മിറ്റി അംഗം ഫാ. ജോസഫ് വെണ്ടറപ്പിള്ളി കൺവീനറും ഫാ. ഇ. കെ. ജോർജ്, ജോയിന്റ് കൺവീനറുമായുള്ള കമ്മിറ്റി പരിശുദ്ധ കാതോലിക്കാബാവാ രൂപവൽക്കരിച്ചു.

വൈദികട്രസ്റ്റി ഫാ. മത്തായി നൂറനാൽ, അത്മായ ട്രസ്റ്റി പി. സി. ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി എ. കെ. തോമസ്, എം. ടി. പോൾ, ജഗൻ ഫീലിപ്പോസ്, കെ. ജോർജ് എന്നിവർ അംഗങ്ങളാണ്.

വെണ്ടറപ്പിള്ളി കുടുംബചരിത്രം

തൃപ്പൂണിത്തുറ: 'വെണ്ടറപ്പിള്ളി കുടുംബചരിത്രം' കൊച്ചി ഭദ്രാസനാധിപൻ ജോസഫ് മാർ ഗ്രിഗോറിയോസ് പ്രകാശനം ചെയ്തു.

പ്രഥമ കോപ്പി കുടുംബയോഗം പ്രസിഡന്റ് വി. ഒ. പൗലോസ് ഏറ്റു വാങ്ങി. ഫാ. ജോസഫ് വെണ്ടറപ്പിള്ളി ആദ്ധ്യക്ഷം വഹിച്ചു.

പ്രഫ. ജിം ജോർജ്, സെക്രട്ടറി വി. എം. ചാക്കോ, കണ്ടത്തിൽ തോമസ് കോർഎപ്പിസ്കോപ്പ, ഫാ. പി. സി. വർഗീസ്, ഫാ. ജോൺ വാത്യാംപറമ്പിൽ, ഫാ. ഏബ്രഹാം കൂളിയാട്ട്, വി. വി. മാത്യു എന്നിവർ പ്രസംഗിച്ചു.

സാമൂഹിക സേവനത്തിനു ന്യൂയോർക്കിലെ മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷന്റെ അവാർഡ് നേടിയ ഫാ. ജോസഫ് വെണ്ടറപ്പിള്ളിയെ യോഗം അനുമോദിച്ചു.

മാർ സേവേറിയോസ് അവാർഡ് ഫാ. ജോസഫ് വെണ്ടറപ്പിള്ളിയ്ക്ക്

തൃപ്പൂണിത്തുറ സ്വദേശിയും വടവുകോട് രാജർഷി മെമ്മോറിയൽ ട്രെയിനിംഗ് സ്കൂൾ റിട്ടയർഡ് ഹെഡ്മാസ്റ്ററുമായ ഫാ. ജോസഫ് വെണ്ടറപ്പിള്ളിക്ക് മാർ സേവേറിയോസ് അവാർഡ് നൽകി.

അവിഭക്ത കൊച്ചിയുടെ മെത്രാപ്പോലീത്താ ആയിരുന്ന യൂഹാനോൻ സേവേറിയോസിന്റെ സ്മാരകമായി ന്യൂയോർക്കിലെ സെന്റ് ഗ്രീഗോറിയോസ് ഫൗണ്ടേഷൻ ഭാരവാഹികളായ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ, ഫാ. ഡോ. ജോസഫ് ചീരൻ, ഫാ. ജോർജ്ജ് മറ്റം, ഫാ.

സണ്ണി ചാക്കോ, കെ. കെ. ജോൺ എന്നിവർ ചേർന്ന അവാർഡ് നിർണ്ണയ കമ്മിറ്റി 5001 രൂപായും പ്രശംസാഫലകവും അടങ്ങിയ അവാർഡിന് ഫാ. വെണ്ടറപ്പിള്ളിയെ തെരഞ്ഞെടുക്കുകയായിരുന്നു. മാർ സേവേറിയോസ് ഫൗണ്ടേഷന്റെ രണ്ടാം വാർഷികവും സ്മര്യപുരുഷന്റെ ഓർമ്മപ്പെരുന്നാളും പ്രമാണിച്ച് മെയ് 15-ന് കൊരട്ടി സീയോൻ സെമിനാരിയിൽ ചേർന്ന പൊതുസമ്മേളനത്തിൽ അവാർഡ് സമ്മാനിച്ചു.

ന്യൂഡൽഹി, കൊച്ചി എന്നീ ഭദ്രാസനങ്ങളുടെ സെക്രട്ടറി, സൺഡേ സ്കൂൾ ഡയറക്ടർ, യുവജനപ്രസ്ഥാനം, ബാലസമാജം എന്നിവയുടെ അഖിലേന്ത്യാ വൈസ് പ്രസിഡന്റ്, കോട്ടയം വൈദിക സെമിനാരിയിലെ പ്രൊഫസർ, സൺഡേസ്കൂൾ കരിക്കുലം കമ്മിറ്റി, ആന്ധ്രാ സൈക്ലോൺ റിലീഫ് പ്രൊജക്ട്, ശിശുക്ഷേമ ബോർഡ്, വൈദിക ക്ഷേമ നിധി എന്നിവയുടെ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ച വെണ്ടറപ്പിള്ളി അച്ചൻ സ്വീഡൻ, റഷ്യ, റുമേനിയ, ബൾഗേറിയ, ഡമാസ്കസ് എന്നീ ലോക ക്രൈസ്തവ കേന്ദ്രങ്ങളിൽ മലങ്കരസഭയെ പ്രതിനിധാനം ചെയ്യുകയും റഷ്യൻ പാത്രിയർക്കീസിൽ നിന്ന് ഓർഡർ ഓഫ് സെന്റ് വ്ളാഡിമർ പുരസ്കാരം നേടുകയും ചെയ്തിട്ടുണ്ട്. വെള്ളിക്കോൽ എന്ന തൂലികാനാമത്തിൽ നർമ്മലേഖനങ്ങൾ പരമ്പരകളായി പ്രസിദ്ധീകരിച്ച അച്ചൻ സീയോൻ സന്ദേശം മാസികയുടെ എഡിറ്റർ, ഓറിയന്റൽ ഓർത്തഡോക്സ് സഭയുടെ കരിക്കുലം ആന്റ് ലീഡർഷിപ്പ് പ്രൊജക്ടിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

കാതോലിക്കാ ബാവായുടെ ഉപദേശക സമിതി അംഗം, വർക്കിംഗ് കമ്മിറ്റി - മാനേജിംഗ് കമ്മിറ്റി അംഗം, യാച്ചാരം (ഹൈദരാബാദ്), പൂന തുടങ്ങിയ സ്ഥലങ്ങളിലെ ചാരിറ്റബിൾ പ്രൊജക്ടുകളുടെ വിവിധ ചുമതലകളിലും, റൂൾ കമ്മിറ്റി, അനുരഞ്ജന കമ്മിറ്റി, പ്ലാനിംഗ് - ഫിനാൻസ് കമ്മിറ്റികൾ തുടങ്ങിയവയിലും പ്രവർത്തിക്കുന്ന അച്ചൻ ഹെറിറ്റേജ് 2000 സ്മൃതി പ്രൊജക്ടിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയായി സേവനം ചെയ്യുന്നു.

ഫാ. ജോസഫ് വെണ്ടറപ്പിള്ളിൽ അന്തരിച്ചു

സ്വന്തം ലേഖകൻ

വടവുകോട്: മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രമുഖ വൈദികനും സഭാ വർക്കിംഗ് കമ്മിറ്റി അംഗവുമായിരുന്ന ഫാ. ജോസഫ് വെണ്ടറപ്പിള്ളിൽ (72) നിര്യാതനായി. സംസ്കാര ശുശ്രൂഷ പരിശുദ്ധ കാതോലിക്കാ ബസേലിയസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കാർമികത്വത്തിൽ ഇന്ന് ഉച്ചയ്ക്ക് രണ്ടിന് സ്വവസതിയിൽ ആരംഭിക്കും.

പൊയ്ക്കാട്ടുശേരി കോഞ്ഞാട്ട് കുടുംബാംഗം സാറാമ്മയാണ് ഭാര്യ. മക്കൾ: ബിജു (യു.എസ്.എ.), റീന, അനുല. മരുമക്കൾ: ബിനു, ജോൺ ജി. ആറ്റുപുറം (ബാംഗ്ലൂർ), മഹേഷ് (ചെന്നൈ). 1966 മെയ് മൂന്നിന് പരിശുദ്ധ ഔഗേൻ കാതോലിക്കാ ബാവായിൽ നിന്ന് കശീശാപട്ടമേറ്റ ഫാ. ജോസഫ് കൊച്ചി, ന്യൂഡൽഹി ഭദ്രാസനങ്ങളുടെ വൈദിക സെക്രട്ടറിയായും യുവജനപ്രസ്ഥാനം വൈസ്പ്രസിഡന്റായും സേവനമനുഷ്ഠിച്ചു.

കൊച്ചി ഭദ്രാസന അഡ്മിനിസ്ട്രേറ്റർ, ഭദ്രാസന സണ്ടേസ്കൂൾ ഡയറക്ടർ, സഭയുടെ കീഴിലുള്ള കോളജുകളുടെ മാനേജ്മെന്റ് ബോർഡ് അംഗം, മെഡിക്കൽ മിഷൻ ആശുപത്രി ഡയറക്ടർ ബോർഡ് അംഗം തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം പരിശുദ്ധ കാതോലിക്കാ ബാവായുടെ ഉപദേശകസമിതി അംഗവുമായിരുന്നു.

വടവുകോട് രാജർഷി മെമ്മോറിയൽ ട്രെയിനിംഗ് സ്കൂളിൽ നിന്ന് ഹെഡ്മാസ്റ്ററായി 1983-ൽ വിരമിച്ച ഫാ. ജോസഫ് സഭാപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിരവധി വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. 1976-ൽ റഷ്യൻ ഓർത്തഡോക്സ് പാത്രിയർക്കീസ് 'ഓർഡർ ഓഫ് സെന്റ് വ്ളാഡിമീർ' ബഹുമതി നൽകി ആദരിച്ചു. കൊരട്ടി, മൂവാറ്റുപുഴ, ഇരിങ്ങാലക്കുട, എരൂർ, പാങ്കോട്, മലേക്കുരിശ്, ചെറായി, എറണാകുളം, വടവുകോട്, ന്യൂഡൽഹി, ദുബായ് ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഫാ. ജോസഫ് വെണ്ടറപ്പിള്ളിയുടെ നിര്യാണത്തിൽ പരിശുദ്ധ ബസേലിയസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ, ഓർത്തഡോക്സ് സഭാട്രസ്റ്റി പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര, സഭാ സെക്രട്ടറി ഡോ. അലക്സാണ്ടർ കാരയ്ക്കൽ എന്നിവർ അനുശോചിച്ചു.